# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 3, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്


## വാല്യം 191 –നമ്പർ  13



കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 3, വെള്ളി

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

പേജ്

## I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ (അനുബന്ധമായി ചേർത്തിരിക്കുന്നു)

## II അടിയന്തര പ്രമേയം

ഷുഹൈബ് വധക്കേസിലെ ഗൂഢാലോചന സംബന്ധിച്ച തുടരന്വേഷണം
- ശ്രീ. ടി. സിദ്ദിഖ്

## III ശ്രദ്ധക്ഷണിക്കൽ

(1) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത
- ശ്രീ. കോവൂർ കുഞ്ഞുമോൻ

(2) മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകത
- ശ്രീ. എ.പി. അനിൽകുമാർ

## IV സബ്മിഷൻ

(1) ആചാരസ്ഥാനികരുടേയും കോലധാരികളുടേയും വേതനം
- ശ്രീ. എൻ. എ. നെല്ലിക്കുന്ന്

(2) നെയ്യാർ ലയൺ സഫാരി പാർക്ക്
-ശ്രീ. സി. കെ. ഹരീന്ദ്രൻ

(3) അംഗീകൃത എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം
-ശ്രീ. വി. ആർ. സുനിൽ കുമാർ

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ടിന്റെ പരിഗണന

### (2) സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(i) സംസ്ഥാനത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കുക
-ശ്രീ. സി.എച്ച് കുഞ്ഞമ്പു

(ii) ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക
-ശ്രീ. എൻ. ഷംസുദ്ദീൻ

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 3, വെള്ളി

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 13

---

നിയമസഭ 2023 മാർച്ച് മാസം 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ (*301)

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

1 (*301) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. എം. മണി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് വിഹിതത്തിൽ ഗണ്യമായ പങ്ക് സംസ്ഥാനങ്ങളുടെ ചുമതലയാക്കി മാറ്റാൻ കേന്ദ്ര സർക്കാർ ശ്രമം തുടങ്ങിയെന്ന വാർത്ത സൃഷ്ടിച്ചിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കണക്കിലെടുത്ത് അത്തരത്തിലുള്ള നടപടിയുമായി മുന്നോട്ടുപോകരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) സംസ്ഥാനത്ത് കേന്ദ്ര മാനദണ്ഡങ്ങളുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതി കാര്യക്ഷമമായി വിനിയോഗിച്ചുകൊണ്ട് സമഗ്ര ഗ്രാമീണ വികസനം

സാധ്യമാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി ഫലവത്താക്കുന്നതിന് മിഷൻ 941, മികവ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് സംസ്ഥാനം തനത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന കേരള ട്രൈബൽ പ്ലസ്-നെക്കുറിച്ച് അറിയിക്കാമോ;

(ഇ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാതൃകയിൽ നഗര തൊഴിലുറപ്പ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ള രാജ്യത്തെ ഏക സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അയ്യങ്കാളി നഗര-തൊഴിലുറപ്പ് പദ്ധതിയിൽ കൈവരിച്ച നേട്ടം വിശദമാക്കുമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) ഇതുസംബന്ധിച്ച ഔദ്യോഗിക അറിയിപ്പുകളൊന്നും കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടില്ല. എങ്കിലും ബന്ധപ്പെട്ട കേന്ദ്രമന്ത്രിയുടെ ചില പത്ര

പ്രസ്താവനകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. തൊഴിലുറപ്പ് പദ്ധതിയുടെ 40 ശതമാനം വിഹിതം സംസ്ഥാനങ്ങൾ വഹിക്കുന്ന നിലയിൽ മാറ്റുമെന്നും അങ്ങനെ ആലോചിക്കുമെന്നും തുടങ്ങിയ പ്രസ്താവനകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. 2023-24-ലെ കേന്ദ്ര ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായി 60,000 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. 2022-23-ലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇത് 89,400 കോടി രൂപയായിരുന്നു. ബഡ്ജറ്റ് outlay കുറയുമ്പോൾ തൊഴിൽദിന ലഭ്യത വെട്ടിച്ചുരുക്കപ്പെടും. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(ബി) 2022-23 സാമ്പത്തിക വർഷത്തിൽ 10.30 കോടി തൊഴിൽ ദിനങ്ങൾക്കുള്ള ലേബർ ബഡ്ജറ്റാണ് സംസ്ഥാനം കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത്. എന്നാൽ സംസ്ഥാനത്തിന് ആദ്യം അംഗീകാരം ലഭിച്ചത് 6 കോടി തൊഴിൽ ദിനങ്ങൾക്കാണ്. നവംബർ മാസത്തോടെ അത് പൂർത്തിയാക്കിയപ്പോൾ 8.50 കോടി തൊഴിൽ ദിനങ്ങളായി വർദ്ധിപ്പിച്ച് അംഗീകാരം ലഭിക്കുകയുണ്ടായി. 28-02-2023 തീയതിക്കുള്ളിൽ കേരളം അതും മറികടന്ന് 8.51 കോടി തൊഴിൽ ദിനങ്ങൾ

സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ 10.16 കോടി തൊഴിൽ ദിനങ്ങളായി വർദ്ധിപ്പിച്ചുനൽകണമെന്ന് കേന്ദ്രസർക്കാരിനോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം ഉല്പാദന വർദ്ധനവിന് സഹായകരമാകുന്ന പദ്ധതികളും ഉപജീവന ആസ്തികളായ പശുത്തൊഴുത്തുകൾ, ആട്ടിൻ കൂടുകൾ, കോഴിക്കൂടുകൾ എന്നിവയുടെ നിർമ്മാണവും മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി കമ്പോസ്റ്റ് പിറ്റ്, സോക്പിറ്റ്, മിനി MCF-കൾ തുടങ്ങിയ ആസ്തികളും നിർമ്മിക്കുന്നുണ്ട്. കൂടാതെ അവിദഗ്ധ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളാക്കുന്നതിനുള്ള പരിശീലന പരിപാടികളും സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

(സി) ഉണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ, ഗ്രാമ ചന്തകൾ, സ്വയം സഹായസംഘങ്ങൾക്കുള്ള വർക്ക് ഷെഡ്ഡുകൾ എന്നിവയുടെ നിർമ്മാണം ഊർജ്ജിതമാക്കുന്നതിന് 'മിഷൻ 941' പദ്ധതിയും പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികൾ ആക്കുന്നതിനുള്ള 'മികവ്' പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

(ഡി) ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് ട്രൈബൽ പ്ലസ് പദ്ധതി

പ്രകാരം ആദിവാസി മേഖലകളിൽ 100 തൊഴിൽ ദിനങ്ങൾ എന്നത് 200 തൊഴിൽ ദിനങ്ങളായി വർദ്ധിപ്പിച്ച് നൽകുന്നത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത് നടപ്പാക്കുന്നില്ല. ഇതിനുവേണ്ടി സംസ്ഥാന സർക്കാർ 2022-23 സാമ്പത്തിക വർഷം 35 കോടി രൂപ നീക്കിവച്ചിരുന്നു. 16-2-2023 വരെ 5,91,521 തൊഴിൽ ദിനങ്ങൾ ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ സൃഷ്ടിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതിൽ 940 പട്ടികവർഗ്ഗ കുടുംബങ്ങൾ ഇതിനകംതന്നെ 200 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 16-02-2023 വരെ ഈ പദ്ധതിയിലുൾപ്പെടുത്തി 13.65 കോടി രൂപ വേതനമായി വിതരണം ചെയ്തിട്ടുണ്ട്.

(ഇ) നഗരപ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് റായ്പൂരിലെ പ്ലീനറി സമ്മേളനത്തിലെ പ്രമേയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ മാതൃകയ്ക്ക് ദേശീയ സ്വീകാര്യതയും അംഗീകാരവും ലഭിക്കുന്നുവെന്നത് വളരെ സന്തോഷകരവും സ്വാഗതാർഹവുമാണ്. 2021-22 സാമ്പത്തിക വർഷം 90 കോടി രൂപ

ചെലവഴിച്ച് 32.5 ലക്ഷം തൊഴിൽ ദിനങ്ങളാണ് അയ്യങ്കാളി പദ്ധതിയിൽ സൃഷ്ടിച്ചത്. 2021-22 സാമ്പത്തിക വർഷം 113.34 കോടി രൂപ ചെലവഴിക്കുകയും തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്കായി 125 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 150 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ക്രമാനുഗതമായ വർദ്ധനവാണിത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കി കേരളം രാജ്യത്തിന് മാതൃകയായി മാറി. അതിൽ എന്റെ നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ബ്ലോക്കാണ് മഹാത്മാ പുരസ്കാരം നേടിയത്. അങ്ങ് അനുസംബന്ധിച്ച് പാലക്കാട് യോഗം വിളിച്ചുചേർത്ത് അംഗീകാരം നൽകുകയും ചെയ്തു. ഗ്രാമപഞ്ചായത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കള്ളിക്കാട് ഗ്രാമപഞ്ചായത്തിനാണ് മഹാത്മാ പുരസ്കാരം ലഭിച്ചത്. സംസ്ഥാനത്ത് കഴിഞ്ഞ പ്രാവശ്യം നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 4,000 കോടി

രൂപയാണ് ഗ്രാമീണ മേഖലയിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അൺസ്കിൽഡ് വേതനമായി ലഭിച്ചത്. സംസ്ഥാനം ഇപ്പോൾ മെറ്റീരിയൽ വർക്കിനുവേണ്ടി ഒരു നിശ്ചിത ശതമാനം തുക മാറ്റിവയ്ക്കുന്നുണ്ട്. ഇന്ത്യയിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിപോലെ സംസ്ഥാനവും കേന്ദ്രവും ചേർന്ന് ഇക്കാര്യത്തിനുവേണ്ടി തുക വിനിയോഗിക്കണമെന്ന് പറയുന്നത് തികച്ചും അശാസ്ത്രീയമാണ്. മാത്രമല്ല ഒരു നിയമത്തിന്റെ ഭാഗമായി പാർലമെന്റ് പാസ്സാക്കി നടപ്പാക്കുന്ന സമഗ്രമായ ഈ പദ്ധതി ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതാണ്. 'ജോലി ചെയ്യാനുള്ള അവകാശം' എന്ന ഭരണഘടനാ മൂല്യം ഉയർത്തിപ്പിടിക്കുന്ന നിയമം നടപ്പിലാക്കുന്നതിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് പിന്നോട്ടുപോകുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് അതിശക്തമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തണമെന്ന അഭിപ്രായമാണുള്ളത്. അക്കാര്യത്തിൽ സർക്കാരിന് എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഇക്കാര്യത്തിൽ കേന്ദ്ര മന്ത്രിയുടെ പ്രസ്താവനകൾ മാത്രമാണ് ശ്രദ്ധയിൽ വന്നിട്ടുള്ളത്. ഔദ്യോഗിക

അറിയിപ്പുകൾ ലഭിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ കുറച്ചുകാലമായി ആസൂത്രിതമായി തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നു. അക്കാര്യമാണ് ഞാൻ നേരത്തെ വിശദീകരിച്ചത്. കേരളം ആവശ്യപ്പെട്ടത് 10.5 കോടി തൊഴിൽ ദിനങ്ങളാണെങ്കിൽ ആദ്യം അനുവദിച്ചത് 6 കോടി തൊഴിൽ ദിനങ്ങളാണ്. പിന്നീട് അത് 8.5 കോടിയായി. ഇപ്പോൾ അതും കേരളം പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി ദിനങ്ങൾ വർദ്ധിപ്പിച്ച് ഇതുവരെ ലഭിച്ചിട്ടില്ല. അതുപോലെ പലതരത്തിലുള്ള വ്യവസ്ഥകൾ കൊണ്ടുവന്ന് തൊഴിലുറപ്പ് പദ്ധതിയെ പരിമിതപ്പെടുത്താനുള്ള നീക്കം കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നു. സംസ്ഥാനങ്ങളുടെമേൽ നിയമത്തിലില്ലാത്ത വ്യവസ്ഥകൾ അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പല വിഭാഗങ്ങളെയും ഒഴിവാക്കണമെന്ന ആവശ്യങ്ങളും ഉയർത്തുന്നുണ്ട്. ഒരു പഞ്ചായത്തിൽ 20 വർക്കുകൾ മാത്രമേ ഏറ്റെടുക്കാവൂവെന്ന വ്യവസ്ഥ കൊണ്ടുവന്നു. കേരളം ഇതിൽ ശക്തമായി ഇടപെട്ടതിനെത്തുടർന്ന് കേരളത്തിന് മാത്രമായി അത് 50 ആക്കി

വർദ്ധിപ്പിച്ച് നൽകുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതിയെ പരിമിതപ്പെടുത്താനുള്ള നീക്കങ്ങളെ ശക്തമായിത്തന്നെ സംസ്ഥാന സർക്കാർ പ്രതിരോധിക്കുകയും അതിനുവേണ്ടി ശക്തമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുകയും ചെയ്യും. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പിന്തുണ ഇതിന് മുമ്പും അഭ്യർത്ഥിച്ചിട്ടുണ്ട്. അങ്ങനെ ഉണ്ടാകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്. നേരത്തെ മറുപടി പറഞ്ഞ സമയത്ത് കേരളത്തിന്റെ നഗര തൊഴിലുറപ്പ് പദ്ധതിയുടെ മാതൃക റായ്പൂർ പ്ലീനറി സമ്മേളനത്തിൽ അവതരിപ്പിച്ചപ്പോൾ അതിന് ദേശീയ സ്വീകാര്യത ലഭിച്ചുവെന്ന കാര്യം സൂചിപ്പിച്ചിട്ടും പ്രതിപക്ഷാംഗങ്ങൾക്ക് ഒരു സന്തോഷവും കണ്ടില്ല എന്നത് എന്നെ നിരാശപ്പെടുത്തുന്നു. യഥാർത്ഥത്തിൽ ഇക്കാര്യത്തെ പ്രതിപക്ഷാംഗങ്ങൾ സ്വാഗതം ചെയ്യുമെന്നാണ് കരുതിയത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളം ഒരു നഗര സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ അയ്യങ്കാളി നഗര പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കുന്നുണ്ട്. അത് നടപ്പാക്കാൻ ഒരു സംസ്ഥാനത്തിന് മാത്രമായി സാധിക്കില്ല. നഗര മേഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതി

ദേശീയതലത്തിൽ നടപ്പാക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒന്നാം യു.പി.എ. സർക്കാരിന്റെ കാലം മുതൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പദ്ധതിയാണ് നഗര തൊഴിലുറപ്പ് പദ്ധതി. അന്നത് യാഥാർത്ഥ്യമായില്ല. ഇപ്പോൾ കാണുന്നത് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ പരിമിതപ്പെടുത്താനുള്ള നീക്കമാണ്. ഈ സാഹചര്യത്തിലാണ് ഇന്ത്യയ്ക്കാകെ മാതൃകയായി കേരളത്തിൽ നഗര തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ചത്. എങ്ങനെയാണ് നഗര തൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം എൽ.ഡി.എഫ്. സർക്കാർ ക്രമാനുഗതമായി വർദ്ധിപ്പിച്ചതെന്ന് നേരത്തെ വിശദീകരിച്ചതാണ്. 90 കോടി രൂപയിൽനിന്ന് 113 കോടി രൂപയായി. അതിനുശേഷം 125 കോടി രൂപയായും ഈ വർഷം 150 കോടി രൂപയായും വർദ്ധിപ്പിച്ചത് നഗര തൊഴിലുറപ്പ് പദ്ധതിയോടുള്ള കേരള സർക്കാരിന്റെ പ്രതിബദ്ധതയുടെയും അതിന് നൽകുന്ന മുൻഗണനയുടെയും ഉദാഹരണമാണ്.

ശ്രീ. എം. എം. മണി: സർ, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര

കർഷകരെക്കൂടി ഉൾപ്പെടുത്താൻ സാധിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, പശുത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്ക് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സഹായം നൽകുന്നുണ്ട്. അതുസംബന്ധിച്ച കാര്യങ്ങൾ നേരത്തെ വിശദീകരിച്ചതാണ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, തൊഴിലുറപ്പ് നിയമത്തിൽ തന്നെ 100 തൊഴിൽ ദിനങ്ങളെന്നാണ് പറയുന്നത്. എന്നാൽ അത് വെട്ടിച്ചുരുക്കി 20 തൊഴിൽ ദിനങ്ങളാക്കി മാറ്റി. തൊഴിലാളികളുടെ സമരത്തിന്റെ ഭാഗമായി വീണ്ടും അത് 50 തൊഴിൽ ദിനങ്ങളാക്കി. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ സർക്കുലർ പ്രകാരം തൊഴിലുറപ്പ് ജോലി ആരംഭിക്കുന്നതിനുമുമ്പ് തൊഴിലാളികളുടെ ഫോട്ടോയെടുത്ത് ആപ്പ്-ൽ അപ്‌ലോഡ് ചെയ്താൽ മാത്രമേ ഹാജർ രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. വേണ്ടത്ര ഇന്റർനെറ്റ് കണക്ടിവിറ്റിയോ നല്ല സ്മാർട്ട് ഫോണോ ഇല്ലാത്ത ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ട സ്ത്രീകളെ ഇത് തെല്ലൊന്നുമല്ല കഷ്ടത്തിലാക്കുന്നത്. വൈകുന്നേരവും ഇതുപോലെ ഹാജർ രേഖപ്പെടുത്തണം. മറ്റൊരു തൊഴിൽ മേഖലയിലുമില്ലാത്ത ഇത്തരം തുഗ്ലക് പരിഷ്കാരങ്ങൾ തൊഴിലുറപ്പ് പദ്ധതിയെ

തകർക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇതൊഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സാധിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 20 തൊഴിൽ ദിനങ്ങളായി പരിമിതപ്പെടുത്തുകയല്ല മറിച്ച് 20 പ്രവൃത്തികൾ മാത്രമേ പഞ്ചായത്തിൽ ഏറ്റെടുക്കാവൂവെന്ന നിബന്ധനയാണ് കേന്ദ്രം മുന്നോട്ടുവച്ചത്. കേരളമിടപെട്ട് അത് മാറ്റുകയും കേരളത്തിന് മാത്രമായി 50 പ്രവൃത്തികളായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഇതിൽ ബഹുമാനപ്പെട്ട അംഗം പരാമർശിച്ചത് ശരിയാണ്. ഡിജിറ്റൽ അറ്റൻഡൻസ് പോലെയുള്ള നിബന്ധനകൾ അടിച്ചേൽപ്പിക്കുന്നത് നേരത്തെ സൂചിപ്പിച്ചതുപോലെ തൊഴിലുറപ്പ് പദ്ധതിയെ പരിമിതപ്പെടുത്താനും അതിൽ പിടിമുറുക്കാനുമുള്ള കേന്ദ്രത്തിന്റെ ശ്രമങ്ങളുടെ ഭാഗമാണ്. മൊബൈൽ ആപ്പിലെ (NMMS) സാങ്കേതിക പ്രശ്നങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. സാധന സാമഗ്രികൾ വിതരണം ചെയ്യുന്ന വെണ്ടർമാർക്ക് നിർബന്ധമാക്കിയിട്ടുള്ള പി.എഫ്.എം.എസ്. രജിസ്ട്രേഷൻ, തൊഴിലാളികളുടെ ആധാർ ലിങ്ക് ചെയ്താൽ മാത്രമേ വേതന വിതരണം

സാധ്യമാകുവെന്ന നിബന്ധന ഇതെല്ലാം ബുദ്ധിമുട്ടുണ്ടാക്കുന്ന ഘടകങ്ങളാണ്. അതേസമയം ഈ നിയന്ത്രണങ്ങളെല്ലാമുണ്ടായിട്ടും ഏറ്റവും നന്നായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന ഇന്ത്യയിലെ സംസ്ഥാനമെന്ന ഖ്യാതി കേരളത്തിനുണ്ട്. അത് കേന്ദ്ര സർക്കാർ തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. ഏറ്റവും മികച്ച രീതിയിൽ കാര്യക്ഷമമായി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിലാണ്. ഇന്ത്യയിലെ 80 ശതമാനം ജില്ലകളിലും ഓംബുഡ്സ്പേഴ്സനെ നിയമിച്ചിട്ടില്ലെന്നൊരു വാർത്ത കഴിഞ്ഞ ദിവസം ബിസിനസ്സ് സ്റ്റാൻഡേർഡ് പത്രം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ മുഴുവൻ ജില്ലകളിലും ഓംബുഡ്സ്പേഴ്സനെ നിയമിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. അത്രയും കാര്യക്ഷമമായിട്ടാണ് കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത്.

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സ്വതന്ത്ര ഇന്ത്യയിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി രൂപം കൊണ്ടത് ഇടതുപക്ഷത്തിന്റെ ശക്തമായ സാന്നിദ്ധ്യമുണ്ടായ സാഹചര്യത്തിലാണ്. രണ്ടാം യു.പി.എ.

സർക്കാരും ഇപ്പോൾ ബി.ജെ.പി. സർക്കാരും ഈ പദ്ധതിയെ തകർക്കാൻ ശ്രമിക്കുമ്പോൾ സംസ്ഥാന സർക്കാർ ഇന്ത്യയിലാദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിക്കൊണ്ട് അവരെ സംരക്ഷിക്കാനാവശ്യമായ കവചം ഒരുക്കുന്ന സ്ഥിതിവിശേഷം കേരളത്തിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. നെൽക്കൃഷി, മത്സ്യബന്ധനം, ക്ഷീരോൽപാദനം തുടങ്ങിയ അനുബന്ധ മേഖലകളിൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാൻ കഴിയുംവിധം ഈ പദ്ധതി വ്യാപിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഇത് വളരെ പ്രസക്തമായ ചോദ്യമാണ്, ഞാൻ അത് നേരത്തെതന്നെ വിശദീകരിച്ചതാണ്. ഉപജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളായിട്ടുള്ള സുഭിക്ഷ കേരളം, ശുചിത്വ കേരളം എന്നിവയുമായി തൊഴിലുറപ്പ് പദ്ധതിയെ ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി മുഖേന ഭൂവികസനം, ജലസേചനം, കാർഷിക കുളങ്ങൾ, വർക്ക് ഷെഡ്, ഗ്രാമചന്ത, തൊഴുത്ത്, ആട്ടിൻ കൂട്,

കോഴിക്കൂട് എന്നിവയുടെ നിർമ്മാണം, തീറ്റപ്പുൽ കൃഷി, അസോള പ്ലാന്റ്, കമ്പോസ്റ്റിംഗ് സംവിധാനം, മിനി എം.സി.എഫ്, സോക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിങ്ങനെയുള്ള പ്രവൃത്തികളെല്ലാം ഏറ്റെടുത്ത് നടത്തുന്നുണ്ട്. അതുപോലെതന്നെ നീരുറവ് പദ്ധതി, ഏപ്രിൽ 30-നകം രൂപപ്പെടുത്തുന്ന സമഗ്ര നീർത്തട പദ്ധതികൾ എന്നിവ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി മെയ് 31-നുള്ളിൽ 2000 കാർഷിക കുളങ്ങൾ കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിക്കാനും അതിൽ ലോക ജലദിനമായ മാർച്ച് 22-ന് 1000 കാർഷിക കുളങ്ങൾ ഒരേ ദിവസം ഉദ്ഘാടനം ചെയ്യാനും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് പലപ്പോഴും ജോലിസ്ഥലത്തുവച്ച് പല അപകടങ്ങളും സംഭവിക്കാറുണ്ട്. ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന വ്യക്തികൾക്ക് ആവശ്യമായ നഷ്ടപരിഹാരം ലഭിക്കുന്ന ഒരു പദ്ധതിയും നിലവിലില്ല. ഇവർക്ക് നഷ്ടപരിഹാരം ലഭിക്കുന്ന തരത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ്

വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, നിലവിലെ നിയമമനുസരിച്ച് ജോലിസ്ഥലത്ത് അപകടത്തിൽപ്പെട്ട് മരിക്കുന്നവർക്ക് നഷ്ടപരിഹാരത്തിനുള്ള വ്യവസ്ഥയുണ്ട്. അതിനുപുറമെ നേരത്തെ ഇവിടെ ചോദ്യമായി ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യയിലാദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. ക്ഷേമനിധി ബോർഡ് നിലവിൽ വന്നു. ആ ക്ഷേമനിധി ബോർഡിന്റെ യോഗം കഴിഞ്ഞ ദിവസം ചേരുകയുണ്ടായി. ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്ക് നിരവധി ആനുകൂല്യങ്ങളും സംരക്ഷണവും ഉറപ്പുനൽകുന്നുണ്ട്. അത് രാജ്യത്തിന് തന്നെ മാതൃകയാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, കഴിഞ്ഞ കാലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കനാലുകൾ വൃത്തിയാക്കിയിരുന്നു. മലമ്പുഴ കനാൽ, കാഞ്ഞിരപ്പുഴ കനാൽ തുടങ്ങി വിവിധ കനാലുകളിൽ നിന്ന് കൃഷിക്കുവേണ്ടി വെള്ളം തുറന്നാൽ യഥാസമയം യഥാസ്ഥലത്ത് ജലം എത്തണമെങ്കിൽ കാലതാമസമുണ്ടാകും. തൊഴിലുറപ്പ് തൊഴിലാളികളെ

ഉൾപ്പെടുത്തി കനാൽ വൃത്തിയാക്കിയിരുന്നു. ഈ വർഷം മുതൽ അങ്ങനെയൊരു ജോലി ചെയ്യാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചതിനാൽ പല പ്രയാസങ്ങളും സംജാതമായിട്ടുണ്ട്. കൃഷിസ്ഥലത്തേയ്ക്ക് യഥാർത്ഥത്തിൽ ജലമെത്തുന്നില്ല. കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നവുമുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളെ ഉൾപ്പെടുത്തി കനാൽ വൃത്തിയാക്കുന്ന പദ്ധതി പുനഃക്രമീകരിക്കാൻ സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. പക്ഷേ കേന്ദ്ര സർക്കാരിന്റെ നിബന്ധനകളും വ്യവസ്ഥകളും മൂലമാണ് അവിടെയും തടസ്സം വന്നത്. ആവർത്തന സ്വഭാവമുള്ള ജോലിയെന്ന പട്ടികയിൽപ്പെടുത്തി കനാൽ നവീകരണം നേരത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തുകൊണ്ടിരുന്നത് കൃഷിക്കാർക്ക് വളരെ പ്രയോജനകരമായിരുന്നു. പ്രത്യേകിച്ച് പാലക്കാട് പോലെ കാർഷിക പ്രാധാന്യമുള്ള ജില്ലകളിൽ അത് വളരെ പ്രയോജനകരമായിരുന്നു. പക്ഷേ, അവിടെയും കേന്ദ്ര സർക്കാരിന്റെ നിബന്ധന വരുന്ന സ്ഥിതിയുണ്ടായി. കനാൽ നവീകരണം, കനാൽ

പുനരുജ്ജീവനം എന്നിവ ഏറ്റെടുത്ത് നടത്താൻ പാടില്ലായെന്നും അത് ആവർത്തന സ്വഭാവമുള്ളതാണെന്ന് പറയുകയും കേന്ദ്ര സർക്കാരിന്റെ കർശന ഇടപെടൽ വരികയും ചെയ്തപ്പോഴാണ് ഈ വർഷം നമുക്ക് അത് ചെയ്യാൻ കഴിയാതെ വന്നത്. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിൽക്കുന്ന കാര്യമല്ല.

ശ്രീ. നജീബ് കാന്തപുരം: സർ, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വ്യത്യസ്ത പരിപാടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചെങ്കിലും പഞ്ചായത്തുകളിൽ അതുസംബന്ധിച്ച് യാതൊരു ബോദ്ധ്യവുമില്ലെന്ന് മാത്രമല്ല എൻ.ആർ.ഇ.ജി.എസ്.-ലെ ഓവർസിയർമാർക്ക് പോലും യാതൊരു ധാരണയുമില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ വരെ ലഭ്യമാക്കാവുന്ന തരത്തിലേയ്ക്ക് എൻ.ആർ.ഇ.ജി.എസ്.-നെ മാറ്റാനുള്ള സൗകര്യം നമ്മുടെ നാട്ടിൽ നിലനിൽക്കെ, അതിന്റെ സംവിധാനത്തെ സംബന്ധിച്ച് ആളുകൾക്ക് കൃത്യമായ പരിശീലനം നൽകി ബോധ്യപ്പെടുത്തി പ്രൊഡക്ടീവായ സംവിധാനമാക്കി മാറ്റുന്നതിനുവേണ്ട പരിശീലനം നൽകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പരിശീലനം സാധാരണ നൽകാറുണ്ട്. കൂടുതൽ പരിശീലനം ആവശ്യമാണെങ്കിൽ അത് നൽകുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. മിഷൻ 941 എന്ന പദ്ധതി നടപ്പാക്കുന്നത് ഉൽപാദന മേഖലയുമായി ബന്ധപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. സ്വയം സഹായ സംഘങ്ങൾക്കാവശ്യമായ വർക്ക് ഷെഡ്ഡുകൾ, ഗ്രാമീണ ഉൽപന്നങ്ങൾക്ക് വിപണ സൗകര്യമൊരുക്കാനുള്ള ഗ്രാമ ചന്തകൾ, കായിക മേഖലയ്ക്ക് ഉണർവ് നൽകാൻ കളി സ്ഥലങ്ങൾ, ഔഷധ സസ്യ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആയുഷ് ആരാമം തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം മിഷൻ 941-ന്റെ ഭാഗമായി ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകളോട് നിർദ്ദേശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളുടെ പിന്തുണ ഇക്കാര്യത്തിലുണ്ടാകണം. അവരവരുടെ മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ ഈ നിലയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള ഓറിയന്റേഷനും നേതൃത്വപരമായ ഇടപെടലും മാർഗ്ഗ നിർദ്ദേശങ്ങളും നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. അൻവർ സാദത്ത്: സർ, കേന്ദ്ര സംസ്ഥാന ബഡ്ജറ്റുകളുടെ

ഭാഗമായി നിത്യോപയോഗ സാധനങ്ങൾക്ക് വലിയ വിലക്കയറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 311 രൂപയാണ് തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനമായി നൽകുന്നത്. ഇപ്പോൾ വിലക്കയറ്റവും അതുപോലെ പല കാരണങ്ങളാൽ ജനങ്ങൾ വലിയ ദുരിതം അനുഭവിക്കുമ്പോൾ ഈ പാവപ്പെട്ട തൊഴിലാളികളുടെ വേതനം 311 രൂപയിൽ നിന്നും വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനോ അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്ത് വേതന വർദ്ധനവ് നടപ്പിലാക്കുന്നതിനോ ശ്രമിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വൻതോതിൽ വിലക്കയറ്റം ഉണ്ടാകുന്നുവെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം വസ്തുതാ വിരുദ്ധമാണ്. അടുത്ത ദിവസമാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കണക്കുകൾ പുറത്തുവിട്ടത്. വിലക്കയറ്റത്തിന്റെ ദേശീയ ശരാശരി 6.52; ഉപഭോക്തൃ സംസ്ഥാനമായിട്ടും കേരളത്തിൽ വിലക്കയറ്റ നിരക്ക് 6.45 ആണ്. അത് ദേശീയ ശരാശരിയെക്കാൾ താഴെയാണ്. ആ വസ്തുതാപരമായ പിശക് ഞാൻ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയാണ്. രണ്ടാമത്തെ കാര്യം കൂലി

വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചാണ്. അതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽ തീർച്ചയായും സമ്മർദ്ദം ചെലുത്തും. അതിന് മറ്റൊരു എളുപ്പ വഴിയെന്ന് പറയുന്നത് ബഹുമാനപ്പെട്ട അംഗത്തിന്റെ മുന്നണിയെ പ്രതിനിധീകരിക്കുന്ന 18 എം.പി.മാരുണ്ട്. അവർ ഇക്കാര്യം പാർലമെന്റിൽ ഉന്നയിച്ചിട്ടുണ്ടോയെന്ന് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തായാലും ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കാൻ അവരുടെ പിന്തുണകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടി**

2 (*302) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2047 വർഷത്തോടെ സംസ്ഥാനത്തെ മദ്ധ്യ വരുമാന വികസിത രാഷ്ട്രങ്ങൾക്ക് തുല്യമാക്കണമെന്ന ലക്ഷ്യം പ്രഖ്യാപിച്ചതിന്റെ തുടർച്ചയായി പശ്ചാത്തല സൗകര്യ വികസന മേഖലയിൽ കുതിച്ചുചാട്ടം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിന് പ്രാരംഭം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലില്ലായ്മ നിരക്ക് 9 ശതമാനത്തിൽ നിന്നും 4.8 ശതമാനമാക്കി കുറയ്ക്കാൻ സർക്കാർ വിവിധ മേഖലകളിൽ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) മനുഷ്യവിഭവശേഷിയോടൊപ്പം അറിവിന്റെ അനന്തമായ സാധ്യതകളും ഉപയോഗപ്പെടുത്തി പശ്ചാത്തല സൗകര്യ വികസന മേഖലയ്ക്ക് ഊന്നൽ നൽകി 2047 വർഷത്തോടെ സംസ്ഥാനത്തെ മദ്ധ്യ വരുമാന വികസിത രാഷ്ട്രങ്ങൾക്ക് തുല്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ സർക്കാർ പ്രവർത്തിച്ചുവരുന്നത്. ഇതിനുതകുന്ന തരത്തിൽ പശ്ചാത്തല സൗകര്യ വികസന മേഖലയിൽ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി ഒട്ടനവധി പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിവരുന്നു.

സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ

ഗാർഹിക, ഗതാഗത, വാണിജ്യ വ്യാവസായിക ഉപഭോക്താക്കൾക്ക് സുരക്ഷിതവും അപകടരഹിതവുമായ രീതിയിൽ പ്രകൃതിവാതക ലഭ്യത ഉറപ്പുവരുത്തുവാൻ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതിയാണിത്.

## വെസ്റ്റ് കോസ്റ്റ് കനാൽ ഡവലപ്മെന്റ്

കോവളം മുതൽ ബേക്കൽ വരെയുള്ള 590 കി.മി വരുന്ന ജലപാത വികസിപ്പിക്കുന്നതിലൂടെ ജലഗതാഗതം, ടൂറിസം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ സാമ്പത്തിക കുതിച്ചുചാട്ടത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വെസ്റ്റ് കോസ്റ്റ് കനാൽ ഡെവലപ്മെന്റ് പ്രോജക്ട് നടപ്പാക്കിവരുന്നു. ഇതിനായി മലബാറിൽ 53 കി.മി ദൂരം പുതിയ കൃത്രിമ കനാൽ നിർമ്മിച്ച് നിലവിലുള്ള കനാലുകളുമായി ബന്ധിപ്പിക്കുന്നു.

## വേസ്റ്റ് ടു എനർജി പ്ലാന്റ്

ഗാർഹിക-ഖര മാലിന്യങ്ങൾ ശേഖരിച്ച് - വേർതിരിച്ച് പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ പ്ലാന്റിലൂടെ വൈദ്യുതി ഉത്പാദിപ്പിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുന്ന വേസ്റ്റ് ടു എനർജി പ്ലാന്റ് പദ്ധതി

നടപ്പിലാക്കുന്നതിലൂടെ മാലിന്യ സംസ്കരണത്തോടൊപ്പം പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപ്പാദനവും സാധ്യമാകുന്നു.

<u>കെ-ഫോൺ</u>

സംസ്ഥാനത്തെ പൗരന്മാർക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കാനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് സേവനം നൽകാനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. ഇത് കമ്മീഷൻ ചെയ്യുന്നതോടെ ഏറ്റവും ഉയർന്ന അതിവേഗ ഫൈബർ ഡാറ്റാ കണക്ടിവിറ്റിയുള്ള സംസ്ഥാനമായി കേരളം മാറും.

<u>ഇൻഡസ്ട്രിയൽ കോറിഡോർ</u>

സംസ്ഥാനത്തെ ഉത്പാദന മേഖലയുടെ വികസനത്തിനും കൊച്ചി-പാലക്കാട് മേഖലയെ തെക്കേ ഇൻഡ്യയിലെ സുപ്രധാന നിർമ്മാണ ഹബ്ബായി മാറ്റുന്നതിനുവേണ്ടിയും വിഭാവനം ചെയ്ത പദ്ധതിയാണ് കൊച്ചി-ബംഗലൂരു ഇൻഡസ്ട്രിയൽ കോറിഡോർ. ഇന്ത്യയിലെ 5 പ്രധാന

വ്യാവസായിക ഇടനാഴികളിൽ ഉൾപ്പെടുന്ന ചെന്നൈ-ബംഗലൂരു വ്യവസായിക ഇടനാഴിയുടെ വിപുലീകരണമാണ് ഈ പദ്ധതി.

## കൊച്ചി ജല മെട്രോ പദ്ധതി

കൊച്ചിയിലെ പതിനാറ് റൂട്ടുകളിലെ 76 കി.മി ജലപാതയുടെ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനാണ് ഇത് നടപ്പാക്കുന്നത്.

## ഹിൽ ഹൈവേ

മലയോര മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് തുടങ്ങി തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 13 ജില്ലകളിലെ മലയോര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് 1251 കി.മി ദൂരത്തിൽ മലയോരപ്പാത നിർമ്മിക്കുന്ന പദ്ധതിയാണ് ഹിൽഹൈവേ.

## കോസ്റ്റൽ ഹൈവേ

സംസ്ഥാനത്തെ തീരദേശ മേഖലകളിലെ ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് എന്ന സ്ഥലത്ത് തുടങ്ങി കാസർഗോഡ് ജില്ലയിലെ കുഞ്ഞത്തൂർ അവസാനിക്കുന്ന 9 ജില്ലകളിലൂടെ കടന്നുപോകുന്ന 655 കി.മി ദൈർഘ്യം വരുന്ന തീരദേശ പാത നിർമ്മിക്കുന്ന പദ്ധതിയാണിത്.

## ശബരിമല വിമാനത്താവളം

സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലും എസ്റ്റേറ്റിനുപുറത്ത് അധിക ഭൂമിയും ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്ന പദ്ധതിയാണിത്.

## തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്

എൻ.എച്ച്-66 പാരിപ്പള്ളിക്ക് സമീപം നാവായിക്കുളത്തുനിന്നും ആരംഭിച്ച് വിഴിഞ്ഞം ബൈപാസിൽ അവസാനിക്കുന്നതാണ്

തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്. ഏകദേശം 78.88 കി.മി നീളമുള്ള ഈ റോഡ് ഇപ്പോൾ നാലുവരി പാതയായി ആവശ്യം വന്നാൽ ഭാവിയിൽ 6 വരി പാതയായും വികസിപ്പിക്കാവുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിന് എൻ.എച്ച്.എ.ഐ.യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്.

<u>സിറ്റി റോഡ് ഇംപ്രൂവ്മെന്റ്</u>

സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ റോഡ് ഗതാഗതം സുഗമമാക്കുന്നതിലേയ്ക്കായി കണ്ണൂർ, ആലപ്പുഴ, കൊല്ലം ജില്ലകളിൽ പ്രാഥമിക ഘട്ടത്തിൽ നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയാണ് സിറ്റി റോഡ് ഇംപ്രൂവ്മെന്റ്.

<u>സുഭിക്ഷ കേരളം പദ്ധതി</u>

കോവിഡ് കാലത്ത് സുഭിക്ഷ കേരളം പദ്ധതിയിലൂടെ ആയിരക്കണക്കിന് ഏക്കർ തരിശുനിലങ്ങളിൽ പുതുതായി കൃഷി ഇറക്കി. സുസ്ഥിര നെൽ കൃഷി വികസനത്തിന് ഉത്പാദനോപാധികൾക്കുള്ള

സഹായവും നെൽ വയൽ ഉടമസ്ഥർക്ക് റോയൽറ്റിയും ഈ പദ്ധതി വഴി നൽകുന്നതാണ്.

## ജലജീവൻ മിഷൻ

2024-ഓടെ ഗ്രാമപ്രദേശങ്ങളിലെ എല്ലാ വീടുകളിലേയ്ക്കും മതിയായ അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി പ്രവർത്തനക്ഷമമായ പൈപ്പ് കണക്ഷൻ നൽകുന്ന പദ്ധതിയാണിത്.

## കേരള സെമി-ഹൈസ്പീഡ് റെയിൽ

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 531 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കി.മീ വരെ വേഗത്തിൽ ട്രെയിനുകൾക്ക് സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ/ഗ്രീൻ ഫീൽഡ് കോറിഡോർ വിഭാവനം ചെയ്തുകൊണ്ടുള്ള പദ്ധതിയാണിത്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## വൈദ്യുതി

10000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി അടുത്ത രണ്ട് ദശകത്തേയ്ക്ക് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുംവിധം പരിവർത്തനം ചെയ്യും. ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെയും മറ്റ് പ്രസരണ ശൃംഖലാ വികസന/നവീകരണ പദ്ധതികൾ വഴിയും 2025-ഓടെ പ്രസരണ ശൃംഖലയുടെ ലഭ്യത 99 ശതമാനമായി ഉയർത്താനാകും. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സൗര പദ്ധതിയിലൂടെ 6668 പുരപ്പുറങ്ങളിലായി 34.67 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിച്ചു.

## വിഴിഞ്ഞം പദ്ധതി

സംസ്ഥാനത്തെ സാമ്പത്തിക വാണിജ്യ രംഗങ്ങളിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. തുറമുഖ നിർമ്മാണം നിലവിൽ 80 ശതമാനം പൂർത്തിയായിട്ടുണ്ട്. രാജ്യത്തിന് മുഴുവൻ പ്രയോജനപ്പെടുന്നതും പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്തതുമാണ് ഈ ട്രാൻഷിപ്പ്മെന്റ് തുറമുഖം. അയൽ

രാജ്യങ്ങൾക്ക് ചരക്കുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട വാതായനമാണ് വിഴിഞ്ഞം തുറമുഖം.

ഡിജിറ്റൽ സയൻസ് പാർക്ക്

തിരുവനന്തപുരം ഡിജിറ്റൽ സർവ്വകലാശാല ക്യാമ്പസിനോട് ചേർന്ന് ടെക്നോസിറ്റിയിലെ 14 ഏക്കറിൽ ഡിജിറ്റൽ സയൻസ് പാർക്ക് 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു. സ്ഥാപനങ്ങൾക്ക് പുതിയ സാങ്കേതികവിദ്യ വളർത്തിയെടുക്കാനും ഇതിന് വിവിധ സർവ്വകലാശാലകളുമായി ചേർന്ന് പ്രവർത്തിക്കാനുമുള്ള കൺസൽട്ടൻസി സഹായം പാർക്കിലുണ്ടാവും.

ശബരി റെയിൽ

അങ്കമാലി മുതൽ എരുമേലി വരെ 111 കി.മീ. ദൈർഘ്യമുള്ള ശബരി റെയിൽപാത തീർത്ഥാടകർക്ക് യാത്രാസൗകര്യം ഉണ്ടാക്കുന്നതോടൊപ്പം മധ്യകേരളത്തിലെയും മലയോര പ്രദേശങ്ങളിലെയും സമഗ്ര വികസനത്തിന് സഹായകരവുമാണ്. പദ്ധതി ചെലവിന്റെ 50 ശതമാനം വഹിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

<u>പുതുവൈപ്പിൻ എൽ.പി.ജി ടെർമിനൽ</u>

പാചകവാതകം സുലഭമാക്കാൻ കൊച്ചി പുതുവൈപ്പിനിലെ എൽ.പി.ജി. ടെർമിനൽ പ്രവർത്തനം ലക്ഷ്യംവയ്ക്കുന്നു. 1,236 കോടി രൂപയുടെ പദ്ധതി 96 ശതമാനം പൂർത്തിയായി.

<u>വയനാട് തുരങ്ക പാത</u>

താമരശ്ശേരി ചുരം റോഡിന് ബദലായി നിർമ്മിക്കുന്ന 8.11 കി.മീ ദൂരമുള്ള ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത യാഥാർത്ഥ്യമാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചു. ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലാണ്.

<u>ഐ.ടി. കോറിഡോർ</u>

തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് 3 മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും എൻ.എച്ച്-66-ന് സമാന്തരമായാണ് ഐ.ടി ഇടനാഴികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

ഐടി പാർക്കിനനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള റിക്വിസിഷനിംഗ് അതോറിറ്റി (Requisitioning Authority) ആയി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (KSITIL) സർക്കാർ നിയോഗിച്ചിട്ടുണ്ട്.

മേൽപറഞ്ഞ പദ്ധതികൾ കൂടാതെ കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും മറ്റുപരിപാടികളും സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. പദ്ധതികളുടെ അവലോകനം കൃത്യമായ ഇടവേളകളിൽ മുഖ്യമന്ത്രി, മന്ത്രിമാർ, വകുപ്പ് സെക്രട്ടറി തലങ്ങളിൽ നടന്നുവരുന്നു. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ശക്തമായ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

(ബി) പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. പ്രകടന പത്രികയിലെ 900 വാഗ്ദാനങ്ങളിൽ 758 ഇനങ്ങളിൽ നടപടികൾ ആരംഭിച്ച് വിവിധ ഘട്ടങ്ങളിലാണ്.

(സി) തൊഴിലില്ലായ്മ നിരക്ക് 9 ശതമാനത്തിൽ നിന്നും 4.8 ശതമാനമാക്കി കുറയ്ക്കാൻ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച നൂറുദിന കർമ്മ പരിപാടിയിൽ പരമാവധി പേർക്ക് തൊഴിൽ നൽകുന്നതിന് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം രണ്ട് ഘട്ടങ്ങളിലായി 100 ദിന കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം 100 ദിന കർമ്മ പരിപാടിയിൽ 80559 തൊഴിലവസരങ്ങളും രണ്ടാം 100 ദിന കർമ്മ പരിപാടിയിൽ 464714 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. 2023 ഫെബ്രുവരി 10 മുതൽ മെയ് 20 വരെ നടപ്പിലാക്കുന്ന മൂന്നാം 100 ദിന കർമ്മ പരിപാടിയിൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 439469 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

ഒന്നേകാൽ ലക്ഷം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ

അധികമായി നൽകുന്നതിന് (ആകെ 200 തൊഴിൽ ദിനങ്ങൾ) "Kerala Tribal Plus"പദ്ധതി നടപ്പാക്കിവരുന്നു.

ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കുവേണ്ടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി. കരിയർ ഡെവലപ്മെന്റ് സെന്ററുകൾ നടത്തിവരുന്ന ജോബ് ഡ്രൈവുകൾ മുഖേന സംസ്ഥാനത്ത് നാളിതുവരെ 1106 ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചു. എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ 3063 ജോബ് ഡ്രൈവ് നടത്തുകയും 50450 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പ് മുഖാന്തരം നിലവിൽ അഞ്ച് സ്വയം തൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പാക്കിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ/സബ്സിഡി അനുവദിക്കുക വഴി തൊഴിലില്ലായ്മയുടെ തോത് ഒരു പരിധിവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 19764 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

വൊക്കേഷണൽ ഗൈഡൻസ് പ്രോഗ്രാമിന്റെ ഭാഗമായി തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാൻ 2015 മുതൽ തൊഴിലും നൈപുണ്യവും വകുപ്പ് ജോബ് ഫെയറുകൾ നടത്തുകയും ഈ ജോബ് ഫെയറുകൾ വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ 96792 പേർക്ക് തൊഴിൽ നേടിയെടുക്കാൻ സഹായകമാകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകവഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വ്യവസായ വാണിജ്യ വകുപ്പ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി 2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം,

സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ രജിസ്റ്റർ ചെയ്തു. നിലവിൽ ഇതുവരെ 134490 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 288559 തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നിക്ഷേപം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധങ്ങളായ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പാക്കിവരുന്നുണ്ട്.

ശ്രീ. പി. നന്ദകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഡി. കെ. മുരളി): സർ, ബഹുമാനപ്പെട്ട സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാം എൽ.ഡി.എഫ്. സർക്കാർ ഭരണം പൂർത്തിയാക്കിയപ്പോൾ സ്വീകാര്യത വർദ്ധിക്കുകയും രാജ്യത്തിന് മാതൃകയാകുകയും ചെയ്തു. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടതിന്റെ

ഫലമാണിത്. എന്നാൽ രണ്ടാം സർക്കാരിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ കടമെടുക്കൽ അവകാശം വെട്ടിക്കുറച്ചും ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയും കേന്ദ്രസർക്കാർ അവരുടെ നയങ്ങളിലൂടെ സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ തെരെഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പൂർത്തിയാക്കാൻ സർക്കാരിന് കഴിയുമെന്ന് വിശ്വാസമുണ്ടോ; നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സംസ്ഥാന സർക്കാരിന്റെ പരിമിതിയാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. പക്ഷെ പരിമിതികൾക്കിടയിലും സംസ്ഥാനത്തിന്റെ വികസന കാര്യങ്ങളിൽ ശരിയായ ദിശാബോധത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് കേരള ജനതയ്ക്ക് ബോധ്യമുണ്ട്. 2016-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ അധികാരകാലഘട്ടത്തിൽ അന്നത്തെ തെരെഞ്ഞെടുപ്പ് പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കിയതിന്റെ പുരോഗതി ഓരോ വർഷവും പ്രോഗ്രസ്സ് റിപ്പോർട്ടായി പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രകടന പത്രികയിലെ 600 വാഗ്ദാനങ്ങളിൽ 580 എണ്ണവും സർക്കാരിന് നിറവേറ്റാൻ കഴിഞ്ഞു.

അതിന്റെ അംഗീകാരമായാണ് എൽ.ഡി.എഫ്-നെ ജനങ്ങൾ തുടർ ഭരണത്തിനായി ചുമതലപ്പെടുത്തിയത്. എല്ലാ വിഭാഗം ജനങ്ങൾക്കും സർക്കാരിന്റെ പരിഗണന ലഭിക്കണമെന്ന ലക്ഷ്യത്തോടെ 50 ഇന പരിപാടിയും 900 വാഗ്ദാനങ്ങളുമാണ് 2021-ലെ തെരെഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. മുന്നോട്ടുവച്ചത്. 900 ഇനങ്ങളിൽ 758 പദ്ധതികൾക്ക് ആദ്യ വർഷം തുടക്കം കുറിച്ചു. അത് ശരിയായ രീതിയിൽ നടപ്പാക്കിവരികയാണ്. ആദ്യ വർഷത്തെ പ്രോഗസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം വർഷത്തെ റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കും.

രാജ്യത്ത് തൊഴിലില്ലായ്മ നിരക്ക് വർദ്ധിച്ചുവരികയാണ്. എന്നാൽ വിവിധ മേഖലകളിലെ ശരിയായ ഇടപെടലിന്റെ ഫലമായി സംസ്ഥാനത്ത് തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായം, കാർഷികം, വിവര സാങ്കേതികവിദ്യ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അതിലൂടെ തൊഴിലില്ലായ്മ നിരക്ക് 3490000-ൽ നിന്ന് 2840000 ആയി കുറഞ്ഞു. വളരെ നല്ല നിലയിൽ കാര്യങ്ങൾ മുന്നോട്ടുപോകുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, കേന്ദ്രസർക്കാർ നിലപാടുകൾ കിഫ്ബിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതെങ്ങനെയെന്ന് വിശദമാക്കാമോ; കിഫ്ബി മുഖേനേ സംസ്ഥാനത്ത് എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിന്റെ സാമ്പത്തിക ശേഷിയെക്കുറിച്ച് എല്ലാവർക്കും ബോധ്യമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആവശ്യങ്ങൾ നിരവധിയാണ്. ബഡ്ജറ്റിനെ മാത്രം ആശ്രയിച്ചാൽ ആവശ്യങ്ങൾ ശരിയായ രീതിയിൽ നിറവേറ്റാൻ കഴിയില്ല. ഇതിന്റെ ഭാഗമായാണ് കിഫ്ബിയെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചത്. അതിന്റെ മേന്മ നമ്മുടെ നാടിനുണ്ടാകുന്നുണ്ട്. കിഫ്ബിയിലൂടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങളിൽ അത്ഭുതകരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു. നിലവിൽ 74000 കോടി രൂപയുടെ 993 ബൃഹത് പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള 54,000 കോടി രൂപയുടെ 986 പദ്ധതികളിൽ 6201 കോടി രൂപയുടെ പദ്ധതികളുടെ

നിർമ്മാണം കിഫ്ബി പൂർത്തിയാക്കിയിട്ടുണ്ട്. നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് 6,769 കോടി രൂപയുടെ പദ്ധതികൾക്കും പൊതുവിദ്യാഭ്യാസ മേഖലയിൽ 2,780 കോടി രൂപയുടെ പദ്ധതികൾക്കും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തിലൂടെ 44705 ഹൈടെക്ക് ക്ലാസ് മുറികളും 11257 ഹൈടെക്ക് ലബോറട്ടറികളും പൊതുവിദ്യാലയങ്ങളിൽ സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 3 വ്യവസായ പാർക്കുകൾക്കായി 13,988 കോടി രൂപയുടേയും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് 200 കോടി രൂപയുടേയും പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കിവരുന്നു. പതിറ്റാണ്ടുകൾക്കപ്പുറത്ത് സാധ്യമാകേണ്ടിയിരുന്ന വികസന സ്വപ്നങ്ങളാണ് കിഫ്ബി മുഖേന സംസ്ഥാനത്ത് സാർത്ഥകമാക്കാൻ കഴിഞ്ഞത്. എന്നാൽ contingent ബാധ്യതയായ കിഫ്ബി കടമെടുപ്പിനെ സംസ്ഥാനത്തിന്റെ പൊതുകടമായി പരിഗണിച്ച് നാടിന്റെ വികസനത്തെ തടയാനുള്ള കേന്ദ്രസർക്കാർ ശ്രമങ്ങളെ നാം ഗൗരവമായി കാണണം.

ശ്രീ. കെ. ആൻസലൻ: സർ, കേരള വികസന ചരിത്രത്തിലെ നാഴികക്കല്ലായി വിഴിഞ്ഞം തുറമുഖം മാറുകയാണ്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ സൃഷ്ടിക്കാൻ കഴിയുന്ന തൊഴിൽ സാധ്യതകൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദീകരണം നൽകാമോ?

ശ്രീ. പിണറായി വിജയൻ: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ വളരെ വലുതാണ്. പദ്ധതികൾ അതിവേഗം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ലോകത്തെ ഏറ്റവും വലിയ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം തുറമുഖത്തിന് മാറാൻ കഴിയുമെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. സമുദ്രഗതാഗതത്തിലെ 30-40% ചരക്കുനീക്കം നടക്കുന്ന തിരക്കേറിയ സമുദ്രപാതയിലാണ് വിഴിഞ്ഞം സ്ഥിതി ചെയ്യുന്നത്. ആദ്യ കപ്പൽ സെപ്റ്റംബർ മാസത്തിലെത്തിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇത്തരത്തിലുള്ള തുറമുഖങ്ങളോട് ചേർന്നുകൊണ്ടാണ് ലോകത്തെ പ്രധാന നഗരങ്ങളും വ്യവസായ കേന്ദ്രങ്ങളും വളർന്നുവന്നത്. വിഴിഞ്ഞം

തുറമുഖത്തിന്റെ ചുറ്റുമുള്ള മേഖലകളിൽ വിപുലമായ വാണിജ്യ-വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായിക ഇടനാഴിയായി ഈ പ്രദേശം മാറും. ഇടനാഴിയുടെ ഇരുവശത്തും അധിവസിക്കുന്ന ജനങ്ങളെ പദ്ധതിയുടെ പങ്കാളികളും/ഭാഗവുമാക്കി വ്യവസായ പാർക്കുകൾ, ലോജിസ്റ്റിക് സെന്ററുകൾ, ജനവാസ കേന്ദ്രങ്ങൾ തുടങ്ങിയവ വികസിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ മുൻകൈയെടുക്കുന്നത്. തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം സുഗമമാക്കാൻ 67 കിലോമീറ്റർ ദൈർഘ്യമുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്തും പശ്ചാത്തല വികസന രംഗത്തും വളരെയധികം സംഭാവന നൽകിയ പദ്ധതിയാണ് റീബിൽഡ് കേരള. റീബിൽഡ് കേരള ഇൻഷ്യേറ്റീവിന് കീഴിൽ എത്ര പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, റീബിൽഡ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതിന്റെ ഭാഗമായി 87 പദ്ധതികൾക്ക് 8,232 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലെ 5,590 കോടി രൂപയുടെ പദ്ധതികളിൽ 376 കോടി രൂപയുടെ 24 പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞു. കേരള പുനർനിർമ്മാണത്തിന് റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിലൂടെ ഇതിനകം 2,864 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, മാരകമായ അസുഖങ്ങൾ കണ്ടെത്തുന്നതിനുള്ള സംവിധാനമാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ എൽ.ഡി.എഫ്. സർക്കാർ കേരളത്തിൽ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ശരിയായ രീതിയിൽ വികസിക്കുകയാണ്. 27000 ചതുരശ്ര

അടി കെട്ടിടത്തിലാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നത്. ലബോറട്ടറി സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി അത്യാധുനിക ബയോസേഫ്റ്റി ലെവൽ - മൂന്ന് ലാബുകൾ, ഇൻസ്ട്രുമെന്റേഷൻ സൗകര്യങ്ങൾ, പരീക്ഷണങ്ങൾ തുടങ്ങിയവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നല്ല രീതിയിലുള്ള പുരോഗതിയാണ് ഇതുവരെയുണ്ടായിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ്: സർ, മുസ്ലീം സമുദായത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കാൻ വേണ്ടിയാണ് കേന്ദ്ര സർക്കാർ സച്ചാർ കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. കേരളത്തിൽ അത് നടപ്പിലാക്കുന്നതിനായി ശ്രീ. പാലോളി മുഹമ്മദ്കുട്ടി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2016-ലെ പ്രകടന പത്രികയിൽ പാലോളി കമ്മിറ്റി ശിപാർശ പ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. അത് എത്രമാത്രം നടപ്പിലാക്കിയെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പാലോളി കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായുള്ള മിക്കവാറും കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പലതും പൂർണ്ണതയിലായിക്കഴിഞ്ഞു. ശിപാർശകളിൽ ഏതെങ്കിലും നടപ്പിലാക്കാൻ ബാക്കിയുണ്ടെങ്കിൽ അവ നടപ്പിലാക്കുക എന്നത് തന്നെയാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങിവിടെ പറഞ്ഞതനുസരിച്ച് 900-ലധികം വാഗ്ദാനങ്ങളാണ് ജനങ്ങൾക്ക് കൊടുത്തത്. 700-ലധികം വാഗ്ദാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ, കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല. ഈ മൂന്ന് പാക്കേജുകളും കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണെന്ന് എന്നേക്കാൾ നന്നായി അങ്ങേയ്ക്കറിയാമല്ലോ; അങ്ങനെയാണെങ്കിൽ ഈ പാക്കേജുകൾ നടപ്പിലാക്കിയ 700 വാഗ്ദാനങ്ങളിലാണോ നടക്കാത്ത 200 വാഗ്ദാനങ്ങളിലാണോ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ; നടക്കാത്ത 200 വാഗ്ദാനങ്ങളിലാണ് പ്രസ്തുത പാക്കേജുകൾ ഉൾപ്പെടുന്നതെങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പാക്കും; അതിനൊരു ടൈം ഫ്രെയിം വയ്ക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പാക്കേജുകൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കുട്ടനാട് പാക്കേജ് പൂർണ്ണമായ രീതിയിൽത്തന്നെ നടപ്പാക്കുന്നതിനുള്ള ഏറെക്കുറെ എല്ലാ നടപടികളും ഒരുങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, വയനാട് പാക്കേജുകൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണ്. അവ സമയബന്ധിതമായി നടപ്പാക്കുമെന്ന് തന്നെയാണ് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാനുള്ളത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ഇടപെടലുകളുണ്ടായിട്ടും പശ്ചാത്തല സൗകര്യ വികസന മേഖലയിൽ വലിയ കുതിച്ചുചാട്ടം തന്നെയാണ് ഈ കാലഘട്ടത്തിലുണ്ടായിട്ടുള്ളത്. പശ്ചാത്തല സൗകര്യ വികസന മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ദേശീയപാതാ വികസനത്തിന് സംസ്ഥാന സർക്കാർ വഹിക്കുന്ന പങ്കെന്താണെന്നും അതിലുള്ള സംസ്ഥാന സർക്കാരിന്റെ ഇടപെടലെന്താണെന്നും വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യം പലവട്ടം നിയമസഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2016-ൽ എൽ.ഡി.എഫ് സർക്കാർ അധികാരമേൽക്കുമ്പോൾ ദേശീയപാതാ വികസനം പൂർണ്ണമായും തടസ്സപ്പെട്ടുനിൽക്കുന്ന ഒരു സാഹചര്യമായിരുന്നു. ഇന്നത്തെ അവസ്ഥ പരിശോധിച്ചാൽ ദേശീയപാത 66 ഉൾപ്പെടെയുള്ള ദേശീയപാതകൾക്ക് 1931 കിലോ മീറ്റർ ദൂരത്തിൽ 1,33,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഭൂമിയേറ്റെടുക്കുന്നതിൽ സർക്കാരിന്റെ സാമ്പത്തിക പങ്കാളിത്തമാണ് വികസന പ്രവർത്തനങ്ങൾ വേഗത്തിലും സുഗമമായും നടക്കുന്നതിനുള്ള അടിസ്ഥാനകാരണം. ദേശീയപാതയുടെ സ്ഥലമേറ്റെടുപ്പിനായി സർക്കാർ ഇതുവരെ 5,580 കോടി രൂപ നൽകിക്കഴിഞ്ഞു.

മി.സ്പീക്കർ: ചോദ്യം ഉന്നയിക്കേണ്ട അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ നക്ഷത്രചിഹ്നമിട്ട 303-ാം നമ്പർ ചോദ്യം റദ്ദ് ചെയ്യുന്നു.

**ലഹരി വിപത്ത് തടയുന്നതിന് ജനകീയ പങ്കാളിത്തം**

3 (*304) ശ്രീ. ഐ. ബി. സതീഷ്

ഡോ. കെ. ടി. ജലീൽ

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിപത്ത് തടയുന്നതിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ നടത്തിയ പ്രചാരണത്തിന്റെയും ബോധവൽക്കരണത്തിന്റെയും തുടർച്ചയായി ലഹരി വിപണന ശൃംഖല തകർക്കുന്നതിനും മയക്കുമരുന്നിന് അടിമകളായവരെ അതിൽനിന്നും വിമുക്തരാക്കുന്നതിനും എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിച്ചിട്ടുണ്ടോ;

(ബി) മയക്കുമരുന്ന് വിപണനത്തിൽ ആവർത്തിച്ച് ഏർപ്പെടുന്നവരുടെ ഡാറ്റാ ബാങ്ക് എക്സൈസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഇവരെ കർശന നിരീക്ഷണത്തിന് വിധേയമാക്കാൻ പ്രത്യേകം നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം.ബി.രാജേഷ്): സർ, (എ) ഉണ്ട്. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ആശയവിനിമയങ്ങൾ വേഗത്തിലാക്കുന്നതിനായി ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിൽ ഡിജിറ്റൽ വയർലെസ്സ് സിസ്റ്റം

സ്ഥാപിച്ചിട്ടുണ്ട്. കാലപ്പഴക്കമേറിയ 33 വാഹനങ്ങൾക്ക് പകരമായി 33 മഹീന്ദ്ര ബൊലേറോ നിയോ വാഹനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിനെ ആയുധവൽക്കരിക്കുന്നതിനായി 9 mm Auto പിസ്റ്റലുകൾ 60 എണ്ണം വാങ്ങിയിട്ടുണ്ട്. മാത്രമല്ല, പൂനെയിലെ അമ്മ്യൂണിഷൻ ഫാക്ടറിയിൽ നിന്നും 5400 അമ്മ്യൂണിഷനുകളും വാങ്ങിയിട്ടുണ്ട്. ശാസ്ത്രീയമായി പ്രതികളെ ചോദ്യം ചെയ്യുന്നതിനായി മൂന്ന് മേഖലകളിലായി ഓരോ ആധുനിക ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ സുതാര്യമാക്കുന്നതിനായി 8 പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ കൂടി സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ആകെ 14 ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനമുണ്ട്. ബി.എസ്.എൻ.എൽ-ഉം ആയി ചേർന്ന് കേന്ദ്രീകൃത മോണിറ്ററിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മയക്കുമരുന്നിന്റെ ഉപയോഗം കണ്ടെത്താനുതകുന്ന 450 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ലഹരിവസ്തുക്കളുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനായി പ്രത്യേക കർമ്മപരിപാടി തയ്യാറാക്കി 'No to Drugs' എന്ന പേരിൽ രണ്ട് ഘട്ടങ്ങളിലായി എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറ്റ് വകുപ്പുകളെയും സംഘടനകളെയും പങ്കെടുപ്പിച്ച് വിപുലമായ ലഹരിവിരുദ്ധ ക്യാമ്പെയിൻ സംഘടിപ്പിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ഇതര സർക്കാർ വകുപ്പുകളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ലഹരിക്കെതിരെ സാമൂഹിക കൂട്ടായ്മ വളർത്തിയെടുക്കുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) സംസ്ഥാനത്താകെ 2754 പ്രതികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കി അവരുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. മയക്കുമരുന്ന് വിപണനത്തിൽ

ആവർത്തിച്ച് ഏർപ്പെടുന്നവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും കുറ്റക്കാരെന്ന് കണ്ടെത്തിയാൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ സ്ഥിരം കുറ്റവാളികൾക്കെതിരെ PITNDPS (Prevention of Illicit Traffic in Narcotic Drugs and Psychotropic Substances Act, 1988) നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് കേസ്സുകളിലുൾപ്പെടുന്ന വ്യക്തികൾ വീണ്ടും കുറ്റകൃത്യങ്ങളിലേർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ PITNDPS Act, 1988 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. PITNDPS Act, 1988 പ്രകാരം സംസ്ഥാനത്തൊട്ടാകെ 63 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന സ്ഥിരം കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുവാൻ എൻ.ഡി.പി.എസ്. നിയമം അനുശാസിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.ഡി.പി.എസ് നിയമത്തിലെ സെക്ഷൻ 34 പ്രകാരം മയക്കുമരുന്ന് കേസിലെ പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യങ്ങൾ ചെയ്യില്ലെന്നുള്ള

ബോണ്ട് വയ്ക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ആയതുപ്രകാരം നാളിതുവരെ 29 പേരിൽനിന്നും ബോണ്ട് വാങ്ങിയിട്ടുണ്ട്. ഇത്തരം ബോണ്ടുകൾ വാങ്ങുന്നത് ശിക്ഷ വിധിക്കുന്ന കോടതികളാണ്. മുൻ കേസിൽ പ്രതിയായിട്ടുള്ള ഒരാൾക്കെതിരെ മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്.ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതുപ്രകാരം നാളിതുവരെ 34 കേസുകളിലെ പ്രതികൾക്കെതിരെ സെക്ഷൻ 31 പ്രകാരം അധിക ശിക്ഷ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഹരിമുക്തമാകുന്നതിനും വിദ്യാർത്ഥി സമൂഹത്തെ മയക്കുമരുന്നിനെതിരായ ബോധവത്കരണത്തിന്റെ പ്രചാരകരായി മാറ്റിത്തീർക്കുന്നതിനും വേണ്ടി വിദ്യാലയങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, 'No to Drugs' ക്യാമ്പെയിനിന്റെ ഭാഗമായി ഒക്ടോബർ 2 ഗാന്ധി ജയന്തി മുതൽ നവംബർ 1 കേരളപ്പിറവി ദിനം വരെ നടന്ന വിപുലമായ പ്രചരണ പരിപാടി പ്രധാനമായും

വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചാണ് നടന്നത്. വിദ്യാലയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകളും ലഹരിക്കെതിരെയുള്ള വിവിധ പ്രചരണ പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി. വിദ്യാലയ തലത്തിൽ ലഹരിവിരുദ്ധ സമിതികൾ രൂപീകരിച്ചു. സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ളതുപോലെ ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും വാർഡ് തലത്തിലും ഓരോ വിദ്യാലയ തലത്തിലും ലഹരിവിരുദ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ സമിതികൾക്കുപുറമെ പോലീസ് രൂപം നൽകിയ 'യോദ്ധാവ്' പദ്ധതി പ്രകാരം ഒരു അദ്ധ്യാപകന് സമിതിയുടെ ചുമതല കൊടുത്തിട്ടുണ്ട്. ഈ നിലയിൽ വളരെ സൂക്ഷ്മമായിട്ടുള്ള കേന്ദ്രീകൃത ഇടപെടലുകൾ വിദ്യാലയങ്ങളിലുണ്ടായി. കേരളപ്പിറവി ദിനമായ നവംബർ 1-ന് പ്രചരണ പരിപാടിയുടെ സമാപന ദിവസം കേരളത്തിലാകെ രണ്ട് കോടിയോളം ജനങ്ങൾ അണിനിരന്നതിൽ 45 ലക്ഷത്തോളം വിദ്യാർത്ഥികളായിരുന്നു. നവംബർ 14-ന് ആരംഭിച്ച് ജനുവരി 26-ന് വരെ നീണ്ടുനിന്ന രണ്ടാംഘട്ട പ്രചരണ പരിപാടി പ്രധാനമായും

വിദ്യാലയങ്ങളെയും കോളേജുകളെയുമാണ് കേന്ദ്രീകരിച്ചിട്ടുള്ളത്.

ശ്രീ. ഐ. ബി. സതീഷ്: സർ, മയക്കുമരുന്ന് വ്യാപനം തടയുന്നതിന് വമ്പിച്ച തോതിലുള്ള ജനകീയ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. അതിനാവശ്യമായ പ്രചരണം സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എം. ബി. രാജേഷ്: സർ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ആരംഭിച്ച പ്രവർത്തനങ്ങളെക്കുറിച്ച് നേരത്തെ വിശദീകരിച്ചതാണ്. പ്രധാനമായും ലഹരി വിരുദ്ധ സമിതികൾ രൂപീകരിച്ച് അതിന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. രാഷ്ട്രീയ പാർട്ടികൾ, സാമൂഹിക സംഘടനകൾ, മറ്റ് സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തി വിപുലമായ ലഹരി വിരുദ്ധ സമിതികളാണ് സംസ്ഥാനതലം മുതൽ വാർഡ്-വിദ്യാലയതലം വരെ രൂപീകരിച്ചിട്ടുള്ളത്. അത് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സഹായകരമായിട്ടുണ്ട്. ഇപ്പോൾ വിപുലമായ പരിപാടികൾ ഓരോ സംഘടനയും പ്രത്യേകമായി ഏറ്റെടുക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്. സംസ്ഥാന

സർക്കാർ നടത്തിയിട്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ജനകീയ ഇടപെടലുകളും സ്വന്തം നിലയിൽത്തന്നെ ഇത്തരം പരിപാടികളുമായി മുന്നോട്ടുവരാൻ എല്ലാ വിഭാഗം ആളുകളെയും പ്രേരിപ്പിക്കുന്നുണ്ട്. ഇന്നലെ തിരുവനന്തപുരം ടെക്നോ പാർക്കിലെ സോഫ്റ്റ്‌വെയർ എഞ്ചിനീയർമാർ ലഹരിവിരുദ്ധ സന്ദേശം നൽകുന്ന മാരത്തോൺ സംഘടിപ്പിക്കാനായി മുന്നോട്ടുവന്നിരുന്നു. കണ്ണൂർ ജില്ലയിലെ പേരാവൂരിൽ ശ്രീമതി അഞ്ജു ബോബി ജോർജ് ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ മാരത്തോൺ സംഘടിപ്പിച്ചതിന്റെ പ്രധാന ആശയം 'NO TO DRUG' എന്നത് തന്നെയാണ്. ലഹരിക്കെതിരെ സംസ്ഥാന സർക്കാർ ആരംഭിച്ച ക്യാമ്പയിൻ ഇന്ന് ജനങ്ങളിലേയ്ക്കാകെ വ്യാപിച്ചിട്ടുണ്ട്. സ്വന്തം നിലയിൽനിന്ന് പ്രചോദനമുൾക്കൊണ്ട് പലരും മുന്നോട്ടുവരുന്നുവെന്നത് ഈ ക്യാമ്പയിന്റെ വിജയത്തെയാണ് സൂചിപ്പിക്കുന്നത്. ലഹരിക്കെതിരെ നവംബർ 1-ന് സംസ്ഥാനവ്യാപകമായി ലഹരി വിരുദ്ധ ശൃംഖല തീർത്തതിൽ രണ്ട് കോടി ആളുകൾ പങ്കെടുത്തുവെന്നാണ് ഞാൻ പറഞ്ഞത്. അത് ഒരു കോടിയെന്ന് തിരുത്തുകയാണ്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എച്ച്. സലാം): സർ, നിലവിൽ മയക്കുമരുന്ന് കേസിലുൾപ്പെട്ടിട്ടുള്ള ഏതാണ്ട് 45000-ലധികം വരുന്ന ആളുകളിൽ പകുതിയോളം പേരും രണ്ടിലധികം കേസുകളിൽ പ്രതികളായവരാണ്. മയക്കുമരുന്ന് വിപണനം ചെയ്യുന്നവരും കൈവശം സൂക്ഷിക്കുന്നവരും രക്ഷപ്പെടുന്നതിന്റെ പ്രധാന പ്രശ്നം നിയമത്തിലെ പഴുതുകളാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ആ കുറവ് പരിഹരിക്കുന്നതിനുവേണ്ടി NDPS ആക്റ്റിലെ ഷെഡ്യൂൾ ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ഇന്നത്തെ സ്ഥിതിയെന്താണ്; അക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ സമീപനമെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, സംസ്ഥാനം ഒന്നിലധികം തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടും യാതൊരു പ്രതികരണവുമുണ്ടായിട്ടില്ല എന്നതാണ് വസ്തുത. മയക്കുമരുന്ന് ഉപയോഗത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന അഞ്ച് സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളം ഉൾപ്പെട്ടിട്ടില്ല. എന്നിരുന്നാലും സംസ്ഥാന സർക്കാർ ഇക്കാര്യം

ഗൗരവമായെടുക്കുന്നു. ജനങ്ങളെയാകെ അണിനിരത്തി പ്രതിരോധം സൃഷ്ടിക്കുമ്പോൾ കേന്ദ്ര സർക്കാർ ഇതിനെ കണ്ടതായിപ്പോലും ഭാവിക്കുന്നില്ല. സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടിട്ടും NDPS ആക്ടിൽ ഭേദഗതി വരുത്താൻ ഇതുവരെ കേന്ദ്ര സർക്കാർ മുന്നോട്ടുവന്നിട്ടില്ലെന്ന് മാത്രമല്ല അത്തരത്തിലുള്ള യതൊരു സൂചനയും നൽകിയിട്ടുമില്ല.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ലഹരിക്കെതിരെ പ്രചാരണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന എക്സൈസ് ഡിപ്പാർട്ടുമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കേരളത്തിലെ മൂന്നരക്കോടി വരുന്ന ജനവിഭാഗങ്ങളിലേയ്ക്ക് എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് പലപ്പോഴും സ്റ്റാഫ് ഷോർട്ടേജാണ്. അനുപാത ക്രമത്തിൽ പറയുകയാണെങ്കിൽ മൂന്നരക്കോടി ജനങ്ങളുള്ളതിൽ 7000 പേർക്ക് ഒരു ഓഫീസറെന്ന അനുപാതത്തിലാണ് നിലവിൽ സ്റ്റാഫ് പാറ്റേണുള്ളത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി കൂടുതൽ ആളുകളെ എക്സൈസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്താൻ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെ ആദ്യമായി റിക്രൂട്ട് ചെയ്തത് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ എക്സൈസ് വകുപ്പിലേയ്ക്ക് റിക്രൂട്ട് ചെയ്തിട്ടുണ്ട്. അത്തരം നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, പുകയില ഉൽപ്പന്നങ്ങളുടെയും കഞ്ചാവ്, ചരസ്, എം.ഡി.എം.എ. തുടങ്ങിയ മയക്കുമരുന്നുകളുടെയും കൈവശമുള്ള അളവ് ചെറുതാണെങ്കിൽ കടുത്ത ശിക്ഷ ലഭിക്കാത്ത സാഹചര്യം നിലവിലുള്ളതിനാൽ നിയമ ഭേദഗതിയടക്കം കൊണ്ടുവന്ന് ചെറിയ അളവ് മയക്കുമരുന്ന് കൈവശംവയ്ക്കുന്നവർക്കുപോലും ശിക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇക്കാര്യത്തിന് ഞാൻ നേരത്തെ മറുപടി പറഞ്ഞതാണ്. ഇതുസംബന്ധിച്ച് പാർലമെന്റ് പാസാക്കിയ കേന്ദ്ര

നിയമത്തിന്മേൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ കേന്ദ്രത്തിൽനിന്ന് പ്രതികരണമുണ്ടായിട്ടില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സംസ്ഥാനത്ത് അടച്ചുപൂട്ടിയിരുന്ന ബാറുകളും മറ്റ് മദ്യഷാപ്പുകളും തുറന്ന് പ്രവർത്തിക്കാൻ തുടങ്ങുകയും ഇരുന്നൂറിലേറെ ഷാപ്പുകൾ അധികമായി വരികയും ചെയ്തപ്പോൾ മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും വ്യാപനം വർദ്ധിച്ചിരിക്കുകയാണ്. ഇതിനെതിരായി ജനകീയ പങ്കാളിത്തത്തോടുകൂടി പ്രചാരണം നടത്തുന്ന ഈ സന്ദർഭത്തിൽ ഇതിന്റെ ഭവിഷ്യത്ത് വളരെ വലുതാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇന്നത്തെ ദിനപത്രത്തിൽ മദ്യലഹരിയിൽ പിതാവിനെ കഴുത്ത് ഞെരുക്കി കൊന്നെന്ന വാർത്ത വായിക്കേണ്ട ഗതികേടുണ്ടായി. ഇതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും അപകടങ്ങളും രോഗികളെ ചികിത്സിക്കേണ്ടി വരുന്നതിലുള്ള നഷ്ടങ്ങളും വരവും ചെലവും കണക്കാക്കി ധവളപത്രമിറക്കാൻ തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തൽക്കാലം അത്തരം കാര്യങ്ങൾ ആലോചിച്ചിട്ടില്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലം കർണ്ണാടക-തമിഴ്നാട് അതിർത്തി പ്രദേശമാണ്. കഞ്ചാവുൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ കടത്ത് കൂടുതൽ പിടിക്കപ്പെടുന്നത് ഈ മേഖലകളിലാണ്. ആ മേഖലകളിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥന്മാരെയും എക്സൈസ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരെയും വിവിധ സംഘടനകളെയും യോജിപ്പിച്ചുകൊണ്ട് റെയ്ഡ് ശക്തമാക്കാൻ കഴിയണം. കാരണം വിവിധ ആദിവാസി യുവാക്കളെപ്പോലും ലഹരി പദാർത്ഥങ്ങൾ വിറ്റഴിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നുണ്ട്. അത്തരം കാര്യങ്ങളിൽ വളരെ വ്യക്തമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തീർച്ചയായും. ലഹരി കടത്തിനെതിരെ അതിർത്തി മേഖലകളിൽ പട്രോളിംഗ് ശക്തിപ്പെടുത്തുന്നതോടൊപ്പം 14 ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന കാര്യം സൂചിപ്പിച്ചുകഴിഞ്ഞു. അതുപോലെ ബി.എസ്.എൻ.എൽ.-ഉം ആയി ചേർന്ന് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പിന് കൂടുതൽ

വാഹനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. പൊതുവിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം അതിർത്തി മേഖലകളിൽ പ്രത്യേകമായ ജാഗ്രതയും പുലർത്തിവരുന്നുണ്ട്.

**ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ**

**4(*305)** **ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:**
**ശ്രീ. എം. രാജഗോപാലൻ:**
**ശ്രീ. പി. പി. ചിത്തരഞ്ജൻ:**
**ശ്രീമതി ഒ. എസ്. അംബിക:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം-ബേക്കൽ ജലപാതയുടെ നിർമ്മാണം 2023-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്കായി കിഫ്ബിയിൽനിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം മുതൽ കല്ലായി വരെ ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റിയുടെ അധീനതയിലുള്ള ജലപാത ദേശീയ ജലപാതയായി ഉയർത്തുന്നതിനുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ദേശീയ ജലപാതയെ ബന്ധിപ്പിക്കാൻ നിലവിൽ കനാൽ ഇല്ലാത്ത മാഹി-വളപട്ടണം, നീലേശ്വരം-ബേക്കൽ ഭാഗങ്ങളിൽ പുതിയ കനാൽ നിർമ്മിക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കോവളം മുതൽ ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാൽ എന്നറിയപ്പെടുന്ന ജലപാതയുടെ വികസനം ഘട്ടംഘട്ടമായി 2025-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിനായുള്ള നിർമ്മാണപ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി ദ്രുത ഗതിയിൽ നടന്നുവരുന്നു. കിഫ്ബി ധനസഹായത്തോടുകൂടിയുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) മുഖേനയാണ് നടത്തിവരുന്നത്.

പശ്ചിമതീര കനാലിന്റെ വിവിധ ഭാഗത്തെ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ചുവടെച്ചേർക്കുന്നു.

i) ആക്കുളം-കഠിനംകുളം- അരിവാളം കനാൽ (33 കി.മീ.)

ഗതാഗതയോഗ്യമായ പ്രസ്തുത റീച്ചിൽ കഠിനംകുളം ഭാഗത്ത് 8 കി.മീറ്റർ കനാലിന് വീതികൂട്ടുന്ന പ്രവൃത്തി, സെന്റ്ആൻഡ്രൂസ് പാലം നിർമ്മാണം

എന്നിവ പുരോഗമിക്കുന്നു. കൂടാതെ 4 ബോട്ട് ജെട്ടികളുടെയും മുരുക്കുംപുഴ ഹൗസ്ബോട്ട് ടെർമിനലിന്റെ നിർമ്മാണവും പുരോഗമിക്കുന്നു.

ii) അരിവാളം-ചിലക്കൂർ ടണൽ-തൊട്ടിൽപ്പാലം (3 കി. മീ.)

കനാൽ നിർമ്മാണം പുരോഗമിക്കുന്നു. തൊട്ടിൽ പാലത്ത് ബോട്ട് ജെട്ടിയുടെ നിർമ്മാണം ഉടനാരംഭിക്കുന്നതാണ്. അരിവാളം ബീച്ച് മുതൽ തൊട്ടിൽപ്പാലം വരെ കനാൽ സൗന്ദര്യവൽക്കരണത്തിനും നടപ്പാത നിർമ്മാണത്തിനും 19.10 കോടി രൂപയുടെ പദ്ധതി KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(iii) നടയറ–പരവൂർ-കൊല്ലം അഷ്ടമുടി കായൽ (23 കി. മീ.)

21 കി.മീ. ജലപാത ഗതാഗത യോഗ്യമാണ്. 2 കി.മീ. (കൊല്ലം തോട് റീച്ച് 3) ഭാഗത്ത് കനാൽ വികസനം പുരോഗമിച്ചുവരുന്നു. കാപ്പിൽ ബോട്ട് ജെട്ടിയുടെ നിർമ്മാണവും പുരോഗമിക്കുന്നു.

(iv) കൊല്ലം – കോട്ടപ്പുറം (168 കി.മീ.)

ജലപാതയിൽ തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു ലോക്ക്-കം-ബ്രിഡ്ജിന്റെ പ്രവൃത്തി IWAI -യുടെ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്നു.

(v) <u>കോട്ടപ്പുറം-ചേറ്റുവാ-ചാവക്കാട് ( 60 കി. മീ.)</u>

മലപ്പുറം ജില്ലയിലെ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജിന്റെ പ്രവൃത്തി നബാർഡിന്റെ ധനസഹായത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റീച്ചിൽ കാട്ടൂർ ഭാഗത്ത് 5 കി.മീ. കനാലിന്റെ ആഴം കൂട്ടുന്ന പ്രവൃത്തിയും മതിരപ്പള്ളി പാലം നിർമ്മാണവും പൂർത്തിയാകുന്നതോടെ 60 കി.മീ. ഭാഗത്ത് സുഗമമായ ഗതാഗതം സാധ്യമാകും. 3 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(vi) <u>മണ്ണിട്ടാംപാറ – കല്ലായി റീച്ച് (30 കി.മീ.)</u>

വടക്കുംപാട് പുഴയിൽ 3 കി.മീ. ഭാഗത്തെ നരിക്കൽ നീക്കം ചെയ്ത് ആഴംകൂട്ടി പ്രസ്തുത റീച്ച് 2024 മാർച്ചോടെ ഗതാഗതത്തിന് പ്രവർത്തനക്ഷമമാകും. നരിക്കല്ലിന്റെ വ്യാപ്തി നിർണ്ണയിക്കുന്നതിനുള്ള പഠനം ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം പൂർത്തിയാക്കിയിട്ടുണ്ട്.

(vii) <u>ഇരഞ്ഞിക്കൽ-മൂഴിക്കൽ റീച്ച് (30 കി.മീ.)</u>

ഇരഞ്ഞിക്കൽ-കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനായുള്ള ഡ്രെഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു.

(viii) വടകര–മാഹി കനാൽ (17.61 കി.മീ)

കനാലിന്റെ റീച്ച്-1–ൽ (4 കി.മീ.)- 35% പ്രവൃത്തി പൂർത്തിയായി. ബാക്കി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

റീച്ച്-2-(3.30km ) - പൂർത്തിയായി.

റീച്ച്-3-(3.24 km) - 50% പൂർത്തിയായി ഉയർന്ന ഭാഗങ്ങളിലെ സംരക്ഷണ പ്രവൃത്തികൾക്കായി LBS തയ്യാറാക്കിയ ഡിസൈൻ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.

റീച്ച്-4-(3.59 km ) - 90% പൂർത്തിയായി

റീച്ച്-5-(3.48 km ) - 70% പൂർത്തിയായി.

കരിങ്ങാലിമുക്ക് ലോക്ക്-കം-ബ്രിഡ്ജ്, മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജ്, വെങ്ങോലിപാലം എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 13 നടപ്പാലങ്ങളിൽ 11 എണ്ണം പൂർത്തിയായി. ശേഷിച്ചവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. മൂഴിക്കൽ നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വടകര-മാഹി കനാലിന്റെ 8 കി.മീ. ഭാഗം ഗതാഗതയോഗ്യമാകും.

കോഴിക്കോട് ജില്ലയിലെ അഴിയൂർ പഞ്ചായത്തിൽ മാഹി പുഴയുടെ ഇടതുകരയിൽ വരയിൽ താഴെ എന്ന സ്ഥലത്ത് ബോട്ടുജെട്ടി നിർമ്മാണം 50% പൂർത്തീകരിച്ചു. എടച്ചേരി പഞ്ചായത്തിൽ മാഹി പുഴയുടെ ഇടതുകരയിൽ കായപ്പനച്ചി എന്ന സ്ഥലത്ത് ബോട്ടുജെട്ടി നിർമ്മാണത്തിനായുള്ള പ്രാരംഭ പ്രവൃത്തിയാരംഭിച്ചു. എടച്ചേരി പഞ്ചായത്തിൽ മാഹി പുഴയുടെ ഇടതുകരയിൽ കച്ചേരി എന്ന സ്ഥലത്ത് ബോട്ടുജെട്ടി നിർമ്മിക്കുന്നതിന് പുതുക്കിയ നിരക്ക് (DSR-2018) പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ തുകയെക്കാൾ കൂടുതലായതിനാൽ ഭരണാനുമതി പുതുക്കേണ്ടതുണ്ട്.

(ix) <u>വളപട്ടണം - നീലേശ്വരം – കോട്ടപ്പുറം റീച്ച് (60 കി. മീ.)</u>

മാഹി-വളപട്ടണം കനാലിന്റെ രണ്ടാം കട്ടിന്റെയും മൂന്നാം കട്ടിന്റെയും ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത റീച്ചിൽ കനാലുകളും കായലുകളും ഗതാഗതയോഗ്യമാണ്. മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനലുൾപ്പെടെ ബോട്ട് ജെട്ടികളുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

<u>KIIFB-യുടെ ധനസഹായം ലഭ്യമാക്കുന്നതിന് അനുമതി നൽകിയ പദ്ധതികളുടെ പട്ടിക ചുവടെച്ചേർക്കുന്നു.</u>

1. പാർവ്വതീ പുത്തനാറിന്റെ പുനരുദ്ധാരണം - 183. 65 കോടി രൂപ
2. പശ്ചിമതീര കനാലിന്റെ ഭാഗമായ മാഹി - വളപട്ടണം സ്ട്രെച്ചിന്റെ വികസനം - ഭൂമി ഏറ്റെടുക്കൽ, പുനരധിവാസ പ്രവൃത്തികൾ - 650 കോടി രൂപ.
3. പശ്ചിമതീര കനാലിന്റെ വികസനം - 1275 കുടുംബങ്ങളുടെ പുനരധിവാസം - 247.20 കോടി രൂപ.
4. പാർവ്വതീ പുത്തനാറിന്റെ വികസനം - കോവളം - ആക്കുളം സ്ട്രെച്ചിലെ ഭൂമി ഏറ്റെടുക്കൽ - 87.18 കോടി രൂപ.
5. പശ്ചിമതീര കനാൽ വികസനം - നീലേശ്വരം - ബേക്കൽ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ - 186 കോടി രൂപ.
6. കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട് - (കനോലി കനാൽ വികസനം) - 1118 കോടി രൂപ.
7. ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് & അസസ്സ്മെന്റ് ഓഫ് എക്കണോമിക് ഡെവലപ്മെന്റ് ഓപ്പർച്യൂണിറ്റീസ് - 4 കോടി രൂപ.
8. അരിവാളത്തിനും തൊട്ടിൽപാലത്തിനുമിടയിലുള്ള കനാൽ തീരത്തിന്റെ സൗന്ദര്യവത്കരണം - 19.10 കോടി രൂപ.
9. ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് & അസസ്സ്മെന്റ് ഓഫ് എക്കണോമിക് ഡെവലപ്മെന്റ് ഓപ്പർച്യൂണിറ്റീസ് - ആക്കുളത്തിനും കൊല്ലത്തിനുമിടയിലുള്ള 70.7 ഏക്കർ ഭൂമി ഏറ്റെടുക്കൽ -

61.58 കോടി രൂപ.

(ബി) ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ അധീനതയിൽവരുന്ന ദേശീയ ജലപാത-3-ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗത്ത് ആവശ്യമായ ടെർമിനലുകൾ നിർമ്മിച്ച് വികസിപ്പിച്ചിട്ടുണ്ട്. ചവറ, കോവിൽത്തോട്ടം നടപ്പാലം പുനർനിർമ്മാണം, ചവറയിലും അഷ്ടമുടിക്കായലിന്റെ ചില ഭാഗങ്ങളിലും ഡ്രഡ്ജിംഗ് എന്നിവയാണ് അവശേഷിക്കുന്ന പ്രവൃത്തികൾ. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാതയുടെ വികസനത്തിനായുള്ള രൂപരേഖ IWAI തയ്യാറാക്കിയതിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞതിന് മറുപടി IWAI-യ്ക്ക് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ വരുന്ന വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജിന്റെ പ്രവൃത്തി NABARD ധനസഹായത്തോടുകൂടി നടന്നുവരുന്നു. ദേശീയ ജലപാത 3-ന്റെ ഭാഗമായി പൊന്നാനി ചേറ്റുവ കനാൽ 12.698 കി.മീ നീളത്തിൽ ആഴം കൂട്ടൽ പ്രവൃത്തി സംസ്ഥാന പ്ലാൻ ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചു.

(സി) ദേശീയ ജലപാതയെ ബന്ധിപ്പിക്കാൻ നിലവിൽ കനാലില്ലാത്ത നീലേശ്വരം ബേക്കൽ, മാഹി-വളപട്ടണം ഭാഗങ്ങളിൽ പുതിയ കനാൽ

നിർമ്മിക്കാനുള്ള പ്രവൃത്തികൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. മാഹി–വളപട്ടണം റീച്ചിൽ 3 ഭാഗങ്ങളിലായി 26 കി.മീ. പുതിയ കനാൽ നിർമ്മിക്കണം. ഇതിനായി 650 കോടി രൂപയുടെ KIIFB സഹായത്തിന് അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി അലൈൻമെന്റ് രേഖപ്പെടുത്തുകയും SIA പഠനം, EIA പഠനം എന്നിവ ആരംഭിക്കുകയും ചെയ്തു. റീച്ച് 2-ന്റെ SIA പഠനം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ നീലേശ്വരം-ബേക്കൽ കനാൽ യാഥാർത്ഥ്യമാകുവാൻ നീലേശ്വരം പുഴയ്ക്കും ചിറ്റാരി പുഴയ്ക്കുമിടയിൽ 6.5 കി. മീ. പുതിയ കനാൽ നിർമ്മിക്കുകയും നമ്പ്യാർകല്ല് നാവിഗേഷൻ ലോക്ക് നവീകരിക്കുകയും വേണം. ഇതിനുവേണ്ടി വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് 186 കോടിയുടെ പദ്ധതിക്ക് KIIFB ധനസഹായം ലഭ്യമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റ്

രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിൽ ചവറ തോട് മുതൽ ഇടപ്പള്ളി കോട്ട വരെ വീതി കൂട്ടൽ എവിടെ വരെയായിയെന്നും കൊല്ലം മുതൽ തിരുവനന്തപുരം വരെയുള്ള ടി.എസ്. കനാൽ, വർക്കല ടണൽ ജോലി എവിടെ വരെയായിയെന്നും പറയുവാൻ കഴിയുമോ; പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ കൂടിയായ ഈ പ്രദേശത്ത് സർക്കാർ ധാരാളം പണം ചെലവഴിച്ചിട്ടും എന്തുകൊണ്ട് ഇത് അവസാനിക്കുന്നില്ലെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, കൊല്ലം-കോട്ടപ്പുറം ജലപാതയിൽ തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു ലോക്ക്-കം-ബ്രിഡ്ജിന്റെ പ്രവൃത്തി IWAI (Inland Waterways Authority of India)-യുടെ ഫണ്ടുപയോഗിച്ച് നടന്നുവരികയാണ്. കോട്ടപ്പുറം-ചേറ്റുവാ-ചാവക്കാട് ബ്രിഡ്ജിന്റെ പ്രവർത്തനവും അതിനുപുറമെ നടന്നുവരികയാണ്. എല്ലാ കാര്യങ്ങളും മറുപടിയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, എറണാകുളം ജില്ലയിൽ ദേശീയ

ജലപാതയുടെ ഭാഗമായ വൈപ്പിൻ മുനമ്പം മുതലുള്ള ഭാഗത്ത് എന്തെല്ലാം പ്രവൃത്തികൾ നടത്താനാണുദ്ദേശിക്കുന്നത്; വിനോദസഞ്ചാര മേഖലയെ പ്രോത്സാഹിപ്പിക്കാൻ കഴിയുംവിധം ജലഗതാഗതം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വിനോദസഞ്ചാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലുമൊരു പ്രദേശത്തല്ല, കോവളം മുതൽ ബേക്കൽ വരെ നീണ്ടുകിടക്കുന്നൊരു ജലപാതയാണിത്. ഒരു നിശ്ചിത കിലോമീറ്ററിനകലെ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനുണ്ടാവുകയെന്നാണ് ഉദ്ദേശിക്കുന്നത്. നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇതിന്റെ ഭാഗമായുണ്ടാകും. അത്തരം ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇതിന്റെ ഭാഗമായിത്തന്നെ ഉണ്ടാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചുവരികയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, അടിസ്ഥാനസൗകര്യ വികസന രംഗത്ത് പുതിയ കാലത്തിന്റെ വേഗതയ്ക്കനുസരിച്ച് കേരളീയ സമൂഹത്തിന്റെ സ്വപ്നങ്ങൾ ഒന്നൊന്നായി പൂവണിയുകയാണ്. ദേശീയപാത വികസനം,

മലയോര ഹൈവെ, തീരദേശ ഹൈവെ, ജലപാത എന്നീ പദ്ധതികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും അസാധാരണമായ രാഷ്ട്രീയ ഇച്ഛാശക്തിയുടെയും നിശ്ചയദാർഢ്യത്തിന്റെയും ഫലമായിട്ടുകൂടിയാണ് പുരോഗമിക്കുന്നത്. ദേശീയ ജലപാതയുടെ നവീകരണത്തിന്റെ ഭാഗമായി രൂപീകരിച്ച Kerala Waterways and Infrastructure Limited (KWIL) എന്ന കമ്പനി എത്ര കിലോമീറ്റർ ജലപാതയാണ് ഇതുവരെ നവീകരിച്ചിട്ടുള്ളതെന്നും കണ്ണൂർ ജില്ലയിലെ സുൽത്താൻ തോട്, വടകര-മാഹി കനാൽ, തലശ്ശേരി-വളപട്ടണം എന്നീ റീച്ചുകളിൽ നാളിതുവരെയുണ്ടായ പുരോഗതി എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ; കൂടാതെ നീലേശ്വരം-ബേക്കൽ പാതയുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒരുപാട് കാര്യങ്ങൾ അടങ്ങുന്നതാണ് ചോദ്യം. മാഹി-വളപട്ടണം കനാലിന്റെ രണ്ടാം ഘട്ടത്തിന്റെയും മൂന്നാം ഘട്ടത്തിന്റെയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പ്രസ്തുത റീച്ചിൽ കനാലുകളും കായലുകളും ഗതാഗതയോഗ്യമാണ്. മലബാർ

റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ ഉൾപ്പെടെ ബോട്ട് ജെട്ടികളുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. പശ്ചിമതീര കനാൽ വികസനത്തിന്റെ ഭാഗമായി നീലേശ്വരം-ബേക്കൽ ഭാഗത്തെ ഭൂമി ഏറ്റെടുക്കലിന് 186 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഏഷ്യയിൽത്തന്നെ രണ്ടാം സ്ഥാനത്തുള്ള ജലപാതയാണ് സംസ്ഥാനത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. ഇത് കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വലിയ മുന്നേറ്റമുണ്ടാക്കാൻ പോകുകയാണ്. കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയുമുള്ള ജലപാതകളെ ദേശീയ ജലപാതകളായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നല്ലോ; ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്വാഭാവികമായി കേന്ദ്ര സർക്കാർ അത് അംഗീകരിക്കേണ്ടതാണ്. പ്രസ്തുത ജലപാതകളെ ദേശീയപാതകളാക്കി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ഇപ്പോൾത്തന്നെ ആവശ്യപ്പെട്ട്

കഴിഞ്ഞിട്ടുണ്ട്. അക്കാര്യം അംഗീകരിക്കുമെന്ന് തന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീമതി ഒ. എസ്. അംബിക: സർ, ജലപാതാ നവീകരണത്തിന്റെ ഭാഗമായി കോവളം മുതൽ വർക്കല വരെ കനാലിന്റെ ഇരുവശങ്ങളിലും താമസിക്കുന്നവരുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യത്തിൽ ഇതിനോടകം നല്ല പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കനാലിന്റെ ഇരുവശങ്ങളിലും താമസിക്കുന്ന ആളുകളുടെ പുനരധിവാസമാണ് ഏറ്റവും പ്രധാന പ്രശ്നം. ആളുകളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമായി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച പാക്കേജ് പൊതുവെ ജനങ്ങൾ അംഗീകരിക്കുകയും അവരിൽനിന്നും നല്ല രീതിയിലുള്ള പ്രതികരണം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളം ഏറ്റവും പ്രതീക്ഷയോടെ കാണുന്ന ദേശീയ ജലപാത കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട്

മുതൽ ബേക്കൽ വരെയും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ അതിർത്തിയായ മഞ്ചേശ്വരം ധാരാളം പുഴകളുള്ള സ്ഥലമാണ്. പ്രസ്തുത പദ്ധതി മഞ്ചേശ്വരം വരെ നീട്ടാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, മഞ്ചേശ്വരം ഒരു പ്രധാന സ്ഥലമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ, കോവളം മുതൽ ബേക്കൽ വരെ എന്നുപറയുമ്പോൾ അതിനൊരു പ്രത്യേകയുള്ളതുകൊണ്ടാണ് ആ നിലയ്ക്ക് ദേശീയ ജലപാതാ വികസനം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ബാക്കി കാര്യങ്ങളെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട സംഭാവനത്തുക സംബന്ധിച്ച ഉത്തരവ്**

5 (*306) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ പരിപാടികൾ, പ്രദർശനം, സൗജന്യ ചികിത്സാ

ക്യാമ്പുകൾ തുടങ്ങിയ പരിപാടികൾക്ക് പഞ്ചായത്ത്, നഗരസഭ എന്നിവിടങ്ങളിൽനിന്നും സംഭാവന നൽകാൻ ചട്ടം അനുവദിക്കുന്നുണ്ടോ;

(ബി) സർക്കാരിന്റെ വിവിധ പരിപാടികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമ്മർദ്ദം ചെലുത്തി സംഭാവന നൽകാൻ പ്രേരിപ്പിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ ദിനാഘോഷം, ശുചിത്വ മിഷന്റെ കോൺക്ലേവ് എന്നിവയ്ക്ക് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും നൽകേണ്ട സംഭാവനത്തുക നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ഡി) എങ്കിൽ ഇത്തരം ഉത്തരവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തിക പ്രതിസന്ധിയിലാക്കുമെന്നത് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പഞ്ചായത്തുകളിൽനിന്നും സംഭാവന നൽകാൻ ചട്ടം അനുവദിക്കുന്നുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമങ്ങളിൽ ഇത്തരം പരിപാടികൾക്ക് നഗരസഭയിൽനിന്ന് സംഭാവന നൽകുന്നത് സംബന്ധിച്ച് ചട്ടം വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 28-01-2023-ലെ സ. ഉ. (സാധാ) നം. 242/2023/ എൽ.എസ്.ജി.ഡി. പ്രകാരം തദ്ദേശദിനാഘോഷത്തിനായി സംഭാവന നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ശുചിത്വമിഷന്റെ ഇന്റർനാഷണൽ കോൺക്ലേവിനായി സംസ്ഥാന ശുചിത്വമിഷന് തുക നൽകുന്നതിന് അനുമതി നൽകി 05-01-2023-ലെ സ.ഉ.(സാധാ)നം.24/2023/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തതുകൊണ്ട് നിലവിലുള്ള ജീവനക്കാർ അമിതമായ ജോലിഭാരം അനുഭവിക്കുകയാണ്. വർഷങ്ങൾക്കുമുമ്പ്

നിശ്ചയിച്ച സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും പഞ്ചായത്തുകളിൽ നിലനിൽക്കുന്നത്. ആയതിനാൽ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണം. കാരണം പഞ്ചായത്തുകൾ വഴിയാണ് എല്ലാ പദ്ധതികളും നടപ്പിലാക്കുന്നത്. അതുകൊണ്ട് ജനസംഖ്യാനുപാതികമായും പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വാർഡുകളുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിലും സ്റ്റാഫ് പാറ്റേൺ പുതുക്കി ഗ്രേഡിംഗ് നിശ്ചയിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, സമഗ്രമായ പരിശോധന ആവശ്യമുള്ള കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദ്യരൂപത്തിൽ ഉന്നയിച്ചിട്ടുള്ളത്. പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ അത്തരം കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ സമഗ്രമായ പരിശോധന ആവശ്യമാണെന്നത് വസ്തുതയാണ്. പക്ഷെ പല പഞ്ചായത്തുകളിലും നിലവിൽ പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ

എഞ്ചിനീയർമാരെ ആവശ്യമാണ്. പല പഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർമാരില്ല. ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്കുതന്നെ രണ്ടും മൂന്നും പഞ്ചായത്തുകളുടെ ചാർജ്ജാണ് നൽകിയിരിക്കുന്നത്. അതുകൊണ്ട് എല്ലാ പഞ്ചായത്തുകളിലും അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ എഞ്ചിനീയറിംഗ് വിഭാഗത്തിലാവശ്യമായ അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തുന്നത്. അതൊക്കെ വളരെ വിജയകരമായി പഞ്ചായത്ത് നടപ്പിലാക്കുന്നുമുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുൾപ്പെടെ പഞ്ചായത്തുകളുടെ ഫണ്ടുപയോഗിച്ചാണ് നടത്തിയത്. എന്നാൽ പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ട് അടക്കം വെട്ടിക്കുറച്ചിരിക്കുകയാണ്. ഇത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട അംഗം രണ്ട് ചോദ്യങ്ങളാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. പല സ്ഥലങ്ങളിലും വേണ്ടത്ര

അസിസ്റ്റന്റ് എഞ്ചിനീയർമാരില്ലെന്നുള്ള വളരെ ഗൗരവമുള്ള വിഷയം പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ നിയമനവുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എ.ഇ.-മാരുടെ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റിലുൾപ്പെട്ട ആളുകൾ തന്നെ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് അതായത് കെ.എസ്.ഇ.ബി.എൽ., വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലേയ്ക്ക് പോകാനാണ് താൽപ്പര്യം പ്രകടിപ്പിക്കുന്നത്. പഞ്ചായത്തുകളിൽ നിയമനം ലഭിക്കുന്നവർപോലും ടി സ്ഥാപനങ്ങളിലേയ്ക്ക് പോവുകയോ അല്ലെങ്കിൽ ഇവിടെ നിയമനം ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാതെ മറ്റ് സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം കാത്തിരിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. മറ്റൊരു പ്രശ്നം അസിസ്റ്റന്റ് എഞ്ചിനീയർമാർ പലരും അവധിയെടുത്ത് പോകുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ അഭാവത്തിൽ പകരം നിയമിക്കുന്ന ആൾ പോലും ലീവ് എഴുതിക്കൊടുത്ത് സാംങ്ഷൻ ചെയ്യുന്നതിനുപോലും കാത്തുനിൽക്കാതെ പോകുന്ന സ്ഥിതിയാണുള്ളത്. ഇക്കാര്യത്തിൽ ഒരു

നിയന്ത്രണം ഏർപ്പെടുത്തണമെന്നത് തന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ബഹുമാനപ്പെട്ട അംഗങ്ങളുടെ പൊതുവികാരം കൂടി മാനിച്ചുകൊണ്ട് അനുമതിയില്ലാതെ അസിസ്റ്റന്റ് എഞ്ചിനീയർമാർ ലീവെടുത്ത് പോകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കർശനമായി നിയന്ത്രിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകും. രണ്ടാമതായി അദ്ദേഹം ഗ്രാന്റിനെക്കുറിച്ചാണ് സൂചിപ്പിച്ചത്. ധനകാര്യ കമ്മീഷന്റെ ശിപാർശയായ മെയിന്റനൻസ് ഗ്രാന്റ് ആസ്തി രജിസ്റ്ററിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്നത് കർശനമായി നടപ്പാക്കുമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മുൻകൂട്ടി അറിയിച്ചിരുന്നതാണ്. സംസ്ഥാന സർക്കാരിന് അത് നടപ്പിലാക്കാതിരിക്കാനാവില്ല. ആസ്തി രജിസ്റ്റർ കൃത്യമായി പൂർത്തീകരിച്ചിട്ടുള്ള പഞ്ചായത്തുകൾക്ക് മെയിന്റനൻസ് ഗ്രാന്റിന്റെ കാര്യത്തിൽ പ്രശ്നം വരില്ല. അല്ലാത്തവർക്ക് പ്രശ്നമുണ്ടാകുമെന്ന് നേരത്തെ അറിയിച്ചിരുന്നതാണ്. അക്കാര്യത്തിൽ പിന്നോട്ടു പോകാനാവില്ല.

ശ്രീ. കെ. പി. എ. മജീദ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ധാരാളം ഗ്രാമീണ റോഡുകളുണ്ടെങ്കിലും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് അവ നടത്തിക്കൊണ്ടുപോകാൻ പ്രയാസമാണ്. അതുകൊണ്ട് ഇത്തരം റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനായി പ്രത്യേകം സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ; ഇത്തരം റോഡുകളുടെ മെയിന്റനൻസ് നടത്താൻപോലും പഞ്ചായത്തുകളുടെ കൈവശം പണമില്ലാത്തതിനാൽ അതിനായി എം.എൽ.എ.-മാരെ സമീപിക്കുകയാണ്. ഇതിന് പ്രത്യേകമായൊരു സ്കീം തയ്യാറാക്കി അവർക്ക് പ്രത്യേക ഫണ്ട് നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്:</u> സർ, വളരെ പ്രസക്തമായൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ഇതിനായി പ്രത്യേക ഫണ്ട് അനുവദിക്കാനാവില്ല. നിലവിൽ പദ്ധതി വിഹിതത്തിന്റെ 27.19 ശതമാനം സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇതിന്റെ പകുതി തുക പോലും നൽകുന്നില്ല. അദ്ദേഹം പറഞ്ഞ പ്രശ്നത്തിനുള്ള പരിഹാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂട്ടായ നിലപാട് സ്വീകരിക്കേണ്ടിവരും. അതിനായി

അങ്ങയുടെയും അങ്ങയുടെ പാർട്ടിയുടെയും പിന്തുണ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:സർ, സർക്കാർ അനുമതിയില്ലാതെ ഗ്രാമപഞ്ചായത്ത് ഫണ്ട് (തനത്/പ്ലാൻ) ഗ്രാമപഞ്ചായത്തുകളുടെ ആവശ്യത്തിനല്ലാതെ മറ്റു സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികൾക്ക് സംഭാവന നൽകാൻ നിയമം അനുശാസിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകൾക്ക് അത്തരത്തിലുള്ള സംഭാവന നൽകാമെന്നും വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇതുസംബന്ധിച്ച് നേരത്തെ വ്യക്തമാക്കിയതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽനിന്ന് സംഭാവന നൽകാൻ ചട്ടം അനുവദിക്കുന്നുണ്ട്. മുനിസിപ്പാലിറ്റി നിയമങ്ങളിൽ സംഭാവന നൽകുന്നതിന് ചട്ടം വ്യവസ്ഥ ചെയ്തിട്ടില്ല. പക്ഷെ മുനിസിപ്പാലിറ്റികൾ സർക്കാരിന്റെ അനുമതിക്കായി ആവശ്യപ്പെടാറുണ്ടെങ്കിലും സർക്കാർ ഇക്കാര്യത്തിൽ നിഷ്കർഷിക്കാറില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ആവശ്യപ്പെടുന്നപക്ഷം പരിശോധനയ്ക്ക് വിധേയമായി അനുമതി നൽകുക മാത്രമേ ചെയ്യാറുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് മിക്കവാറും ഇത്തരം ആവശ്യം ഉന്നയിക്കാറുള്ളത്.

ശ്രീ. നജീബ് കാന്തപുരം: സർ, ഇനിയും സർക്കാരിന്റെ രണ്ടാമത്തെ ഗഡുവായി നൽകേണ്ട തുക പഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകിയിട്ടില്ല. പല പദ്ധതികളും തയ്യാറാക്കി കാത്തുനിൽക്കുകയാണ്. പക്ഷെ ധനകാര്യ വകുപ്പിന്റെ നിയന്ത്രണം കാരണമാണ് ഈ ഫണ്ട് ഇനിയും ലഭിക്കാത്തതെന്നാണ് അറിയാൻ സാധിച്ചത്. അടിയന്തരമായി പഞ്ചായത്തിന് വിഹിതം അനുവദിച്ചുകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പ്രസ്തുത വിഷയം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ അനുവദിച്ചു നൽകുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുള്ളതെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

**വിമുക്തി പദ്ധതി വിപുലമാക്കുന്നതിന് നടപടി**

6 (*307) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗം, വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങൾക്കും സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾക്കും പ്രധാന കാരണമാണെന്നതിനാൽ ഇത് തടയുന്നതിന് വിമുക്തി പദ്ധതി വിപുലമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ സാധ്യതയുപയോഗപ്പെടുത്തി ഇത്തരം സാമൂഹിക വിപത്തിനെതിരെ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുന്നതിന് വിമുക്തി മിഷന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും ജനപ്രതിനിധികൾ അദ്ധ്യക്ഷരായി സാമൂഹിക-സാമുദായിക യുവജന സംഘടനാ പ്രതിനിധികൾ, അദ്ധ്യാപകർ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെയുൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് സമൂഹത്തെയൊന്നാകെ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ/കോളേജ് തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ ലഹരി ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതിന് സ്കൂളുകളിൽ "ഉണർവ്" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരികയാണ്. ടി പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ 500 സ്കൂളുകളിൽ ലഹരി വിരുദ്ധ

ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ കായിക ഇനങ്ങളിൽ പരിശീലനം നടത്തുന്നതിലേയ്ക്കായി 'ടീം വിമുക്തി' എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ ലഹരി വിരുദ്ധ ക്ലബ്ബുകളിൽ കായിക ടീമുകൾ രൂപീകരിക്കുന്നതിനും പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. യുവജനങ്ങളെ ലഹരി ഉപയോഗത്തിൽ നിന്നും അകറ്റി നിർത്തുകായെന്ന ലക്ഷ്യത്തോടെ “ലഹരിക്കെതിരെ കായികലഹരി” എന്ന മുദ്രാവാക്യത്തോടെ വിവിധ കായിക മത്സരങ്ങളും അതോടൊപ്പം കുടുംബശ്രീ, സന്നദ്ധ-യുവജന-സർവ്വീസ് സംഘടനകൾ എന്നിവ മുഖാന്തരം ബോധവൽക്കരണ ക്ലാസുകളും വൈവിദ്ധ്യമാർന്ന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ലഹരിക്കെതിരെ സമൂഹത്തിലെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ തന്നെ ലഹരിക്ക് അടിമപ്പെട്ടവർക്കാവശ്യമായ ലഹരിമോചന ചികിത്സ നൽകി അവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനും പ്രാധാന്യം നൽകുന്നു. ഈ ലക്ഷ്യത്തോടെ വിമുക്തി മിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ

ആരംഭിച്ചിട്ടുള്ളതാണ്. ലഹരി വ്യാപനത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് വിമുക്തി മിഷന്റെ നേതൃത്വത്തിൽ 'നോ ടു ഡ്രഗ്സ്' എന്ന പേരിൽ വ്യാപകമായ പ്രചാരണ പരിപാടികളാണ് സംസ്ഥാനത്ത് നടത്തിയത്. ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതാണ്.

(ബി) ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് തലത്തിലും പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ

വാർഡുകളിലും ജനപ്രതിനിധികൾ അദ്ധ്യക്ഷരായി വിവിധ വിഭാഗങ്ങളെയുൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ജനജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ചും ജാഗ്രതാ സദസ്സുകൾ സംഘടിപ്പിക്കുന്നതാണ്. കുടുംബശ്രീയുമായും റസിഡൻസ് അസോസിയേഷനുകളുമായും സഹകരിച്ച് രക്ഷാകർത്താക്കൾക്ക് അവബോധം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി ചികിത്സയും കൗൺസിലിംഗും നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. പ്രൈമറിതലം മുതൽ വിദ്യാർത്ഥികളിലെ സ്വഭാവ രൂപീകരണം ലക്ഷ്യമിട്ടും കലാ-കായിക അഭിരുചി വളർത്തുകയെന്ന ലക്ഷ്യത്തോടെയും 'ബാല്യം അമൂല്യം' എന്ന പേരിൽ ഒരു പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്നതാണ്. രക്ഷാകർത്താക്കൾക്ക് അവബോധം നൽകുന്നതിനായി ബോധവൽക്കരണ

ക്ലാസുകളും വിവിധ പ്രവർത്തനങ്ങളും പ്രൈമറിതലം മുതൽ സംഘടിപ്പിക്കുന്നതാണ്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ സമഗ്രമായ ഒരു കായിക പരിശീലന പരിപാടി സ്കൂളുകളിൽ സംഘടിപ്പിക്കുന്നതാണ്. ലഹരിവസ്തുക്കളുടെ ദുരുപയോഗം സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് എക്സൈസ് വകുപ്പിനെ അറിയിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള ഫോൺ നമ്പരുകളും സൗജന്യ കൗൺസിലിംഗിനുള്ള ടോൾഫ്രീ നമ്പരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വ്യാപകമായി പ്രചരിപ്പിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ത്രിതല പഞ്ചായത്തുകളെ ഉപയോഗിച്ച് സ്കൂളുകളിലും മറ്റുള്ള സ്ഥലങ്ങളിലും ലഹരി വിരുദ്ധ ക്യാമ്പയിൻ വ്യാപിപ്പിക്കാനുള്ള നടപടി സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇക്കാര്യത്തെപ്പറ്റി നേരത്തെ വിശദീകരിച്ചതാണ്. സ്കൂൾ/കോളേജ് തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ലഹരി വിരുദ്ധ ക്ലബ്ബുകൾ

പ്രവർത്തിക്കുന്നുണ്ട്. 6287 സ്കൂൾ ക്ലബ്ബുകളും 899 കോളേജ് ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. അതിനുപുറമെ, വിദ്യാർത്ഥികൾക്കിടയിലെ ലഹരിയുപയോഗം കണ്ടെത്താൻ അദ്ധ്യാപകരുടെ സഹായത്തോടെ കൗൺസിലിംഗ് നൽകുന്നതിന് സ്കൂളുകളിൽ 'നേർവഴി' എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. വിദ്യാർത്ഥികളെ ലഹരിഉപയോഗത്തിൽനിന്ന് പിന്തിരിപ്പിക്കാൻ 'ഉണർവ്' എന്ന പേരിൽ വേറൊരു പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും ഓരോ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ശ്രദ്ധ, നേർക്കൂട്ടം എന്നീ കമ്മിറ്റികളുടെ സഹകരണത്തോടെ ക്യാമ്പസുകളിലും ഹോസ്റ്റലുകളിലും എക്സൈസ് വകുപ്പ് പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

**[10.00 A.M]**

## II. അടിയന്തരപ്രമേയം

### ഷുഹൈബ് വധക്കേസിലെ ഗൂഢാലോചന സംബന്ധിച്ച തുടരന്വേഷണം

മി. സ്പീക്കർ: ഓർഡർ.....ഓർഡർ...... എടയന്നൂർ ഷുഹൈബ് വധക്കേസിൽ പ്രതിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേസിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരാൻ തുടരന്വേഷണത്തിന് സർക്കാർ തയ്യാറാകാത്തതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 12-02-2018-ൽ കണ്ണൂരിൽ ഷുഹൈബ് കൊല്ലപ്പെട്ട സംഭവം സംബന്ധിച്ച് മട്ടന്നൂർ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 202/2018 ആയി പോലീസ് കേസ് രജിസ്റ്റർ

ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പോലീസ് നടത്തിയ അന്വേഷണം നിഷ്പക്ഷവും സ്വതന്ത്രവും നീതിയുക്തവുമാണ്. ഒരു ലക്ഷത്തിലധികം ഫോൺ കോളുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിലാണ് കുറ്റകൃത്യത്തിലെ പ്രതികളെയും ഗൂഢാലോചനയിൽ ഉൾപ്പെട്ട പ്രതികളെയും പ്രതികൾക്ക് സഹായം നൽകിയവരെയും പോലീസ് പിടികൂടിയത്. കേസിൽ ആകെ 17 പ്രതികളാണുള്ളത്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ഗൂഢാലോചനയുൾപ്പെടെയുള്ള ഐ.പി.സി. 120 (ബി), The Explosive Substances Act, Indian Arms Act എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ചുള്ള കുറ്റങ്ങൾ ചുമത്തിയാണ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത കേസ് ബഹുമാനപ്പെട്ട തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടെ പരിഗണനയിലാണ്. ഈ കേസിന്റെ അന്വേഷണ ഘട്ടത്തിൽ കേസിന്റെ അന്വേഷണം സി.ബി.ഐ.യ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് കൊല്ലപ്പെട്ട വ്യക്തിയുടെ മാതാപിതാക്കൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി സിംഗിൾ

ബഞ്ച് കേസ് അവർക്കനുകൂലമായി 07-03-2018-ൽ ഉത്തരവായി. കേരള പോലീസ് നടത്തിയ അന്വേഷണം സ്വതന്ത്രവും ആത്മാർത്ഥവും നിഷ്പക്ഷവും നീതിയുക്തവുമാണെന്ന് ചൂണ്ടിക്കാണിച്ച് സർക്കാർ ഡിവിഷൻ ബഞ്ചിനെ സമീപിച്ചു. സി.ബി.ഐ.യ്ക്ക് കൈമാറുന്നതിനാവശ്യമായ വസ്തുതകൾ ഒന്നും കണക്കിലെടുത്തില്ലെന്ന് വിലയിരുത്തി സിംഗിൾ ബഞ്ച് ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തു. ആ അവസരത്തിൽ മാതാപിതാക്കൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചുവെങ്കിലും കോടതി അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ ഹർജി പിൻവലിക്കുകയാണുണ്ടായത്. പോലീസ് അന്വേഷണത്തിനായി 12 അംഗ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കുകയും കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് മേൽനോട്ട ചുമതല നൽകുകയും ചെയ്തു. സംഭവത്തിൽ നേരിട്ട് പങ്കെടുത്ത പ്രതികൾക്കുപുറമെ ഗൂഢാലോചന ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ നടന്നതായി വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ഗൂഢാലോചനയ്ക്കുള്ള വകുപ്പുകളും കൂട്ടിച്ചേർത്ത് അന്വേഷണം നടത്തുകയാണുണ്ടായത്. ഒന്ന് മുതൽ പതിനൊന്ന് വരെയുള്ള

പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 14-05-2018-ൽ കുറ്റപത്രം സമർപ്പിച്ചു. പന്ത്രണ്ട് മുതൽ പതിനേഴ് വരെയുള്ള പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 21-01-2019-ൽ കുറ്റപത്രം സമർപ്പിച്ചു. കേസ് സി.ബി.ഐ.യ്ക്ക് കൈമാറണമെന്ന 07-03-2018-ലെ സിംഗിൾ ബഞ്ച് വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ ബഹുമാനപ്പെട്ട ഡിവിഷൻ ബഞ്ച് 02-08-2019-ൽ അനുവദിച്ചു. പോലീസ് നടത്തിയ അന്വേഷണത്തിലെ പോരായ്മ സംബന്ധിച്ച പരാതിയുമായി കേസന്വേഷണ ഘട്ടത്തിലോ അന്തിമ റിപ്പോർട്ട് നൽകിയ അവസരത്തിലോ ഹർജിക്കാർ മജിസ്ട്രേറ്റ് കോടതിയേയൊ ഹൈക്കോടതിയേയൊ സമീപിച്ചിരുന്നില്ല. അതോടൊപ്പം കേസന്വേഷണം സുതാര്യമല്ലെന്ന വാദം നിലനിൽക്കുന്നതല്ല എന്നുകൂടി വിലയിരുത്തിയിരുന്നു. ബഹുമാനപ്പെട്ട ഡിവിഷൻ ബഞ്ച് ഉത്തരവിനെതിരെ ഹർജിക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിഷ്പക്ഷവും നീതിയുക്തവും സമയബന്ധിതവുമായ അന്വേഷണം നടത്തി ഗൂഢാലോചനയിൽ പങ്കെടുത്ത മുഴുവൻ പേരെയും അറസ്റ്റ് ചെയ്ത് പ്രതികളുടെ

രാഷ്ട്രീയ പശ്ചാത്തലം പരിഗണിക്കാതെ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ട്. കേസിലെ ഒന്ന് മുതൽ നാല് വരെയുള്ള പ്രതികൾ ഒരു വർഷക്കാലത്തോളം ജ്യൂഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞിരുന്നവരാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇവർക്ക് കർശന വ്യവസ്ഥകളോടെ 2019 ഏപ്രിൽ മാസത്തിലാണ് ജാമ്യം അനുവദിച്ചത്. ടി കേസിലെ ജാമ്യവ്യവസ്ഥയിൽ കേസ് പരിഗണനയിലിരിക്കവേ മറ്റൊരു ക്രൈം കേസിൽ ഉൾപ്പെടാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഒന്നാം പ്രതി ജാമ്യവ്യവസ്ഥകൾ ലംഘിച്ച് മറ്റൊരു കേസിൽ പ്രതിയായതിനെത്തുടർന്ന് ജാമ്യം റദ്ദുചെയ്യുന്നതിനായി പോലീസ് 17-02-2023-ൽ കോടതിയെ സമീപിച്ചിട്ടുണ്ട്. ടി കേസിന്റെ അന്വേഷണത്തിൽ ഏതെങ്കിലും തെളിവുകൾ സ്വീകരിച്ചില്ലെന്നോ അന്വേഷണത്തിൽ പോരായ്മയുണ്ടെന്നോ ചൂണ്ടിക്കാട്ടി യാതൊരു പരാതിയും അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭിച്ചതായി റിപ്പോർട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 02-08-2019-ലെ ഉത്തരവിൽ വ്യക്തമാക്കിയ കാര്യം ഇവിടെ ഏറെ

പ്രസക്തമാണ്. The writ petitioners did not, at any stage of the said investigation, approach the Magistrate concerned for any direction under Section 156(3). The said inaction of the writ petitioners impinges upon the bona fides of their claim that there was no fair investigation of the case. പ്രമേയത്തിൽ പരാമർശിച്ച വിഷയം നിലവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ബഹുമാനപ്പെട്ട തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടെയും പരിഗണനയിലിരിക്കുന്ന സംഗതിയാണ്. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമുദിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, അങ്ങേയ്ക്ക് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ നന്നായി അറിയാവുന്നതാണ്. അതിലെ ചട്ടം 52 (v), (vii) എന്നിവ ഓർമ്മപ്പെടുത്തുന്നു. അങ്ങ് അത് അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, അടിയന്തരപ്രമേയത്തിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട കാര്യം, നേരത്തെ ഈ കേസുമായി ഉണ്ടായിട്ടുള്ള സംഭവത്തിനോടനുബന്ധിച്ച് പുതുതായി സി.പി.ഐ.(എം) നിയന്ത്രിക്കുന്നതായിട്ടുള്ള ക്വട്ടേഷൻ സംഘവുമായി ബന്ധപ്പെട്ടതായിരിക്കുന്ന

ഫേസ്ബുക്ക് പേജിൽ അവർ നടത്തിയതായിരിക്കുന്ന കമന്റുകളുമായി ബന്ധപ്പെട്ടുകൊണ്ടാണ്.

മി. സ്പീക്കർ: ചട്ടവും റൂളും ക്രമവും പാലിക്കാത്ത ഒരു കാര്യവും സഭാ രേഖയിലുണ്ടാവില്ല. (.....ബഹളം.....). ചട്ടവും റൂളും ലംഘിച്ചുള്ള ഒരു കാര്യവും സഭാ രേഖയിലുണ്ടാവില്ല. (....ബഹളം....)

ശ്രീ. ടി. സിദ്ദിഖ്: സർ, എനിക്ക് പകരം സമയം തന്നാൽ മതി. ഞാൻ കൃത്യമായ തെളിവിന്റെയും ധാരണയുടെയും അടിസ്ഥാനത്തിലാണ് കാര്യങ്ങൾ പറഞ്ഞിട്ടുള്ളതും പറയുന്നതും. ജന്മി കുടിയാൻ സമരവും അതിന്റെ ഭാഗമായ നെല്ലുവാരൽ സമരവും ധീര രക്തസാക്ഷികളും പിറന്ന തില്ലങ്കേരിയിൽ വീണ്ടും ഒരു പോരാട്ടം നടക്കുകയാണ്. അത് ജന്മിയും കുടിയാനും തമ്മിലുള്ള പോരാട്ടമല്ല, കൊല ചെയ്തവനും അവനെ കൊല്ലിച്ചവരും തമ്മിലുള്ള പുതിയ പോരാട്ടമാണ്. 2018 ഫെബ്രുവരി 12-ന് എടയന്നൂരിൽ യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റായിരുന്ന ഷുഹൈബിനെ അതിഭീകരമായാണ് വെട്ടിക്കൊലപ്പെടുത്തിയത്. ഒരു തട്ടുകടയിൽ സുഹൃത്തുക്കളോടൊപ്പം ചായ കുടിക്കുമ്പോൾ ഒരു ഭീകര

ക്വട്ടേഷൻ സംഘം, 'for registration' എന്ന് ബോർഡ് വച്ചിട്ടുള്ള വണ്ടിയിൽ വന്ന് ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഒരു ചെറുപ്പക്കാരനെ, സമൂഹത്തിനുവേണ്ടി നിലപാടെടുത്ത് സാമൂഹ്യ ചംക്രമണത്തിൽ ഏറ്റവും മനോഹരമായും സർഗ്ഗാത്മകമായും ഇടപെട്ടതായ ഒരു ചെറുപ്പക്കാരനെ മരം വെട്ടുന്നതുപോലെ, മീൻ വരയുന്നതുപോലെ അരയ്ക്കുതാഴെ 41 വെട്ട് വെട്ടി കൊലപ്പെടുത്തിയ അതീവ ഗുരുതരമായ കേസിൽ പിടിക്കപ്പെട്ട 11 പ്രതികളിൽ 5 പേർ തിരൂർ പാലയോട്ടുകാരും 6 പേർ തില്ലങ്കേരിക്കാരുമാണ്. ഇതെല്ലാം തന്നെ നടത്തിയത് സി.പി.ഐ.(എം) ക്വട്ടേഷൻ സംഘമാണ്. (....ബഹളം....)

<u>മി. സ്പീക്കർ</u>: ഞാൻ പറഞ്ഞല്ലോ, റൂളും ക്രമവും പാലിക്കാത്ത ഒരു കാര്യവും സഭാ രേഖയിലുണ്ടാവില്ല. (....ബഹളം....)

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഇതിലെ ഏറിയ പങ്ക് പ്രതികളെയും പുറത്താക്കിയ പാർട്ടി സി.പി.ഐ.(എം) ആണ്. അല്ലാതെ കോൺഗ്രസ്സോ ലീഗോ അല്ല. ആകാശ് തില്ലങ്കേരിയെ പുറത്താക്കുന്നതിനുമുമ്പ് അച്ഛനെ ഓഫീസിലേയ്ക്ക് വിളിച്ചുവരുത്തി മകനെ പുറത്താക്കുന്നുവെന്ന് പറഞ്ഞതും

ഏത് പാർട്ടിയാണെന്ന് ഞാൻ പറയേണ്ടതില്ല. മക്കളെ സ്കൂളിൽനിന്ന് പുറത്താക്കുമ്പോൾ അച്ഛനെക്കൂട്ടി വരണമെന്ന് പറയുന്നതുപോലെ അച്ഛനെ വിളിച്ച് സംസാരിച്ചവരാണ് ഇവിടെ എഴുന്നേറ്റുനിന്ന് സംസാരിക്കുന്നത് എന്നുള്ളതും ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. യൂത്ത് കോൺഗ്രസിന്റെ ഊർജ്ജസ്വലനായ പ്രവർത്തകൻ, പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ നേതൃത്വം കൊടുക്കുന്നവൻ, വീടില്ലാത്തവർക്ക് വീടുവയ്ക്കാൻ നേതൃത്വം കൊടുത്തവൻ, ആശുപത്രിയിൽ രക്തം നൽകാൻ നേതൃത്വം കൊടുത്തവൻ, ഭക്ഷണമില്ലാത്തവർക്ക് ഭക്ഷണമെത്തിക്കാൻ നേതൃത്വം കൊടുത്തവൻ, സ്വന്തം അവയവം മറ്റുള്ളവർക്ക് ദാനം ചെയ്യാൻ നേതൃത്വം കൊടുക്കാൻ തീരുമാനിച്ചവൻ, എസ്.വൈ.എസ്.-ന്റെ ഊർജ്ജസ്വലനായ പ്രവർത്തകൻ. ഇതാണ് ഷുഹൈബ് എന്ന വ്യക്തിത്വം. ഇത്തരം ഒരു പ്രവർത്തകനെ കൊലപ്പെടുത്താൻ ഇവർ തമ്മിൽ നേരിട്ട് എന്തെങ്കിലും ബന്ധമുണ്ടോ? തില്ലങ്കേരി എന്ന സ്ഥലത്തെത്താൻ എടയന്നൂരിലെ പ്രസ്തുത സ്ഥലവും ഇരിക്കൂറും മട്ടന്നൂരും കഴിയണം. അവർ തമ്മിൽ പരസ്പര ബന്ധമില്ല. മറ്റുള്ള രേഖകളെല്ലാം വളരെ കൃത്യമാണ്. ആധികാരികമാണ്.

ഇതിൽ രാഷ്ട്രീയപരമായ വൈരാഗ്യമല്ലാതെ മറ്റൊന്നുമല്ല. 2023 ഫെബ്രുവരി മാസം 15-ാം തീയതി ഷുഹൈബ് വധക്കേസിലെ ഒന്നാം പ്രതി ആകാശ് തില്ലങ്കേരി ഫേസ്ബുക്ക് പോസ്റ്റിലൂടെ ഒരു കമന്റ് നടത്തി. ആ കമന്റിന്റെ രത്നച്ചുരുക്കം ഇതാണ്. "ഇത് പാർട്ടിക്കുവേണ്ടി നടത്തിയ കൊലപാതകമാണ്. പാർട്ടി നേതാക്കളാണ് എന്നെ ഇത് ചെയ്യിപ്പിച്ചത്. ഞങ്ങൾ വാ തുറന്നാൽ പലർക്കും പുറത്തിറങ്ങി നടക്കാൻ പറ്റില്ല. ആരാണ് ഇത് പറയുന്നത്? ആകാശ് തില്ലങ്കേരി. എന്നിട്ട് വീണ്ടും പറയുകയാണ്. "ഇത് നടപ്പിലാക്കാൻ ഞങ്ങളോട് ആവശ്യപ്പെടുന്ന ആളുകൾക്ക് സഹകരണ സ്ഥാപനത്തിൽ ജോലി. കൃത്യം ചെയ്ത ഞങ്ങൾക്ക് പടിയടച്ച് പിണ്ഡവും പട്ടിണിയും. ഇത് പറയുന്നത് കൊലപാതകത്തിലെ ഒന്നാം പ്രതിയാണ്. ഇപ്പോൾ ഈ കേസിൽ 173 (8) Cr.P.C. അനുസരിച്ച് പുതിയൊരു വെളിപ്പെടുത്തൽ വന്നാൽ വളരെ ഗൗരവതരമായ പുനരന്വേഷണത്തിനും പുതിയ തെളിവിന്റെ അടിസ്ഥാനത്തിലേയ്ക്കും പോകണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറഞ്ഞതിൽ ഇക്കാര്യം ഉൾപ്പെട്ടിട്ടില്ലെന്ന് അങ്ങയെ വീണ്ടും വീണ്ടും ബോദ്ധ്യപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ

പ്രധാനപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾ കൂടിയുണ്ട്. ആഭ്യന്തര വകുപ്പുമന്ത്രി കൂടിയായ അങ്ങയുടെ സർക്കാരിന്റെ മുമ്പിലും പൊതുസമൂഹത്തിന്റെ മുമ്പിലും ഞങ്ങൾ അത് ഗൗരവമായി ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഈ കേസിലെ ആകാശ് തില്ലങ്കേരി നിങ്ങളുടെ ആളല്ലെന്നും ക്വട്ടേഷൻ നിങ്ങൾ കൊടുത്തതല്ലെന്നും അവരുമായി സി.പി.ഐ.(എം)-ന് യാതൊരു ബന്ധവുമില്ലെന്നും നിങ്ങൾ പറയുന്നുണ്ടല്ലോ. അങ്ങനെയാണെങ്കിൽ ഹൈക്കോടതിയിൽ ഷുഹൈബിന്റെ ഉപ്പയും ഉമ്മയും കൊടുത്ത കേസിൽ സർക്കാരിനുവേണ്ടി, ആഭ്യന്തര വകുപ്പിനുവേണ്ടി സംസാരിക്കാൻ വന്നതാരാണ്? വിജയ് ഹസാരെ ഉൾപ്പെടെയുള്ള പ്രമുഖ ക്രിമിനൽ അഭിഭാഷകർ. സുപ്രീംകോടതിയിൽ ആരാണ് വന്നത്; കേസ് നടത്താൻ ധാരാളം വക്കീലന്മാർ സംസ്ഥാനത്തുണ്ടല്ലോ? സംസ്ഥാനത്തെ ഒരു വക്കീലിനേയും ഹാജരാക്കാതെ ബി.ജെ.പി. സർക്കാരിന്റെ അഡീഷണൽ സോളിസിറ്റർ ജനറലായി സേവനം ചെയ്ത രഞ്ജിത് കുമാറിനെയാണ് ലക്ഷങ്ങൾ മുടക്കി സുപ്രീംകോടതിയിൽ നിയോഗിച്ചത്. ആകാശ് തില്ലങ്കേരി നിങ്ങളുടെ ആളാണെന്നുള്ളതിന് ഇതിൽപ്പരം എന്തെങ്കിലും തെളിവ്

വേണോ? നിങ്ങളുടെ ക്വട്ടേഷനല്ലെങ്കിൽ പിന്നെ എന്തിനാണ് ഖജനാവിൽനിന്ന് 86,40,000 രൂപ ചെലവാക്കി വക്കീലിനെ നിയമിച്ചത്? 6,64,961 രൂപ ചെലവഴിച്ച് ഈ വക്കീലന്മാർ വിമാനത്തിൽ യാത്ര ചെയ്തതും ഇവർക്ക് താമസിക്കാൻ ഹോട്ടൽ അനുവദിച്ചതും അവർക്ക് ഭക്ഷണം കൊടുക്കാൻ ഖജനാവിൽനിന്ന് തുക ചെലവഴിച്ചതും ഈ കൊലപാതക കേസ്സിലെ പ്രതികൾ വി.ഐ.പി. ക്വട്ടേഷൻ പ്രതികളായതുകൊണ്ടല്ലേ? ഈ ചോദ്യത്തിന് നിങ്ങൾ മറുപടി പറയണം. ഇവിടെ കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും പോകേണ്ട. എന്നെക്കൊണ്ട് ചെയ്യിപ്പിച്ചതാണെന്ന് ക്വട്ടേഷൻ ഏറ്റെടുത്തതായ പ്രതി തന്നെ പറയുകയാണ്. അതിനേക്കാൾ വലിയ തെളിവ് കേരളത്തിലെ ഭരണകൂടത്തിന് ആവശ്യമുണ്ടോ? ഇവിടെ വെളിവായിരിക്കുന്ന കുറ്റകൃത്യത്തിന് നേതൃത്വം കൊടുത്തവർ വി.ഐ.പി. പ്രതികളാണ്. ആ വി.ഐ.പി. പ്രതികൾക്ക് കിട്ടിയ ആനുകൂല്യമെന്ന് പറയുന്നത് നിയമപരമായ സഹായം മാത്രമല്ല. അവർ ജയിലിൽ പോയപ്പോൾ ഇതിലെ ഒന്നാം പ്രതിക്ക് കണ്ണൂർ ജയിലിൽവച്ച് തന്റെ സ്വന്തം കാമുകിയുമായി സല്ലപിക്കാൻ ആറ് മണിക്കൂർ ആഭ്യന്തര വകുപ്പിന്റെ

കീഴിലുള്ള ജയിലിൽ സൗകര്യം ചെയ്തുകൊടുത്തത് വി.ഐ.പി. പ്രതിയായതുകൊണ്ടല്ലേ; നിങ്ങൾ മറുപടി പറയണം. എല്ലാ തലത്തിലും ഇത്രയധികം സൗകര്യം ഈ ക്വട്ടേഷൻ പ്രതികൾക്ക് ചെയ്തുകൊടുത്തു. ഷുഹൈബിനെ കൊല്ലാൻ വന്ന പ്രതികൾ സഞ്ചരിച്ച കാർ, എല്ലാ കേസിലും സി.പി.ഐ.(എം)-ന്റെ കയ്യിൽ വാഹനമുണ്ടാകും, ടി. പി. ചന്ദ്രശേഖരൻ വധക്കേസിന്റെ പ്രതികൾ സഞ്ചരിച്ചത് 'മാഷ അള്ള' സ്റ്റിക്കർ ഒട്ടിച്ച കാറാണ്. ശരത് ലാൽ, കൃപേഷ് എന്നിവരെ കൊല്ലാൻ നിയോഗിച്ചതായ പ്രതികൾ സഞ്ചരിച്ചത് മറ്റ് കാറുകളിലാണ്. ഇവിടെ പാപ്പിനിശ്ശേരി ഭാഗത്തുനിന്നാണ് പ്രതികൾ കാറിൽ വന്നത്. ആ കാറിന്റെ ഉടമയെയും ആ കാർ വാടകയ്ക്കെടുത്ത ആളുകളെയും ഈ കേസിന്റെ പ്രതികളായി ചാർജ്ജ് ഷീറ്റ് നൽകാനാവശ്യമായ നടപടി നിങ്ങൾ സ്വീകരിച്ചോ?

<u>മി. സ്പീക്കർ</u>: പ്ലീസ്.......... കൺക്ലൂഡ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, രണ്ട് മിനിറ്റുകൂടി സമയം നൽകണം. ഹൈക്കോടതി സിംഗിൾ ബഞ്ച് പറഞ്ഞു UAPA section 15 A(1) 'By using bombs, dynamite or other explosive substances or inflammable

substances,' അവസാനഭാഗത്തിൽ or by any other means of whatever nature to cause or likely to cause - death of, or injuries to, any person or persons;' ഈ കേസിൽ UAPA അട്രാക്റ്റ് ചെയ്യണമെന്ന് ഹൈക്കോടതി സിംഗിൾ ബഞ്ച് പറഞ്ഞു. സി.ബി.ഐ. അന്വേഷിക്കണം. സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരായി സുപ്രീംകോടതി അഭിഭാഷകരെകൊണ്ടുവന്ന് യു.എ.പി.എ. സെക്ഷൻ ചുമത്താതെ ഈ പ്രതികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി എന്തിനാണ് നിലപാട് സ്വീകരിച്ചത്, നിങ്ങൾ നടത്തിയതായ ക്വട്ടേഷന്റെ അടിസ്ഥാനത്തിലല്ലേ? ഷുഹൈബ് കൊല്ലപ്പെടുന്നതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ എടയന്നൂരിൽ ഒരു പ്രകടനം നടന്നു. അവിടെ വിളിച്ച മുദ്രാവാക്യം 'നിന്നെ തട്ടും സൂക്ഷിച്ചോ, അരിഞ്ഞുവീഴ്ത്തും സൂക്ഷിച്ചോ, സി.പി.ഐ.(എം) ഇത് സി.പി.ഐ.(എം)' എന്നാണ്. ആ മുദ്രാവാക്യത്തിന് നേതൃത്വം കൊടുത്ത മുൻമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് ഉൾപ്പെടെയുള്ള പ്രതികളെ വിളിച്ചുവരുത്തിയോ; അവരെ ചോദ്യം ചെയ്തോ; അവർക്ക് ചാർജ്ജ് ഷീറ്റ് നൽകാനാവശ്യമായ നടപടികൾക്ക് നിങ്ങൾ നേതൃത്വം കൊടുത്തോ?

<u>മി. സ്പീക്കർ</u>: പ്ലീസ്....... കൺക്ലൂഡ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. വധിക്കാനുള്ള ക്വട്ടേഷൻ നൽകിയും സ്വർണ്ണക്കള്ളക്കടത്തിന് കൂട്ടുനിന്നും അതിന്റെ ഓഹരി പറ്റിയും പ്രതികൾക്ക് ട്രോഫി നൽകിയതിനുമെല്ലാം നേതൃത്വം കൊടുക്കുന്നത് ഡി.വൈ.എഫ്.ഐ., സി.പി.ഐ.(എം) നേതൃത്വമാണ്. (....ബഹളം....)

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ് ക്രമപ്രകാരമല്ലാത്ത ഒരു കാര്യവും രേഖയിലുണ്ടാവില്ല.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഡി.വൈ.എഫ്.ഐ. നേതാവ് ഷാജിറാണ് ട്രോഫി കൊടുത്തത്. (.....ബഹളം.....) ഷുഹൈബ് വധക്കേസിനെത്തുടർന്ന് ഫെബ്രുവരി മാസം 21-ാം തീയതി കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ സമാധാന യോഗം നടന്നു. അതിൽ ബഹുമാന്യനായ മുൻ നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പങ്കെടുത്തു.

<u>മി. സ്പീക്കർ</u>: പ്ലീസ്.......... കൺക്ലൂഡ്. സമയം കഴിഞ്ഞു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ശ്രീ. എ. കെ. ബാലൻ അവിടെവച്ച് വളരെ

പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞു. ഈ കേസ് സി.ബി.ഐ. അന്വേഷിക്കുന്നതിന് ഒരു എതിർപ്പുമില്ല, ഞങ്ങൾ ഒരുക്കമാണെന്ന്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം ചെയ്തു. ശ്രീ. എ. കെ. ബാലൻ പറഞ്ഞതിനെ തുടച്ചുമാറ്റിയിട്ട് സി.ബി.ഐ. അന്വേഷണമില്ലെന്ന് പറഞ്ഞു. പ്രതികളെ സംരക്ഷിക്കണം എന്നുള്ളതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. യു.എൻ. സിവിൽ സർവ്വീസ് അവാർഡ് കേരളത്തിലേയ്ക്ക് കൊണ്ടുവന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി ഒരു സ്ത്രീയുടെ കയ്യിൽനിന്നും വെള്ളക്കടലാസ്സിൽ പരാതി എഴുതിവാങ്ങി സി.ബി.ഐ. അന്വേഷണത്തിന് ശിപാർശ ചെയ്ത നിങ്ങളാണ് ഈ കേസിൽ സി.ബി.ഐ. അന്വേഷണമില്ലാതിരിക്കാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങിയിരിക്കുന്നത്. ഒരൊറ്റ ചോദ്യം കൂടി ചോദിച്ചുകൊണ്ട് അവസാനിപ്പിക്കാം.

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്......നിർബന്ധിതമായി മൈക്ക് ഓഫ് ചെയ്യേണ്ടിവരും. പ്ലീസ്.... കൺക്ലൂഡ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, അവസാനിപ്പിക്കാം. ഇതിന്റെ ക്രിമിനൽ

**ഗൂഢാലോചനയിൽ ഉന്നതരായ ആളുകൾക്ക് പങ്കാളിത്തമുണ്ട്. ശ്രീ. പി. ജയരാജൻ അവിടെപ്പോയി പറഞ്ഞാൽ തീരില്ല. അതുകൊണ്ട് ഈ ക്രിമിനൽ ഗൂഢാലോചന പുറത്തുകൊണ്ടുവരാൻ സി.ബി.ഐ. അന്വേഷണം വേണം.**

**മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.....**

**ശ്രീ. ടി. സിദ്ദിഖ്: സർ, (.....മൈക്ക് ഓഫ്.....) കേന്ദ്ര ഏജൻസിയായ സി.ബി.ഐ.യുടെ അന്വേഷണം ഇക്കാര്യത്തിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.**

**മി. സ്പീക്കർ: ഇത് ശരിയല്ല.**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ വ്യക്തത വരുത്താനാണെങ്കിൽ ചില കാര്യങ്ങൾ ഞാൻ നേരത്തെ തന്നെ പറഞ്ഞിരുന്നു. പക്ഷെ അതൊന്നും അദ്ദേഹം ഉൾക്കൊള്ളാൻ തയ്യാറായിട്ടില്ല. അദ്ദേഹം പറയാനുള്ള കാര്യങ്ങൾ പറഞ്ഞ് തീർക്കുന്നതാണ് കണ്ടത്. അതിനിടയിൽ എന്തിനാണ് ബഹുമാന്യനായ ഉമ്മൻ ചാണ്ടിയെപ്പറ്റി പരാമർശിച്ചതെന്ന് എനിക്ക്

മനസ്സിലാകുന്നില്ല. അതിപ്പോഴുള്ള പുതിയ സാഹചര്യത്തിലാണോയെന്ന് മനസ്സിലാക്കാൻ വിഷമമുള്ള ഒരു കാര്യമാണ്. ആ സാഹചര്യം അവരുടെ ഇടയിലുള്ളതാണ്. അവരുടെ ഇടയിലുള്ള പുതിയ സാഹചര്യത്തിന്റെ ഭാഗമായി ശ്രീ. ഉമ്മൻ ചാണ്ടിയുടെ പേര് ഇരിക്കട്ടെയെന്ന് വിചാരിച്ചതാണോ? കൂടുതൽ പറയാതിരിക്കുന്നതാണ് നല്ലത്. ഇപ്പോഴത്തെ ഘട്ടത്തിൽ അദ്ദേഹത്തിന്റെ പേര് വലിച്ചിഴച്ചത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ഈ കേസ് സി.ബി.ഐ.യ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയെ സമീപിച്ചതിനെ സംബന്ധിച്ച് നേരത്തെ ഞാൻ പറഞ്ഞു. ഷുഹൈബിന്റെ മാതാപിതാക്കൾ മുൻ പ്രോസിക്യൂഷൻ ഡയറക്ടർ അഡ്വക്കേറ്റ് ആസിഫ് അലി മുഖാന്തരമാണ് പെറ്റീഷൻ നൽകാൻ പോയത് അതുമായി ബന്ധപ്പെട്ട് ജസ്റ്റിസ് കമാൽ പാഷയാണ് ആ ഘട്ടത്തിൽ സിംഗിൾ ബഞ്ചിന്റെ വിധി പുറപ്പെടുവിക്കുന്നത്. തീവ്രവാദ സ്വഭാവമുള്ള യു.എ.പി.എ. ചുമത്താവുന്ന കേസാണെന്ന് ജസ്റ്റിസ് കമാൽ പാഷ നിരീക്ഷിക്കുന്ന നില വന്നിരുന്നു. ഇത് 07-03-2018-ലാണ് നടന്നത്. ഇവിടെ

ഫലപ്രദമായ രീതിയിലാണ് കേസിൽ കുറ്റവാളികളെ കണ്ടെത്താനുള്ള നടപടികൾ പോലീസ് സ്വീകരിക്കുന്നത്. അതിൽ ആരാണ് പ്രതി; ഈ പ്രതിയുടെ രാഷ്ട്രീയം എന്താണ് എന്നിവയൊന്നും നോക്കിയല്ല പോലീസ് നടപടി സ്വീകരിക്കുന്നത്. പോലീസിന്റെ നടപടി കൃത്യമായിട്ടുള്ളതാണ്; നിഷ്പക്ഷമായിട്ടുള്ളതാണ്. കാര്യക്ഷമതയോടെയാണ് പോലീസ് പ്രവർത്തിക്കുന്നത്. ഇത്തരമൊരു വിധി വന്നപ്പോൾ സ്വാഭാവികമായും ഗവൺമെന്റ് അത് ചോദ്യം ചെയ്യേണ്ടതുണ്ട്. കാരണം അത് കേരളത്തിലെ പോലീസ് സംവിധാനത്തിനെതിരെയുള്ള ഒരു പരാമർശമായിട്ടാണ് വന്നത്. അതിന്റെ ഭാഗമായി അതിനൊരു പ്രതിവിധിയുള്ളത് സിംഗിൾ ബഞ്ച് പറഞ്ഞതിനെതിരെ ഡിവിഷൻ ബഞ്ചിന്റെ മുന്നിലേയ്ക്ക് പോകുകയെന്നതാണ്. ഡിവിഷൻ ബഞ്ചിന് മുന്നിൽ സർക്കാർ ഹർജിയുമായി പോയപ്പോൾ ആദ്യഘട്ടത്തിൽത്തന്നെ ബഹുമാനപ്പെട്ട ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ ഉത്തരവ് സ്റ്റേ ചെയ്തു. സിംഗിൾ ബെഞ്ച് സി.ബി.ഐ.യ്ക്ക് കേസ് കൈമാറുന്നതിനാവശ്യമായ വസ്തുതകളൊന്നും കണക്കിലെടുക്കാതെയാണ് ഇത്തരമൊരു നിലപാടിലേയ്ക്ക് എത്തിയതെന്നാണ് ഡിവിഷൻ ബഞ്ച്

ആദ്യഘട്ടത്തിൽത്തന്നെ പരാമർശിക്കുന്നത്. അങ്ങനെയാണ് സ്റ്റേ ചെയ്യുന്ന അവസ്ഥയുണ്ടാകുന്നത്. ഡിവിഷൻ ബഞ്ചിന്റെ നിലപാടിനെതിരെ ഷുഹൈബിന്റെ മാതാപിതാക്കൾ സുപ്രീംകോടതിയെ സമീപിക്കുന്ന നിലയുണ്ടായി. പക്ഷേ സുപ്രീംകോടതി ആ ഘട്ടത്തിൽ ഇടപെടാൻ തയ്യാറായില്ല. ഷുഹൈബ് എന്ന കൊലചെയ്യപ്പെട്ട ആളിനോട് ബഹുമാന്യനായ അംഗത്തിനോ അല്ലെങ്കിൽ കോൺഗ്രസ് പാർട്ടിക്കോ ഉള്ള താൽപ്പര്യം സ്വാഭാവികമായും മനസ്സിലാക്കാം. ആ താൽപ്പര്യത്തിന് വിരുദ്ധമായി സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിൽ ഈ കേസിനെ ദുർബലപ്പെടുത്താനുള്ള നടപടികളെടുത്തോ? ആ കേസിന്റെ ഫലപ്രദമായ അന്വേഷണത്തിനുവേണ്ട നടപടികളാണെടുത്തത്. ആ കേസിൽ മാത്രമല്ല, ഏതു കേസിലായാലും കേരള പോലീസ് ഈ നിലപാടാണ് എടുത്തുകൊണ്ടിരിക്കുന്നത്. അതിനെ എങ്ങനെയാണ് കുറ്റം പറയാൻ കഴിയുന്നത്; എന്ത് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് കുറ്റം പറയാൻ കഴിയുന്നത്? ഇവിടെ നാം കാണേണ്ടത്, ഇതുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം രണ്ട് ഘട്ടങ്ങളിലായാണ്

കൊടുത്തത്. 2018-ൽ ഒരു ഭാഗവും രണ്ടാമത്തെ കുറ്റപത്രം 2019 ജനുവരി 21-നും ആണ് കൊടുത്തത്. ആ കുറ്റപത്രം ഇപ്പോൾ കോടതിയുടെ മുന്നിലാണ്. അതുമായി ബന്ധപ്പെട്ട് ഫലപ്രദമായ നടപടിയാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. വലിയതോതിലുള്ള അന്വേഷണം നടത്തിക്കൊണ്ടാണ് ഈ കേസിന്റെ കുറ്റപത്രം പോലീസ് തയ്യാറാക്കിയിരിക്കുന്നതെന്ന് ഞാൻ നേരത്തെ പറഞ്ഞു, ഇതിൽ ഹൈക്കോടതി ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം അന്വേഷണത്തിലെ പോരായ്മയെ സംബന്ധിച്ചാണ്. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി കേസന്വേഷണ ഘട്ടത്തിലോ അന്തിമ റിപ്പോർട്ട് നൽകിയ അവസരത്തിലോ ഈ ഹർജിക്കാർ മജിസ്ട്രേറ്റ് കോടതിയെയോ ഹൈക്കോടതിയെയോ സമീപിച്ചുകൊണ്ട് പറഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ കേസന്വേഷണം സുതാര്യമല്ലായെന്ന വാദം നിലനിൽക്കുന്നതല്ലായെന്നും ഡിവിഷൻ ബഞ്ച് 2019 ആഗസ്റ്റ് മാസത്തിൽ വ്യക്തമാക്കി. അങ്ങനെ വ്യക്തമാക്കിക്കൊണ്ടാണ് അത് റദ്ദാക്കുന്നത്. അതിനെതിരെ സ്വാഭാവികമായും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ

മുന്നിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട്. ഇവിടെ കേസുമായി ബന്ധപ്പെട്ട് പോലീസ് നടത്തിയ അന്വേഷണത്തിൽ കേസ് ഫ്രെയിം ചെയ്തതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചയോ അലംഭാവമോ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടെന്ന് സ്ഥാപിക്കാൻ കഴിയുന്നില്ല. പിന്നെ എന്തുകൊണ്ടാണ് സി.ബി.ഐ.-യോട് ഇത്ര മമതയുണ്ടാകാൻ കാരണം? സി.ബി.ഐ. വരുന്നതിനെ എന്തുകൊണ്ടാണ് എതിർത്തതെന്ന് ചോദിച്ചു. അത് ഈ പ്രതികളെ ഏതെങ്കിലും തരത്തിൽ സംരക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടെയല്ല. കേരള പോലീസിന്റെ പ്രവർത്തനം നിഷ്പക്ഷമാണ്; അതുമായി ബന്ധപ്പട്ട് കാര്യക്ഷമമായി കാര്യങ്ങൾ നടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ആ പോലീസിനെ സംരക്ഷിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. പോലീസിന്റെ നടപടികൾക്കെതിരെയുള്ള പരാമർശങ്ങളെന്ന നിലയ്ക്ക് വന്നപ്പോൾ അതിനെതിരെ കോടതിയിൽ പോകേണ്ടതായിട്ടുണ്ടായിരുന്നു. അതാണ് കോടതിയിൽ പോകുന്നതിന് ഇടയാക്കിയത്. ഒരു വലിയ പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് ഇവിടെ നടന്നത്. ഇതിൽ ദുരൂഹതകളുടെയും ഗൂഢാലോചനാ സിദ്ധാന്തങ്ങളുടെയും

പുകമറ നീക്കിയാൽ ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയ നോട്ടീസിൽ കാതലായി ഒന്നുമില്ലെന്നത് വ്യക്തമാകും.

ഗുണ്ടകളുടെയും ക്വട്ടേഷൻ സംഘങ്ങളുടെയും തണലിൽ പ്രവർത്തിക്കുന്നതല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രത്യേകിച്ച് സി.പി.ഐ (എം). ഇവിടെ പ്രതിപാദിച്ച വ്യക്തി നമ്മുടെ സമൂഹത്തിനും പരാമർശിച്ച പാർട്ടിക്കും അംഗീകരിക്കാനാകാത്ത പ്രശ്നങ്ങളിൽ പങ്കാളിയാകുമ്പോൾ അക്കാര്യങ്ങൾ അതുപോലെ വകവയ്ക്കുന്ന ശീലമല്ല ഞങ്ങൾക്കുള്ളത്. അത്തരക്കാരെ സംരക്ഷിക്കുന്ന നിലപാട് ഞങ്ങൾ സ്വീകരിക്കാറില്ല. സർക്കാരിന്റെ ഭാഗമായുള്ള അന്വേഷണത്തിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞിരുന്നു. ഏത് രാഷ്ട്രീയ പാർട്ടിയായാലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ കുറ്റം ചെയ്തവർക്കെതിരെ ഫലപ്രദമായ അന്വേഷണവും നടപടിയുമുണ്ടാകും. സി.പി.ഐ.(എം) എന്ന പാർട്ടിയെക്കുറിച്ച് പരാമർശിച്ചതുകൊണ്ട് പറയുകയാണ് തെറ്റ് ചെയ്യുന്നവരെ ഏതെങ്കിലും തരത്തിൽ സംരക്ഷിക്കുന്ന നിലപാടല്ല പാർട്ടി സ്വീകരിക്കുന്നത്. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ തിരുത്താൻ ശ്രമിക്കും. ആ തെറ്റ്

തിരുത്താനാകുന്നില്ലെങ്കിൽ നടപടിയിലേയ്ക്ക് കടക്കും. അതാണ് ഞങ്ങളുടെ രീതി. ഞങ്ങളുടെ പാർട്ടിയിലുള്ള എല്ലാവരും എല്ലാ തെറ്റുകൾക്കും അതീതരായവരാണെന്നൊന്നും ഞങ്ങൾക്ക് അവകാശപ്പെടാനാകില്ല. എല്ലാവരും മനുഷ്യരാണ്, മനുഷ്യർക്കുള്ള ദൗർബല്യങ്ങൾ ഞങ്ങളുടെ പാർട്ടിയിലുള്ളവർക്കും ചിലപ്പോൾ ഉണ്ടായേയ്ക്കാം. അത് തിരുത്താൻ പറ്റുന്നതാണെങ്കിൽ തിരുത്തും. തിരുത്താൻ സാധിക്കാത്തതാണെങ്കിൽ നടപടിയിലേയ്ക്ക് കടക്കും. ഒരു കാര്യം ബഹുമാനപ്പെട്ട പ്രമേയാവതരാകനെയും പ്രതിപക്ഷത്തുള്ളവരെയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തെറ്റുകൾ മറച്ചുവച്ച് സംരക്ഷിക്കുന്ന രീതിയല്ല ഞങ്ങൾക്കുള്ളത്. അതിനോട് ഒരു തരത്തിലും പൊറുക്കുന്ന നിലപാട് ഞങ്ങൾ സ്വീകരിക്കാറില്ല. പാർട്ടി വിരുദ്ധ നിലപാട് കണ്ടെത്തിയാൽ അവരെ പാർട്ടിക്ക് പുറത്താക്കും. അത്തരം ചിലർ ചിലപ്പോൾ ശത്രുതയോടെ പാർട്ടിയോട് പെരുമാറാറുണ്ടെന്നത് അപൂർവ്വമായി കാണുന്ന രീതിയാണ്. അതിൽ വല്ലാതെ മനോസുഖം അനുഭവിക്കേണ്ടതില്ല. അതൊന്നും ഞങ്ങളെ ബാധിക്കുന്ന കാര്യമല്ല. അതിന്റെ ഭാഗമായി തെറ്റ് ചെയ്തവരെ

മഹത്വവൽക്കരിക്കാൻ ശ്രമിക്കരുത്. ഒരു ചെറിയ ശ്രമം അങ്ങനെ നടത്തുന്നുണ്ടോയെന്ന് സംശയിക്കുകയാണ്. അത് ഗുണം ചെയ്യുന്നതല്ലെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിധി കൽപ്പിക്കേണ്ടത് നീതിന്യായ സംവിധാനമാണ്. നാട്ടിൽ നിലനിൽക്കുന്ന നിയമങ്ങളുണ്ട്. പ്രമേയാവതാരകൻ പരാമർശിക്കുന്ന വ്യക്തിക്കോ വ്യക്തികൾക്കോ എതിരെ ചില സുപ്രധാന നിയമ പ്രശ്നങ്ങൾ നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ നിയമം അതിന്റെ വഴിക്ക് നീങ്ങുകയാണ്. ആരുടെയും മുഖം നോക്കാതെ തന്നെ നിയമപരമായ നടപടികൾ സ്വീകരിക്കും. അതിൽ ആർക്കും സംശയമോ ആശങ്കയോ ഉണ്ടാകേണ്ടതില്ല.

ഇവിടെ പരാമർശിച്ച വിഷയത്തിന്മേൽ അതിവേഗതയിലും കാര്യക്ഷമമായും നൂറ് ശതമാനം നിയമപരമായുമാണ് പോലീസ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഗുണ്ടാ തലവന്മാർക്ക് രക്ഷപ്പെടാൻ പഴുതൊരുക്കൽ ഞങ്ങളുടെ സംസ്കാരത്തിൽപ്പെട്ടതല്ല. ഞങ്ങൾക്ക് അങ്ങനെയൊരു ഗുണ്ടാതലവന്മാരെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയില്ല. ഒരു

ഘട്ടത്തിലും അത്തരത്തിലൊരു നടപടി എൽ.ഡി.എഫ്. സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. അത്തരം കാര്യങ്ങളിൽ നിയമപരമായ നടപടിയെടുക്കാൻ പോലീസിന് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അതിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ ഇടപെടുന്ന രീതി സർക്കാർ സ്വീകരിക്കാറില്ല. അതുകൊണ്ടുതന്നെയാണ് ഇത്തരം കാര്യങ്ങളിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയുമില്ലാതെയുള്ള നടപടികളിലേയ്ക്ക് നീങ്ങുന്നത്.

ക്രിമിനലുകൾ, കള്ളക്കടത്തുകാർ, ക്വട്ടേഷൻകാർ എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന ആളുകൾ എങ്ങനെയാണ് ഒരു പ്രത്യേക ഘട്ടത്തിൽ നിങ്ങൾക്ക് പ്രിയങ്കരരാകുന്നത്? മാത്രമല്ല അവരുടെ വാക്കുകൾ മഹത്വവൽക്കരിച്ച് അതിൽ പങ്കുചേർന്നുകൊണ്ട്, അതിൽ ചാരി നിന്നുകൊണ്ട് സർക്കാരിനെയും മറ്റും ആക്രമിക്കാനുള്ള വ്യഗ്രതയാണ് കാണുന്നത്. ഈ വിഷയത്തിൽ ഞങ്ങൾക്ക് ഒരു നിലപാട് മാത്രമേയുള്ളൂ. ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനവും അവർ ഉയർത്തുന്ന വെല്ലുവിളികളെയും ഒരു തരത്തിലും ഞങ്ങൾ കുറച്ച് കാണുന്നില്ല. പൊതുജീവിതത്തിന്റെ സ്വസ്ഥതയ്ക്കുമേൽ ഭീതിയുടെ ചിറകുകൾ വിരിച്ച്

സ്വച്ഛന്ദം വിഹരിക്കുന്ന രക്തദാഹികളായ അക്രമി സംഘങ്ങളെ ഉന്മൂലനം ചെയ്യണമെന്നത് തന്നെയാണ് സർക്കാരിന്റെ നിലപാട്. അതിനാവശ്യമായ എല്ലാ നിയമ നടപടികളും സർക്കാർ സ്വീകരിക്കും. മറ്റ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കേണ്ടതില്ല.

ശ്രീ. ആകാശ് എം. വി., ശ്രീ. ജിജോ കെ. വി. എന്നിവർ കണ്ണൂർ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ കൈയേറ്റം, നരഹത്യാശ്രമം, കൊലപാതകം, അടിപിടി, വധഭീഷണി തുടങ്ങി നിരവധി കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്. ഇവർ തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ജനങ്ങളുടെ സ്വൈര്യജീവിതത്തിന് ഭീഷണിയാകുന്ന സാഹചര്യത്തിലാണ് കാപ്പാ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് കണ്ണൂർ റൂറൽ പോലീസ് മേധാവി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ ഇരുവരെയും കരുതൽ തടങ്കലിലാക്കുന്നതിന് ഉത്തരവായിരിക്കുന്നു. ശ്രീ. എം. വി. ആകാശിനെ ഫെബ്രുവരി 27-നും ശ്രീ. ജിജോ കെ. വി.യെ ഫെബ്രുവരി 28-നും അറസ്റ്റ് ചെയ്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കി ഫെബ്രുവരി 28 മുതൽ കരുതൽ തടങ്കലിൽ

പാർപ്പിച്ചിരിക്കുകയാണ്. അന്വേഷണം പൂർത്തിയാക്കി ബന്ധപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് കഴിഞ്ഞ കേസ്സിൽ പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ വാക്കാൽമൂലമോ രേഖാമൂലമോ തെളിവ് ലഭിക്കുന്നപക്ഷം വിവരം ബന്ധപ്പെട്ട കോടതിയിൽ റിപ്പോർട്ടായി സമർപ്പിച്ച് അന്വേഷണം തുടരാവുന്നതാണെന്ന് ക്രിമിനൽ നടപടിക്രമത്തിലെ 173(8)-ൽ പ്രതിപാദിക്കുന്നുണ്ട്. ഈ കേസുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ പരാതികളോ തെളിവുകളോ അന്വേഷണ ഉദ്യോഗസ്ഥന് ലഭിച്ചതായി യാതൊരു റിപ്പോർട്ടും ലഭിച്ചിട്ടില്ലെന്നതാണ് നിലവിലെ അവസ്ഥ. അതിനാൽ ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട

മുഖ്യമന്ത്രി രണ്ടുപ്രാവശ്യം മറുപടി പറഞ്ഞപ്പോഴും അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. നോട്ടീസിൽ ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ക്രൂരമായ ഒരു കൊലപാതകവുമായി ബന്ധപ്പെട്ട് അതിലെ ഒന്നാം പ്രതി നടത്തിയ പുതിയൊരു വെളിപ്പെടുത്തലിൽ അയാൾ പറഞ്ഞിരിക്കുന്നത് ഇത് പാർട്ടി എന്നെക്കൊണ്ട് ചെയ്യിപ്പിച്ചതാണെന്നാണ്. എടയന്നൂരിലെ പാർട്ടി സഖാക്കളാണ് ഞങ്ങളെക്കൊണ്ട് കൊലപാതകം ചെയ്യിച്ചതെന്ന പുതിയ വെളിപ്പെടുത്തലാണ് വന്നിരിക്കുന്നത്. കാരണം ഇപ്പോൾ പോലീസ് അന്വേഷിച്ച് ചാർജ്ജ് ഷീറ്റ് നൽകിയിരിക്കുന്ന ഈ കേസിൽ ഗൂഢാലോചനയിൽ പങ്കെടുത്തവരാരും പ്രതികളല്ല. ക്വട്ടേഷൻ സംഘത്തെ, ഈ കൊലയാളി സംഘത്തെ, ഈ ചെറുപ്പക്കാരനെ കൊല ചെയ്യാൻ അയച്ച ആളുകൾ/തീരുമാനിച്ച ആളുകൾ, അതിനെല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്ത ആളുകൾ അതിനുശേഷവും ഇതിലെ ഒന്നു-രണ്ട് പ്രതികളെ ഒഴിച്ച് ബാക്കിയുള്ള ആളുകൾക്കെല്ലാം എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്ത ആളുകളെല്ലാം പുറത്ത് നിൽക്കുകയാണ്. കൊന്നവരെ മാത്രമല്ല

കൊല്ലിച്ചവരെക്കൂടി കണ്ടെത്തണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ക്രിമിനൽ പ്രോസീഡ്യുവർ കോഡിലെ 173(8) അനുസരിച്ചുള്ള തുടരന്വേഷണമുണ്ടാകണം. ആ തുടരന്വേഷണത്തെ നിങ്ങളെന്തിനാണ് ഭയപ്പെടുന്നത്? പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം മുഴുവനുണ്ടായ ഈ വിവാദം, ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ അറിഞ്ഞില്ലായെന്ന് മുഖ്യമന്ത്രിയെപ്പോലൊരാൾ സഭയിൽ വന്ന് പറയുന്നത് ശരിയാണോ; ആ ഉദ്യോഗസ്ഥൻ ഇത് അറിഞ്ഞിട്ടേ ഇല്ലായെന്നാണ് പറയുന്നത്. ആകാശ് തില്ലങ്കേരിയെന്ന ഈ കേസിലെ ഒന്നാം പ്രതിയുടെ വെളിപ്പെടുത്തൽ അറിയാതെ കണ്ണും ചെവിയും മൂടിക്കൊണ്ട് നടക്കുന്ന ആളാണോ അന്വേഷണ ഉദ്യോഗസ്ഥൻ? ഇതു സംബന്ധിച്ച് അറിഞ്ഞിട്ടില്ലായെന്നും പോലീസ് സ്റ്റേഷനിൽ പോലും ഇതുസംബന്ധിച്ച് ഒരു വിവരവും കിട്ടിയില്ലായെന്നുമാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ മറുപടി പറയുന്നത്? പാർട്ടിക്കുവേണ്ടി കൊലപാതകം നടത്തിയെന്നാണ് പറഞ്ഞിരിക്കുന്നത്. പാർട്ടി നേതാക്കളാണ് ഞങ്ങളെക്കൊണ്ട് ഇത്

ചെയ്യിപ്പിച്ചിരിക്കുന്നതെന്നാണ് പറഞ്ഞത്. അതിനുശേഷം നിങ്ങൾ ചെയ്തതെന്താണ്? നിങ്ങളുടെ പാർട്ടി അറിഞ്ഞു. അന്വേഷണ ഉദ്യോഗസ്ഥൻ അറിഞ്ഞില്ല. പി. ജെ. ആർമിയിൽ അംഗമായിരുന്നു ഇയാൾ. ശ്രീ. പി. ജയരാജന്റെ സോഷ്യൽ മീഡിയ ഗ്രൂപ്പായ പി. ജെ. ആർമിയിലെ ഏറ്റവും വലിയ മുന്നണിപ്പോരാളിയായിരുന്നു. ഇപ്പോൾ ഞങ്ങൾ ചാരി നിൽക്കുകയാണെന്നാണ് പറഞ്ഞത്. നിങ്ങൾ ഒക്കത്തുവച്ച് നടന്ന പയ്യനെയാണ് ഞങ്ങൾ ചാരിനിൽക്കുകയാണെന്ന് ഇപ്പോൾ പറഞ്ഞത്. ഈ ക്രിമിനലിനെ, നിങ്ങളുടെ പാർട്ടിക്കാർ ഒക്കത്തുവച്ചുകൊണ്ട് നടക്കുകയായിരുന്നു. ഒരുപാട് ക്രിമിനൽ ആക്ടിവിറ്റി ചെയ്ത ആളാണ് എന്നുപറഞ്ഞു. ഒരു സുപ്രഭാതത്തിൽ അല്ല ക്രിമിനൽ ആക്ടിവിറ്റി ചെയ്യാൻ തുടങ്ങിയത്. വർഷങ്ങളായി ക്രിമിനൽ ആക്ടിവിറ്റി ചെയ്യുന്ന ക്വട്ടേഷൻ സംഘത്തിലെ അംഗമാണ്. പി.ജെ. ആർമിയിലെ മുന്നണി പോരാളിയായിരുന്നു. ഇയാൾ വെളിപ്പെടുത്തൽ നടത്തിയപ്പോൾ നിങ്ങളുടെ പാർട്ടി ചെയ്തതെന്താണ്; ശ്രീ. പി. ജയരാജനെ കൊണ്ടുപോയി അവിടെ രാഷ്ട്രീയ വിശദീകരണ യോഗം നടത്തി പ്രശ്നം തീർത്തു. അങ്ങനെ

തീർക്കാവുന്ന കാര്യമാണോ ഇത്; നിങ്ങളുടെ പാർട്ടിയിൽ തന്നെ തീർക്കാവുന്ന പാർട്ടിയിലെ പ്രശ്നം മാത്രമാണോ ഇത്; നിങ്ങളുടെ പാർട്ടിയിൽ പ്രശ്നമുണ്ടാകും. അത് ഞങ്ങളുടെ വിഷയമല്ല. കണ്ണൂരിലെ തർക്കത്തിന്റെ ഭാഗമാകാം. ശ്രീ. പി. ജയരാജനെ കൊണ്ടുപോയി ആകാശ് തില്ലങ്കേരിയെ തള്ളിപ്പറഞ്ഞതോടുകൂടി ഈ വിഷയം തീർന്നോ; നിങ്ങളുടെ പാർട്ടിയിൽ തീർന്നുകാണും. പക്ഷേ ആ കുടുംബത്തിന്, കുടുംബത്തിന്റെ പ്രതീക്ഷയായ ആ മകനെ നഷ്ടപ്പെട്ട മാതാപിതാക്കളുടെ സങ്കടം തീരുമോ; കൊല്ലിച്ചവരെക്കൂടി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാതെ അവരുടെ സങ്കടം തീരുമോ; പാർട്ടി പോലീസ് സ്റ്റേഷനും പാർട്ടി കോടതിയും പാർട്ടി സംവിധാനത്തിൽ കോംപ്രമൈസായി എല്ലാം തീർന്നു. അങ്ങനെയൊന്നും തീർക്കാൻ പറ്റില്ല. ക്രിമിനൽ ആക്ടിവിറ്റി നടന്നിട്ടുണ്ടെങ്കിൽ ആ ഗൂഢാലോചനയിൽ പങ്കെടുത്ത ആളുകളെ, കൊല്ലാൻ വേണ്ടി അയച്ച ആളുകളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞപ്പോൾ സിംഗിൾ ബെഞ്ച് ജഡ്ജിയുടെ പേര് എടുത്തുപറഞ്ഞു. മുഖ്യമന്ത്രിക്ക് ആ ഡിവിഷൻ ബെഞ്ചിൽ

വിധി പറഞ്ഞ ജഡ്ജിമാരുടെ പേര് കൂടി പറയാമായിരുന്നു. സിംഗിൾ ബെഞ്ച് ജഡ്ജിയുടെ പേര് പറഞ്ഞതിൽ ഒരു കുത്തുണ്ട്. ഞങ്ങൾക്ക് അത് മനസ്സിലായി. ആ കൂട്ടത്തിൽ ഡിവിഷൻ ബെഞ്ചിലെ രണ്ട് ജഡ്ജിമാരുടെ പേരുകൂടി പറയാമായിരുന്നു. സുപ്രീം കോടതിയിൽ ഇത് ആരാണ് പരിഗണിക്കുന്നതെന്നുകൂടി പറയാമായിരുന്നു. ഇതൊക്കെ നമുക്ക് കേട്ടാൽ മനസ്സിലാകുന്ന കാര്യങ്ങളാണ്. എന്തുകൊണ്ടാണ് യു.എ.പി.എ. ചുമത്തിയില്ലെന്ന് ആ ജഡ്ജി പറഞ്ഞുവെന്ന് അങ്ങ് പറഞ്ഞു. യു.എ.പി.എ. ചുമത്തേണ്ട കേസ്സാണെന്ന് അങ്ങ് പറഞ്ഞു. നിങ്ങൾ വേറെ കേസ്സിന് യു.എ.പി.എ. ചുമത്തിയിട്ടുണ്ടല്ലോ; സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ഭീകരാന്തരീക്ഷമുണ്ടാക്കിയാണ് ഈ കൊലപാതകം നടത്തിയത്. ഈ പറയുന്ന സ്ഥലത്തുവന്ന് സ്ഫോടനം നടത്തി. ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചാണ് കൊലപാതകം നടത്തിയത്. അങ്ങനെയുള്ള കേസിന് യു.എ.പി.എ. ചുമത്താമല്ലോ; നിങ്ങൾ പുസ്തകം വായിക്കുന്ന പിള്ളേരുടെ പേരിലാണ് യു.എ.പി.എ. ചുമത്തുന്നത്. മാവോയിസത്തെക്കുറിച്ചും നക്സലിസത്തെക്കുറിച്ചുമുള്ള പുസ്തകം വീട്ടിൽ

വച്ചിരിക്കുന്നതിന്റെ പേരിലാണ് യു.എ.പി.എ. ചുമത്തി ചെറുപ്പക്കാരെ, കുട്ടികളെ അറസ്റ്റ് ചെയ്ത് ജയിലിലാക്കിയത്. ബോംബെറിയുന്നവരുടെയും ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നവരുടെയും പേരിൽ നിങ്ങൾ യു.എ.പി.എ. ചുമത്തില്ല. പുസ്തകം വായിക്കുന്ന കുട്ടികളെയാണ് യു.എ.പി.എ.യുടെ പേരിൽ നിങ്ങൾ അറസ്റ്റ് ചെയ്യുന്നത്. നിങ്ങൾ പറഞ്ഞല്ലോ; ഞങ്ങൾ ആരെയൊക്കെയോ മഹത്വവൽക്കരിക്കുന്നുവെന്ന്. ആരെയാണ് മഹത്വവൽക്കരിച്ചത്; ഞങ്ങൾ ഇവരുടെ ആരുടെയെങ്കിലും വക്കാലത്ത് എടുത്തോ; നിങ്ങളാണ് ഇവരെ കൊണ്ടുനടന്ന് ഇവരെക്കൊണ്ട് ഇതെല്ലാം ചെയ്യിച്ചത്. അത് ആർക്കാണ് അറിയാൻ പാടില്ലാത്തത്; എന്നിട്ട് ഇനി വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സ്വീകരിക്കുമെന്ന് പറയുന്നു. ഈ കേസിലെ പ്രതിയായതിന് ശേഷമല്ലേ ഇയാളെ പാർട്ടിയിൽ നിന്ന് പുറത്താക്കിയത്. അതിനുമുമ്പ് പാർട്ടിയിൽ ഉണ്ടായിരുന്നല്ലോ; ഇല്ലേ; നിങ്ങളുടെ പാർട്ടിക്കാരൻ അല്ലായിരുന്നോ; ഇതിലെ സഹപ്രതികളിൽ പലരെയും നിങ്ങൾ തിരിച്ചെടുത്തിട്ടുണ്ടല്ലോ; അതിൽ നിങ്ങളുടെ സമീപനമെന്താണ്? ക്രൂരമായ കൊലപാതകമാണ് നടത്തിയത്.

ഷുഹൈബിനെ 41 വെട്ടുവെട്ടി കൊന്ന, വണ്ടിയിൽ കയറി പോയ ആൾ ഞാൻ ഒരു വെട്ടുകൂടി വെട്ടിയിട്ട് വരാമെന്ന് പറഞ്ഞ് വണ്ടിനിർത്തി വണ്ടിയിൽ നിന്നുമിറങ്ങിയാണ് 41-ാമത്തെ വെട്ടുവെട്ടിയത്. അത്ര ക്രൂരമായ കൊലപാതകമായിരുന്നു അത്. ആ കൊലപാതകത്തിലെ ആകാശ് തില്ലങ്കേരി അല്ലാത്ത വേറെ പ്രതികളെ നിങ്ങൾ പാർട്ടിയിൽ തിരിച്ചെടുത്തിട്ടുണ്ടല്ലോ; കണ്ണും പൂട്ടിയുള്ള നടപടി എടുക്കുമെന്നൊക്കെ നിയമസഭയിൽ മുഖ്യമന്ത്രി പറയുമ്പോൾ സ്നേഹത്തോടെയുള്ള നടപടിയാണ് എടുത്തിരിക്കുന്നതെന്ന് കാണാം. പാർട്ടിയിലെ പ്രശ്നം കാരണമാണ് അയാൾ പുറത്തുപോയത്. ഇല്ലെങ്കിൽ ഇയാളെയും സംരക്ഷിക്കുമായിരുന്നു. തുടക്കത്തിൽ ഇവരെയൊക്കെ സംരക്ഷിക്കുകയായിരുന്നല്ലോ? ഈ ഗൂഢാലോചനക്കാരെ സംരക്ഷിക്കുന്നതിന് വേണ്ടിയല്ലേ ശ്രമിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ എതിരല്ലെന്ന് പ്രഖ്യാപിച്ചു. എന്നിട്ട് സി.ബി.ഐ. അന്വേഷണത്തിനെതിരായി നിങ്ങൾ ഹൈക്കോടതിയിൽ പോയി. പാവപ്പെട്ട ആ മാതാപിതാക്കൾ കൂടി

കൊടുക്കുന്ന നികുതി പണം ഉപയോഗിച്ചുകൊണ്ടാണ് നിങ്ങൾ വക്കീലന്മാരെ വരുത്തിയത്. മകൻ നഷ്ടപ്പെട്ട ആ മാതാപിതാക്കൾ നീതി തേടി കോടതിയിൽ പോയപ്പോൾ അതിനെ എതിർക്കാനാണ് നിങ്ങൾ പോയത്. സി.ബി.ഐ. അന്വേഷിക്കുന്നതിൽ നിങ്ങൾക്ക് എന്തിനാണ് ഭയം? ഇതിന് ഗൂഢാലോചന നടത്തിയ നിങ്ങളുടെ പാർട്ടിയിലെ പ്രധാനപ്പെട്ട ആളുകളൊന്നും അറിയാതെ കൊലപാതകമൊന്നും നടക്കില്ല. ഇതൊരു സംഭവ സ്ഥലത്ത് സ്വമേധയായുണ്ടായ വികാര പ്രകടനത്തിന്റെ ഭാഗമായുണ്ടായ കൊലപാതകമല്ല. ഇത് ആസൂത്രിതമായ കൊലപാതകമാണ്. ഞാൻ കഴിഞ്ഞ ദിവസം നിയമസഭയിൽ സംസാരിച്ചതുപോലെ കൊല്ലാൻ പാർട്ടി തീരുമാനിക്കുന്നു, കൊല്ലിക്കേണ്ടവരെ പാർട്ടി തീരുമാനിക്കുന്നു, ആയുധങ്ങൾ കൊടുക്കുന്നു, വാഹനം കൊടുക്കുന്നു, കൊല്ലേണ്ട ആളെ ചൂണ്ടിക്കാണിക്കുന്നു. അവിടെ പോയി കൃത്യം നടത്തി തിരിച്ചുവരുന്ന ആളുകളെ സംരക്ഷിക്കുന്നു. അവരുടെ കുടുംബത്തെ സംരക്ഷിക്കുന്നു. നിങ്ങൾ അവിടെ കുറി നടത്തിയിട്ടുണ്ട്. ഈ പ്രതികളെ സംരക്ഷിക്കുന്നതിനുവേണ്ടി പാർട്ടിക്കുറി നടത്തിയിട്ടുണ്ട്. ഞാൻ

അതിന്റെ തെളിവുകൾ ഹാജരാക്കാം. കൊലപാതകം നടത്തിയവരെയും അവരുടെ വീട്ടുകാരെയും സംരക്ഷിക്കാൻ പാർട്ടിക്കുറികൾ നടത്തിയിട്ടുണ്ട്. എന്നിട്ട് മുഖ്യമന്ത്രി ഇവിടെവന്ന് ഗിരിപ്രഭാഷണം നടത്തുന്നു. അനീതിക്കെതിരായും അക്രമണത്തിനെതിരായും വിട്ടുവീഴ്ചയില്ലാത്ത നടപടിയെടുക്കുമെന്ന് പറയുകയാണ്. ഇവരെയെല്ലാം പാർട്ടി ഇപ്പോഴും ചിറകിനടിയിൽ ഒളിപ്പിച്ചുവച്ച് സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ കുടുംബത്തെയെല്ലാം സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം ഇവിടെ സംസാരിച്ചപ്പോൾ അവിടെ കൊലപാതകങ്ങൾ കുറയുന്നതിൽ പ്രതിപക്ഷനേതാവിന് വിഷമമുള്ളതുപോലെ തോന്നുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിങ്ങളും ആർ.എസ്.എസ്.-ഉം ആയിട്ടുള്ള കൊലപാതകം കുറഞ്ഞു. അതിവിടെ വച്ച് നിങ്ങൾ നടത്തിയ മീറ്റിംഗിൽ ധാരണയായതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം നിഷേധിച്ചില്ല. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് വലിയ ബഹുമാനം തോന്നിയ കാര്യമാണ്. ചില കാർമ്മികന്മാരുടെ നേതൃത്വത്തിൽ ആർ.എസ്.എസ്. നേതാക്കന്മാരുമായും വൽസൻ തില്ലങ്കേരിയും ഗോപാലൻകുട്ടിയുമായും ചർച്ച നടത്തിയ

കാര്യമൊന്നും അങ്ങ് നിഷേധിച്ചില്ല. അതിനുശേഷം കൊലപാതകങ്ങൾ കുറഞ്ഞു. എന്നാൽ നിങ്ങൾക്ക് കൊല്ലാതിരിക്കാൻ കഴിയില്ല. ആർ.എസ്.എസ്.-ഉം ആയിട്ടുള്ള കൊലപാതകങ്ങൾ മാത്രമേ നിങ്ങൾ അവസാനിപ്പിച്ചിട്ടുള്ളൂ. അപ്പോഴാണ് നിങ്ങൾ കോൺഗ്രസ് പാർട്ടിക്കുനേരെ വീണ്ടും വന്നുതുടങ്ങിയത്. കോൺഗ്രസ് പാർട്ടിയിലെ യുവാക്കളെ കൊല്ലാൻ തുടങ്ങിയത്. അങ്ങനെയാണ് ഷുഹൈബിനെ കൊന്നത്. ഈ യുവാവിനെ കൊല്ലാൻ എന്ത് കാര്യമാണുണ്ടായിരുന്നത്; അതിനുള്ള എന്തെങ്കിലുമൊരു പ്രകോപനം അവിടെ ഉണ്ടായിരുന്നോ? ഒരു പ്രകോപനവുമില്ലാതെയാണ് കൊന്നത്. ബംഗാളിൽ അവസാന കാലത്ത് Harmad Bahini Killer Gang എന്നുപറയുന്ന ഒരു ക്വട്ടേഷൻ സംഘമുണ്ടായിരുന്നു. എല്ലായിടത്തും അതിന് ബ്രാഞ്ചുണ്ടായിരുന്നു. പാർട്ടിയുടെ frontal organization പോലെ നിങ്ങൾ ബംഗാളിൽ കില്ലർ ഗ്യാംഗുകളെ വളർത്തിയിരുന്നു. ഇതൊക്കെക്കൊണ്ട് അവസാനം പാർട്ടിക്ക് സംഭവിച്ചതെന്താണെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ; ഇപ്പോൾ കൊലപാതകം നടത്തിയതോടുകൂടി പൂർണ്ണമായും വിട്ടു എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. പിന്നെന്തിനാണ് ആകാശ്

തില്ലങ്കേരിക്ക് ട്രോഫി സമ്മാനിച്ചത്; ആ ട്രോഫി സമ്മാനിച്ച ഡി.വൈ.എഫ്.ഐ. നേതാവ് ഇപ്പോഴും ഇരിക്കുകയല്ലേ; കേസിലെ ഒന്നാം പ്രതി മാത്രമല്ല, മുഖ്യമന്ത്രി പറഞ്ഞതുപോലെ സ്വർണ്ണം കള്ളക്കടത്ത് നടത്താൻ ക്വട്ടേഷൻ എടുക്കുന്ന ആൾ, സ്വർണ്ണം കള്ളക്കടത്ത് നടത്തിക്കൊണ്ടുവരുന്ന ആളുകളുടെ കയ്യിൽനിന്ന് അത് അടിച്ചുമാറ്റുന്ന പൊട്ടിക്കൽ സംഘത്തിന് ക്വട്ടേഷൻ ഏറ്റെടുക്കുന്ന ആൾ, കൊലപാതകത്തിന് ക്വട്ടേഷൻ ഏറ്റെടുക്കുന്ന ആൾ എന്നിങ്ങനെയുള്ള പക്കാ ക്രിമിനലിനെ 'കാപ്പ' ചുമത്തി അകത്താക്കിയെന്ന് പറഞ്ഞു. ഇയാൾക്ക് ഡി.വൈ.എഫ്.ഐ. നേതാവ് ട്രോഫി കൊടുത്തതെന്തിനാണ്; എന്തിനാണ് വലിയ ട്രോഫി കൊടുത്തത്; ഇയാളുമായി ഡി.വൈ.എഫ്.ഐ.യ്ക്ക് എന്താണ് ബന്ധം; ഇയാൾക്കില്ലാത്ത ഒരു ആക്ടിവിറ്റിയുമില്ല....(ബഹളം)....ഒരു ആക്ടിവിറ്റിയുമില്ല. മുഖ്യമന്ത്രിയാണ് ഇവൻ ഭയങ്കര കുഴപ്പക്കാരനാണ്, ഭയങ്കര പ്രശ്നമാണ്, ഭയങ്കര ക്രിമിനലാണ്, ഭയങ്കര സംഭവമാണ് എന്നുപറഞ്ഞത്. എന്നിട്ട് ഡി.വൈ.എഫ്.ഐ. നേതാവ് സ്റ്റേജിൽ വച്ച് അവന് ട്രോഫി കൊടുക്കുകയാണ്. ഇതാണ് നടക്കുന്നത്. നിങ്ങളാണ് ഇവരെ മുഴുവൻ

സംരക്ഷിക്കുന്നത്. ഇവിടെ വിഷയമുന്നയിച്ച ബഹുമാനപ്പെട്ട ടി. സിദ്ദിഖ്, എം.എൽ.എ. ഒരു കാര്യം ചോദിച്ചു. ഈ വാഹനം ആരുടേതാണ്? നിങ്ങൾ എന്ത് അന്വേഷണമാണ് നടത്തിയിരിക്കുന്നത്; ഈ കൊലപാതകികൾ വന്ന് കൊലപാതകം നടത്തിയ വാഹനം ആരുടേതാണെന്നുപോലും പോലീസ് അന്വേഷിച്ചിട്ടില്ല. വാഹനം പാർട്ടിക്കാരുടേതാണ്. അതുകൊണ്ടാണ് അന്വേഷിക്കാത്തത്. നിങ്ങൾക്ക് വേണ്ടപ്പെട്ടവരെ മുഴുവൻ സംരക്ഷിച്ച് കുറേപ്പേരെ പ്രതികളാക്കിയിരിക്കുകയാണ്. അതുകൊണ്ട് അന്വേഷണം അപൂർണ്ണമാണ്. ആ കേസന്വേഷണത്തിൽ കൊല്ലിച്ചവർ നിയമത്തിന് മുന്നിൽ വന്നിട്ടില്ല. അതുകൊണ്ടാണ് മാതാപിതാക്കൾ സി.ബി.ഐ. അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടത്. നിങ്ങൾ അതിനെ ഭയപ്പെടുന്നില്ലെങ്കിൽ ഞങ്ങൾ വെല്ലുവിളിക്കുന്നു. സി.ബി.ഐ. അന്വേഷണത്തെ തടസ്സപ്പെടുത്തി സുപ്രീംകോടതിയിൽ പോകില്ലായെന്ന് സർക്കാർ ഒരു തീരുമാനമെടുക്കണം. തീരുമാനമെടുക്കാൻ നിങ്ങൾ തയ്യാറാണോ; എവിടെ വേണമെങ്കിലും സത്യം അന്വേഷിച്ച് തെളിയിക്കപ്പെടട്ടെ, ഇതിന്റെ ഗൂഢാലോചനക്കാർ നിയമത്തിന് മുന്നിൽ

വരട്ടെ. സി.ബി.ഐ. അന്വേഷണത്തിന് ഞങ്ങൾ എതിരല്ല എന്നൊരു നിലപാട് കേരള സർക്കാരിന് സുപ്രീംകോടതിയിൽ സ്വീകരിക്കാൻ പറ്റുമോ; ഞങ്ങൾ വെല്ലുവിളിക്കുകയാണ്. നിങ്ങൾ അത്തരമൊരു നിലപാടെടുക്കില്ല. സി.ബി.ഐ. അന്വേഷണം വന്നാൽ ഇതിലെ കുഴപ്പക്കാർ, ഗൂഢാലോചനക്കാർ, കൊല്ലിച്ചവർ മുഴുവൻ നിയമത്തിന് മുന്നിൽ കൈയാമം വച്ച് ജയിലിലാകുമെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ടാണ് പാവപ്പെട്ട ജനങ്ങളുടെ കോടിക്കണക്കിന് നികുതി പണമെടുത്തുകൊണ്ട് ഇങ്ങനെ ക്രൂരമായി കൊന്നയാളുകളെ, അതിന് കൂട്ടുനിന്നവരെ സംരക്ഷിക്കാൻവേണ്ടി നിങ്ങൾ നിൽക്കുന്നത്. കള്ളക്കടത്തുകേസ്സിലെ ആളുകളെ, സ്വർണ്ണക്കടത്തുകേസ്സിലെ ആളുകളെ ചാരിനിന്നുകൊണ്ടാണ് പ്രതിപക്ഷം പോകുന്നതെന്ന് മുഖ്യമന്ത്രി അവസാനം പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഭരിച്ചിരുന്ന സമയത്ത് നിങ്ങൾ ആരെ ചാരിയാണ് നിന്നിരുന്നത്; ആരെ വിശ്വസിച്ചാണ് നിങ്ങൾ ഇതെല്ലാം ചെയ്തത്? ഇപ്പോഴും അവരെ നിങ്ങൾ കൊണ്ടുനടക്കുകയാണ്. ഞാൻ അവരുടെ പേരൊന്നും പറയുന്നില്ല. അവരെ ചാരിനിന്നുകൊണ്ടാണ് ഒരു മുഖ്യമന്ത്രിയേയും ഗവൺമെന്റിനേയും

രാഷ്ട്രീയ നേതാക്കളെയും നിങ്ങൾ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചത്. അതെല്ലാം പെട്ടെന്ന്  മറന്നുപോകുകയാണോ? എന്നിട്ട് ഇപ്പോൾ പുതിയ കാര്യം പറയുകയാണ്. 'അയ്യോ സ്വപ്നാ സുരേഷ്, അവരെ വിശ്വസിക്കാൻ കൊള്ളുമോ' 'ആകാശ് തില്ലങ്കേരി, അയാളെ വിശ്വസിക്കാൻ കൊള്ളുമോ' ഇവരെ വിശ്വസിക്കാൻ കൊള്ളില്ലെന്ന് പറയുന്നത് ആരാണ്? സ്വർണ്ണക്കള്ളക്കടത്ത് കേസിലെ പ്രതിയെ വിശ്വസിക്കാൻ കൊള്ളില്ലെന്ന് സോളാർ കേസിലെ പ്രതി പറയുകയാണ്. സോളാർ കേസിലെ, 33 കേസുകളിലെ പ്രതിയെ ചാരി നിന്നവരാണ് നിങ്ങൾ. അവരെ ചാരി നിർത്തിക്കൊണ്ട് ഈ സംസ്ഥാനം സ്നേഹിച്ച ഒരു മനുഷ്യനെ അപകീർത്തിപ്പെടുത്തിയത് നിങ്ങളാണ്. ഇപ്പോൾ ചോദിക്കുന്നത് എന്ത് സി.ബി.ഐ. അന്വേഷണമെന്നാണ്. നാല് പ്രാവശ്യം എൽ.ഡി.എഫ്. സർക്കാർ അന്വേഷിച്ചിട്ടും അദ്ദേഹത്തിനെതിരെ യാതൊന്നും തെളിയിക്കാൻ കഴിയാതെ വന്നപ്പോൾ ഈ പറയുന്ന ആളെ വിളിച്ച് ഒരു വെള്ളക്കടലാസിൽ പരാതി എഴുതി വാങ്ങുകയും സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ട് പീഡിപ്പിക്കാനും നിങ്ങൾ നോക്കി. ഇപ്പോൾ കാലം നിങ്ങളോട് കണക്ക്

ചോദിച്ചുകൊണ്ടിരിക്കുകയാണ്. അത് അവസാനിക്കുന്നില്ല, ഇനിയും തുടരും. ഇപ്പോൾ ഞങ്ങൾക്കുപോലും നാണമാകുന്നു. എല്ലാ ദിവസവും ഓരോ വെളിപ്പെടുത്തലുകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതുപോലെയുള്ള വെളിപ്പെടുത്തലുകൾ നേരത്തെയും ഉണ്ടായിരുന്നു. ഞങ്ങൾ ഇവരെയൊക്കെയാണ് ചാരി നിൽക്കുന്നതെന്നാണ് ഇപ്പോൾ പറയുന്നത്. ഞങ്ങൾ അവരെയൊന്നും ചാരിനിൽക്കില്ല. അവരെ ചാരി നിൽക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ചെയറിന് എല്ലാ ദിവസവും ഞങ്ങളുടെ അടിയന്തരപ്രമേയത്തിനുള്ള നോട്ടീസിന് അനുമതി നിഷേധിക്കേണ്ടിവരും. എല്ലാ ദിവസവും അവർ പറയുന്ന വിഷയങ്ങളുമായി ഞങ്ങൾ സഭയിലേയ്ക്ക് വരുന്നില്ല. പ്രധാനപ്പെട്ട കാര്യങ്ങൾ തെരഞ്ഞെടുത്താണ് സഭയിൽ അവതരിപ്പിക്കുന്നത്. ഞങ്ങളുടെ ഒരു അനുജനെ ക്രൂരമായി കൊലചെയ്ത കേസാണ് ഇത്. അതിന് ഉത്തരവാദികളായവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. അങ്ങനെ കൊണ്ടുവരാൻ തയ്യാറാകാതെ, സ്വന്തം പാർട്ടി നേതാക്കളെ സംരക്ഷിക്കാൻ, ഈ അന്വേഷണത്തെ അട്ടിമറിക്കുന്ന, തുടരന്വേഷണത്തിന് തയ്യാറാകാത്ത,

സി.ബി.ഐ. അന്വേഷണത്തെ തടസ്സപ്പെടുത്തുന്ന സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഈ കേസിലെ പ്രതി ഒരു കൊലപാതകിയാണെന്നും ആ വ്യക്തിയെ ഉന്മൂലനം ചെയ്യേണ്ടതാണെന്നും തോന്നിയത് ഷുഹൈബിനെ കൊന്ന സമയത്തല്ല, ഫെയിസ് ബുക്കിൽ പോസ്റ്റിട്ടപ്പോഴാണ് നിങ്ങൾക്ക് മനസ്സിലായത്. ഇതിന്റെ പിന്നിൽ ഗൂഢാലോചന നടത്തിയവരെപ്പറ്റി പറഞ്ഞപ്പോൾ, അത് എവിടേയ്ക്ക് എത്തിച്ചേരുമെന്ന് വ്യക്തമായി അറിയാവുന്നതുകൊണ്ടാണ് ഇപ്പോൾ ഇയാളൊരു പ്രതിയായി മാറിയത്. സി.ബി.ഐ. അന്വേഷിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ കേന്ദ്രവുമായി ഞങ്ങൾക്ക് എന്തോ ബന്ധമുള്ളതുകൊണ്ടാണെന്നാണ് പറഞ്ഞത്. നിങ്ങൾക്ക് സി.ബി.ഐ. അസ്പൃശ്യരായത് എപ്പോഴാണ്? മാത്രവുമല്ല, പോലീസിനെ ചെറുതായി

കാണുന്നതിന് ഞങ്ങൾ ഒരിക്കലും കൂട്ടുനിൽക്കില്ല. കഴിഞ്ഞ മന്ത്രിസഭയിലെ നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ കണ്ണൂർ ജില്ലാ കളക്ടറേറ്റിൽവച്ച് നടന്ന സമാധാന ചർച്ചയിൽ കേസ് സി.ബി.ഐ. അന്വേഷണത്തിന് വിടാമെന്ന് പറഞ്ഞപ്പോൾ, ഇവിടത്തെ പോലീസിനെ കൊച്ചാക്കിയതിന്റെ പേരിൽ ശ്രീ. എ. കെ. ബാലനെതിരെ നടപടി സ്വീകരിക്കേണ്ടതല്ലേ? സത്യത്തിൽ നിങ്ങൾ ഇതുവരെ ആകാശ് തില്ലങ്കേരിയെ സംരക്ഷിച്ച് വരികയായിരുന്നു. അദ്ദേഹത്തിനുവേണ്ടി കുറി നടത്തുകയും അവരുടെ കുടുംബത്തിന് മാസച്ചെലവിനുള്ള പണം കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തു. അവസാനം ഫെയിസ് ബുക്കിലൂടെ കാര്യങ്ങൾ വെട്ടിത്തുറന്ന് പറയുമെന്ന് പറഞ്ഞപ്പോഴാണ് യഥാർത്ഥത്തിൽ സർക്കാർ ഉണർന്നത്. അതും ഷുഹൈബുമായി ബന്ധപ്പെട്ട കേസ് തെളിയണമെന്നുള്ളതിലല്ല. ഇപ്പോൾ പോലീസ് കൊടുത്തിരിക്കുന്ന പല കാര്യങ്ങളിലും കൊലപാതകത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടല്ല നീങ്ങുന്നത്. അങ്ങനെയാണെങ്കിൽ അഡീഷണൽ സോളിസിറ്റർ ജനറലായി റിട്ടയർ ചെയ്ത ശ്രീ. രഞ്ജിത് കുമാറിനെ കൊണ്ടുവന്ന് ഈ കേസ്

വാദിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നത് എന്തിനുവേണ്ടിയാണ്? സോളാർ കേസിലെ പ്രതിയായ ഒരാൾ ഒരു വെള്ളക്കടലാസ്സിൽ പോലീസ് സംവിധാനത്തിന് മുകളിലുള്ള സി.ബി.ഐ.യെക്കൊണ്ട് അന്വേഷിക്കണമെന്ന് എഴുതിക്കൊടുത്തപ്പോൾ നമ്മുടെ പോലീസിനെക്കുറിച്ച് ഓർത്തില്ലേ? നമ്മുടെ പോലീസിന്റെ ആത്മവീര്യം നഷ്ടപ്പെടുത്തുന്നതിനുവേണ്ടി ആ കേസ് എന്തിനാണ് സി.ബി.ഐ.യ്ക്ക് കൈമാറിയത്? കൊല ചെയ്യപ്പെട്ട ഷുഹൈബെന്ന ചെറുപ്പക്കാരന്റെ രക്ഷിതാക്കൾ സി.ബി.ഐ. അന്വേഷണത്തിനുവേണ്ടി യാചിച്ച് നിൽക്കുമ്പോൾ അതിനെ പുറംകാലുകൊണ്ട് തട്ടിമാറ്റിയിട്ട്, ഇപ്പോൾ പറയുന്നത് അത് കേന്ദ്ര സർക്കാരിനെ അനുകൂലിക്കലാണെന്നാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുനടന്ന അഡീഷണൽ സോളിസിറ്റർ ജനറലിനെ ഈ കേസ് വാദിക്കുന്നതിനുവേണ്ടി കൊണ്ടുവന്നത് കേന്ദ്രവുമായി യാതൊരു ബന്ധവുമില്ലാത്തതുകൊണ്ടാണല്ലോ! ഇത് ജനങ്ങൾക്ക് കൃത്യമായി മനസ്സിലായിട്ടുണ്ട്. അങ്ങയുടെ മറുപടിയോടുകൂടി ഇത് കൂടുതൽ സുവ്യക്തമായിരിക്കുകയാണ്. ഇതിന്റെ പിന്നിലുള്ള ഗൂഢാലോചന

എല്ലാവർക്കും മനസ്സിലായ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്തിരുന്നുവെങ്കിൽ കുറച്ചുകൂടി പ്രധാനപ്പെട്ട കാര്യങ്ങൾ ജനങ്ങൾക്ക് അറിയാനുള്ള സാഹചര്യമുണ്ടാകുമായിരുന്നു. അത് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ഷുഹൈബ് വധക്കേസ്സിലെ ഒന്നാം പ്രതിയുടെ വെളിപ്പെടുത്തൽ ഏറെ ഗൗരവമേറിയതാണ്. ഈ വ്യക്തിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ വലിയൊരു ഗൂഢാലോചന ഇതിന്റെ പിന്നിലുണ്ടെന്ന് മനസ്സിലാകും. അതുകൊണ്ടുതന്നെയാണ് ഇതുസംബന്ധിച്ച അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്ന് ആവർത്തിച്ച് ഉന്നയിക്കുന്നത്. ഈ വിഷയത്തിൽ ഗൗരവമായി ഇടപെടൽ നടത്താത്തതിലും ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

**[10.56 a.m.]**

## III ശ്രദ്ധക്ഷണിക്കൽ

**[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]**

### (1) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, സംസ്ഥാനത്ത് സ്വകാര്യ മുതലാളിമാർ നടത്തുന്ന ഏകദേശം 700-ഓളം കശുവണ്ടി ഫാക്ടറികൾ ഇന്ന് അടഞ്ഞുകിടക്കുകയാണ്. അതിന്റെ ഭാഗമായി കേരളത്തിലെ രണ്ടു ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴെല്ലാം പരമ്പരാഗത വ്യവസായ മേഖലയ്ക്ക് മികച്ച സംഭാവനകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത്

ഏകദേശം 160-ഓളം കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഇനി ആ ഫാക്ടറികൾ ഒരിക്കലും തുറന്ന് പ്രവർത്തിപ്പിക്കില്ലെന്ന് തീരുമാനിച്ചത് ഗവൺമെന്റും അതുപോലെതന്നെ വകുപ്പുമാണ്. കേരളത്തിലെ 95 ശതമാനത്തോളം സ്ത്രീ തൊഴിലാളികൾ മാത്രം പണിയെടുക്കുന്ന കശുവണ്ടി വ്യവസായ മേഖലയിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും കാപ്പെക്സിന്റെ 10 ഫാക്ടറികളും വളരെ നല്ല നിലയിൽ തുറന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഗ്രാറ്റുവിറ്റി കൊടുത്തിരുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 85 കോടി രൂപയാണ് 11 വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശികയായി കൊടുത്തുതീർത്തത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞയാഴ്ച കൊല്ലത്തുവന്ന് ഏറ്റവും അവസാനത്തെ ഗഡു നൽകി. ഒരു ഫാക്ടറിയിലെ തൊഴിലാളിക്ക് മാനേജർ വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ പിറ്റേദിവസം തന്നെ ഗ്രാറ്റുവിറ്റി നൽകുകയാണ് ചെയ്തത്. ഇത് കേരളത്തിലെ ആദ്യത്തെ ചരിത്ര

സംഭവമാണ്. സംസ്ഥാന വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കശുവണ്ടിത്തൊഴിലാളികളുടെ ക്ഷേമത്തിനും പുരോഗതിക്കുംവേണ്ടി ഫലപ്രദമായി ഇടപെട്ടതിന്റെ ഭാഗമായാണ് 85 കോടി രൂപ ഈ മേഖലയ്ക്ക് അനുവദിച്ചത്. വ്യവസായ വകുപ്പുമന്ത്രിയേയും ധനകാര്യ വകുപ്പുമന്ത്രിയേയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ യു.ഡി.എഫ്. ഭരണ കാലഘട്ടത്തിൽ ഒരു തൊഴിലാളിയേയും അധികമായി നിയമിച്ചില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഏറ്റവും അവസാനമായി 4,500 പുതിയ തൊഴിലാളികളെ നിയമിച്ചുകൊണ്ട് ഈ വ്യവസായ മേഖല നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഇത്തരത്തിൽ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതിനാൽ തൊഴിലാളികൾക്ക് യാതൊരു ഗുണവും ലഭിക്കുന്നില്ല. കേരളത്തിൽ പൊതുവെയും കൊല്ലം ജില്ലയിൽ നിരവധി ഫാക്ടറികളും അടഞ്ഞുകിടക്കുന്നു. കൊല്ലം ജില്ലയിലെ ഒരു മുതലാളിയുടെ

11 ഫാക്ടറികൾ ഇപ്പോഴും അടഞ്ഞുകിടക്കുകയാണ്. ബോണസ് നൽകുന്നില്ല; കുടിശ്ശിക ബോണസും നൽകുന്നില്ല. അവരുടെ പ്രോവിഡന്റ് ഫണ്ട് സഞ്ചിത നിധിയിലേയ്ക്കുള്ള വിഹിതം അടയ്ക്കുന്നില്ല. തൊഴിലാളിയുടെ വിഹിതവും മാനേജ്മെന്റിന്റെ വിഹിതവും അടയ്ക്കുമ്പോഴാണ് സംസ്ഥാന ഗവൺമെന്റ് മൂന്നാമത്തെ വിഹിതം ഒരു തൊഴിലാളിക്കുവേണ്ടി അടയ്ക്കുന്നത്. എന്നാൽ ഇത് കേരളത്തിൽ നടക്കുന്നില്ല. പല പ്രാവശ്യം സംസ്ഥാന മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമെല്ലാം ഈ മേഖലയിൽ യോഗം വിളിച്ചുചേർത്തിട്ടുപോലും ചില മുതലാളിമാർ പല ഘട്ടങ്ങളിലായി നിഷേധാത്മക നിലപാടുകൾ സ്വീകരിക്കുന്നതുകൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് വളരെ ഗൗരവമുള്ള ഈ വിഷയത്തിൽ അങ്ങ് ഇടപെട്ട് സ്വകാര്യ മുതലാളിമാരുടെ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ചുകൊണ്ട് തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ നൽകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമേറിയൊരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ശ്രദ്ധക്ഷണിക്കലിലൂടെ ഇവിടെ ഉന്നയിച്ചത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ കാഷ്യു കോർപ്പറേഷനിലും കാപ്പെക്സിലും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്താൻ സർക്കാർ ശ്രമിക്കുന്നുണ്ട്. അതിനുവേണ്ടി കാഷ്യു ബോർഡുവഴി വിദേശത്തുനിന്ന് കശുവണ്ടി ഇറക്കുമതി ചെയ്യുന്നുണ്ട്. ശരാശരി 10,000 മെട്രിക് ടൺ കശുവണ്ടിയാണ് നമ്മൾ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ വിദേശ രാജ്യങ്ങളിലെ ഗവൺമെന്റുകളുമായി നേരിട്ട് ചർച്ച നടത്തുകയാണ്. ആ ചർച്ച ഇപ്പോൾ നല്ല രീതിയിൽ മുന്നേറിയിട്ടുണ്ട്. അടുത്ത വർഷം വിവിധ രാജ്യങ്ങളിലുള്ള ഗവൺമെന്റ് ഏജൻസികളിൽനിന്നുതന്നെ തോട്ടണ്ടി നേരിട്ട് വാങ്ങാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അങ്ങനെ വന്നാൽ നമുക്ക് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ടുള്ള തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കഴിയും. കാഷ്യു ബോർഡ് വിഭാവന ചെയ്യുന്നതുപോലെ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും മാത്രമല്ല, ആവശ്യമെങ്കിൽ

സ്വകാര്യ സംരംഭകർക്കും കശുവണ്ടി ലഭ്യമാക്കാൻ ഈ സംവിധാനം വിനിയോഗിക്കാൻ സാധിക്കും. പൊതുവെ കശുവണ്ടി വ്യവസായം വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. വിയറ്റ്നാമിൽ നിന്നുള്ള കശുവണ്ടിയുടെ വരവ്, തോട്ടണ്ടിക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം, സംസ്ഥാനം തുടർച്ചയായി അഭിമുഖീകരിച്ച പ്രകൃതി ദുരന്തങ്ങൾ, 2020 മുതൽ ആരംഭിച്ച കോവിഡ് എന്നിങ്ങനെയുള്ള പല ഘടകങ്ങൾ പൊതുവെ പ്രതിസന്ധിയിലായിരുന്ന കശുവണ്ടി രംഗത്തെ കുറേക്കൂടി പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഒരു ബാഗ് കശുവണ്ടി പ്രോസസ്സ് ചെയ്യാൻ 4,200 രൂപയാണ് ചെലവ് വരുന്നത്. അന്താരാഷ്ട്ര തലത്തിൽ അത് 1,000 രൂപയ്ക്ക് താഴെയും മറ്റ് സംസ്ഥാനങ്ങളിൽ 1,200 രൂപ മുതൽ 2,000 രൂപ വരെയുമാണ് ചെലവ്. ചെലവ് വർദ്ധിക്കുന്നത് പ്രതിസന്ധിയുണ്ടാക്കുന്നുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. ഇത്തരം കാര്യങ്ങൾ പഠിക്കുന്നതിനായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. മന്ത്രിയെന്ന നിലയിൽ ആ മേഖലയിലെ ട്രേഡ്

യൂണിയനുകളുമായും വ്യവസായികളുമായും ബന്ധപ്പെട്ട എല്ലാവരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് IIT, IIM എന്നിവിടങ്ങളിലുള്ള വിദഗ്ദ്ധർ ഉൾപ്പെടെയുള്ള ഒരു സമിതിയെ നിയോഗിച്ചത്. പ്രസ്തുത സമിതി ഫാക്ടറികൾ സന്ദർശിച്ചിരുന്നു. ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പെക്സ്, കശുവണ്ടി വികസന കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവരുമൊക്കെയായി ചർച്ച നടത്തിക്കൊണ്ട് ഒരു ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറ് ഇപ്പോൾ രണ്ട് പദ്ധതികൾ ഒരു പാക്കേജുപോലെ പ്രഖ്യാപിച്ചിട്ടുണ്ട്. നേരത്തെ ബാങ്കുകളുമായി ചർച്ച നടത്തിക്കൊണ്ട് അവരുടെ എൻ.പി.എ. ആയിട്ടുള്ള അക്കൗണ്ടുകൾ അതിൽനിന്ന് വിമുക്തമാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടായിരുന്നു. രണ്ടുകോടി രൂപവരെയാണ് വായ്പയെങ്കിൽ പലിശയും പിഴപ്പലിശയും എഴുതിത്തള്ളി അവരുടെ പ്രിൻസിപ്പിൾ എമൗണ്ടിന്റെ 50% അടയ്ക്കണമെന്നുള്ളതായിരുന്നു ഒരു ധാരണ. രണ്ടുകോടി

രൂപയും പത്തുകോടി രൂപയും ഇടയിലുള്ളതാണെങ്കിൽ പ്രിൻസിപ്പിൾ എമൗണ്ടിന്റെ 60% അടയ്ക്കണം. പലിശയും പിഴപ്പലിശയും എഴുതിത്തള്ളും. ഇത്തരത്തിൽ ഒരു ധാരണയുണ്ടാക്കി. അതിന് തയ്യാറാകുന്നവർ ഈ പറയുന്ന 50 ശതമാനത്തിന്റേയോ അല്ലെങ്കിൽ 60 ശതമാനത്തിന്റേയോ എത്രയാണ് തുക വരുന്നത് അതിന്റെ 10% ആദ്യത്തെ ആറ് മാസത്തിനുള്ളിൽ അടയ്ക്കണമെന്നതായിരുന്നു വ്യവസ്ഥ. അതനുസരിച്ച് കുറേയേറെ വ്യവസായികൾ അവരുടെ എൻ.പി.എ. മാറ്റാൻ തയ്യാറായിട്ടുണ്ട്. എന്നാൽ അതിൽ ചിലർ കോടതിയിൽപ്പോയി. സഹകരിക്കാത്ത ബാങ്കുകൾക്കെതിരെ കേസ് കൊടുത്തപ്പോൾ സംസ്ഥാന ഗവൺമെന്റിന് ഇങ്ങനെ തീരുമാനിക്കാൻ അധികാരമില്ല എന്നുള്ളൊരു വിധി ഇപ്പോൾ കോടതിയിൽനിന്നും വന്നിട്ടുണ്ട്. അത് വസ്തുതയാണ്. കാരണം ഇവരുമായുള്ള ധാരണയുടെ അടിസ്ഥാനത്തിലാണല്ലോ നമ്മൾ ബാങ്കുകളുമായി ചർച്ച ചെയ്ത് ഒരു പൊതുസംവിധാനത്തിലേയ്ക്ക് എത്തിച്ചത്; ആ പരിമിതി ഇപ്പോൾ നിലനിൽക്കുന്നുണ്ട്.

ഇപ്പോൾ കശുവണ്ടി മേഖലയുടെ പുനരുജ്ജീവന പാക്കേജിന് 30

കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് മൂന്ന് ഹ്രസ്വകാല പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഒന്ന്, സ്വകാര്യ വ്യവസായ സംരംഭങ്ങളിൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനാണ് ഗവൺമെന്റ് പ്രധാന പരിഗണന നൽകുന്നത്. അതുകൊണ്ട് സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള സംവിധാനങ്ങളായ തൊഴിലാളികൾക്കുള്ള പി.എഫ്., ഇ.എസ്.ഐ., മറ്റ് വെൽഫെയർ ഫണ്ടുകൾ എന്നിവ വ്യവസായി അടയ്ക്കേണ്ടതിന്റെ ഭൂരിപക്ഷവും സർക്കാർ തന്നെ അടയ്ക്കാമെന്നതാണ് ഒരു വ്യവസ്ഥ. 20 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. വ്യവസായികളുടെ ഉത്തരവാദിത്തം ഉറപ്പുവരുത്താൻ ഒരു ചെറിയ ഭാഗം മാത്രം അടച്ചാൽ മതിയെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഈ മേഖലയിൽ മഹാഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണുള്ളതെന്ന് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. സ്ത്രീകൾക്ക് അനുകൂലമായ തൊഴിലിടം ഉറപ്പുവരുത്തുന്നതിനായി സ്വകാര്യ വ്യവസായികൾ നടത്തുന്ന ശ്രമങ്ങൾക്ക് 5 കോടി രൂപവരെ ഗവൺമെന്റ് മാറ്റിവയ്ക്കുന്നുണ്ട്. 5 കോടി രൂപ ഷെല്ലിംഗിന്റെ മോഡണൈസേഷനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഇതുകൂടാതെ

7 കോടി രൂപ വ്യവസായ വകുപ്പുവഴി നേരത്തെ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത തുക രണ്ട് കമ്പോണന്റായിട്ടാണ് വിതരണം ചെയ്യുന്നത്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് modernization, upgradation of technology, അതോടൊപ്പംതന്നെ യന്ത്രഭാഗങ്ങളുടെ മൊഡണൈസേഷൻ എന്നിവയ്ക്കാവശ്യമായ പണം അവർ മുടക്കുന്നുവെങ്കിൽ അതിന് 40 ലക്ഷം രൂപവരെ ഗവൺമെന്റ് ക്യാപിറ്റൽ ഇൻസെന്റീവായി നൽകുന്നുണ്ട്. സ്ത്രീകൾ, ചെറുപ്പക്കാർ എന്നിങ്ങനെയുള്ള സംരംഭകർക്ക് 10% അധികം മൂലധന സബ്സിഡിയായി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ അവർ അഭിമുഖീകരിക്കുന്നൊരു പ്രതിസന്ധി വർക്കിംഗ് ക്യാപിറ്റലാണ്. വർക്കിംഗ് ക്യാപിറ്റൽ അവരെടുക്കുമ്പോൾ അതിന് നൽകേണ്ടി വരുന്ന പലിശയുടെ 50% അതായത് പരമാവധി 10 ലക്ഷം രൂപ ഗവൺമെന്റ് വഹിക്കും. സ്വകാര്യ സംരംഭകരെടുക്കുന്ന വായ്പയുടെ പലിശയുടെ പകുതി ഗവൺമെന്റ് വഹിക്കും. അത് ഈ മേഖലയ്ക്ക് പുതിയ ഉണർവ് നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ എല്ലാവിഭാഗം ജനങ്ങളുമായും ചർച്ച നടത്തിക്കൊണ്ട് ആ രംഗത്ത് സമൂലമായ മാറ്റം വരുത്തി

കശുവണ്ടി വ്യവസായം ലാഭകരമാക്കാനും ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ തൊഴിൽ ദിനങ്ങൾ മാത്രമല്ല, മാന്യമായി ജീവിക്കാൻ കഴിയുന്ന രൂപത്തിലുള്ള തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്താനാവശ്യമായ നടപടികളും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുമെന്നാണ് സർക്കാരിന് സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നമ്മുടെ തൊഴിലാളികൾക്ക് കാലത്തിന്റെ മാറ്റത്തിനനുസരിച്ച് കൂലി വർദ്ധനവുണ്ടാകണം. അതുപോലെത്തന്നെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ യന്ത്രവൽക്കരണം കൊണ്ടുവരുന്നതിനുവേണ്ടി ഒരു സമിതിയെ നിയോഗിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. ഒരു സീസൺ വ്യവസായമെന്ന നിലയിൽ തൊഴിലാളികൾക്ക് ഇ.എസ്.ഐ.യുടെ പ്രശ്നമുണ്ട്. 78 തൊഴിൽ ദിനമെന്നതാണ് വ്യവസ്ഥ. പ്രസ്തുത തൊഴിൽ ദിനങ്ങൾ തൊഴിലാളിക്കും

കുടുംബത്തിനും ലഭിക്കുന്നതിനായി കേരള നിയമസഭ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുമോ എന്നതാണ് എന്റെ പ്രധാനപ്പെട്ടൊരു ചോദ്യം. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ ഒന്നും ചെയ്യുന്നില്ല.

ശ്രീ. പി. രാജീവ്: സർ, ഇ.എസ്.ഐ.യുടെ ഈ വ്യവസ്ഥ കേന്ദ്ര സർക്കാരിന്റേതാണ്. പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും അതിൽ മാറ്റം വരുത്തണമെന്ന് തന്നെയാണ് സർക്കാരിന്റെ നിലപാട്. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനം പ്രതിസന്ധിയിലായ ഈ വ്യവസായത്തെ കുറേക്കൂടി പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്നതാണ്. കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നതിന് നേരത്തെ മിനിമം പ്രൈസ് ഉണ്ടായിരുന്നു; അതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യാൻ പാടില്ല. ഇപ്പോൾ മിനിമം പ്രൈസ് മാറ്റിയിട്ടുണ്ട്. ഇത് എക്സ്പോർട്ട് പ്രോസസ്സിംഗ് സോണിലേയ്ക്ക് മാത്രമായിട്ടാണെങ്കിലും ആ മിനിമം പ്രൈസില്ലാതെ കുറഞ്ഞ വിലയ്ക്ക് മറ്റ് രാജ്യങ്ങളിൽനിന്ന് കശുവണ്ടിപ്പരിപ്പ് നമ്മുടെ രാജ്യത്തേയ്ക്ക് വരികയും അത്

എക്സ്പോർട്ടിന് മാത്രമേ ഉപയോഗിക്കാവൂ എന്നുള്ള വ്യവസ്ഥ ഉണ്ടെങ്കിൽപ്പോലും അത് മറ്റ് കശുവണ്ടിപ്പരിപ്പുമായി കൂട്ടിക്കലർത്തി വിൽക്കുവാനുള്ള സാധ്യതയുണ്ടാകുന്നു. അങ്ങനെ വന്നാൽ ഈ വ്യവസായം തിരിച്ചുകയറാൻ കഴിയാത്ത രൂപത്തിലുള്ള വലിയ പ്രതിസന്ധിയിലാകും. ആ നയവും കേന്ദ്ര സർക്കാർ തിരുത്തേണ്ടതുണ്ട്. കൂലി വർദ്ധനവ് തൊഴിലാളികൾ ആവശ്യപ്പെടുന്നുണ്ട്. തൊഴിലാളികളുടെ ജീവിതച്ചെലവിലുണ്ടായ വർദ്ധനവ്, സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയുന്ന സാമ്പത്തിക ഘടകം എന്നിവ പരിഗണിച്ചുവേണം കൂലി വർദ്ധനവ് നിശ്ചയിക്കേണ്ടത് എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്.

## (2) മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. പി. അനിൽ കുമാർ: സർ, ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ച അതിവേഗത്തിലാണ് മുന്നോട്ടുപോകുന്നത്. ആ വളർച്ചയുടെ ഗുണം സംസ്ഥാനത്തെ സാധാരണക്കാരായ രോഗികൾക്ക് ലഭ്യമാക്കണം എന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നത്. മനുഷ്യ ശരീരത്തിലെ അവയവങ്ങൾക്ക് വരുന്ന

മാരകമായ രോഗങ്ങൾക്ക് മരുന്ന് കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണ് മുമ്പുണ്ടായിരുന്നതെങ്കിൽ ഇന്ന് അവയവ മാറ്റങ്ങളിലൂടെ ജീവിതം തിരിച്ചുപിടിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. വൃക്ക, കരൾ, ഹൃദയം എന്നിവ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയകൾ ഇന്ന് രാജ്യത്ത് സാർവ്വത്രികമായി മാറിക്കഴിഞ്ഞു. കേരളത്തിലെ ചില സ്വകാര്യ ആശുപത്രികളിൽ ഇത് വ്യാപകമായി നല്ല രീതിയിൽ നടക്കുന്നു. എന്നാൽ ഗവൺമെന്റ് ആശുപത്രികളിൽ ഇത് വേണ്ടരീതിയിൽ നടക്കാതെ പോകുന്നുവെന്നുള്ളത് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ സർക്കാരിനെ പ്രത്യേകിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവയവമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ഇന്ന് ഒരുപാട് സാങ്കേതിക പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അവയവമാറ്റത്തിന് വേണ്ടിയുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വളരെ വലുതാണ്. അത് ലഘൂകരിക്കണം എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായി ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ സർക്കാരിനോട് ആവശ്യപ്പെടുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ച 'മൃതസഞ്ജീവനി' സ്കീമിൽ പേര്

രജിസ്റ്റർ ചെയ്യുന്നതിന് അവയവ മാറ്റത്തിനുള്ള രോഗികളിൽനിന്നും രണ്ടായിരവും അയ്യായിരവും രൂപയൊക്കെ വാങ്ങുകയാണ്. ആയിരക്കണക്കിന് അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും പ്രസ്തുത സ്കീം പ്രകാരം നടക്കുന്ന ശസ്ത്രക്രിയകൾ തുലോം കുറവാണ്. പൈസ വാങ്ങിവയ്ക്കുന്നു എന്നല്ലാതെ സമയബന്ധിതമായി ശസ്ത്രക്രിയ നടത്താത്തതിനാൽ പലരും പിന്നീട് മരണപ്പെട്ടുപോകുന്ന സാഹചര്യം വരെയുണ്ടാകുന്നുണ്ട്. അതുകൊണ്ട് ആ ഫീസ് ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഇന്ന് ഒരു അവയവമാറ്റ ശസ്ത്രക്രിയ നടത്തണമെങ്കിൽ സ്വാഭാവികമായും ഒട്ടനവധി കടമ്പകൾ കടന്നുകൊണ്ടാണ് ആ ഒരു തലത്തിലേയ്ക്കെത്തുന്നത്. അതിന് കാലതാമസമെടുക്കുകയാണ്. ഈ അടുത്ത കാലത്ത് നമ്മുടെ സുപ്രസിദ്ധ സീരിയൽ-സിനിമാ താരം സുബി സുരേഷ് മരണപ്പെട്ടതിൽപ്പോലും ഇത്തരത്തിലുള്ള കാലതാമസം ഉണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്ന വാർത്തകൾ വന്നു. മാരകമായ അസുഖങ്ങൾ വരുകയും അതുമായി ബന്ധപ്പെട്ട അവയവമാറ്റവുമൊക്കെ ഏറ്റവും പ്രയാസകരമായ കാര്യങ്ങളാണ്. അത്തരം ഒരു

സാഹചര്യത്തിലെത്തി നിൽക്കുന്ന ഒരു രോഗിയെയും അവരുടെ കുടുംബാംഗങ്ങളെയും സംബന്ധിച്ചിടത്തോളം പിന്നീട് ഇതിനുവേണ്ടിയുള്ള നൂലാമാലകൾക്ക് പുറകേ നടക്കേണ്ടിവരുന്ന സ്ഥിതിയാണുള്ളത്. ഏതാണ്ട് 68-ഓളം സർട്ടിഫിക്കറ്റുകളാണ് ഹാജരാക്കേണ്ടി വരുന്നത്. പോലീസ് സ്റ്റേഷൻ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ്, എം.എൽ.എ.-യും എം.പി.-യും പോലും സർട്ടിഫൈ ചെയ്യേണ്ട സാഹചര്യമാണുള്ളത്. ഇങ്ങനെ വരുമ്പോൾ ഒരു വൃക്ക രോഗിയാണെങ്കിൽ ഡയാലിസിസ് നടത്തി നടത്തി മുന്നോട്ടുപോകാൻ കഴിയാത്തതോ ഓപ്പറേഷൻ നടത്താൻ കഴിയാത്ത രീതിയിൽ ആരോഗ്യം തളരുന്ന സാഹചര്യമോ ചിലരൊക്കെ മരിച്ചുപോകുന്ന സാഹചര്യമോ വരെയുണ്ടാകുന്നു. അതുകൊണ്ട് ആ നടപടിക്രമങ്ങൾ ലഘൂകരിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇന്ത്യയിൽ ആരോഗ്യ രംഗത്ത് മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. 'മൃതസഞ്ജീവനി' നടപ്പാക്കിയ കാലത്ത് നൂറും നൂറ്റിയൻപതും അവയവമാറ്റ ശസ്ത്രക്രിയകൾ നടന്നുവെങ്കിൽ ഇന്ന് കേരളത്തിലെ ഗവൺമെന്റ്

ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും എന്തുകൊണ്ട് അവയവമാറ്റ ശസ്ത്രക്രിയകൾ നടക്കുന്നില്ല? മസ്തിഷ്ക മരണം സംഭവിക്കുന്ന ആളുകളുടെ അവയവം മാറ്റിവയ്ക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരുപാട് പ്രയാസമുണ്ട്. സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്നൊക്കെ ഒരുപാട് കാരണങ്ങൾ പറഞ്ഞേയ്ക്കാം; ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തുനിന്നും ആളുകൾ പലപ്പോഴും ചികിത്സയ്ക്കായി അന്യസംസ്ഥാനങ്ങളിൽ പോകുകയാണ്. ആരോഗ്യ രംഗത്ത് കേരളം ഏറ്റവും മുൻനിരയിൽ നിൽക്കുമ്പോഴും നമ്മുടെ രോഗികൾ കർണ്ണാടകയിലും മംഗലാപുരത്തും തമിഴ്നാട്ടിലെ കോയമ്പത്തൂരിലും പോകേണ്ട സാഹചര്യം ഉണ്ടാകുന്നു. എന്തുകൊണ്ട് അവർക്ക് കേരളത്തിൽ സൗകര്യമൊരുക്കാൻ കഴിയുന്നില്ല? ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്, നമ്മുടെ മെഡിക്കൽ കോളേജുകളിൽ നിലവിൽ രക്തബന്ധമുള്ള (ബ്ലഡ് റിലേറ്റഡ്) ആളുകളുടെ അവയവമാറ്റ ശസ്ത്രക്രിയയ്ക്കാണ് പ്രാധാന്യം കൊടുക്കുന്നത്. എന്തുകൊണ്ട് ബന്ധുവേതര (അൺ റിലേറ്റഡ്) ശസ്ത്രക്രിയ നമ്മൾ പ്രോത്സാഹിപ്പിക്കുന്നില്ല. വളരെ ചുരുങ്ങിയ നാലോ അഞ്ചോ ശസ്ത്രക്രിയകളാണ് ഇതുവരെ നമുക്ക്

നടത്താൻ കഴിഞ്ഞത്. അതുകൊണ്ട് ഇവരൊക്കെ ഇന്ന് പുറത്തുപോകുന്ന സാഹചര്യമോ അതല്ലെങ്കിൽ കേരളത്തിലെ മറ്റ് സ്വകാര്യ ആശുപത്രികളിൽ ലക്ഷക്കണക്കിന് രൂപ കൊടുത്തുകൊണ്ട് ശസ്ത്രക്രിയ നടത്തേണ്ട സാഹചര്യമോ ആണുള്ളത്. ആരോഗ്യ രംഗത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നുവെന്ന് അവകാശപ്പെടുമ്പോഴും എന്തുകൊണ്ട് മാരക രോഗങ്ങൾക്കുള്ള അവയവമാറ്റ ശസ്ത്രക്രിയകൾ നമുക്ക് നടത്താൻ കഴിയുന്നില്ല? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത് രക്തബന്ധത്തിലുള്ളവരോ അല്ലാത്തവരോ ആയാലും അവരുടെ അവയവങ്ങൾ സ്വീകരിച്ച് നമ്മുടെ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്താൻ കഴിയണം. ഇന്ന് നമ്മുടെ നാട്ടിൽ ബിരിയാണി ചലഞ്ച്, ദോത്തി ചലഞ്ച് എന്നിവ നടത്തിയും അതുപോലെ മറ്റ് രീതിയിലും പണം കണ്ടെത്തി 30-35 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് കിഡ്നി ട്രാൻസ്പ്ലാന്റ് നടത്തുകയാണ്. ഇത് നമ്മുടെ ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ നടത്താൻ കഴിഞ്ഞാൽ സ്വാഭാവികമായും പരമാവധി ചെലവ് നാലോ അഞ്ചോ ലക്ഷം രൂപ മാത്രമാക്കി കുറയ്ക്കാൻ കഴിയും. അതുകൊണ്ട് നമ്മുടെ

ആരോഗ്യ രംഗത്തിന്റെ വളർച്ചയുടെ അളവുകോൽ എന്നുപറയുന്നത് പ്രാഥമിക ആശുപത്രികളുടെ എണ്ണം നോക്കിയല്ല മറിച്ച് നമ്മുടെ സർക്കാർ ആശുപത്രികളിൽ ഏറ്റവും മാരകമായ രോഗങ്ങൾക്കുപോലും ചികിത്സ നൽകാൻ കഴിയുന്നൊരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കണം. അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി കേരളത്തിലെ സർക്കാർ ആശുപത്രികൾ സജ്ജമാക്കുകയും രക്തബന്ധമുള്ളതും ഇല്ലാത്തതുമായ ആളുകളുടെ അവയവം സ്വീകരിച്ച് ശസ്ത്രക്രിയകൾ നടത്താനുള്ള സൗകര്യമൊരുക്കുകയും വേണം. അതോടൊപ്പം ഇതിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കാൻ ശ്രമിക്കുകയും 5000 രൂപ രജിസ്ട്രേഷൻ ഫീസ് വാങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനെക്കുറിച്ചും ആലോചിക്കണം. ഗവൺമെന്റ് ഇക്കാര്യത്തിൽ ഏറ്റവും ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് ആരോഗ്യ മേഖലയിൽ നമ്മുടെ വളർച്ചയും അവയവമാറ്റ ശസ്ത്രക്രിയയിൽ ഇന്ത്യയിൽ ഒന്നാമത് കേരളത്തിലെ മെഡിക്കൽ കോളേജുകളാണെന്ന തലത്തിലെത്തിക്കാനുള്ള ശ്രമം ഉണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ - വനിത - ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രിയങ്കരിയായ കലാകാരി സുബി സുരേഷിന്റെ വിയോഗം നമ്മെയെല്ലാം വളരെ വേദനിപ്പിക്കുന്നതാണ്. ഹാസ്യാഭിനയത്തിലൂടെ ചിരിപ്പിച്ചുകൊണ്ടിരുന്ന ഒരാൾ നമ്മെ നൊമ്പരപ്പെടുത്തി പെട്ടെന്ന് കടന്നുപോയി എന്നത് വളരെ വേദനാജനകമായ കാര്യമാണ്. സുബിയുടെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സുബിയുടെ അവയവമാറ്റവുമായി ബന്ധപ്പെട്ട വിഷയത്തിൽ കളമശ്ശേരി മെഡിക്കൽ കോളേജിൽ ഇങ്ങനെയൊരു അവയവമാറ്റം നടക്കാൻ സാധ്യതയുണ്ടെന്നുകണ്ട് സർക്കാരിൽ അപേക്ഷ എത്തുന്നതിന് മുമ്പുതന്നെ സർക്കാർ അതിനുള്ള നടപടികൾ സ്വീകരിക്കുകയും അപേക്ഷ ലഭിച്ച് മണിക്കൂറുകൾക്കുള്ളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള അനുമതി മെഡിക്കൽ ബോർഡ് നൽകുകയും ചെയ്തിരുന്നു. പക്ഷെ ആ ദിവസം തന്നെ സുബി മരണപ്പെടുകയും ചെയ്തുവെന്നതാണ് യാഥാർത്ഥ്യം. അത് വിഷമകരമാണ്.

ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം, ജീവൻ നിലനിർത്താൻവേണ്ടി അവയവമാറ്റം അനിവാര്യമായി വരുന്ന ആളുകൾ നിസ്സഹായരായിപ്പോകുന്ന അവസ്ഥ തിരിച്ചറിഞ്ഞുകൊണ്ടാണ് സർക്കാർ ഈ മേഖലയിൽ നിരവധിയായ പ്രവർത്തനങ്ങളും ഇടപെടലുകളും നടത്തുന്നത്. Transplantation of Human Organs Act, 1994-ന്റെ അടിസ്ഥാനത്തിലും 2014-ൽ നിലവിൽ വന്ന ചട്ടങ്ങളുടെയും (Transplantation of Human Organs and Tissues Rules) അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് അവയവമാറ്റവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നത്. പ്രധാനമായും മൂന്ന് വിധത്തിലുള്ള അവയവ ദാനമാണ് സാധ്യമായിട്ടുള്ളത്. ഒന്ന്, മരണാനന്തര അവയവദാനം. രണ്ട്, രോഗിയുടെ ബന്ധുക്കളിൽനിന്നുള്ള അവയവദാനം. മൂന്ന്, ജീവകാരുണ്യപരമായ കാരണങ്ങളാൽ അവയവദാനം ചെയ്യാൻ തയ്യാറാകുന്ന ബന്ധുവേതര അവയവദാനം. ബന്ധുക്കൾ തമ്മിലുള്ള അവയവദാനം അവയവം മാറ്റിവയ്ക്കൽ നടക്കുന്ന ആശുപത്രികൾതന്നെ രൂപീകരിച്ചിട്ടുള്ള മെഡിക്കൽ ബോർഡാണ് (കോംപീറ്റന്റ് അതോറിറ്റി) നിയന്ത്രിക്കുന്നത്. അതല്ലാതെ നിർദ്ദിഷ്ട മെഡിക്കൽ കോളേജുകളിലെ

മെഡിക്കൽ ബോർഡ് അതിന് അനുവാദം നൽകേണ്ടതില്ല. എന്നാൽ ബന്ധുവേതര അവയവദാനം നടത്തുന്നതിന് ജില്ലാതലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഓതറൈസേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്. മേൽപ്പറഞ്ഞ മൂന്നുതരം അവയവദാന രീതികളിലും കൂടുതൽ നടപടിക്രമങ്ങളുള്ളത് ബന്ധുവേതര അവയവദാനത്തിനാണ്. യാതൊരു തരത്തിലുമുള്ള കച്ചവട താൽപ്പര്യങ്ങളും അവയവദാന രംഗത്ത് കടന്നുകയറുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഇത്. മുമ്പുപറഞ്ഞ നിയമങ്ങളിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരമാണ് നടപടിക്രമങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. പക്ഷേ ഇത് കൂടുതൽ ലഘൂകരിക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. ഉദാഹരണത്തിന് പ്രിൻസിപ്പൽ സെക്രട്ടറി നേരിട്ട് ഓതറൈസേഷൻ കമ്മിറ്റിയിൽ പങ്കെടുക്കണം എന്നുണ്ടായിരുന്നത് മാറ്റി അദ്ദേഹത്തിന്റെ പ്രതിനിധി മെഡിക്കൽ കോളേജുകളിലെ ഓതറൈസേഷൻ കമ്മിറ്റിയിൽ പങ്കെടുത്താൽ മതിയെന്ന രീതിയിലാക്കിയിട്ടുണ്ട്. ഇതിനായി ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാടുകൾ ഒന്നുമില്ലായെന്നതും പൂർണ്ണമായും ജീവകാരുണ്യപരമായ

കാരണങ്ങളാലാണ് അവയവദാനം ചെയ്യുന്നതെന്നും തെളിയിക്കുന്ന രേഖകൾ ശസ്ത്രക്രിയ ചെയ്യുന്ന ആശുപത്രി മുഖാന്തരം ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അനുമതി വാങ്ങേണ്ടതാണ്. കമ്മിറ്റി പ്രസ്തുത രേഖകൾ പരിശോധിച്ചതിനുശേഷമാണ് ശസ്ത്രക്രിയയ്ക്ക് അനുവാദം നൽകുന്നത്. കമ്മിറ്റിയുടെ തീരുമാനത്തിൽ തൃപ്തിയില്ലെങ്കിൽ സ്വീകർത്താവിന് അപ്പീൽ അപേക്ഷ സർക്കാരിൽ നൽകാവുന്നതാണ്. 2014-ലെ മനുഷ്യാവയവങ്ങളുടെയും ടിഷ്യൂകളുടെയും ട്രാൻസ്പ്ലാന്റേഷൻ ചട്ടങ്ങളിലെ 13-ാം ചട്ടമനുസരിച്ച് ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. ഇങ്ങനെയുള്ള അവയവദാനത്തിൽ സ്വീകർത്താവും ദാതാവും തമ്മിൽ വാണിജ്യപരമായ ഒരു ഇടപാടുമില്ലെന്നതും നിയമത്തിൽ പരാമർശിച്ചിരിക്കുന്നതുപോലെ പണമോ മറ്റോ ദാതാവിന് നൽകിയിട്ടില്ലായെന്നതും അല്ലെങ്കിൽ ദാതാവ് അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടില്ലായെന്നതും ഇടനിലക്കാരനോ തട്ടിപ്പോ ഇല്ലായെന്നതും വാണിജ്യ ഇടപാടുകൾ തടയുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഇരുവരുടെയും നില തമ്മിലുള്ള

ഏതെങ്കിലും കടുത്ത അസമത്വം ഇല്ലായെന്നുള്ളതും ഉറപ്പാക്കിക്കൊണ്ടാണ് ഈ അംഗീകാരം നൽകുന്നത്. ഒരു അവയവം ദാനം ചെയ്യാനുള്ള ദാതാവിന്റെ ഉദ്ദേശ്യത്തെക്കുറിച്ചും അവബോധത്തെക്കുറിച്ചും ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധത്തിന്റെ ആധികാരികതയെക്കുറിച്ചും ദാനത്തിനുള്ള കാരണങ്ങളെക്കുറിച്ചും ദാതാവിന്റെ അടുത്ത ബന്ധുക്കളുടെ അഭിമുഖം നടത്തിയും എതിർപ്പുകളില്ല എന്നുള്ളതും യോജിപ്പാണെന്നും രേഖപ്പെടുത്തേണ്ടതെന്നുള്ളത് ഈ ചട്ടത്തിന്റെയും നിയമത്തിന്റെയും അടിസ്ഥാനത്തിലുള്ളതാണ്. സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഓതറൈസേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ കൃത്യമായിച്ചേർന്ന് മുമ്പുപറഞ്ഞ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കാറുണ്ട്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ കാര്യത്തിൽ ഓതറൈസേഷൻ കമ്മിറ്റി കാലതാമസം കൂടാതെ ചേരേണ്ടതാണ്. കാരണം ലിവർ ട്രാൻസ്പ്ലാന്റേഷൻ വളരെ അടിയന്തരമായി ചെയ്യേണ്ട ഒന്നാണ്.

ആയതിനാൽ അതിൽ വളരെ കുറച്ച് മണിക്കൂറുകൾക്കുള്ളിൽത്തന്നെ തീരുമാനമെടുത്ത് കൊടുക്കുന്നുവെന്നുള്ളത് ഉറപ്പാക്കേണ്ടതായിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ബന്ധുവേതര അവയവദാനത്തെക്കുറിച്ച് പറഞ്ഞു. ജീവകാരുണ്യപരമായിട്ടുള്ള കാരണങ്ങളാൽ അവയവം ദാനം ചെയ്യാം. പ്രസ്ഥാനങ്ങൾ, സംഘടനകൾ എന്ന നിലയിൽ നമ്മളെല്ലാവരും അതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. ഏതാനും ആഴ്ചകൾക്കുമുമ്പ് വയനാട്ടിൽ സി.പി.ഐ.(എം.)-ന്റെ ഒരു ബ്രാഞ്ച് സെക്രട്ടറിയായ ശ്രീ. മണികണ്ഠൻ രണ്ടു കുട്ടികളുടെ ഉമ്മയ്ക്ക് അദ്ദേഹത്തിന്റെ വൃക്ക ദാനം ചെയ്തു. പ്രോത്സാഹനം അർഹിക്കുന്ന വളരെ മഹത്തരമായ കാര്യമാണത്.

സർക്കാർ മേഖലയിൽ നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ തിരുവനന്തപുരം, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ കരൾ, വൃക്ക, ഹൃദയമാറ്റ ശസ്ത്രക്രിയകൾക്കുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സൗകര്യമുണ്ട്. വളരെ പ്രധാനപ്പെട്ടൊരു ഇടപെടൽ ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക്

40-45 ലക്ഷം രൂപ ആകുമെന്നാണ് കേൾക്കുന്നത്. അപ്പോൾ ഇത് സർക്കാർ മേഖലയിൽ എന്തുകൊണ്ട് ആയിക്കൂടാ എന്ന് ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യം കോട്ടയം മെഡിക്കൽ കോളേജിൽ അതിനായി ഒരു ടീം രൂപീകരിക്കുകയും സജ്ജീകരണങ്ങൾ ഒരുക്കുകയും 2022 ഫെബ്രുവരി മാസം 14-ാം തീയതി കേരളത്തിൽ സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജിൽ ആദ്യത്തെ വിജയകരമായ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഒരു വർഷം മുമ്പ് നടത്താൻ കഴിയുകയും ചെയ്തു. ഇതുവരെ അവിടെ മൂന്ന് ശസ്ത്രക്രിയകൾ നടന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലും നടത്തി. ഈ ശസ്ത്രക്രിയകൾ പൂർണ്ണമായും സൗജന്യമായി സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ അതിന്റെ ടീം സജ്ജമായി. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അവിടെയും തുടക്കം കുറിക്കാൻ പോകുന്നു. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് എടുത്ത പ്രധാനപ്പെട്ടൊരു തീരുമാനമുണ്ട്. അവയവമാറ്റത്തിനുവേണ്ടി മാത്രമായി കോഴിക്കോട് ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയാണ്.

എല്ലാവിധത്തിലുമുള്ള അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും പൂർണ്ണമായും സൗജന്യമായും അല്ലെങ്കിൽ മിതമായ നിരക്കിൽ അവിടെ സാധ്യമാകും. രോഗികളെ സംബന്ധിച്ചിടത്തോളം ഏറ്റവും മികച്ച ശസ്ത്രക്രിയ മാത്രമല്ല അതിന്റെ തുടർ ചികിത്സകളും മുമ്പുള്ള ചികിത്സകളും ലഭ്യമാക്കുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അത് നിശ്ചമായും ദേശീയ തലത്തിൽത്തന്നെ ഏറ്റവും മികച്ചൊരു സ്ഥാപനമായി രൂപീകരിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേരളത്തിൽ മരണാനന്തര അവയവമാറ്റ പദ്ധതിയായ 'മൃതസഞ്ജീവനി' 2012-ലാണ് ആരംഭിച്ചത്. ചികിത്സിച്ച് ഭേദമാകാത്തവിധം അവയവങ്ങൾ തകരാറിലാകുന്ന രോഗികളിൽ അവയവമാറ്റ ശസ്ത്രക്രിയ മാത്രമാണ് ജീവൻ നിലനിർത്തുന്നതിനുള്ള ഏക പ്രതിവിധി. വൃക്കകൾ, കരളിന്റെ ഒരു ഭാഗം എന്നിവ മാത്രമേ ജീവിച്ചിരിക്കുന്ന ഒരു വ്യക്തിയിൽനിന്നും രോഗിക്ക് നൽകാൻ സാധിക്കുകയുള്ളൂ. എന്നാൽ മസ്തിഷ്ക മരണം സംഭവിക്കുന്ന രോഗികളിൽനിന്നും രോഗികളുടെ ബന്ധുക്കളുടെ സമ്മതപ്രകാരം 8

അവയവങ്ങൾ വരെ ദാനം ചെയ്യാൻ സാധിക്കുന്നതാണ്. ഇതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഒരുക്കിയും ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും സർക്കാർ ഈ സംരംഭത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള മാനസികമായ തടസ്സങ്ങൾ മാറ്റിക്കൊണ്ട് വരുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. 2012-ൽ പദ്ധതി ആരംഭിച്ചത് മുതൽ 2022 ഡിസംബർ വരെ ആകെ 350 മരണാനന്തര അവയവദാനം നടത്തുകയും 1007 അവയവങ്ങൾ മാറ്റിവയ്ക്കുകയും വഴി രോഗികൾക്ക് പുതുജീവൻ നൽകാൻ സാധിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 'മൃതസഞ്ജീവനി' വഴി രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളുടെ എണ്ണം 3156 ആണ്. അവയവം ദാനം ചെയ്യുന്നതിന് പിന്നിൽ സഹജീവി സ്നേഹം തന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിനായി മുമ്പ് പറഞ്ഞതുപോലെയുള്ള പരാമർശങ്ങൾ നിയമപ്രകാരം ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിന്റെ വിശദമായ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ Kerala State Organ and Tissue Transplant Organization (K-SOTTO)-ന്റെ നേതൃത്വത്തിൽ

ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും വേണ്ടി ഈ സർക്കാരിന്റെ കാലത്ത് രൂപീകരിച്ചതാണ് K-SOTTO. അവയവങ്ങളുടെ ലഭ്യതയ്ക്കായി ഈ പദ്ധതിയുടെ കീഴിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് 18-03-2013-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം വൃക്കയ്ക്ക് 2000 രൂപയും മറ്റ് അവയവങ്ങളായ കരൾ, ഹൃദയം, പാൻക്രിയാസ്, ചെറുകുടൽ, ശ്വാസകോശം, കൈകൾ എന്നിവയ്ക്ക് 5000 രൂപയുമാണ് സർക്കാർ ഫീസ് ഈടാക്കി വരുന്നത്. Cost for maintenance of cadaver or retrieval or transportation or preservation of organs or tissues.—എന്നുപറയുന്ന കേന്ദ്ര നിയമത്തെ അടിസ്ഥാനമാക്കിയിട്ടുള്ള ചട്ടം 9-ന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് 2013-ൽ ആ ഉത്തരവിറക്കിയിട്ടുള്ളത്. പക്ഷേ സമീപകാലത്ത് വാർത്തകളിലൂടെ കണ്ടത് കേന്ദ്ര സർക്കാർ അങ്ങനെയല്ലാതെ ഒരു തീരുമാനമെടുത്തു എന്നാണ്. പക്ഷേ അതുസംബന്ധിച്ച നിർദ്ദേശമൊന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. ട്രാൻസ്പോർട്ടേഷനും മറ്റ് കാര്യങ്ങൾക്കുമായുള്ള പണം കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പുതിയതായി കേന്ദ്ര

നിർദ്ദേശങ്ങൾ ഉണ്ടോ എന്നുള്ള കാര്യങ്ങൾ നിശ്ചയമായും പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രധാനമായും സൂചിപ്പിച്ചത് 2012-ൽ ആരംഭിച്ച 'മൃതസഞ്ജീവനി' പദ്ധതിപ്രകാരം 2013-ലും 2014-ലും ഏതാണ്ട് 150-ഓളം അവയവമാറ്റ ശസ്ത്രക്രിയ നടന്നു. പക്ഷേ പിന്നീട് എണ്ണം കുറഞ്ഞുവരികയാണ്. സ്വാഭാവികമായും എണ്ണം കൂടിക്കൂടി വരുന്നതിന് പകരം കുറഞ്ഞുവരികയാണ് ചെയ്തത്. എന്നാൽ സ്വകാര്യ ആശുപത്രികളിൽ ഇത്തരം ശസ്ത്രക്രിയകൾ കൂടി വരുന്നു. എല്ലാവരും സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ട സാഹചര്യമുണ്ടാകുന്നു. ഒറ്റപ്പെട്ട നാലോ അഞ്ചോ ബന്ധുവേതര ശസ്ത്രക്രിയകൾ മാത്രമാണ് നമ്മുടെ മെഡിക്കൽ കോളേജുകൾ ഇതുവരെ ഏറ്റെടുത്തത്. എന്തുകൊണ്ട് ബന്ധുവേതര ശസ്ത്രക്രിയകൾ നടത്തുവാനുള്ള സൗകര്യം നമ്മുടെ മെഡിക്കൽ കോളേജുകളിൽ ഗവൺമെന്റ് ഉറപ്പാക്കുന്നില്ല എന്നുള്ളതിന് മറുപടി നൽകാൻ കഴിയുമോ?

ശ്രീമതി വീണാ ജോർജ്: സർ, ലൈവ് ട്രാൻസ്പ്ലാന്റാണ് അദ്ദേഹം

ഉദ്ദേശിച്ചത്. മറുപടിയിൽ അതുസംബന്ധിച്ച് പറഞ്ഞിരുന്നു. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയൊക്കെ ജീവിച്ചിരിക്കുന്ന ദാതാവിൽ, ബന്ധുക്കളിൽ നിന്നാണ് നടത്തിയിട്ടുള്ളത്. അല്ലാതെ മൃതസഞ്ജീവനി വഴിയല്ല. ഞാൻ ആദ്യം പറഞ്ഞ 2022 ഫെബ്രുവരി മാസം 14-ാം തീയതി നടന്ന ശസ്ത്രക്രിയ വാലന്റൈൻസ് ഡേ ആയതിനാലാണ് ഓർത്തിരിക്കുന്നത്. അന്ന് ഭർത്താവിന് കരൾ പകുത്ത് കൊടുത്തത് ഭാര്യയാണ്. ആ രീതിയിൽ ബന്ധുക്കളിൽനിന്നുള്ള അവയവദാനം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇതിൽ മാച്ചിംഗ് ഡോണറെ കിട്ടുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒട്ടേറെ കംപോണൻസുണ്ട്. ധാരാളം പരിശോധനകൾ നടത്തേണ്ടതുണ്ട്. ആഴ്ചകളോ മാസങ്ങളോ നീണ്ടുനിൽക്കുന്ന പ്രക്രിയയിലൂടെയാണ് ദാതാവിന്റെ അവയവം സ്വീകർത്താവിന് മാച്ചിംഗ് ആണോയെന്ന് പരിശോധിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ 'മൃതസഞ്ജീവനി' പദ്ധതി പ്രകാരം നടന്ന ശസ്ത്രക്രിയകളുടെ കണക്ക് എന്റെ കയ്യിലുണ്ട്. 2012-ൽ 9 പേരാണ് അവയവം ദാനം ചെയ്തത്. 2013-ൽ 36 പേർ. തുടർന്നുള്ള വർഷങ്ങളിൽ വലിയ വ്യത്യാസം കാണുന്നില്ല. 2023-ൽ ഇതുവരെ രണ്ട് ദാതാക്കളിൽ നിന്നുള്ള

അവയവങ്ങൾ നമുക്ക് കിട്ടിയിട്ടുണ്ട്. അങ്ങനെയാണ് 350-ൽ എത്തിനിൽക്കുന്നത്. അങ്ങ് പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. കാരണം അവയവം ദാനം ചെയ്യുന്നതിനുള്ള മടിയും അതിലുള്ള തടസ്സങ്ങളും മാറേണ്ടതുണ്ട്. അത് മാറ്റിയെടുക്കുന്നതിനുവേണ്ടിയും അതുപോലെ ബ്രെയിൻ ഡെത്ത് സംഭവിച്ചവരുടെ 8 അവയവങ്ങൾ ആളുകളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി നമുക്ക് ഉപയോഗിക്കാൻ കഴിയും. ആ രീതിയിലുള്ളൊരു ബോധവൽക്കരണ പ്രവർത്തനം നടത്തണം. ഇതിന് തയ്യാറാകുന്ന ഡോക്ടേഴ്സിനെ നിയമ കുരുക്കുകളിലേയ്ക്ക് വലിച്ചിഴക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ ചില ശ്രമങ്ങളും നടത്തുന്നുണ്ട്. ഈ വിഷയങ്ങളൊക്കെ കേന്ദ്ര സർക്കാരിന്റെ മുമ്പാകെ നമ്മൾ ഉന്നയിച്ചിട്ടുണ്ട്. സുതാര്യമായും കൂടുതൽ എളുപ്പത്തിൽ രോഗികൾക്ക് പ്രയോജനപ്പെടുന്ന രീതിയിലും സൗജന്യമായി അല്ലെങ്കിൽ മിതമായ നിരക്കിൽ ശസ്ത്രക്രിയകളും അനുബന്ധ തുടർ ചികിത്സകളും ലഭ്യമാക്കേണ്ടതുണ്ട്. സർക്കാരിന്റെ നയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ടുകൾ നീക്കിവച്ചുകൊണ്ട്

ട്രാൻസ്പ്ലാന്റിനുശേഷമുള്ള മരുന്നുകൾ ലഭ്യമാക്കുന്ന നടപടികൾ 14 ജില്ലകളിലും സ്വീകരിക്കുന്നുണ്ട്. ഈ മേഖലയിലെ തടസ്സങ്ങൾ നീക്കുന്നതിനുവേണ്ടി നമുക്ക് യോജിച്ച് സാധ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

**[11.28 a.m.]**

**IV സബ്മിഷൻ**

(1) <u>ആചാരസ്ഥാനികരുടേയും കോലധാരികളുടേയും വേതനം</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാവുകളാലും സ്ഥാനികളാലും കോട്ടകളാലും അനുഗ്രഹീതമാണ് കാസർഗോഡ് ജില്ല. മലയിറങ്ങിവന്ന് പൈതങ്ങൾക്ക് ഗുണം വരുത്തുവാൻ ഉറഞ്ഞുതുള്ളുന്ന അമ്മ ദൈവങ്ങളുടേയും പ്രതിരോധ മൂർത്തികളായ ആൺ ദൈവങ്ങളുടേയും ആവാസ സ്ഥാനമാണിത്. ദൈവങ്ങൾക്കും ഭക്തർക്കുമിടയിൽ ദുരിതവാരിധി കടക്കാൻ സഹായകമായി പലതരത്തിലുള്ള ആചാരക്കാർ ഇവിടെയുണ്ട്. ദൈവഹിതമനുസരിച്ച് ദേവസ്ഥാനങ്ങളെ പരിപാലിക്കാൻ നിയോഗിക്കപ്പെട്ട ഈ സ്ഥാനികന്മാരുടെ ജീവിതം ഇന്ന് ദുരന്തപൂർണ്ണമാണ്. സർക്കാർ

നൽകുന്ന തുച്ഛമായ വേതനംകൊണ്ട് നാളുകൾ തള്ളിനീക്കാൻ വിധിക്കപ്പെട്ടവരും സർക്കാരും മറ്റെല്ലാ അധികൃതരും കൈയൊഴിഞ്ഞ നിരാലംബരുമായ അവരുടെ ദയനീയാവസ്ഥ ഈ സബ്മിഷൻ മുഖേന ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുകയാണ്. ഉത്തര മലബാറിലെ ആചാര സ്ഥാനികന്മാരും കോലധാരികളും മലബാർ ദേവസ്വം ബോർഡിന്റെ ജീവനക്കാരല്ല. ഏഴോളം വരുന്ന സമുദായക്കാരുടെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും സ്ഥാനികന്മാരാണിവർ. വടക്കേ മലബാറിലെ തീയ്യ, യാദവ, വാണിയ, പത്മശാലിയ, ധീവര, മുകയ, വിശ്വകർമ്മ, വണ്ണാൻ/മണ്ണാൻ, മലയ, മാവില തുടങ്ങിയ സമുദായത്തിൽ വിഭാഗത്തിൽപ്പെടുന്നവരാണ് രണ്ടായിരത്തോളം വരുന്ന ആചാരസ്ഥാനികന്മാരും കോലധാരികളും. 2006-ൽ ശ്രീ. കെ. സി. വേണുഗോപാൽ ദേവസ്വം വകുപ്പുമന്ത്രി ആയിരുന്നപ്പോൾ നിയോഗിച്ച മോഹൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആദ്യമായി ഇവർക്ക് വേതനം നൽകാൻ തീരുമാനിച്ചത്. അന്ന് 575 രൂപയാണ് വേതനം നൽകിയത്. പിന്നീട് അത് 800 രൂപയായും 1200 രൂപയുമായി. ഇപ്പോൾ 1400 രൂപയാണ് വേതനമായി

നൽകുന്നത്. സർക്കാർ നൽകുന്ന ക്ഷേമ പെൻഷനുകളേക്കാൾ കുറവാണ് ഈ സംഖ്യയെന്ന് നമുക്കെല്ലാവർക്കും അറിയാം. 8 മാസമായി ഈ വേതനം ലഭിക്കുന്നില്ല. ഈ ആചാരസ്ഥാനം മരുമക്കത്തായ സമ്പ്രദായത്തിലുള്ളതാണ്. വേതനം ലഭിച്ചുകൊണ്ടിരിക്കുന്ന ആചാരസ്ഥാനികന്മാർ മരണപ്പെട്ടാൽ പുതിയതായി കലശം കുളിച്ച് ആചാരസ്ഥാനികന്മാരായി വരുന്നവരുടെ അപേക്ഷ 2016 മുതൽ സ്വീകരിക്കപ്പെടാതെ കിടക്കുകയാണ്. ഇങ്ങനെയുള്ള മുന്നൂറോളം അപേക്ഷകൾ ഇപ്പോൾ പെൻഡിംഗിലുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കാനുള്ളത് ഇവരുടെ വേതനത്തിന് ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും വേതനം 5000 രൂപയായി ഉയർത്തുകയും ചെയ്യണമെന്നാണ്. ഇവർ അവഗണിക്കപ്പെടേണ്ട വിഭാഗമല്ല. കളക്ടറേറ്റിലും താലൂക്ക് ഓഫീസുകളുടെ മുമ്പിലും ഈ ആചാരസ്ഥാനികന്മാരും കോലധാരികളും സമരത്തിനിരിക്കുമ്പോൾ തീർച്ചയായും നമ്മുടെ മനസ്സ് വേദനിക്കുന്നു. ആ ഒരവസ്ഥ കാസർഗോഡ് ജില്ലയിൽ മാത്രമല്ല കേരളത്തിൽ എവിടേയും ഉണ്ടാകാൻ പാടില്ല. ആചാരസ്ഥാനികരും കോലധാരികളും

നമ്മുടെ പാരമ്പര്യത്തിന്റേയും പൈതൃകത്തിന്റേയും ഉജ്ജ്വലമായ പ്രതീകങ്ങളാണ്. നമ്മുടെ മൈത്രിക്കും സൗഹാർദ്ദത്തിനും മതേതരത്വത്തിനും ഊനം തട്ടുന്ന ഒരു വാക്കുപോലും അവർ ഉരിയാടാറില്ല. അവരെ സംരക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് പരാമർശിച്ച വിഷയം നിരവധി തവണ സഭയിൽ ഉന്നയിക്കപ്പെട്ടതാണ്. തൃക്കരിപ്പൂർ എം.എൽ.എ. ശ്രീ. എം. രാജഗോപാലൻ, പയ്യന്നൂർ എം.എൽ.എ. ശ്രീ. ടി. ഐ. മധുസൂദനൻ തുടങ്ങിയവരെല്ലാം പ്രസ്തുത കാര്യം നിരന്തരം ആവശ്യപ്പെടാറുമുണ്ട്. ക്ഷേത്രാചാര സ്ഥാനികർ, കോലധാരികൾ എന്നിവർക്ക് പ്രതിമാസം 1400 രൂപയാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. 1811 ആചാരസ്ഥാനികരും 397 കോലധാരികളുമാണ് നിലവിലുള്ളത്. അവരുടെ ധനസഹായം വർദ്ധിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ക്ഷേത്രാചാര സ്ഥാനികർ, കോലധാരികൾ എന്നിവർക്ക് വേതനമായി നേരത്തെ

നൽകിക്കൊണ്ടിരുന്നത് 800 രൂപ, 700 രൂപ എന്ന രീതിയിലായിരുന്നു. 2020-ലാണ് വേതനം 1400 രൂപയായി വർദ്ധിപ്പിച്ചത്. 2010 മുതൽ 2017 വരെ ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ ഒരോ വർഷവും ഒരു കോടി രൂപയാണ് മാറ്റിവച്ചിരുന്നതെങ്കിൽ 2017 മുതൽ ഒന്നേകാൽ കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം തുക വീണ്ടും വർദ്ധിപ്പിച്ച് രണ്ടരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ വർഷവും തുക വർദ്ധിപ്പിച്ചാലും ആചാരസ്ഥാനികർക്കും കോലധാരികൾക്കും അവരുടെ പ്രതിമാസ വേതനം കുടിശ്ശികയില്ലാതെ കൊടുക്കാൻ കഴിയുന്നില്ലെന്ന അവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽനിന്നും ആവശ്യമായ അധിക സഹായങ്ങൾ വർഷാവർഷം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഈ വർഷം വകയിരുത്തിയ രണ്ടരക്കോടി രൂപകൊണ്ടുമാത്രം വേതനം നൽകാൻ കഴിയില്ല. പുതിയതായി പെൻഷൻ നൽകേണ്ട കുറേ അപേക്ഷകൾകൂടി വന്നിട്ടുണ്ട്. അവർക്കുകൂടി പെൻഷൻ നൽകണമെങ്കിൽ നിലവിലുള്ള രണ്ടരക്കോടി രൂപ തികയാതെ വരും. ഏകദേശം 5.5 കോടി രൂപ അധികമായി വേണമെന്ന

കാര്യം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് പാസ്സാക്കിയിട്ടുണ്ട്. 5.5 കോടി രൂപ ലഭ്യമായാൽ മാത്രമേ നാളിതുവരെയുള്ള കുടിശ്ശിക തീർത്തുകൊടുക്കാനും നിലവിൽ ലഭ്യമായ അപേക്ഷകൂടി പരിഗണിച്ചുകൊണ്ട് അവർക്ക് സഹായം ചെയ്യാനും കഴിയുകയുള്ളൂ. ക്ഷേത്രാചാര സ്ഥാനികർ, കോലധാരികൾ എന്നിവർക്കുള്ള പ്രതിമാസ വേതനം 2000 രൂപയെങ്കിലുമാക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. 2000 രൂപയായി വർദ്ധിപ്പിക്കാനുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. നിലവിൽ സാമൂഹ്യക്ഷേമ പെൻഷൻ തുക 1600 രൂപയാണ്. എന്നാൽ ഇവർക്ക് ലഭ്യമാകുന്നത് 1400 രൂപ മാത്രമാണ്. അത് 2000 രൂപയായെങ്കിലും വർദ്ധിപ്പിക്കണമെന്നാണ് ദേവസ്വം വകുപ്പ് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. അക്കാര്യം തീർച്ചയായും പരിഗണിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്തായാലും പുതിയ അപേക്ഷകർ ഉൾപ്പെടെയുള്ളവർക്ക് കൃത്യമായ വേതനം നൽകണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ ധാരണ. അതനുസരിച്ചുകൊണ്ടാണ് കൂടുതൽ ഫണ്ട് ലഭ്യമാക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നത്. കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്

എല്ലാ ആചാരസ്ഥാനികർക്കും കോലധാരികൾക്കും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതാണ്. നിലവിൽ 6-7 മാസത്തെ കുടിശ്ശികയുണ്ട്. ആ കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർക്കാൻ വേണ്ട നടപടിയും അതിന്റെ ഭാഗമായി സ്വീകരിക്കുമെന്നാണ് അറിയിക്കാനുള്ളത്.

(2) നെയ്യാർ ലയൺ സഫാരി പാർക്ക്

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, തിരുവനന്തപുരം ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ നെയ്യാർ വന്യജീവി സങ്കേതത്തിലെ പ്രധാന ആകർഷണ കേന്ദ്രങ്ങളിലൊന്നാണ് ലയൺ സഫാരി പാർക്ക്. ഈ പാർക്ക് പ്രവർത്തിക്കുന്നതിന് 20 ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് Central Zoo Authority നിർദ്ദേശിച്ചിരുന്നു. എന്നാൽ പാർക്കിന് അത്രയും സ്ഥലമില്ലെന്ന കാരണത്താൽ 13-12-2021-ന് ലയൺ സഫാരി പാർക്കിന്റെ അംഗീകാരം റദ്ദ് ചെയ്തുകൊണ്ട് Central Zoo Authority ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഈ ഉത്തരവിന്മേൽ വനം വകുപ്പ് വിശദീകരണം സമർപ്പിക്കുകയും നേരിട്ട് ഹാജരായി അതോറിറ്റി അധികാരികൾ മുമ്പാകെ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തെങ്കിലും ലൈസൻസ് പുതുക്കി നൽകുവാൻ Central

Zoo Authority നാളിതുവരെ തയ്യാറായിട്ടില്ല. ഏഷ്യയിലെ ആദ്യത്തെയോ രണ്ടാമത്തെയോ ലയൺ സഫാരി പാർക്കും കേരളത്തിലെ ഒരേയൊരു ലയൺ സഫാരി പാർക്കുമാണ് നെയ്യാറിലേത്. സ്വദേശികളും വിദേശികളുമായി ധാരാളം സന്ദർശകർ ഈ പാർക്കിലെത്തുമായിരുന്നു. 2015-16 കാലയളവിൽ നെയ്യാർ വന്യജീവി സങ്കേതത്തിലെ ടൂറിസം വരുമാനം 1,24,00,000/- (ഒരു കോടി ഇരുപത്തിനാല് ലക്ഷം രൂപ) ആയിരുന്നത് ഇപ്പോൾ ശരാശരി 18 ലക്ഷം രൂപയായി ചുരുങ്ങി. പട്ടികവർഗ്ഗ മേഖലയിൽ നിന്നുൾപ്പെടെ 62 ദിവസ വേതന ജീവനക്കാർ ജോലി ചെയ്യുന്ന ഈ വന്യജീവി സങ്കേതത്തിലെ പ്രധാന വരുമാന സ്രോതസ്സായിരുന്നു ലയൺ സഫാരി പാർക്ക്. വരുമാനം കുറഞ്ഞതിനാൽ ദിവസ വേതന ജീവനക്കാരുടെയും സമീപത്തെ കച്ചവടക്കാരുടെയും അവസ്ഥ വളരെയധികം പരിതാപകരമാണ്. നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്കിനനുബന്ധമായി സ്ഥിതിചെയ്യുന്ന മാൻ പാർക്കിനോട് ചേർന്നുകിടക്കുന്ന വനഭൂമിയിൽനിന്ന് ആവശ്യമായ സ്ഥലമേറ്റെടുത്ത് നബാർഡിന്റെയോ മറ്റേതെങ്കിലും ഏജൻസിയുടേയോ സഹായത്തോടുകൂടി

ലയൺ സഫാരി പാർക്ക് വിപുലീകരിച്ച് കൂടുതൽ സൗകര്യങ്ങളോടുകൂടി പുനഃപ്രവർത്തനം തുടങ്ങുന്നതിനുള്ള ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരു വിഷയം ശ്രദ്ധയിൽപ്പെടുത്താനുള്ളത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുൾപ്പെടെ ഞങ്ങൾ നാല് എം.എൽ.എ.മാർ ചേർന്ന് 'ഗീർ' വനത്തിലെ അധികൃതരെ ബന്ധപ്പെട്ടപ്പോൾ അവർ നിയമ തടസ്സങ്ങളൊന്നും കൂടാതെ തന്നെ അവിടെ നിന്നും സിംഹങ്ങളെ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഗവൺമെന്റ് കത്ത് കൊടുക്കുകയും ഇതിനായി ഇടപെടൽ നടത്തുകയും വേണം. ഇവിടെത്തന്നെ രണ്ട് സിംഹങ്ങളെക്കൊണ്ടുവന്ന് പാർപ്പിക്കാൻ കഴിയും. ഒരു മിനി ലയൺ സഫാരി പാർക്കായി മാറ്റിയാൽ മതിയാകും. ഇപ്പോൾ രണ്ട് കടുവകളാണുള്ളത്. കടുവ സിംഹത്തേക്കാൾ കൂടുതൽ ആക്രമണകാരികളാണ്. സിംഹത്തിന്റെ കൂട്ടിലാണ് കടുവകളെ അടയ്ക്കുന്നത്. ആ കടുവകളെ അവിടെനിന്നും മാറ്റി 'ഗീർ' വനത്തിൽനിന്നും രണ്ട് സിംഹങ്ങളെ കൊണ്ടുവരാനുള്ള ഇടപെടൽ അടിയന്തരമായി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇന്ന് ദേശീയ വന്യജീവി സംരക്ഷണ ദിനമാണ്. ആ ദിവസം തന്നെ ഒരു പാർക്ക് പുനഃസ്ഥാപിക്കുന്ന സബ്മിഷൻ ഉന്നയിച്ചത് യാദൃശ്ചികമല്ല എന്ന് കരുതുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെ 13-12-2021-ലെ ഉത്തരവ് പ്രകാരമാണ് നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനാനുമതി നിഷേധിച്ചത്. കേന്ദ്ര സർക്കാരിന്റെ നിബന്ധന പ്രകാരം 20 ഹെക്ടർ വിസ്തൃതിയാവശ്യമാണ്. എന്നാൽ അവിടെ 4 ഹെക്ടർ വിസ്തൃതി മാത്രമാണുള്ളത്. Central Zoo Authority ഈ പാർക്കിന്റെ പ്രവർത്തനാനുമതി റദ്ദാക്കിയതിന് പിന്നിലെ കാരണമായി ഇക്കാര്യമാണ് എടുത്തുപറയുന്നത്. ആ സാഹചര്യത്തിൽ അത് വിനോദസഞ്ചാര മേഖലയെ സാരമായി ബാധിക്കുകയും മറ്റ് പ്രശ്നങ്ങൾ സൃഷ്ടിക്കുകയും വരുമാന നഷ്ടം വരുമെന്ന വസ്തുതയും കണക്കിലെടുത്ത് പാർക്കിന്റെ അംഗീകാരം പുനഃസ്ഥാപിക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ് സെക്രട്ടറിക്ക് അപ്പീൽ നൽകുകയും തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ ഹിയറിംഗിന് നേരിട്ട് ഹാജരായി

വിശദീകരണം നൽകുകയും ചെയ്തെങ്കിലും ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര സർക്കാർ ഇറക്കിയ ഉത്തരവ് പുനഃപരിശോധിക്കാൻ തയ്യാറല്ലെന്ന വിവരമാണ് അറിയിച്ചിട്ടുള്ളത്. നെയ്യാർ ലയൺ സഫാരി പാർക്ക് പുനരാരംഭിക്കുന്ന കാര്യത്തിൽ വനം വകുപ്പിന് അനുകൂല നിലപാടുള്ളതുകൊണ്ടുതന്നെ നെയ്യാർ ലയൺ സഫാരി പാർക്ക് നിലവിൽ സ്ഥാപിച്ചിരിക്കുന്ന സ്ഥലം നെയ്യാർ ഡാം റിസർവോയറിന്റെ ഉള്ളിലുള്ളൊരു ദ്വീപായതിനാൽ കേന്ദ്രം നിർദ്ദേശിച്ചതുപോലെ അതിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. നിലവിൽ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും മൃഗശാലയും സഫാരി പാർക്കും കൂടിയുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ചില നിയമ പ്രശ്നങ്ങളുണ്ട്. അത്തരം നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. 08-02-2023-ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത്തരത്തിലൊരു ഉത്തരവ് പുറപ്പെടുവിച്ചതിനാൽ സുപ്രീംകോടതിയുടെ അന്തിമവിധിക്കുശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ഒരു

മിനി സഫാരി പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് Central Zoo Authority-യെ സമീപിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(3) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം

ശ്രീ. വി. ആർ. സുനിൽ കുമാർ: സംസ്ഥാനത്ത് സർക്കാർ അംഗീകൃത എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ റിട്ടയർമെന്റ് ഒഴിവുകളിൽ കഴിഞ്ഞ അഞ്ചു വർഷത്തിലധികമായുള്ള നിയമനങ്ങൾക്ക് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷി വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തണമെന്ന കേരള ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിൽ വന്ന അവ്യക്തതയാണ് നിയമനാംഗീകാരം നൽകുന്നതിന് തടസ്സമായി നിൽക്കുന്നത്. സംസ്ഥാനത്തെ സ്കൂളുകളിലെ നിയമനങ്ങൾ RPWD Act, 1995 പ്രകാരം 07-12-1996 മുതൽ 18-02-2017 വരെ 3 ശതമാനവും RPWD Act, 2016 പ്രകാരം 19-04-2017 മുതൽ 4 ശതമാനവും സംവരണം പാലിക്കണമെന്നാണ് ഹൈക്കോടതി ഉത്തരവ്. സംസ്ഥാനത്താകെ ഹൈസ്കൂൾ വിഭാഗത്തിൽ മാത്രം 9913-ലധികം

അദ്ധ്യാപകർ നിയമനാംഗീകാരം കാത്തുനിൽപ്പുണ്ട്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ അദ്ധ്യാപകരെക്കൂടി കൂട്ടിയാൽ 13,000-ത്തിൽപ്പരം അദ്ധ്യാപകരാണ് നിയമനാംഗീകാരം കാത്തുനിൽക്കുന്നത്. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകൾ ബാക്ക് ലോഗ് ഉൾപ്പെടെ കണക്കാക്കി റോസ്റ്റർ തയ്യാറാക്കണമെന്നും ഇതുസംബന്ധിച്ച് കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ സർക്കാർ ഇറക്കിയ ഉത്തരവിൽ പറയുന്നുണ്ടെങ്കിലും ആയതിലേയ്ക്കുവേണ്ടിയുള്ള യാതൊരു ക്രമീകരണവും പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടില്ല. കൂടാതെ ഭിന്നശേഷി നിയമനത്തിന് അശാസ്ത്രീയമായ റൊട്ടേഷൻ ക്രമം നിശ്ചയിച്ചിരിക്കുന്നതിലൂടെ കൂടുതൽ കാലതാമസം വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. നിലവിൽ അദ്ധ്യാപക തസ്തികയ്ക്ക് യോഗ്യതയുള്ളവരുടെ നിയമനംപോലും യഥാസമയം നടത്താൻ കഴിയാത്ത റൊട്ടേഷൻ ക്രമമാണ് നിലവിലെ സർക്കുലറിൽ പറയുന്നത്. ഇതുമൂലമാണ് നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ കാലതാമസം നേരിടുന്നത്. നിലവിൽ നിയമനാംഗീകാരം കാത്ത്

കഴിയുന്നവരിൽ ആയിരത്തിലധികംപേർ പ്രായ പരിധി കഴിയാറായവരാണ്. ആയതിനാൽ വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്തുവരുന്ന 13,000-ത്തിലധികം വരുന്ന അദ്ധ്യാപകരുടെ നിയമനാംഗീകാരം നൽകുന്നതിനുവേണ്ട അടിയന്തര തുടർനടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഈ വിഷയത്തെ സംബന്ധിച്ച് കഴിഞ്ഞ ആഴ്ച ശ്രദ്ധക്ഷണിക്കലിന് വിശദമായി മറുപടി പറഞ്ഞതാണ്. എങ്കിലും അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് സബ്മിഷനുള്ള മറുപടി പറയാം. കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 14 (എ)-യിലെ വ്യവസ്ഥകൾ പാലിച്ചാണ് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ നിയമനം നടത്തിവരുന്നത്. പ്രസ്തുത വ്യവസ്ഥകൾക്കുപരിയായി സർക്കാരും കോടതികളും കാലകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും നിയമനം നടത്തുന്നുണ്ട്. 2019-2020 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-2021, 2021-2022 അദ്ധ്യയന വർഷങ്ങളിലും ബാധകമാക്കി സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് മഹാമാരി കാരണം സ്കൂളുകൾ റെഗുലറായി തുറക്കാത്തതിനാൽ 2020-2021 അദ്ധ്യയന വർഷം പുതിയ നിയമനം നടത്തിയിരുന്നില്ല. 2021-2022 അദ്ധ്യയന വർഷവും 2021 ജൂലൈ 15 മുതൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എയ്ഡഡ് നിയമനങ്ങൾ അംഗീകരിക്കാൻ നൽകിയ നിർദ്ദേശം ഭിന്നശേഷി സംവരണം പാലിക്കണമെന്ന വ്യവസ്ഥയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. തുടർന്ന് ഹൈക്കോടതിയുടെ നിർദ്ദേശത്തെ തുടർന്ന് 2022 ജൂൺ 25-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഭിന്നശേഷി സംവരണം സംബന്ധിച്ച് ഹൈക്കോടതിയുടെ 2022 ആഗസ്റ്റ് 10-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 2018 നവംബർ 18, 2022 ജൂൺ 25, 2022 ഒക്ടോബർ 28 എന്നീ തീയതികളിലെ സർക്കാർ ഉത്തരവ്, 2022 നവംബർ 23-ലെ ഡി.ജി.ഇ.യുടെ സർക്കുലറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം സംവരണം പാലിക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അത് കോടതി

ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെയ്തിട്ടുള്ളതുമാണ്. അല്ലാതെ വകുപ്പ് ബോധപൂർവ്വം ഇക്കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ 1996 ഫെബ്രുവരി 7 മുതൽ 2016 ഏപ്രിൽ 18 വരെ 3 ശതമാനവും 2017 ഏപ്രിൽ 19 മുതൽ 4 ശതമാനവും സംവരണവും പാലിക്കുന്ന ക്രമത്തിൽ റോസ്റ്റർ തയ്യാറാക്കി അർഹരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ നിർദ്ദേശം നൽകിയിരുന്നു. 2018 നവംബർ 18-നുശേഷം സംജാതമായ ഒഴിവുകളിൽ നിയമിതരായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനം കോടതിവിധി അനുസരിച്ച് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ. 2022 ആഗസ്റ്റ് 10-ലെ ഉത്തരവിനെതിരെ നിരവധി അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളതും ആയത് നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ഇതുസംബന്ധിച്ച കോടതി നിർദ്ദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനും

നിയമനാംഗീകാരം നൽകുന്നതിനും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിതുപോലെ നിയമനം കാത്തുനിൽക്കുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് കോടതിയുമായി ബന്ധപ്പെട്ട് മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. കോടതിയുടെ വിധി വരേണ്ടതുണ്ട്. ഈ വിഷയം വളരെ ഗൗരവത്തോടെ തന്നെ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അടുത്ത അദ്ധ്യായന വർഷം ആരംഭിക്കുമ്പോൾ പുതിയ അദ്ധ്യാപകരെക്കൂടി ഉൾക്കൊള്ളിക്കാൻ സാധിക്കത്തക്ക വിധത്തിൽ കോടതിയിൽനിന്നും ഉത്തരവുണ്ടാകണമെന്ന് കോടതി മുമ്പാകെ അഭ്യർത്ഥിച്ചിട്ടുണ്ട്. അത് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടി നമുക്കെല്ലാം ഒരുമിച്ച് പരിശ്രമിക്കാം.

**[11.45 a.m.]**

**V അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**(1) റിപ്പോർട്ട് പരിഗണന**

**അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്**

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

**(2) സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ**

(1) സംസ്ഥാനത്തോടുള്ള കേന്ദ്ര അവഗണന
അവസാനിപ്പിക്കുക

ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സർ, "ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും എന്ന ഫെഡറൽ തത്വത്തിന് അനുയോജ്യമല്ലാത്ത വിധത്തിൽ കേന്ദ്ര സർക്കാർ ജി.എസ്.ടി. വഴി സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരത്തിൽ മുഖ്യപങ്ക് കരസ്ഥമാക്കുകയും ജി.എസ്.ടി. പരിധിയിൽ വരാത്ത പെട്രോളിനും ഡീസലിനും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ്സ് വലിയ തോതിൽ ഏർപ്പെടുത്തുകയും

ചെയ്തിരിക്കുകയാണ്. കൂടാതെ ഡിവിസിബിൾ പൂളിൽനിന്ന് സംസ്ഥാനത്തിന് നീതിയുക്തമായി ലഭിക്കേണ്ട വിഹിതത്തിൽ ഗണ്യമായി കുറവ് വരുത്തി കേവലം 1.925 ശതമാനമാക്കുകയും റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം വൻതോതിൽ കുറവ് വരുത്തുകയും ചെയ്തിരിക്കുന്നു. രാജ്യത്ത് ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതുമൂലമുള്ള നികുതി നഷ്ടം നികത്തുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിനായി ജനങ്ങളിൽനിന്ന് സെസ്സ് പിരിക്കുന്നത് തുടരുമ്പോഴും പ്രസ്തുത നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് നൽകുന്നത് നിർത്തലാക്കുകയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഗണ്യമായി വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം പൊതുകണക്കിലുള്ള തുക പൊതുകടമായി കണക്കാക്കി വായ്പയെടുക്കുന്നത് പരിമിതപ്പെടുത്തുന്ന നടപടിയും സ്വീകരിക്കുന്നു. സർക്കാർ ഏജൻസികളുടെ വായ്പ, സർക്കാർ കണക്കിൽപ്പെടുന്നില്ലെന്ന് പാർലമെന്റിൽ വ്യക്തമാക്കിയെങ്കിലും കേന്ദ്ര സർക്കാർ അത്തരം വായ്പയെടുക്കുന്നത് തുടരുമ്പോൾത്തന്നെ വിവേചനപൂർണ്ണമായി, കേരള അടിസ്ഥാന സൗകര്യ

നിക്ഷേപ നിധി ബോർഡിന് കടമെടുക്കാനുള്ള അനുമതിയും അറുപത്തിരണ്ട് ലക്ഷത്തിലധികം വരുന്ന ക്ഷേമപെൻഷൻകാർക്ക് യഥാസമയം പെൻഷൻ നൽകുന്നതിന് സംസ്ഥാനം രൂപീകരിച്ച സാമൂഹ്യസുരക്ഷ പെൻഷൻ ലിമിറ്റഡിന് വായ്പയെടുക്കുന്നതിനുള്ള അനുമതിയും നിഷേധിച്ച് നിർവീര്യമാക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വികസന, ക്ഷേമ പ്രവർത്തനങ്ങളെയും പദ്ധതികളെയും ദുർഗമമാക്കുന്ന നയങ്ങളും നടപടികളും തിരുത്തി ഭരണഘടനയുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, നമ്മുടെ സംസ്ഥാനത്തോട് വിവേചനപരവും ജനാധിപത്യ-ഭരണഘടനാ വിരുദ്ധവുമായതും അംഗീകരിക്കാൻ കഴിയാത്തതുമായ നിലപാടാണ് കേന്ദ്ര സർക്കാരെടുക്കുന്നത്. വളരെ ശക്തമായ കേന്ദ്രവും അതുപോലെതന്നെ

ശാക്തീകരിക്കപ്പെട്ട സംസ്ഥാനങ്ങളും വളരെ പ്രബലമായി പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെല്ലാമാണ് നമ്മുടെ രാഷ്ട്രത്തിന്റെ ഭരണ സംവിധാനം. കേന്ദ്രവും സംസ്ഥാനവും തദ്ദേശസ്വയംഭരണ സംവിധാനങ്ങളുമെല്ലാം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടതും എല്ലാവർക്കുമുള്ള അധികാരവും ഭരണഘടനയാണ് നിർവ്വചിച്ചിട്ടുള്ളത്. കേന്ദ്രം ഭരിക്കുന്ന ഭരണാധികാരികൾ പലപ്പോഴും സംസ്ഥാനങ്ങളെ അവരുടെ ദാസന്മാരായും ഭൃത്യരായും കാണുന്ന പ്രവണതയാണ് മുൻകാലങ്ങളിലുണ്ടായത്. ബി.ജെ.പി. സർക്കാരായാലും കോൺഗ്രസ് സർക്കാരായാലും ആ നിലപാടാണ് സംസ്ഥാനങ്ങളോട് സ്വീകരിച്ചിട്ടുള്ളത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ബി.ജെ.പി. ഭരിക്കാത്ത സംസ്ഥാനങ്ങളെ തകർക്കാൻ വേണ്ടിയുള്ള നീക്കമാണ് രാജ്യ<u>ത്തു</u>ടനീളം കാണുന്നത്. രാഷ്ട്രീയമായി സംസ്ഥാന ഗവൺമെന്റുകളെ അസ്ഥിരപ്പെടു<u>ത്തു</u>ക, സാമ്പത്തികമായി ഞെരുക്കുക തുടങ്ങിയ കാര്യങ്ങളാണ് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളോട് സ്വീകരിക്കുന്നത്. എന്നാൽ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളോട് ആ നിലപാടല്ല ഉള്ളത്. ബി.ജെ.പി. ഇതര സംസ്ഥാന

ഗവൺമെന്റുകളെ ഈ നിലയിൽ ശ്വാസംമുട്ടിച്ച് പ്രവർത്തിക്കാൻ അനുവദിക്കാത്ത നിലയിലേയ്ക്കാണ് നമ്മുടെ രാജ്യം പോകുന്നത്. സംസ്ഥാന ഗവൺമെന്റുകളെ അട്ടിമറിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് പലപ്പോഴും കേന്ദ്ര ഏജൻസികളെ ഉപയോഗിക്കുന്നുണ്ട്. അതിനുപുറമെ എം.എൽ.എ.മാരെ പണം കൊടുത്ത് വിലയ്ക്ക് വാങ്ങി ഭൂരിപക്ഷമുള്ള ഗവൺമെന്റുകളെ തകർക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പലതലങ്ങളിലും ജനാധിപത്യ കശാപ്പ് നടത്തിയത് നമ്മുടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നാം കഴിഞ്ഞ കാലങ്ങളിൽ കണ്ടതാണ്. കേന്ദ്രത്തിന് കേരളത്തോടുള്ള നിലപാടെന്താണ്? കേരളത്തിലെ എം.എൽ.എ.മാരെ വിലയ്ക്ക് വാങ്ങാൻ കഴിയില്ലെന്ന് കേന്ദ്ര ഗവൺമെന്റിന് അറിയാം. എം.എൽ.എ.മാരെ വിലയ്ക്ക് വാങ്ങുകയോ മറ്റേതെങ്കിലും തരത്തിൽ അസ്ഥിരീകരിക്കുകയോ ചെയ്ത് കേരളത്തിൽ ബി.ജെ.പി.ക്ക് ഒരു ഗവൺമെന്റുണ്ടാക്കാൻ കഴിയില്ലെന്ന് അറിയാവുന്നതുകൊണ്ട് കേരളത്തിലെ ഗവൺമെന്റിനെ സാമ്പത്തികമായി ഞെക്കിഞെരുക്കി പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക എന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ്

സ്വീകരിക്കുന്നത്. കേരളത്തിന് അർഹതപ്പെട്ട വിഹിതം നൽകാതിരിക്കുക, കടം വാങ്ങാൻ അനുവദിക്കാതിരിക്കുക എന്നിങ്ങനെയുള്ള നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

2017 ജൂലൈയിലാണ് ജി.എസ്.ടി. നിയമം നിലവിൽ വന്നത്. അതുവരെ വിഭവസമാഹരണത്തിന് കേന്ദ്രത്തിനും സംസ്ഥാനത്തിനും അധികാരമുണ്ടായിരുന്നു. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനത്തിന്റെ അധികാരം പരിമിതപ്പെട്ടു. ജി.എസ്.ടി. വഴി ലഭിക്കുന്ന വരുമാനത്തിന്റെ സിംഹഭാഗവും കൈകാര്യം ചെയ്യുന്നത് കേന്ദ്ര ഗവൺമെന്റാണ്. അക്കാര്യത്തിൽ തീരുമാനമെടുക്കുന്നത് ജി.എസ്.ടി. കൗൺസിലാണ്. ബി.ജെ.പി.-ക്കും കേന്ദ്ര ഗവൺമെന്റിനും നിർണ്ണായക സ്വാധീനവും ഭൂരിപക്ഷവുമുള്ള കൗൺസിലാണ് ഇതെല്ലാം നിശ്ചയിക്കുന്നത്. വരുമാനത്തിന്റെ സിംഹ ഭാഗവും കേന്ദ്ര ഗവൺമെന്റിൽ കേന്ദ്രീകരിക്കുമ്പോൾ ചെലവുകളുടെ ഭൂരിഭാഗവും സംസ്ഥാനങ്ങളാണ് നിർവ്വഹിക്കുന്നത്. 62.7 ശതമാനം ധനമാണ് കേന്ദ്ര ഗവൺമെന്റിൽ കേന്ദ്രീകരിച്ചിരിക്കുന്നത്. എന്നാൽ സംസ്ഥാനങ്ങൾക്ക് 62.4 ശതമാനമാണ് ചെലവ് വരുന്നത്,

അത്രയും ചെലവ് കേന്ദ്രത്തിനില്ല. ജി.എസ്.ടി. വരുമാനത്തിന്റെ പകുതി ഭാഗവും കേന്ദ്ര സർക്കാരാണ് കൈകാര്യം ചെയ്യുന്നത്. അതിനർത്ഥം സഹകരണ ഫെഡറലിസത്തിനെതിരായ നിലപാട് ജി.എസ്.ടി. വരുമാനം വീതിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നുവെന്നുള്ളതാണ്. ഇതിന്റെ ഫലം കേരളത്തിൽ നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരളത്തിന് ലഭ്യമാകേണ്ടിയിരുന്ന തുക കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ല. സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ കമ്മി ഗ്രാന്റായ 6,116 കോടി രൂപയും ജി.എസ്.ടി. നഷ്ടപരിഹാരമായി ലഭിക്കേണ്ട 12,000 കോടി രൂപയും ഇപ്പോൾ നൽകുന്നില്ല. കടമെടുപ്പ് പരിധി നിശ്ചയിച്ചതുമൂലം നമുക്കെടുക്കാൻ കഴിയാതിരുന്ന 3,578 കോടി രൂപയുടെ കുറവ് ഇത്തവണ സംഭവിച്ചു. ഇതിന്റെ ഫലമായി സംസ്ഥാനത്തെ സാമ്പത്തികമായി ഞെക്കി ഞെരുക്കുന്ന നിലയിലേയ്ക്കെത്തുകയും കേരളത്തിൽ ധന പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്തു. നികുതി പരിഷ്കാരത്തിന്റെയും വിഭവങ്ങൾ പങ്കുവയ്ക്കുന്നതിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാടിന്റെയും ഫലമായാണ് ധന പ്രതിസന്ധി രൂപംകൊണ്ടത്. ഇതിന്

എങ്ങനെ പരിഹാരം കാണാൻ കഴിയും? കഴിഞ്ഞ തവണ 47,837 കോടി രൂപയാണ് ലഭിച്ചത്. ഇത്തവണ 13,174 കോടി രൂപ മാത്രമേയുള്ളൂ. ഇതിന്റെ ഫലമായി ക്ഷേമ പദ്ധതികൾ, വിദ്യാഭ്യാസ രംഗത്തെ ചെലവ്, ആരോഗ്യ മേഖലയിലെ ചെലവ്, ഭവന പദ്ധതി തുടങ്ങി പല പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിവന്നു.

വായ്പ വാങ്ങുന്നതുമായി ബന്ധപ്പെട്ട ധന ഉത്തരവാദിത്വ നിയമപ്രകാരം ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനം മാത്രമേ കടം വാങ്ങാൻ കഴിയുകയുള്ളൂ. എന്നാൽ കേന്ദ്ര ഗവൺമെന്റ് എട്ട് ശതമാനം വരെ കടം വാങ്ങുന്നില്ലേ? സംസ്ഥാനങ്ങൾക്ക് മൂന്ന് ശതമാനം മാത്രമേ പാടുള്ളൂവെന്ന നിയമം കേന്ദ്ര സർക്കാർ കർശനമാക്കി. നേരത്തെ അഞ്ച് ശതമാനം വരെ വാങ്ങാൻ അനുവാദം നൽകിയിരുന്ന കേരളത്തിന് മൂന്ന് ശതമാനം മാത്രമേ വാങ്ങാൻ പാടുള്ളൂവെന്ന നിബന്ധന വന്നതോടുകൂടി നമുക്കത് വാങ്ങാൻ സാധിക്കുന്നില്ല. മറ്റൊരു പ്രശ്നം, സംസ്ഥാനത്ത് സ്വതന്ത്രമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ കിഫ്ബി പോലുള്ള കമ്പനികളുണ്ട്. നമ്മുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി

കിഫ്ബി വാങ്ങിയ കടം ഇതിലുൾപ്പെടുത്തുന്നു. യഥാസമയം പെൻഷൻ നൽകുന്നതിന് പണം അഡ്ജസ്റ്റ് ചെയ്യുന്നതിനായി താൽക്കാലികമായി ഉണ്ടാക്കിയ പെൻഷൻ കമ്പനി വാങ്ങുന്ന കടവും ഇതിലുൾപ്പെടുത്തുന്നു. അതിനാൽ നിയമപരമായി നമ്മുടെ വരുമാനത്തിന് അനുസരിച്ചുള്ള മൂന്ന് ശതമാനത്തിൽനിന്നും വീണ്ടും തുക കുറയുകയാണ്. സംസ്ഥാനത്ത് കിഫ്ബി ഉള്ളതുപോലെ കേന്ദ്രത്തിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുണ്ട്. 3 ലക്ഷം കോടി രൂപ ഇന്ത്യാ ഗവൺമെന്റ് വാങ്ങിയതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ നിരവധി ഏജൻസികളും പണം വാങ്ങുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന് എത്ര വേണമെങ്കിലും വാങ്ങാം. പക്ഷെ സംസ്ഥാന ഗവൺമെന്റിന് വാങ്ങാൻ പാടില്ല എന്ന നിലപാട് സാമ്പത്തികമായി കേരളത്തെ ദുർബലപ്പെടുത്താനുള്ള നീക്കത്തിന്റെ ഭാഗമായുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ജനാധിപത്യ, ജനവിരുദ്ധ നടപടികൾക്കെതിരായി സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളും അടിസ്ഥാന വികസന സൗകര്യങ്ങൾ ഉൾപ്പെടുന്ന പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽനിന്ന് സമ്മർദ്ദം

ചെലുത്തി വാങ്ങാനും കേന്ദ്രത്തിലിടപെടാനും ശക്തമായ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരാനും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മുഴുവൻ കക്ഷികളും ഒരുമിച്ച് നിൽക്കേണ്ട സന്ദർഭമാണിത്. ആ നിലയിൽ മാത്രമേ നമുക്ക് സംസ്ഥാനത്തെ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് കേരളത്തോടുള്ള ജനാധിപത്യവിരുദ്ധമായ നിലപാടുകൾ അവസാനിപ്പിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

രണ്ടാം ഖണ്ഡികയിൽ "കേന്ദ്രസർക്കാരിനോട്" എന്നതിന് പകരം "കേന്ദ്രസർക്കാരിനോടും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിക്കേണ്ട ഐ.ജി.എസ്.ടി. വിഹിതം വൻതോതിൽ നഷ്ടമാകുന്നത് തടയുവാൻ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാനസർക്കാരിനോടും" എന്ന് ചേർക്കുക.

(ഭേദഗതി നോട്ടീസ് നൽകിയിരുന്ന ശ്രീ. ടി. സിദ്ദിഖ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. റോജി എം. ജോൺ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u> സർ, സംസ്ഥാനത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയ്ക്കെതിരായി സഭയിൽ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. രാജ്യത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന, അതിന്റെ അന്തഃസത്തയെ ചോദ്യം ചെയ്യുന്ന നിലയിലാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. പ്രമേയാവതാരകൻ സൂചിപ്പിച്ചതുപോലെ സാമ്പത്തികമായി സംസ്ഥാന ഗവൺമെന്റിനെ സമ്മർദ്ദത്തിലാക്കി വരുതിയിലാക്കാനാണ് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. നികുതി പിരിക്കുന്നതിലും വിതരണം ചെയ്യുന്നതിലുമെല്ലാം സംസ്ഥാന സർക്കാരിനുമേൽ വലിയ തോതിലുള്ള സമ്മർദ്ദം കേന്ദ്ര ഗവൺമെന്റ് ചെലുത്തുകയാണ്. ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനങ്ങളുടെ നികുതിയുടെ മുഖ്യപങ്ക് കേന്ദ്രം കരസ്ഥമാക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ജി.എസ്.ടി.യുടെ പരിധിയിൽ വരാത്ത പെട്രോളിന്റെയും ഡീസലിന്റെയും സെസ്സ് കേന്ദ്രഗവൺമെന്റ് ക്രമാതീതമായി ഉയർത്തുകയാണ്. ജി.എസ്.ടി.മൂലം സംസ്ഥാനത്തുണ്ടാകുന്ന

നഷ്ടപരിഹാരത്തുക അതത് സംസ്ഥാനങ്ങൾക്ക് നൽകാത്ത സ്ഥിതിയും നിലവിലുണ്ട്. നികുതി പങ്കുവയ്ക്കുന്ന കാര്യത്തിൽ കേരളത്തോട് അവഗണനയുണ്ട്. കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയുടെ 51 ശതമാനം കേന്ദ്രത്തിനും 49 ശതമാനം സംസ്ഥാനങ്ങൾക്കുമാണ്. പത്താം ധനകാര്യ കമ്മീഷൻ കേരളത്തിന് അനുവദിച്ച നികുതി വിഹിതം 3.87 ശതമാനമായിരുന്നു. ഇപ്പോൾ അത് 1.925 ശതമാനമായി കുറച്ചിരിക്കുകയാണ്. മുമ്പ് 100 രൂപയ്ക്ക് 3.87 പൈസ നമുക്ക് ലഭിക്കുമായിരുന്നെങ്കിൽ ഇപ്പോഴത് 1 രൂപ 92 പൈസ മാത്രമായി നിജപ്പെടുത്തുന്നു. കേരളം കൈവരിച്ച ഒന്നാം തലമുറ വികസന നേട്ടങ്ങളെല്ലാം ചൂണ്ടിക്കാണിച്ചാണ് കേന്ദ്ര ധനകാര്യ കമ്മീഷൻ ഇത്തരത്തിലുള്ള നിലപാട് സ്വീകരിക്കുന്നത്. പന്ത്രണ്ടായിരം കോടി രൂപയുടെ നഷ്ടമാണ് ജി.എസ്.ടി. നഷ്ടപരിഹാരത്തുകയുടെ കാര്യത്തിൽ നമുക്കുണ്ടായിട്ടുള്ളത്. റവന്യൂക്കമ്മി ഗ്രാന്റിൽ ഏകദേശം ഏഴായിരം കോടി രൂപയുടെ നഷ്ടമാണ് കേന്ദ്രഗവൺമെന്റിന്റെ നിലപാടുമൂലം നമുക്കുണ്ടാകുന്നത്.

മറ്റൊരു മാർഗ്ഗം കടമെടുപ്പാണ്. കേന്ദ്ര ഗവൺമെന്റ് അനാവശ്യമായ പല

വാദഗതികളും മുമ്പോട്ടുവച്ചുകൊണ്ട് കടമെടുപ്പിന് തടസ്സം നിൽക്കുകയാണ്. കടമെടുപ്പിന്റെ പരിധി ജി.ഡി.പി.യുടെ 3.5 ശതമാനമായി കേന്ദ്ര ഗവൺമെന്റ് കുറച്ചു. അത് ഭരണഘടനയുടെ 293-ാം വകുപ്പിന്റെ ലംഘനമാണ്. ഭരണഘടനയിൽ സൂചിപ്പിച്ചിട്ടുള്ളത് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് നൽകുന്ന വായ്പയിൽ കുടിശ്ശികയില്ലെങ്കിൽ മറ്റ് വായ്പകളെടുക്കുന്നതിന് സംസ്ഥാന സർക്കാരിന് അനുമതിയുടെ പോലും ആവശ്യമില്ലെന്നാണ്. പക്ഷേ ഇപ്പോൾ ആ ഭരണഘടനാ വകുപ്പിന്റെ സ്പിരിറ്റുതന്നെ ദുർബലപ്പെടുത്തിക്കൊണ്ടുള്ള വലിയ ഇടപെടലുകൾ നടത്തുന്നു. കേരളം കടത്തിലാണ് എന്ന തരത്തിലുള്ള വ്യാപകമായ പ്രചരണം അടിസ്ഥാനരഹിതമാണ്. രാജ്യത്തിലെ പല സംസ്ഥാനങ്ങളുടെയും കടത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് ഉത്തർപ്രദേശും രണ്ടാം സ്ഥാനത്ത് തമിഴ്നാടുമാണെന്ന് മനസ്സിലാകും. മറ്റ് സ്ഥാനങ്ങളിൽ മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, രാജസ്ഥാൻ, കർണ്ണാടക, ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നിങ്ങനെയാണ്. അവിടെയൊന്നും കേരളത്തിന്റെ പേരില്ല. എന്നാൽ കേരളം കടക്കെണിയിലാണെന്ന നിലയിൽ തെറ്റിദ്ധാരണ പരത്താൻ

ശ്രമിക്കുന്നു. മറ്റ് സർക്കാർ ഏജൻസികളെടുക്കുന്ന വായ്പകൾ പോലും ഇപ്പോൾ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തുകയാണ്. കിഫ്ബിയിലൂടെ നിരവധി വികസന പ്രവർത്തനങ്ങളാണ് നമ്മുടെ നാട്ടിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ബഡ്ജറ്റ് വരുമാനത്തിൽ നിന്നുകൊണ്ട് ഇതുചെയ്യാൻ തീരുമാനിച്ചാൽ രണ്ട് പതിറ്റാണ്ടുകൾ കഴിഞ്ഞാലും പൂർത്തിയാക്കാൻ സാധിക്കാത്ത വിധത്തിലുള്ള വികസന പ്രവൃത്തികളാണ് കിഫ്ബി വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കിഫ്ബിയുടെ കടമെടുപ്പ് സംസ്ഥാനത്തിന്റെ പരിധിയിലാക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളം ലൈഫ് മിഷനിലൂടെ ധാരാളം വീടുകൾ നൽകുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... പ്ലീസ്.........അങ്ങ് പ്രസംഗം അവസാനിപ്പിക്കണം. സമയം ക്രമീകരിക്കാൻ വേണ്ടിയാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ ഇപ്പോൾ പ്രസംഗം അവസാനിപ്പിക്കാം. അങ്ങനെ സംസ്ഥാനത്തിന്റെ എല്ലാ അധികാരങ്ങളുടെയും മേൽ കടന്നുകയറുന്ന നിലയിലാണ് കേന്ദ്ര

ഗവൺമെന്റിന്റെ സമീപനമുണ്ടായിരിക്കുന്നത്. ശ്രീ. രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഈ നടപടിക്കെതിരായി ശക്തമായ എതിർപ്പ് പാർലമെന്റിലടക്കം ഉയർത്തിക്കൊണ്ടുവരേണ്ട സാഹചര്യമുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഗവൺമെന്റ് ഇത്തരമൊരു പ്രമേയം അനൗദ്യോഗിക പ്രമേയമായിട്ടല്ല ഔദ്യോഗിക പ്രമേയമായിട്ടാണ് കൊണ്ടുവരേണ്ടിയിരുന്നത്. അങ്ങനെ ചെയ്യാത്തത് എന്തുകൊണ്ടാണ്; ഞങ്ങൾ ഇത്തരം കാര്യങ്ങൾ പറയുമ്പോൾ നിങ്ങൾക്ക് ബി.ജെ.പി.യുടെ സ്വരമാണെന്നാണ് ഭരണപക്ഷത്തുനിന്നും പറയുന്നത്. ഈ പ്രമേയത്തിൽ പറയുന്ന കാര്യങ്ങൾ പുറത്തുപറയാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ചങ്കുറപ്പില്ല. ബഡ്ജറ്റ് പാസ്സാക്കിയതിന് ശേഷമുള്ള സഭാ സമ്മേളനത്തിലെ ചർച്ചയിൽ ഏറ്റവും ശക്തമായ രീതിയിലാണ് കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അംഗങ്ങൾ ഉൾപ്പെടെ എല്ലാ അംഗങ്ങളും സംസാരിച്ചത്. കേന്ദ്ര

സർക്കാരിന്റെ നയങ്ങളോട് ഞങ്ങൾക്കും ശക്തമായ എതിർപ്പുണ്ട്. എന്നാൽ കേന്ദ്രസർക്കാരും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള അന്തർധാര എപ്പോഴും സജീവമാണെന്നതാണ് ഞങ്ങൾക്ക് പറയാനുള്ളത്. അത് വെറും വാക്കുകൾ കൊണ്ടല്ല ഏറ്റവും ശക്തമായ രീതിയിൽ തന്നെ ഞങ്ങൾക്ക് തെളിയിക്കാൻ സാധിക്കും. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ് സഭ കഴിഞ്ഞ ഉടനെ ശ്രീമതി നിർമ്മല സീതാരാമന്റെ ഒരു പ്രസ്താവന വന്നത്. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് കേരളത്തിന് 7,000 കോടി രൂപ ലഭിക്കാനുണ്ടെന്ന് സംസ്ഥാന ബഡ്ജറ്റിൽ പറഞ്ഞു. സഭയിലും അത് അംഗങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം പുറത്തും പറഞ്ഞിരുന്നു. എന്നാൽ അതിനെതിരായി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമന്റെ ഒരു സ്റ്റേറ്റ്മെന്റ് പ്രസിദ്ധീകരിച്ചു. ആ പ്രസ്താവന വന്നപ്പോൾ ഞങ്ങൾ കേന്ദ്രവുമായി തർക്കത്തിനില്ലെന്ന് എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്; ഞാൻ കേന്ദ്ര മന്ത്രിയുമായി തർക്കിക്കുന്നില്ലെന്ന് എന്തുകൊണ്ടാണ് പറഞ്ഞത്; ആരാണ് ബി.ജെ.പി.യോട് അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിനോട് സൗഹൃദം

കാണിക്കുന്നത്; ശ്രീമതി നിർമ്മല സീതാരാമൻ ഈ ഗവൺമെന്റിന് അനുവദിക്കാത്ത പണത്തെക്കുറിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു, ആസൂത്രണ വകുപ്പ് പറയുന്നു, ഇവിടത്തെ പ്രസംഗത്തിലും പറയുന്നു. എന്നിട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുറത്തിറങ്ങിയ ശേഷം പറയുന്നത് ഞാൻ ശ്രീമതി നിർമ്മല സീതാരാമനുമായി തർക്കിക്കാനില്ലെന്നാണ്. അവിടെയാണ് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുള്ളത്. ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനും പ്രധാനമന്ത്രിക്കും ബി.ജെ.പി.-ക്കും എതിരാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറയുന്നു. 2008-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഭരണകാലത്ത് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ മന്ത്രിമാരും ഡൽഹിയിൽ പോയി അന്നത്തെ യു.പി.എ. ഗവൺമെന്റിനെതിരെ/കോൺഗ്രസ്സിനെതിരെ സമരം നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഡൽഹിയിൽ പോയി ഞങ്ങൾക്ക് പണമൊന്നും നൽകുന്നില്ലെന്ന് പറയാനുള്ള ചങ്കൂറ്റം കാണിക്കണം. എന്തുകൊണ്ടാണ് നിങ്ങൾ അത് കാണിക്കാത്തത്; നിങ്ങൾ എം.പി.മാരെ പറയുന്നു. അന്നും എം.പി.മാരുണ്ടായിരുന്നു. നിങ്ങൾക്ക്

ബി.ജെ.പി.യോടും കേന്ദ്ര ഗവൺമെന്റിനോടും വിരോധമുണ്ടെന്ന് പറയുന്നത് വെറും പൊള്ളത്തരമാണ്/ഉപരിപ്ലവമാണ്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ഓരോ കണക്കുമെടുത്ത് സംസാരിക്കാൻ ഞങ്ങൾ തയ്യാറാണ്. ബഡ്ജറ്റ് ഡോക്യുമെന്റിൽ പറഞ്ഞ പല കണക്കുകളും അടിസ്ഥാനപരമായി തെറ്റാണ്. സഭയിൽ അക്കാര്യം ബോധ്യപ്പെടുത്താൻ ഞാൻ തയ്യാറാണ്. അത് പ്രതിപക്ഷം പറയുമ്പോൾ പ്രതിപക്ഷത്തിന് ബി.ജെ.പി.യുമായി ബന്ധമുണ്ടെന്നാണ് ഭരണപക്ഷം പറയുന്നത്. യഥാർത്ഥത്തിൽ ഭരണപക്ഷത്തിനാണ് ബി.ജെ.പി.യുമായി ബന്ധമുള്ളതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. ഉന്നയിച്ച വിഷയം ബഡ്ജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ സഭയിൽ പ്രസംഗിക്കുകയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാലിത് വീണ്ടും ആവർത്തിക്കുന്നത് കേന്ദ്ര ഗവൺമെന്റിനെതിരായി പ്രതിപക്ഷം നടത്തുന്ന സമരത്തിൽ വലിയ

വിമർശനം ഉയരുന്ന സാഹചര്യത്തിൽനിന്നും രക്ഷപ്പെടാനുള്ള ശ്രമമായാണ് എനിക്ക് തോന്നുന്നത്. കടുത്ത സാമ്പത്തിക വെല്ലുവിളിയെ അതിജീവിച്ചാണ് നമ്മുടെ സംസ്ഥാനം വികസന പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുമെല്ലാം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് പൊതുസമൂഹത്തിന് ബോദ്ധ്യമുണ്ട്. 2022-ൽ സമസ്ത മേഖലകളുമായി ബന്ധപ്പെടുത്തി കേരളത്തിന് 40,000 കോടി രൂപയുടെ കുറവ് കേന്ദ്രനയത്തിന്റെ ഭാഗമായുണ്ടായിട്ടുണ്ട്. അതാണ് പ്രമേയാവതരാകൻ സൂചിപ്പിച്ചത്. അതോടൊപ്പം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ഡിവിസിബിൾ പൂളിൽ നിന്ന് കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം കാലാകാലങ്ങളിൽ കുറഞ്ഞുവരികയാണ്. അത് പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ 1.925 ശതമാനമായി കുറഞ്ഞിട്ടുണ്ടെന്ന വസ്തുത നാം കാണേണ്ടതുണ്ട്. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്നപ്പോൾ ലഭിച്ചുകൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്ര സഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്ര സർക്കാർ ഇതിനകംതന്നെ നിർത്തലാക്കി. ഈ വിഷയങ്ങളെല്ലാം

നമ്മൾ ഗൗരവപൂർവ്വം കാണേണ്ടതാണ്. കിഫ്ബി വായ്പയെ എതിർക്കുന്ന കേന്ദ്ര സർക്കാർ നാഷണൽ മോണിറ്റൈസേഷൻ, പൈപ്പ് ലൈൻ എന്ന പേരിൽ 111 ലക്ഷം കോടി രൂപയാണ് കടമെടുത്തിരിക്കുന്നത്. എന്നാൽ കേരളം കിഫ്ബിയിൽനിന്നും ലോണെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തിയത് എന്തെങ്കിലും പണയം വച്ചിട്ടല്ല. എന്നാൽ കേന്ദ്രസർക്കാർ വൈദ്യുത നിലയങ്ങളും റോഡുകളും റെയിൽ പാതകളും തുറമുഖങ്ങളുമെല്ലാം വായ്പയെടുക്കുന്നതിനായി പണയപ്പെടുത്തി വച്ചിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്....കൺക്ലൂഡ്.

ശ്രീ. ഇ. കെ. വിജയൻ: സർ, അതുകൊണ്ട് സംസ്ഥാന സർക്കാരിനെതിരെ കേന്ദ്ര സർക്കാരെടുക്കുന്ന നിലപാടുകളിന്മേൽ വമ്പിച്ച പോരാട്ടം നാട്ടിൽ അനിവാര്യമാണ്. അതിനുവേണ്ടിയുള്ള പോരാട്ടത്തിൽ കേരള സമൂഹമാകെ കേരള ജനതയെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനത്തിലേയ്ക്കാണ് വരേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ട് നിറുത്തുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. മൂന്ന് സംസ്ഥാനങ്ങളുടെ തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ ബി.ജെ.പി.ക്ക്

ഒരു സീറ്റുപോലുമില്ലാത്ത കേരളത്തിൽ അതിവിദൂര ഭാവിയിൽ ബി.ജെ.പി കേരളം ഭരിക്കുമെന്ന പ്രസ്താവനയാണ് ഇന്ത്യയുടെ പ്രധാനമന്ത്രി നടത്തിയത്. ഈ പ്രമേയം ചർച്ച ചെയ്യുന്ന സമയത്ത് സംസ്ഥാനത്തെ വാർത്തകളിൽ നിറഞ്ഞുനിൽക്കുന്നത് ഇക്കാര്യമാണ്. ഒരു സീറ്റുപോലുമില്ലാത്ത കേരള നിയമസഭയിൽ ഞങ്ങൾ ഒരു സീറ്റിൽ അക്കൗണ്ട് തുറക്കുമെന്ന് വേണമെങ്കിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് പറയാമായിരുന്നു, അതിനുപകരം കേരളം ഭരിക്കുമെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ സൂചിപ്പിച്ച കാര്യങ്ങൾക്കപ്പുറം കാസർഗോഡ് ജില്ലയിൽ എയിംസ് സ്ഥാപിക്കണമെന്ന് നമ്മൾ കുറെക്കാലമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് മുഴുവൻ എയിംസ് നൽകുമ്പോൾ കേരളത്തെ കഴിഞ്ഞ കുറെ വർഷമായി ശക്തമായി അവഗണിച്ചുകൊണ്ടിരിക്കുകയാണ്. എയിംസിന്റെ കാര്യത്തിൽ കാസർഗോഡിനെ പരിഗണിക്കണമെന്ന ആവശ്യത്തിന്മേൽ ഈ സന്ദർഭത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. ഓരോ റെയിൽവേ ബഡ്ജറ്റ് വരുന്ന വേളയിലും കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ

കേരളത്തെ കേന്ദ്ര ഗവൺമെന്റ് അതിശക്തമായി അവഗണിച്ചുകൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല ശ്രീ. എ. കെ. ആന്റണി പ്രതിരോധ മന്ത്രിയായിരുന്ന കാലത്ത് എന്റെ മണ്ഡലത്തിൽ HAL (Hindustan Aeronautics Limited) വളരെ പ്രതീക്ഷയോടെ കൊണ്ടുവന്ന കേന്ദ്രഗവൺമെന്റിന്റെ ഒരു സ്ഥാപനമായിരുന്നു. കേന്ദ്രത്തിൽ സ്വാധീനമില്ലാത്ത സംസ്ഥാനമെന്ന നിലയ്ക്ക് തൊഴിലുറപ്പ് പദ്ധതിയിലും കടമെടുപ്പിന്റെ കാര്യത്തിലും ഉൾപ്പെടെയുള്ള പല കാര്യങ്ങളിലും കേരളത്തെ അതിശക്തമായി ദ്രോഹിച്ചുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് മുന്നേറിക്കൊണ്ടിരിക്കുന്നത്. ഈ സന്ദർഭത്തിൽ ശ്രീ. എ. പി. അനിൽകുമാർ സൂചിപ്പിച്ചതുപോലെ അനൗദ്യോഗിക പ്രമേയമായല്ല ഔദ്യോഗികമായി അവതരിപ്പിച്ച് കേന്ദ്രത്തിനെതിരെ ഒറ്റക്കെട്ടായി ശക്തമായ പോരാട്ടം നടത്താമായിരുന്ന പ്രമേയത്തെയാണ് ഒരു ഒളിച്ചുകളിയിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന അവഗണനയിൽ പ്രതിഷേധിച്ച് കേരളത്തിന്റെ കൂടെ നിൽക്കുന്നവരാണ് ഞങ്ങൾ. കേരളത്തെ ശക്തമായി അവഗണിച്ച് കേന്ദ്ര ഗവൺമെന്റ്

മുന്നോട്ടുപോകുമ്പോൾ ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് കേരളത്തിന്റെ കൂടെ ഞങ്ങൾ നിൽക്കുമെന്ന് ഒരിക്കൽ കൂടി സൂചിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇവിടെ ബഹുമാന്യനായ എ. പി. അനിൽ കുമാർ കിട്ടിയ സമയംകൊണ്ട് തെറ്റായ ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം ഇപ്പോൾ സീറ്റിലില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ സഭാ രേഖകളിൽ ഉണ്ടാകുമെന്നതിനാൽ അക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഇതൊരു ഔദ്യോഗിക പ്രമേയമായി കൊണ്ടുവരേണ്ടതായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെയും ശ്രീ. എ. കെ. എം. അഷ്റഫിന്റെയും പ്രധാനപ്പെട്ട പരിഭവം. കേന്ദ്ര സർക്കാരിനെതിരെ പറയാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് ചങ്കുറപ്പില്ല എന്നതാണ് ശ്രീ. എ. പി. അനിൽ കുമാറിന്റെ കുറ്റാരോപണം. സഭാ നടപടികളിൽ പ്രതിപക്ഷാംഗങ്ങൾക്ക് ഒരു ശ്രദ്ധയുമില്ല എന്നതിന്റെ തെളിവാണ് ഈ ആരോപണം. ഈ പ്രമേയത്തിൽ പറയുന്ന എല്ലാ കാര്യങ്ങളുമുൾപ്പെടുത്തി ഏതാണ്ട് ആറുമാസം മുമ്പുതന്നെ ബഹുമാന്യനായ

ധനകാര്യ വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് വിശദമായ പ്രസ്താവന ഈ സഭയിൽ നടത്തിയതാണ്. അന്ന് പ്രതിപക്ഷം സഭാനടപടികൾ തടസ്സപ്പെടുത്തുകയായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ കസേരയിൽ അന്നിരുന്നത് ഞാൻ ആയതിനാൽ അക്കാര്യം നല്ല ഓർമ്മയുണ്ട്. 'കേരളത്തെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവനയിലൂടെ ഇവിടെ അവതരിപ്പിക്കുന്നത്. പ്രതിപക്ഷാംഗങ്ങൾ ദയവുചെയ്ത് അത് കേൾക്കണം' എന്ന് പല തവണ ഞാൻ അവരോട് അഭ്യർത്ഥിച്ചതുമാണ്. എന്നിട്ട് ഇപ്പോൾ ഇത് ഔദ്യോഗിക പ്രമേയമാക്കിയില്ലെന്ന് പറയുകയാണ്. കേന്ദ്ര സർക്കാരിന്റെ വിവേചനത്തെക്കുറിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ശക്തമായി പറഞ്ഞിട്ടുണ്ട്. അതിന് പുറമെ ഈ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് തന്നെ വിശദമായി ഒരു പ്രമേയം തയ്യാറാക്കി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് നൽകിക്കഴിഞ്ഞു. അതിന് മുമ്പുതന്നെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെക്കണ്ട് ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ മെമ്മോറാണ്ടം നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ ക്യാബിനറ്റ് അംഗീകരിച്ച

മെമ്മോറാണ്ടം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കൊടുത്തുകഴിഞ്ഞു. സർക്കാരും ഇടതുപക്ഷവും മാത്രമാണ് ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നത്. ആ സമയത്തെല്ലാം മൗനം പാലിച്ചവർ ഔദ്യോഗിക പ്രമേയമാക്കേണ്ടിയിരുന്നുവെന്ന് ഇപ്പോൾ പറയുന്നത് വെറും മുതലക്കണ്ണീരാണ് എന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ശ്രീ. എ. പി. അനിൽ കുമാർ തെറ്റിദ്ധരിപ്പിക്കുന്ന ഒരു പ്രസ്താവനകൂടി നടത്തി. ഞാൻ അധികം സമയമെടുക്കുന്നില്ല. ജി.എസ്.ടി. കോമ്പൻസേഷന്റെ പ്രശ്നത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമനുമായി തർക്കത്തിനില്ലായെന്ന് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞുവെന്നും അതിൽ അന്തർധാരയുണ്ടെന്നും ഇത് അതിനുള്ള തെളിവാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. യഥാർത്ഥത്തിൽ കൊല്ലം എം.പി. പാർലമെന്റിൽ തെറ്റായ ചോദ്യമുന്നയിച്ച് തെറ്റായ ഉത്തരം വാങ്ങിയതിനെയാണ് അന്ന് ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചത്. കേരളത്തിന് ജി.എസ്.ടി. കോമ്പൻസേഷന്റെ കുടിശ്ശിക കിട്ടാനുണ്ടോ എന്നതായിരുന്നു ആ ചോദ്യം. കുടിശ്ശികയുടെ കാര്യത്തിലല്ല തർക്കം. വളരെ

നിസ്സാര തുകയായ 757 കോടി രൂപ മാത്രമാണ് കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ളത്. കേരള സർക്കാരിന്റെ തർക്കം കോമ്പൻസേഷൻ നിർത്തലാക്കിയതിന് എതിരെയാണ്. ചുരുങ്ങിയത് പതിനായിരം കോടി രൂപയാണ് കോമ്പൻസേഷൻ നിർത്തലാക്കിയതുമൂലമുണ്ടായ നഷ്ടം. ആ പതിനായിരം കോടി രൂപയുടെ നഷ്ടത്തിന്റെ കാര്യം പറയുമ്പോൾ 757 കോടി രൂപ വൈകിയതിന്റെ കാര്യമാണ് പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത്. അതാണ് വ്യത്യാസം. 757 കോടി രൂപയേ ഇനി കിട്ടാനുള്ളൂ. ബാക്കി തുക കിട്ടിയിട്ടുണ്ട്. 757 കോടി രൂപ കിട്ടിയാൽ തീരുന്ന പ്രശ്നമല്ല ഉള്ളത്. നിങ്ങൾ യഥാർത്ഥ പ്രശ്നത്തെ വഴിതെറ്റിക്കാൻ ശ്രമിക്കുകയാണ്. യഥാർത്ഥത്തിൽ നിങ്ങളാണ് കേന്ദ്രവുമായി ഒത്തുകളിച്ചത്. ശ്രീമതി നിർമ്മലാ സീതാരാമനിൽനിന്ന് നിങ്ങൾക്കാവശ്യമുള്ള ഉത്തരം നേടാനായി സൃഷ്ടിച്ച അന്തർധാരയായിരുന്നു അന്ന് പാർലമെന്റിൽ ഉയർത്തിയ ചോദ്യം. അതാണ് ഞങ്ങൾ അന്ന് തുറന്നുകാണിച്ചത്. ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ അഞ്ചുവർഷം എന്ന പരിധി നീട്ടണമെന്ന ആവശ്യം കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയാണ്

ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചത്. അത് പിന്തുണയ്ക്കാൻ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ മാത്രമല്ല, ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരും ഉണ്ടായിരുന്നു. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയാണ് ആ പോരാട്ടത്തിന് നേതൃത്വം കൊടുത്തത്. തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കരുതെന്നാണ് ശ്രീ. എ. പി അനിൽ കുമാറിന്റെ അസാന്നിദ്ധ്യത്തിലും അദ്ദേഹത്തോട് ചൂണ്ടിക്കാണിക്കാനുള്ളത്. കേരളത്തിൽ നിന്നുള്ള 18 യു.ഡി.എഫ്. എം.പി.മാരിലാരെങ്കിലും ഇന്നുവരെ ഇക്കാര്യം പാർലമെന്റിൽ ഉന്നയിച്ചിട്ടുണ്ടോ? ജി.എസ്.ടി. കോമ്പൻസേഷനുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊരു കാര്യം ഉന്നയിച്ചിട്ടുണ്ടോ; അഞ്ചുവർഷമെന്ന പരിധി നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; റവന്യൂ കമ്മി ഡെഫിസിറ്റ് ഗ്രാന്റ് വെട്ടിക്കുറച്ചതിനെതിരെ സംസാരിച്ചിട്ടുണ്ടോ; കേരളത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതിന് എതിരെ സംസാരിച്ചിട്ടുണ്ടോ? അതൊന്നും ചെയ്യാത്ത ആളുകളാണ് ഇവിടെ ഇത്തരം പരാമർശങ്ങൾ നടത്തുന്നത്.

ഇവിടെ ബഹുമാന്യനായ പ്രമേയാവതാരകനും മറ്റംഗങ്ങളും പറഞ്ഞ കണക്കുകളെല്ലാം പ്രസക്തമാണ്. അതിനോടൊന്നും സർക്കാരിന് വിയോജിപ്പില്ല. ഏറ്റവുമൊടുവിൽ വിവേചനത്തിന്റെ ഏറ്റവും വലിയ ഉദാഹരണം പറയാം. സെസ്സും സർചാർജ്ജും ചുമത്തി കേന്ദ്ര സർക്കാർ ഗണ്യമായി കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. 2012-ൽ സെസ്സും സർചാർജ്ജും കേന്ദ്ര നികുതി വരുമാനത്തിന്റെ 9.43 ശതമാനമായിരുന്നു. നരേന്ദ്ര മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9 വർഷം കൊണ്ട് ഇത് 15 ശതമാനമായി വർദ്ധിച്ചു. എന്താണ് പ്രശ്നം? ഇത് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ല. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത സെസ്സും സർചാർജ്ജും ചുമത്തി ജനങ്ങളെ കൊള്ളയടിക്കുകയും സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കാതെ കേന്ദ്ര സർക്കാർ അത് മുഴുവൻ സ്വന്തമായി സൂക്ഷിക്കുകയും ചെയ്യുന്നു. ഇതാണ് പ്രശ്നം. കേന്ദ്രത്തിന്റെ സെസ്സിൽനിന്നുള്ള നികുതി വരുമാനം ഫെബ്രുവരി മാസത്തിൽ സർവ്വകാല റെക്കോർഡിലെത്തിയെന്ന് ഇന്നലത്തെ പത്രത്തിൽ വാർത്തയുണ്ടായിരുന്നു. ഇതിൽനിന്ന് ചില്ലിക്കാശ് സംസ്ഥാനങ്ങൾക്ക്

കൊടുക്കേണ്ടതില്ല. ഇതുമുഴുവൻ കേന്ദ്രത്തിന്റെ കൈവശമിരിക്കും. ഈ വഞ്ചനയെയും വിവേചനത്തെയും തുറന്ന് എതിർക്കുന്നതിന് പകരം എവിടെയും ഇത് പറയുന്ന ഇടതുപക്ഷത്തെയും എൽ.ഡി.എഫ്. ഗവൺമെന്റിനെയും നിങ്ങൾ കുറ്റപ്പെടുത്താൻ ശ്രമിക്കുന്നത് അന്തർധാര പ്രതിപക്ഷവും കേന്ദ്ര സർക്കാരും തമ്മിലാണെന്നതുകൊണ്ടാണ്. ഈ പ്രമേയത്തിൽ പറഞ്ഞ കാര്യങ്ങൾ പ്രസക്തമാണ്. ഇക്കാര്യങ്ങളെല്ലാം സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ വിശദമായ പ്രസ്താവന നടത്തിയിട്ടുള്ളതാണെന്നുള്ളതുകൊണ്ടും ക്യാബിനറ്റ് തന്നെ ഇക്കാര്യങ്ങളെല്ലാം വിശദീകരിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കൊടുത്തിട്ടുള്ളതാണെന്നുള്ളതുകൊണ്ടും ഈ പ്രമേയം ഇപ്പോൾ അംഗീകരിക്കേണ്ടതില്ല എന്നതാണ് സർക്കാരിന്റെ നിലപാട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലായിരുന്നു.)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(ii) ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, "സച്ചാർ കമ്മീഷൻ നടത്തിയ പഠനത്തെ തുടർന്ന് രാജ്യത്തെ അരികുവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലാന ആസാദ് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കൂടാതെ

പൊതു വിദ്യാഭ്യാസ വകുപ്പുവഴി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വന്നിരുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം.

2022-23-ൽ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നീക്കിവെച്ച വിഹിതത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപ പോലും സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന

അവഗണനനയെയാണ് ചൂണ്ടിക്കാണിക്കുന്നത്.

ആയതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ രാജ്യത്തിന്റെ കരുത്ത് ബഹുസ്വരതയാണ്. അതുകൊണ്ടുതന്നെ എല്ലാ വിഭാഗം ജനങ്ങളുടെയും പുരോഗതിയുണ്ടാകണം. ചരിത്രപരമായ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തെ മുന്നോട്ടുകൊണ്ടുവരണം. അതിന് ഭരണഘടന തന്നെ ചില അടിസ്ഥാനങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതാണ് ആർട്ടിക്കിൾ 25 മുതൽ 30 വരെ ന്യൂനപക്ഷ അവകാശങ്ങളിൽ ഭരണഘടന നൽകിയിട്ടുള്ളത്. 2009-ലെ സച്ചാർ കമ്മിറ്റിയുടെ നിയമനമാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു നടപടി. അതേത്തുടർന്ന് കേന്ദ്രത്തിലും സംസ്ഥാനത്തും ന്യൂനപക്ഷ, പിന്നാക്ക ജനവിഭാഗങ്ങളുടെ പ്രത്യേകിച്ച്

വിദ്യാഭ്യാസ മേഖലയിലെ പുരോഗതിക്കുവേണ്ടി ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ന്യൂനപക്ഷ, പിന്നാക്ക ജനവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളെ വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടുകൊണ്ടുവരുന്നതിനുവേണ്ടി ചില സ്കോളർഷിപ്പുകൾ ഉണ്ടായിരുന്നു. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് മൗലാനാ ആസാദ് ഫെലോഷിപ്പ്. കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ 6722 ഗവേഷക വിദ്യാർത്ഥികൾക്കായി 730 കോടി രൂപ ചെലവഴിച്ച ഒരു പദ്ധതിയാണിത്. ഏഴ് വർഷത്തിന് മുമ്പുള്ള ഗവൺമെന്റുകളും അതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഏഴ് വർഷത്തെ ഒരു കണക്കെടുത്തു എന്ന് മാത്രമേയുള്ളൂ. എന്നാൽ ഈ പദ്ധതി ഇനി തുടരില്ലെന്ന് ഇത്തവണ പാർലമെന്റിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് ന്യൂനപക്ഷ ദ്രോഹമാണ്. മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ വിഭാഗങ്ങൾക്കാണ് ഈ ഫെല്ലോഷിപ്പ് നൽകിയിരുന്നത്. ആർ.എസ്.എസ്.-ന്റെ സംഘടിതമായ നീക്കത്തിന്റെ ഭാഗമായാണിത് നിർത്തലാക്കിയത്. അതുപോലെതന്നെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ

കുട്ടികൾക്ക് നൽകിയിരുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് ഇപ്പോൾ 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ 1,425 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിരുന്നതെങ്കിൽ ഇപ്പോൾ ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റിൽ 433 കോടി രൂപയായി അത് കുറച്ചിരിക്കുന്നു. അതായത് 75 ശതമാനവും വെട്ടിക്കുറച്ചിരിക്കുകയാണ്. ഇതര ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പിനായുള്ള തുക 160 കോടി രൂപയായിരുന്നുവെങ്കിൽ അതിപ്പോൾ 10 കോടി രൂപയായി ചുരുക്കിയിരിക്കുകയാണ്. ദലിത് വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പും കേന്ദ്രം വെട്ടിക്കുറയ്ക്കുകയാണ്. ഒ.ബി.സി. വിഭാഗത്തിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നിർത്തലാക്കുമെന്ന സൂചനയുമുണ്ട്. ഈ സ്കോളർഷിപ്പുകളെല്ലാം നിലച്ചാൽ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ഇത്തരം വിഭാഗങ്ങളിലെ കുട്ടികൾ സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും വരില്ല. അതവരുടെ വിദ്യാഭ്യാസ പുരോഗതിയെ സാരമായി ബാധിക്കും. അതുകൊണ്ടുതന്നെ സംസ്ഥാന നിയമസഭ വളരെ ശക്തമായി കേന്ദ്ര ഗവൺമെന്റിന്റെ ഈ

നടപടിയിൽ പ്രതിഷേധിക്കുകയും മൗലാനാ ആസാദ് ഫെലോഷിപ്പും പ്രീ-മെട്രിക് സ്കോളർഷിപ്പും സംബന്ധിച്ച് സച്ചാർ സമിതിയുടെ ശിപാർശ പ്രകാരമുണ്ടായിട്ടുള്ള നടപടികൾ തുടരണമെന്ന് അതിശക്തമായി ആവശ്യപ്പെടുകയും വേണം. നമ്മുടെ സംസ്ഥാനത്ത് ന്യൂനപക്ഷ പദ്ധതികളിൽ വലിയ അലംഭാവമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ നൽകിയ മറുപടിയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇവിടെയും ബഡ്ജറ്റിൽ വിഹിതം വച്ചെങ്കിലും ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിൽ 31-01-2023 വരെ പൂജ്യമാണ് ചെലവാക്കിയത്. മദർ തെരേസ സ്കോളർഷിപ്പിൽ 68 ലക്ഷം രൂപ മാറ്റിവച്ചിരുന്നെങ്കിലും പൂജ്യമാണ് ചെലവാക്കിയത്. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പിനായി 82 ലക്ഷം രൂപ മാറ്റിവച്ചു. പക്ഷേ തനതുവർഷം ചെലവാക്കിയത് പൂജ്യമാണ്. ഇങ്ങനെ ആകെ ന്യൂനപക്ഷ പദ്ധതികൾക്കുവേണ്ടി നീക്കിവച്ചത് 7601 കോടി രൂപ ആണെങ്കിലും ആകെ ചെലവഴിച്ചത് 1697 കോടി രൂപയാണ്. 22.3 ശതമാനം മാത്രമാണ് ഈ ഇനത്തിൽ വിനിയോഗിച്ചിട്ടുള്ളത്. അത് സംസ്ഥാന ഗവൺമെന്റ് തിരുത്തുകയും ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ

വെട്ടിക്കുറച്ച നടപടിയിൽനിന്ന് പുറകോട്ട് പോകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അതിശക്തമായി ഈ നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടണമെന്നാണ് ഈ പ്രമേയത്തിലൂടെ എനിക്ക് പറയാനുള്ളത്.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാന്യനായ ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ചിട്ടുള്ള അനൗദ്യോഗിക പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. 1 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിരുന്ന സ്കോളർഷിപ്പാണ് സാമൂഹികനീതി ശാക്തീകരണ മന്ത്രാലയം വെട്ടിച്ചുരുക്കുന്നത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടങ്ങളിലുണ്ടായിരുന്ന എല്ലാ രീതിയിലുമുള്ള സ്കോളർഷിപ്പുകൾ, പ്രത്യേകിച്ച് പിന്നാക്ക വിഭാഗത്തിന് കൊടുക്കുന്ന സ്കോളർഷിപ്പുകൾ ഇല്ലാതാക്കുവാൻ വേണ്ടിയിട്ടുള്ള ഗൂഢശ്രമമാണ് ബി.ജെ.പി.യുടെ ഗവൺമെന്റുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. മുസ്ലീം, ക്രിസ്ത്യൻ, ജൈനർ, ബുദ്ധർ, സിഖ്, പാഴ്സി എന്നീ ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട രണ്ടരലക്ഷത്തിൽ താഴെ വരുമാന പരിധിയുള്ള വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് പരിഗണിച്ചിരുന്നത്. പ്രതിവർഷം 1500 രൂപയായിരുന്നു

അവർക്ക് കൊടുത്തുകൊണ്ടിരുന്നത്. 50 ശതമാനം വിഹിതം കേന്ദ്രവും 50 ശതമാനം സംസ്ഥാനവുമാണ് നൽകിവരുന്നത്. ഇപ്പോൾ അത് 9, 10 ക്ലാസ്സുകളിൽ മാത്രമാക്കി ചുരുക്കിയിരിക്കുകയാണ്. സ്കോളർഷിപ്പ് തുക 4000 രൂപയായി വർദ്ധിപ്പിച്ചു. ഇതിൽ 40 ശതമാനം തുക സംസ്ഥാനങ്ങൾ വഹിക്കണമെന്നാണ് പുതിയ വിജ്ഞാപനത്തിലുള്ളത്. ഇവിടെ പട്ടികജാതി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നിർത്തലാക്കിയതിന് പിന്നാലെയാണ് ന്യൂനപക്ഷ വിദ്യാർത്ഥികളെയും കേന്ദ്രഗവൺമെന്റ് തഴയുന്നത്. സ്കോളർഷിപ്പ് ഇല്ലാതാക്കിയത് നിരവധി വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുകയാണ്. സാമൂഹികപരമായും സാമ്പത്തികപരമായും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പ് ലഭ്യമാകുമ്പോൾ ആ സാമ്പത്തിക സഹായത്താൽ പഠിച്ച് മുന്നേറുന്ന ഒരു സാഹചര്യം ഇന്ത്യയിലുണ്ടായിരുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുകയിൽ നിന്ന് ഒരു നയാ പൈസപോലും ചെലവാക്കുവാൻ ഈ ജനുവരി 31-വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ രണ്ടാം പിണറായി ഗവൺമെന്റിന്

കഴിഞ്ഞിട്ടില്ലെന്നുള്ളതും വളരെ ഖേദകരമാണ്. ശ്രീ. എ. കെ. എം. അഷറഫ് നൽകിയ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2100-ന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഒരൊറ്റ നയാപൈസപോലും ചെലവഴിച്ചിട്ടില്ലെന്ന് പറയുന്നതുതന്നെ അപമാനകരമാണ്. ഇവിടെ ന്യൂനപക്ഷങ്ങളോട് പ്രതിബദ്ധതയുണ്ടെന്ന് പറയുന്ന നിങ്ങൾക്ക് ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനോ അവർക്കുവേണ്ടി പണം ചെലവഴിക്കാനോ കഴിയുന്നില്ല. ഈ ഗവൺമെന്റ് വകയിരുത്തിയ തുകയുടെ 22.3 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ രീതിയിൽ ന്യൂനപക്ഷങ്ങളോടുള്ള പ്രതിബദ്ധത പറയുമ്പോൾ തന്നെ തുക ചെലവഴിക്കുന്നില്ലെന്ന് മാത്രമല്ല, കേന്ദ്രഗവൺമെന്റ് ഈ അനീതി തുടരുമ്പോൾ അതിനെതിരെ ശബ്ദിക്കാൻപോലും ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല എന്നുള്ളതും വളരെയധികം ഖേദകരമാണ്. ഈ സാഹചര്യത്തിൽ പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന സ്കോളർഷിപ്പ് തിരികെ കൊണ്ടുവരാൻവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഒരുമിച്ച് ഒറ്റക്കെട്ടായി വിവിധ മേഖലകളിൽ പഠിക്കുന്ന പാവപ്പെട്ട

ന്യൂനപക്ഷ വിദ്യാർത്ഥികളെ സഹായിക്കാൻവേണ്ടിയുള്ള പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ട് മുന്നോട്ടുപോകണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിറുത്തുന്നു.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. കാട് കാണാതെ മരം കണ്ടിട്ട് കാര്യമില്ലല്ലോ; കേന്ദ്രഗവൺമെന്റിന്റെ ന്യൂനപക്ഷവിരുദ്ധ നിലപാടിനെ ചാരി, ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന സംസ്ഥാന ഗവൺമെന്റിനെ പഴി ചാരുന്നതിനുള്ള അവസരമായിട്ടാണ് ഈ പ്രമേയം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. കേരളം ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിൽ രാജ്യത്തിന് മാതൃകയാണെന്ന് പറഞ്ഞത് കേന്ദ്ര ന്യൂനപക്ഷ കമ്മീഷന്റെ ഉപാദ്ധ്യക്ഷൻ ശ്രീ. ആതിഫ് റഷീദാണ്. കേന്ദ്രഗവൺമെന്റ് അതിശക്തമായ നിലയിൽ ന്യൂനപക്ഷങ്ങളെ അവഹേളിക്കുകയാണ്, അവഗണിക്കുകയാണ്. ആ അവഗണന കണക്കുകളിൽ വളരെ കൃത്യമായിട്ടുണ്ട്. അതിന്റെ കണക്കുകൾ അദ്ദേഹം പറഞ്ഞതിനോട് ഞാനും യോജിക്കുന്നു. അത് വസ്തുത തന്നെയാണ്. പക്ഷേ കേന്ദ്രഗവൺമെന്റിന്റെ

നിലപാടിനെതിരെ നിയമസഭയിൽ നിങ്ങൾ പ്രതിഷേധിക്കുന്ന അല്ലെങ്കിൽ പ്രമേയം അവതരിപ്പിക്കുന്നു. നിങ്ങൾക്ക് 18 എം.പി.മാരുണ്ടല്ലോ; എന്താണ് അവരുടെ പണി; അവർ എന്ത് ചെയ്തു; യു.ഡി.എഫ്. എന്നുള്ള അർത്ഥത്തിൽ ഈ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന്റെ കാര്യത്തിൽ മാത്രമല്ല്ലല്ലോ; കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന കാര്യത്തിൽപ്പോലും 'കമ' എന്നൊരക്ഷരം മിണ്ടാത്തവരാണ് അവർ. ഇവരുടേത് കപട ന്യൂനപക്ഷ സ്നേഹമാണ്. ന്യൂനപക്ഷങ്ങളെ എന്നും വോട്ട് ബാങ്കുകളായി മാത്രം കാണുകയാണ് ഇവർ. ഇവിടെ ഈ പറയപ്പെടുന്ന ഒട്ടേറെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കണമെന്നുണ്ടെങ്കിൽ അതിന് അപേക്ഷ സ്വീകരിക്കണം, പ്രോസസ്സ് ചെയ്യണം. ആ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ വർഷാവസാനമാണ്. അപ്പോൾ മാർച്ച് മാസം കഴിയുമ്പോൾ മാത്രമേ യഥാർത്ഥ ചെലവുകൾ കണക്കാക്കാൻ കഴിയുകയുള്ളൂ. ഇവിടെ വിഹിതം വച്ചിട്ടില്ലെന്നുള്ള പരാതി അവർക്കില്ല, ചെലവഴിച്ചിട്ടില്ലെന്നതാണ്. ചെലവഴിക്കണമെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ പാലിച്ചുമാത്രമെ

കഴിയുകയുള്ളൂ. തികച്ചും വ്യത്യസ്തമായി കേന്ദ്രഗവൺമെന്റ് എല്ലാ മേഖലയിലും ന്യൂനപക്ഷ സ്കോളർഷിപ്പുകൾ വെട്ടിക്കുറയ്ക്കുന്നു. മദ്രസയ്ക്കും മറ്റുമുള്ള ധനസഹായം പാടെ ഇല്ലാതാക്കുന്നു. അതിൽനിന്നും വ്യത്യസ്തമായി ഇന്ന് ഈ കേരളം ന്യൂനപക്ഷ സംരക്ഷണത്തിന്റെ കാര്യത്തിൽ, വിദ്യാഭ്യാസ മേഖലയിലും സ്കോളർഷിപ്പിലും മാത്രമല്ല ഇവിടെ ഇഷ്ടമുള്ള ഭക്ഷണം കഴിക്കാം, ബീഫും കഴിക്കാം. ഈ കേരളത്തിൽ മാത്രമേ അതിന് കഴിയൂ, കേരളം വിട്ടാൽ അത് കഴിക്കാൻ കഴിയില്ല. കേരളത്തിൽ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഉണ്ടായതുകൊണ്ട് തന്നെയാണ് നമുക്ക് ഇഷ്ടമുള്ള ഭക്ഷണം കഴിച്ച്, ഇഷ്ടമുള്ള വസ്ത്രം ധരിച്ച്, ഇഷ്ടമുള്ള ആരാധന നടത്തി ജീവിക്കാൻ കഴിയുന്നത്. ഇവിടെ പള്ളികളൊന്നും തകർക്കപ്പെടുന്നില്ല, വാങ്കുവിളികൾ തടസ്സപ്പെടുന്നില്ല. ന്യൂനപക്ഷ ക്ഷേമത്തിൽ രാജ്യത്തിനുതന്നെ മാതൃകയായിട്ടാണ് ഇന്ന് കേരളം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിനെ മറച്ചുവയ്ക്കാൻ, ആ നന്മയെ മൂടിവയ്ക്കാൻ ഇതുപോലുള്ള ആരോപണങ്ങളുമായി വരുന്നത് ഗുണകരമല്ല. കേന്ദ്ര ഗവൺമെന്റിന്റെ ഈ അവഗണനയ്ക്കെതിരെ എം.പി.മാരോട് ഒരു

പ്ലക്കാർഡെങ്കിലും ഉയർത്താൻ നിങ്ങൾ ആവശ്യപ്പെടണം. അത് ചെയ്യാതെ ഇവിടെ ന്യൂനപക്ഷക്ഷേമത്തിൽ അതീവ ജാഗ്രതയോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെ ഇകഴ്ത്തിക്കാണിക്കാൻ വേണ്ടിയാണ് നിങ്ങൾ ഈ പ്രമേയം കൊണ്ടുവന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. വിദ്യാഭ്യാസപരമായും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് യു.പി.എ. സർക്കാർ സച്ചാർ കമ്മിറ്റിയെ നിയോഗിച്ചത്. സച്ചാർ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പാക്കേണ്ട പല പദ്ധതികളും നടപ്പാക്കിയിട്ടില്ലെന്ന വസ്തുത നിലനിൽക്കുകയാണ്. കേന്ദ്രഗവൺമെന്റ് 12 സ്കോളർഷിപ്പുകൾക്കുള്ള 2000 കോടി രൂപയാണ് വെട്ടിക്കുറച്ചത്. സമാനമായ രീതിയിൽ എൽ.ഡി.എഫ്. ഗവൺമെന്റും 10 കോടി രൂപയുടെ സ്കോളർഷിപ്പ് തടഞ്ഞുവച്ചിരിക്കുകയാണ്. നേരത്തെ സൂചിപ്പിച്ച എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, സി.എച്ച്.

മുഹമ്മദ്കോയ സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ് ഇതിനൊക്കെ അപേക്ഷ ക്ഷണിക്കേണ്ട സമയം നവംബർ, ഡിസംബർ മാസങ്ങളാണ്. ഇപ്പോൾ മാർച്ച് മാസത്തിൽ എത്തിനിൽക്കുകയാണ്. എന്നിട്ടുപോലും സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിക്കാൻ ഇവിടെ ന്യൂനപക്ഷങ്ങളുടെ സംരക്ഷകരാണ് ഞങ്ങൾ എന്നുപറയുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുവന്നിട്ടില്ലെന്നതാണ് വളരെ ഖേദകരമായ അവസ്ഥ. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ന്യൂനപക്ഷ പദ്ധതികൾക്കുള്ള ബഡ്ജറ്റ് വിഹിതം വെട്ടിക്കുറച്ചപ്പോൾ സംസ്ഥാന ഗവൺമെന്റും ആ നിലപാടാണ് സ്വീകരിച്ചത്. കേരളത്തിലെ വഖഫ് ബോർഡിന് 6 കോടി രൂപ കുടിശ്ശികയായിരിക്കുകയാണ്. വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പാവപ്പെട്ടവർക്ക് വിവാഹ ധനസഹായത്തിനും ചികിത്സാ ധനസഹായത്തിനുമൊക്കെ ലഭിക്കേണ്ട തുക നൽകാൻപോലും ഈ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടില്ലെന്ന് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അപ്പോൾ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ന്യൂനപക്ഷ വിരുദ്ധ സമീപനങ്ങളുമായിട്ടാണ്

മുന്നോട്ടുപോകുന്നത്. ഈ സമീപനം ഗവൺമെന്റുകൾ തിരുത്തണം എന്നാവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഈ പ്രമേയവും മന്ത്രിയുടെ മറുപടി അടക്കമുള്ള മറ്റ് പ്രമേയങ്ങളും തുടർ ചർച്ചയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

(ചർച്ച തുടരും)

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 6-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

*********

## അനുബന്ധം

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എടയന്നൂർ ഷുഹൈബ് വധക്കേസിന്റെ അന്വേഷണ പുരോഗതി

7 (*303) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന ഘടകം മട്ടന്നൂർ ബ്ലോക്ക് പ്രസിഡന്റായിരുന്ന എടയന്നൂർ ഷുഹൈബ് വധക്കേസിൽ ഏതെങ്കിലും പാർട്ടിക്ക് പങ്കുണ്ടെന്ന് കേസിലെ ഒന്നാം പ്രതി വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കൊലപാതകത്തിന് ഉത്തരവാദികളായവർ പാർട്ടിക്ക് അകത്തുണ്ടെന്ന ഒന്നാം പ്രതിയുടെ വെളിപ്പെടുത്തൽ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി)പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 202/2018 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ അന്വേഷണം നടത്തി 17 പ്രതികളെ അറസ്റ്റ് ചെയ്തിരുന്നു. ഈ കേസിന്റെ അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും അന്വേഷണ മേൽനോട്ടത്തിന് കണ്ണൂർ ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയുമുണ്ടായി.

1 മുതൽ 11 വരെയുള്ള പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 14.05.2018- ൽ കുറ്റപത്രം സമർപ്പിച്ചു. SC 596/2018 പ്രകാരം ബഹു. കോടതി കുറ്റപത്രം സ്വീകരിച്ചിട്ടുണ്ട്.

12 മുതൽ 17 വരെയുള്ള പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 21.01.2019-ൽ കുറ്റപത്രം സമർപ്പിക്കുകയും SC 385/2019

പ്രകാരം ബഹു. കോടതി കുറ്റപത്രം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേസിന്റെ വിചാരണ നടപടികൾ നടന്നുവരുന്നു.

**റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വകുപ്പുകളുടെ ഏകോപനം**

8(*308) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ വിവിധ വകുപ്പുകളുടെ ഫലപ്രദമായ ഏകോപനം ഉറപ്പുവരുത്തുന്നതിന് മുഖ്യമന്ത്രി തലത്തിൽ അവലോകനവും നയരൂപീകരണവും നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ & ബി) സംസ്ഥാനത്ത് 2012-ൽ വാഹനാപകട നിരക്ക് ലക്ഷത്തിന്

527 ആയിരുന്നത് 2022-ൽ ലക്ഷത്തിൽ 279 ആയി കുറയുകയാണുണ്ടായിട്ടുള്ളത്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25-01-2023-ൽ അവലോകന യോഗം ചേർന്നിരുന്നു. വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിനും വാഹനപരിശോധന കൂടുതൽ ശക്തമാക്കുന്നതിനും നിയമ ലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും വാഹനങ്ങളിൽ അമിത ഭാരം കയറ്റുന്നത് നിയന്ത്രിക്കാനും സംയുക്ത ഇടപെടൽ നടത്തുന്നതിനും കൂടിയാലോചനകൾ നടത്തി മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്കും മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ്, മൈനിംഗ് & ജിയോളജി വകുപ്പ്, റവന്യൂ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവയ്ക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

ശരിയായ റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തുടനീളം പ്രചാരണം നടത്താനും റോഡ് സുരക്ഷാ ഓഡിറ്റ് നടത്താനും റോഡ് സുരക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആംബുലൻസുകളുടെ നെറ്റ്‌വർക്ക് സംവിധാനം നടപ്പിലാക്കുന്നതിനും

വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 48 മണിക്കൂർ വരെ സൗജന്യ ചികിത്സ പ്രദാനം ചെയ്യുന്ന 'ഗോൾഡൻ അവർ പദ്ധതി' എന്നിവ നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മേൽ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനത്തിനും തീരുമാനിച്ചിട്ടുണ്ട്.

(സി) റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി ട്രാഫിക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമമായ സാങ്കേതികവിദ്യാ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി ട്രാഫിക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ സ്പീഡ് റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്റർ വാഹനം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

ക്യാമറ, SVDS (Speed Violation Detection System), HDS (Helmet Violation Detection System), ANPR (Automatic Number Plate Recognition) ക്യാമറ, ലഹരി ഉപയോഗിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താൻ Alco-Scan വാഹനം, പിഴ ഈടാക്കുന്നതിന് e-Chalan Machine എന്നിവ ഉപയോഗിച്ചുവരുന്നു.

മദ്യപിച്ച് വാഹനമോടിക്കുന്നവർക്ക് കൗൺസിലിംഗിനായി മലപ്പുറം എടപ്പാളിൽ IDTR (Institute of Driving Training and Research) സെന്ററും സജ്ജീകരിച്ചിട്ടുണ്ട്. ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി 'Integrated Digital Traffic Enforcement System' എന്ന പദ്ധതി 'BOOT' (Build Operate Own Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പിന്റെ സേഫ് കേരള പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്താകെ 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ ഉൾപ്പെടെ ആകെ 726 ക്യാമറകൾ സ്ഥാപിച്ച് വാഹനങ്ങളുടെ നിയമ ലംഘനങ്ങൾ നിരീക്ഷിച്ച് നടപടികൾ

സ്വീകരിക്കുവാൻ കഴിയുന്ന "Automated Traffic Enforcement System" നടപ്പിലാക്കുന്നത് അന്തിമ ഘട്ടത്തിലാണ്. എല്ലാ ഹെവി സ്റ്റേജ് ക്യാരേജുകളുടേയും മുന്നിലും പിന്നിലും ഡാഷ് ബോർഡ് ക്യാമറകൾ ഘടിപ്പിക്കുന്നതും വാഹനങ്ങൾ തടഞ്ഞുനിർത്താതെ തന്നെ അമിത ഭാരമുണ്ടെങ്കിൽ നിർണ്ണയിക്കുവാൻ സാധിക്കുന്ന "Weigh in Motion" എന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ചെക്ക് പോസ്റ്റിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

**റേഷൻ വിതരണം കൂടുതൽ ജനകീയമാക്കാൻ നടപടി**

9(*309) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിണിമൂലം ഒരാളും മരണപ്പെടുന്ന സ്ഥിതി ഉണ്ടാകാൻ പാടില്ലെന്ന കാഴ്ചപ്പാടോടെ അതിദരിദ്രർക്ക് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനും റേഷൻ സംബന്ധിച്ച രേഖകൾ കാലതാമസം കൂടാതെ

നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് റേഷൻ കാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിന് മുൻഗണനാ പരിധിയിൽ ഉൾപ്പെടാൻ അർഹതയുണ്ടായിട്ടും മുൻഗണനേതര കാർഡ് ലഭ്യമായവർക്ക് ആയത് മാറ്റി നൽകുന്നതിന് അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ യോഗ്യമായ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആകെ 7316 പേരിൽ 2428 പേർ ആധാർ ഉള്ളവരും 4888 പേർ ആധാർ ഇല്ലാത്തവരുമാണ്. ലിസ്റ്റിൽ ഉൾപ്പെട്ട ആധാർ ഇല്ലാത്തവർക്ക് ആധാർ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ആധാർ കാർഡുള്ളവർക്ക് റേഷൻ കാർഡ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ

ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടതും റേഷൻ കാർഡ് അനുവദിച്ചിട്ടുള്ളതുമായവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ആധാർ കാർഡ് ഇല്ലാത്തവർ, തദ്ദേശസ്വയംഭരണ വകുപ്പിന് തിരിച്ചറിയാൻ കഴിയാത്തവർ/ വിവരങ്ങൾ ലഭ്യമല്ലാത്തവർ, മരണപ്പെട്ടവർ, നിലവിലെ അഡ്രസ്സിൽ താമസമില്ലാത്തവർ, നിലവിൽ വെൽഫെയർ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടവർ, തെറ്റായ ആധാർ നമ്പരുള്ളവർ, മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് സ്ഥലം മാറിപ്പോയവർ, 18 വയസ്സിന് താഴെയുള്ളവർ, മറ്റ് താലൂക്കുകളിൽ കാർഡുള്ളവർ, പഞ്ചായത്ത് ലിസ്റ്റിൽ നിന്നും പേര് ഒഴിവാക്കിയവർ, കടുത്ത മാനസിക രോഗത്താൽ റേഷൻ കാർഡ് വേണ്ടെന്ന് അറിയിച്ചവർ എന്നിങ്ങനെയുള്ളവർക്കാണ് റേഷൻ കാർഡ് നൽകാൻ അവശേഷിക്കുന്നത്. ഇതിൽ ആധാർ ഇല്ലാത്തവരെ കണ്ടെത്തി റവന്യൂ വകുപ്പിന്റെയും അക്ഷയ സെന്ററിന്റെയും സഹായത്തോടുകൂടി ആധാർ ലഭ്യമാക്കുന്നതിനും റേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഡ് അനുവദിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും എല്ലാ അതിദരിദ്രർക്കും റേഷൻ കാർഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) അതിദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് റേഷൻ വിതരണം കൂടുതൽ ജനകീയമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് റേഷൻ വിതരണം കൂടുതൽ ജനകീയമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.

1. <u>വിശപ്പുരഹിത കേരളം</u>:

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം നൽകുക വഴി സംസ്ഥാനത്തെ പട്ടിണി നിർമ്മാർജ്ജനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് 'വിശപ്പുരഹിത കേരളം'.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അശരണർ, കിടപ്പുരോഗികൾ എന്നീ വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ഭക്ഷണം സൗജന്യമായി അവരുടെ

താമസസ്ഥലത്ത് എത്തിച്ചുകൊടുക്കുകയും പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി "സുഭിക്ഷ" പദ്ധതിയുടെ കീഴിൽ ആവശ്യക്കാർക്ക് ഊണ് ഒന്നിന് 20/- രൂപ നിരക്കിൽ നൽകുന്നതിനായി സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 52 നിയോജകമണ്ഡലങ്ങളിലായി 50 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു.

(സി) റേഷൻ കടകളിലെത്തി റേഷൻ കൈപ്പറ്റാൻ സാധിക്കാത്ത ജനവിഭാഗങ്ങൾക്ക് റേഷൻ അവരുടെ വീടുകളിലേയ്ക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ സഹായത്തോടെ നേരിട്ട് എത്തിക്കുന്ന നൂതന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അതിദരിദ്രരുടെ വീടുകളിൽ ഭക്ഷണമെത്തിക്കുന്ന പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(സി & ഡി)2. ഒപ്പം പദ്ധതി:

വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ നേരിട്ട് കടകളിലെത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ ഗുണഭോക്താക്കൾക്ക്

ഓട്ടോറിക്ഷാ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് "ഒപ്പം" പദ്ധതി രൂപീകരിച്ച് തൃശ്ശൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വീടുകളുടെ ഏറ്റവും സമീപത്തുള്ള ഓട്ടോറിക്ഷാ തൊഴിലാളികളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല. ഓട്ടോറിക്ഷാ തൊഴിലാളികളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തുന്ന പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10-ാം തീയതിയ്ക്കുമുമ്പ് സൗജന്യമായി വീട്ടിൽ ലഭ്യമാക്കും. ടി പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആദിവാസി കോളനികളിൽ റേഷൻ ഭക്ഷ്യവസ്തുക്കൾ നേരിട്ടെത്തിക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയുടെ മാതൃകയിലാണ് 'ഒപ്പം' പദ്ധതിയും നടപ്പിലാക്കുന്നത്. പദ്ധതിയുടെ സുതാര്യത ഉറപ്പാക്കാൻ, റേഷൻ കാർഡുടമയിൽ നിന്ന് ലഭിക്കുന്ന രസീത് മാനുവൽ രജിസ്റ്ററിൽ

രേഖപ്പെടുത്തുകയും ആയതിന്റെ വിവരങ്ങൾ അന്നുതന്നെ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ ഇ-പോസ് മെഷീനുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിനാൽ "ഒപ്പം" പദ്ധതി പരാതിരഹിതവും കാര്യക്ഷമവുമായി നടപ്പാക്കാൻ സാധിക്കുന്നതാണ്.

3. സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി:

ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻ കട'. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുകയെന്നതാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ

ജീവനക്കാർ നേരിട്ടെത്തി റേഷൻ വിതരണം നടത്തിവരുന്നു. 2017-ൽ തൃശ്ശൂരിൽ ആരംഭിച്ച പ്രസ്തുത പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ 19 താലൂക്കുകളിലായി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ ജില്ലയിലേയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് ടി പദ്ധതിക്കുള്ള അനുമതി നൽകിവരുന്നു.

**എടയന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷണ പുരോഗതി**

10 (*310) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)സദയം മറുപടി നൽകുമോ:

(എ) പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനയുടെ നേതാവായിരുന്ന എടയന്നൂർ ഷുഹൈബ് വധക്കേസിൽ ഗൂഢാലോചനാക്കുറ്റം അന്വേഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് മട്ടന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 202/2018 പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ഗൂഢാലോചനാക്കുറ്റം ഉൾപ്പെടുത്തിയുള്ള

കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കൊലപാതകത്തിന് ഉത്തരവാദികളായവർ പാർട്ടിക്കകത്തുണ്ടെന്ന ഒന്നാം പ്രതിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

മേൽപ്പറഞ്ഞ കേസിൽ അന്വേഷണം നടത്തി 17 പ്രതികളെ അറസ്റ്റ് ചെയ്തിരുന്നു. ഈ കേസിന്റെ അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും അന്വേഷണ മേൽനോട്ടത്തിന് കണ്ണൂർ ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയുമുണ്ടായി.

1 മുതൽ 11 വരെയുള്ള പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 14-05-2018-ൽ കുറ്റപത്രം സമർപ്പിച്ചു. SC 596/2018 പ്രകാരം ബഹു. കോടതി കുറ്റപത്രം സ്വീകരിച്ചിട്ടുണ്ട്.

12 മുതൽ 17 വരെയുള്ള പ്രതികൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി 21-01-2019-ൽ കുറ്റപത്രം സമർപ്പിക്കുകയും SC 385/2019

പ്രകാരം ബഹു. കോടതി കുറ്റപത്രം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കുറ്റപത്രത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 447, 341, 342, 324, 326, 307, 302, 120 (B), 109, 201 r/w 34 വകുപ്പുകൾ പ്രകാരവും Explosive Substance Act 3,2 വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ആംസ് ആക്ടിലെ 4 r/w 25 (1-B) (b) വകുപ്പ് പ്രകാരവുമുള്ള കുറ്റങ്ങളാണ് പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ളത്.

കേസിന്റെ വിചാരണ നടപടികൾ ബഹു. കോടതിയിൽ നടന്നുവരുന്നു.

**റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമുകളുടെ പുരോഗതി**

11 (*311) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) അതിതീവ്ര മഴയുടെയും പ്രളയങ്ങളുടെയും പശ്ചാത്തലത്തിൽ ദുരന്ത പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടുള്ള റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമുകളുടെ പുരോഗതി അറിയിക്കാമോ;

(ബി) 2027 വർഷത്തോടുകൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിയിൽ ഇതുവരെ എത്ര തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ & ബി) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് 14 വകുപ്പുകളിലായി 8232 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ മിക്കവയും ബഹുവർഷ പദ്ധതികളാണ്. റോഡ്, പാലം, വില്ലേജ് ഓഫീസ്, അങ്കണവാടി തുടങ്ങിയ അടിസ്ഥാനസൗകര്യ പദ്ധതികൾ, ജനങ്ങളുടെ പ്രത്യേകിച്ച് ആദിവാസികൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, പരിസ്ഥിതി-വനസംരക്ഷണ പദ്ധതികൾ, ആധുനിക സാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗം സാധ്യമാക്കുന്ന ഡിജിറ്റൽ റീസർവ്വേ, കെ.ഡബ്ള്യൂ.ആർ.എസ്., മാപ്പത്തോൺ തുടങ്ങിയ വൈവിദ്ധ്യമാർന്ന പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുത്തിട്ടുള്ളത്. 5590 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു. ഇവയിൽ പല പദ്ധതികളും പൂർത്തിയായിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി 2670 കോടി

രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ പുനഃസൃഷ്ടിയോടൊപ്പം ഭാവിയിൽ ഉണ്ടായേക്കാവുന്ന മഹാമാരികളുടെ പശ്ചാത്തലത്തിൽ പകർച്ച വ്യാധികൾക്കും രോഗങ്ങൾക്കുമെതിരെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന് റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

ആർ.കെ.ഐ. ആരോഗ്യ കുടുംബക്ഷേമ വകുപ്പുവഴി നടപ്പിലാക്കുന്ന സുപ്രധാന പദ്ധതിയാണ് ഏകാരോഗ്യം (വൺ ഹെൽത്ത്) പരിപാടി. മനുഷ്യന്റെ ആരോഗ്യം എന്നത് പരിസ്ഥിതിയുടെയും ഇതര ജീവികളുടെയും ആരോഗ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണെന്നും അതിനാൽ മനുഷ്യന്റെ ആരോഗ്യത്തിന് പരിസ്ഥിതിയുടെയും മറ്റ് ജീവജാലങ്ങളുടെയും ആരോഗ്യകരമായ നിലനിൽപ്പ് അനിവാര്യമാണെന്നുമുള്ള ആശയത്തിലൂന്നിയാണ് ഏകാരോഗ്യം പ്ലാറ്റ്ഫോമിന് രൂപം നൽകിയിട്ടുള്ളത്.

ജന്തുജന്യ രോഗങ്ങളുടെ (Zoonotic Diseases) വ്യാപനം ട്രാക്ക്

ചെയ്യുന്നതിനും അതിനോട് പ്രതികരിക്കുന്നതിനുമുള്ള സംസ്ഥാനത്തിന്റെ ശേഷി തദ്ദേശതലത്തിലുള്ള വൺ ഹെൽത്ത് (One Health) പ്ലാറ്റ്ഫോമിലൂടെ വർദ്ധിപ്പിക്കുന്നതിനായി അഞ്ചു വർഷത്തേയ്ക്കുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്.

പമ്പാനദീതട ജില്ലകൾക്ക് ഊന്നൽ നൽകിയാണ് ലോക ബാങ്കിന്റെയും മറ്റ് അന്താരാഷ്ട്ര ഏജൻസികളുടെയും സാങ്കേതിക-സാമ്പത്തിക സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 2022-23 വർഷത്തിലേയ്ക്ക് ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് സമർപ്പിച്ച 49.02 കോടി രൂപയുടെ പ്രവർത്തന പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ജന്തു ജന്യരോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിന് കാരണമാകുന്ന അസാധാരണ സംഭവങ്ങൾ മനസ്സിലാക്കുന്നതിനായുള്ള സുസ്ഥിര നിരീക്ഷണ സംവിധാനങ്ങൾ, ജന്തു ജന്യരോഗങ്ങളുടെ പകർച്ച എത്രയും നേരത്തേ കണ്ടെത്തൽ, ജന്തുജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിനും അവയുടെ പകർച്ച തടയുന്നതിനുമായി രോഗസാഹചര്യങ്ങളെ സാമൂഹിക പങ്കാളിത്തത്തോടെ നേരിടൽ എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

**പൊതുജന പരാതി പരിഹാര സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

12 (*312) ശ്രീ. എം. വിജിൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാധിഷ്ഠിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതും സെക്രട്ടേറിയറ്റിൽ ഫയൽ നീക്കുന്നതിനുള്ള തട്ടുകളുടെ എണ്ണം കുറച്ചതും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും പ്രയോജനപ്രദമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രധാനപ്പെട്ട എല്ലാ സർക്കാർ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇതോടെ സേവനങ്ങൾക്കായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന അവസ്ഥയ്ക്ക് വലിയ മാറ്റമുണ്ടായിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ ഫയൽ തട്ടുകൾ കുറച്ചുകൊണ്ട് ഫയൽ നീക്കം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ചിലയിടങ്ങളിലെങ്കിലും ഉദ്യോഗസ്ഥർ ഫയലുകൾ മന:പൂർവം വൈകിപ്പിച്ചും കാര്യങ്ങൾ കൃത്യമായി ധരിപ്പിക്കാതെയും പ്രതീക്ഷിത രീതിയിലല്ലാത്ത പെരുമാറ്റം വഴിയും സേവനം തേടുന്നവരെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പൂർണ്ണമായും ഒഴിവാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഓഫീസുകളിൽ മാന്യമായ പരിഗണനയും പെരുമാറ്റവും പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിൽ നിർദ്ദേശമുണ്ട്. സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളോട് മാന്യമായി പെരുമാറുകയും അവരുടെ ആവശ്യങ്ങൾക്ക് മാന്യമായ പരിഗണന നൽകി പരാതികൾ തീർപ്പാക്കിക്കൊടുക്കേണ്ടതും ബന്ധപ്പെട്ട സർക്കാർ ജീവനക്കാരന്റെ കടമയാണെന്നും അതിൽ വീഴ്ചവരുത്തുന്നത് ഗുരുതരമായ വീഴ്ചയും അച്ചടക്ക ലംഘനവുമായി കാണണമെന്നും ഇതുസംബന്ധിച്ച പരാതി ലഭിക്കുന്ന പക്ഷം മേലധികാരികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി

സ്വീകരിക്കണമെന്നും നിഷ്കർഷിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രമല്ല പൊതുജനങ്ങളുമായി നേരിട്ട് ബന്ധമുള്ള സർക്കാർ ഓഫീസുകളിൽ നിന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പരിധി നിശ്ചയിച്ച് സംസ്ഥാനത്ത് സേവനാവകാശ നിയമവും നടപ്പിലാക്കിയിട്ടുണ്ട്. തപാൽ സ്വീകരിച്ചുകഴിഞ്ഞാൽ 5 ദിവസത്തിനകം അത് പരിശോധിച്ച് സമർപ്പിക്കണമെന്ന് സെക്രട്ടേറിയറ്റ് മാന്വലിലും മാന്വൽ ഓഫ് ഓഫീസ് പ്രൊസീഡ്യുറിലും വ്യവസ്ഥയുണ്ട്.

(സി) കെട്ടിക്കിടക്കുന്ന ഫയലുകൾ പൂർണ്ണമായും തീർപ്പാക്കുന്നതിനും കാര്യക്ഷമമായ പൊതുജന പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടിയെടുത്തിട്ടുണ്ടോ?

സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിന് 2022 ജൂൺ 15 മുതൽ ഒക്ടോബർ 31 വരെ യജ്ഞം നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി 9,55,671 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

ഫയൽ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയശേഷം ഓരോ വകുപ്പിലും

ചട്ടങ്ങളുടെ സങ്കീർണ്ണത കാരണം ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കാലതാമസവും തടസ്സങ്ങളും ഉണ്ടാകുന്നുവെങ്കിലും അവ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വകുപ്പ് തലത്തിൽ സമാഹരിച്ച് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**വലിച്ചെറിയൽ മുക്ത കേരളം പദ്ധതി**

13 (*313) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സാമൂഹിക, സാമ്പത്തിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾക്കനുസൃതമായ തോതിൽ മാലിന്യ സംസ്കരണത്തിൽ മികവ് കൈവരിക്കാനായിട്ടില്ലെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് 2025-നകം പൂർണ്ണ വൃത്തിയുള്ള സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണ പരിപാടി കാര്യക്ഷമമാക്കിയിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വർദ്ധിച്ച തോതിലുള്ള

ഉപഭോക്തൃ വസ്തുക്കളുടെ ഉപഭോഗം പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള ജൈവ, അജൈവ മാലിന്യത്തിന്റെ വർദ്ധനവിന് കാരണമായിട്ടുള്ളതിനാൽ നൂതന സാങ്കേതികവിദ്യാധിഷ്ഠിത മാലിന്യ സംസ്കരണ പദ്ധതികൾ വ്യാപകമാക്കാൻ പ്രവർത്തനം നടത്തുന്നുണ്ടോ?

(എ&ബി) 2025-നകം കേരളത്തെ പൂർണ്ണ വൃത്തിയുള്ള സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണ പരിപാടി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വലിച്ചെറിയൽ മുക്ത കേരളം എന്ന കാമ്പയിന് രൂപം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ജൈവ മാലിന്യം സംസ്കരിക്കുന്നതിന് കമ്പോസ്റ്റിംഗ്/ ബയോമെതനേഷൻ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇതിനായി മുഴുവൻ തദ്ദേശ സ്ഥാപനതലത്തിലും ഗാർഹികതല ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ വിതരണം ചെയ്ത് അവ കൃത്യമായി ഹരിത കർമ്മ സേന മുഖേന പരിപാലനം ചെയ്യുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്. ഗാർഹികതല മാലിന്യ സംസ്കരണം സാധ്യമാകാത്തവർക്കായി കമ്മ്യൂണിറ്റി

തലത്തിൽ തുമ്പൂർമൂഴി എയറോബിക് ബിൻ/ കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചും ജൈവമാലിന്യ പരിപാലനം നടത്തിവരുന്നു. അജൈവ മാലിന്യം ഉറവിടത്തിൽ തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണ സാധ്യമായവ അവയുടെ പുന:ചംക്രമണ മൂല്യം അനുസരിച്ചും അല്ലാത്തവ (റിജെക്ട്സ്) ആർ.ഡി.എഫ് ആയും ക്ലീൻ കേരള കമ്പനി മുഖേനയോ പ്രൈവറ്റ് ഏജൻസികൾ മുഖേനയോ കൈമാറി വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതവും കാര്യക്ഷമവുമാക്കുന്നതിനുള്ള വിവര വിജ്ഞാന ശേഷീവികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഖര-ദ്രവ മാലിന്യ സംസ്കരണ മേഖലയിൽ നൂതന സാങ്കേതിക വിദ്യകളും ഉപാധികളും കണ്ടെത്തുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനും ശുചിത്വ മിഷൻ സാങ്കേതിക സമിതി യോഗം കാലാകാലങ്ങളിൽ ചേരുകയും ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് നൂതന സാങ്കേതിക വിദ്യകൾക്കും ഉപാധികൾക്കും അംഗീകാരം നൽകുകയും ചെയ്ത് വരുന്നുണ്ട്. ഇതിനു പുറമേ മാലിന്യ പരിപാലന രംഗത്തെ ദേശീയ

അന്തർദ്ദേശീയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും മാലിന്യ സംസ്കരണത്തിനനുകൂലമായ സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ GEx Kerala'23 എന്ന പേരിൽ ഒരു അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് 2023 ഫെബ്രുവരി 4, 5, 6 തീയതികളിൽ കൊച്ചി മറൈൻ ഡ്രൈവിൽ വച്ച് സംഘടിപ്പിച്ചിരുന്നു. ഇത്തരത്തിൽ മാലിന്യ സംസ്കരണ മേഖലയിലെ ആധുനിക സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ പദ്ധതികൾ വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നുണ്ട്.

ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കുന്ന ജില്ലാതല പാഴ്വസ്തു തരംതിരിക്കൽ യൂണിറ്റുകൾ സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനം, ചില്ലുമാലിന്യ പരിപാലന സംവിധാനം, ഇ-മാലിന്യ പരിപാലന സംവിധാനം എന്നിവയിൽ നൂതന സാങ്കേതിക വിദ്യാധിഷ്ഠിത പരിപാലന സംവിധാനങ്ങൾ ഒരുക്കുന്നതിനും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ യന്ത്രവത്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം

ജില്ലാടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതാണ്.

(സി) മാലിന്യം സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്തമാണ് മാലിന്യ സംസ്കരണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെ മാലിന്യ സംസ്കരണ പ്രവർത്തനം പ്രാവർത്തികമാക്കുന്നതിന് വലിച്ചെറിയൽ മുക്ത കേരളം എന്ന പദ്ധതിയുടെ പ്രചാരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരളത്തെ 2025-ഓടെ സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനായി ബഹുജന പങ്കാളിത്തത്തോടെ നവകേരളം - വൃത്തിയുള്ള കേരളം - വ്വലിച്ചെറിയൽ മുക്ത കേരളം എന്ന ക്യാമ്പയിൻ 2023 - ജനുവരി 26-ന് ആരംഭിച്ചിട്ടുണ്ട്.

**ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്താൻ പരിശോധനാ സംവിധാനം**

14 (*314) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി

(ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും അതിർത്തി കടന്നെത്തുന്ന ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യവും മാംസവും പരിശോധിക്കാൻ ആവശ്യമായ സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും അതിർത്തി കടന്നെത്തുന്നതും സംസ്ഥാനത്തെ മാർക്കറ്റുകളിൽ ലഭ്യമാകുന്നതുമായ മത്സ്യം, മാംസം എന്നിവ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും റെയിൽവെ സ്റ്റേഷനുകൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ചും കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനകളിൽ മത്സ്യത്തിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുകയോ കേടായ മത്സ്യം കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2006 സെക്ഷൻ 38(4) പ്രകാരം ടി മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത Test kit ഉപയോഗിച്ച് മത്സ്യത്തിൽ ഫോർമാലിൻ/

അമോണിയയുടെ സാന്നിദ്ധ്യം തത്സമയം കണ്ടെത്താൻ കഴിയുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന മത്സ്യ സാമ്പിളുകൾ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ അയച്ച് GCMSMS (Gas Chromatograph coupled with Mass Spectrophotometer), HPLC (High-Performance Liquid Chromatography) എന്നീ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഗുണനിലവാര പരിശോധന നടത്തിവരുന്നു.

രഹസ്യ വിവരങ്ങൾ കിട്ടുന്നതിന്റെ അടിസ്ഥാനത്തിലും പരാതികൾ ലഭ്യമാകുന്ന അവസരത്തിലും അല്ലാതെയും റെയിൽവേ സ്റ്റേഷനുകൾ, വാഹനങ്ങൾ, മറ്റ് വ്യാപാര കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മാംസ പരിശോധനകളും നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ മോശമായ മാംസം കണ്ടെത്തിയാൽ പിടിച്ചെടുത്ത് നശിപ്പിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മാംസത്തിന്റെ സാമ്പിൾ ശേഖരിച്ച് മൈക്രോബയോളജി പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ

നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ ലഭ്യമാണ്. തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ LCMSMS (Liquid Chromatograph with Mass Spectrophotometer) എന്ന അത്യാധുനിക ഉപകരണം ഉപയോഗിച്ച് മാംസത്തിൽ അടങ്ങിയിരിക്കുന്ന ആന്റീബയോട്ടിക്സിന്റെ സാന്നിദ്ധ്യം കണ്ടെത്തുവാൻ കഴിയുന്നു.

(ബി) ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് മൂന്ന് റീജിയണൽ ലാബുകൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) പര്യാപ്തമല്ലെങ്കിൽ കൂടുതൽ ലാബുകൾ അനുവദിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

(ബി & സി) സംസ്ഥാനത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന NABL അക്രഡിറ്റേഷൻ ലഭിച്ച മൂന്ന്

അനലിറ്റിക്കൽ ലാബുകളാണ് നിലവിലുള്ളത്. ഈ ലാബുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെയും വെള്ളത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള Food Safety and Standards Act നിഷ്കർഷിക്കുന്ന GCMSMS, ICPOES, HPLC, FTIR, uv Visible Spectro Photometer, Ion Chromotography എന്നീ ആധുനിക സജ്ജീകരണങ്ങൾ നിലവിലുണ്ട്. തിരുവനന്തപുരത്തും, എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ യഥാക്രമം 2021 ഡിസംബർ, 2022 മാർച്ച്, 2022 ജൂൺ മാസങ്ങളിൽ NABL-FSSAI Intregated Assessment പൂർത്തിയായിട്ടുള്ളതാണ്. ഇതിൽ എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി ഇന്ത്യയിൽ ആദ്യമായി പ്രസ്തുത അംഗീകാരം നേടുന്ന സ്റ്റേറ്റ് ഫുഡ് ലബോറട്ടറിയാണ്. രണ്ടാമതും മൂന്നാമതുമായി ഈ അംഗീകാരം ലഭിച്ചത് തിരുവന്തപുരം, കോഴിക്കോട് ലബോറട്ടറികൾക്കാണ്.

കൂടാതെ ശബരിമലയിലെ വഴിപാട് പ്രസാദമായ അപ്പം, അരവണ എന്നിവയുടെ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തീർത്ഥാടകർക്ക് നൽകുന്ന കുടിവെള്ളം എന്നിവയുടെ ഗുണമേന്മ

ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ലാബിന് സ്വന്തമായി വിപുലീകരിച്ച കെട്ടിടം നിർമ്മിക്കുന്നതിന് പത്തനംതിട്ടയിൽ കോഴഞ്ചേരി താലൂക്കിൽ അനുവദിച്ച 4.55 ആർ ഭൂമിയിൽ ലാബിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതു കൂടാതെ കണ്ണൂർ ജില്ലയിൽ ഒരു റീജിയണൽ അനലിറ്റിക്കൽ ലാബിന്റെ പ്രവർത്തനം താൽക്കാലിക കെട്ടിടത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമാണ് കേരളം. ടി ലാബുകൾ ഭക്ഷ്യപരിശോധന, ഭക്ഷ്യ സുരക്ഷയെക്കുറിച്ചുള്ള ബോധവത്കരണം എന്നിവ നടത്തുന്നു. പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യയെണ്ണ, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവ ലബോറട്ടറികളിൽ പരിശോധിക്കാൻ സാധിക്കുന്നുവെന്നതാണ് ഇതിന്റെ

പ്രത്യേകത. ലാബുകളിൽ നിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് ഏറ്റവും ഉചിതമായ നടപടികൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ചുവരുന്നു.

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ശാക്തീകരണത്തിന്റെ ഭാഗമായി ലാബുകളിൽ ഉൾപ്പെടെ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധനയിലാണ്.

**രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കാൻ നടപടി**

15 (*315) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ല-താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സയ്ക്കായി എത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സർക്കാർ മെഡിക്കൽ കോളേജ്, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിബന്ധനയും ചികിത്സയും അടിസ്ഥാനപ്പെടുത്തിയാണ് ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. 2016 മുതൽ സംസ്ഥാനത്തെ മെഡിക്കൽ-നഴ്സിംഗ് ദന്തൽ കോളേജുകളിലായി 4,719 തസ്തികകൾ നാളിതുവരെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

ആർദ്രം സ്റ്റാൻഡർഡൈസേഷൻ മാർഗ്ഗരേഖ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താലൂക്കുതല ആശുപത്രികളിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഓഫ്താൽമോളജി, ഡെർമറ്റോളജി, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ,

സൈക്യാട്രി, ഡെന്റൽ സർജൻ തുടങ്ങിയ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉൾപ്പെടുന്നു. ഇവ കൂടാതെ ജില്ലാതല ആശുപത്രികളിൽ റെസ്പിറേറ്ററി മെഡിസിൻ, റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ തുടങ്ങിയ വിഭാഗങ്ങളും ഉൾപ്പെടുന്നു. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഫോറൻസിക് മെഡിസിൻ വിഭാഗവും ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആർദ്രം മിഷന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ/ താലൂക്ക് ആശുപത്രികളിലായി 610 വിവിധ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II, ഡെന്റൽ അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകളും ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്ടും ജനറൽ ആശുപത്രി കാസർഗോഡും ന്യൂറോളജിസ്റ്റിന്റെ ഓരോ തസ്തികകളും പുനലൂർ താലൂക്കാശുപത്രിയിൽ 17 തസ്തികകളും റാന്നി താലൂക്കാശുപത്രിയിൽ 12 തസ്തികകളും പീരുമേട് താലൂക്കാശുപത്രിയിൽ ഒരു ജൂനിയർ

കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സമഗ്ര പാക്കേജിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന് കീഴിലുള്ള താലൂക്ക്/ ജില്ലാ/ ജനറൽ ആശുപത്രികളിൽ വിവിധ വിഭാഗങ്ങളിലായി 300 അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിനനുസരിച്ച് അവർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി അംഗീകൃത തസ്തികകളിലെ സ്ഥിരം നിയമനങ്ങൾക്ക് പുറമെ ആശുപത്രി വികസന സമിതി (HDS), കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), നാഷണൽ ഹെൽത്ത് മിഷൻ തുടങ്ങിയവ വഴിയും കരാർ/ദിവസ വേതനാടിസ്ഥാനത്തിലും ജീവനക്കാരെ നിയോഗിച്ചുവരുന്നുണ്ട്. അതോടൊപ്പം മെഡിക്കൽ കോളേജുകളിൽ ജൂനിയർ റസിഡന്റുമാർ, സീനിയർ റസിഡന്റുമാർ എന്നിവരെ നിയോഗിച്ചും

രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നത് കൂടാതെ ബോണ്ടഡ് സ്റ്റാഫ് നഴ്സിനെ കാലാകാലങ്ങളിൽ നിയോഗിച്ചുകൊണ്ടും രോഗികളുടെ എണ്ണത്തിൽ ബാഹുല്യം ഉണ്ടെങ്കിലും മെച്ചപ്പെട്ട രോഗീ പരിചരണം നൽകാൻ സാധിക്കുന്നുണ്ട്.

**പ്രവാസി പെൻഷൻ ക്രമക്കേട് തടയാൻ നടപടി**

16 (*316) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി ക്ഷേമനിധി ബോർഡിന്റെ രേഖകളിൽ തിരിമറി നടത്തി പ്രവാസി പെൻഷൻ വിതരണത്തിൽ ക്രമക്കേട് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന്

വിശദമാക്കാമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ സോഫ്റ്റ്‌വെയർ ഡെവലപ്പറായ കെൽട്രോണിനെ അറിയിക്കുകയും ലഭ്യമായ എല്ലാ വിശദാംശങ്ങളോടെയും പോലീസിന്റെ സൈബർ സെല്ലിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദിയെന്ന് കണ്ടെത്തിയ താൽക്കാലിക ജീവനക്കാരിയെ ജോലിയിൽ നിന്നും പുറത്താക്കിയിട്ടുണ്ട്. പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ടി ജീവനക്കാരിയെ അറസ്റ്റ് ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു. ബോർഡിന് നഷ്ടമായ തുകയിൽ 18,49,394/- രൂപ തിരിച്ചടപ്പിച്ചിട്ടുണ്ട്. കൂടാതെ അനർഹമായി പെൻഷനും ആനുകൂല്യങ്ങളും കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ ഈടാക്കിവരുന്നു. ബോർഡിന് നഷ്ടം വന്ന തുകയിൽ 78% തിരികെ ലഭിച്ചിട്ടുണ്ട്. ബാക്കി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃത്രിമങ്ങൾ നടത്താൻ പറ്റാത്തവിധം സോഫ്റ്റ്‌വെയർ സുരക്ഷ

കൂട്ടുന്നതിന് സോഫ്റ്റ്‌വെയർ ഡെവലപ്പറായ കെൽട്രോണിന് നിർദ്ദേശം നൽകുകയും സോഫ്റ്റ്‌വെയർ ആഡിറ്റ് നടത്തി സുരക്ഷാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ നടപടി**

17(*317) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത - ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളിലെ മായം ചേർക്കലും ഭക്ഷ്യ വിഷബാധയും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഭക്ഷ്യധാന്യങ്ങളിലെ മായം ചേർക്കുന്നത് ക്രിമിനൽ കുറ്റമാണ്. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും മായം ചേർക്കൽ തടയുന്നതിനും

പരിശോധനകൾ, ബോധവത്കരണം, പരിശീലനം എന്നിവ കാര്യക്ഷമമായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിപണിയിൽ ലഭ്യമാകുന്ന ഭക്ഷ്യ ധാന്യങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അതുവഴി ഭക്ഷ്യ വിഷബാധ ഒഴിവാക്കുന്നതിലേയ്ക്കുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുകയെന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/ രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ചുവരുന്നു.

ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പ്

വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി ഓപ്പറേഷൻ ഷവർമ്മ എന്ന പേരിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സർക്കാർ അടുത്ത കാലത്ത് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, ഷവർമ്മ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ട്രക്കുകൾ, ഷവർമ്മ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ചുവരുന്നു. ഷവർമ്മയുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ ഷവർമ്മയുടെ ഒപ്പം നൽകുന്ന മയോണൈസ് റോ എഗ്ഗ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനാൽ സൂക്ഷ്മാണുക്കൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്നും റോ എഗ്ഗ് ഉപയോഗിച്ചുള്ള മയോണൈസ് സംസ്ഥാനത്തുടനീളം നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്. വെജ് മയോണൈസ് അല്ലെങ്കിൽ പാസ്ച്യുറൈസ്ഡ് എഗ്ഗ് ഉപയോഗിച്ച് മാത്രമേ മയോണൈസ്

നിർമ്മിക്കുവാൻ പാടുള്ളു. ഹൈ റിസ്ക് ഫുഡ് വാങ്ങി കൂടുതൽ സമയം സൂക്ഷിച്ചുവെച്ച് ഉപയോഗിക്കുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും, കൂടാതെ അവ ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തണമെന്ന് കാണിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു.

സംസ്ഥാനത്തുണ്ടാകുന്ന ഭക്ഷ്യ വിഷബാധ പോലുള്ള അടിയന്തര ഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പായി തന്നെ തടയുന്നതിനായി രഹസ്യസ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്ക് നൽകുന്ന ശിക്ഷ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ

കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയാണ് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ നിയമം 2006 ഭക്ഷ്യ സുരക്ഷാ റൂൾസ് & റെഗുലേഷൻ 2011 പ്രകാരമാണ് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത്. ടി വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റിന്റെ അംഗീകാരത്തോടുകൂടി കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിക്ക് മാത്രമേ സാധിക്കുകയുള്ളൂ.

(സി) ഭക്ഷ്യവസ്തുക്കളിലെ മായം കാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നതിനാൽ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ശേഖരിക്കുന്ന ഭക്ഷ്യ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ ശാസ്ത്രീയ പരിശോധനകൾക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പാക്കുന്നു. ലാബ് പരിശോധനകളിൽ unsafe ആണെന്ന്

കണ്ടെത്തുന്ന സാമ്പിളുകളിന്മേൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും Substandard/Misbranded ആയി പരിശോധനാ ഫലം ലഭ്യമാവുന്ന സാമ്പിളുകളിന്മേൽ കുറ്റക്കാർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

**പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

18 (*318) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേരളം രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാന സ്ഥിതിയുള്ള സംസ്ഥാനമെന്ന നേട്ടം കൈവരിച്ചിട്ടുണ്ടോ; എങ്കിൽ അത് നിലനിർത്തുന്നതിനും പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശ്യമുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. ഇന്ത്യാ ടുഡെ ന്യൂസ് മാഗസിന്റെ ദേശീയ സർവ്വേയിൽ 2021-ൽ കേരളം രാജ്യത്തെ Most Happy State ആയി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത സർവ്വേയ്ക്ക് ആധാരമായ കാര്യങ്ങളിൽ സംസ്ഥാനത്തെ ക്രമസമാധാനം മുഖ്യ

വിഷയമായി പരിഗണിച്ചിട്ടുണ്ട്.

പോലീസ് സേനയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

പൊതുജന സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ശുഭയാത്ര, സദ്ഭാവന എന്നീ പദ്ധതികളുടെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ ഏറ്റവും മികച്ച സേനയായി മാറുന്നതിന് കേരളാ പോലീസിന് സാധിച്ചിട്ടുണ്ട്. ക്രമസമാധാന രംഗത്ത് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. iCOPS എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതിലൂടെ പോലീസിന്റെ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും പൊതുജനങ്ങൾക്കെത്തിക്കാൻ സാധിച്ചു. കുറ്റവാളികളെ കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനുമായി ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം ആപ്ലിക്കേഷനിലെ ഒരു മൊഡ്യൂളാണ് ക്രിമിനൽ ഗ്യാലറി. ക്രമസമാധാന

പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിന് പൊതുജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന് ജനമൈത്രി പോലീസ് സംവിധാനം ശക്തമായി നടപ്പിലാക്കിവരുന്നു. ക്രമസമാധാന പാലനം, കുറ്റാന്വേഷണം എന്നിവയ്ക്ക് പുറമെ പൗരസേവനത്തിലും ഊന്നൽ നൽകിക്കൊണ്ട് കേരളാ പോലീസ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നു. അവയിൽ വനിതകളേയും, കുട്ടികളേയും മുതിർന്ന പൗരന്മാരേയും സഹായിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള Koottu, Pink Protection Project, POL-APP, Domestic Conflict Resolution Center, Senior Citizen Help Desk, Women Help Desk, Nirbhaya, CAP HOUSE, Chiri Help Desk, Project Hope, Child Friendly Police Station, Aparajitha, Pink Police Patrol, Women Self Defence Training Programme, Counter Child Sexual Exploitation Center എന്നീ പദ്ധതികൾ നിലവിലുണ്ട്.

സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻസ്പെക്ടർമാരെ SHO മാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. രണ്ടോ അതിലധികമോ എസ്.ഐ.മാർ

നിലവിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാന പാലനവും രണ്ട് വിഭാഗമായി വേർതിരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കണ്ണൂർ റൂറൽ ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം സൈബർ ക്രൈം കേസുകളുടെ അന്വേഷണം കാര്യക്ഷമമായിട്ടുണ്ട്. കൂടാതെ സൈബർ ഡോമും ഹൈ-ടെക് ക്രൈം എൻക്വയറി സെല്ലും സൈബർ കുറ്റാന്വേഷണത്തിന് ആവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്.

46 പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് മികച്ച പശ്ചാത്തല സൗകര്യം ഉറപ്പാക്കണമെന്ന നയം സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 27 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ 2 സൈബർ പോലീസ് സ്റ്റേഷനുകൾക്കും 2 വനിതാ പോലീസ് സ്റ്റേഷനുകൾക്കും

പ്രത്യേകമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ റൂറൽ എന്നീ ജില്ലകൾക്ക് ജില്ലാ പോലീസ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതിയും തുകയും നൽകിയിട്ടുണ്ട്. കൂടാതെ കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതിനായി ഭരണാനുമതിയും തുകയും അനുവദിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം സംസ്ഥാന വാർഷിക പദ്ധതിയിൽ തിരുവനന്തപുരത്ത് Cyber Security Centre സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോമുകളിലെയും സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് 450 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക്

അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ ശക്തിപ്പെടുത്തുന്നതിനായി പുതിയ ഓപ്പറേഷൻ ടൂളുകളും software-കളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2022-23 സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം പോലീസ് സ്റ്റേഷനുകൾക്കായി 98 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 10 Four Wheel Drive LMV, കൺട്രോൾ റൂമുകൾക്കായി 08 LMV, ബറ്റാലിയനും വിവിധ സ്പെഷ്യൽ യൂണിറ്റുകൾക്കുമായി 36 LMV, ജില്ലകളിലേയ്ക്കായി 06 മീഡിയം ബസ്, 02 വാട്ടർ ടാങ്കർ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ്, 69 ടൂ വീലറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. Finger print Bureau യ്ക്കുവേണ്ടി 20 LMV വാങ്ങിയിട്ടുണ്ട്. Economic Offence Wing-ന് വേണ്ടി 07 LMV വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ Road Safety Fund ഉപയോഗിച്ച് 27 LMV-യും 16 Recovery വാഹനങ്ങളുടെ ചെയ്സുകളും വാങ്ങിയിട്ടുണ്ട്.

(ബി) ക്രമസമാധാന പാലന പ്രവർത്തനങ്ങൾ കൂടുതൽ

മികവുറ്റതാക്കുന്നതിനുവേണ്ട ആധുനികീകരണ നടപടികളുടെ ഭാഗമായി നിരീക്ഷണ ക്യാമറകൾ വിപുലമായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.റ്റി.വി. ക്യാമറകളും എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.റ്റി.വി. ക്യാമറ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ക്രമസമാധാന പാലന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിന് വേണ്ട ആധുനികീകരണ നടപടികളുടെ ഭാഗമായി പ്രധാന സ്ഥലങ്ങളിൽ CCTV ക്യാമറകളും ജില്ലാ അതിർത്തികളിൽ Automatic Number Plate Recognition System (ANPR) ക്യാമറകളും സ്ഥാപിച്ച് നിരീക്ഷിച്ചുവരുന്നു. പ്രസ്തുത ക്യാമറകളിലൂടെ ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്യുന്നതിനായി ഒരു കേന്ദ്രീകൃത ഡാറ്റാബേസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി ക്യാമറകൾ ഉൾപ്പെടുത്തിയുള്ള ‘Integrated Digital

Traffic Enforcement System’ എന്ന പദ്ധതി ‘BOOT’ (Build Own Operate Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) പോലീസ് നേരിട്ട് സ്ഥാപിക്കുന്ന ക്യാമറകൾക്ക് പുറമെ പ്രധാന റോഡുകളിലെയും കച്ചവട കേന്ദ്രങ്ങളിലെയും വ്യാപാരികൾ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ കൂടി പോലീസ് നിരീക്ഷണ സംവിധാനത്തിന്റെ ഭാഗമാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

റസിഡന്റ്സ് അസോസിയേഷനുകൾ, വ്യാപാരികൾ എന്നിവരുടെ സഹകരണത്തോടെ പൊതുസ്ഥലങ്ങൾ/വാണിജ്യ സ്ഥാപനങ്ങൾ മുതലായ ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ നിഷ്കർഷിക്കുന്നതിലേയ്ക്ക് കേരളാ പോലീസ് ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മൂന്നാം നൂറുദിന കർമ്മ പരിപാടി**

19 (*319) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികൾക്ക് എത്ര തുകയാണ് മതിപ്പുചെലവ് കണക്കാക്കിയിരിക്കുന്നതെന്നും അറിയിക്കാമോ?

ഈ സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 2023 ഫെബ്രുവരി 10 മുതൽ മേയ് 20 വരെയാണ് മൂന്നാം 100 ദിന കർമ്മപരിപാടി പ്രഖ്യാപിച്ചിട്ടുള്ളത്. 2023 മേയ് 20-നകം പ്രവൃത്തി ഉദ്ഘാടനം നടത്താവുന്നതോ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താവുന്നതോ ആയ പദ്ധതികളാണ് മൂന്നാം 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 45 വകുപ്പുകളിലായി 1292 പദ്ധതികൾ മൂന്നാം 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. 292 ഉപജീവന മാർഗ്ഗ പദ്ധതികളും 1000 പശ്ചാത്തല വികസന പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിനായി 16000.72 കോടി രൂപയാണ് മതിപ്പുചെലവ് കണക്കാക്കിയിരിക്കുന്നത്. വിവിധ മേഖലകളിലായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. ഊർജ്ജ മേഖല - 29

2. കൃഷി അനുബന്ധ മേഖല - 122

3. ഗതാഗതം - പൊതുമരാമത്ത് മേഖല - 303

4. ജലവിഭവ - ജലസേചന മേഖല - 95

5. തദ്ദേശസ്വയംഭരണ മേഖല - 86

6. പൊതുസേവന മേഖല - 37

7. വ്യവസായ സാങ്കേതിക മേഖല - 99

8. ശാസ്ത്രീയ സേവന ഗവേഷണ മേഖല - 11

9. സഹകരണ മേഖല - 24

10. സാമൂഹിക സേവന മേഖല - 440

11. സാമ്പത്തിക സേവന മേഖല - 46

മൂന്നാം 100 ദിന കർമ്മപരിപാടിയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് മൂന്നാം 100 ദിന കർമ്മപരിപാടിയിൽ പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. 439469 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് മൂന്നാം 100 ദിന കർമ്മപരിപാടി ലക്ഷ്യമിട്ടിട്ടുള്ളത്. ഗതാഗതം - പൊതുമരാമത്ത് മേഖലയിലും തദ്ദേശസ്വയംഭരണ മേഖലയിലുമാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.

**അനധികൃത കരുതൽ തടങ്കൽ**

20 (*320) ഡോ. മാത്യൂ കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരിപാടികളുള്ള ജില്ലകളിലെ പ്രമുഖ രാഷ്ട്രീയ പാർട്ടിയിലെ പ്രാദേശിക നേതാക്കളെയും പ്രവർത്തകരെയും കരുതൽ

തടങ്കലിലാക്കുന്ന പൊലീസ് നടപടി വ്യക്തി സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

മുഖ്യമന്ത്രിയുടെ പരിപാടികളുള്ള ജില്ലകളിലെ പ്രമുഖ രാഷ്ട്രീയ പാർട്ടിയിലെ പ്രാദേശിക നേതാക്കളെയും പ്രവർത്തകരെയും കരുതൽ തടങ്കലിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ളതാണ്.

കേരള മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള സുരക്ഷ സംവിധാനങ്ങളാണ് മുഖ്യമന്ത്രിക്ക് നൽകിവരുന്നത്. മുഖ്യമന്ത്രിയുടെ യാത്രയ്ക്കിടെ ഔദ്യോഗിക വാഹന വ്യൂഹത്തിലേയ്ക്ക് അതിക്രമിച്ച് കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതലെന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 Cr.PC പ്രകാരമുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

151 Cr.PC പ്രകാരം പോലീസ് സ്വീകരിച്ച നടപടികൾക്കെതിരെ WP(C) No.24896/2022 പ്രകാരം നൽകിയ പെറ്റീഷനിൽ കുറ്റകൃത്യം തടയുന്നതിന് മുൻകരുതലെന്ന നിലയിൽ 151 Cr.PC പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസിന് അധികാരമുണ്ടെന്ന കാരണത്താൽ റിട്ട് പെറ്റീഷൻ നിലനിൽക്കുന്നതല്ലായെന്ന് 21-02-2023-ൽ ബഹു. കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത് ഓരോ പൗരനും ഭരണഘടന ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്റെയും കരുതൽ തടങ്കലിനെതിരെയുള്ള അനുച്ഛേദം 22-ന്റെയും ലംഘനമാണോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രമുഖ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാക്കളെയും പ്രവർത്തകരെയും അനധികൃതമായി കരുതൽ തടങ്കലിൽ വച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

(ബി & സി) പൗരന് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ

ലംഘിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും തന്നെ പോലീസിൽ നിന്നും ഉണ്ടായിട്ടില്ല.

**ഹബ് ആൻഡ് സ്പോക്ക് മാതൃക**

21 (*321) ശ്രീ. വി. ജോയി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹബ് ആൻഡ് സ്പോക്ക് മാതൃക നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഐ.ടി വികസനം മുഖ്യ നഗരങ്ങളിൽ മാത്രം ഒതുങ്ങാതെ സംസ്ഥാന വ്യാപകമായി ഘട്ടം ഘട്ടമായി വിപുലപ്പെടുത്തുകയെന്ന സർക്കാർ നയം അനുസരിച്ച് ടെക്നോ പാർക്കിന്റെയും ഇൻഫോപാർക്കിന്റെയും മുഖ്യ ക്യാമ്പസുകൾക്ക് പുറമേ ഹബ് ആൻഡ് സ്പോക് മാതൃകയിൽ ഐ.ടി പാർക്കുകൾ പ്രവർത്തിച്ചുവരുന്നു. തൊഴിലവസരങ്ങൾ ഇരട്ടിയാക്കുക, ഐ.ടി

വികസനത്തിന്റെ നേരിട്ടും പരോക്ഷവുമായ ഗുണങ്ങൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക എന്നതാണ് സർക്കാർ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ടെക്നോപാർക്കിന്റെ മുഖ്യ ക്യാമ്പസിന് പുറമേ ഹബ് ആൻഡ് സ്പോക് മാതൃകയിൽ കൊല്ലം ജില്ലയിലെ കുണ്ടറയിൽ 4.45 ഏക്കർ സ്ഥലത്ത് 1 ലക്ഷം ച.അടിയിൽ ടെക്നോപാർക്ക്, കൊല്ലം എന്ന പേരിലും ഇൻഫോ പാർക്കിന്റെ കൊച്ചി ആസ്ഥാനമായിട്ടുള്ള മുഖ്യ ക്യാമ്പസിന് പുറമേ തൃശ്ശൂർ ജില്ലയിൽ കൊരട്ടിയിൽ 30 ഏക്കർ സ്ഥലത്ത് 4 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പെയിസിൽ ഇൻഫോ പാർക്ക്, തൃശ്ശൂർ എന്ന പേരിലും ചേർത്തലയിൽ 66 ഏക്കർ സ്ഥലത്ത് 2.4 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പെയിസിൽ ഇൻഫോ പാർക്ക്, ചേർത്തല എന്ന പേരിലും കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തോട് അനുബന്ധിച്ച് 30,000 ച.അടി ബിൽറ്റ്-അപ്പ് സ്പെയിസിൽ ഇൻഫോപാർക്ക്, ടി.ബി.സി എന്ന പേരിലും ഐ.ടി പാർക്കുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഐ.ടി. വ്യവസായത്തിനാവശ്യമായ ഇന്റർനെറ്റ് കണക്റ്റിവിറ്റി,

വൈഫൈ ഹോട്ട്സ്പോട്ടുകൾ എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഹബ് ആൻഡ് സ്പോക് കേന്ദ്രങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം ഇന്റർനെറ്റ് കണക്ടിവിറ്റി, വൈഫൈ ഹോട്ട്സ്പോട്ടുകൾ എന്നിവ സ്വകാര്യ നെറ്റ്‌വർക്ക് കമ്പനികളുടെ സഹായത്തോടെ ടെക്നോ പാർക്കിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ സുഗമമായ സേവനം ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവായ കേബിൾ ഡക്റ്റ്, ആന്റിന/ടവർ/റാക്ക് തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള സ്ഥലം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ടെക്നോ പാർക്ക് സേവനദാതാക്കൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. പ്രധാന സേവനദാതാക്കളായ എയർടെൽ, ബിഎസ്എൻ.എൽ, ടാറ്റ ടെലികമ്മ്യൂണിക്കേഷൻ, റിലയൻസ്, ജിയോ തുടങ്ങിയ പത്തിലധികം സേവനദാതാക്കളുടെ സേവനം ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ലഭ്യമാണ്.

ഐ.ടി കമ്പനികൾ തങ്ങളുടെ ഓഫീസ് പരിസരത്ത് അതത് കമ്പനികളുടെ പോളിസി പ്രകാരം വൈഫൈ/ ഹോട്ട്സ്പോട്ട്

സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ഇൻഫോപാർക്ക് ഓരോ കെട്ടിടത്തിലും ഒരു പൊതു നെറ്റ്‌വർക്ക് ഹബ് റൂം വികസിപ്പിച്ചെടുക്കുകയും ഓരോ സേവന ദാതാവിന്റെയും ആവശ്യമായ നെറ്റ്‌വർക്ക് (ഇന്റർനെറ്റ് ലൈനുകൾ) നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ഇൻഫോ പാർക്കിലെ ഐ.ടി കമ്പനികൾ അവരുടെ ഓഫീസ് പരിസരത്ത് വൈഫൈ/ഹോട്ട്സ്പോട്ട് സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ റെയിൽടെൽ, ഏഷ്യാനെറ്റ്, ബിഎസ്എൻഎൽ, കേരള വിഷൻ, ടാറ്റ, എയർടെൽ, മുതലായ കമ്പനികളുടെ സേവനങ്ങൾ ഉറപ്പുവരുത്തിയിട്ടുമുണ്ട്.

സൈബർ പാർക്കിലും പ്രധാന സേവന ദാതാക്കളായ ഏഷ്യാനെറ്റ്, ബിഎസ്എൻഎൽ, ടാറ്റ, എയർടെൽ മുതലായ കമ്പനികളുടെ സേവനങ്ങളും ലഭ്യമാണ്.

**ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ**

22 (*322) <u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ഡോ. സുജിത് വിജയൻപിള്ള:</u> താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലീ രോഗനിർണ്ണയം, പാലിയേറ്റീവ് കെയർ തുടങ്ങിയ പ്രവർത്തനങ്ങളിലെ മികവ് വർദ്ധിപ്പിക്കാൻ മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായി ഉയർത്തി അവയെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളായി ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ജീവിതശൈലി രോഗ നിയന്ത്രണം, പകർച്ചവ്യാധി നിയന്ത്രണം, മാതൃശിശു സംരക്ഷണം, സാന്ത്വന പരിചരണം തുടങ്ങിയ മേഖലകളിലെല്ലാം ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാകുംവിധം സേവനങ്ങൾ നൽകാൻ കഴിയുന്ന അടിസ്ഥാന സൗകര്യ വികസനവും മറ്റനുബന്ധ സേവനങ്ങളും ഉറപ്പാക്കിക്കൊണ്ടാണ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ

പ്രവർത്തനക്ഷമമാകുന്നത്. ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങളിലൂടെ ചികിത്സാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം രോഗ പ്രതിരോധ ആരോഗ്യ വർദ്ധക സേവനങ്ങൾ ശക്തിപ്പെടുത്തുവാനും അവ ജനങ്ങൾക്ക് പ്രാപ്യമാക്കുവാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വ്യക്തികളുടെ ശാരീരിക മാനസിക ആരോഗ്യവും ക്ഷേമവും നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉപകേന്ദ്രങ്ങളെ പരിവർത്തനം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(ബി) ഇത്തരം സ്ഥാപനങ്ങൾ വഴി ജീവിതശൈലീ രോഗ നിർണ്ണയത്തിനായി വാർഷിക ആരോഗ്യ പരിശോധന നടത്താൻ ഉദ്ദേശ്യമുണ്ടോ; അതിനായി ഉയർന്ന യോഗ്യതയുള്ളവരെ നിയമിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾ വഴി ജീവിതശൈലി രോഗ നിയന്ത്രണം ശാക്തീകരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ നടപ്പിലാക്കിവരുന്ന ജീവിത ശൈലി രോഗനിയന്ത്രണ പദ്ധതി

നടത്തിപ്പിലെ ഉത്തരവാദിത്തം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികളാണ് പ്രധാനമായി കൈക്കൊള്ളുന്നത്. വാർഷികാരോഗ്യ പരിശോധന, ശ്വാസ് പദ്ധതി, India Hypertension Control Initiative പദ്ധതി (IHCI), അമൃതം ആരോഗ്യം പദ്ധതി, മരുന്ന് വിതരണം തുടങ്ങിയ എല്ലാ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതികളുടെയും പ്രധാന പങ്കാളിത്തം ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകൾക്കായിരിക്കും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും മിഡിൽ ലെവൽ സർവ്വീസ് പ്രൊവൈഡർ മാരെ ദേശീയാരോഗ്യ ദൗത്യം വഴി നിയമിച്ചിട്ടുണ്ട്.

(സി) സംസ്ഥാനതല സമിതികൾ രൂപീകരിച്ച് ആർദ്രം മിഷന്റെ രണ്ടാംഘട്ട പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആർദ്രം മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനം വേഗത്തിലാക്കാൻ 23-01-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം.172/2023/ആ.കു.വ പ്രകാരം സംസ്ഥാനതല കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ, ഉപജില്ലാതല

കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ ഘടനയും ചുമതലകളും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ് ഈ കമ്മിറ്റി. സംസ്ഥാനതല കമ്മിറ്റികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആർദ്രം മിഷൻ സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി

ഈ കമ്മിറ്റിയാണ് ആർദ്രം മിഷൻ സംബന്ധിച്ച പോളിസി കാര്യങ്ങളും പ്രവർത്തനങ്ങളും മാർഗ്ഗരേഖകളും സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത്. ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി ചെയർപേഴ്സനും ആരോഗ്യ കുടുബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോ-ചെയർപേഴ്സനും ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറുമായിട്ടുള്ളതാണ് ഈ കമ്മിറ്റി.

2. സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി (എസ്.എൽ.ഇ.സി)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സനായും നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ കോ-ചെയർപേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറുമായിട്ടുള്ളതാണ് ഈ കമ്മിറ്റി. എസ്.എൽ.ഇ.സിയുടെ പ്രാഥമിക

ഉത്തരവാദിത്തം ആർദ്രം മിഷന്റെ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പാക്കുകയാണ്.

3. ഡിപ്പാർട്ടുമെന്റുതല നോഡൽ സെൽ എൻ.കെ.കെ.പി. II ആർദ്രം 2

ആരോഗ്യ കുടുംബക്ഷേമ വകുപ്പുതല നോഡൽ ഓഫീസറായ അഡീഷണൽ/ജോയിന്റ് സെക്രട്ടറി ചെയർമാനും കമ്മിറ്റിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റ്, നാഷണൽ ഹെൽത്ത് മിഷൻ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റ്, ഹോമിയോപതി ഡയറക്ടറേറ്റ് എന്നിവയുടെ സംസ്ഥാനതല നോഡൽ ഓഫീസർമാർ, എസ്.എൽ.ഇ.സി മെമ്പർമാർ, സ്റ്റേറ്റ് ഡെമോഗ്രാഫർ, ഡി.എച്ച്.എസ് ഓഫീസ്, എൻ.എച്ച്.എം സ്റ്റേറ്റ് നോഡൽ ഓഫീസർ (എം&ഇ), എസ്.എച്ച്.എസ്.ആർ.സി.യിലെ സീനിയർ റിസർച്ച് ഓഫീസർ എന്നിവർ മെമ്പർമാരുമായ ഈ കമ്മിറ്റിയാണ് ആർദ്രം പദ്ധതിയുടെ മോണിറ്ററിംഗ് & ഇവാല്യൂവേഷനുവേണ്ടി കാര്യങ്ങൾ നിശ്ചയിക്കുന്നതും ഡിപ്പാർട്ട്മെന്റിനുള്ളിലെയും വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലും വിവിധ ഏജൻസികൾ തമ്മിലുമുള്ള കോ-ഓർഡിനേഷൻ ഉറപ്പാക്കുന്നതും.

4. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഓഫീസിലെ ആർദ്രം മിഷൻ സെൽ

ആർദ്രം മിഷനുമായി ബന്ധപ്പെട്ട ദിവസേനയുള്ള പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതും വിലയിരുത്തുന്നതും ഈ സെല്ലാണ്.

5. വർക്കിംഗ് ഗ്രൂപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഓഫീസിലെ വിവിധ പ്രോഗ്രാം ഡിവിഷനുകൾക്ക് കീഴിൽ ബന്ധപ്പെട്ട ഇൻ-ചാർജ് ഓഫീസർ ചെയർമാനും ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനറും മറ്റ് സബ്ജക്ട് എക്സ്പേർട്സും ഉൾപ്പെടുന്നതാണ് വർക്കിംഗ് ഗ്രൂപ്പ്. ആർദ്രം മിഷന്റെ കീഴിലെ വിവിധ പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നത് വർക്കിംഗ് ഗ്രൂപ്പാണ്.

സംസ്ഥാനതല സമിതികളുടെ പ്രവർത്തന ഫലമായി ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ലൈഫ് മിഷൻ അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണ പുരോഗതി**

23(*323) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ലൈഫ് മിഷൻ അഴിമതി കേസിൽ 2020-ൽ ആരംഭിച്ച വിജിലൻസ് അന്വേഷണം രണ്ടര വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്തതിന്റെ കാരണം വിശദമാക്കാമോ?

യു.എ.ഇ റെഡ്ക്രസന്റ് ഏറ്റെടുത്ത് നിർവ്വഹിക്കുന്ന വടക്കാഞ്ചേരിയിലെ പാർപ്പിട സമുച്ചയ നിർമ്മാണത്തിന് യു.എ.ഇ റെഡ്ക്രസന്റ് കണ്ടെത്തിയ കരാറുകാരന് ലഭിച്ച തുകയുടെ വിനിയോഗത്തെ സംബന്ധിച്ച് ചില ആരോപണങ്ങൾ ഉയർന്നിട്ടുണ്ട്. ഈ വിഷയത്തിലാണ് വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട ചില അസ്സൽ രേഖകൾ സി.ബി.ഐ ബന്തവസ്സിലെടുത്തതിനാൽ അതിന്റെ പകർപ്പ് ലഭിക്കുന്നതിന് ബഹു.കോടതി മുഖേന വിജിലൻസ് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. അവ വിജിലൻസിന് ലഭ്യമായിട്ടില്ല. കേസന്വേഷണ പൂർത്തീകരണത്തിന് പ്രസ്തുത രേഖകൾ അനിവാര്യമാണ്.

(ബി) പ്രസ്തുത അന്വേഷണത്തിന്റെ ഭാഗമായി ആരെയൊക്കെ ചോദ്യം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിൽ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയെ പ്രതി ചേർത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്തൊക്കെ കുറ്റങ്ങളാണ് പ്രസ്തുത വ്യക്തിക്കെതിരെ ചുമത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി & സി) യൂണിടാക് ബിൽഡേഴ്സ് & ഡെവലപ്പേഴ്സ്, സെയിൻ വെഞ്ചേഴ്സ്, ശ്രീമതി സ്വപ്നപ്രഭ സുരേഷ്, ശ്രീ. സരിത്, ശ്രീ. സന്ദീപ് നായർ ശ്രീ. എം. ശിവശങ്കർ ഉൾപ്പെടെ 8 പേരാണ് പ്രതിപ്പട്ടികയിലുള്ളത്.

അഴിമതി നിരോധന നിയമത്തിലെ 7 (a), 7(b), 13(2) r/w, 13 (1) (a) of PC Act 1988 & Sec.120 (B) of IPC എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.

മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ 45 പേരെ ഇതുവരെ ചോദ്യം ചെയ്യുകയുണ്ടായി.

**വടക്കാഞ്ചേരി ലൈഫ് മിഷൻ**

24 (*324) ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിൽ ലൈഫ് മിഷൻ ഏതെങ്കിലും വിദേശ ഏജൻസികളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ പ്രസ്തുത ധാരണാപത്രം അനുസരിച്ച് വടക്കാഞ്ചേരിയിൽ കെട്ടിട നിർമ്മാണത്തിനുള്ള ഭൂമി കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിക്കാണ് നൽകിയതെന്നും അപ്രകാരം കൈമാറിയ ഭൂമി സർക്കാർ ഭൂമിയായിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) ഏത് നടപടിയുടെ അടിസ്ഥാനത്തിലാണ് ഭൂമി കൈമാറിയതെന്നും ഭൂമി കൈമാറ്റം സംബന്ധിച്ച് സർക്കാരും കൈമാറി കിട്ടിയ സ്ഥാപനവും തമ്മിൽ കരാറുണ്ടോയെന്നും വിശദമാക്കുമോ?

(എ –സി) UAE Red Crescent Authority എന്ന സന്നദ്ധ

സംഘടനയുമായി ലൈഫ് മിഷൻ, പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കും വീടില്ലാത്തവർക്കും വീടുവച്ച് കൊടുക്കുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. എന്നാൽ ധാരണാപത്രത്തിൽ വടക്കാഞ്ചേരി ഭവന പദ്ധതിയെന്ന് സൂചിപ്പിച്ചിട്ടില്ല.

വടക്കാഞ്ചേരിയിലെ കെട്ടിട നിർമ്മാണത്തിനുള്ള ഭൂമി UAE Red Crescent Authority എന്ന സന്നദ്ധ സംഘടനയ്ക്ക് സർക്കാർ കൈമാറിയിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ തലപ്പള്ളി താലൂക്കിൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി പരിധിയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി വാങ്ങിയ 1.3547 ഹെക്ടർ സ്ഥലം - (റീസർവ്വേ നം. 83/18 (പഴയ സർവ്വേ നം. 1584/5), റീസർവ്വേ നം. 83/19 (പഴയ സർവ്വേ നം. 1584/7), റീസർവ്വേ നം. 83/20 (പഴയ സർവ്വേ നം. 1584/10), റീസർവ്വേ നം. 83/9 (പഴയ സർവ്വേ നം. 1592/2), റീസർവ്വേ നം. 83/32 (പഴയ സർവ്വേ നം.1592/6), സർവ്വേ നം53/3, 354/2) - ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണ അധികാരവും റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് 2 സേവന വകുപ്പുകൾ തമ്മിലുള്ള കൈമാറ്റം സംബന്ധിച്ച നിബന്ധനകൾക്ക് വിധേയമായി സർക്കാരിന്റെ 13-

07-2017-ലെ സ.ഉ. (എം.എസ്) 229/2017/റവന്യൂ നമ്പർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് വടക്കാഞ്ചേരി മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് യു.എ.ഇ.യുമായി എന്തെങ്കിലും ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ?

ഇല്ല.

(ഇ) എങ്കിൽ റെഡ്ക്രസന്റിൽ നിന്നും പണം കമ്മീഷനായി കൈപ്പറ്റാൻ സൗകര്യം ഒരുക്കിയത് ഈ ധാരണാപത്രമായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജീവിത ശൈലീ രോഗനിർണ്ണയ പഠനം**

25(*325) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസംഖ്യാധിഷ്ഠിത ജീവിത ശൈലീ രോഗനിർണ്ണയ പഠനം നടത്തിയിട്ടുണ്ടോയെന്നും ഇതിനായി ഗൃഹസന്ദർശനം നടത്തി സർവ്വേ സംഘടിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ നവകേരള കർമ്മ പദ്ധതി 2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് "അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിർണ്ണയ വാർഷികാരോഗ്യ പദ്ധതി. ഇതിൽ 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടേയും ആരോഗ്യ വിവരങ്ങൾ ആശ പ്രവർത്തകർ മുഖേന ശേഖരിക്കുകയും ജീവിതശൈലീ രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ജനങ്ങളെ വിദഗ്ധ പരിശോധനയ്ക്കായി അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഇതിനായി "ശൈലി" എന്ന പേരിൽ ഒരു ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഇ.ഹെൽത്ത് വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിലൂടെ ഓരോ പ്രദേശത്തെയും ജനങ്ങളുടെ ജീവിത ശൈലീ

രോഗങ്ങളുടെയും അവയിലേക്ക് നയിക്കുന്ന ഹേതുക്കളുടെയും (Risk Factors) പ്രാചുര്യം (prevalence) അറിയാൻ സാധിക്കുന്നതാണ്. ജീവിത ശൈലീ രോഗങ്ങൾ ഉള്ളവരുടെയും വരാൻ സാധ്യതയുള്ളവരുടെയും പഞ്ചായത്ത് തിരിച്ചും, ജില്ല തിരിച്ചും, സംസ്ഥാനതലത്തിലും വ്യക്തമായ കണക്കുകൾ ലഭ്യമാകുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന കണക്കുകൾ പദ്ധതി ആസൂത്രണത്തിനും ധനവിനിയോഗത്തിനും പഠനങ്ങൾക്കും വിശകലനങ്ങൾക്കും സഹായമാകുന്നതാണ്.

(ബി) പ്രസ്തുത സർവ്വേയുടെ ഭാഗമായി എത്ര പേരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ജനസംഖ്യാധിഷ്ഠിത ജീവിതശൈലി നിർണ്ണയ സർവ്വേയായ 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിനിലൂടെ 24-02-2023 വരെ 80,64,574 വ്യക്തികളെ സ്ക്രീൻ ചെയ്തുകഴിഞ്ഞു. ഇതിൽ 5,23,057 പേർക്ക് ക്യാൻസർ സാധ്യത ഉള്ളതായും 16,11,396 പേർക്ക് പ്രമേഹ/ രക്താതിമർദ്ദ സാധ്യത ഉള്ളതായും 75,581 പേർക്ക് ക്ഷയരോഗ സാധ്യത ഉള്ളതായും

2,71,156 പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യത ഉള്ളതായും കണ്ടെത്തി കൂടുതൽ പരിശോധകൾക്കായി റഫർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ നിലവിൽ രക്താതിമർദ്ദമുള്ള 8,89,612 പേരുടെയും പ്രമേഹമുള്ള 7,16,607 പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 3,14,092 പേരുടേയും രോഗ വിവരങ്ങൾ "ശൈലി ആപ്പ് " വഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ജീവിത ശൈലീ രോഗവും രോഗ സാധ്യതയുമുള്ളതായി കണ്ടെത്തുന്നവർക്ക് വിദഗ്ധ പരിശോധനയ്ക്ക് അവസരം ഒരുക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

"ശൈലി " ആപ്ലിക്കേഷൻ മുഖാന്തരമുള്ള സ്ക്രീനിംഗ് വഴി രോഗ സാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗ നിർണ്ണയം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്നുവരുന്നു. റഫർ ചെയ്ത എല്ലാ രോഗികളും സ്ക്രീനിംഗിന് വിധേയമായിട്ടുണ്ടോയെന്ന് ഉറപ്പാക്കുന്നതിനും രോഗ സ്ഥിരീകരണം നടത്തിയവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനും ഇ.ഹെൽത്തിന്റെ സഹായത്തോടെ ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. ശൈലി സ്ക്രീനിംഗ് വഴി കണ്ടെത്തുന്ന രോഗികൾക്ക് വിതരണം

ചെയ്യുന്നതിനുള്ള അധിക മരുന്നുകളുടെ സംഭരണത്തിനായി കൂടുതൽ ഫണ്ടുകൾ ദേശീയ ആരോഗ്യ മിഷൻ വഴി ആവശ്യപ്പെട്ടിട്ടുണ്ട്.

ക്യാൻസർ രോഗ സാധ്യതയുള്ളവരെ കുടുംബാരോഗ്യ കേന്ദ്രതലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി ക്യാൻസർ കെയർ പോർട്ടൽ ഇ.ഹെൽത്ത് വഴി സജ്ജമാക്കിയിട്ടുണ്ട്. ഈ പോർട്ടൽ വഴി ക്യാൻസർ രോഗസാധ്യതയുള്ളവരുടെ പരിശോധന സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതാണ്.

**നെല്ല് സംഭരണം**

26 (*326) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണ പ്രക്രിയയിൽ കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കൊടുത്ത് തീർത്തിട്ടുണ്ടോ; വിശദമാക്കാമോ?

2021-22 സീസണിൽ 2,54,072 കർഷകരിൽ നിന്നായി 7,48,403.193 മെട്രിക് ടൺ നെല്ല് സംഭരിക്കുകയും ആയതിന് 2,54,068 കർഷകർക്ക് 2095.52 കോടി രൂപ നെല്ലിന്റെ വിലയായി നൽകുകയും ചെയ്തിട്ടുണ്ട്. നിയമ പ്രശ്നം നിലനിൽക്കുന്നതിനാൽ 4 കർഷകർക്ക് 82,180 രൂപ ഇനിയും നൽകുവാനുണ്ട്. 2021-22 സീസണിൽ പി.ആർ.എസ് വായ്പാ പദ്ധതി വഴി 11 ബാങ്കുകളിലായാണ് നെല്ലിന്റെ വില വിതരണം ചെയ്തിട്ടുള്ളത്.

(ബി) നെല്ല് സംഭരണ പദ്ധതിക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൈകാര്യച്ചെലവ് നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ?

വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി കേന്ദ്ര സർക്കാർ പദ്ധതി ആയതിനാൽ സംസ്ഥാന സർക്കാർ നെല്ലിന്റെ വിലയിനത്തിൽ കർഷകർക്ക് അധികമായി നൽകുന്ന സ്റ്റേറ്റ് ഇൻസെൻറീവ് ബോണസ് കിഴിച്ചുള്ള എല്ലാ ചെലവുകളും വഹിക്കുന്നത് കേന്ദ്ര സർക്കാരാണ്. ടി തുകയിൽ നിന്നാണ്

കർഷകർക്ക് ഒരു ക്വിന്റലിന് 12 രൂപ നിരക്കിൽ നൽകുന്ന കൈകാര്യ ചെലവിനുള്ള തുക കണ്ടെത്തുന്നത്. കേരള സർക്കാർ ഫണ്ടിൽ നിന്നും കൈകാര്യ ചെലവ് നൽകുന്നില്ല.

(സി) കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ലിനും കീടശല്യംമൂലം ഗുണനിലവാരം മോശമായ നെല്ലിനും കർഷകർക്ക് നൽകുന്ന സംഭരണ തുകയിൽ അന്യായമായ കിഴിവ് മില്ലുടമകൾ ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ഗുണനിലവാര മാനദണ്ഡപ്രകാരമുള്ള നെല്ലാണ് കർഷകരിൽ നിന്നും സംഭരിക്കുന്നത്. നെല്ല് സംഭരണം കേന്ദ്ര സർക്കാർ പദ്ധതി ആയതിനാൽ ഗുണനിലവാരമില്ലാത്ത നെല്ല് സംഭരിക്കുവാൻ സാധിക്കില്ല. ഈ ഗുണനിലവാര മാനദണ്ഡമനുസരിച്ച് കീടബാധയേറ്റ നെല്ല് 4 ശതമാനത്തിൽ അധികമാകാൻ പാടില്ല. ഇത്തരം നെല്ല് പാറ്റി വൃത്തിയാക്കി കർഷകർ തരേണ്ടതാണ്. ഇത്തരത്തിൽ വൃത്തിയാക്കാതെ മില്ലുകളുമായി സഹകരിച്ച് ചില കർഷകർ പരസ്പര ധാരണയിലെത്തുന്ന കിഴിവിൽ നെല്ല് സംഭരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരമുള്ള നെല്ല് സംഭരിച്ച് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള അരി സപ്ലൈകോയ്ക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയിലാണ് മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഇത്തരത്തിൽ കർഷകരും മില്ലുടമകളും തമ്മിൽ പരസ്പര ധാരണയിലെത്തുന്ന കിഴിവിന്റെ കാര്യത്തിൽ സപ്ലൈകോ ഇടപെടാറില്ല. എന്നാൽ നെല്ലിന്റെ ഗുണനിലവാരം പരിശോധിച്ച് മില്ലുകളെയും കർഷകരെയും ബോധ്യപ്പെടുത്താറുണ്ട്.

(ഡി) സർക്കാർ നിശ്ചയിച്ച താങ്ങുവിലയിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റി സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ന്യായവില ഷോപ്പുകൾ വഴി വിറ്റഴിക്കുന്ന മില്ലുടമകൾക്ക് നെല്ല് സംഭരണത്തിനായി മാറ്റിവയ്ക്കുന്ന സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിൽ റേഷൻ കടകൾ വഴി മാത്രമാണ് വിതരണം ചെയ്യുന്നത്.

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം

27(*327) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത - ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) രോഗികൾക്ക് തൊണ്ണൂറ് ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കിയിരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. 73 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ കേരളത്തിലുടനീളം പ്രവർത്തിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ നിലമ്പൂർ ജില്ലാ ആശുപത്രി, കോന്നി മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിച്ചുകഴിഞ്ഞു. മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

തിരൂരങ്ങാടി താലൂക്കാശുപത്രി, തൊടുപുഴ ജില്ലാ ആശുപത്രി,

പുലയനാർകോട്ട ടിബി സെൻറർ, ആലുവ ജില്ലാ ആശുപത്രി, ആറ്റിങ്ങൽ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. താലൂക്കാശുപത്രി തലം മുതൽ എല്ലാ ആശുപത്രികളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത ഫാർമസികളുടെ പ്രവർത്തനം ലാഭകരമല്ലാതായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പ്രസ്തുത ഫർമസികളുടെ പ്രവർത്തനം നഷ്ടത്തിലല്ല. മരുന്ന് കമ്പനിക്കാരുടെ ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയുടെ പ്രതിനിധികളുമായി നേരിട്ട് വിലപേശി 45 ദിവസത്തെ വായ്പാ കാലയളവിൽ മുൻകൂറായി മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തുവരുന്ന രീതിയാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അവലംബിച്ചിരിക്കുന്നത്. വളരെ കുറഞ്ഞ മാർജിൻ നിശ്ചയിച്ചാണ് വിൽപ്പന വില തീരുമാനിക്കപ്പെടുന്നത്. വിവിധ കാരുണ്യ ഫാർമസികളിൽ നിന്നുമുള്ള വിറ്റുവരവ് വിനിയോഗിച്ചാണ് മരുന്ന് കമ്പനികൾക്കുള്ള പണം നൽകുന്നത്.

ഈ ക്രയവിക്രയങ്ങളിലെ ലാഭത്തിൽ നിന്നും തന്നെയാണ് ഫാർമസികളുടെയും കാരുണ്യ മെഡിസിൻ ഡിപ്പോകളുടെയും വലുതും ചെറുതുമായ എല്ലാ തരത്തിലുമുള്ള പ്രവർത്തന ചെലവുകളായ ജീവനക്കാർക്കുള്ള ശമ്പളം, വൈദ്യുതി/ ജനറേറ്റർ/ ഫോൺ ചെലവുകൾ, സ്ഥാപനത്തിന്റെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ, മറ്റാവർത്തന ചെലവുകൾ എന്നിവയ്ക്കുള്ള പണം കണ്ടെത്തുന്നത്. ഇത്തരത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ടുപോകുവാൻ സാധിക്കുന്നു .

(സി) കാരുണ്യ ഫാർമസികൾക്ക് സർക്കാർ നൽകിയിരുന്ന ധനസഹായം നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

19-06-2012-ലെ സർക്കാർ ഉത്തരവ് നം. GO(MS)No:186/2012/H&FWD പ്രകാരം ഒറ്റത്തവണ മാത്രമാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനത്തിനായി സർക്കാർ ധനസഹായം ലഭ്യമാക്കിയിട്ടുള്ളത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ നിരന്തരം സർക്കാർ ധനസഹായമില്ലാതെ സ്വയം പര്യാപ്തമായാണ് പ്രവർത്തിച്ചുവരുന്നത്.

(ഡി) കാരുണ്യ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലുടനീളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പൊതുജനങ്ങൾക്കായി സേവനം അനുഷ്ഠിച്ചുവരുന്നു. കൂടാതെ മണ്ഡലകാലത്ത് ശബരിമല തീർത്ഥാടകർക്ക് സേവനം നൽകുന്ന വിധത്തിൽ പമ്പയിലും സന്നിധാനത്തും 24 മണിക്കൂറും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ രണ്ട് ശാഖകൾ പ്രവർത്തിക്കുന്നു. ഇങ്ങനെ ആകെ 73 കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്.

ശബരിമല നിലയ്ക്കലിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഒരു ശാഖ മണ്ഡലകാലത്ത് ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

ഡയാലിസിസ്, ക്യാൻസർ ചികിത്സ എന്നീ സംവിധാനങ്ങളുള്ള താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പുതിയ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള

നടപടികൾ കൈക്കൊണ്ടുവരുന്നു.

നിലവിൽ വിവിധ കമ്പനികളുടെ 8000-ൽപ്പരം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. കൂടാതെ വിപണിയിൽ പുതുതായി സ്ഥാനമുറപ്പിച്ച കമ്പനികളുടെ മരുന്നുകൾ ഇതിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. നിലവിൽ പകൽ സമയങ്ങളിൽ മാത്രം പ്രവർത്തിച്ചിരുന്ന മേജർ ആശുപത്രികളിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം 24 മണിക്കൂറായി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിച്ചുവരുന്നു.

കാരുണ്യ@ഹോം പദ്ധതി

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ മരുന്നുകൾ വീടുകളിൽ എത്തിച്ച് കൊടുക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ കാരുണ്യ@ഹോം എന്ന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. കാരുണ്യയിലെ വിലക്കിഴിവിന് പുറമെ 1% അധിക വിലക്കിഴിവോടുകൂടി മുതിർന്ന പൗരൻമാർക്ക് ആവശ്യമായ എല്ലാ മരുന്നുകളും ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ളവ കൊറിയർ മുഖാന്തരം മിതമായ കൊറിയർ

ചാർജ്ജ് ഈടാക്കിക്കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ച് കൊടുക്കുന്നു. മുതിർന്ന പൗരന്മാർക്ക് ഫാർമസിയിലെത്തിച്ചേരാതെ തന്നെ മരുന്നുകൾ ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

**ലൈഫ് മിഷൻ**

28 (*328) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരേയും അഗതികളേയും നവകേരള നിർമ്മിതിയിൽ പൊതുധാരയോടൊപ്പം ചേർക്കുന്നതിന് അവരുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തുകയാണ് ആവശ്യമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉയർന്ന ജീവിത നിലവാരം, സാക്ഷരത, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കേരളം കൈവരിച്ച വികസന നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുന്നതിനും വികസന ഗുണഫലങ്ങൾ

എല്ലാ വിഭാഗം ജനങ്ങൾക്കും നീതിപൂർവ്വമായി ലഭ്യമാക്കുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായാണ് സർക്കാർ നവകേരളം കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ പ്രധാനമായ അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. അതുകൊണ്ടുതന്നെ എല്ലാവർക്കും സുരക്ഷിതമായ വീടുകളുണ്ടെന്ന് ഉറപ്പാക്കാനുള്ള ബാധ്യത സമൂഹത്തിനുണ്ട്. ഭവന രഹിതരില്ലാത്ത കേരളമെന്ന ലക്ഷ്യം മുൻനിർത്തിയുള്ള സമഗ്ര പരിപാടിയാണ് ലൈഫ് മിഷൻ. കേരളത്തിന്റെ പാർപ്പിട രംഗം നേരിടുന്ന പ്രശ്നങ്ങൾ ബഹുമുഖമാണ്. അവ ശരിയായി വിലയിരുത്തുകയും ഓരോ പ്രശ്നത്തിനും പരിഹാര നടപടികൾ രൂപപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തന പദ്ധതിയായാണ് ലൈഫ് മിഷൻ വിഭാവന ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ പിന്നാക്കാവസ്ഥയിലുള്ളവരും സ്വന്തമായി വീടുവയ്ക്കാൻ ശേഷിയില്ലാത്തവരുമായ ജനങ്ങൾക്ക് വീടും ഉപജീവനമാർഗ്ഗവും നൽകുവാൻ ലൈഫ് മിഷൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി മുഖേന

കണ്ടെത്തിയിട്ടുള്ള അർഹരായ സംസ്ഥാനത്തെ പിന്നാക്ക അവസ്ഥയിലുള്ള ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകി സുരക്ഷിത ഭവനങ്ങൾക്ക് ഉടമകളാക്കി മാറ്റിയിട്ടുണ്ട്. ഇതിനുപുറമെ പ്രസ്തുത ഗുണഭോക്താക്കൾക്ക് ഉപജീവന മാർഗ്ഗം ഉറപ്പുവരുത്തുന്നതിന് വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ നടപ്പിലാക്കുന്നു. സംസ്ഥാനത്തെ പിന്നാക്കാവസ്ഥയിലുള്ളവരും സ്വന്തമായി വീടുവയ്ക്കാൻ ശേഷിയില്ലാത്തവരുമായ പട്ടികജാതി, പട്ടികവർഗ്ഗ/ ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവരുടേയും അതിദരിദ്രരിൽ വീട് ആവശ്യമുള്ളവർക്കും ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി 15-11-2022-ലെ സ.ഉ.(സാധാ) 2806/2022/തസ്വഭവ നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുവാനും സ്വന്തമായി ഭൂമി ഇല്ലാത്തവർക്കായി പൊതുവുടമസ്ഥതയിലുള്ള ഭവന സമുച്ചയങ്ങൾ നിർമ്മിക്കുവാനും ലൈഫ് മിഷനിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

വിശദമാക്കാമോ?

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി, വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവനപദ്ധതികൾ ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് ഭവന പദ്ധതി നടപ്പിലാക്കിവരുന്നത്. ഇത്തരത്തിൽ 23-02-2023 വരെ 3,28,315 വ്യക്തിഗത വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ അടിമാലി ഭവന സമുച്ചയം, അങ്കമാലി ഭവന സമുച്ചയം, വെങ്ങാനൂർ ഭവന സമുച്ചയം, മണ്ണന്തല എൻ.ജി.ഒ. യൂണിയൻ ഭവന സമുച്ചയം, കീഴ്മാട് ഭവന സമുച്ചയം, പെരിന്തൽമണ്ണ ഭവന സമുച്ചയം എന്നീ ഭവന സമുച്ചയങ്ങളിലൂടെ 469 കുടുംബങ്ങൾക്ക് ഫ്ളാറ്റുകളും നൽകി. ഇതിനുപുറമെ കോട്ടയം വിജയപുരം, കൊല്ലം പുനലൂർ, ഇടുക്കി കരിമണ്ണൂർ, കണ്ണൂർ എന്നിവിടങ്ങളിലെ ഭവന സമുച്ചയങ്ങൾ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കളെ പ്രവേശിപ്പിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 25 ഭവന സമുച്ചയങ്ങൾ നിർമ്മാണ പുരോഗതിയിലാണ്.

(ഡി) സ്വന്തമായി അദ്ധ്വാനിക്കാൻ കഴിയാത്തവർക്ക് സാമൂഹ്യ

സുരക്ഷാ പദ്ധതികളും വാസയോഗ്യമല്ലാത്ത വീടുകളുടെ നവീകരണവും ലൈഫ് മിഷന്റെ നാലാം ഘട്ടത്തിൽ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**സുരക്ഷിതമാക്കാം പശ്ചിമഘട്ടം പദ്ധതി**

29(*329) ശ്രീ. എം. എം. മണി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമുള്ള സാധ്യത ലഘൂകരിച്ച് പശ്ചിമഘട്ട പ്രദേശത്ത് സുരക്ഷിത ജനവാസം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

"ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണം" എന്ന സംസ്ഥാന പദ്ധതി മണ്ണ് പര്യവേഷണ- മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിലെ ഉരുൾപൊട്ടൽ (മണ്ണിടിച്ചിൽ)

സാധ്യതയുള്ള/ബാധിതമായ ആവാസ വ്യവസ്ഥകളുടെ സ്ഥിരതയ്ക്കും വീണ്ടെടുപ്പിനും ആവശ്യമായ ശാസ്ത്രീയ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ജൈവ വ്യവസ്ഥയെ ഭദ്രമാക്കി നിലനിർത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഉരുൾപൊട്ടൽ ഭീഷണിയുള്ള വയനാട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, കോട്ടയം ജില്ലകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നത്.

ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പശ്ചിമഘട്ട പ്രദേശങ്ങളിൽ തദ്ദേശ നീർച്ചാൽ ശൃംഖലകൾ പൂർണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാരിസ്ഥിതിക പ്രാധാന്യമുള്ള പശ്ചിമഘട്ട മലനിരകളുടെ ദൃഢമായ പ്രതലത്തിൽ 2 മുതൽ 20 മീറ്റർ വരെ ഘനത്തിൽ മണ്ണുണ്ടെന്നാണ് കണക്കാക്കുന്നത്. ഈ പ്രദേശത്ത് പെയ്തു വീഴുന്ന ജലം താഴേയ്ക്ക് ഒഴുകുന്നതിന് പര്യാപ്തമായ രീതിയിൽ സ്വാഭാവിക നീർച്ചാൽ ശൃംഖലകളുണ്ടായിരുന്നു. എന്നാൽ ഇവയിൽ പലതും നഷ്ടപ്പെടുകയും

അടഞ്ഞുപോകുകയും ചെയ്യതുമൂലം വെള്ളം മണ്ണിലേയ്ക്ക് ഊർന്നിറങ്ങി മണ്ണിന്റെ ജലാംശം ക്രമാതീതമായി വർദ്ധിക്കുകയും മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുകയും ചെയ്യുന്നു. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ "ഇനി ഞാനൊഴുകട്ടെ" എന്ന ക്യാമ്പയിനിലൂടെ നീർച്ചാലുകളുടെ പുനരുജ്ജീവനം വിജയകരമായി നടത്തിയ അനുഭവത്തിന്റെ വെളിച്ചത്തിൽ പശ്ചിമഘട്ട നീർച്ചാലുകൾ കൃത്യമായി അടയാളപ്പെടുത്തി അവയുടെ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് പുനഃസ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. ജലസേചന വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ഏകോപനം സാധ്യമാക്കി ഓരോ ഏജൻസിയുടേയും വകുപ്പുകളുടേയും സാധ്യതകൾക്കനുസരിച്ച് ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ഈ പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങൾക്ക് ഭയരഹിതമായി ഇവിടെ താമസിക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) സുരക്ഷിതമാക്കാം പശ്ചിമഘട്ടം പദ്ധതിയുടെ ഭാഗമായി

ഏതെല്ലാം സ്ഥലങ്ങളിൽ മാപ്പിംഗ് പൂർത്തിയാക്കിയിട്ടുണ്ടെന്നും മാപ്പിംഗ് പൂർത്തിയാക്കിയ സ്ഥലങ്ങളിൽ നീർച്ചാലുകൾ വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

സുരക്ഷിതമാക്കാം പശ്ചിമഘട്ടം പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കേരള പുനർ നിർമ്മാണ പദ്ധതി (RKI)-യുടെ സഹായത്തോടെയും സംസ്ഥാന ഐ.ടി. മിഷൻ, ICFOSS എന്നിവയുടെ സാങ്കേതിക സഹായത്തോടെയും ഓപ്പൺ സ്ട്രീറ്റ് സങ്കേതം പ്രയോജനപ്പെടുത്തി നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പശ്ചിമഘട്ട പ്രദേശങ്ങളിലെ 230 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇത്തരത്തിൽ മാപ്പിംഗ് പ്രവർത്തനം നടത്തുന്നത്. ഇതിൽ 32 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാപ്പിംഗ് പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ സൂചിക**

30 (*330) **ശ്രീ. കുറുക്കോളി മൊയ്തീൻ:**
**ശ്രീ. എ. കെ. എം. അഷ്റഫ്:**

ശ്രീ.പി. കെ. ബഷീർ:

ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത - ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഭക്ഷ്യസുരക്ഷാ സൂചികയിൽ ആറാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

Food Safety Index-ൽ പറയുന്ന 5 ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്.

Human Resources & Institutional Data

Compliance

Food testing infrastructure and surveillance

Training and Capacity building

Consumer empowerment and FSSAI initiatives

ഓരോ ഘടകത്തിനും ലഭിക്കുന്ന പോയിന്റിന്റെ ആകെ തുകയാണ് റാങ്ക് നിശ്ചയിക്കാൻ അടിസ്ഥാനമാക്കുന്നത്.

Food Safety Index-ന് പരിഗണിക്കുന്ന സമയത്ത് ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ ഒഴിവുകളുണ്ടായിരുന്നു. അതിപ്പോൾ പി.എസ്.സി വഴി നികത്തിയിട്ടുണ്ട്.

2019-ൽ ആരംഭിച്ച സേവ് ഫുഡ് ഷെയർ ഫുഡ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് ഭക്ഷണം ഷെയർ ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക, ഭക്ഷണ നഷ്ടം ഒഴിവാക്കുക, ഭക്ഷണം പാഴാകുന്നത് തടയുക എന്നീ പ്രധാന ലക്ഷ്യങ്ങളാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭക്ഷണത്തിന് ബുദ്ധിമുട്ടുന്നവരുടെ എണ്ണം കേരളത്തിൽ കുറവാണെന്നുള്ളതും നിലവിൽ ഭക്ഷണ വിതരണം ചെയ്യുന്ന നിരവധി സംഘടനകൾ സംസ്ഥാനത്തുള്ളതും പ്രസ്തുത പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

RDO കോടതിയിൽ പരിഗണനയിലുള്ള അഡ്ജൂഡിക്കേഷൻ കേസുകളിലെ തീർപ്പാക്കൽ നിരക്ക് കുറവായത് റാങ്കിംഗിനെ ബാധിച്ചിട്ടുണ്ട്. തീർപ്പാക്കൽ ത്വരിതപ്പെടുത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നടപടി സ്വീകരിച്ചുവരുന്നു.

പരിശോധനകൾ ഓൺലൈനായി കടകളിൽവച്ച് തന്നെ

നടത്തുന്നതിന് വേണ്ടി FSSAI 2017-ൽ ആരംഭിച്ച ഒരു പുതിയ മൊബൈൽ ആപ്ലിക്കേഷൻ പ്ലാറ്റ്ഫോം ആണ് FoSCoRIS ( Food Safety Compliance through Regular Inspection and Sampling). FoSCoRIS മുഖേന 2400 പരിശോധനകളാണ് FSSAI നിഷ്കർഷിക്കുന്നത്. ഇതിൽ കേരളം 2538 പരിശോധനകൾ നടത്തുകയും ചെയ്തു. യഥാർത്ഥത്തിൽ കഴിഞ്ഞ വർഷം നാൽപ്പത്തി നാലായിരത്തിലധികം പരിശോധനകൾ നടത്തിയിരുന്നു. ആയതിൽ ഭൂരിഭാഗവും FoSCoRIS മുഖേന അല്ലാതിരുന്നതിനാൽ ഇവ റാങ്കിംഗിൽ പരിഗണിക്കുകയുണ്ടായില്ല. ഇത് അടുത്ത വർഷം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. FSSAI ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയുടെ വർദ്ധനവ് 202 ശതമാനമാണ്.

Eat Right Challenge-ൽ 4 ജില്ലകളാണ് തെരഞ്ഞെടുത്തത്. ടി 4 ജില്ലകളും മികച്ച പ്രകടനം കാഴ്ചവെച്ചതിനാൽ ജൂൺ 7 ലോക ഭക്ഷ്യ സുരക്ഷാ ദിനാചരണത്തിൽ FSSAI സംഘടിപ്പിച്ച പുരസ്കാരദാന ചടങ്ങിൽ സംസ്ഥാനത്തിന് പ്രശംസാ പത്രം ലഭിക്കുകയുണ്ടായി. FSSAI-യുടെ സർട്ടിഫിക്കേഷൻ പദ്ധതികളായ Eat Right School, Eat Right Campus, Clean

Street Food Hub, Clean Fruit & Vegetable Market, BHOG, Eat Right Campus-ൽ സർട്ടിഫിക്കറ്റ് നേടിയതിലൂടെ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

503 Hygiene Rating സർട്ടിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എന്നാൽ റാങ്കിംഗിന് പരിഗണിക്കുന്ന സമയത്ത് ഹോട്ടലുകൾക്ക് ഹൈജീൻ Rating നടപ്പിലാക്കിയിരുന്നില്ല. ഇതിനുള്ള പോയിന്റുകൾ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായില്ല.

Eat Right School, Clean Street Food Hub, Clean Fruit & Vegetable Market, BHOG, Eat Right station തുടങ്ങിയ പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ദേവസ്വം ബോർഡ്, റെയിൽവേ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കി ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഭക്ഷ്യവിഷബാധയും തുടർന്നുള്ള മരണങ്ങളും വർദ്ധിച്ച് വരുന്നുണ്ടോ; ഇക്കാരണത്താൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യ വിഷബാധ ഭക്ഷ്യ മേഖലയിലുണ്ടാകുന്ന ഒരു അപകടമാണ്. സംസ്ഥാനത്ത് ഹോട്ടൽ ഭക്ഷണത്തിൽ നിന്നും മറ്റുമുള്ള ഭക്ഷ്യവിഷബാധയുണ്ടായ ചില സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യക്ഷമമായി പരിശോധനകളും ബോധവത്കരണ പരിപാടികളും പരിശീലന പരിപാടികളും നടത്തിവരുന്നു. സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രധാന ലക്ഷ്യം സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുകയെന്നതാണ്. അതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ

ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സ്വീകരിച്ചുവരുന്നു.

'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന ക്യാമ്പയിനിൽ ഉൾപ്പെടുത്തി ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെയുള്ള കാലയളവിൽ 64692 ഭക്ഷ്യ പരിശോധനകൾ നടത്തുകയും പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 7414 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 5259 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,83,04,500/- രൂപ (ഒരു കോടി എൺപത്തി മൂന്ന് ലക്ഷത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 6389 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ unsafe ആയും 220 സാമ്പിളുകൾ substandard ആയും 301 സാമ്പിളുകൾ misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി

ബന്ധപ്പെട്ട് 1554 പ്രോസിക്യൂഷൻ കേസുകളും 1234 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. 2014 മുതൽ 2022 വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300/- രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തുണ്ടാകുന്ന ഭക്ഷ്യ വിഷബാധ പോലുള്ള അടിയന്തര ഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികളെടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പായി തന്നെ തടയുന്നതിനും രഹസ്യ സ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ-ഡിസ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള നിയമനം

1 (3782) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് 2022 മാർച്ചിനുശേഷം അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എത്ര ഒഴിവുകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളതെന്നും പ്രസ്തുത തസ്തികയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

കെ-ഡിസ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ 4 ഒഴിവുകളിലേയ്ക്ക് ഓഗസ്റ്റ് 2022-ൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം 376 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, നിയമന കാലയളവ് എന്നിവ വ്യക്തമാക്കുമോ?

പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, പ്രായപരിധി, നിയമന കാലയളവ് എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തസ്തിക | എക്സിക്യൂട്ടീവ് ഡയറക്ടർ (പ്ലാനിംഗ്, കോംപീറ്റൻസി ഡെവലപ്പ്മെന്റ് & ഇന്നൊവേഷൻ സിസ്റ്റംസ്) |
| വിദ്യാഭ്യാസ യോഗ്യത | ടെക്നോളജി/സയൻസ്/മാനേജ്മെന്റ്/സോഷ്യൽ അല്ലെങ്കിൽ ബിഹേവിയറൽ സയൻസസ് എന്നിവയിലേതെങ്കിലും ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത |
| പ്രവൃത്തി പരിചയം | 10 വർഷം |
| പ്രായപരിധി | 35 - 50 വയസ്സ് |

| | |
|---|---|
| നിയമന കാലയളവ് | തുടക്കത്തിൽ ഒരു വർഷത്തേയ്ക്ക്. പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. |
| തസ്തിക | എക്സിക്യൂട്ടീവ് ഡയറക്ടർ(ഇന്നൊവേഷൻ ടെക്നോളജീസ്) |
| വിദ്യാഭ്യാസ യോഗ്യത | ടെക്നോളജി/സയൻസ്എന്നിവയിലേതെങ്കിലും ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത |
| പ്രവൃത്തി പരിചയം | 10 വർഷം |
| പ്രായപരിധി | 35- 50 വയസ്സ് |
| നിയമന കാലയളവ് | തുടക്കത്തിൽ ഒരു വർഷത്തേയ്ക്ക്. പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. |
| തസ്തിക | എക്സിക്യൂട്ടീവ് ഡയറക്ടർ (സോഷ്യൽ എന്റർപ്രൈസസ് & ഇൻക്ലൂഷൻ) |
| വിദ്യാഭ്യാസ യോഗ്യത | ടെക്നോളജി/സയൻസ്/മാനേജ്മെന്റ്/സോഷ്യൽ അല്ലെങ്കിൽ ബിഹേവിയറൽ സയൻസസ് എന്നിവയിലേതെങ്കിലും ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത |
| പ്രവൃത്തി പരിചയം | 10 വർഷം |
| പ്രായപരിധി | 35 - 50 വയസ്സ് |
| നിയമന കാലയളവ് | തുടക്കത്തിൽ ഒരു വർഷത്തേയ്ക്ക്. പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. |
| തസ്തിക | എക്സിക്യൂട്ടീവ് ഡയറക്ടർ (സ്കിൽസ്, എംപ്ലോയ്മെന്റ് & ആന്റ്റപ്രനർഷിപ്പ്) |
| വിദ്യാഭ്യാസ യോഗ്യത | ടെക്നോളജി/സയൻസ്/മാനേജ്മെന്റ്/സോഷ്യൽ അല്ലെങ്കിൽ ബിഹേവിയറൽ സയൻസസ് എന്നിവയിലേതെങ്കിലും ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത |
| പ്രവൃത്തി പരിചയം | 10 വർഷം |
| പ്രായപരിധി | 35 - 50 വയസ്സ് |
| നിയമന കാലയളവ് | തുടക്കത്തിൽ ഒരു വർഷത്തേയ്ക്ക്. പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. |

(സി) നിയമന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം

നൽകുമോ?

വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളുടെ പ്രാഥമിക സൂക്ഷ്മപരിശോധന നടത്തിവരുന്നു. തിരഞ്ഞെടുപ്പ് നടത്താനായി കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ തലപ്പത്ത് സേവനമനുഷ്ഠിച്ചിട്ടുള്ളവരും കെ-ഡിസ്കിന്റെ പ്രവർത്തന രീതിയെക്കുറിച്ച് നന്നായി അറിയുന്നവരും ഉന്നത ഉദ്യോഗസ്ഥരെന്ന നിലയിൽ ഗവൺമെന്റിൽ മതിയായ അനുഭവ പരിചയമുള്ളവരുമായ മൂന്ന് മുതിർന്ന റിട്ട. സിവിൽ സെർവന്റ്സ് അടങ്ങിയ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വയനാട് പാക്കേജ്**

2 (3783) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് പാക്കേജിനായി നിലവിൽ എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനായി 2022-23 ബജറ്റിൽ 75 കോടി രൂപയും 2023-24 ബജറ്റിൽ 75 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) നിലവിൽ ഏതെല്ലാം പദ്ധതികളാണ് വയനാട് പാക്കേജിൽ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) 2022-23 സാമ്പത്തിക വർഷം അനുവദിച്ച തുക ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) ഡി.പി.ആർ സംസ്ഥാന ആസൂത്രണ ബോർഡ് പരിശോധിച്ചുവരുന്നു.

(ഡി) സമയബന്ധിതമായി ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വയനാട് പാക്കേജിന്റെ മാർഗ്ഗരേഖ രൂപീകരിക്കുന്നതിനും വയനാട് പാക്കേജിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും സംസ്ഥാന തലത്തിൽ ചീഫ്

സെക്രട്ടറിയുടെ അധ്യക്ഷതയിൽ സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി (എസ്.എൽ.ഇ.സി) ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി (ഡി.എൽ.സി.സി) എന്നിവ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**സിൽവർ ലൈൻ പദ്ധതി**

3 (3784) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ദക്ഷിണ റെയിൽവേ എന്തൊക്കെ രേഖകൾ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു; വിശദാംശം അറിയിക്കാമോ?

സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ അംഗീകാരത്തിനായി 17-06-2020-ൽ റെയിൽവേ ബോർഡിന് സമർപ്പിച്ചിരുന്നു. ആയത് റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. പദ്ധതിയുടെ ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി സിൽവർ ലൈൻ പാത നിലവിലുള്ള റെയിൽവേ ശൃംഖലയിലൂടെ കടന്നുപോകുന്നതിന്റെ വിശദാംശങ്ങളോടൊപ്പം

പദ്ധതിയുടെ EIRR, FIRR ട്രാഫിക് പഠനവുമായി ബന്ധപ്പെട്ടുള്ള വിശദ വിവരങ്ങൾ, റെയിൽവേ ഭൂമിയുടെ അതിർത്തി വ്യക്തമാക്കുന്ന പ്ലാനിന്റെ അധിക വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ റെയിൽവേ ബോർഡ് ആവശ്യപ്പെടുകയുണ്ടായി.

(ബി) ആവശ്യപ്പെട്ട വിവരങ്ങളെല്ലാം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പ്രസ്തുത വിവരങ്ങൾ റെയിൽവേ ബോർഡിലേയ്ക്ക് അയയ്ക്കുന്നതിനായി ദക്ഷിണ റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്.

(സി) ദക്ഷിണ റയിൽവേയുടെ ഭാഗത്തുനിന്നും എന്തെങ്കിലും തുടർ നടപടിയുണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

നിലവിൽ കെ.ആർ.ഡി.സി.എൽ സമർപ്പിച്ച പ്രമാണങ്ങൾ ദക്ഷിണ റെയിൽവേ പരിശോധിച്ചുവരികയാണ്.

**പാലക്കാട് ജില്ലയിലെ റീബിൽഡ് കേരള പദ്ധതികൾ**

4(3785) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ പദ്ധതികളും അവയുടെ പുരോഗതിയും മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**റീബിൽഡ് കേരള പദ്ധതി**

5(3786) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വിവിധ ഏജൻസികളിൽ നിന്ന് സഹായമായും വായ്പയായും ലഭിച്ച തുക എത്രയാണ്; പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണ്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

റീബിൽഡ് കേരള പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷവും വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസികളിൽ നിന്ന് ലഭിച്ച വായ്പ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| F.Y. | Agency | Program | Amount (Rs in cr) |
|---|---|---|---|
| 2019-20 | ലോകബാങ്ക് | DPO-1 | 1780 |
| 2020-21 | KfW | Reconstruction of flood impacted roads | 45.6789808 |
| | KfW | DPO-1 Parallel financing | 858 |
| 2021-22 | KfW | Reconstruction of flood impacted roads | 77.3861816 |
| 2022-23 | KfW | Reconstruction of flood impacted roads | 101.9582595 |
| | ലോകബാങ്ക് | RKDP-PfR | 125.6648 |
| | AIIB | RKDP-PfR | 109.90003 |

റീ ബിൽഡ് കേരള പദ്ധതിക്കായി ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു+.

## വി.വി.ഐ.പി. സുരക്ഷ ചെലവ്

6(3787) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.വി.ഐ.പി.കളുടെ റോഡ് യാത്ര വേഗത്തിലും സുഗമവുമാക്കാൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടുത്ത കാലത്തായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തുള്ളവരും സംസ്ഥാനം സന്ദർശിക്കുന്നവരുമായ വിശിഷ്ട വ്യക്തികൾക്കും അവരുടെ യാത്രാവേളകളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവർക്ക് നൽകിയിരിക്കുന്ന കാറ്റഗറിക്കനുസരിച്ചും സുരക്ഷാ ക്രമീകരണങ്ങൾ പോലീസ് ചെയ്തുവരുന്നു. സുരക്ഷ കാറ്റഗറിയിലുള്ളവർക്ക് സുരക്ഷ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്.

(ബി) വി.വി.ഐ.പി. കാറ്റഗറിയിൽ ഉൾപ്പെടുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സുരക്ഷ നൽകുന്നതിൽ വി.ഐ.പി കാററഗറി എന്നൊരു പ്രത്യേക വിഭാഗമില്ല. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിശിഷ്ട വ്യക്തികളുടേയും മറ്റ് സാധാരണ വ്യക്തികളുടേയും സുരക്ഷാവലോകനം നടത്തി അവർക്ക് ആവശ്യമുള്ള സുരക്ഷ നൽകണമെന്ന് നിഷ്കർഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ

07-05-2018 തീയതിയിലെ സ.ഉ.(സാ.ധാ) നം.1321/18/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള സെക്യൂരിറ്റി റിവ്യൂ കമ്മിറ്റിയാണ് സംസ്ഥാനത്ത് സുരക്ഷാ ഭീഷണി നേരിടുന്ന വ്യക്തികൾക്ക് ഏത് കാറ്റഗറിയിലുള്ള സുരക്ഷയാണ് നൽകേണ്ടതെന്ന് തീരുമാനിക്കുന്നത്. പ്രസ്തുത കമ്മിറ്റി ആറ് മാസത്തിലൊരിക്കൽ അവലോകന യോഗം കൂടി സുരക്ഷ വിലയിരുത്തി വരുന്നു.

(സി) വി.വി.ഐ.പി.കളുടെ യാത്ര സുരക്ഷിതമാക്കാൻ ഒരു ദിവസം ഉണ്ടാകുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

സുരക്ഷ കാറ്റഗറിയിലുള്ളവർക്ക് സുരക്ഷ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻ കരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. ആയതിനാൽ ഇതിനായി നിയോഗിക്കുന്നവരുടെ ശമ്പളമോ മറ്റ് ചെലവുകളോ പ്രത്യേകമായി കണക്കാക്കാറില്ല.

(ഡി) മുഖ്യമന്ത്രിക്ക് മാത്രം സുരക്ഷ ഒരുക്കുന്നതിന് ഒരു ദിവസം എത്രയാണ് ചെലവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

'സി' പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഇ) ഗവർണ്ണറുടെയോ മുഖ്യമന്ത്രിയുടെയോ മറ്റ് വി.ഐ.പി. കളുടെയോ സുരക്ഷ ഉറപ്പാക്കാൻ അവരുടെ യാത്രാവഴിയിൽ മറ്റ് വാഹനങ്ങൾ തടയുന്നത് അഞ്ചോ പത്തോ മിനിറ്റിനകത്താകണമെന്ന് കോടതി വിധിയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇത്തരത്തിലൊരു കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സൃഷ്ടിച്ച തസ്തികകൾ**

7(3788) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) വിദ്യാഭ്യാസ വകുപ്പ് സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ച അദ്ധ്യാപക തസ്തികകൾ ജില്ല തിരിച്ച് വിശദമാക്കാമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ക്ലാർക്ക് -ടൈപ്പിസ്റ്റ് നിയമനം

8(3789) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലറിക്കൽ വിഭാഗം ജീവനക്കാർക്ക് ടൈപ്പിംഗ് യോഗ്യത വേണമെന്നുള്ള പുതിയ ഉത്തരവിന്റെ (ജി.ഒ.(പി) നം. 14/2022 പി & എ.ആർ.ഡി.) അടിസ്ഥാനത്തിൽ ക്ലാർക്കിനും ടൈപ്പിസ്റ്റിനും തുല്യപ്രാധാന്യം നൽകി ക്ലാർക്ക് - ടൈപ്പിസ്റ്റ് തസ്തികകളുടെ എണ്ണം വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

(ബി) ടൈപ്പിസ്റ്റുകൾ വർഷങ്ങളായി കമ്പ്യൂട്ടറിലാണ് ജോലി ചെയ്യുന്നതെന്ന വസ്തുത പരിഗണിച്ച് ടൈപ്പിസ്റ്റിനെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തി ഇ-ഓഫീസ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തെങ്കിലും ശ്രമങ്ങൾ സർക്കാർ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം

നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ ടൈപ്പിസ്റ്റ് തസ്തികയുടെ ജോലിഭാരം ശാസ്ത്രീയമായി പുനർനിർണ്ണയിക്കുന്നതിന് പ്രവൃത്തി പഠനം നടത്തിവരുന്നു.

**കെട്ടിക്കിടക്കുന്ന ഫയലുകൾ**

9 (3790) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലെ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്.

ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ 31-03-2022 വരെ തീർപ്പാക്കാനുണ്ടായിരുന്ന 17,45,294 ഫയലുകളിൽ 9,55,671 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. വകുപ്പു തിരിച്ചുള്ള കണക്ക് അനുബന്ധമായി+ കാണാവുന്നതാണ്.

ചട്ടങ്ങളുടെ സങ്കീർണ്ണത കാരണം ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസമോ തടസ്സമോ ഉണ്ടെങ്കിൽ അവ കണ്ടെത്തി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഘൂകരിക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ വകുപ്പുതലത്തിൽ സമാഹരിച്ച് ബന്ധപ്പെട്ട സെക്രട്ടറിമാർ ചീഫ് സെക്രട്ടറിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും ചീഫ് സെക്രട്ടറി ഇത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) രണ്ട് ഘട്ടങ്ങളിലായി നടന്ന ഫയൽ തീർപ്പാക്കൽ യജ്ഞത്തിന് ശേഷം ഫയൽ നീക്കത്തിന്റെ വേഗത കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

**ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി**

10 (3791) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനം സമയബന്ധിതമായി നടപ്പിലാക്കുവാൻ ഫയൽ നീക്കം കാര്യക്ഷമമായി നടക്കണമെന്നതിനാൽ ആയതിന് സർക്കാർ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലും മാന്വൽ ഓഫ് ഓഫീസ്

പ്രൊസീഡ്യുവറിലും ഫയലുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. സെക്രട്ടേറിയറ്റിലെ ഫയൽ നീക്കത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിന് സെക്ഷൻ ഓഫീസർ മുതൽ സെക്രട്ടറി/മന്ത്രി തലം വരെയുള്ള ഫയൽ ചംക്രമണ കാലാവധി പത്ത് ദിവസമായി നിജപ്പെടുത്തി നിർദ്ദേശം നിലവിലുണ്ട്. ഇതിനുപുറമേ കാലതാമസം ഒഴിവാക്കുന്നതിനായി കർശന നിർദ്ദേശം നൽകിക്കൊണ്ടുള്ള സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇ- ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും നൂതന സാങ്കേതിക സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഫയൽ കൈകാര്യം ചെയ്യുന്ന ശ്രേണികളുടെ എണ്ണം കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സെക്രട്ടേറിയറ്റിൽ ഫയൽ നീക്കത്തിന്റെ തട്ടുകൾ നിജപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അടിയന്തര പ്രാധാന്യമുള്ള ഫയലുകൾ സമയബന്ധിതമായി

പരിശോധിച്ച് ഉത്തരവുകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അടിയന്തര പ്രാധാന്യമുള്ള ഫയലുകൾ സമയബന്ധിതമായി പരിശോധിച്ച് ഉത്തരവുകൾ നൽകുവാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലും മാന്വൽ ഓഫ് ഓഫീസ് പ്രൊസീഡ്യൂറിലും വ്യവസ്ഥകൾ നിലവിലുണ്ട്.

**സിവിൽ സർവീസ് കായികമേളയിലെ വിജയികൾക്കുള്ള മെറിറ്റ് സർട്ടിഫിക്കറ്റ്**

11(3792) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഡിസംബർ മാസം കോഴിക്കോടുവച്ച് നടന്ന സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ സമ്മാനം നേടിയ ഉദ്യോഗസ്ഥർക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് ഏത് മാസം നൽകുവാനാണ് സ്പോർട്സ് കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

മെറിറ്റ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് സ്പോർട്സ് കൗൺസിലിൽ നിലവിൽ മുഴുവൻ

സമയ സെക്രട്ടറിയാണോ അതോ സെക്രട്ടറി ഇൻ-ചാർജ്ജാണോ പദവി വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സെക്രട്ടറി ഇൻ ചാർജ്.

**ശ്രീ. ടി. പി. ദിനേശൻ സമർപ്പിച്ച പരാതിയിന്മേലുള്ള നടപടി**

12(3793) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ മഹാൻ എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടിരുന്ന ചാമക്കണ്ടി ചാത്തന്റെ പിൻതലമുറയിൽപ്പെട്ട ശ്രീ. ടി. പി. ദിനേശൻ (കോളിയോട്ട് മീത്തൽ) എന്ന വ്യക്തി പൂർവ്വിക സ്വത്തുക്കൾ ഉൾപ്പെടെ ഭൂമിയും വീടും നഷ്ടപ്പെട്ടത് ചൂണ്ടിക്കാട്ടി സഹായം അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഇത്തരത്തിൽ ഒരു പരാതി ലഭിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

## സിവിൽ സർവീസ് കായിക മേള

13 (3794) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവീസ് കായിക മേളകളിൽ കായിക താരങ്ങൾ ഉത്തേജക മരുന്നുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇത്തരം ക്രമക്കേടുകൾ തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പോലീസ്, എക്സൈസ്, വനം വകുപ്പുകളുടെ കായിക മേളകളിലും ഇത്തരം ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സിവിൽ സർവീസ് കായിക മേളകളിൽ ഉത്തേജക മരുന്ന് ഉപയോഗിക്കുന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ - ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ സമർപ്പിച്ച അപേക്ഷ**

14(3795) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ 27.12.2022-ന് സെബാസ്റ്റ്യൻ എന്ന വ്യക്തി സമർപ്പിച്ച നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008 ന്റെ വകുപ്പ് 28 അനുസരിച്ചുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ ;

(ബി) നിലവിൽ പ്രസ്തുത അപേക്ഷ സെക്രട്ടേറിയറ്റിൽ ഏത് വകുപ്പിൽ, ഏത് സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നതെന്ന് അറിയിക്കാമോ; ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കാമോ?

(എ & ബി) കൃഷി/എൻസിഎ 2/9/2023 ഫയലിൽ നടപടി സ്വീകരിക്കുന്നുണ്ട്. കൊല്ലം ജില്ലാ കളക്ടറോടും പ്രിൻസിപ്പൽ കൃഷി ഓഫീസറോടും അപേക്ഷയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

**ആശ്രിത നിയമനം**

15(3796) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ആശ്രിത നിയമനത്തിലൂടെ എത്ര പേർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകിയിട്ടുണ്ടെന്നും എത്ര അപേക്ഷകർക്ക് ഇനി ജോലി നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ അതത് ജീവനക്കാർ ജോലി ചെയ്യുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടത്. ഇപ്രകാരം ഓരോ വകുപ്പിലും അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെയും ആശ്രിത നിയമനം നൽകിയവരുടേയും വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ആശ്രിത നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകളിൽ ആകെയുണ്ടാകുന്ന ഒഴിവുകളിലെ നിശ്ചിത

ശതമാനം ആശ്രിത നിയമനത്തിനായി സമയബന്ധിതമായിത്തന്നെ സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും കൃത്യമായ ഇടവേളകളിൽ വകുപ്പ് അദ്ധ്യക്ഷന്മാർക്ക് ഓർമ്മപ്പെടുത്തലുകൾ നൽകാറുമുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് നിയമനം നൽകിവരുന്നു.

(സി) ആശ്രിത നിയമനത്തിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം വിശദമാക്കാമോ?

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് സർവീസ് സംഘടനകളുടെ ഒരു യോഗം ചീഫ് സെക്രട്ടറി വിളിച്ചുചേർത്തിരുന്നു. യോഗത്തിൽ സർവീസ് സംഘടനകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

**അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ ചികിത്സാ ആനുകൂല്യം**

16(3797) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കും ജുഡീഷ്യൽ

ഓഫീസർമാർക്കും അനുവദിച്ചിരുന്ന ചികിത്സാനുകൂല്യ പദ്ധതിയിൽ സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരം തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്നും അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ ചികിത്സാനുകൂല്യം ഇതിനുമുമ്പ് എപ്രകാരമായിരുന്നുവെന്നും അറിയിക്കാമോ?

(എ & ബി) ഇല്ല. എന്നാൽ 26-02-2021-ലെ സ.ഉ.(കൈ) നം. 68/2021/പൊഭവ ഉത്തരവ് പ്രകാരം "ആൾ ഇന്ത്യ സർവ്വീസസ് (മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം, 2020" എന്ന പേരിൽ പ്രത്യേക ചികിത്സാ പദ്ധതി സംസ്ഥാന കേഡറിലുള്ള അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് നടപ്പിലാക്കിയിട്ടുണ്ട്.

ടി സ്കീം പ്രകാരം സർവ്വീസിലുള്ളതും വിരമിച്ചതുമായ കേരള കേഡർ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതരായ കുടുംബാംഗങ്ങൾക്കും എല്ലാ ഗവൺമെന്റ് ആശുപത്രികൾ, സംസ്ഥാന

സർക്കാർ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ, കേന്ദ്ര സർക്കാരിന്റെ ആരോഗ്യ പദ്ധതിയിൽ (സി.ജി.എച്ച്.എസ്) എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ എന്നിവയിൽ ചികിത്സ തേടിയതുമായി ബന്ധപ്പെട്ട ചെലവുകൾ പ്രതിപൂരണം ചെയ്തു നൽകിവരുന്നുണ്ട്. ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും അടിയന്തര സാഹചര്യങ്ങളിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ വിദേശത്തുള്ള ആശുപത്രികളിൽ ചികിത്സാ തേടുന്നതിനും പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥയുണ്ട്. കൂടാതെ പദ്ധതി പ്രകാരമുള്ള ചികിത്സാ ക്ലെയിമുകൾ പരിശോധിച്ച് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനും ചികിത്സാ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ന്യൂഡൽഹിയിലുള്ള കേരള ഹൗസിലും അംഗീകൃത മെഡിക്കൽ അറ്റൻഡന്റുമാരുടെ സേവനവും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രീമിയം സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കിയ മെഡിസെപ് പദ്ധതി അഖിലേന്ത്യാ

സർവ്വീസ് ഉദ്യോഗസ്ഥർക്ക് ഓപ്ഷണലാക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് കേന്ദ്ര ഡെപ്യൂട്ടേഷൻ പോലുള്ള അന്യത്ര സേവനങ്ങൾക്ക് പോകേണ്ടി വരുമ്പോൾ പ്രീമിയം ഈടാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുമെന്നതിനാലും ഇവർക്ക് കേന്ദ്ര സർക്കാരിനുകീഴിൽ മെച്ചപ്പെട്ട ഇൻഷ്വറൻസ് ലഭ്യമായതിനാലുമാണ് മെഡിസെപ് പദ്ധതിയിലെ അംഗത്വം ഐശ്ഛികം ആക്കിയത്.

**കാസർഗോഡ് വികസന പാക്കേജ്**

17 (3798) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ-കാഞ്ഞങ്ങാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന എത്ര പി.ഡബ്ല്യൂ.ഡി. റോഡുകൾ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

പെരിയ-ഒടയഞ്ചാൽ റോഡ്, ബന്തടുക്ക-വീട്ടിയാടി-ചാമുണ്ഡിക്കുന്ന്-ബളാന്തോട് റോഡ് എന്നിവ കാസറഗോഡ് വികസന പാക്കേജിൽ

ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകളിൽ ഉദുമ മണ്ഡലത്തിന്റെ ഭാഗമായി വരുന്നവ മാത്രം അഭിവൃദ്ധിപ്പെടുത്തിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

പ്രസ്തുത റോഡുകളിൽ പെരിയ-ഒടയഞ്ചാൽ പൊതുമരാമത്ത് റോഡിൽ ഉദുമ മണ്ഡലത്തിന്റെ ഭാഗമായി വരുന്ന കി.മീ.8/000 മുതൽ 12/000 വരെയുള്ള ഭാഗവും ബന്തടുക്ക-വീട്ടിയാടി-ചാമുണ്ഡിക്കുന്ന്-ബളാന്തോട് റോഡിന്റെ 0/000 മുതൽ 2/200 വരെയുള്ള ഭാഗവും അഭിവൃദ്ധിപ്പെടുത്തിയിട്ടില്ലായെന്ന് പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഒരു റോഡ് പൂർണ്ണമായി അഭിവൃദ്ധിപ്പെടുത്താത്തതുമൂലം അതിന്റെ യഥാർത്ഥ ഗുണം ജനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നതിനാൽ ബാക്കി ഭാഗം കൂടി കെ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കുമോ?

ബന്തടുക്ക-വീട്ടിയാടി-ചാമുണ്ഡിക്കുന്ന്-ബളാന്തോട് റോഡിന്റെ ഉദുമ

മണ്ഡലത്തിലുൾപ്പെട്ട 0/000 മുതൽ 2/200 വരെയുള്ള ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള 499.90 ലക്ഷം രൂപയുടെ ഡി.പി.ആർ പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) തയ്യാറാക്കിയിട്ടുണ്ട്.

**കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്**

18 (3799) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി റോഡുകളും ഇറിഗേഷൻ പ്രവൃത്തികളും ഏറ്റെടുക്കേണ്ടതില്ലായെന്ന് എസ്.എൽ.ഇ.സി. തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇല്ല.

(ബി) പ്രസ്തുത പാക്കേജ് മുഖേന നടപ്പിലാക്കിയ ഇറിഗേഷൻ പ്രവൃത്തികൾമൂലം അമിത ജലചൂഷിത പ്രദേശമായി വിജ്ഞാപനം ചെയ്ത കാസർഗോഡ് താലൂക്കിലടക്കം ജില്ലയിൽ ഭൂജല നിരപ്പിൽ വന്ന അനുകൂല മാറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 18 നിരീക്ഷണ കിണറുകളിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച്

ജലനിരപ്പ് ഉയർന്നിട്ടുണ്ട്.

(സി) എങ്കിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ കൂടുതലായി പ്രസ്തുത പാക്കേജിൽ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

കാസറഗോഡ് വികസന പാക്കേജിൽ സമഗ്ര ജലസംരക്ഷണ പദ്ധതികൾ അനുവദിച്ചുവരുന്നുണ്ട്.

**അതിദാരിദ്ര്യ നിർമ്മാർജനം**

19 (3800) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷ പരിപാടിയിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം നിർമ്മാർജനം ചെയ്യുന്നതിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടോ?

പതിനാലാം പദ്ധതി കാലയളവിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം തുടച്ചുനീക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിന് നേതൃത്വം നൽകുകയും ഇതിന്റെ ഭാഗമായി അതിദരിദ്രരുടെ വരുമാനം,

ആരോഗ്യരക്ഷ, ജീവനോപാധികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്ന കുടുംബാധിഷ്ഠിത സൂക്ഷ്മ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത ലക്ഷ്യത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

പ്രസ്തുത ലക്ഷ്യത്തിനായി ഭക്ഷണം, പാർപ്പിടം, ഉപജീവനമാർഗ്ഗം, ആരോഗ്യം എന്നീ 4 ഘടകങ്ങളെ അടിസ്ഥാനമാക്കി ജനപങ്കാളിത്തത്തോടെ പൂർത്തീകരിച്ച അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിൽ സംസ്ഥാനത്ത് 64006 കുടുംബങ്ങൾ അതിദരിദ്രരായി കണ്ടെത്തുകയുണ്ടായി.

തുടർന്ന് അതിദാരിദ്ര്യ ഉപപദ്ധതി തയ്യാറാക്കുകയും കുടുംബശ്രീയുടെ സഹായത്തോടെ കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ (ഒരു കുടുംബത്തിന് ഒരു പ്ലാൻ) തയ്യാറാക്കാനും നടപ്പിലാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. മൈക്രോപ്ലാനുകളെ അടിയന്തര പരിചരണ പദ്ധതി (ഉടനടി നൽകേണ്ട സേവനങ്ങൾ), ഹ്രസ്വകാല പദ്ധതി (3 മാസം മുതൽ 2 വർഷം വരെ), ദീർഘകാല പദ്ധതി എന്നിങ്ങനെ മൂന്നായിട്ടാണ്

തരംതിരിച്ചിരിക്കുന്നത്.

ഇതിന്റെ ഭാഗമായി നാളിതുവരെ തദ്ദേശഭരണ സ്ഥാപനങ്ങൾ 25.47 കോടി രൂപ അടങ്കലുള്ള 731 പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.

കൂടാതെ 2023-24 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കളുടെ എണ്ണവുമായി ബന്ധപ്പെട്ട് മതിയായ ഫണ്ടുകളില്ലാത്ത പ്രാദേശിക സർക്കാരുകൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനായി 50 കോടി രൂപ ഗ്യാപ് ഫണ്ടായി വകയിരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പഞ്ചവത്സര പദ്ധതിയിൽ ലിംഗ പദവി വികസനത്തിന്റെയും സാമൂഹ്യ നീതിയുടെയും മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ലിംഗപദവി വികസനം

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ജെൻഡർ ബജറ്റിങ്ങിനായി 2022-23 വർഷത്തിൽ 4665.20 കോടി രൂപയും (20.90%) 2023-24 വർഷത്തിൽ 4670.22 കോടി രൂപയും (21.12%) വകയിരുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് എല്ലാ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണ നൽകിയിട്ടുണ്ട്. നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ രൂപീകരിക്കുക, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഉയർന്ന മിനിമം വേതനം ഉറപ്പാക്കുക, സ്ത്രീകൾക്ക് സുരക്ഷിതമായ തൊഴിലിടങ്ങൾ സൃഷ്ടിക്കുക എന്നിവ ഇതിന്റെ ഭാഗമാണ്. ലിംഗപദവിയും വികസനവും എന്ന മേഖലയിലെ നയങ്ങൾ ശക്തിപ്പെടുത്തുന്നതിന് 2017-ൽ സ്ഥാപിതമായ വനിതാ ശിശു വികസന വകുപ്പ് (WCD) സഹായകമായിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലെ സ്ത്രീകൾക്കുവേണ്ടി വകുപ്പിന്റെയും അനുബന്ധ ശൃംഖലയുടേയും പ്രവർത്തനം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ജെൻഡർ സെൻസിറ്റീവ് ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലിംഗപദവി തിരിച്ചുള്ള സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. വീട്ടുജോലിക്കാർ, മത്സ്യത്തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ വേതനം, സുരക്ഷ, ആരോഗ്യം, ഇൻഷുറൻസ് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി പ്രത്യേക ശ്രമങ്ങൾ നടത്തിവരികയാണ്. സുരക്ഷിതമായ പൊതുയിടങ്ങൾ ഉറപ്പാക്കുന്നതിനും പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുരക്ഷിതമായ ജോലിസ്ഥലങ്ങൾ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ചെറുക്കുന്നതിനുമുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായുള്ള നയങ്ങൾക്കും പദ്ധതികൾക്കും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പിന്തുണ നൽകിയിട്ടുണ്ട്. കൂടാതെ, സ്ത്രീകളുടെ മേലുള്ള ഗാർഹിക ജോലികളുടെ ഭാരം കുറയ്ക്കുന്നതിനുള്ള നടപടികൾക്കും പിന്തുണ നൽകുന്നതാണ്. കേരളത്തിലെ പെൺകുട്ടികളിലും സ്ത്രീകളിലുമുള്ള വിളർച്ച ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണയും നൽകിവരുന്നു.

സാമൂഹ്യനീതി

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സാമൂഹ്യ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി 2022-23 വർഷത്തിൽ 569.65 കോടി രൂപയും 2023-24 വർഷത്തിൽ 582.39 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

വിവേചനത്തെയും ദാരിദ്ര്യത്തെയും ചെറുക്കുന്നതിനും സാമൂഹിക ഉൾച്ചേർക്കൽ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള അടിസ്ഥാന മനുഷ്യാവകാശം സംരക്ഷിക്കുന്നതിനുള്ള ശക്തമായ ഉപകരണമാണ് സാമൂഹികസുരക്ഷ. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാവർക്കും ജീവിതത്തിന്റെ എല്ലാ ഘട്ടത്തിലും പിന്തുണ നൽകുകയെന്നതാണ് ഇത് ലക്ഷ്യമിടുന്നത്.

ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ഉറപ്പാക്കുകയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാ നിയമനിർമ്മാണങ്ങളും പ്രാബല്യത്തിൽ വരുത്താൻ സർക്കാർ നയം ശ്രമിക്കുന്നു. ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം നിലനിർത്താനുള്ള എല്ലാ ശ്രമങ്ങളെയും പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കുമെന്ന് 14-ാമത് പഞ്ചവത്സര പദ്ധതി സമീപന രേഖ വ്യക്തമാക്കുന്നു. ഈ ശ്രമത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിലും ഓഫീസുകളിലും കേരളത്തെ തടസ്സരഹിതമാക്കുന്നതിന് സംഭാവന ചെയ്യുന്ന എല്ലാ പദ്ധതികൾക്കും പിന്തുണ നൽകും. ഭിന്നശേഷിക്കാർക്ക്

സഹായകമായ സാങ്കേതിക വിദ്യകളും സേവനങ്ങളും ലഭ്യമാക്കുന്നതിനും ഈ മേഖലയിലെ പ്രമുഖ പൊതുസ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിനുമായുള്ള സംസ്ഥാന നിക്ഷേപം നടന്നുവരുന്നു. ആധുനിക തൊഴിലവസരങ്ങൾക്കായുള്ള നൈപുണ്യ വികസനത്തിന്റെ പുതിയ പരിപാടികൾ കേരളം ആരംഭിക്കുകയും ഭിന്നശേഷിക്കാരുടെ അവകാശങ്ങളും ആവശ്യങ്ങളും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ നയം മുതിർന്ന പൗരന്മാരെ ശാക്തീകരിക്കുകയും ആരോഗ്യകരവും സുരക്ഷിതവും ഉൽപ്പാദനക്ഷമവുമായ ജീവിതം നയിക്കാൻ അവരെ സഹായിക്കുകയും ചെയ്യുകയെന്നതാണ്. താഴ്ന്ന വരുമാനക്കാരായ മുതിർന്ന പൗരന്മാർക്ക് ക്ഷേമ പെൻഷനുകൾ മുഖേന കേരള സർക്കാർ വരുമാന പിന്തുണയും സാമ്പത്തിക സുരക്ഷയും നൽകുന്നത് തുടരും. മുതിർന്ന പൗരന്മാരുടെ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആരോഗ്യ സംരക്ഷണത്തിനും പാലിയേറ്റീവ്, ഹോം കെയർ സൗകര്യങ്ങൾക്കും ഈ പദ്ധതി തുടർന്നും ധനസഹായം നൽകും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന കമ്മ്യൂണിറ്റി അടിസ്ഥാനത്തിലുള്ള പിന്തുണ പരിപാടികൾ ശക്തിപ്പെടുത്തും. ട്രാൻസ്ജെൻഡറുകൾ അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നതിന് ബോധവൽക്കരണം നടത്തുന്നതിനും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും. വിവിധ വകുപ്പുകളുടെ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ സംരക്ഷണം, നൈപുണ്യ പരിശീലനം, വായ്പ, ഉപജീവന പദ്ധതികൾ എന്നിവയിലേയ്ക്കുള്ള ട്രാൻസ്ജെൻഡേഴ്സിന്റെ പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടികളെ പിന്തുണയ്ക്കുന്ന പദ്ധതിയും തുടരും.

**മണലൂർ മണ്ഡലത്തിലെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

20 (3801) **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിക്കുവേണ്ടി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ 54.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നൽകുന്ന ഗാർഹിക കണക്ഷനുകൾ സംബന്ധിച്ച വിശദാംശം നൽകാമോ?

മുല്ലശ്ശേരി പഞ്ചായത്തിൽ 6801-ഉം പാവറട്ടി പഞ്ചായത്തിൽ 6775-ഉം ഗാർഹിക കണക്ഷനുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

ഓരോ പഞ്ചായത്തിലും നടന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിച്ച് വീടുകളിൽ കുടിവെള്ളമെത്തിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുള്ള പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 2023 ജൂൺ മാസത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പട്ടാമ്പി**
**മണ്ഡലത്തിലെ മുതുതല പി.എച്ച്.സി. കെട്ടിട നിർമ്മാണം**

21(3802) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ റീബിൽഡ് കേരളയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നിലവിൽ വന്നത് 2018 നവംബർ മാസത്തിലാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ മിക്കവയും ബഹുവർഷ പദ്ധതികളാണ്.

റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി പ്രകാരം പട്ടാമ്പി മണ്ഡലത്തിലെ മുതുതല ഗ്രാമ പഞ്ചായത്തിൽ മുതുതല പി.എച്ച്.സി.ക്ക് കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി & സി) പ്രസ്തുത പദ്ധതി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ നടപ്പിലാക്കുന്നില്ല.

**ജില്ലാവികസന സമിതി യോഗങ്ങളിൽ എം.എൽ.എ.യുടെ പ്രതിനിധിയെ പങ്കെടുപ്പിക്കാൻ നടപടി**

22 (3803) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വികസന സമിതി യോഗങ്ങളിൽ എം.എൽ.എ.യ്ക്ക് പങ്കെടുക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ എം.എൽ.എ.യുടെ പ്രതിനിധിയെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പങ്കെടുപ്പിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സാങ്കേതിക തടസ്സം നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) ജില്ലാ വികസന സമിതി യോഗങ്ങളിൽ എം.എൽ.എ.യ്ക്ക് പങ്കെടുക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ നോമിനിയെ പങ്കെടുപ്പിക്കുന്നതിന് സാങ്കേതിക തടസ്സം നിലവിലില്ല.

**കെ-സ്പേസ് പദ്ധതി**

23 (3804) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഹിരാകാശ സാങ്കേതികവിദ്യയിൽ പഠന-ഗവേഷണ വ്യവസായ സൗകര്യങ്ങൾ പ്രദാനം ചെയ്യുകയെന്ന

ലക്ഷ്യത്തോടെ നടപ്പാക്കുന്ന കെ-സ്പേസ് പദ്ധതിയുടെ വിശദാംശം നൽകുമോ?

ഏറ്റവും തന്ത്രപരവും പ്രതിഫലദായകവുമായ ബഹിരാകാശ സാങ്കേതികവിദ്യ മേഖലയിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരള സർക്കാരിന്റെ സംരംഭമാണ് കെ-സ്പേസ് പദ്ധതി. കെ-സ്പേസിനെ ഒരു സ്വതന്ത്ര സൊസൈറ്റിയായി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൊസൈറ്റിയുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയാണ്. ടെക്നോ പാർക്കിന്റെ കൈവശമുള്ള ടെക്നോ സിറ്റിയിലെ 18.5 ഏക്കർ ഭൂമി സൗജന്യമായി കെ-സ്പേസിന് കൈമാറാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രധാനമായും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിലാണ് അനേകം വ്യവസായ യൂണിറ്റുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകൾ സ്ഥാപിക്കുവാൻ കെ-സ്പേസ് ഉദ്ദേശിക്കുന്നത്. ഏകദേശം 10,000 കോടി രൂപയുടെ നേരിട്ടുള്ള നിക്ഷേപം ആകർഷിക്കുകയും സംസ്ഥാനത്തെ ഉയർന്ന വൈദഗ്ദ്ധ്യമുള്ള 150000 യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും

ചെയ്യുകയെന്നതാണ് കെ-സ്പേസിന്റെ ദൗത്യം. 2040-ഓടെ ബഹിരാകാശ മേഖലയിൽ 80,000 കോടി രൂപയുടെ വിറ്റുവരവ് കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) രാജ്യത്താദ്യമായി രൂപീകരിച്ചിട്ടുള്ള ഈ ഉദ്യമത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും പ്രയോജനകരമാകുന്ന വിധം പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ?

കെ-സ്പേസ് ആസൂത്രണം ചെയ്യുന്ന ബിസിനസ്സ് മോഡലുകൾ

1. വാടക/പാട്ടത്തിന് ബിൽറ്റ്-അപ് സ്ഥലം നൽകുക.
2. വ്യവസായങ്ങൾക്ക് ഇളവ് നിരക്കിൽ ഭൂമി നൽകുക.
3. സ്വകാര്യ സംരംഭങ്ങളുമായുള്ള സംയുക്ത സംരംഭങ്ങൾ.
4. സംരംഭകർക്ക് അവരുടെ സ്വന്തം സ്ഥലത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിന് സാങ്കേതിക പിന്തുണ നൽകുക.
5. കേരളത്തിനകത്ത് പ്രവർത്തിക്കുന്ന എല്ലാ എയ്റോസ്പേസ് യൂണിറ്റുകളുടെയും നെറ്റ്‌വർക്കിംഗ്, അവരുടെ സംയുക്ത സമന്വയം പ്രയോജനപ്പെടുത്തുന്നതിന് സ്റ്റാർട്ടപ്പ്, മൈക്രോ, ചെറുകിട, ഇടത്തരം

സംരംഭങ്ങൾക്ക് സഹായം നൽകുകയെന്നതാണ് മേൽപ്പറഞ്ഞ ബിസിനസ്സ് മോഡലിന്റെ പ്രാഥമിക ലക്ഷ്യം.

(സി) സ്പേസ് മേഖലയിൽ പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന രാജ്യത്തിനകത്തെയും പുറത്തെയും സ്ഥാപനങ്ങളുമായി സഹകരണത്തിന് ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഇതുവരെയും ധാരണാപത്രം (MOU) ഒപ്പുവച്ചിട്ടില്ല. എന്നിരുന്നാലും സൊസൈറ്റിയുടെ രജിസ്ട്രേഷൻ പൂർത്തിയായാലുടൻ പ്രധാന ദേശീയ അന്തർദ്ദേശീയ ബഹിരാകാശ ഏജൻസികളുമായും സംരംഭങ്ങളുമായും ധാരണാ പത്രങ്ങൾ നടപ്പിലാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.

**ശാസ്ത്ര പ്രതിഭകളെ വളർത്തുന്നതിന് പ്രത്യേക പദ്ധതി**

24 (3805) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ശാസ്ത്ര വിഷയങ്ങളിൽ കണ്ടുപിടുത്തങ്ങൾ നടത്തുന്ന പ്രതിഭകൾക്ക് കൂടുതൽ പ്രോത്സാഹനം നല്കുന്നതിനും പുതിയ തലമുറയിലെ ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനും ഒരു പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സംസ്ഥാനത്തെ വിവിധ ശാസ്ത്ര വിഷയങ്ങളിൽ കണ്ടുപിടുത്തങ്ങൾ നടത്തുന്ന പുതിയ തലമുറയിലെ ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. പ്രതിഭാ സ്കോളർഷിപ്പ്

2. സ്പീഡ് (Student Programme for excellence in Experimental Design-SPEED)

3. സ്റ്റുഡന്റ് പ്രോജക്ട്

4. പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്

5. റിസർച്ച് ഫെലോഷിപ്പ്

6. യങ് ഇൻവെസ്റ്റിഗേറ്റേഴ്സ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (Young Investigator's Programme in Biotechnology (YIPB).

7. ഇൻഡസ്ട്രി ലിങ്ക്ഡ് ബയോടെക്നോളജി റിസർച്ച് സ്കീം (Industry Linked Biotechnology Research Scheme (IRBS))

8. ബയോടെക്നോളജി ഇന്നോവേഷൻസ് ഫോർ റൂറൽ ഡെവലപ്മെന്റ് (Biotechnology Innovations for Rural Development (BIRD))

9. ബയോടെക്നോളജി ട്രെയിനിംഗ് ആൻഡ് വർക്ക്ഷോപ്പ് (Biotechnology Training & Workshop (BTW))

10. ബയോടെക്നോളജി യങ് എന്റർപ്രണർഷിപ്പ് അവാർഡ് (Biotechnology Young Enterpreneurship (BYE) Award

11. കേരള ബയോടെക്നോളജി റീ-എൻട്രി ഫെല്ലോഷിപ്പ് (Kerala Biotechnology Re-entry Fellowship (K-Brief)

12. ചീഫ് മിനിസ്റ്റേഴ്സ് കരിയർ അഡ്വാൻസ്മെന്റ് ഇൻ ബയോടെക്നോളജി (Chief minister's Career Advancement in Biotechnology (CM-CAB)

പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സോളാർ എനർജിയുടെ പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനും കൂടുതൽ കപ്പാസിറ്റിയുള്ള ബാറ്ററികൾ ഉൽപ്പാദിപ്പിക്കുന്നതിനും ശാസ്ത്ര ഗവേഷണങ്ങൾ വിവിധ മേഖലകളിൽ നടത്തുന്നതിനും ആവശ്യമായ ഫെലോഷിപ്പുകൾ ശാസ്ത്ര പ്രതിഭകൾക്ക് നൽകി ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സോളാർ എനർജിയുടെ പുതിയ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് മാത്രമായി പദ്ധതികൾ ഒന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ മേൽ വിവരിച്ച പദ്ധതികളിലൂടെ പ്രസ്തുത വിഷയത്തിൽ ഗവേഷണം നടത്തുന്നതിന് സാഹചര്യമുണ്ട്.

പ്രസ്തുത വിഷയത്തിൽ അനെർട്ടിൽ ഗേറ്റ് പാസായ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് റിസർച്ച് ഫെല്ലോഷിപ് നൽകാനുള്ള ഒരു പദ്ധതി 2022-23 വർഷത്തെ അനെർട്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രതിമാസ സ്റ്റൈപ്പന്റ് 31,000 രൂപയും വാർഷിക കണ്ടിൻജൻസി ഗ്രാന്റായി 20,000

രൂപയും ഉൾപ്പെടുന്ന മൂന്ന് ഫെല്ലോഷിപ്പുകൾ വരെ കൊടുക്കാനുള്ള തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഇതുകൂടാതെ Renewable Energy യുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതി (Supporting R&D and Innovation)യും നിലവിലുണ്ട്.

**മലിനീകരണ നിയന്ത്രണ ബോർഡിലെ പി.എസ്.സി. നിയമനങ്ങൾ**

25(3806) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്, അസിസ്റ്റന്റ് സയന്റിസ്റ്റ് എന്നീ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനായി എത്ര ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത തസ്തികകളിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ 30 ജൂനിയർ സയന്റിഫിക് അസിസ്റ്റന്റിന്റെ അംഗീകൃത തസ്തികകളും 23 അസിസ്റ്റന്റ് സയന്റിസ്റ്റ് അംഗീകൃത തസ്തികകളുമാണ് നിലവിലുള്ളത്. മേൽ ഒഴിവുകൾ എല്ലാംതന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 26-12-2022-ലെ സ.ഉ.(സാധാ)നം. 100/2022/പരിസ്ഥിതി പ്രകാരം സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ 15 ഒഴിവുകൾ എൻട്രി കേഡർ തസ്തികകളായി തരംതാഴ്ത്തി ഉത്തരവാകുകയും തുടർന്ന് ടി 15 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

## റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള വിതരണം

26(3807) <u>ശ്രീ. യു.എ.ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.സി.എസ്.ടി.ഇ.-യുടെ കീഴിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നെന്ന് വ്യക്തമാക്കുമോ?

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ 8 അനുബന്ധ ഗവേഷണസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എത്ര സ്ഥിരം, താൽക്കാലികം, കരാർ ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് കണക്കുകൾ വിശദമാക്കാമോ?

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനുകീഴിൽ പ്രവർത്തിച്ചുവരുന്ന 8 അനുബന്ധ ഗവേഷണസ്ഥാപനങ്ങളിലെ സ്ഥിരം, താൽക്കാലികം, കരാർ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകിയ തീയതി വ്യക്തമാക്കാമോ?

2023 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ആസ്ഥാനത്തും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലും ശമ്പളം നൽകിയ തീയതി താഴെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ആസ്ഥാനം</u>

ജനുവരി - 04-01-2023

ഫെബ്രുവരി - 01-02-2023

<u>കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം (ICCS)</u>

ജനുവരി - 28-02-2023

ഫെബ്രുവരി - 01-03-2023

<u>ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI)</u>

ജനുവരി - 06-01-2023

ഫെബ്രുവരി - 22-02-2023

<u>കേരള വന ഗവേഷണ സ്ഥാപനം (KFRI)</u>

ജനുവരി - 02-01-2023

ഫെബ്രുവരി - 01-02-2023

<u>ശ്രീനിവാസ രാമാനുജ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (SRIBS)</u>

ജനുവരി - 06-01-2023, 09-01-2023

ഫെബ്രുവരി - 01-02-2023

<u>കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (KSOM)</u>

ജനുവരി - 02-01-2023

ഫെബ്രുവരി - 01-02-2023

<u>മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റൂട്ട് ഫോർ പ്ലാന്റ് സയൻസ് (MBGIPS)</u>

ജനുവരി - 03-01-2023

ഫെബ്രുവരി - 03-02-2023

<u>നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംങ് ആൻഡ് റിസർച്ച് സെന്റർ</u>

(NATPAC)

ജനുവരി - 04-01-2023

ഫെബ്രുവരി - 02-02-2023

ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM)

ജനുവരി - 03-01-2023

ഫെബ്രുവരി - 01-02-2023

**(ഡി) അകാരണമായി ശമ്പളം താമസിക്കുന്നതുമൂലം ജീവനക്കാർക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?**

കേരള ശാസ്ത്രസാങ്കേതിക കൗൺസിലിന്റെ അനുബന്ധ ഗവേഷണ സ്ഥാപനങ്ങളായ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിലും ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും ഫെബ്രുവരി മാസത്തിൽ ഫണ്ടിന്റെ അഭാവം

കാരണം ശമ്പളം നൽകുന്നതിന് കാലതാമസം നേരിട്ടിരുന്നു. ആയത് പരിഹരിക്കുകയും ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ഭാവിയിൽ ഇത്തരത്തിൽ ശമ്പള വിതരണ കാലതാമസം ഉണ്ടാകാതിരിക്കുവാൻ ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

കേരള ശാസ്ത്രസാങ്കേതിക കൗൺസിലിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലും മാർച്ച് മാസത്തിൽ ശമ്പളം നൽകുന്നതിനാവശ്യമായ തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

## പി.എസ്.സി. മുഖേനയുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നടപടി

27(3808) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും മികച്ച പ്രകടനം നടത്തുന്ന സർക്കാർ റിക്രൂട്ടിംഗ് ഏജൻസിയായി കേരള പബ്ലിക് സർവീസ് കമ്മീഷനെ

മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസിയാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുതാര്യമായും വളരെ വേഗത്തിലും നടത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1) പി.എസ്.സി മുഖേനയുള്ള തെരെഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു.

2) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതു മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ സംവിധാനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

3) ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷകൾ കുറ്റമറ്റ രീതിയിൽ സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4) ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനായി ഇ-വേക്കൻസി സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5) പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിനായി പി.എസ്.സി. സ്വന്തമായി ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഗവൺമെന്റ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു.

6) നിയമന ശിപാർശ നടപടികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

7) സാധ്യതാ പട്ടിക, ചുരുക്കപ്പട്ടിക, റാങ്ക് പട്ടിക എന്നിവ കുറ്റമറ്റ രീതിയിൽ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പി.എസ്.സി. തയ്യാറാക്കി വരുന്നത്.

8) റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി എന്നിവ അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്.എൽ.സി. ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതുപ്രാഥമിക

പരീക്ഷകൾ നടത്തിയതിനുശേഷം ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9) 31-12-2022 വരെ വിജ്ഞാപനം ചെയ്ത തസ്തികകളുടെ പരീക്ഷകൾ 2023 ഡിസംബർ മാസത്തിനകം നടത്തുന്നതിനുള്ള പരീക്ഷാ കലണ്ടർ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഓരോ വകുപ്പും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പി.എസ്.സി. നിയമന നടപടികൾ ആരംഭിക്കുന്ന നിലവിലെ രീതി പലപ്പോഴും കാലതാമസത്തിന് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഓരോ വകുപ്പിലെയും ഒഴിവുകൾ പി.എസ്.സി.-ക്ക് നേരിട്ട് മനസ്സിലാക്കുവാനും അതിൻപ്രകാരം നിയമന നടപടികൾ കാലതാമസം കൂടാതെ ആരംഭിക്കുവാനും കഴിയുന്ന ഒരു സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ബി & സി) ഓൺലൈനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഒഴിവുകൾ വേഗത്തിൽ

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുന്നുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നതും സംബന്ധിച്ച വിഷയങ്ങൾ പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങൾ, പി.എസ്.സി.-യിലെയും സർക്കാരിലെയും ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി 17-01-2023-ലെ G.O (Ms)No.01/2023/P&ARD പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ഡി) സ്പെഷ്യൽ റൂൾസ് രൂപീകരണത്തിനുള്ള നടപടികൾ വേഗത്തിലാക്കുവാനും നിയമനം പി.എസ്.സി.-ക്ക് വിട്ടുനൽകിയ എല്ലാ സ്ഥാപനങ്ങളിലെയും നിയമന നടപടികൾ വേഗത്തിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനായി നിയമനചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാൻ എല്ലാ ഭരണവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സാമ്പത്തിക സംവരണത്തിന് അർഹതയുള്ള മുന്നാക്ക സമുദായ വിഭാഗങ്ങളുടെ പട്ടിക

28(3809) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സംവരണത്തിന് അർഹതയുള്ള മുന്നാക്ക സമുദായ വിഭാഗങ്ങളുടെ പട്ടിക വിജ്ഞാപനം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പട്ടികയുടെ വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) വിദ്യാഭ്യാസത്തിനും സർക്കാർ നിയമനങ്ങളിലും സംവരണം ലഭിക്കാത്ത വിഭാഗങ്ങൾക്കാണ് 103-ാം ഭരണഘടനാ ഭേദഗതി പ്രകാരം സാമ്പത്തിക സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. സംവരണാനുകൂല്യങ്ങൾ ലഭിക്കാത്ത വിഭാഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പട്ടിക പൂർണ്ണമായിട്ടുള്ളതല്ല.

### കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

29 (3810) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, കോട്ടയം ജില്ലകളിൽ വിവിധ വകുപ്പുകളിലായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ & ബി) വിവിധ വകുപ്പുകളിൽ നിന്ന് പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പടെ എറണാകുളം ജില്ലയിൽ നിന്ന് 17 (പതിനേഴ്) ഒഴിവുകളും കോട്ടയം ജില്ലയിൽ നിന്ന് 14 (പതിനാല്) ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**സർവ്വകലാശാലകളിലെ പി.എസ്.സി. അംഗീകൃത**

**കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക**

30(3811) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾക്ക് കീഴിൽ വരുന്ന സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II വിഭാഗത്തിൽ ആകെ എത്ര പി.എസ്.സി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകൃത തസ്തികകളാണ് നിലവിലുള്ളത്; സർവ്വകലാശാല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

400 പി.എസ്.സി. അംഗീകൃത തസ്തികകൾ നിലവിലുണ്ട്. സർവ്വകലാശാല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) 01-02-2023 അടിസ്ഥാനത്തിൽ വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

04 (നാല് ) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പി.എസ്.സി.ക്ക് വിട്ടുനൽകിയ നിയമനങ്ങൾ**

31 (3812) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ . മുനീർ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുനൽകിയ യൂണിവേഴ്സിറ്റി, പൊതുമേഖല, സാംസ്കാരിക, സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഓരോന്നും പി.എസ്.സി.ക്ക് വിട്ടുനൽകാൻ തീരുമാനിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ?

നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത് വ്യത്യസ്ത കാലയളവുകളിലെ വിവിധ ഉത്തരവുകളിലൂടെയാണ്. ഇവ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) ഇതിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

(ഡി) മറ്റുസ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് എന്നത്തേയ്ക്ക് തയ്യാറാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിയമനം പി.എസ്.സി.ക്ക് വിട്ട സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനായി നിയമനചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാൻ എല്ലാ ഭരണവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ ഭരണ വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

**കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ**

32 (3813) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലയിലെ ഏതൊക്കെ സർക്കാർ വകുപ്പുകളിലാണ് കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II തസ്തികയുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വകുപ്പ് തിരിച്ചുള്ള എണ്ണം നൽകാമോ;

(ബി) കേരള പി.എസ്.സി. കാറ്റഗറി നമ്പർ 277/2018 പ്രകാരമുള്ള കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II (വിവിധം) തിരുവനന്തപുരം ജില്ലയിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഏതൊക്കെ സർക്കാർ വകുപ്പുകളിലാണ് നിയമനം നടത്തുന്നതെന്ന് അറിയിക്കാമോ?

(എ & ബി) എല്ലാ വകുപ്പുകളിലും പി.എസ്.സി. മുഖേനയാണ് നിയമനം നടത്തിവരുന്നത്.

(സി) തിരുവനന്തപുരം ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളിലായി കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II വിഭാഗത്തിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ആയതിന്റെ വകുപ്പ് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

30 (മുപ്പത്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ എത്ര ഒഴവുകളാണുള്ളതെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുഭരണ വകുപ്പിൽ നിന്നും 25 (ഇരുപത്തിയഞ്ച്) ഒഴിവുകൾ, ധനകാര്യ വകുപ്പിൽ നിന്നും 7 (ഏഴ്) ഒഴിവുകൾ, നിയമ വകുപ്പിൽ നിന്നും 4 (നാല്) ഒഴിവുകൾ ഉൾപ്പടെ ആകെ 36 (മുപ്പത്തിയാറ്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കണ്ണൂർ ജില്ലയിൽ പി.എസ്.സി.യുടെ ഓൺലൈൻ പരീക്ഷാ കേന്ദ്രം**

33(3814) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി.-യുടെ എത്ര ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്?

7 ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലും പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ പി.എസ്.സി.യുടെ ഓൺലൈൻ പരീക്ഷാ കേന്ദ്രം ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഒരു ഓൺലൈൻ പരീക്ഷാ കേന്ദ്രം പ്രവർത്തിക്കുന്നു. Vimal Jyothi College of Engineering, Chemperi, Sree Narayana Guru College of Engineering and Technology, Payyannur എന്നിവിടങ്ങളിലും ഓൺലൈൻ പരീക്ഷ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പരിശോധിച്ചുവരുന്നു. കൂടാതെ കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ കണ്ണൂർ ജില്ലാ ആഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു. ജില്ലാ ആഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനോടൊപ്പം ഓൺലൈൻ പരീക്ഷാ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള നടപടികളും പി.എസ്.സി. സ്വീകരിക്കുന്നതാണ്.

**പി.എസ്.സി. വഴി നിയമനം**

34 (3815) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. വഴി നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേയ്ക്കും വരുംവർഷങ്ങളിൽ വരാൻ സാദ്ധ്യതയുള്ള ഓരോ ഒഴിവുകളും മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഓരോ കലണ്ടർ വർഷവും വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ വിരമിക്കൽ/ഉദ്യോഗക്കയറ്റം/തസ്തിക സൃഷ്ടിക്കൽ/അന്യത്ര സേവനം മുതലായവ മൂലമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളും മുൻകൂട്ടി കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08/11/2022-ലെ ഉപ.സി3/100/2022/ഉഭപവ നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പ്

മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യുന്നതിലേക്ക് അതത് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും നേരിട്ട് ചെന്ന് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നുണ്ട്.

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ടൈപ്പിസ്റ്റ് തസ്തികകൾ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികകളായി പുനർനാമകരണം ചെയ്യുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) കോട്ടയം ജില്ലയിൽ ഇത്തരത്തിൽ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ടെന്ന് അറിയിക്കാമോ; ജില്ലയിൽ ക്ലാർക്ക് ടൈപ്പിസ്റ്റ്

തസ്തികയിലേയ്ക്ക് പോസ്റ്റ് ക്രിയേഷൻ ഏതെങ്കിലും ഡിപ്പാർട്ട്മെന്റിൽ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം വകുപ്പുകളിലാണെന്ന് അറിയിക്കാമോ; അവയുടെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ?

(ബി & സി) പരിഗണനയിലില്ല.

(ഡി) കോട്ടയം ജില്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് ക്ലാർക്ക് ടൈപ്പിസ്റ്റ് ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

നിലവിൽ വിവിധ വകുപ്പുകളിൽ നിന്ന് 13 (പതിമൂന്ന്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

### പി.എസ്.സി. മുഖേന നൽകിയ അഡ്വൈസ് മെമ്മോ

35(3816) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന സംസ്ഥാനത്ത് ആകെ എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകിയെന്ന് അറിയിക്കാമോ?

149386 (ഒരു ലക്ഷത്തി നാൽപ്പത്തൊമ്പതിനായിരത്തി മുന്നൂറ്റി എൺപത്തിയാറ്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ആകെ എത്ര പേർക്ക് പി.എസ്.സി. മുഖേന അഡ്വൈസ് മെമ്മോ നൽകി എന്ന് വ്യക്തമാക്കാമോ?

203000 (രണ്ട് ലക്ഷത്തി മൂവായിരം) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിലെ നിയമനം**

36(3817) **ശ്രീ. പി. പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ നിലവിൽ എത്ര ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികകളിലെ ഒഴിവുകളാണ് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

നേരിട്ടുള്ള നിയമനത്തിനായി ഒരൊഴിവും രണ്ട് NCA ഒഴിവുകളും നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികയിലെ നിയമനം നടത്താൻ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കാറ്റഗറി നമ്പർ 205/2020 ആയി നേരിട്ടുള്ള നിയമനത്തിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

SCCC വിഭാഗത്തിന്റെ ഒരു NCA ഒഴിവ് 8 തവണ NCA വിജ്ഞാപനം ചെയ്തെങ്കിലും യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ലഭിക്കാത്തതിനാൽ ഒൻപതാം NCA വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കേരള പി.എസ്.സി. സ്വീകരിച്ചുവരികയാണ്.

OBC വിഭാഗത്തിന്റെ ഒരു NCA ഒഴിവിലേയ്ക്ക് ഒന്നാം NCA വിജ്ഞാപനപ്രകാരം യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ലഭിക്കാത്തതിനാൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം NCA വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത വിജ്ഞാപന പ്രകാരം നാളിതുവരെ പരീക്ഷ നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

2023-ലെ Tentatitve Examination Calender-ൽ 205/2020, 740/2022 തസ്തികകളുടെ പരീക്ഷയും നിശ്ചയിച്ചിട്ടുണ്ട്.

## പി.എസ്.സി. റാങ്ക് പട്ടിക

37(3818) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 116/2017 എൽ.ഡി.സി. (തമിഴ്, മലയാളം അറിയാവുന്നവർ) തസ്തികയുടെ 03-12-2021-ൽ പ്രസിദ്ധീകരിച്ച സാധ്യതാ പട്ടിക റിവൈസ് ചെയ്യുകയും 25-02-2022-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരെ പുറത്താക്കി പുതിയ സാധ്യത പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ചുരുക്ക പട്ടിക റിവൈസ് ചെയ്ത് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) കാറ്റഗറി നമ്പർ 459/2016 എൽ.ഡി.സി. (കന്നട, മലയാളം അറിയാവുന്നവർ) തസ്തികയുടെ 21-12-2021-ൽ പ്രസിദ്ധീകരിച്ച സാധ്യതാ പട്ടിക സമാനരീതിയിൽ റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് നാളിതുവരെ പ്രസിദ്ധീകരിക്കാത്തതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ടി തസ്തികയുടെ തെരഞ്ഞെടുപ്പിൽ കന്നഡ, മലയാളം എന്നിവയ്ക്ക് 40 ശതമാനം മാർക്ക് നേടിയിരിക്കണമെന്ന പി.എസ്.സി. തീരുമാനത്തിനെതിരെ ഉദ്യോഗാർത്ഥികൾ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിന്റെ ഇടക്കാല ഉത്തരവ് പ്രകാരം ടി തസ്തികയ്ക്കായി പ്രസിദ്ധീകരിച്ച സാധ്യതാ പട്ടികയുടെ തുടർനടപടികൾ കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) കാറ്റഗറി നമ്പർ 274/2018 കന്നട ട്രാൻസ്ലേറ്റർ തസ്തികയുടെ സാധ്യതാ പട്ടിക 25-02-2022-ൽ പ്രസിദ്ധീകരിച്ചിട്ടും നാളിതുവരെ പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് 04-05-2022-ന് interview നടത്തിയിട്ടുണ്ട്. ടി തസ്തികയുടെ വിജ്ഞാപന പ്രകാരം നിശ്ചിത യോഗ്യതയുള്ള List 1 ഉദ്യോഗാർത്ഥികളുടെ അഭാവത്തിലാണ് നിശ്ചിത യോഗ്യതയിൽ ഇളവുകളുള്ള List 2 ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നത്. ടി തസ്തികയുടെ തെരെഞ്ഞെടുപ്പിൽ List 1-ൽ ഉൾപ്പെടാൻ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമായിരുന്നതിനാൽ മേൽ ചുരുക്കപ്പട്ടികയുടെ 03-01-2023-ൽ പ്രസിദ്ധീകരിച്ച കൂട്ടിചേർക്കൽ വിജ്ഞാപനം വഴി ഉൾപ്പെടുത്തിയ 22 ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ
## പി.എസ്.സി. റാങ്ക് ലിസ്റ്റ്

38 (3819)ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായിയെന്നും റാങ്ക് ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഇല്ല; 7 ബറ്റാലിയനുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പിനായി പ്രാഥമിക പരീക്ഷ, മുഖ്യ പരീക്ഷ, ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവ പൂർത്തിയാക്കി ഉദ്യോഗാർത്ഥികളുടെ പ്രമാണ പരിശോധന പുരോഗമിക്കുകയാണ്. എത്രയും വേഗം റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) കെ.എ.പി. നാലാം ബറ്റാലിയനിൽ നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

211 ഒഴിവുകൾ.

(സി) 2023 വർഷം കെ.എ.പി. നാലാം ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

130 പ്രതീക്ഷിത ഒഴിവുകൾ.

### മീറ്റർ റീഡർ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ

39(3820) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിൽ നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റെന്ന് നിലവിൽ വന്നുവെന്നും അതിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകിയെന്നും വ്യക്തമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് 20-08-2022 മുതൽ നിലവിലുണ്ട്. നിലവിൽ ഈ ലിസ്റ്റിൽ നിന്നും 46 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധിയെന്ന് അവസാനിക്കുമെന്നും ഇനിയും എത്ര പേർക്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നല്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

റാങ്ക് ലിസ്റ്റിന്റെ കാലാവധി അത് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷമാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരും മുൻപേ 18-ഓളം പേർക്ക് കൂടി നിയമന ശിപാർശ നൽകാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

(സി) പ്രസ്തുത തസ്തികയിൽ നിയമനം നൽകുന്നതിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം 41 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വകുപ്പുതല സ്ഥാനക്കയറ്റത്തിന് നിയന്ത്രണം**

40(3821) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി കാരണം വിവിധ വകുപ്പുകളിലെ സർക്കാർ ജീവനക്കാരുടെ വിവിധ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇതിനായി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല.

(ബി) നിലവിൽ സ്ഥാനക്കയറ്റത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) 2022-ൽ ഏതെല്ലാം വകുപ്പുകളിലാണ് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കും എൽ.ഡി.ക്ലാർക്ക് തസ്തികകളിൽ നിന്ന് യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കും പ്രൊമോഷൻ നടപടികൾ നടന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിലേയ്ക്ക് 2022-

ൽ പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കിയ വകുപ്പുകളുടെ വിശദാംശം ലഭ്യമാക്കുമോ?

ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് എല്ലാ വകുപ്പുകളിലും സ്ഥാനക്കയറ്റം നൽകിവരുന്നുണ്ട്. ഇതിന് യാതൊരു നിയന്ത്രണവും നിലവിലില്ല. ഇപ്രകാരം ഓരോ വകുപ്പിലും ഓരോ തസ്തികകളിലും നൽകുന്ന സ്ഥാനക്കയറ്റം സംബന്ധിച്ചുള്ള വിവരം പ്രത്യേകമായ എന്തെങ്കിലും ആവശ്യത്തിന് വേണ്ടിവരില്ലായെന്നതിനാൽ ശേഖരിച്ച് സൂക്ഷിക്കാറില്ല.

(ഡി) വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ വിവിധ തസ്തികകളിലേയ്ക്കുള്ള അർഹമായ പ്രൊമോഷൻ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നിലവിൽ സർക്കാർ കേന്ദ്രീകൃതമായ സംവിധാനങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് സ്ഥാനക്കയറ്റം നല്കിവരുന്നുണ്ട്.

(ഇ) വിവിധ തസ്തികകളിലേയ്ക്കുള്ള ജീവനക്കാരുടെ അർഹമായ വകുപ്പുതല സ്ഥാനക്കയറ്റത്തിന് കാലതാമസമുണ്ടാകുന്നത്

പരിശോധിക്കുന്നതിനും ഇവ പരിഹരിക്കുന്നതിനും സർക്കാർ തലത്തിൽ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നല്കിവരുന്നുണ്ട്.

(എഫ്) 2022-ൽ മതിയായ കാരണങ്ങളില്ലാതെ വിവിധ തസ്തികകളിലേയ്ക്കുള്ള അർഹമായ സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാക്കാതിരുന്ന വകുപ്പുകൾ ഏതെല്ലാമെന്ന് കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് പരിശോധിച്ച് സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാക്കുന്നതിന് അതാത് വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ?

മതിയായ കാരണങ്ങളില്ലാതെ സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആശ്രിത നിയമനം**

41(3822) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആശ്രിത നിയമനത്തിന് അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ എണ്ണം വകുപ്പ്, തസ്തിക എന്നിവ തിരിച്ച് വിശദമാക്കാമോ?

മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ അതത് ജീവനക്കാർ ജോലി ചെയ്ത വകുപ്പിലാണ് നിയമനത്തിനായി അപേക്ഷ നൽകേണ്ടത്. ഇപ്രകാരം ഓരോ വകുപ്പിലും സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകൾ എത്രയെന്നും ഏത് തസ്തികയിലേക്കാണ് അപേക്ഷിച്ചതെന്നുമുള്ള വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**ആശ്രിത നിയമനം**

42 (3823) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങൾക്കായി 2016 മുതൽ നാളിതുവരെ ലഭിച്ച അപേക്ഷകളുടെ വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ?

(എ & ബി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. 2016 മുതലുള്ള അപേക്ഷകളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.+

(സി) ആശ്രിത നിയമനങ്ങളുടെ അപേക്ഷകൾ ജില്ലാതലത്തിൽ തീർപ്പ് കൽപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) അതത് ജില്ലകളിലേക്ക് ആശ്രിത നിയമനത്തിനായി വരുന്ന അപേക്ഷകളിന്മേൽ സംസ്ഥാനതലത്തിലെ സീനിയോറിറ്റി കണക്കാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി & ഡി) ആശ്രിത നിയമനത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ, ജില്ലാതലത്തിൽ നിയമനം നടത്തുന്ന തസ്തികകളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിൽ നിയമനം നടത്തുന്ന തസ്തികകളിൽ സംസ്ഥാനതലത്തിലുമാണ് സീനിയോറിറ്റി കണക്കാക്കുന്നത്.

മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പിൽ) നിലവിലുള്ളതോ/തൊട്ടടുത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ളതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമനം നൽകുവാനാണ് വ്യവസ്ഥയുള്ളത്. ഇപ്രകാരം നിയമനം നൽകാൻ കഴിയാത്തപക്ഷം പൊതുഭരണ (CE സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5 ശതമാനം ഒഴിവുകളിൽ നിയമനം നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിൽമേൽ 29-06-2018-ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും ഓരോ തസ്തികയിലും പ്രതിവർഷമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനം മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കാവൂയെന്ന് ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ചും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ചെയ്തിരുന്നു. അതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 ശതമാനം ഒഴിവുകൾ മാത്രമേ ആശ്രിത നിയമനത്തിന് നീക്കിവയ്ക്കാവൂയെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശ്രീ. മിഥുൻ ആർ.ന്റെ ആശ്രിത നിയമന അപേക്ഷ**

43(3824) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. മിഥുൻ ആർ. (കങ്ങപ്പിള്ളി ഹൗസ്, വി.എച്ച്.പി. കോളനി, ആലുവ) നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി ശ്രീ. മിഥുൻ.ആർ. 01-06-2015-ന് സമർപ്പിച്ച അപേക്ഷ ആരോഗ്യ വകുപ്പിൽ വിശദമായി പരിശോധിച്ച്, ടിയാന് ആരോഗ്യ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് 09-08-2016-ലെ സ.ഉ.(കൈ) 165/2016/ആ.കു.വ. പ്രകാരം അനുമതി നൽകിയിരുന്നു.

(ബി) പ്രസ്തുത ആശ്രിത നിയമന അപേക്ഷ പ്രകാരം ശ്രീ. മിഥുൻ ആർ.-ന് നിയമനം ലഭിക്കുന്നതിനായി ആരോഗ്യ വകുപ്പ് കൂടാതെ മറ്റ് വകുപ്പുകളിലേയ്ക്കും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട്

നൽകിയ നിവേദനത്തിന്മേൽ തീർപ്പുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിൽ ആശ്രിതനിയമന പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം വൈകുമെന്നതിനാൽ മറ്റ് വകുപ്പുകളിലേയ്ക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ 10-06-2022-ന് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിക്കുകയും പൊതുഭരണ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എൽ.ഡി. ക്ലാർക്ക് (വിവിധം) തസ്തികയിൽ പരിഗണിക്കുന്നതിലേയ്ക്കായി, ടിയാന് ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നൽകിയിരുന്ന നിയമനാനുമതി 28-01-2023-ലെ സ.ഉ(കൈ)നം.20/2023/ആ.കു.വ പ്രകാരം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികമാറ്റ അപേക്ഷ പൊതുഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) ആശ്രിത നിയമനത്തിനുള്ള അപേക്ഷകരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. മിഥുൻ ആർ. എത്രാമത്തെ അപേക്ഷകനാണെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

10-06-2022 അപേക്ഷാ തീയതിയായുള്ള ശ്രീ.മിഥുൻ.ആർ പൊതുഭരണ വകുപ്പിൽ നിലവിലുള്ള എൽ.ഡി. ക്ലാർക്കിന്റെ സീനിയോറിറ്റി ലിസ്റ്റിൽ 506-ാമതാണ്. അപേക്ഷാ തീയതിക്കനുസരിച്ച് സീനിയോറിറ്റി നമ്പറിൽ വ്യത്യാസം വരുന്നതാണ്.

(ഡി) ആറ് വർഷങ്ങൾക്കുശേഷവും ആശ്രിത നിയമനത്തിനായുള്ള അപേക്ഷയിൽ തീർപ്പുണ്ടായിട്ടില്ലായെന്നത് പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ സാദ്ധ്യമായ എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കുമോ?

2012 മുതൽ 2015 വരെ കാലയളവിൽ വിവിധ ഉത്തരവുകൾ പ്രകാരം സൂപ്പർ ന്യൂമററി എൽ.ഡി. ക്ലാർക്ക് തസ്തികകൾ സൃഷ്ടിച്ച് നിയമിതരായവരിൽ സർവ്വീസ് ക്രമീകരണത്തിന് ശേഷിച്ചിരുന്ന 155 പേരിൽ ആദ്യ 70 പേരുടെ സർവ്വീസ് ക്രമീകരണം നടത്തുന്നതിന് 10-02-2023-ലെ സ.ഉ (എം.എസ്) 18/2023/പൊ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. 85 സൂപ്പർ ന്യൂമററി എൽ.ഡി. ക്ലാർക്കുമാരുടെ സർവ്വീസ് ക്രമീകരണം ശേഷിക്കുന്നുണ്ട്. പ്രസ്തുത സൂപ്പർ ന്യൂമററി എൽ.ഡി. ക്ലാർക്കുമാരുടെ സർവ്വീസ് ക്രമീകരണത്തിനുശേഷം

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ ഊഴമെത്തുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

**സെക്രട്ടറിയേറ്റിൽ നടപ്പിലാക്കിവരുന്ന പഞ്ചിംഗ് സംവിധാനം**

44 (3825) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിവരുന്ന പഞ്ചിംഗ് സമ്പ്രദായത്തിൽ ജീവനക്കാർക്ക് ഒരു മാസം അനുവദിച്ചിട്ടുള്ള ഗ്രേസ് ടൈം 300 മിനിറ്റിൽ നിന്നും വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലില്ല

(ബി) ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ഗ്രേസ് ടൈം വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ആവശ്യമെന്ന് കാണുന്ന കേസ്സുകളിൽ പഞ്ചിംഗിൽ യുക്തമായ ഇളവ് അനുവദിക്കുന്നുണ്ട്.

**ഭരണപരവും ധനപരവുമായ അധികാരങ്ങളും**

**ചുമതലകളും കർത്തവ്യങ്ങളും**

45 (3826) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിയമിതരായിട്ടുള്ള സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെയും ഭരണപരവും ധനപരവുമായ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും വിശദമാക്കി എന്തെങ്കിലും സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സർക്കാരിലെ വിവിധ വകുപ്പുകളിൽ നിയമിച്ചിട്ടുള്ള പൊതുഭരണ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുൾപ്പെടെയുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ, സ്പെഷ്യൽ ഓഫീസർമാർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ട വിഷയങ്ങളിൽ 25-07-2022-ലെ

സ്പെഷ്യൽ-ബി3/196/2022-ജിഎഡി, നമ്പർ സർക്കുലർ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.+

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ ഭരണപരവും ധനപരവുമായ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സർക്കാരിൽ നിന്ന് വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെയും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിക്കുന്നതിനും അധികാര പ്രത്യായോജനം (Delegation of Powers) വ്യവസ്ഥ ചെയ്യുന്നതിനുമായുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിനായി 19-11-2022-ലെ സ.ഉ.(സാധാ) നം.5008/2022/ജി.എ.ഡി. പ്രകാരം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).+

കരട് നിർദ്ദേശം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം കമ്മിറ്റിയുടെ പരിഗണനയിലാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി**

**ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതി**

46 (3827)**ശ്രീ. കുറുക്കോളി മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതിയിൽ ഇതുവരെ എത്ര കണക്ഷനുകൾ നൽകാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

7569 ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ അയ്യായിരത്തോളം വീടുകളിലേയ്ക്ക് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന വിവരം ലഭ്യമാക്കുമോ?

ഓരോ നിയോജകമണ്ഡലത്തിലെയും കെ-ഫോണിന്റെ പോയിന്റ് ഓഫ് പ്രസൻസുകൾ (PoP) ഉള്ള പഞ്ചായത്തുകളിൽ ഏറ്റവും എളുപ്പം കണക്ഷൻ നല്കാൻ കഴിയുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്കാണ് ആദ്യം കണക്ഷൻ നൽകേണ്ടത്. ഇതിൽ, എസ്.സി.,

എസ്.ടി. വിഭാഗങ്ങൾക്ക് യഥാക്രമം 10, 3 ശതമാനം എന്നിങ്ങനെ മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. എസ്.ടി. വിഭാഗങ്ങൾ ലഭ്യമല്ലെങ്കിൽ 3 ശതമാനം കൂടി എസ്.സി.ക്ക് നൽകേണ്ടതും എസ്.സി. വിഭാഗങ്ങൾ ലഭ്യമല്ലെങ്കിൽ 10 ശതമാനം കൂടി എസ്.ടി. വിഭാഗങ്ങൾക്ക് നൽകേണ്ടതുമാണ്. ഈ രണ്ട് വിഭാഗങ്ങളും ഇല്ലെങ്കിൽ ജനറൽ വിഭാഗത്തിലെ ബി.പി.എൽ. കുടുംബങ്ങൾക്ക് മാത്രമായി കണക്ഷൻ നൽകാവുന്നതാണ്.

(സി) തിരൂർ മണ്ഡലത്തിൽ പ്രസ്തുത സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകേണ്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര പേർക്ക് ഇതുവരെ കണക്ഷൻ നൽകാനായി എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

തിരൂർ നിയോജകമണ്ഡലത്തിലെ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല.

(ഡി) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി തിരൂർ നിയോജകമണ്ഡലത്തിൽ ഇതുവരെ എത്ര സർക്കാർ സ്ഥാപനങ്ങളിൽ

പ്രസ്തുത സേവനം ലഭ്യമാക്കാനായിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിലെ 212 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും അതിൽ 20 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന ഭാഗങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ 2023 മാർച്ച് 31-ന് മുൻപായി കെ-ഫോൺ മുഖേന ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## മലപ്പുറം ജില്ലയിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി

47(3828) **ശ്രീ. പി. ഉബൈദുള്ള:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി എത്ര സർക്കാർ ഓഫീസുകളിൽ സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്; വിശദീകരിക്കാമോ?

മലപ്പുറം ജില്ലയിൽ നിലവിൽ 3005 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും അതിൽ 1522 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾക്ക്/സ്ഥാപനങ്ങൾക്ക് കെ-ഫോൺ മുഖേന സൗജന്യമായി ഇന്റർനെറ്റ് സേവനം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

(ബി) പദ്ധതി പ്രകാരം എത്ര ബി.പി.എൽ. കുടുംബങ്ങൾക്കാണ് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത്; 2022 ഡിസംബറിൽ പൂർത്തീകരിക്കുമെന്ന് അറിയിച്ചിരുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ;

(സി) കെ-ഫോൺ സൗജന്യ ഇന്റർനെറ്റ് പദ്ധതിയിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം;

മണ്ഡലത്തിൽ എത്ര വീടുകൾക്കാണ് കണക്ഷൻ നൽകുന്നത്; വ്യക്തമാക്കാമോ?

(ബി & സി) ആദ്യഘട്ടത്തിൽ ഓരോ നിയമസഭാമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്കുവീതം ആകെ 14000 കുടുംബങ്ങൾക്കാണ് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. അതുപ്രകാരം 7569 ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ അയ്യായിരത്തോളം വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത സൗജന്യ കണക്ഷൻ ലഭിക്കുന്ന, മലപ്പുറം നിയോജകമണ്ഡലത്തിലെ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല. സ്ഥാപനങ്ങൾക്ക് കെ-ഫോൺ മുഖേന സൗജന്യമായി ഇന്റർനെറ്റ് സേവനം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. മലപ്പുറം നിയോജകമണ്ഡലത്തിലെ 172 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള

അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും അതിൽ 143 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കെ-ഫോൺ പദ്ധതി മലപ്പുറം ജില്ലയിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന ഭാഗങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ 2023 മാർച്ച് 31-ന് മുൻപായി കെ-ഫോൺ മുഖേന ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്താനാണ് നിലവിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

**ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ തൊഴിലവസരങ്ങൾ**

**ലഭ്യമാക്കുന്നതിന് നടപടി**

48 (3829) <u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലന്വേഷകരായ നൈപുണ്യ പരിശീലനം ലഭിച്ച അഭ്യസ്തവിദ്യരുടെ വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ആഗോള കമ്പനികളിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ & ബി) ഉണ്ട്. ഇതിന്റെ ഭാഗമായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം തൊഴിലന്വേഷകർക്കായി സജ്ജമാക്കിയിട്ടുണ്ട്. തൊഴിൽ അന്വേഷകർക്ക് ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത് ലിങ്ക്ഡ് ഇൻ, നൗകരി പ്ലാറ്റ്ഫോമിന്റെ മാതൃകയിൽ പ്രൊഫൈൽ പൂർത്തിയാക്കാവുന്നതാണ്. ഇത് വെബ് പോർട്ടലിലൂടെയും സ്മാർട്ട് ഫോണിൽ DWMS Connect എന്ന ആപ്പിലൂടെയും ചെയ്യാവുന്നതാണ്. തൊഴിൽ ദാതാക്കൾക്ക് തൊഴിലന്വേഷകരുടെ പ്രൊഫൈൽ പരിശോധിച്ച് അനുയോജ്യരായവരെ തെരഞ്ഞെടുക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. തൊഴിൽ ലഭ്യത വർദ്ധിപ്പിക്കാനായി തൊഴിൽ അന്വേഷകർക്ക് വിവിധ ക്യൂറേഷൻ സേവനങ്ങളും പോർട്ടലിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഇതുകൂടാതെ തൊഴിലന്വേഷകരുടെ നൈപുണ്യ വികസനത്തിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും ഈ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. അസാപ് കേരള, KASE

മുതലായ നൈപുണ്യ വികസന ഏജൻസികളിൽ നിന്ന് പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്കും ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) എത്ര തൊഴിലവസരങ്ങളാണ് ഇതിനോടകം ഇപ്രകാരം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

446529 തൊഴിലവസരങ്ങളിതുവരെ DWMS-ൽ ലഭ്യമാക്കിയിട്ടുണ്ട്.

**പട്ടാമ്പി നിയോജകമണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

49(3830) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനോടകം കെ-ഫോൺ പദ്ധതിയിലൂടെ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 26288 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ

സ്ഥാപിക്കുകയും നിലവിൽ അതിൽ 13424 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്; 282 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും നിലവിൽ 81 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യ പ്രാദേശിക കേബിൾ നെറ്റ്‌വർക്ക് സംവിധാനത്തിലൂടെയാണോ സംസ്ഥാനത്തെ വീടുകളിൽ കെ-ഫോൺ കണക്ഷൻ എത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആദ്യഘട്ടത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിലെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന 100 കുടുംബങ്ങൾക്കുവീതം കേരളമൊട്ടാകെ ആകെ 14000 വീടുകളിൽ സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ

തീരുമാനിച്ചിരുന്നു. പ്രസ്തുത സൗജന്യ കണക്ഷൻ ഒരു വർഷത്തേയ്ക്ക് ലഭ്യമാക്കുവാൻ ടെൻഡർ പ്രക്രിയയിലൂടെ സ്വകാര്യ പ്രാദേശിക കേബിൾ ഓപ്പറേറ്ററെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത ഓപ്പറേറ്റർ കെ-ഫോണിന്റെ പോയിന്റ് ഓഫ് പ്രെസെൻസിൽ നിന്നും വീടുകളിലേക്കുള്ള ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കും. കെ-ഫോണിന്റെ അടിസ്ഥാനസൗകര്യം ബാൻഡ് വിഡ്ത്തും ഉപയോഗിച്ചാണ് ഇന്റർനെറ്റ് ലഭ്യമാക്കുന്നത്.

**വില്ലേജ് നോളജ് സെന്റർ രൂപീകരണം**

50(3831) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ വില്ലേജ് നോളജ് സെന്റർ ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ; ഇതിനായി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നും ഇതുസംബന്ധിച്ച് ലഭിച്ച റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ & ബി) ഇക്കാര്യത്തിൽ അപേക്ഷകളോ റിപ്പോർട്ടുകളോ സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

(സി) സമാന രീതിയിൽ മറ്റ് ജില്ലകളിലോ മണ്ഡലങ്ങളിലോ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

15 പഞ്ചായത്തുകളിൽ വില്ലേജ് നോളജ് സെന്ററുകൾ ആരംഭിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വള്ളിക്കുന്ന് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം**

51 (3832) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡബ്ല്യു.എം.എസ്.) വഴി തൊഴിൽ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഓരോ തൊഴിലന്വേഷകന്റെയും അടിസ്ഥാനവിവരങ്ങൾ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, താല്പര്യമേഖലകൾ എന്നിവ പ്ലാറ്റ്ഫോമിൽ നൽകിക്കൊണ്ടാണ് DWMS-ൽ തൊഴിലന്വേഷകനെ എൻറോൾ ചെയ്യിക്കുന്നത്. ഇതിൽ നൽകുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ഓരോ തൊഴിലന്വേഷകന്റെയും വിശദമായ ബയോഡാറ്റ/സി.വി. സിസ്റ്റം തന്നെ തയ്യാറാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസവും DWMS-ൽ വിവിധ തൊഴിൽ ദാതാക്കൾ പോസ്റ്റ്ചെയ്യുന്ന തൊഴിലുകൾക്ക് അനുയോജ്യരായവരെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ കണ്ടെത്തി ഓരോ തൊഴിലന്വേഷകന്റെയും പ്രൊഫൈൽ പേജിൽ പ്രദർശിപ്പിക്കുന്നു. ജോലിയുടെ വിശദാംശങ്ങൾ, (ജോലിയുടെ സ്വഭാവം, ജോലിയെടുക്കേണ്ട സ്ഥലം, വേതനം മുതലായവ), താല്പര്യം എന്നിവ പരിഗണിച്ച് ഓരോ തൊഴിലന്വേഷകനും തങ്ങൾക്ക് അനുയോജ്യമായ തൊഴിലുകൾക്ക് അപേക്ഷിക്കാം.

തൊഴിൽദാതാക്കൾ DWMS-ൽ പോസ്റ്റ് ചെയ്യുന്ന തൊഴിലവസരങ്ങളിൽ തൊഴിലിനുവേണ്ട യോഗ്യത, പ്രവൃത്തിപരിചയം, നൈപുണികൾ, ശമ്പളം

എന്നീ വിവരങ്ങൾ നല്കിയിട്ടുണ്ടാവും. ഇത് വായിച്ച് മനസിലാക്കിയാണ് തൊഴിലന്വേഷകൻ തൊഴിലിനായി അപേക്ഷിക്കേണ്ടത്. യോഗ്യതകളുടെ അടിസ്ഥാനത്തിലുള്ള അപേക്ഷകരുടെ ഒരു ചുരുക്കപ്പട്ടിക ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ തൊഴിൽ ദാതാവിന് ലഭ്യമാക്കി, ഇന്റർവ്യൂ നടത്തി തെരഞ്ഞെടുപ്പ് നടത്താനുള്ള സംവിധാനവും പോർട്ടലിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ വൈജ്ഞാനിക തൊഴിലുകൾ ലഭിക്കുന്നതിന് പ്രത്യേക ട്രെയിനിംഗുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി തൊഴിൽ അന്വേഷകർക്ക് വിവിധ സൗജന്യ ക്യൂറേഷൻ സേവനങ്ങൾ DWMS പോർട്ടലിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽസ് മെച്ചപ്പെടുത്താനായി പേഴ്സണാലിറ്റി ഡെവെലപ്മെന്റ് ട്രെയിനിംഗ്, ഇന്റർവ്യൂ ഗ്രൂമിംഗ് നല്കുന്നതിലേയ്ക്കായി വർക്ക് റെഡിനെസ് പ്രോഗ്രാം മുതലായ ഹ്രസ്വകാല പരിശീലങ്ങൾ DWMS പോർട്ടലിൽ

ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ തൊഴിലന്വേഷകരുടെ നൈപുണ്യ വികസനത്തിനായി വിവിധ ഏജൻസികൾ നടത്തിവരുന്ന നൈപുണ്യ പരിശീലന പരിപാടികളും ഈ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലന്വേഷകർക്കും ഈ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

**ഓരോ മണ്ഡലത്തിലും ഒരു സ്കിൽ കോഴ്സ് ആരംഭിക്കാൻ പദ്ധതി**

52(3833) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)-മായി സഹകരിച്ച് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ ഒരു സ്കിൽ കോഴ്സ് ആരംഭിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

തൊഴിലന്വേഷകർക്ക് പൊതുവിലും വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും വിജ്ഞാനാധിഷ്ഠിതമായ തൊഴിൽ നൈപുണ്യം ലഭ്യമാക്കുകയെന്നതാണ് ഓരോ നിയോജകമണ്ഡലത്തിലും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലുമായി (കെ-ഡിസ്ക്) സഹകരിച്ച് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ ആരംഭിക്കുന്ന ഒരു സ്കിൽ കോഴ്സ് പദ്ധതിയുടെ ലക്ഷ്യം. ഇതിനുവേണ്ടി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും കോഴ്സുകൾക്ക് അനുസൃതമായി ആവശ്യമെങ്കിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപന മേധാവികളും ഉന്നത അധികാരികളുമായി കൂടിക്കാഴ്ചകൾ നടത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിലെ സൗകര്യങ്ങൾക്കാസ്പദമായുള്ള സ്കിൽ കോഴ്സുകൾക്കുള്ള പ്രൊപ്പോസലുകളും മറ്റ് സ്കിൽ കോഴ്സുകളുടെ അധികസൗകര്യങ്ങൾക്കുവേണ്ടിയുള്ള പ്രൊപ്പോസലുകളും തയ്യാറാക്കി വരുന്നു. ചർച്ചകൾ നടത്തി കലാലയങ്ങളുടെ പദ്ധതി മുന്നൊരുക്കം

വിലയിരുത്തിയിട്ടുണ്ട്. വിവിധ കലാലയങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾക്കനുസരിച്ച് നടത്താൻ സാധിക്കുന്ന നൈപുണ്യ പരിശീലന പരിപാടികൾ കണ്ടെത്തിയിട്ടുണ്ട്. വിജ്ഞാനാധിഷ്ഠിത മേഖലകളിലെ പുതിയ തൊഴിൽ സാദ്ധ്യതകളും നൈപുണ്യ ആവശ്യങ്ങളും കണ്ടെത്താനായി വിവിധ വ്യവസായ സംഘടനകളുടെയും നൈപുണ്യപരിശീലന ദാതാക്കളുടെയും സഹായത്തോടെ നടത്തിയ ശില്പശാലകൾവഴി 11 നൈപുണ്യ പരിശീലന മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. ഈ മേഖലകളിൽ വ്യവസായ പങ്കാളികളുടെ സഹായത്തോടെ അനുയോജ്യമായ നൈപുണ്യ പരിശീലന പരിപാടികൾക്ക് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിക്കായി ഓരോ നിയോജകമണ്ഡലത്തിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്, ഓരോ നിയോജകമണ്ഡലത്തിലെയും വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി വരുന്നു. ഇതുമായി

ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് താത്പര്യപത്രം ക്ഷണിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ടി. ഇടനാഴികൾ**

53(3834) ശ്രീമതി ശാന്തകുമാരി കെ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് 3 മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളംവരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർവരെയും എൻ.എച്ച്.-66 ന് സമാന്തരമായാണ് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി മുഖാന്തരം 1,000 കോടി രൂപ ലഭ്യമാക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ഐ.ടി. പാർക്കിന് അനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി

ഏറ്റെടുക്കുന്നതിനായുള്ള റിക്വിസിഷനിംഗ് അതോറിറ്റി (Requisitioning Authority) ആയി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ (KSITIL) സർക്കാർ നിയോഗിച്ചിട്ടുണ്ട്. നിലവിൽ എൻ.എച്ച്.66-ന് സമാന്തരമായി ലഭ്യമാവാൻ സാദ്ധ്യതയുള്ള 76 പാർസലുകളിലായി ഏകദേശം 5000 ഏക്കറോളം ഭൂമി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഏതൊക്കെ പാർസലുകൾ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമാണോയെന്ന് കണ്ടെത്തുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ.ലെയും ഐ.ടി. പാർക്കുകളുടെയും ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ സർക്കാർ ചുമതലപ്പെടുത്തി. ഈ സമിതിയുടെ സ്ഥലപരിശോധന പുരോഗമിച്ചുവരികയാണ്.

**ഇടുക്കി ജില്ലയിലെ കെ-ഫോൺ കണക്ഷനുകൾ**

54(3835) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്; മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഇടുക്കി ജില്ലയിൽ 1201 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ/സ്ഥാപനങ്ങളുടെ, മണ്ഡലമടിസ്ഥാനത്തിലുള്ള എണ്ണം സംബന്ധിച്ച പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. ഇതിൽ 908 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.+

(ബി) ദേവികുളം നിയോജകമണ്ഡലത്തിൽ കണക്ഷൻ നൽകുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളവരുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

ആദ്യഘട്ടത്തിൽ ഓരോ നിയമസഭാമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്കുവീതം സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത കണക്ഷൻ നൽകുന്ന ദേവികുളം മണ്ഡലത്തിലെ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ദേവികുളം നിയോജകമണ്ഡലത്തിൽ കെ-ഫോൺ പദ്ധതി പ്രകാരം കണക്ഷൻ ലഭിക്കാത്ത സർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

ദേവികുളം നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ ഇതുവരെ സ്ഥാപിക്കാത്ത 32 ഓഫീസുകളുടെ/സ്ഥാപനങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു.+

**ദേവികുളം മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

55 (3836) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര സർക്കാർ ഓഫീസുകളിൽ കെ-ഫോൺ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

(എ & ബി) ദേവികുളം മണ്ഡലത്തിലെ 258 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും നിലവിൽ അതിൽ 81 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ/സ്ഥാപനങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിൽ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് കെ-ഫോൺ പദ്ധതി ആനുകൂല്യം ആദ്യ ഘട്ടത്തിൽ ലഭിക്കുമെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; കണക്ഷൻ ലഭിക്കുന്നവരുടെ വിശദാംശം നൽകാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദ്യഘട്ടത്തിൽ ഓരോ നിയമസഭാമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്കുവീതം സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത കണക്ഷൻ ലഭ്യമാക്കുന്ന ദേവികുളം മണ്ഡലത്തിലെ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല.

**മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി**

56(3837) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങളുടെ കുറവുണ്ടെന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

അക്ഷയ കേന്ദ്രങ്ങളിലെ തിരക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നുമുള്ള ആവശ്യം എന്നിവയുടെ അടിസ്ഥാനത്തിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങളുടെ ആവശ്യമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലെ മാനദണ്ഡം

പാലിച്ചുകൊണ്ട് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി ലൊക്കേഷനുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിച്ച 23 ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

**അക്ഷയ കേന്ദ്രങ്ങളിലെ ഗുണഭോക്താക്കളുടെ തിരക്കൊഴിവാക്കാൻ നടപടി**

57(3838) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ സേവനങ്ങളും ഓൺലൈനാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അക്ഷയ കേന്ദ്രങ്ങളിലെ ഗുണഭോക്താക്കളുടെ തിരക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൂടുതൽ ലൊക്കേഷനുകൾ കണ്ടെത്തി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കൂടുതൽ ലൊക്കേഷനുകൾ കണ്ടെത്തി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അക്ഷയ കേന്ദ്രങ്ങൾ വഴി നൽകുന്ന സേവനങ്ങൾ കേന്ദ്രസർക്കാർ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന കോമൺ സർവ്വീസ് സെന്ററുകൾ മുഖേന ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

നിലവിലുള്ള ഉത്തരവുപ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനുള്ള അംഗീകൃത സേവന കേന്ദ്രങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മാത്രമാണ്.

## കോട്ടയം ജില്ലയിലെ അക്ഷയ സെന്ററുകൾ

58(3839) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടില്ല.

(ബി) ജില്ലയിൽ മറ്റേതെല്ലാം സ്ഥലങ്ങളിൽ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടെന്നും ഇതിനായുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ലൊക്കേഷനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത ലൊക്കേഷനുകളുടെ ദൂരപരിധി പരിശോധന നടത്തിവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സി-ഡിറ്റിലെ നിയമനം

59(3840) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജൂലൈയിൽ സി-ഡിറ്റിൽ ധനകാര്യ (പരിശോധന) വകുപ്പ് നടത്തിയ റിപ്പോർട്ടിൽ സി-ഡിറ്റിൽ ഡെപ്യൂട്ടി ഡയറക്ടർ, രജിസ്ട്രാർ തസ്തികകളിൽ സേവനമനുഷ്ഠിച്ച ജി. ജയരാജ് എന്ന ഉദ്യോഗസ്ഥൻ സി.എസ്.ഐ.ആർ./യു.ജി.സി. ശമ്പള സ്കെയിലിൽ ശമ്പളം കൈപ്പറ്റാൻ 'നോട്ട് ക്വാളിഫൈഡ് ആസ് പെർ സി.എസ്.ഐ.ആർ. നോംസ് ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. എന്നാൽ, 2020-ൽ ധനകാര്യ വകുപ്പിന്റെ പരിശോധന റിപ്പോർട്ടിൽ 6 കോർഗ്രൂപ്പ് തസ്തികകളിലുള്ള ജീവനക്കാർക്ക് സി.എസ്.ഐ.ആർ. ശമ്പള സ്കെയിൽ നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. ജയരാജ് ജോലി ചെയ്തിരുന്ന തസ്തിക ഡെപ്യൂട്ടി ഡയറക്ടർ (പ്രോജക്ട്സ്) പ്രസ്തുത കോർഗ്രൂപ്പിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ടിയാൻ സ്കെയിലിന് അർഹനാണ്.

(ബി) സി-ഡിറ്റിൽ സി.എസ്.ഐ.ആർ./യു.ജി.സി. സ്കെയിലിൽ സേവനം അനുഷ്ഠിക്കുന്നവർക്കുവേണ്ട നിർദ്ദിഷ്ട യോഗ്യതകൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്; ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത യോഗ്യതകൾ ജി. ജയരാജിന് ഉണ്ടായിരുന്നോയെന്ന് രേഖകൾ സഹിതം വ്യക്തമാക്കുമോ?

ഉണ്ടായിരുന്നു. 16-10-89-ലെ സർക്കാർ കത്ത് നമ്പർ 7609/A3/89/CAD, 27-08-1990-ലെ GO(Rt) No.340/90/CAD എന്നീ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരമാണ് ജി.ജയരാജിനെ സി-ഡിറ്റിൽ നിയമിച്ചിരിക്കുന്നത്.

(ഡി) അദ്ദേഹത്തിന് സി.എസ്.ഐ.ആർ./യു.ജി.സി. നിഷ്കർഷിച്ച എല്ലാ യോഗ്യതയും പ്രവൃത്തി പരിചയവുമുണ്ടെന്ന് സി-ഡിറ്റ് രജിസ്ട്രാർ അറിയിച്ചതനുസരിച്ച് സി.എസ്.ഐ.ആർ. സ്കെയിലിൽ പേ റിവിഷൻ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (16-07-2013-ലെ ജി.ഒ (ആർ.ടി.)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നം.278/2013/ഐ&പി.ആർ.ഡി.) പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ സി-ഡിറ്റ് രജിസ്ട്രാർ അയച്ച കത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. സി-ഡിറ്റിന്റെ 16-08-2010-ലെ കത്തിന്റെയും 16-07-2013- ലെ സർക്കാർ ഉത്തരവിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഇ) പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചതിന് വിരുദ്ധമായി 2020-ലെ ധനകാര്യ പരിശോധനാ വകുപ്പിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിനാൽ ജി. ജയരാജിന് അനുവദിച്ച ശമ്പള സ്കെയിലും അസ്സസ്സ്മെന്റ് പ്രൊമോഷനുകളും വിശദമായി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുമോ?

**ധനകാര്യ വകുപ്പിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.**

## സി-ഡിറ്റിലെ ക്രയവിക്രയങ്ങൾ

60(3842) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ എഴുപത്തി എട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം സി-ഡിറ്റ് രജിസ്ട്രാർ 03-06-2022-ന് അയച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

215/A1/Admn/C-DIT/2022 നമ്പർ കത്ത് ലഭിച്ചിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കത്തിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കത്തിൽ സൂചിപ്പിച്ചിരിക്കുന്ന ക്രയവിക്രയങ്ങളിൽ ഏതൊക്കെയാണ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് സി-ഡിറ്റ് വാങ്ങിയതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രയവിക്രയങ്ങൾ വഴി അതിഭീമമായ നഷ്ടം സി-ഡിറ്റിനും തദ്വാരാ സർക്കാരിനും വന്നിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യങ്ങളിൽ വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) ലഭിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷന്റെ നിവേദനങ്ങളിന്മേലുള്ള നടപടികൾ

61(3843) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ തൊഴിലാളി സംഘടനയായ സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷന്റെ 15-07-2020-ലെ CEO/2020/20, 21-07-2020-ലെ CEO/2020/21 എന്നീ നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിവേദനങ്ങളിൽ എന്ത് പരാതികളാണ് പ്രസ്തുത ഓർഗനൈസേഷൻ ബോധിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിവേദനങ്ങളിന്മേൽ സി-ഡിറ്റിൽ നിന്നും സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് സി-ഡിറ്റിന്റെ മറുപടി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) രണ്ട് വർഷത്തിലേറെ പഴക്കമുള്ള പ്രസ്തുത നിവേദനങ്ങളിൽ സർക്കാർ അന്തിമ തീർപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ?

(എ-ഡി) ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

**ഓസ്പിൻ ടെക്നോളജീസ് ലിമിറ്റഡിന് സി-ഡിറ്റ് വർക്ക് ഓർഡറുകൾ**

62 (3844) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഓസ്പിൻ ടെക്നോളജീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സി-ഡിറ്റ് എത്ര തുകയുടെ പർച്ചേസ് അഥവാ വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്; പ്രസ്തുത ഓർഡറുകളുടെ പകർപ്പ് സഹിതം വിശദമാക്കുമോ?

പത്ത് ഓർഡറുകൾ നൽകിയിട്ടുണ്ട്. അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഓർഡറുകളിൽ ഏതൊക്കെയാണ് ടെണ്ടർ പ്രക്രിയയിലൂടെ നൽകിയതെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെൻഡർ നടപടിക്രമം പാലിച്ച് പ്രൊപ്പോസലുകൾ വാങ്ങി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് നൽകിയിട്ടുള്ളത്.

(സി) ഓസ്പിൻ ടെക്നോളജീസ് ലിമിറ്റഡ് നാളിതുവരെ എത്ര ഇൻവോയിസ് നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഇൻവോയിസുകളിൽ എത്ര തുക സി-ഡിറ്റ് നൽകി കഴിഞ്ഞുവെന്നും ഇനി എത്ര നൽകാനുണ്ടെന്നും വിശദമാക്കുമോ?

ഓസ്പിൻ ടെക്നോളോജിസ് ആകെ 51 ഇൻവോയ്സുകൾ സി-ഡിറ്റിന് നൽകിയിട്ടുണ്ട്. ഇതിൽ 4,34,65,663/- രൂപ സി-ഡിറ്റ് ഓസ്പിൻ ടെക്നോളോജിസിന് നൽകിയിട്ടുണ്ട്. ബാക്കി തുക 55,61,812/- രൂപയാണ്.

(ഡി) ടെണ്ടർ നടപടിക്രമം പാലിക്കാതെ എത്ര തുകയ്ക്കുള്ള ഓർഡറുകൾ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്ന് കാരണ സഹിതം വ്യക്തമാക്കുമോ; സി-ഡിറ്റ് ഓസ്പിനുമായി നടത്തിയ ഇടപാടുകളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ടെൻഡർ നടപടിക്രമം പാലിക്കാതെ ഓർഡറുകൾ നൽകിയിട്ടില്ല. സി-ഡിറ്റ് ഓസ്പിനുമായി നടത്തിയ ഇടപാടുകളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) എൻ.ഐ.സി.യുടെ ഇ-ഓഫീസ് പോലുള്ള സംവിധാനം നിലനിൽക്കെ സർക്കാർ സംവിധാനങ്ങളായ സി.എം.ഒ. വെബ് പോർട്ടൽ, കെ.എസ്.എഫ്. ഇ., കെ-ഡിസ്ക്, കിഫ്ബി തുടങ്ങിയവയിൽ സ്വകാര്യ കമ്പനിയുടെ ഡി.ഡി.എഫ്.എസ്. സോഫ്റ്റ്‌വെയർ അനാവശ്യമായും ചട്ടവിരുദ്ധമായും സാമ്പത്തിക നഷ്ടമുണ്ടാക്കിയും തിരുകിക്കയറ്റിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് നടപടിയെടുക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മയ്ക്ക് ധനസഹായം**

63 (3846) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തെ തുടർന്ന് താമസിച്ച വീട് പൂർണ്ണമായും തകർന്ന തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് വെങ്ങാലൂർ വില്ലേജിലെ എളയത്ത് വീട്ടിൽ ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മയ്ക്ക് പ്രളയത്തിൽ വീട് പൂർണ്ണമായി നശിച്ചവർക്കുള്ള സി.എം.ഡി.ആർ.എഫ്. വിഹിതമായ 3,04,900/- രൂപ ധനസഹായം അനുവദിക്കണമെന്ന അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മയ്ക്ക് അർഹമായ ധനസഹായം പൂർണ്ണമായും അനുവദിച്ചുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) 2019-ലെ പ്രളയത്തെത്തുടർന്ന് താമസിച്ച വീട് പൂർണ്ണമായും തകർന്ന തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്ക് വെങ്ങാലൂർ വില്ലേജിലെ എളയത്ത് വീട്ടിൽ ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മയ്ക്ക് പ്രളയത്തിൽ വീട്

പൂർണ്ണമായി നശിച്ചവർക്കുള്ള സി.എം.ഡി.ആർ.എഫ്. വിഹിതമായ 3,04,900/- രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ളതും അപേക്ഷകയ്ക്ക് തുക വിതരണം ചെയ്തിട്ടുള്ളതുമാണ്.

**ശ്രീമതി രുഗ്മിണിക്ക് പ്രളയ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായം**

64(3847) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ദുരിതാശ്വാസ ക്യാമ്പിൽ താമസിച്ചിരുന്ന ശ്രീമതി രുഗ്മിണി (പിനിയത്ത് വീട്, വടക്കേതൊറവ്, പുതുക്കാട് P.O, മുകുന്ദപുരം താലൂക്ക്, തൃശ്ശൂർ) എന്ന അപേക്ഷകയ്ക്ക് അർഹമായ ധനസഹായം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്മേൽ ധനസഹായം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ & ബി) 2019-ലെ പ്രളയത്തിൽ ദുരിതാശ്വാസ ക്യാമ്പിൽ താമസിച്ചിരുന്നതും റീബിൽഡ് ആപ്പിൽ ഉൾപ്പെടാതിരുന്നതുമായ ശ്രീമതി രശ്മിണി, പിനിയത്ത് വീട്, വടക്കേതൊറവ്, പുതുക്കാട് പി.ഒ, മുകുന്ദപുരം താലൂക്ക് എന്ന അപേക്ഷകയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. ടിയാളുടെ വിവരങ്ങൾ പരിശോധിച്ച് ശിപാർശ സഹിതം ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ച തുക**

65 (3848) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018 മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എത്ര തുക വരവ് വന്നിട്ടുണ്ടെന്നും ആയതിൽ എത്ര രൂപ ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും വിശദാംശം സഹിതം വ്യക്തമാക്കാമോ?

2018 മുതൽ 2023 ജനുവരി 31 വരെ ആകെ 7123.65 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വരവ് വന്നിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽനിന്നും 2018 ആഗസ്റ്റ് 28 മുതൽ 2023 ജനുവരി 31 വരെ 4627.64 കോടി രൂപയും കോവിഡ് 19 ആയി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽനിന്നും 2020 ഏപ്രിൽ 1 മുതൽ 2023 ജനുവരി 31 വരെ 1028.06 കോടി രൂപയും ഓഖിയുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽനിന്നും 2018 ജനുവരി 1 മുതൽ 2022 നവംബർ 10 വരെ 94.95 കോടി രൂപയും ചേർത്ത് ആകെ 5750.65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മേല്പറഞ്ഞ ഇനങ്ങളിൽ അല്ലാതെ 2018 -19 സാമ്പത്തിക വർഷം മുതൽ 2022 -23 സാമ്പത്തിക വർഷം വരെ ആകെ 1216.86 കോടി രൂപ സഹായധനമായി (ചികിത്സ ധനസഹായം, മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം, വിവിധ വകുപ്പുകൾ വഴി വിതരണം ചെയ്ത സഹായം) വിതരണം ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ എല്ലാം കൂടി ചേർത്ത് ആകെ 6967.51 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

66 (3849) <u>ശ്രീ ഡി കെ മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ആയതിന് അനുവദിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) വാമനപുരം മണ്ഡലത്തിൽ വരുംവർഷങ്ങളിൽ ഏതെങ്കിലും പദ്ധതികൾ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാലവർഷക്കെടുതിയിൽ തകർന്ന റോഡ് നവീകരണ പ്രവർത്തനങ്ങൾ

67(3850) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ നവീകരിക്കുന്നതിന് സർക്കാർ ഭരണാനുമതി ലഭ്യമാക്കിയതിനുശേഷവും പ്രവൃത്തി ടെണ്ടർ ചെയ്യണമെങ്കിൽ അതാത് ജില്ലാ കളക്ടർമാരുടെ പുതിയ ഉത്തരവ് ലഭ്യമാക്കണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, SDRF മാനദണ്ഡങ്ങൾ പ്രകാരം പ്രവൃത്തി അനുവദനീയമാണോ, തുടങ്ങിയ വിശദാംശങ്ങൾ പരിശോധിച്ച് കളക്ടർമാർ നിർവ്വഹണാനുമതിയാണ് നൽകുന്നത്.

(ബി) ഭരണാനുമതിക്ക് ശേഷവും ജില്ലാ കളക്ടറേറ്റിൽ നിന്നും പുതിയ ഉത്തരവ് ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസം പ്രവൃത്തികളുടെ നിർവ്വഹണത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നിർവ്വഹണാനുമതി ലഭിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർമാർ അനുമതി നൽകി വരുന്നുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയതിനുശേഷം കളക്ടറുടെ പുതിയ ഉത്തരവ് വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണയിലില്ല

**വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി പ്രവൃത്തികൾ**

68(3851) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഏതെങ്കിലും പ്രവൃത്തി നടത്തുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അനുവദിച്ച തുകയുടെ വിവരം (ജില്ലാടിസ്ഥാനത്തിൽ) അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിധിയിൽ ഉൾപ്പെടുത്തി നിയോജകമണ്ഡലങ്ങളിലെ വിവിധ പ്രവൃത്തികൾക്ക് പ്രസ്തുത വർഷം തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വർഷം തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി നിയോജകമണ്ഡലങ്ങളിലെ വിവിധ പ്രവൃത്തികൾക്കായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി-ഡി) സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്ന് പ്രകൃതിക്ഷോഭത്തിൽ/കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ജില്ലാടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

**പ്രളയം അടക്കമുള്ള ദുരന്തങ്ങൾ തടയാൻ സ്വീകരിച്ച നടപടി**

69 (3852) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയം അടക്കമുള്ള ദുരന്തങ്ങൾ തടയാൻ സ്വീകരിച്ച നടപടികളും അതിനായി സ്വീകരിച്ച മുന്നൊരുക്കങ്ങളും വിശദമാക്കാമോ?

പ്രകൃതിക്ഷോഭവുമായി ബന്ധപെട്ട് ജില്ലകളിൽ എല്ലാ വകുപ്പുമേധാവികളെയും ഉൾപ്പെടുത്തി നിരന്തരം യോഗങ്ങൾ ചേരുകയും തുടർനടപടികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ അധികാരികൾക്ക് നൽകുകയും ചെയ്യുന്നുണ്ട്. ജീവനും സ്വത്തിനും ഭീഷണിയുള്ള മരങ്ങളുടെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിനായി ദുരന്ത നിവാരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രകൃതിക്ഷോഭ മുന്നൊരുക്കവുമായി ബന്ധപ്പെട്ട് ദുരന്തപ്രദേശങ്ങളിലെ ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ ദുരിതാശ്വാസ ക്യാമ്പുകൾ കണ്ടെത്തി സജ്ജമാക്കാറുണ്ട്. കാലവർഷത്തിന് മുന്നോടിയായി നദികൾ, ഇടത്തോടുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ, ചെളി

എന്നിവ അടിയന്തിരമായി നീക്കി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തികൾ ഇറിഗേഷൻ വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. വെള്ളക്കെട്ട് ഒഴിവാക്കുന്നതിലേയ്ക്കായി പ്രധാന പൊഴികളായ തോട്ടപ്പള്ളി, തണ്ണീർമുക്കം, അന്ധകാരനഴി എന്നീ ഷട്ടറുകൾ റഗുലേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തോട്ടപ്പള്ളി സ്പിൽവേയിലൂടെയുള്ള നീരൊഴുക്ക് തടസ്സപ്പെടുന്നതുവഴി കുട്ടനാട് മേഖലയിൽ വെള്ളപ്പൊക്കം ഉണ്ടാകാനുള്ള സാദ്ധ്യത ഒഴിവാക്കുന്നതിന് തോട്ടപ്പള്ളി പൊഴിമുഖത്തെ മണൽ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കാലവർഷത്തിന് മുന്നോടിയായി വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചന വകുപ്പ് എന്നിവരുടെ നിയന്ത്രണത്തിലുള്ള താൽക്കാലിക ഓരുമുട്ടുകൾ പൂർണ്ണമായും നീക്കം ചെയ്തുവരുന്നു. മൺസൂണിൻെറ ഭാഗമായി രക്ഷാപ്രവർത്തനങ്ങൾ ഏകോപിക്കുന്നതിലേയ്ക്കായി എല്ലാ താലൂക്കാഫീസുകളിലും മറ്റ് പ്രധാന ജില്ലാ ആഫീസുകളിലും 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തന സജ്ജമാക്കാറുണ്ട്. സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ അടിക്കടി

ഉണ്ടാകുന്ന കടൽ ക്ഷോഭത്തിൽനിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിലേയ്ക്കായി ടി പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട്, ജിയോ ബാഗുകൾ എന്നിവ നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പ്, KIIDC എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ദുരന്ത സാദ്ധ്യത ലഘൂകരിക്കുന്നതിലേയ്ക്കായുള്ള നടപടികൾ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേർന്ന് വിലയിരുത്തുന്നു. ഡാമുകളിലെ ജലനിരപ്പ് വിലയിരുത്തി കൃത്യമായ ഇടവേളകളിൽ വെള്ളം പുറത്തേക്കൊഴുക്കി ജലനിരപ്പ് ക്രമീകരിച്ചുവരുന്നു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളായി കണ്ടെത്തിയ ഇടങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളെ കനത്ത മഴയുള്ള ദിവസങ്ങളിൽ മുൻകരുതലിന്റെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിച്ചിട്ടുള്ളതാണ്. പുഴകളിലെ ജലനിരപ്പ് വർദ്ധിക്കുന്നതനുസരിച്ച് താഴ്ന്ന പ്രദേശങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളെ മുൻകരുതലിന്റെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിച്ചിട്ടുള്ളതാണ്. ദുരിതാശ്വാസ പ്രവർത്തനത്തിനായി

മത്സ്യബന്ധന ബോട്ടുകൾ തയ്യാറാക്കി നിർത്തിയിരുന്നു. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി NDRF-ന്റെ യൂണിറ്റുകളെ സജ്ജമാക്കിയിരുന്നു. റെഡ് അലർട്ട് പ്രഖ്യാപിക്കുന്ന ദിവസങ്ങളിൽ ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കുകയും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. കടൽക്ഷോഭ മുന്നറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് കടലിൽ പോകുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരുന്നു. കനത്തമഴ തുടർച്ചയായി ലഭിക്കുന്ന ദിവസങ്ങളിൽ മലയോര പ്രദേശങ്ങളിലേക്കുള്ള രാത്രിയാത്രയും വിനോദസഞ്ചാരവും വിലക്കിയിരുന്നു. ദുരന്ത സാദ്ധ്യതാ മുന്നറിയിപ്പുകൾ എല്ലാവരിലേയ്ക്കും എത്തിക്കുന്നതിന് സർക്കാർ "കവചം' (KaWaCHaM- Kerala Warnings, Crisis and Hazard Management System) എന്ന സംവിധാനം വികസിപ്പിച്ചു. സുരക്ഷാ അവബോധം വളർത്തുന്നതിനും, സ്കൂളുകളിലെയും, ജീവിക്കുന്ന പ്രദേശത്തെയും ദുരന്ത സാദ്ധ്യതകൾ മനസിലാക്കി അവ ദൂരീകരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്ന സ്കൂൾ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്നതിനായി

'ഉസ്കൂൾ' എന്ന് ആപ്പ് രൂപീകരിച്ചു. ജിയോളൊജിക്കൽ സർവേ ഓഫ് ഇന്ത്യ, കേരള സർവകലാശാല എന്നിവരുമായി സഹകരിച്ച് ഉരുൾ പൊട്ടൽ മുന്നറിയിപ്പ് സാങ്കേതിക വിദ്യ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇടിമിന്നൽ സംബന്ധിച്ച സമഗ്ര വിവരങ്ങൾ ഉൾപ്പെടുത്തി ഇടിമിന്നൽ ആക്ഷൻ പ്ലാൻ പ്രസിദ്ധീകരിച്ച് അവബോധപ്രവർത്തനം നടത്തി. കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുഖാന്തരം കേരളത്തിൽ സ്ഥാപിച്ച 90 ഓട്ടോമാറ്റിക് ദിനാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ അവസരത്തിൽ സംസ്ഥാനത്തെ എല്ലാ കോവിഡ് ആശുപത്രികളിലും (സർക്കാർ, സ്വകാര്യ) ദുരന്ത സുരക്ഷാ ഓഡിറ്റ് നടത്തുകയും ആശുപത്രികളിലെ ഓക്സിജൻ ചോർച്ച തടയുന്നതിനുള്ള സുരക്ഷാ പ്രോട്ടോക്കോളുകൾ പാലിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. കേരളത്തിൽ ശരാശരി 100 വ്യക്തികൾക്ക് ഒരു സന്നദ്ധ പ്രവർത്തകൻ എന്ന ലക്ഷ്യത്തോടെ 3.4 ലക്ഷം പേരുള്ള സാമൂഹിക സന്നദ്ധ സേന രൂപീകരിച്ചുവരുന്നു. ആപ്താ മിത്ര പദ്ധതി ഉപയോഗിച്ച് കോട്ടയം ജില്ലയിൽ 200 പേരുടെ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത

ലഘൂകരണസേന രൂപീകരിച്ചു. ഓരോ സന്നദ്ധ പ്രവർത്തകനും ദുരന്ത പ്രതികരണ കിറ്റ് നൽകി. എല്ലാ ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാനും 4500 സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിക്കാനും ലക്ഷ്യമിടുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും അഗ്നി സുരക്ഷാ വകുപ്പും ചേർന്ന് ഈ പദ്ധതി നടപ്പാക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം സന്നദ്ധ പ്രവർത്തകർക്ക് അടിസ്ഥാന ശിക്ഷണം നൽകുന്നതിനുള്ള പാഠ്യപദ്ധതി മലയാളത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനായി തയ്യാറാക്കിയ മാർഗ്ഗരേഖാ പുസ്തകമായ ഓറഞ്ച് ബുക്ക് അനുസരിച്ചുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

**(ബി) പ്രളയം തടയുന്നതിനായി റൂം ഫോർ റിവർ അടക്കമുള്ള ഡച്ച് മാതൃകയിലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?**

പ്രളയം തടയാൻ സഹായകമായ 'റൂം ഫോർ റിവർ' എന്ന ഡച്ച് മാതൃകയിലുള്ള പദ്ധതി കുട്ടനാട് പാക്കേജിന്റെ കീഴിൽ നടപ്പിലാക്കുവാൻ

ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ ഹൈഡ്രോഡൈനാമിക് പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ഏൽപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രളയസാദ്ധ്യത കുറയ്ക്കുന്നതിൽ റൂം ഫോർ റിവർ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

തോട്ടപ്പള്ളി സ്പിൽവേ ലീഡിംഗ് ചാനൽ നവീകരണം, എ.സി. കനാൽ നവീകരണം എന്നീ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ നടപ്പിലാക്കുന്നത്. കുട്ടനാട്ടിലെ 20,000/- ഹെക്ടർ പാടശേഖരങ്ങൾ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മഴക്കാലത്ത് 400 $mm^3$ പ്രളയജലം ഉൾക്കൊള്ളുവാൻ കഴിയും വിധം കൃഷി ഒഴിവാക്കിയിടുന്നതാണ് ഇതിലെ പ്രധാന ഘടകം. കൂടാതെ പമ്പ, അച്ചൻ കോവിൽ പുഴയിലെ പ്രളയജലം തോട്ടപ്പള്ളിയിലേക്ക് തിരിച്ചുവിടുന്നതിനുള്ള നിർമ്മിതികൾ ഉൾപ്പെടുന്നു. റൂംഫോർ റിവർ പദ്ധതിയിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ലീഡിംഗ് ചാനലിന്റെ വളവ് നിവർത്തൽ

2. പമ്പ, അച്ചൻ കോവിൽ എന്നീ നദികളുടെ വീതിയും ആഴവും

വർദ്ധിപ്പിക്കൽ

3. ഫ്ലഡ് റെഗുലേറ്ററുകളുടെ നിർമ്മാണം

4. തോട്ടപ്പള്ളി പൊഴിയിൽ പുലിമുട്ട് നിർമ്മാണം

5.തോട്ടപ്പള്ളിയിലേയ്ക്ക് വെള്ളം തിരിച്ചുവിടുന്നതിനായി സാധ്യമായ ബൈപ്പാസ് ചാനലുകളുടെ നിർമ്മാണവും പുനരുദ്ധാരണവും വികസനവും

6. പദ്ധതിക്ക് ആവശ്യമായ ഹൈഡ്രോഡൈനാമിക് പഠനം

7. ലീഡിംഗ് ചാനൽ പ്രദേശത്തെ ബണ്ടുകൾ ബലപ്പെടുത്തലും ഉയരം കൂട്ടലും

8. എ.സി. കനാലിന്റെ പൂർത്തീകരണം

പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി റീബിൽഡ് കേരള ഇനിഷിയേറ്റീവിലുൾപ്പെടുത്തി 4.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ ഹൈഡ്രോഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ

ചുമതലപ്പെടുത്തുകയും 01-03-2021-ൽ ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുള്ളതുമാണ്. ചെന്നൈ ഐ.ഐ.റ്റി. സൈറ്റ് സന്ദർശിക്കുകയും പ്രാരംഭ പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലക്കാട് ജില്ലയിൽ 2019-ലെ പ്രളയത്തിൽ ഭവന നാശം സംഭവിച്ചവർക്കുള്ള ധനസഹായം**

70 (3853) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2019-ലെ പ്രളയത്തിൽ നാശനഷ്ടം ഉണ്ടായതുമായി ബന്ധപ്പെട്ട ധനസഹായം സാങ്കേതിക കാരണങ്ങളാൽ നാളിതുവരെയും ലഭിക്കാത്ത എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

86 അപേക്ഷകൾ നിലവിലുണ്ട്.

(ബി) 2019-ലെ പ്രളയത്തിൽ ഭവന നാശം സംഭവിച്ച പറളി-1 വില്ലേജിലെ തേനൂർ കാവുങ്കൽ വീട്ടിൽ വേലായുധൻ മകൻ ബാലകൃഷ്ണന് സാങ്കേതിക തകരാറുമൂലം ധനസഹായം അനുവദിക്കാത്തതുമായി

ബന്ധപ്പെട്ട് പ്രത്യേക പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യക്തിക്ക് ധനസഹായം അനുവദിക്കുന്നതിന് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാമോ?

(ബി & സി) 2019-ലെ പ്രളയത്തിൽ നാശനഷ്ടമുണ്ടായതുമായി ബന്ധപ്പെട്ട ധനസഹായം ലഭിക്കുന്നതിന് റവന്യൂ പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷകളിൽ സാങ്കേതിക കാരണങ്ങളാൽ നാളിതുവരെയും ധനസഹായം ലഭിക്കാത്ത കേസുകളിൽ സാങ്കേതിക പിഴവിന് കാരണമായ ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിലെ പിഴവ് തിരുത്തി ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാലകൃഷ്ണന്റെ പേര് ഉൾപ്പെടെയുള്ളവരുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്.

**നിലമ്പൂർ താലൂക്കിൽ വീട് നഷ്ടപ്പെട്ടവർക്ക് അനുവദിച്ച നഷ്ടപരിഹാര തുക**

71 (3854) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ വീടും പുരയിടവും നഷ്ടപ്പെട്ടതിന് അനുവദിച്ച നഷ്ടപരിഹാര തുക ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇനി എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക നൽകാൻ ബാക്കിയുണ്ടെന്ന് വില്ലേജ് തിരിച്ച് വിവരം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ലെ പ്രളയത്തിൽ നിലമ്പൂർ താലൂക്കിൽ ഭവനനാശം സംഭവിച്ച 74 ഗുണഭോക്താക്കൾക്ക് ധനസഹായം കൈമാറാനുണ്ട്. വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വില്ലേജ് | എണ്ണം |
|---|---|
| ചോക്കാട് | 1 |
| കറുവാരക്കുണ്ട് | 1 |
| മൂത്തേടം | 1 |
| അകമ്പാടം | 2 |
| കരുളായി | 2 |
| ചുങ്കത്തറ | 3 |
| കുറുമ്പലങ്ങോട് | 4 |
| പോത്തുകല്ല് | 7 |
| മമ്പാട് | 10 |
| പുള്ളിപ്പാടം | 13 |

| | |
|---|---|
| എടക്കര | 14 |
| നിലമ്പൂർ | 16 |

(ബി) പ്രസ്തുത ഇനത്തിൽ വിതരണം ചെയ്യേണ്ട ആകെ തുക എത്രയെന്നും ഈ തുക ഇപ്പോഴേത് വകുപ്പിലാണുള്ളതെന്നും തുക നൽകേണ്ട ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥൻ ആരെന്നും അറിയിക്കാമോ; പ്രസ്തുത നഷ്ടപരിഹാര തുക നിലമ്പൂർ തഹസിൽദാരുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് തടസ്സങ്ങളുണ്ടോ; തുക ഗുണഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

42,40,400/- രൂപയാണ് ഈ ഇനത്തിൽ വിതരണം ചെയ്യേണ്ടത്. 2019-ലെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പ്രളയത്തിൽ തകർന്ന വീടുകളുടെ ധനസഹായം അനുവദിക്കുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) വിഹിതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) TPA 70101020000080 അക്കൗണ്ടിലേയ്ക്ക് വകയിരുത്തുകയും CMDRF വിഹിതം കൂടി ചേർത്തുള്ള ധനസഹായം ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) വഴി നേരിട്ട്

ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്.

(സി) മേൽ വിഷയത്തിൽ തീരുമാനമെടുക്കാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(ഡി) പ്രസ്തുത തുക നൽകുവാനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ; സാങ്കേതിക തകരാറുകളുണ്ടെങ്കിൽ ആയത് പരിഹരിച്ച് ഗുണഭോക്താക്കൾക്ക് തുക എപ്പോൾ നൽകാനാകുമെന്ന് അറിയിക്കാമോ?

പ്രളയ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ അക്കൗണ്ട് കറക്ഷനുള്ള കേസുകളിലെ തുകകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) TPA 70101020000080 അക്കൗണ്ടിലേയ്ക്ക് മടങ്ങി വന്നിട്ടുള്ളതും ജില്ലകളിൽ നിന്ന് അക്കൗണ്ട് കറക്ഷൻ വരുത്തി ജില്ലാകളക്ടർമാർ ലിസ്റ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് അക്കൗണ്ട് കറക്ഷൻ വരുത്തി

തുക അനുവദിക്കുന്നതിന് അനുമതി നല്കി ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ (ഫണ്ട്സ്) വകുപ്പ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക അനുവദിക്കുകയുമാണ് ചെയ്യുന്നത്.

**കാലവർഷക്കെടുതികളിൽ തകരുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

72 (3855) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികളിൽ തകരുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഫണ്ട് അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലില്ല.

(ബി) കാലവർഷക്കെടുതികൾമൂലം തകർന്ന റോഡുകളുടെ പ്രവൃത്തികൾ റവന്യൂ വകുപ്പിൽ നിന്ന് മാറ്റി ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ?

30-01-2023-ലെ Pol-5/21/2023-GAD നമ്പർ വിജ്ഞാപന പ്രകാരം ദുരന്തനിവാരണ വകുപ്പ് മുഖ്യമന്ത്രിയുടെ അധികാര പരിധിയിലാക്കി ഉത്തരവായിട്ടുണ്ട്. ജില്ലാതലത്തിൽ പ്രവൃത്തികളുടെ നിർവ്വഹണ രീതിയിൽ നിലവിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉരുൾപൊട്ടൽ ഉപദേശകസമിതി റിപ്പോർട്ട്**

73 (3856) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശകസമിതി തയ്യാറാക്കിയ റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മതല പഠനം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ?

കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മണ്ണിടിച്ചിൽ സാദ്ധ്യത പ്രദേശത്ത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശകസമിതി സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മതല ഉരുൾപൊട്ടൽ സാദ്ധ്യതാ പഠനം (Landslide Micro zonation study) നടത്തുന്നതിന് തീരുമാനിക്കുകയും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോട് (GSI) വിശദമായ പഠനം നടത്താൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നുള്ള വിദഗ്ദ്ധ സംഘം വീണ്ടും പരിശോധന നടത്തിയിട്ടുണ്ടോയെന്നും

പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോയെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി & സി) ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുമുള്ള വിദഗ്ദ്ധ സംഘം വീണ്ടും പരിശോധന നടത്തിയിട്ടില്ല.

**തിരൂരങ്ങാടി മണ്ഡലത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ റോഡ് നവീകരണ പദ്ധതി**

74 (3857) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി മുഖേന റോഡ് നവീകരണത്തിന് അനുവദിച്ച തുകകളും പ്രവൃത്തിയുടെ പേരുകളും, അവയുടെ ഉത്തരവ് നമ്പറുകളും ഇനം തിരിച്ച് വിശദമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി മുഖേന നടത്തിയ

റോഡ് നവീകരണ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ലഭ്യമാക്കിയ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ജില്ലാ കളക്ടർ എസ്റ്റിമേറ്റ് സാങ്ഷൻ ലഭ്യമാക്കിയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതികളും ഇനം തിരിച്ച് വിശദമാക്കാമോ?

തുക അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ലഭ്യമാക്കിയ പ്രവൃത്തികളിൽ ജില്ലാ കളക്ടർ എസ്റ്റിമേറ്റ് സാങ്ഷൻ ലഭ്യമാക്കിയതും പ്രവൃത്തികളുടെ നിർമാണ പുരോഗതികളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടും ജില്ലാ കളക്ടർ ഇ.എസ്. ലഭ്യമാക്കാത്തതിന്റെ കാരണങ്ങളും ഈ പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുള്ള നടപടികളും വിശദമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

## ദുരന്തബാധിത പ്രദേശത്ത് സ്വീകരിച്ചുവരുന്ന നടപടികൾ

75 (3858) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങളിൽ ദുരന്ത ബാധിത പ്രദേശത്ത് മണ്ണിന്റെ ഘടന, വെള്ളത്തിന്റെ ഗുണനിലവാരം എന്നിവയിൽ മാറ്റം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ദുരന്തനിവാരണ അതോറിറ്റി, വിവിധ വകുപ്പുകൾ എന്നിവ എന്ത് പരിഹാരമാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും അവ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

2018-ലെ പ്രളയാനന്തരം മണ്ണിന്റെ രാസ-ഭൗതിക സ്വഭാവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് പ്രളയ ബാധിത ജില്ലകളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പഠനം നടത്തി ഓരോ ജില്ലയിലെയും മണ്ണ് പരിശോധന ഫലങ്ങളും പ്രളയാനന്തരം കൃഷിഭൂമിയിൽ വന്നിട്ടുള്ള മാറ്റങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ ഉൾപ്പെടുത്തി “Soil Health Status of Kerala in the post flood Scenario" എന്ന റിപ്പോർട്ട് കർഷകർക്കും ഉദ്യോഗസ്ഥർക്കും

ഗവേഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനകരമായ വിധം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിൽ വലിയ തോതിൽ ഉപരിതല മണ്ണും അടിമണ്ണും നഷ്ടപ്പെട്ടതുമൂലവും പാറകളും കല്ലുകളും വന്നടിഞ്ഞതുമൂലവും മണ്ണിന്റെ പരിച്ഛേദിക ഘടന നഷ്ടപ്പെടുകയുണ്ടായി. ഇതുമൂലം ഈ പ്രദേശങ്ങൾ ദീർഘകാലം കൃഷിക്ക് ഉപയുക്തമാക്കാനാകാതെ വരുന്നതായും കണ്ടെത്തി. 2018, 2019 വർഷങ്ങളിൽ പ്രളയാനന്തരം വിവിധ പ്രദേശങ്ങളിൽ മണ്ണിന്റെ രാസ-ഭൗതിക സ്വഭാവങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ അപഗ്രഥിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠത മെച്ചപ്പെടുത്താൻ സഹായിക്കുന്ന സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രളയനാന്തരം കൃഷിഭൂമിയിൽ അടിഞ്ഞുകൂടിയ മണ്ണ്, ചെളി, പാറകൾ എന്നിവ നീക്കം ചെയ്യുന്നതിന് കർഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട്. മണ്ണിന്റെ ഫലഭൂയിഷ്ഠത മെച്ചപ്പെടുത്തുന്നതിന് 43.62 കോടി രൂപയുടെ പുനർജനി പാക്കേജ് നടപ്പാക്കിയിട്ടുണ്ട്.

പ്രളയനാന്തര കാലഘട്ടത്തിൽ (ഒക്ടോബർ-2018) ഭൂജലവകുപ്പ് കേരളത്തിലെ പതിനാല് ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ നിന്ന്

വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ ജലത്തിന്റെ ഗുണനിലവാരത്തിലെ വ്യതിയാനം വിലയിരുന്നതിനായി നിരവധി കിണറുകളിൽ നിന്നുള്ള ഭൂഗർഭജല സാമ്പിളുകൾ ശേഖരിച്ച് ജലഗുണ നിലവാര പാരാമീറ്ററുകൾ വിശകലനം ചെയ്തു. പ്രശ്നബാധിത പ്രദേശങ്ങളിൽ നിന്നുള്ള സാമ്പിളുകൾ ഭൂജല വകുപ്പ് ജലഗുണനിലവാര പരിശോധന മറ്റ് വകുപ്പുകളോടൊപ്പം ചേർന്ന് നടത്തി. ഇതിൻ പ്രകാരം ജലഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള സാങ്കേതിക ഉപദേശം പ്രസ്തുത കാലയളവിൽ മറ്റുള്ള വകുപ്പുകളോടൊപ്പം പൊതുജനങ്ങൾക്ക് നൽകി.

(ബി) പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ കൊളത്തൂർ പ്രദേശത്ത് വെള്ളത്തിന്റെ ഗുണനിലവാരത്തിലെ മാറ്റങ്ങൾ ജില്ലാ ഭരണകൂടം പരിശോധിച്ച് മനസ്സിലാക്കിയതിനെ തുടർന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പുതുക്കാട് മണ്ഡലത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ കൊളത്തൂർ പ്രദേശവാസികൾ ഉപയോഗിക്കുന്ന വെള്ളത്തിൽ മാലിന്യങ്ങൾ കലരുന്നുണ്ടെന്നുള്ള പരാതിയിൽ മലിനീകരണനിയന്ത്രണ ബോർഡും ഭൂജല

വകുപ്പും സംയുക്ത പരിശോധന നടത്തി ജലത്തിൽ ഹൈഡ്രോകാർബണിന്റെ അംശമില്ലെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ കിണറിലെ ജലത്തിന് ഹൈഡ്രോകാർബണിന്റെ മണം അനുഭവപ്പെടുന്നതിനാൽ കേന്ദ്ര മലിനീകരണ ബോർഡിൽ നിന്നും പ്രസ്തുത സൈറ്റിൽ പരിശോധന നടത്തി ജലത്തിന്റെ സാമ്പിളുകൾ പരിശോധിച്ചുവെങ്കിലും ജലത്തിൽ ഹൈഡ്രോകാർബണിന്റെ അംശം കണ്ടെത്താനായില്ലയെന്നും ഈ വിഷയത്തിൽ തുടർ പഠനം വേണമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ ഉൾനാടൻ ജലഗതാഗതം**

76 (3859) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ, പൂതക്കുളം മേഖലയിലൂടെ കടന്നുപോകുന്ന ജലപാത പ്രയോജനപ്പെടുത്തി ഉൾനാടൻ ജലഗതാഗതം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

ജലപാത വികസനത്തിന്റെ ഭാഗമായി ഇരവിപുരം മുതൽ പരവൂർ കായൽ വരെയുള്ള ഡ്രഡ്ജിംഗ് അവസാന ഘട്ടത്തിലാണ്. മണിയംകുളം തോടിനും വർക്കല ടി.എസ്. കനാലിനും ഇടയിലുള്ള ഭാഗം ഡ്രഡ്ജ് ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ജലഗതാഗതം ആരംഭിക്കുന്നതിനായി വർഷങ്ങൾക്ക് മുൻപ് പ്രസ്തുത മേഖലയിൽ നിർമ്മിച്ച വിവിധ കടവുകളിലെ ബോട്ട് ജെട്ടികളുടെ അറ്റകുറ്റപണികൾ നടത്തി നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പരവൂർ പുതുക്കുളം പഞ്ചായത്തിലെ നെല്ലേറ്റിൽ കടവും ബോട്ടുജെട്ടികളും നവീകരിക്കുന്നതിനായി 16.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വർക്കല ടി.എസ്. കനാൽ അവസാനിക്കുന്നിടത്തുനിന്നും ഇരവിപുരം വരെയുള്ള ബോട്ടുജെട്ടികളുടെ നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**നാദാപുരം മണ്ഡലത്തിലെ തുരുത്തി-കച്ചേരി ബോട്ട് ജെട്ടി നിര്‍മ്മാണം**

77 (3860) <u>ശ്രീ. ഇ. കെ. വിജയന്‍</u>: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നാദാപുരം മണ്ഡലത്തിലേ എടച്ചേരി ഗ്രാമപഞ്ചായത്തിലെ തുരുത്തി-കച്ചേരി ബോട്ട് ജെട്ടി നിര്‍മ്മാണത്തിന് റേറ്റ് റിവിഷന്‍ ചെയ്ത് ടെണ്ടര്‍ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തുരുത്തി-കച്ചേരി ബോട്ട് ജെട്ടി നിര്‍മ്മാണത്തിന് പുതുക്കിയ നിരക്കുകള്‍ പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി തുകയെക്കാള്‍ കൂടുതലായതിനാല്‍ ഭരണാനുമതി പുതുക്കേണ്ടതുണ്ട്. പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നല്‍കുന്ന മുറയ്ക്ക് താമസംവിനാ ടെണ്ടര്‍ നടപടികള്‍ സ്വീകരിക്കാന്‍ കഴിയും.

(ബി) പ്രസ്തുത പ്രവൃത്തിയെന്ന് ടെണ്ടര്‍ നല്‍കാന്‍ കഴിയുമെന്ന് അറിയിക്കാമോ?

പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടര്‍ നടപടികള്‍ സ്വീകരിക്കാന്‍ കഴിയും.

## വടകര-മാഹി കനാൽ പ്രവൃത്തി

78 (3861) ശ്രീ. കെ. പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ മൂന്നാം റീച്ചിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വടകര-മാഹി കനാലിന്റെ മൂന്നാം റീച്ച് വികസന പ്രവൃത്തികൾ 50 ശതമാനം പൂർത്തിയായി.

(ബി) മൂന്നാം റീച്ചിന്റെ ഭാഗത്തുള്ള രൂപകല്പനയിൽ തീരുമാനമാകാതിരിക്കുന്നത് കാരണം പ്രവൃത്തി നീണ്ടുപോകാനുള്ള സാദ്ധ്യതയുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മൂന്നാം റീച്ചിൽ ഉയർന്ന കട്ടിംഗ് ആവശ്യമുള്ള 800 മീറ്ററോളം വരുന്ന ഭാഗങ്ങളിൽ സംരക്ഷണ പ്രവൃത്തിക്കായി LBS തയ്യാറാക്കിയ ഡിസൈൻ റിവൈസ് ചെയ്യുന്നതിന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

ഡിസൈൻ പരിഷ്കരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് DPR തയ്യാറാക്കി പ്രവൃത്തി നടപ്പാക്കുവാൻ സാധിക്കുന്നതാണ്.

**വടകര-മാഹി കനാൽ പ്രവൃത്തികൾ**

79 (3862) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ ഭാഗമായുള്ള മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

വടകര-മാഹി കനാലിന്റെ ഭാഗമായുള്ള മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജിന്റെ 72 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. ഇരുകരകളിലും അബട്ട്മെന്റ്, ലോക്ക് വാൾ, പാലത്തിന്റെ ഗർഡറുകൾ, ക്രോസ് ഗർഡറുകൾ, കനാൽ ഭാഗത്തെ ആപ്രൺ എന്നീ പ്രവൃത്തികൾ പൂർത്തിയായി. വാട്ടർ സൈഡ് ആപ്രൺ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. പ്രധാന ലോക്ക് പിയറിന്റെയും റെഗുലേറ്റർ ഷട്ടറിന്റെയും പ്രവൃത്തികൾ, ഡക്ക് സ്ലാബിന്റെ നിർമ്മാണം തുടങ്ങിയവ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മാണമേത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

അപ്രോച്ച് റോഡിന്റെ ഇടതുകരയിലെ പൈലിംഗ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) ഈ രണ്ട് പ്രവൃത്തികളുമെന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ലോക്ക്-കം-ബ്രിഡ്ജിന്റെ പ്രവൃത്തി 2023 ഏപ്രിൽ മാസം അവസാനത്തോടെയും കഴിഞ്ഞ മാസം ആരംഭിച്ച അപ്രോച്ച് റോഡിന്റെ പ്രവൃത്തി 2023 സെപ്റ്റംബർ മാസം അവസാനത്തോടെയും പൂർത്തീകരിക്കത്തക്ക രീതിയിലാണ് പ്രവൃത്തി നടപ്പാക്കി വരുന്നത്.

**നാദാപുരം മണ്ഡലത്തിലെ കളിയാമ്പള്ളി പാലം നിർമ്മാണം**

80 (3863) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മുട്ടുങ്ങൾ-നാദാപുരം സ്റ്റേറ്റ് ഹൈവേയിലെ ഇന്ത്യൻ നാവിഗേഷൻ ജലപാത കടന്നുപോകുന്ന

കളിയാമ്പള്ളി പാലം പുതുക്കി പണിയുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ?

നാദാപുരം മണ്ഡലത്തിലെ കളിയാംവള്ളി പാലം നിർമ്മാണത്തിനായുള്ള ഡിസൈൻ ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസെർച്ച് ബോർഡ് (IDRB)-മുഖേന തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡിസൈന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ DPR തയ്യാറാക്കി വരുന്നു. പ്രവൃത്തിക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്.

**ദേശീയ ജലപാത വികസനം**

81 (3864) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ജലപാത വികസനം നടപ്പിലാക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ?

കോവളം മുതൽ ബേക്കൽ വരെ 616 കി.മീ നീളത്തിലുള്ള പശ്ചിമതീര കനാൽ എന്നറിയപ്പെടുന്ന ജലപാതയിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള 328 കി.മീ. ജലപാതയാണ് ദേശീയ ജലപാത-3 (National

Waterway III) ആയി പ്രഖ്യാപിച്ചിട്ടുള്ളത്. കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയാണ്. ദേശീയ ജലപാതാ അതോറിറ്റി (IWAI)യുടെ അധീനതയിലുള്ള കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ. ദൈർഘ്യം വരുന്ന ദേശീയ ജലപാത-3-ലെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേക്ക് എത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജും പുനർനിർമ്മിക്കേണ്ടതുണ്ട്. നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം ദേശീയ ജലപാതാ അതോറിറ്റിയുടെ ഡെപ്പോസിറ്റ് ഫണ്ടുപയോഗിച്ച് ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. നടപ്പാലം പുനർനിർമ്മാണത്തിനും നടപടി സ്വീകരിച്ചുവരുന്നു. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പൂർണ്ണതോതിൽ ഗതാഗത യോഗ്യമാകുന്നതിനായി നിരവധി പാലങ്ങളും റഗുലേറ്ററുകളും

പുതുക്കിപ്പണിയേണ്ടതായിട്ടുണ്ട്. പ്രസ്തുത 160 കി.മീ. ജലപാത ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ ജലപാതാ അതോറിറ്റി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുള്ളതും അതിന്മേലുള്ള സംസ്ഥാനത്തിന്റെ അഭിപ്രായം IWAI-യെ അറിയിച്ചിട്ടുള്ളതുമാണ്. ഡി.പി.ആർ.-ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത ഡി.പി.ആർ. പ്രകാരമുള്ള വികസന പദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ദേശീയ ജലപാതയിൽ മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്ക ഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്നു. ദേശീയ ജലപാത 3-ന്റെ ഭാഗമായ പൊന്നാനി ചേറ്റുവ കനാൽ 12.698 കി.മീ. നീളത്തിൽ ആഴംകൂട്ടൽ പ്രവൃത്തി സംസ്ഥാന പ്ലാൻ വിഹിതം ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന ജലപാതയുടെ

ഭാഗമായ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം - ബേക്കൽ വരെയും നടന്നുവരുന്ന പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

കോവളം - കൊല്ലം

| | |
|---|---|
| 1 | കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീറ്റർ ആക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കഴിഞ്ഞു. |
| 2 | പനത്തുറ സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പ്രദേശ വാസികളുടെ എതിർപ്പിനെ തുടർന്ന് തടസ്സപ്പെട്ടിരിക്കുകയാണ്. പുത്തൻപാലം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം ലാന്റ് അക്വിസിഷൻ പൂർത്തിയാകുന്നമുറയ്ക്ക് ആരംഭിക്കുവാൻ കഴിയും. |
| 3 | ടി. എസ്. കനാലിനുകുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. |
| 4 | പള്ളിത്തുറ മുതൽ കഠിനംകുളം കായൽ വരെയുള്ള ഭാഗത്ത് കല്ലിടൽ പ്രവൃത്തി നടന്നുവരുന്നു. |
| 5 | വേളി പൗണ്ട്കടവ് ഭാഗത്ത് കനാലിന്റെ വീതിയും ആഴം കൂട്ടൽ പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. |
| 6 | സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. |
| 7 | അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി 80 ശതമാനം പൂർത്തീകരിച്ചു. |
| 8 | ചാന്നാങ്കര പാലത്തിന് സമീപമുള്ള തീരസംരക്ഷണ പ്രവൃത്തി കരാർ ഒപ്പ് വച്ചിട്ടുണ്ട്. |
| 9 | ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ പ്രവൃത്തിയിൽ ടണൽ ക്ലീനിംഗ് പൂർത്തീകരിക്കുകയും അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. |
| 10 | വർക്കല റാത്തിക്കൽ ജുമാമസ്ജിദിന് സമീപം പാർശ്വഭിത്തി നിർമ്മാണത്തിന്റെ ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. ടി. ഭാഗത്തെ ഡ്രെയിൻ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. |
| 11 | പരവൂർ മുതൽ ഇരവിപുരം വരെയുള്ള കനാലിന്റെ ആഴംകൂട്ടൽ പ്രവൃത്തി പുരോഗതിയിലാണ്. |
| 12 | കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള വികസന പ്രവൃത്തികൾ പുരോഗതിയിലാണ്. |

| | |
|---|---|
| 13 | കല്ലുപാലം പണി പൂർത്തീകരിച്ചു. |
| 14 | കഠിനംകുളം, അരിവാളം, വള്ളക്കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പുരോഗതിയിലാണ്. |

## ടൂറിസം പ്രവൃത്തികൾ

| | |
|---|---|
| 1 | മുരുക്കുംപുഴ ബോട്ടുജെട്ടി നിർമ്മാണം, പുത്തൻകടവ് ബോട്ടുജെട്ടി നിർമ്മാണം, പണയിൽകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറി. |
| 2 | കായിക്കരകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി ആരംഭിച്ചു. |

## കോഴിക്കോട് (വടകര) മുതൽ നീലേശ്വരം - ബേക്കൽ വരെ

റീച്ച്-1 (4 കി.മീ.) -35 ശതമാനം പ്രവൃത്തി പൂർത്തിയായി. ബാക്കി പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

റീച്ച് -2- (3.30 km ) -പൂർത്തിയായി

റീച്ച്-3- (3.24 km)- 50 ശതമാനം പൂർത്തിയായി ഉയർന്ന ഭാഗങ്ങളിലെ സംരക്ഷണ പ്രവൃത്തിക്കായി LBS തയ്യാറാക്കിയ ഡിസൈൻ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

റീച്ച് - 4 - (3.59 km ) - 90 ശതമാനം പൂർത്തിയായി

റീച്ച് - 5 - (3.48 km ) - 70 ശതമാനം പൂർത്തിയായി.

കരിങ്ങാലിമുക്ക് ലോക്ക്-കം-ബ്രിഡ്ജ്, മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജ്, വെങ്ങോലിപാലം എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 13 നടപ്പാലങ്ങളിൽ 11 എണ്ണം പൂർത്തിയായി ശേഷിച്ചവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ അഴിയൂർ പഞ്ചായത്തിൽ മാഹി പുഴയുടെ ഇടതുകരയിൽ വരയിൽതാഴെയെന്ന സ്ഥലത്ത് ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ 50 ശതമാനം പൂർത്തീകരിച്ചു.

കോഴിക്കോട് ജില്ലയിലെ എടച്ചേരി പഞ്ചായത്തിൽ മാഹി പുഴയുടെ ഇടത് കരയിൽ കായപ്പനച്ചി എന്ന സ്ഥലത്ത് ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

കോഴിക്കോട് ജില്ലയിലെ എടച്ചേരി പഞ്ചായത്തിൽ മാഹി പുഴയുടെ ഇടത് കരയിൽ കച്ചേരി എന്ന സ്ഥലത്ത് ബോട്ടു ജെട്ടി നിർമ്മാണത്തിന് ഭരണാനുമതി നല്കിയിരുന്നെങ്കിലും നിരക്ക് പരിഷ്കരണത്തെത്തുടർന്ന് എസ്റ്റിമേറ്റ് പുതുക്കിയതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്.

കോവളം-ബേക്കൽ ജലപാതയിലെ മാഹി-വളപട്ടണം കനാലിന്റെ ഭാഗമായി രണ്ടാം കട്ടിന്റെയും മൂന്നാം കട്ടിന്റെയും ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടി നടന്നുവരുന്നു.

തലശ്ശേരി മുനിസിപ്പാലിറ്റിയിൽ എരഞ്ഞോളി പാലത്തിനുസമീപം ഭരണാനുമതി നല്കിയ ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

തലശ്ശേരി മുനിസിപ്പാലിറ്റിയിൽ പുതിയ ബൈപ്പാസ് പാലത്തിനുസമീപം കണ്ടിക്കലിൽ ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ 50 ശതമാനം പൂർത്തീകരിച്ചു.

എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ കാളിപാർക്കിനു സമീപം ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ 50 ശതമാനം പൂർത്തീകരിച്ചു.

ധർമ്മടം പഞ്ചായത്തിൽ ഒഴയിൽഭാഗം ബോട്ടുജെട്ടി നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

കാസറഗോഡ് ജില്ലയിൽ നിലവിൽ കൊറ്റി മുതൽ നീലേശ്വരം കോട്ടപ്പുറം വരെ ജലപാതയുണ്ട്. കോവളം-ബേക്കൽ ജലപാതയിലെ

നീലേശ്വരം മുതൽ ചിത്താരി വരെയുള്ള ജലപാതയുടെ അലൈൻമെന്റ് പൂർത്തീകരിച്ചു. നീലേശ്വരത്തിനും ചിത്താരിക്കും ഇടയിൽ കൃത്രിമ കനാലും നമ്പ്യാർക്കൽ ഭാഗത്ത് നാവിഗേഷൻ ലോക്കും നിർമ്മിക്കുന്നതിനായി 124 ഏക്കർ സ്ഥലം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

ജലപാത വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നീലേശ്വരം കോട്ടപ്പുറം മുതൽ ചിത്താരി വരെയാണ് ജലപാത നിർമ്മിക്കേണ്ടത്. ഇതിനായി നീലേശ്വരം പുഴയെയും ചിത്താരി പുഴയെയും ബന്ധിപ്പിച്ചു കൊണ്ട് 6.5 കി.മീ നീളത്തിൽ പുതിയ കനാൽ വിഭാവനം ചെയ്തിട്ടുണ്ട്. നമ്പ്യാർക്കല്ലിൽ ഡൈവേർഷൻ കനാലിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും മേൽ പറഞ്ഞ പുതിയ കനാൽ നിർമ്മാണത്തിനുമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 178,15,18,655/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി റവന്യൂ വകുപ്പുമായി ചേർന്ന്

ആരംഭിച്ചിട്ടുണ്ട്. കൂടാതെ നീലേശ്വരം പുഴയിലെയും ചിത്താരിപുഴയിലെയും ഉയരം കുറഞ്ഞ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ ലഭിക്കുന്നതിനായി ഐ.ഡി.ആർ.ബി.-യിൽ സമർപ്പിച്ചിട്ടുണ്ട്. നമ്പ്യാർക്കൽ ലോക്ക്-കം-ബ്രിഡ്ജിന്റെ ഡിസൈൻ ലഭ്യമായിട്ടുണ്ട്. അരയി-കോട്ടക്കടവിൽ നിലവിലുള്ള തൂക്കുപാലം പൊളിച്ച് പുതിയ ഫൂട്ട് ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ജലപാത വികസനത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പാലങ്ങളാണ് പുനർനിർമ്മിക്കേണ്ടിവരുന്നത്; ആയതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നീലേശ്വരം പുഴയിലെ മാട്ടുമ്മൽ കടുഞ്ഞിമൂല ഫൂട്ട് ബ്രിഡ്ജ്, നീലേശ്വരം എൻ.എച്ച്. ബ്രിഡ്ജ്, അരയിപാലം, അരയി കോട്ടക്കടവ് തൂക്കുപാലം, ചിത്താരി പുഴയിൽ കോടാട്ട് വി.സി.ബി.-കം-ബ്രിഡ്ജ്, അള്ളംകോട് പാലം എന്നിവയാണ് അടിയന്തരമായി പുനർ നിർമ്മിക്കേണ്ടത്. മാട്ടുമ്മൽ കടിഞ്ഞിമൂല ഫൂട്ട് ബ്രിഡ്ജ് പി.ഡബ്ല്യു.ഡി.

ഏറ്റെടുത്ത് പുതിയ പാലത്തിന്റെ പ്രവൃത്തി നടത്തുന്നുണ്ട്. അരയികോട്ടക്കടവ് തൂക്കുപാലം ഇൻലാന്റ് നാവിഗേഷന്റെ കീഴിൽ പൊളിച്ച് പണിയാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോടാട്ട് വി.സി.ബി.-കം-ബ്രിഡ്ജ്, അള്ളംകോട് പാലം എന്നിവയുടെ ഡിസൈൻ തയ്യാറാക്കുന്ന ജോലി IDRB-യിൽ പുരോഗമിക്കുന്നു.

**സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് പരസ്യം നൽകിയ ഇനത്തിൽ ചെലവഴിച്ച തുക**

82 (3865) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ ഏതൊക്കെ പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പരസ്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന 2022-2023 സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ദേശീയ മാധ്യമങ്ങങ്ങളിലും പത്ര, ശ്രവ്യ മാധ്യമങ്ങളിലും നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയിൽ 1,00,000 സംരംഭകരെന്ന ലക്ഷ്യം പൂർത്തീകരിച്ചതിന്റെ ഭാഗമായി 2022 ഡിസംബർ 10-ാംതീയതി മലയാള പത്രങ്ങളായ മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, മാധ്യമം, കേരളകൗമുദി, ചന്ദ്രിക, ജനയുഗം, ജന്മഭൂമി, മംഗളം, വീക്ഷണം, സുപ്രഭാതം, ദീപിക, സിറാജ്, മെട്രോ വാർത്ത, ഇംഗ്ലീഷ് പത്രമായ ദി ഹിന്ദു എന്നിവയുടെ കേരളത്തിലെ എല്ലാ എഡിഷനുകളിലും പരസ്യം നൽകിയിട്ടുണ്ട്. കൂടാതെ ഇതിനോടനുബന്ധിച്ച് 2022 ഡിസംബർ 19-ാംതീയതി ദേശീയ മാധ്യമങ്ങളായ ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് ആൻഡ് ടൈംസ് ഓഫ് ഇന്ത്യ (ഓൾ കേരള എഡിഷൻസ്) ഇക്കണോമിക് ടൈംസ്, ബിസിനസ് ലൈൻ ആൻഡ് ഫിനാൻഷ്യൽ എക്സ്പ്രസ്സ് (ന്യൂഡൽഹി, മുംബൈ ആൻഡ് ചെന്നൈ എഡിഷൻസ്), ഇന്ത്യൻ

എക്സ്പ്രസ്സ് (ന്യൂഡൽഹി ആൻഡ് നോർത്ത് എഡിഷൻ) തമിഴ് ദിനപത്രമായ തീക്കതിർ (ഓൾ എഡിഷൻസ്) എന്നീ പത്ര മാധ്യമങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്. മേൽ പരസ്യങ്ങൾക്ക് ചെലവായ തുക പൂർണ്ണമായി നൽകിയിട്ടില്ല.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2023 ജനവരി 21-ന് എറണാകുളം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ നടന്ന സംരംഭക മഹാസംഗമം പരിപാടിയുടെ ഭാഗമായി ക്ലബ് എഫ്. എം, റെഡ് എഫ്. എം, റേഡിയോ മംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്. എം. എന്നീ ശ്രവ്യ മാധ്യമങ്ങളിലൂടെ 7 ദിവസങ്ങളിലായി 20 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യം നൽകിയിരുന്നു.

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി ക്വാർട്ടർ പേജ് ബ്ലാക്ക് ആൻഡ് വൈറ്റ് പരസ്യം ഐ. ആൻഡ് പി.ആർ.ഡി. മുഖേന 27-06-2022-ന് 11-10-2021-ലെ സ.ഉ.(അച്ചടി)നം. 5/2021/ഐ&പി.ആർ.ഡി പ്രകാരമുള്ള കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള

ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (മധുര, കോയമ്പത്തൂർ എഡിഷനുകളിലും), കുമരിമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട പത്രങ്ങളായ വാർത്താഭാരതി (മംഗലാപുരം എഡിഷൻ), വിജയവാണി (മംഗലാപുരം എഡിഷൻ) എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംരംഭക മഹാസംഗമം സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് 2023 ജനുവരി 21-ന് അര പേജ് കളർ പരസ്യം 11-10-2021-ലെ സ.ഉ.(അച്ചടി)നം. 5/2021/ഐ&പി.ആർ.ഡി പ്രകാരമുള്ള കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (ആൾ എഡിഷൻ), ദിനമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട പത്രങ്ങളായ വിജയകർണ്ണാടക (മംഗലാപുരം എഡിഷൻ), ഉദയവാണി (ഉഡുപ്പി എഡിഷൻ) എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരസ്യക്കൂലി നൽകുന്നതിന്റെ ഭാഗമായി ബില്ല് തയ്യാറാക്കുന്ന നടപടി

സ്വീകരിച്ചുവരുന്നു. ദൃശ്യ മാധ്യമങ്ങളിലും, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പദ്ധതിയുമായി ബന്ധപ്പെട്ട് പരസ്യം നൽകിയിട്ടില്ല.

**സംരംഭക വർഷം പദ്ധതി**

83 (3866) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാർ ദേശീയ മാധ്യമങ്ങളുൾപ്പെടെ ഏതൊക്കെ പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പരസ്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 11-10-2021-ലെ സ.ഉ.(അച്ചടി)നം.5/2021/ഐ&പി.ആർ.ഡി പ്രകാരമുള്ള കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (മധുര, കോയമ്പത്തൂർ/ആൾ എഡിഷൻ), കുമരിമുരശ് (നാഗർകോവിൽ എഡിഷൻ), ദിനമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട

പത്രങ്ങളായ വാർത്താഭാരതി (മംഗലാപുരം എഡിഷൻ), വിജയവാണി (മംഗലാപുരം എഡിഷൻ), വിജയകർണ്ണാടക (മംഗലാപുരം എഡിഷൻ), ഉദയവാണി (ഉഡുപ്പി എഡിഷൻ) എന്നീ പത്രങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഇക്കണോമിക് ടൈംസ്, ബിസിനസ് ലൈൻ, ഫിനാൻഷ്യൽ എക്സ്പ്രസ്സ് എന്നിവയുടെ ന്യൂഡൽഹി, മുംബൈ & ചെന്നൈ എഡിഷൻസ്, ഇന്ത്യൻ എക്സ്പ്രസ്സ് (ന്യൂ ഡൽഹി എഡിഷൻ & നോർത്ത് എഡിഷൻ) എന്നീ പത്രമാധ്യമങ്ങളിലും പരസ്യം നൽകിയിട്ടുണ്ട്. 2023 ജനുവരി 21-ന് എറണാകുളം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനിയിൽ പതിനായിരത്തിൽപ്പരം നവസംരംഭകർ ഒരുമിച്ച സംരംഭക മഹാസംഗമം പരിപാടിയുടെ ഭാഗമായി ക്ലബ് എഫ്. എം, റെഡ് എഫ്. എം, റേഡിയോ മംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്. എം എന്നീ ശ്രവ്യ മാധ്യമങ്ങളിലൂടെ 7 ദിവസങ്ങളിലായി 20 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യം നൽകിയിരുന്നു. ദൃശ്യ മാധ്യമങ്ങളിലും, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും ടി പദ്ധതിയുമായി ബന്ധപ്പെട്ട് പരസ്യം നൽകിയിട്ടില്ല.

(ബി) ഇപ്രകാരം പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി ആകെ ചെലവഴിച്ച തുക എത്രയാണെന്നും ഓരോ പത്രത്തിലും പരസ്യം നൽകുന്നതിനായി ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

പരസ്യങ്ങൾക്ക് ചെലവായ തുക പൂർണ്ണമായും നൽകിയിട്ടില്ല.

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി ക്വാർട്ടർ പേജ് ബ്ലാക്ക് ആൻഡ് വൈറ്റ് പരസ്യം ഐ. ആൻഡ് പി.ആർ.ഡി. മുഖേന 27-06-2022-ൽ കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (മധുര, കോയമ്പത്തൂർ എഡിഷനുകളിലും) കുമരിമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട പത്രങ്ങളായ വാർത്താഭാരതി (മംഗലാപുരം എഡിഷൻ), വിജയവാണി (മംഗലാപുരം എഡിഷൻ) എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംരംഭക മഹാസംഗമം സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് 2023 ജനവരി 21-ന് അര പേജ് കളർ

പരസ്യം ഐ. ആൻഡ് പി. ആർ. ഡി. മുഖേന കേരളത്തിലെ എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് ഭാഷയിലുള്ള ദിനപത്രങ്ങളിലും (ആൾ കേരള ആൾ എഡിഷൻ), തമിഴ് പത്രങ്ങളായ തീക്കതിർ (ആൾ എഡിഷൻ), ദിനമുരശ് (നാഗർകോവിൽ എഡിഷൻ), കന്നട പത്രങ്ങളായ വിജയകർണ്ണാടക (മംഗലാപുരം എഡിഷൻ), ഉദയവാണി (ഉഡുപ്പി എഡിഷൻ) എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി ആകെ ചെലവഴിച്ച തുക എത്രയാണെന്നും ഓരോ മാധ്യമത്തിലും പരസ്യം നൽകുന്നതിനായി ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടില്ല.

(ഡി) ഇപ്രകാരം വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളിൽ പരസ്യം നൽകുന്നതിനായി ആകെ ചെലവഴിച്ച തുക എത്രയാണെന്നും ഇവ ഓരോന്നിലും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പരസ്യം നൽകിയിട്ടില്ല.

**പ്രവാസി ക്ഷേമത്തിനുള്ള നവീന പദ്ധതികൾ**

84 (3867) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വിജിൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി സമൂഹത്തിനായി നടപ്പിലാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി നവീന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നോർക്ക ശുഭയാത്ര, നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് എന്നിവയാണ് പദ്ധതികൾ.

(ബി) ഇതുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള നോർക്ക ശുഭയാത്ര പദ്ധതിയുടെ വിശദാംശം നൽകുമോ?

വിദേശത്ത് തൊഴിൽ തേടുന്ന ഉദ്യോഗാർത്ഥികളിൽ ഭാഷാപരിശീലനം അതത് രാജ്യങ്ങളിലെ സ്ക്രീനിംഗ് പരീക്ഷകൾ എന്നിവയിൽ പങ്കെടുക്കുന്ന നല്ലൊരു വിഭാഗത്തിന് സാമ്പത്തിക സഹായം ആവശ്യമാണ്. കൂടാതെ ഇവർക്ക് റിക്രൂട്ടിംഗ് കമ്പനികൾക്കുള്ള സേവന ചെലവുകൾ, വിസ സ്റ്റാമ്പിംഗ് ചെലവുകൾ, മെഡിക്കൽ പരിശോധന ചെലവുകൾ, അറ്റസ്റ്റേഷൻ ചെലവുകൾ, വിമാന ടിക്കറ്റുകൾ, വാക്സിനുകൾ, ആർ.ടി.പി.സി.ആർ തുടങ്ങിയ ചെലവുകൾ നേരിടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ ലോൺ സഹായം ആവശ്യമാണ്. വിദേശ തൊഴിൽ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ യുവാക്കളെ സഹായിക്കുന്നതിന് 2 സോഫ്റ്റ് ലോൺ പദ്ധതികൾ [(1) ഫോറിൻ എംപ്ലോയബിലിറ്റി സ്കില്ലിംഗ് അസിസ്റ്റൻസ് സോഫ്റ്റ് ലോൺ (2) തൊഴിൽ ലഭിക്കാൻ പ്രാരംഭ ചെലവുകൾക്കായി പ്രവാസികൾക്ക് സോഫ്റ്റ് ലോൺ] ആണ് രൂപകല്പന ചെയ്തിട്ടുള്ളത്.

മേൽ ആവശ്യങ്ങൾക്ക് ബാങ്കുകൾ, KSFE, കേരള ബാങ്ക് മുഖേന 2 ലക്ഷം വരെ വായ്പ ലഭ്യമാക്കുന്നു. വായ്പകൾക്ക് പലിശ സബ്സിഡി നോർക്ക

നൽകുന്നതാണ്. ആയതിലേയ്ക്കായി ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വിമാന യാത്രാ ചെലവുകൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിമാന യാത്ര ചെലവുകൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കുറഞ്ഞ ചെലവിൽ പ്രവാസിമലയാളികളെ നാട്ടിലെത്തിക്കുന്നതിനായി തിരക്കുള്ള സമയങ്ങളിൽ അതായത് ഏപ്രിൽ, ജൂൺ, ഓഗസ്റ്റ്, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ ചാർട്ടേർഡ് ഫ്ളൈറ്റുകൾ ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതയുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു.

(ഡി) 2023-24-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

മടങ്ങിയെത്തിയ പ്രവാസി തൊഴിലാളികൾക്ക് ഉപജീവന സഹായ സംരംഭമായി ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ (പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത മടങ്ങിവരുന്ന ഓരോ പ്രവാസിക്കും പരമാവധി 100 തൊഴിൽ

ദിനങ്ങൾ) സൃഷ്ടിക്കുന്നതിനുള്ള നോർക്ക വകുപ്പിന്റെ പദ്ധതിയാണിത്. തിരികെയെത്തിയ തൊഴിലാളികളെ നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ അവരുടെ നൈപുണ്യമനുസരിച്ച് പ്രവാസി സഹകരണ സംഘങ്ങളുടെ സജീവ പങ്കാളിത്തത്തോടെയും ആഭ്യന്തര വ്യവസായ മേഖലയുമായും മറ്റ് തൊഴിൽ ദാതാക്കളുമായും ബന്ധിപ്പിച്ച് തൊഴിലുറപ്പ് വരുത്തുന്നത് ലക്ഷ്യമിട്ടാണ് നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് പദ്ധതി (NAME) രൂപീകരിച്ചിരിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ 1 ലക്ഷം തൊഴിൽദിനങ്ങളാണ് ലക്ഷ്യമിടുന്നത്. ആയതിലേയ്ക്കായി ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പ്രവാസികളുടെ ക്ഷേമത്തിനായി ചെലവഴിച്ച തുക**

85(3868) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി 2022-23 സാമ്പത്തിക വർഷം എത്ര പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിരുന്നുയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പദ്ധതികൾക്കായി എത്ര തുക ഇതുവരെ ചെലവഴിച്ചുയെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

(എ & ബി) കേരളീയ പ്രവാസികാര്യ വകുപ്പിന് 2022-23 സാമ്പത്തിക വർഷം 25 പദ്ധതികൾക്കായി 14,751 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതികൾക്ക് വകയിരുത്തിയിരിക്കുന്ന തുകയും 27-02-2023 വരെ ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആലത്തൂർ മണ്ഡലത്തിലെ പ്രവാസിക്ഷേമ പദ്ധതികൾ**

86 (3869) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ എത്ര പ്രവാസികൾ നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേർ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ എത്ര പേർക്ക് സാന്ത്വനം പദ്ധതി പ്രകാരം ധനസഹായം നൽകിയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എത്ര പേർക്ക് പ്രവാസിക്ഷേമനിധി മുഖേന പെൻഷൻ ലഭിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

(എ-സി) മണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**പ്രവാസി ക്ഷേമനിധി പെൻഷൻ**

87(3870) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി പെൻഷൻ പദ്ധതി പ്രകാരം നാളിതുവരെ ലഭിച്ചിട്ടുള്ള ആകെ അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

പ്രവാസി ക്ഷേമനിധിയിലേക്ക് 28-02-2023 വരെ അംഗത്വമനുവദിച്ച അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 75303 |
| കൊല്ലം | 102711 |

| | |
|---|---|
| പത്തനംതിട്ട | 41553 |
| ആലപ്പുഴ | 55595 |
| കോട്ടയം | 21119 |
| ഇടുക്കി | 4853 |
| എറണാകുളം | 31387 |
| തൃശ്ശൂർ | 82681 |
| പാലക്കാട് | 50444 |
| മലപ്പുറം | 98910 |
| കോഴിക്കോട് | 78521 |
| വയനാട് | 6588 |
| കണ്ണൂർ | 84904 |
| കാസർഗോഡ് | 27536 |
| **ആകെ** | **762105** |

(ബി) പ്രവാസികളുടെ ക്ഷേമനിധി വിഹിതമായി ക്ഷേമനിധി ബോർഡിന് നാളിതുവരെ ലഭിച്ചിട്ടുള്ള തുകയുടെ വിശദാംശം അറിയിക്കാമോ?

പ്രവാസി ക്ഷേമനിധി അംഗങ്ങളിൽ നിന്നും 2010-2011 മുതൽ 2021-2022 സാമ്പത്തിക വർഷം വരെ അംശദായമായി ആകെ 358,55,29,619/- രൂപ (മുന്നൂറ്റി അൻപത്തിയെട്ട് കോടി അൻപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി അറുന്നൂറ്റി പത്തൊൻപത് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്.

(സി) എത്ര പ്രവാസികൾക്ക് നാളിതുവരെ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂപ പെൻഷനായി വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

2023 ഫെബ്രുവരിയിലെ കണക്കനുസരിച്ച് ആകെ 33034 പേർക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി ആകെ 286,28,14,293/- രൂപ (ഇരുന്നൂറ്റി എൺപത്തിയാറ് കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) എത് കാലയളവ് വരെയുള്ള എത്ര പെൻഷൻ അപേക്ഷകളാണ് തീർപ്പാക്കി പെൻഷൻ അനുവദിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ടെന്നും അറിയിക്കാമോ?

2014 സെപ്റ്റംബർ മാസം മുതൽ 2022 നവംബർ വരെ 33000-ത്തോളം അപേക്ഷകൾ തീർപ്പാക്കി പെൻഷൻ അനുവദിച്ചിട്ടുണ്ട്. 2022 ഡിസംബർ മുതലുള്ള 3500-ലധികം പെൻഷൻ അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

## കേരള പ്രവാസി ക്ഷേമ ബോർഡ്

88 (3871) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രവാസി ക്ഷേമ ബോർഡ് ആരംഭിച്ചതേത് വർഷമാണെന്നും അന്നത്തെ മുഖ്യമന്ത്രി ആരായിരുന്നുവെന്നും അറിയിക്കാമോ?

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ആരംഭിച്ചത് 2009-ൽ ആണ്. അന്നത്തെ മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദനായിരുന്നു.

(ബി) 2015-16 സാമ്പത്തിക വർഷാവസാനം പ്രവാസി ക്ഷേമനിധിയിൽ എത്ര അംഗങ്ങൾ ഉണ്ടായിരുന്നുവെന്നും പ്രതിമാസ പെൻഷൻ എത്രയായിരുന്നുവെന്നും എത്ര അംഗങ്ങൾക്കാണ് പെൻഷൻ നൽകിയിരുന്നതെന്നും വ്യക്തമാക്കാമോ?

2015-2016 സാമ്പത്തിക വർഷാവസാനം പ്രവാസി ക്ഷേമനിധിയിൽ 148214 അംഗങ്ങളുണ്ടായിരുന്നു. 1എ-പ്രവാസി കേരളീയൻ (വിദേശം) അംഗങ്ങൾക്ക് പ്രതിമാസം 1,000 രൂപയും, 1ബി- തിരിച്ചുവന്ന പ്രവാസി

കേരളീയൻ (വിദേശം), പ്രവാസി കേരളീയൻ (ഭാരതം) അംഗങ്ങൾക്ക് പ്രതിമാസം 500 രൂപയും പെൻഷൻ അനുവദിച്ചു വന്നിരുന്നു. 5 വർഷത്തിൽ കൂടുതൽ അംശദായം അടച്ചിട്ടുള്ളവർക്ക് 5 വർഷത്തിനുശേഷം അധികമടച്ച ഓരോ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ 3 ശതമാനം തുക കൂടി അധിക പെൻഷനായി അനുവദിക്കാൻ വ്യവസ്ഥയുണ്ട്. 2015-2016 സാമ്പത്തിക വർഷാവസാനം 2049 പേർക്ക് പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ചിരുന്നു.

(സി) നിലവിൽ പ്രവാസി ക്ഷേമനിധിയിൽ എത്ര അംഗങ്ങളാണുള്ളതെന്നും പ്രതിമാസ പെൻഷൻ എത്രയാണെന്നും എത്ര അംഗങ്ങൾക്കാണ് പെൻഷൻ നൽകുന്നതെന്നും വ്യക്തമാക്കാമോ?

27-02-2023-ലെ കണക്കനുസരിച്ച് 761654 പേർ പ്രവാസി ക്ഷേമനിധി അംഗങ്ങളായിട്ടുണ്ട്. നിർദ്ദിഷ്ട പെൻഷൻ പ്രായം വരെ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള ഓരോ പ്രവാസി കേരളീയനായ (വിദേശം) - (1 എ) അംഗത്തിന് 3,500/- രൂപയും ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) - (1 ബി) അംഗത്തിനും പ്രവാസി കേരളീയൻ (ഭാരതം) - (2 എ)

അംഗത്തിനും 3,000/- രൂപയും പ്രതിമാസ മിനിമം പെൻഷൻ അനുവദിച്ചു വരുന്നു. 5 വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, 5 വർഷത്തിനു മുകളിൽ അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും ടി നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി അധിക പെൻഷനായി നൽകുന്നുണ്ട്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കവിയുന്നതല്ല. 2023 ഫെബ്രുവരി മാസത്തെ കണക്കനുസരിച്ച് 33034 പേർക്ക് പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ക്ഷേമനിധിയിൽ അംഗത്വം നേടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അംഗങ്ങൾ എത്ര രൂപയാണ് പ്രതിമാസം അടക്കേണ്ടതെന്നും എത്ര വർഷം കഴിഞ്ഞാലാണ് പെൻഷൻ ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ?

18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ വിദേശത്ത് താമസിക്കുന്ന ഓരോ പ്രവാസി കേരളീയനും വിദേശത്ത് ചുരുങ്ങിയത് 2 വർഷം ജോലിചെയ്ത് നാട്ടിൽ

തിരിച്ചെത്തിയ പ്രവാസികൾക്കും 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരും തൊഴിലിനായോ അല്ലെങ്കിൽ മറ്റ് വിധത്തിലോ കേരളത്തിൽ നിന്നും പുറത്തുപോയിട്ടുള്ളവരും ആറ് മാസത്തിലധികമായി കേരളത്തിന് പുറത്ത്, ഇന്ത്യയിലെവിടെയെങ്കിലും താമസിക്കുകയും അവിടെത്തന്നെ തുടരുകയും ചെയ്യുന്ന ഓരോ പ്രവാസി കേരളീയനും ക്ഷേമനിധിയിലെ അംഗത്വമെടുക്കാവുന്നതാണ്.

പ്രവാസി കേരളീയൻ (വിദേശം) - (1 എ) അംഗം പ്രതിമാസം 350/- രൂപയും മുൻ പ്രവാസി കേരളീയനായ (വിദേശം)- (1 ബി) അംഗവും പ്രവാസി കേരളീയൻ (ഭാരതം)-(2 എ) അംഗവും പ്രതിമാസം 200/- രൂപയും അംശദായമായി അടയ്ക്കേണ്ടതാണ്.

18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ അംഗത്വമെടുത്ത് അംശദായം തുടർച്ചയായി അടച്ചുവരുന്നവർക്ക് 60 വയസ്സ് പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത മാസം മുതലും 55 വയസ്സിനുശേഷം 60 വയസ്സു വരെ അംഗത്വമെടുത്ത് അംശദായം തുടർച്ചയായി അടച്ചുവരുന്നവർക്ക് അവർ 5

വർഷം അംശദായമടച്ച് പൂർത്തിയാക്കുന്ന മുറയ്ക്കും പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

(ഇ) സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന അറുപത് വയസ്സ് കഴിഞ്ഞ വ്യക്തിക്ക് പ്രവാസി ക്ഷേമപെൻഷന് അർഹതയുണ്ടോ?

ആറ് മാസത്തിലധികമായി കേരളത്തിന് പുറത്ത്, ഇന്ത്യയിലെവിടെയെങ്കിലും താമസിക്കുകയും അവിടെത്തന്നെ തുടരുകയും ചെയ്യുന്ന പ്രവാസി കേരളീയർ 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് നിർദ്ദിഷ്ട പെൻഷൻ പ്രായം വരെ തുടർച്ചയായി അംശദായമടച്ചാൽ മാത്രമേ പ്രവാസി ക്ഷേമ പെൻഷന് അർഹത ലഭിക്കുകയുള്ളൂ. 60 വയസ്സ് കഴിഞ്ഞവർക്ക് ക്ഷേമനിധി അംഗത്വം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**കാണാതായ ആദിവാസി വിഭാഗത്തിൽപ്പെട്ടവർ**

89(3872) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര പേരെ കാണാതായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഇതിൽ എത്ര പേരെ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20-05-2021 മുതൽ 24-02-2023 വരെ ആദിവാസി വിഭാഗത്തിൽപ്പെട്ട 268 പേരെ കാണാതായിട്ടുണ്ട്. ഇതിൽ 255 പേരെ കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

### ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട സംഭവങ്ങൾ

90 (3873) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തിച്ചേർന്ന ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട എത്ര സംഭവങ്ങൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് എത്തിച്ചേർന്ന ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട 16 സംഭവങ്ങൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (25-05-2016 മുതൽ 24-02-2023) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ 16 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ വിദേശ ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട ഒരു കേസിൽ 2 കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ടൂറിസ്റ്റുകൾ കൊല ചെയ്യപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ മുഴുവൻ കുറ്റവാളികളെയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; കുറ്റവാളികൾക്ക് വിചാരണ പൂർത്തീകരിച്ച് ശിക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പ്രസ്തുത കാലയളവിൽ ടൂറിസ്റ്റുകൾ കൊലചെയ്യപ്പെട്ട 2 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. (വിദേശ ടൂറിസ്റ്റ്-1, ആഭ്യന്തര ടൂറിസ്റ്റ് -1) ഇതിൽ ഉൾപ്പെട്ട മുഴുവൻ കുറ്റവാളികളെയും കണ്ടെത്തി നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ

സാധിച്ചിട്ടുണ്ട്. ഇതിൽ വിദേശ ടൂറിസ്റ്റ് കൊല ചെയ്യപ്പെട്ട കേസിലെ 2 കുറ്റവാളികളെ ബഹുമാനപ്പെട്ട കോടതി ശിക്ഷിച്ചിട്ടുണ്ട്.

**അനധികൃത കരുതൽതടങ്കൽ**

91 (3874) ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയെത്തുന്ന ജില്ലയിൽ അതിന് മുന്നോടിയായി പ്രമുഖ രാഷ്ട്രീയപ്പാർട്ടിയുടെ നിരവധി പ്രവർത്തകരെ കരുതൽ തടങ്കലിലാക്കിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിതേത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ളതാണ്. കേരള മുഖ്യമന്ത്രിക്ക് ഇസെഡ്

പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമുള്ള സുരക്ഷ സംവിധാനങ്ങളാണ് മുഖ്യമന്ത്രിക്ക് നല്കി വരുന്നത്. മുഖ്യമന്ത്രിയുടെ യാത്രയ്ക്കിടെ ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ചു കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതലെന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 Cr.PC പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

151 Cr.PC പ്രകാരം പോലീസ് സ്വീകരിച്ച നടപടികൾക്കെതിരെ WP(C) No.24896/2022 പ്രകാരം നൽകിയ പെറ്റീഷനിൽ കുറ്റകൃത്യം തടയുന്നതിന് മുൻകരുതലെന്ന നിലയിൽ 151 Cr.PC പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസിന് അധികാരമുണ്ടെന്ന കാരണത്താൽ റിട്ട് പെറ്റീഷൻ നിലനിൽക്കുന്നതല്ലായെന്ന് 21-02-2023-ൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അടുത്ത ബന്ധുവിന്റെ മരണാനന്തരച്ചടങ്ങിന് പോകുന്നതിനായി ടൗണിൽ എത്തിയ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന പ്രവർത്തകനെയും

ഭാര്യയുമൊത്ത് യാത്ര ചെയ്യുന്ന പ്രവർത്തകനെയും അടക്കം കരുതൽ തടങ്കലിലാക്കുന്ന പോലീസ് നടപടി വ്യക്തി സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കടന്നുകയറ്റമാണോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുകൾ ലംഘിക്കുകയോ പൗരന് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ ലംഘിക്കുകയോ ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ പോലീസ് നടത്തിയിട്ടില്ല.

(സി) പോലീസിന്റെ പ്രസ്തുത നടപടി സുപ്രീംകോടതി ഉത്തരവിന്റെ ലംഘനമല്ലേയെന്ന് വ്യക്തമാക്കാമോ?

(ബി) ഉത്തരത്തിൽ ചേർത്തിട്ടുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ പീഡന നിരോധന നിയമ പ്രകാരം കേസ്സെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി**

92 (3875) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരത്ത് മരണപ്പെട്ട വിശ്വനാഥന്റെ മരണം സംബന്ധിച്ച പോലീസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വിശ്വനാഥൻ എന്നയാളുടെ തിരോധാനവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 10-02-2023-ാം തീയതി കോഴിക്കോട് സിറ്റി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 156/23 Us 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. അന്വേഷണത്തിൽ 11-02-2023-ാം തീയതി ടിയാൻ തൂങ്ങി മരിച്ചതായി കണ്ടെത്തിയതിനാൽ കേസ് 174 CrPC ആയി സെക്ഷൻ മാറ്റി അന്വേഷണം നടത്തി വരവെ കേസിലെ സാക്ഷികളുടെ മൊഴിയും CCTV ദൃശ്യങ്ങളും പരിശോധിച്ചതിൽ കുറച്ച് ആളുകൾ മോഷണം ആരോപിച്ച് മരണപ്പെട്ട വിശ്വനാഥനെ തടഞ്ഞുനിർത്തി ചോദ്യം ചെയ്ത് ടിയാന്റെ കൈവശമുണ്ടായിരുന്ന സഞ്ചി പരിശോധിക്കുകയും ചെയ്തതായി വെളിവായി. ഇതിന്റെ അടിസ്ഥാനത്തിൽ കേസിൽ ആത്മഹത്യാ പ്രേരണ ഉൾപ്പടെയുള്ള കുറ്റങ്ങളായ സെക്ഷൻ 341, 306 r/w 34 IPC & Sec. 3(1)(r), 3(2)(V) and 3(2) (Va) of the SC/ST

(Prevention of Atrocities) Act 1989 (Amendment of 2015) ആയി മാറ്റി കോഴിക്കോട് സിറ്റി മെഡിക്കൽ കോളേജ് സബ് ഡിവിഷൻ, പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിൽ അന്വേഷണം നടത്തിവരുന്നു. ഈ കേസിന്റെ മേൽനോട്ടത്തിനായി സംസ്ഥാന പോലീസ് മേധാവി കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സർക്കാർ തലത്തിൽ ആരൊക്കെയാണ് മരണപ്പെട്ട വ്യക്തിയുടെ വീട്ടിലെത്തി കുടുംബത്തിന് ആശ്വാസം നൽകിയതെന്ന് അറിയിക്കാമോ?

ഉന്നത ഉദ്യോഗസ്ഥരായ വയനാട് ജില്ലാ കളക്ടർ, എ.ഡി.എം., ഡെപ്യൂട്ടി കളക്ടർ, പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സുൽത്താൻബത്തേരി, തഹസിൽദാർ, വൈത്തിരി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, കൽപ്പറ്റ തുടങ്ങിയവർ വിശ്വനാഥന്റെ കുടുംബാംഗങ്ങളെ സന്ദർശിച്ചു.

(സി) പ്രസ്തുത വിഷയത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ പീഡന നിരോധന നിയമ പ്രകാരം കേസ്സെടുക്കുവാൻ മടിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കേസിൽ കാലതാമസം കൂടാതെയും തെളിവുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ പീഡന നിരോധന നിയമ പ്രകാരമുള്ള വകുപ്പുകൾ കൂട്ടിചേർത്തും ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ഈ കേസിന്റെ അന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് എതിരായ അതിക്രമങ്ങൾ**

93 (3876) <u>ശ്രീ. ടി.സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആയതിൽ എത്ര കേസുകളിൽ

നാളിതുവരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ജില്ല, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കരുതൽ തടങ്കലിന്റെ ജില്ല തിരിച്ചുള്ള കണക്ക്**

94 (3877) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബഡ്ജറ്റ് അവതരണത്തിനുശേഷം മുഖ്യമന്ത്രി വിവിധ ജില്ലകളിൽ നടത്തിയ സന്ദർശനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ജനാധിപത്യപരമായി പ്രതിഷേധ സമരങ്ങളിൽ ഏർപ്പെട്ടിരുന്നവരെ കരുതൽ തടങ്കലിൽ എടുത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ജനാധിപത്യപരമായി പ്രതിഷേധ സമരങ്ങളിൽ ഏർപ്പെടുന്നവരെ കരുതൽ തടങ്കലിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുസരിച്ചുള്ളതാണ്. കേരള മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ യാത്രയ്ക്കിടെ ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ച് കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതലെന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 Cr.PC പ്രകാരമുള്ള നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്.

(ബി) ക്രിമിനൽ നടപടിക്രമത്തിലെ 151-ാം വകുപ്പ് പ്രകാരം കൊഗ്നൈസബിൾ കുറ്റങ്ങൾ ചെയ്യാൻ പോകുന്നവരെയാണ് കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതെന്നിരിക്കെ അതിന് വിരുദ്ധമായി മേല്പറഞ്ഞ പ്രകാരം സംസ്ഥാനത്തിലുടനീളം എത്ര പേരെയാണ് നാളിതുവരെയായി കസ്റ്റഡിയിലെടുത്തത്; ഇതുസംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

നിയമ വിരുദ്ധമായി സംസ്ഥാനത്ത് ആരെയും പോലീസ് കസ്റ്റഡിയിലെടുത്തിട്ടില്ല.

## പാലാരിവട്ടം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 68/2022

95(3878) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 68/2022 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 68/2022 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണം പൂർത്തിയാക്കി പ്രതിയായ ടോണി ജേക്കബ് വി. വി. എന്നയാൾക്കെതിരെ 19-03-2022-ൽ ബഹുമാനപ്പെട്ട എറണാകുളം ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി -IX മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും കോടതി പിഴ ചുമത്തി കേസ് തീർപ്പാക്കിയിട്ടുള്ളതുമാണ്. ഈ കേസുമായി ബന്ധപ്പെട്ട് മറ്റാരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) ഈ കേസുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസിലെ പ്രതികള്‍ ആരെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; പ്രസ്തുത കേസിലെ പ്രതികളെ കണ്ടെത്തി അടിയന്തര നിയമനടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി & സി) ഉത്തരം (എ)-യില്‍ ചേര്‍ത്തിരിക്കുന്നു.

## അനധികൃത കരുതല്‍തടങ്കല്‍

96 (3879) ശ്രീ. അന്‍വര്‍ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണന്‍:
ശ്രീ. സി. ആര്‍. മഹേഷ്:
ശ്രീ. റോജി എം. ജോണ്‍: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ പരിപാടികള്‍ക്കുമുമ്പ് പ്രമുഖ രാഷ്ട്രീയ പാര്‍ട്ടിയുടെ പ്രാദേശിക നേതാക്കളെയും പ്രവര്‍ത്തകരെയും കൂട്ടത്തോടെ പോലീസ് കരുതല്‍ തടങ്കലിലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത നടപടിയേത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ളതാണ്. കേരള മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങളാണ് മുഖ്യമന്ത്രിക്ക് നൽകി വരുന്നത്. മുഖ്യമന്ത്രിയുടെ യാത്രയ്ക്കിടെ ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ചു കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതലെന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 Cr.PC പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 151 Cr.PC പ്രകാരം പോലീസ് സ്വീകരിച്ച നടപടികൾക്കെതിരെ WP(C) No.24896/2022 പ്രകാരം നൽകിയ പെറ്റീഷനിൽ കുറ്റകൃത്യം തടയുന്നതിന് മുൻകരുതലെന്ന നിലയിൽ 151 Cr.PC പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസിന് അധികാരമുണ്ടെന്ന

കാരണത്താൽ റിട്ട് പെറ്റീഷൻ നിലനിൽക്കുന്നതല്ലായെന്ന് 21-02-2023-ൽ ബഹു. കേരളാ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കരുതൽ തടങ്കൽ നിയമം തെറ്റായ രീതിയിൽ ഉപയോഗിക്കരുതെന്നും വ്യക്തികളുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും ഹനിക്കുന്ന നിയമം സാധാരണ സാഹചര്യങ്ങളിൽ ഉപയോഗിക്കാനല്ലെന്നുമുള്ള സുപ്രീംകോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുകൾ ലംഘിക്കുകയോ പൗരന് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ ലംഘിക്കുകയോ ചെയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒന്നുംതന്നെ പോലീസ് നടത്തിയിട്ടില്ല.

(സി) എങ്കിൽ പോലീസിന്റെ പ്രസ്തുത നടപടി സുപ്രീംകോടതി ഉത്തരവിന്റെ ലംഘനമല്ലേയെന്ന് വ്യക്തമാക്കാമോ?

ഉത്തരം (ബി)-യിൽ ചേർത്തിട്ടുണ്ട്.

**കളമശ്ശേരിയിൽ പോലീസുകാർക്കെതിരെ അന്വേഷണം**

97 (3880) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരിയിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ വിദ്യാർത്ഥി സംഘടനയുടെ വനിതാ നേതാവിനെ പോലീസുകാർ അപമാനിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പോലീസുകാർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ?

ഇക്കാര്യം ഉന്നയിച്ച് ലഭ്യമായ ഒരു പരാതിയിൽ നടത്തിയ അന്വേഷണത്തിൽ 11-02-2023-ൽ Z plus കാറ്റഗറി സുരക്ഷയുള്ള മുഖ്യമന്ത്രി കൊച്ചി സിറ്റിയിൽ കണ്ടെയ്നർ റോഡിലൂടെ സഞ്ചരിക്കവെ മുഖ്യമന്ത്രിയുടെ വാഹന വ്യൂഹം തടയാൻ ശ്രമിച്ചുകൊണ്ട് കുറച്ച് പ്രതിഷേധക്കാർ കറുത്ത കൊടികളുമായി വാഹന വ്യൂഹത്തിന് നേരെ ഓടി. ഈ സമയം ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുദ്യോഗസ്ഥർ പ്രതിഷേധക്കാരെ തടയുകയും അതിൽ കറുത്ത പാന്റ്സും വെള്ള ഷർട്ടും ധരിച്ച ഒരാൾ വാഹന

വ്യൂഹത്തിനുനേരെ ചാടിയപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥൻ ടിയാളെ പിന്നിൽ നിന്നും പിടിച്ചുനിർത്തുകയും ആ സമയം വനിതയാണെന്ന് മനസ്സിലായതിനെ തുടർന്ന് സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ പോലീസ് ഉദ്യോഗസ്ഥയെ ഏല്പിക്കുകയും ചെയ്തു. അവരെ നിയമപരമായി സ്ഥലത്തുനിന്ന് നീക്കം ചെയ്യുകയാണുണ്ടായത്. ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലാത്തതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത സംഭവത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം (എ)-യിൽ ചേർത്തിരിക്കുന്നു.

**പോലീസ് പരിശീലന പാഠ്യപദ്ധതി**

98(3881) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ഒ. എസ്. അംബിക:

**ശ്രീ. എം. മുകേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി പോലീസ് പരിശീലന പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പോലീസ് സേനയുടെ പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും സമൂഹത്തിന്റെ താഴേക്കിടയിലുള്ള അവശ വിഭാഗങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭ്യമാക്കുകായെന്ന ലക്ഷ്യത്തോടെ ട്രെയിനികളുടെ മനോഭാവത്തിൽ കാതലായ മാറ്റം വരുത്തുന്നതിന് പരിശീലന പദ്ധതികൾ കാലാനുസൃതമാക്കിയിട്ടുണ്ട്. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പോലീസ് സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ചിട്ടുണ്ട്. പോലീസിന് പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും കൃത്യനിർവ്വഹണം സുഗമമാക്കുന്നതിനും സോഫ്റ്റ്സ്കിൽ

മൊഡ്യൂൾ പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻകാലങ്ങളിൽ പുരുഷ പോലീസുദ്യോഗസ്ഥർ വനിതാ ട്രെയിനികൾക്ക് പരിശീലനം നൽകി വന്നിരുന്ന സ്ഥിതിക്ക് മാറ്റം വരുത്തി, വനിതാ പരിശീലകർ പുരുഷ/വനിതാ ട്രെയിനികൾക്ക് പരിശീലനം നൽകിവരുന്നു. സബ് ഇൻസ്പെക്ടർ ട്രെയിനികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രാക്ടിക്കൽ ട്രെയിനിംഗ് കാലാവധി പത്തര മാസമായി ഉയർത്തി. കമാൻഡോ ട്രെയിനിംഗിന്റെ ഭാഗമായി (Grey Hounds) തെലുങ്കാനയിൽ ഒരു മാസത്തെ പ്രത്യേക കമാൻഡോ പരിശീലനവും മാവോയിസ്റ്റ് ഭീഷണികളുടെ പശ്ചാത്തലത്തിൽ LWE ബാധിത പോലീസ് സ്റ്റേഷനുകളിൽ അറ്റാച്ച്മെന്റ് ട്രെയിനിംഗും നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളുടെ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഇരയുടെ ഭാഗത്തു നിന്ന് ചിന്തിച്ചുകൊണ്ട് അവർക്ക് പരമാവധി പരിരക്ഷ നൽകുന്നതിനുള്ള പരിശീലനം നൽകി വരുന്നു.

സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തുടങ്ങിയവ ഫലപ്രദമായി

തടയുന്നതിനുള്ള പാഠ്യപദ്ധതികൾ സബ് ഇൻസ്പെക്ടർമാരുടെ നിലവിലുള്ള സിലബസിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങളിൽ National Police Academy പോലെയുള്ള സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. ഐ.ടി. ട്രെയിനിംഗ്, സി.സി.ടി.എൻ.എസ്. സൈബർ ഫോറൻസിക്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും BPR&D, MHA, National Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരുമായി സഹകരിച്ചും നിരവധി ട്രെയിനിംഗ് കോഴ്സുകൾ നൽകിവരുന്നുണ്ട്. ട്രെയിനിംഗിനും തുടർന്നുള്ള പോലീസ് സേവനങ്ങൾക്കുമുള്ള ന്യൂനതകൾ കണ്ടെത്തി മാറ്റം വരുത്തുന്നതിലേയ്ക്കായി ഒരു റിസർച്ച് ആൻഡ് പബ്ലിക്കേഷൻ വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വളർന്നുവരുന്ന ഭീകരാക്രമണവും തീവ്രവാദ ആക്രമണവും നേരിടുന്നതിനായി കേരള പോലീസ് സേനാംഗങ്ങൾക്ക് അത്യാധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു. കൂടാതെ ചെന്നൈ കമാൻഡോ ട്രെയിനിംഗ് സ്കൂളിൽ നിന്നും കമാൻഡോ പരിശീലനവും KATS-ൽ നിന്നും Jungle Operations-ൽ പരിശീലനവും

നൽകി വരുന്നുണ്ട്. നിയമ വിഷയങ്ങളിലും ശാസ്ത്ര വിഷയങ്ങളിലും ലഭ്യമായിട്ടുള്ള എല്ലാ പ്രധാന ഓൺലൈൻ ജേർണലുകളും ഇലക്ട്രോണിക് ബുക്കുകളും ട്രെയിനിംഗ് വീഡിയോകളും ട്രെയിനികൾക്ക് ലഭ്യമാകുന്ന വിധത്തിൽ കേരള പോലീസ് അക്കാദമി ക്യാമ്പസിൽ WiFi സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്. വർദ്ധിച്ചുവരുന്ന തീവ്രവാദ-മാവോയിസ്റ്റ് ഭീഷണി ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി കേരള പോലീസ് അക്കാദമിയിൽ Counter IED Training Centre പ്രവർത്തനം ആരംഭിച്ചു. വിവിധതരം സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അവ നിർവ്വീര്യമാക്കുന്നതിനുമുള്ള സംയോജിത പരിശീലന കേന്ദ്രമാണിത്.

(ബി) സംസ്ഥാനത്ത് പോലീസ് സേനാംഗങ്ങൾ ഡ്യൂട്ടിക്കിടയിലും അല്ലാതെയും ചെയ്യുന്ന സദ്പ്രവൃത്തികൾക്ക് അംഗീകാരവും ബഹുമതിയും നൽകുന്നതിന് പ്രത്യേകമായ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളും പ്രവർത്തനങ്ങളുമാണ് ഇതിനായി പരിഗണിക്കുന്നത്; വിശദാംശം അറിയിക്കുമോ?

മികച്ച സേവനങ്ങൾ കാഴ്ചവയ്ക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് യഥാസമയം മെഡലുകൾ, സർട്ടിഫിക്കറ്റുകൾ, റിവാർഡുകൾ മുതലായവ നൽകി വരുന്നുണ്ട്. ഇത് പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ പ്രചോദനമാകുന്നതാണ്. പോലീസ് ആസ്ഥാനത്ത് നിന്നുള്ള 07-01-2021-ലെ Advisory No. 02/2021 പ്രകാരം മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് അർഹമായ അംഗീകാരം നൽകി അനുമോദിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വ്യവസായ, ടൂറിസം മേഖലയ്ക്ക് പ്രത്യേക പോലീസ് സംവിധാനം**

99 (3882) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കണ്ടുപിടിക്കുന്നതിന് പര്യാപ്തമായ പ്രത്യേക സേനയെ ആവശ്യമെങ്കിൽ യോഗ്യതയിൽ ഭേദഗതി വരുത്തി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ മേഖലയിൽ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായി സൈബർ ഓപ്പറേഷൻ വിംഗ്, സൈബർ ഇൻവെസ്റ്റിഗേഷൻ റിസർച്ച് ഡിവിഷൻ എന്നിവ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. ഇതിനായി ഈ രംഗത്ത് വൈദഗ്ധ്യമുള്ളവരെയും പ്രവർത്തിക്കാൻ താൽപര്യമുള്ളവരെയും ഉൾപ്പെടുത്തി പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് ഒരു ' DEDICATED ARTIFICAL INTELLIGENCE TEAM' രൂപീകരിച്ചിട്ടുണ്ട്. ഇതിനായി നിലവിലുള്ള പോലീസ് സേനാംഗങ്ങളിൽ മതിയായ യോഗ്യതയുള്ളവരെയാണ് നിയമിച്ചിട്ടുള്ളത്.

(ബി) ക്രമസമാധാനപാലനത്തിനുള്ള പോലീസ് സേനയുടെ അംഗബലം നിലനിർത്തി വ്യവസായസ്ഥാപന സുരക്ഷിതത്വത്തിനും ടൂറിസം മേഖലയുടെ സംരക്ഷണത്തിനും പ്രത്യേക വിഭാഗത്തെ അധികമായി രൂപീകരിക്കുവാൻ കഴിയുമോയെന്നും ഇത്തരത്തിൽ

രൂപീകരിക്കുന്ന വിഭാഗത്തിൽ നിന്ന് സ്വകാര്യസ്ഥാപനങ്ങളുടെ സുരക്ഷിതത്വത്തിനടക്കം നിശ്ചിത ഫീസീടാക്കി സേവനം നൽകുവാൻ കഴിയുമോയെന്നും പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ക്രമസമാധാനപാലനത്തിനുള്ള സേനയുടെ അംഗബലം നിലനിർത്തിക്കൊണ്ട് വ്യവസായസ്ഥാപനങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി സംസ്ഥാന വ്യവസായ സുരക്ഷാസേന (SISF) എന്ന പ്രത്യേക സേന രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് സുരക്ഷ നൽകാൻ ആവശ്യമായ അംഗബലം SISF-ൽ സൃഷ്ടിക്കുകയും അതിലേയ്ക്ക് പോലീസ് ബറ്റാലിയനുകളിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുകയുമാണ് ചെയ്യുന്നത്. തന്മൂലം ബറ്റാലിയനുകളിലുണ്ടാകുന്ന ഒഴിവുകൾ റെഗുലർ റിക്രൂട്ട്മെന്റിലൂടെ നികത്തുന്നതിനാൽ ക്രമസമാധാന പാലനത്തിനുള്ള സേനയുടെ അംഗബലം കുറയുന്നില്ല. സ്വകാര്യമേഖലയിൽ നിന്നടക്കം SISF-ന്റെ സേവനം സ്വീകരിക്കുന്ന സ്ഥാപനങ്ങളെല്ലാം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കുവാൻ ബാദ്ധ്യസ്ഥരാണ്.

## ക്രിമിനൽ കേസുകൾ പ്രതികളായ പോലീസ് ഉദ്യോഗസ്ഥർ

100 (3883) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രിമിനൽ കേസുകളിൽ പ്രതികളായതും നിലവിൽ പോലീസ് സേനയിലുള്ളതുമായ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും വെളിപ്പെടുത്തുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ക്രിമിനൽ കേസുകളിൽ പ്രതികളായതും നിലവിൽ പോലീസ് സേനയിലുള്ളതുമായ 730 പോലീസുദ്യോഗസ്ഥരുണ്ട്.

(ബി) 2016 ജൂൺ മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള പോലീസുകാർ പ്രതികളായ ക്രിമിനൽ കേസുകളിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെ പ്രതി ചേർത്തിട്ടുണ്ട്; അറിയിക്കുമോ;

(സി) പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയായെന്നും എത്ര പേർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികളെടുത്തിട്ടുണ്ടെന്നും എത്ര പേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ആവിഷ്കരിച്ച പദ്ധതികൾ**

101 (3884) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കേരള പോലീസിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2016 മുതൽ കേരള പോലീസിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു.
2. പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ട് ആരംഭിച്ചു.
3. ട്രാഫിക് കേസുകളുടെ അന്വേഷണം ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നിന്നും ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റുകയും നിലവിലുള്ള ട്രാഫിക് പോലീസ് സ്റ്റേഷനുകളെയും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്യുകയും ചെയ്തു.

4. പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നീ ജില്ലകളൊഴികെ എല്ലാ ജില്ലകളിലും എസ്.പി.-മാരെ നിയോഗിച്ചുകൊണ്ട് ക്രൈംബ്രാഞ്ച് പുനഃസംഘടിപ്പിച്ചു.

5. കണ്ണൂർ പോലീസ് ജില്ല വിഭജിച്ച് കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ എന്നിവ രൂപീകരിച്ചു.

6. ഇടതുപക്ഷ തീവ്രവാദപ്രവർത്തകരുടെ സ്വാധീനം തടയുന്നതിന് വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതീ-യുവാക്കൾക്ക് പോലീസ് വകുപ്പിൽ നിയമനം നൽകുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തി.

7. കോഴിക്കോട് കേന്ദ്രമാക്കി കെ.എ.പി. ആറാം ബറ്റാലിയൻ രൂപീകരിച്ചു.

8. സാമ്പത്തിക കുറ്റാന്വേഷണത്തിന് ക്രൈം ബ്രാഞ്ചിന്റെ കീഴിൽ പ്രത്യേക വിഭാഗം ആരംഭിച്ചു.

9. പരാതി നൽകൽ, എഫ്.ഐ.ആർ. ഡൗൺലോഡ്, എംപ്ലോയി വെരിഫിക്കേഷൻ, മൈക്ക് പെർമിഷൻ മുതലായവ ഓൺലൈനായി

നൽകാൻ 'തുണ' എന്ന പേരിൽ പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടൽ ആരംഭിച്ചു.

10. പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് സോഫ്റ്റ്‌വെയറിലും അനുബന്ധ ഉപകരണങ്ങളിലും എറ്റവും ആധുനികമായ സാങ്കേതികവിദ്യകളുൾപ്പെടുത്തിയ ഒരു സോഫ്റ്റ്‌വെയർ Integrated Core Policing System (iCoPS) എന്ന പേരിൽ രൂപകല്പന ചെയ്തു.

11. ഡ്രോൺ സാങ്കേതികവിദ്യയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ചും പഠിക്കുകായെന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെന്റർ ആരംഭിച്ചു.

12. ട്രാഫിക് നിയമലംഘനങ്ങൾക്കുള്ള പിഴ ഈടാക്കുന്നതിന് ട്രഷറി വകുപ്പ്, NIC, ഫെഡറൽ ബാങ്ക് എന്നിവരുടെ സഹകരണത്തോടെ ഡിജിറ്റൽ സംവിധാനം (ഇ-ചെലാൻ) നടപ്പിലാക്കി.

13. നിലവിലെ പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് 13 പുതിയ പോലീസ് സ്റ്റേഷനുകൾ കൂടി ആരംഭിച്ചു.

14. സംസ്ഥാനത്ത് കണ്ണൂർ റൂറൽ ഒഴികെ എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.

15. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ റവന്യൂ ജില്ലകളിൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.

16. Emergency Response Support System (ERSS) ആരംഭിച്ചു.

17. പൊതുജനങ്ങൾക്കായി 'POL-APP' എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചു.

18. കേരള പോലീസിനായി ഒരു അത്യാധുനിക പബ്ലിക് റിലേഷൻസ് വിഭാഗം സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ (SPMC) രൂപീകരിച്ചു.

19. കേരള പോലീസ് സോഷ്യൽ മീഡിയ സെൽ ആരംഭിച്ചു.

20. പൊതുജനങ്ങൾക്കായി e-VIP സേവനം നടപ്പാക്കി.

21. പോലീസ് സ്റ്റേഷൻ അതിർത്തി നോക്കാതെ FIR രജിസ്റ്റർ ചെയ്യാനുള്ള അനുമതി നൽകി.

22. ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ Refrigerated centrifuge Mobile Compactor Storage തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് ലഭ്യമാക്കി.

23. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിൽ ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Finger Print Bureau-യെ digitize ചെയ്യുന്നതിലേയ്ക്കായി Automated Fingerprint Identification System (AFIS) നടപ്പിലാക്കി.

24. കോളുകൾ, മെസ്സേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനായി CMS (Central Monitoring System) നടപ്പിലാക്കി.

25. അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള ബോഡി വോൺ ക്യാമറകൾ, CCTV ക്യാമറകൾ, Traffic signal system, Traffic enforcement ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കി.

26. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബുൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചു.

27. സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 520 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകളും കൂടാതെ, എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി. ക്യാമറ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

28. ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും "INTEGRATED DIGITAL TRAFFIC ENFORCEMENT SYSTEM" എന്ന പദ്ധതി "BOOT" (Build Own Operate Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും ഉൾപ്പെടെ പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീസുരക്ഷയ്ക്ക് അതീവ പ്രാധാന്യം കൊടുത്തുകൊണ്ട് നിരവധി പദ്ധതികൾ കേരളാ പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയംപ്രതിരോധസംഘം, വനിതാ ബീറ്റ് എന്നിവയെല്ലാം സ്ത്രീസുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിയ പദ്ധതികളാണ്.

സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ

ചേർന്നതാണ് പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം പദ്ധതി വഴി നൽകും. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

പൊതു നിരത്തുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. സ്കൂൾ, കോളേജ് പരിസരങ്ങൾ, ബസ് സ്റ്റാന്റുകൾ എന്നിവ കേന്ദ്രീകരിച്ച് പട്രോളിംഗ് നടത്തുന്ന വനിതാ പോലീസുദ്യോഗസ്ഥരാണ് ഈ സംവിധാനത്തിലുള്ളത്. ക്യാമറ, ജി.പി.എസ്. എന്നിങ്ങനെ ആധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങളാണ് പിങ്ക് പോലീസിനായി നൽകിയിരിക്കുന്നത്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരളാ പോലീസ് ആവിഷ്കരിച്ച

പദ്ധതിയാണ് വനിതാ സ്വയം പ്രതിരോധ സംഘം. സ്കൂൾ, കോളേജ്, റെസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ മുതലായ സ്ഥലങ്ങളിൽ കേരളാ പോലീസിന്റെ വനിതാ സ്വയം പ്രതിരോധ സംഘം സൗജന്യ ക്ലാസുകൾ ലഭ്യമാക്കുന്നു. 20 മണിക്കൂറാണ് കോഴ്സിന്റെ പരമാവധി ദൈർഘ്യം. കൗൺസിലിംഗ്, നിയമം, മോട്ടിവേഷൻ എന്നിവയിൽ അടിസ്ഥാനവിവരങ്ങൾ ഈ ക്ലാസുകളിലൂടെ നൽകിവരുന്നു. കേരളത്തിലെ 20 പോലീസ് ജില്ലകളിലും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഇത്തരം പരിശീലനങ്ങൾക്ക് പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം.

അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷ ഒരുക്കുന്നതിനായി കേരള പോലീസ്

നടപ്പിലാക്കിയ പദ്ധതിയാണ് 'നിഴൽ'. ഏത് അടിയന്തര സാഹചര്യത്തിലും ആവശ്യമായ സഹായമെത്തിക്കാൻ തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പോലീസ് കമാൻഡ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും ഏത് സമയവും '112' എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. രാത്രി ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വനിതകൾക്ക് പോലീസ് സഹായമെത്തിക്കാനും ഈ സംവിധാനം വഴി സാധിക്കും. വിളിക്കുന്നയാളുള്ള സ്ഥലം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൃത്യമായി മനസ്സിലാക്കാൻ കമാൻഡ് സെന്ററിന് കഴിയും. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ കമാൻഡ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും ചെയ്യും. 112 ഇന്ത്യ എന്ന മൊബൈൽ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കമാൻഡ് സെന്ററിൽ സന്ദേശമെത്തും.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് വനിതാ സെൽ പ്രവർത്തിച്ചുവരുന്നു. ഇതേ ലക്ഷ്യത്തോടുകൂടി ജില്ലകളിലും വനിതാസെല്ലുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഒരു വനിതാ പോലീസ് സ്റ്റേഷൻ വീതവും സ്ഥാപിച്ചിട്ടുണ്ട്. സാധാരണ ലോക്കൽ പോലീസ് സ്റ്റേഷനുള്ള അധികാരങ്ങൾ തന്നെയാണ് വനിതാ പോലീസ് സ്റ്റേഷനും നൽകിയിരിക്കുന്നത്.

### മുഖ്യമന്ത്രിയുടെ സന്ദർശനത്തിനുള്ള സുരക്ഷാക്രമീകരണങ്ങൾ

102 (3885) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഫെബ്രുവരി 3 മുതൽ നാളിതുവരെ മുഖ്യമന്ത്രി വിവിധ ജില്ലകളിൽ നടത്തിയ സന്ദർശനത്തിനുള്ള സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി ഓരോ ജില്ലയിലേയ്ക്കും മറ്റു ജില്ലകളിൽനിന്നും എത്ര പോലീസുകാരെ വിന്യസിച്ചിരുന്നുവെന്നും പ്രസ്തുത ദിവസങ്ങളിലെ സുരക്ഷാ

ച്ചുമതലകൾക്കായി ആകെ എത്ര പോലീസുകാരെ നിയോഗിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ?

രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻ കരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരമുള്ള സുരക്ഷാക്രമീകരണങ്ങളുടെ വിശദാംശങ്ങൾ, പ്രസ്തുത സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ആരെയും കരുതൽ തടങ്കലിലാക്കിയിട്ടില്ല. ഔദ്യോഗിക വാഹന വ്യൂഹത്തിലേയ്ക്ക് അതിക്രമിച്ച് കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതലെന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ സി.ആർ.പി.സി. വകുപ്പ് 151 പ്രകാരമുള്ള നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്.

(ബി) എത്ര ഡി.വൈ.എസ്.പി.-മാർക്ക് പ്രസ്തുത സന്ദർശനത്തിന്റെ ചുമതല നൽകിയിരുന്നുവെന്നും സുരക്ഷാസംവിധാനത്തിന്റെ ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും വ്യക്തമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് എത്ര പേരെ കരുതൽ തടങ്കലിലാക്കിയെന്നും ഏതു നിയമപ്രകാരമാണ് കരുതൽ തടങ്കൽ നടപ്പാക്കിയതെന്നും അറിയിക്കാമോ; പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് കരുതൽ തടങ്കലിൽ ആക്കിയവരുടെ വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സന്ദർശനങ്ങൾക്കായി മുഖ്യമന്ത്രി ഹെലികോപ്റ്റർ ഉപയോഗിച്ചിരുന്നോ; എങ്കിൽ ഏത് ഏജൻസിയുടെ ഹെലികോപ്റ്ററാണ് ഉപയോഗിച്ചതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; പ്രസ്തുത യാത്രകളിൽ മുഖ്യമന്ത്രിയുടെ എസ്കോർട്ടിനായി ആകെ എത്ര വാഹനങ്ങൾ ഉപയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) 'എ' പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് നിയമനം

103 (3886) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികയിൽ ഓപ്പൺ മാർക്കറ്റ്, കോൺസ്റ്റബ്യുലറി ബൈ ട്രാൻസ്ഫർ, മിനിസ്റ്റീരിയൽ ബൈ ട്രാൻസ്ഫർ എന്നീ മൂന്ന് റാങ്ക് ലിസ്റ്റുകളിൽ നിന്നും ശതമാന അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന സാഹചര്യത്തിൽ ഓപ്പൺ മാർക്കറ്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച് കഴിഞ്ഞാലും കോൺസ്റ്റബ്യുലറി ബൈ ട്രാൻസ്ഫർ വിഭാഗത്തിൽ നിന്ന് അർഹമായ തസ്തികകളിലേയ്ക്ക് ശതമാന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ബൈട്രാൻസ്ഫർ നിയമനത്തിനായി നിലവിലുണ്ടായിരുന്ന മുഴുവൻ തസ്തികകളിലും നിയമനം നൽകുന്നുണ്ട്. നേരിട്ടുള്ള നിയമനത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ബൈട്രാൻസ്ഫർ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് എതിരായതിനാലും തെറ്റായ

കീഴ്‌വഴക്കങ്ങൾക്കും സീനിയോരിറ്റി പ്രശ്നങ്ങൾക്കും ഇടയാക്കുമെന്നതിനാലും ഓപ്പൺ മാർക്കറ്റ് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച് കഴിഞ്ഞാൽ കോൺസ്റ്റാബുലറി/മിനിസ്റ്റീരിയൽ ബൈട്രാൻസ്ഫർ വിഭാഗത്തിൽ നിന്ന് നിയമനം നടത്തുന്നതിന് സാധിക്കില്ല.

(ബി) കാറ്റഗറി നമ്പർ 163/2015 സബ് ഇൻസ്പെക്ടർ കോൺസ്റ്റബുലറി ബൈ ട്രാൻസ്ഫർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് ആഭ്യന്തര എ 3/ 116/2022 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തരമായി ഉത്തരവിറക്കുമോയെന്ന് വ്യക്തമാക്കുമോ?

സബ് ഇൻസ്പെക്ടർ കോൺസ്റ്റാബുലറി ബൈ-ട്രാൻസ്ഫർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് ശ്രീ. മുകേഷ് കുമാർ സി. ബി. സർക്കാരിൽ സമർപ്പിച്ച അപേക്ഷ സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് സർക്കാർ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്.

(സി) മേൽപ്പറഞ്ഞ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് നിയമസഭയുടെ യുവജനകാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതി ആഭ്യന്തര വകുപ്പിന് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

സബ് ഇൻസ്പെക്ടർ കോൺസ്റ്റാബുലറി ബൈട്രാൻസ്ഫർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് യുവജനകാര്യവും യുവജനക്ഷേമവും സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. മുകേഷ് കുമാർ സി. ബി. സമർപ്പിച്ച ഹർജിയിൽ ബഹുമാനപ്പെട്ട സമിതിക്ക് സർക്കാർ മറുപടി നൽകിയിരുന്നു. തുടർന്ന് ശ്രീ. മുകേഷ് കുമാർ സമർപ്പിച്ച പ്രതികരണ ഹർജി പരിശോധനയിലാണ്.

**തുടർച്ചയായി ഒരു പോലീസ് സ്റ്റേഷനിൽ സേവനമനുഷ്ഠിക്കുന്നതിനുള്ള കാലാവധി**

104 (3887)ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് തുടർച്ചയായി ഒരു പോലീസ് സ്റ്റേഷനിൽ മാത്രമായി ജോലി ചെയ്യുന്നതിൽ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഒരു പോലീസ് ഉദ്യോഗസ്ഥന് സ്പെഷ്യൽ യൂണിറ്റിൽ തുടർച്ചയായി എത്ര കാലം ജോലി ചെയ്യാമെന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) പോലീസ് ആസ്ഥാനത്ത് നിന്നും 29-05-2014-ൽ പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 09/2014 പ്രകാരം പോലീസ് ഉദ്യോഗസ്ഥർക്ക് ഒരു പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യുവാനുള്ള പരമാവധി കാലാവധി മൂന്ന് വർഷമായും ഒരു സ്പെഷ്യൽ യൂണിറ്റിൽ ജോലി ചെയ്യുവാനുള്ള കാലാവധി പരമാവധി അഞ്ച് വർഷമായും നിജപ്പെടുത്തിയിട്ടുള്ളതാണ്.

**സുരക്ഷാപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് ജനജീവിതം ദുസ്സഹമാക്കുന്നതിനെതിരെ നടപടി**

105 (3888) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. എം. വിൻസെന്റ്:</u>

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സുരക്ഷാപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് ജനജീവിതം ദുസ്സഹമാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിലിത് ഗൗരവമായി കാണുന്നുണ്ടോ?

അത്തരം സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ഔദ്യോഗിക വാഹന വ്യൂഹത്തിലേയ്ക്ക് അതിക്രമിച്ചു കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതലെന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 സി.ആർ.പി.സി. പ്രകാരമുള്ള നടപടികൾ പോലീസ് സ്വീകരിക്കുന്നുണ്ട്.

(ബി) കാലടിയിൽ നിന്നും എയർപോർട്ടിലേയ്ക്ക് പോയ കുടുംബം കുട്ടിക്ക് മരുന്ന് വാങ്ങാനായി വാഹനത്തിൽ നിന്നും പുറത്തിറങ്ങിയപ്പോൾ മുഖ്യമന്ത്രിയുടെ സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് തടഞ്ഞ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത ആരോപണത്തെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(സി) ശേഷം മരുന്ന് വാങ്ങാൻ മെഡിക്കൽ ഷോപ്പിൽ കയറിയ യുവാക്കളെ പോലീസ് ഉദ്യോഗസ്ഥൻ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മരുന്ന് നൽകിയ മെഡിക്കൽ ഷോപ്പ് ഉടമയെയും പോലീസ് ഭീഷണിപ്പെടുത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി &ഡി) 'ബി' പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി**

106(3889) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1 എ-യിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്ത് നിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയുടെ പുരോഗതി അറിയിക്കുമോ?

മങ്കട പോലീസ് സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A-യിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്തു നിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് ലഭിക്കുന്നതിനായി 29-11-2021-ൽ മലപ്പുറം ജില്ലാ കളക്ടർക്ക് ജില്ലാ പോലീസ് മേധാവി അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം കൈമാറി കിട്ടുന്നതിന് ആഭ്യന്തര വകുപ്പ് യഥാസമയം അപേക്ഷയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ ജില്ലാകളക്ടറുമായി ഏതെങ്കിലും യോഗങ്ങൾ ചേർന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭൂമി വേഗത്തിൽ കൈമാറി കിട്ടുന്നതിനായി ജില്ലാകളക്ടർക്ക് മലപ്പുറം ജില്ലാ പോലീസ് മേധാവി ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ജില്ലാകളക്ടറുമായി യോഗം ചേർന്നിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

'(ബി)' -യിൽ ചേർത്തിട്ടുണ്ട്.

**അത്യാവശ്യ കാര്യങ്ങൾക്ക് പോകുന്നവരെ സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് തടയുന്നതിനെതിരെ നടപടി**

107(3890) <u>ശ്രീമതി ഉമ തോമസ്:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി അത്യാവശ്യ കാര്യങ്ങൾക്ക് പോകുന്നവരെ പോലും പോലീസ് തടയുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് ഗൗരവമായി കാണുന്നുണ്ടോ?

രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻ കരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. ഇസെഡ് പ്ലസ് സുരക്ഷയുള്ള മുഖ്യമന്ത്രിക്ക് ടി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള സുരക്ഷയാണ് പോലീസ് നൽകി വരുന്നത്.

(ബി) നാലുവയസുള്ള കുഞ്ഞിന് പനിക്കുള്ള മരുന്ന് വാങ്ങുന്നതിനായി കാലടിയിലെ മെഡിക്കൽ ഷോപ്പിലേയ്ക്ക് പോയ വ്യക്തിയെ വാഹനം നിർത്താൻ അനുവദിക്കാതെ തടഞ്ഞ സംഭവത്തിൽ പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ?

ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(സി) പ്രസ്തുത പരാതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

(സി & ഡി) 'ബി' പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**വർദ്ധിച്ചുവരുന്ന ദുരൂഹമരണങ്ങൾ**

**108 (3891) ശ്രീ. അനൂപ് ജേക്കബ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരൂഹസാഹചര്യങ്ങളിൽ മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ മാധ്യമ റിപ്പോർട്ടുകളിന്മേൽ സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും നാളിതുവരെ എത്ര ദുരൂഹമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത മരണങ്ങൾ സംബന്ധിച്ച അന്വേഷണം മറ്റേതെങ്കിലും അന്വേഷണ ഏജൻസികൾക്ക് റഫർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇവയിൽ എത്ര കേസുകളുടെ അന്വേഷണം നാളിതുവരെ പൂർത്തിയായെന്നറിയിക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ക്ലോസ്ഡ് എ.ആർ. വിഭാഗത്തിൽ ജോലി ചെയ്യുന്ന അംഗങ്ങൾക്ക് എച്ച്.ആർ.എ. അനുവദിക്കാൻ നടപടി**

109(3892) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ക്ലോസ്ഡ് എ.ആർ. വിഭാഗത്തിൽ ജോലി ചെയ്യുന്ന എത്ര അംഗങ്ങളുണ്ടെന്ന് അറിയിക്കാമോ?

കേരള പോലീസിൽ ക്ലോസ്ഡ് എ.ആർ. ഗണത്തിൽപ്പെടുന്ന 1498 അംഗങ്ങൾ നിലവിലുണ്ട്.

(ബി) ഇരുപത്തിനാല് മണിക്കൂറും ജോലി ചെയ്യുന്ന സേനാംഗങ്ങൾക്ക് വിശ്രമിക്കുവാനായി നിർമ്മിച്ചിട്ടുള്ള ബാരക്കുകൾ ഫാമിലി ക്വാർട്ടേഴ്സിന് പകരമാണെന്ന നിലപാട് സർക്കാരിനുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ഫാമിലി ക്വാർട്ടേഴ്സ് ലഭ്യമല്ലാത്ത ക്ലോസ്ഡ് എ.ആർ. വിഭാഗത്തിലെ സേനാംഗങ്ങൾക്ക് ലഭിച്ചിരുന്ന വീട്ടുവാടകബത്ത നിർത്തലാക്കിയത് പുന:സ്ഥാപിക്കുന്നതിനും ക്വാർട്ടേഴ്സ് ലഭിക്കാത്ത മുഴുവൻ സർക്കാർ ജീവനക്കാർക്കും വിവേചനരഹിതമായി എച്ച്.ആർ.എ. അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി & സി) 10-02-2021-ലെ സ.ഉ (പി)നം.27/2021/ധന പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ ആംഡ് പോലീസ് ബറ്റാലിയനിലെയും ആംഡ് റിസർവ്വിലെയും ഉദ്യോഗസ്ഥർക്ക് എച്ച്.ആർ.എ-യ്ക്ക് പകരം ബാരക്ക് അലവൻസാണ് അനുവദിച്ചിട്ടുള്ളത്. ബാരക്ക് അലവൻസിന്റെ പരിധിയിൽ വരുന്നവർക്ക് എച്ച്.ആർ.എ-ക്ക്

അർഹതയില്ലെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഫാമിലി ക്വാർട്ടേഴ്സ് ലഭിക്കാത്ത പോലീസ് സേനാംഗങ്ങൾക്ക് വീട്ടുവാടകബത്ത അനുവദിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**സമരം ചെയ്യുന്ന വനിതാ പ്രവർത്തകരോട് പോലീസ് അപമര്യാദയോടെ പെരുമാറുന്ന സംഭവങ്ങൾ**

110 (3893) ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമരം ചെയ്യുന്ന വനിതാ പ്രവർത്തകരോട് പുരുഷ പോലീസ് അപമര്യാദയോടെ പെരുമാറുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കളമശ്ശേരിയിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനാനേതാവായ പെൺകുട്ടിയെ പോലീസ് ഉദ്യോഗസ്ഥൻ അസഭ്യം പറയുകയോ മർദ്ദിക്കുകയോ അപമാനിക്കുകയോ ചെയ്തതായ സംഭവമുണ്ടായിട്ടില്ല. കളമശ്ശേരിയിൽ വിദ്യാർത്ഥി സംഘടനയുടെ വനിതാ

നേതാവിനെ പോലീസ് അപമാനിച്ചുവെന്ന് ആരോപിച്ച് ലഭിച്ച പരാതിയിൽ നടത്തിയ അന്വേഷണത്തിൽ 11-02-2023-ൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ചുള്ള Z-Plus കാറ്റഗറി സുരക്ഷയിലുള്ള മുഖ്യമന്ത്രി കൊച്ചി സിറ്റിയിൽ കണ്ടെയ്നർ റോഡിലൂടെ കളമശ്ശേരി ഡെക്കാത്തലൺ എന്ന സ്ഥാപനത്തിന് സമീപം എത്തിയ സമയം സ്ഥാപനത്തിന്റെ പാർക്കിംഗ് സ്ഥലത്തുനിന്നും കുറച്ച് പേർ മുഖ്യമന്ത്രിയുടെ വാഹന വ്യൂഹം തടഞ്ഞ് പ്രതിഷേധിക്കുന്നതിനായി റോഡിലേയ്ക്ക് പെട്ടെന്ന് ഓടി വരികയും വാഹനവ്യൂഹത്തിന് തടസ്സം നേരിടാതിരിക്കുന്നതിനും പ്രതിഷേധക്കാർക്ക് അപകടം സംഭവിക്കാതിരിക്കുവാനും മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്ക് ഭംഗം വരാതിരിക്കുന്നതിനുമായി അവിടെ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥർ പ്രതിഷേധക്കാരെ തടയുകയും അതിൽ കറുത്ത പാന്റും വെള്ള ഷർട്ടും ധരിച്ച ഒരാൾ വാഹനവ്യൂഹത്തിന് നേരെ ചാടിയപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥൻ ടിയാളെ പിന്നിൽ നിന്നും പിടിച്ചുനിർത്തുകയും ഈ സമയം ടിയാൾ വനിതയാണെന്ന് മനസ്സിലായതിനെ തുടർന്ന് സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ

പോലീസ് ഉദ്യോഗസ്ഥയെ ഏല്പിച്ച് നിയമ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലാത്തതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) കളമശ്ശേരിയിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനാ നേതാവായ പെൺകുട്ടിയുടെ തോളിൽ പോലീസ് ഉദ്യോഗസ്ഥൻ പിടിച്ച് വലിക്കുകയും മർദ്ദിക്കുകയും അസഭ്യം പറയുകയും ചെയ്തതായി പറയപ്പെടുന്ന സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) '(എ)'- യിൽ ചേർത്തിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ടുള്ള സുരക്ഷാ ക്രമീകരണങ്ങൾ**

111 (3894) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഫെബ്രുവരി 20-ന് മുഖ്യമന്ത്രി കാസർഗോഡ് ജില്ലയിൽ നടത്തിയ സന്ദർശനത്തിന്റെ സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി മറ്റു ജില്ലകളിൽ നിന്നും എത്ര പോലീസുകാരെ വിന്യസിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ?

രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻ കരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് നിലവിലേർപ്പെടുത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച മറ്റു വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) പ്രസ്തുത ദിവസത്തെ സുരക്ഷാചുമതലകൾക്കായി ആകെ എത്ര പോലീസുകാരെ നിയോഗിച്ചിരുന്നുവെന്നും എത്ര ഡി.വൈ.എസ്.പി.-

മാർക്ക് ചുമതല നൽകിയിരുന്നുവെന്നും വ്യക്തമാക്കുമോ; സുരക്ഷാസംവിധാനത്തിന്റെ നിയന്ത്രണമുണ്ടായിരുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കുമോ?

'എ' പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് എത്ര പേരെ കരുതൽ തടങ്കലിലാക്കിയെന്നും ഏതു നിയമപ്രകാരമാണ് കരുതൽ തടങ്കൽ നടപ്പാക്കിയതെന്നും കരുതൽ തടങ്കലിൽ ആക്കിയവരുടെ പേരുവിവരങ്ങളും വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ആരെയും കരുതൽ തടങ്കലിലാക്കിയിട്ടില്ല. ഔദ്യോഗിക വാഹന വ്യൂഹത്തിലേയ്ക്ക് അതിക്രമിച്ചുകയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതലെന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ സി.ആർ.പി.സി. വകുപ്പ് 151 പ്രകാരമുള്ള കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

**പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ**

112 (3895)<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീ. കെ. ആൻസലൻ:</u>
<u>ശ്രീ. ജി. സ്റ്റീഫൻ:</u>
<u>ശ്രീ. എം. നൗഷാദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തിവരുന്ന പ്രവൃത്തികൾ കാര്യക്ഷമവും സമയബന്ധിതവുമായി നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ആവശ്യപ്രകാരം പൊതുമരാമത്ത് വകുപ്പ് അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഇ-ടെണ്ടർ നടപടികളനുസരിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം കരാർ ഉടമ്പടി വയ്ക്കുകയും സൈറ്റ് ഏറ്റെടുക്കുകയും തുടർന്ന് ഷെഡ്യൂൾ പ്രകാരം സമയബന്ധിതമായി പണി പൂർത്തീകരിക്കുകയും

ചെയ്യുന്നുണ്ട്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാരിൽ നിന്നും മുൻപരിചയമുള്ളവരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി 50 ലക്ഷത്തിനുമുകളിലുള്ള പ്രവർത്തികളുടെ ടെണ്ടർ നടപടികളിൽ Two Bid Cover System നടപ്പിലാക്കിയിട്ടുണ്ട്. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ കരാർ പണികളേറ്റെടുക്കുകയും അതിൽ സ്ഥിരമായി വീഴ്ച വരുത്തുകയും ചെയ്തിട്ടുള്ള കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഭാവിയിൽ ടെണ്ടറിൽ പങ്കെടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നുണ്ട്. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രോജക്ട് എഞ്ചിനീയർ, അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ, സൈറ്റ് സൂപ്പർവൈസർ തുടങ്ങിയവർക്കുപുറമേ പോലീസ് വകുപ്പിൽ നിന്നും നിയോഗിച്ച സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിലാണ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ചീഫ് എഞ്ചിനീയർ തുടർച്ചയായി സൈറ്റ് സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ഗുണനിലവാരം ഉറപ്പുവരുത്തുവാൻ കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ അംഗീകരിച്ച ഗുണമേന്മയുള്ള നിർമ്മാണ വസ്തുക്കൾ മാത്രമേ ഉപയോഗിക്കുവാൻ അനുവദിക്കുകയുള്ളൂ. പൊതുമരാമത്ത് വകുപ്പിന്റെ മാന്വൽ പ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നിർബന്ധമായും നടത്തുന്നുണ്ട്. Structural drawings, material test, soil test തുടങ്ങിയവ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള അനുമതിയുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. വർക്കുകൾ പൂർത്തീകരിച്ച്, നിയോഗിക്കപ്പെട്ട ഡിപ്പാർട്ട്മെന്റുദ്യോഗസ്ഥരുടെ വെരിഫിക്കേഷൻ കഴിഞ്ഞ് പ്രോജക്ട് എഞ്ചിനീയർ രേഖാമൂലം അതത് വകുപ്പിന് കൈമാറുന്നു. ഗുണനിലവാരം ഉറപ്പുവരുത്തി, നിശ്ചിത സമയത്തിനുള്ളിൽ തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കെ.പി.എച്ച്.സി.സി. എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും ചെലവ് കുറഞ്ഞതും പരിസ്ഥിതി

സൗഹൃദവുമായ നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ?

അനുയോജ്യമായ മേഖലകളിൽ പരിസ്ഥിതിസൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള പോലീസ് ക്വാർട്ടേഴ്സുകളുടെയും ആഭ്യന്തര വകുപ്പിന്റെ കൈവശമുള്ളതുമായ സ്ഥലങ്ങളിലും ആധുനിക ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് താമസസൗകര്യമൊരുക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാലപ്പഴക്കം ചെന്ന പോലീസ് ക്വാർട്ടേഴ്സുകൾ പുനരുദ്ധരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

(സി & ഡി) നിലവിൽ പരിഗണനയിലില്ല.

**ആലത്തൂർ മണ്ഡലത്തിലെ അതിഥി തൊഴിലാളികൾ**

**113(3896) ശ്രീ. കെ. ഡി. പ്രസേനൻ:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**ഏതെങ്കിലും കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പോലീസ് കേസ് നിലവിലുള്ള അതിഥി തൊഴിലാളികൾ ആലത്തൂർ മണ്ഡലത്തിന്റെ പരിധിയിലുണ്ടോ; വിശദമാക്കാമോ?**

**കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട അതിഥി തൊഴിലാളികൾ ആലത്തൂർ മണ്ഡലത്തിന്റെ പരിധിയിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.**

**പണമിടപാട് തട്ടിപ്പുകൾ തടയുന്നതിന് നടപടി**

**114 (3897) ശ്രീ. പി. കെ. ബഷീർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) സംസ്ഥാനത്ത് ഇതര സംസ്ഥാന രജിസ്ട്രേഷനുള്ളതും അല്ലാത്തതുമായ അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന സാമ്പത്തിക തട്ടിപ്പുകളും ഓൺലൈൻ തട്ടിപ്പുകളും വ്യാപകമാണെന്നതും വട്ടിപ്പലിശ സംഘങ്ങൾ, മറ്റിതര പണപ്പിരിവ് സംഘങ്ങൾ എന്നിവ**

വർധിച്ചുവരുന്നുവെന്നതും അവർ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം അറിയിക്കാമോ?

(എ & ബി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരികയാണ്. ഇത്തരം തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം (20-05-2021 മുതൽ 24-02-2023 വരെ) 3205 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ കേന്ദ്ര നിയമം നിലവിലുണ്ടോ; എങ്കിൽ ആയതിൻപ്രകാരം ഇത്തരം കേസുകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇല്ലെങ്കിൽ എന്താണ് കാരണമെന്നും, ഇത്തരം തട്ടിപ്പുകൾ വ്യാപകമാകുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമം അനുസരിച്ച് നടപടികൾ സ്വീകരിക്കുമോയെന്നും ഇല്ലെങ്കിൽ കേന്ദ്രനിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനം നിയമ നിർമ്മാണം നടത്തുമോയെന്നും വെളിപ്പെടുത്തുമോ?

(സി & ഡി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ നിലവിൽ IPC, Money Lenders Act, Information Technology Act, Banning of Unregulated Deposit Schemes (BUDS) Act, 2019 തുടങ്ങിയ നിയമങ്ങൾ നിലവിലുണ്ട്. ഇത്തരം കേസുകളിൽ ക്രിമിനൽ നിയമ നടപടിപ്രകാരവും ബഡ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ പ്രത്യേകമായി തട്ടിപ്പ് നടത്തുന്നവരുടെ സ്ഥാവരജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നു. അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച കേസുകളിലെ നിയമ നടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ചുവരുന്നത്. ഈ നിയമപ്രകാരമുള്ള കേരള ബാനിംഗ് ഓഫ് അൺറഗുലേറ്റഡ് ഡെപ്പൊസിറ്റ് സ്കീംസ് റൂൾസ്, 25-11-2021-ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഇ) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാനും ജനങ്ങളെ ബോധവൽക്കരിക്കാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ജനമൈത്രി പോലീസ് ഇത്തരം തട്ടിപ്പുകൾക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി പോലീസിന്റെ ഔദ്യോഗിക വെബ് സൈറ്റ്, സോഷ്യൽ മീഡിയ പേജുകൾ എന്നിവ വഴി അറിയിപ്പുകളും നൽകുന്നു. കുറ്റക്കാർക്കെതിരെ എല്ലാ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്.

**ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി**

115(3898) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ പിരിച്ചുവിടുന്നതിന് പോലീസ് ആക്ട് പ്രകാരം സർക്കാരിന് അധികാരമുണ്ടോ?

ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ പിരിച്ചുവിടാൻ സർക്കാരിനും, ഡി.ജി.പി. ഉൾപ്പെടെയുള്ള നിയമനാധികാരികൾക്കും അധികാരമുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നിയമപ്രകാരം പിരിച്ച് വിട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള പോലീസ് ആക്ട് പ്രകാരം ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ (ഐ.എസ്.എച്ച്.ഒ) ആയി ജോലി നോക്കി വന്നിരുന്ന ശ്രീ. സുനു പി. ആർ. എന്ന പോലീസ് ഉദ്യോഗസ്ഥനെ പോലീസ് സേനയിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

**പത്തനാപുരം തറയിൽ ഫിനാൻസ് തട്ടിപ്പ്**

116 (3899) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം തറയിൽ ഫിനാൻസ് തട്ടിപ്പ് കേസിൽ തട്ടിപ്പിനിരയായ നിക്ഷേപകർക്ക് നിക്ഷേപങ്ങൾ തിരികെ ലഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

തറയിൽ ഫിനാൻസ് തട്ടിപ്പുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ 297 കേസുകളും കൊല്ലം റൂറൽ ജില്ലയിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളുടെ സ്ഥാവരജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിന് 13-01-2023-ൽ ബഡ്സ് ആക്ട് പ്രകാരം കോംപീറ്റന്റ് അതോറിറ്റി ഉത്തരവ് നല്കുകയും തുടർനടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരികയും ചെയ്യുന്നു. സ്വത്ത് വകകൾ കണ്ടുകെട്ടിയതിനുശേഷം ജില്ലാ കളക്ടർമാർ ബഡ്സ് നിയമത്തിന്റെ പരിധിയിൽപ്പെടുന്ന കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി നിയോഗിച്ചിട്ടുള്ള ഡെസിഗ്നേറ്റഡ് കോടതികൾ മുമ്പാകെ താത്കാലികമായി സ്ഥാവരജംഗമവസ്തുക്കൾ കണ്ടുകെട്ടിയ നടപടി സ്ഥിരപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ഡെസിഗ്നേറ്റഡ് കോടതികൾ നടപടി ശരിവയ്ക്കുകയും പൊതുലേലത്തിലൂടെയോ, സ്വകാര്യ

വിൽപ്പനയിലൂടെയോ ഇവ വിൽക്കാൻ ഉത്തരവാകുകയും ചെയ്താൽ അപ്രകാരം ലഭ്യമാകുന്ന തുക നിക്ഷേപകർക്ക് നൽകാനാകുമെന്ന് ബഡ്സ് നിയമം വിഭാവനം ചെയ്യുന്നു.

(ബി) പ്രസ്തുത തട്ടിപ്പ് കേസിന്റെ തുടർനടപടികൾക്കായി ബഡ്സ് ആക്ട് പ്രകാരം കൊല്ലം ജില്ലയിൽ ബഡ്സ് കോടതി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കൊല്ലം അഡീഷണൽ ജില്ലാ & സെഷൻസ് - III കോടതിയെ ബഡ്സ് ആക്ട് പ്രകാരമുള്ള ഡെസിഗ്നേറ്റഡ് കോടതിയായി എസ്.ആർ.ഒ. 894/2020 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

## പൊഴിയൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ

117 (3900) <u>ശ്രീ. എം. എം. മണി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയുടെ നിർമ്മാണ നിരോധന ഉത്തരവും കാരോട് പഞ്ചായത്തിന്റെ സ്റ്റോപ്പ് മെമ്മോയും നിലവിലുള്ള പൊഴിയൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കാരോട് വില്ലേജിലെ സർവ്വേ നമ്പർ നം. 268-ൽ 10

(റീസർവ്വേ നം. 261-ൽ 26)-ലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് 2020 ജൂൺ മുതൽ നാളിതുവരെ ഏതൊക്കെ തീയതികളിലായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പൊഴിയൂർ പോലീസ് സ്റ്റേഷനിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 01-06-2020, 05-06-2020, 21-03-2021, 13-07-2021, 14-07-2021, 26-10-2021, 06-03-2022, 08-04-2022, 29-04-2022, 01-11-2022 എന്നീ തീയതികളിലായി 10 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഓരോ പരാതിയിന്മേലും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പ്രസ്തുത തീയതികളിൽ ലഭിച്ച പരാതികളിൽ, സിവിൽ സംബന്ധമായ വിഷയമായതിനാലും ഇതിലേയ്ക്ക് വിവിധ കോടതികളിൽ കേസുകൾ നിലവിലുള്ളതിനാലും ബഹുമാനപ്പെട്ട കോടതികളുടെ തീരുമാനം വരുന്നതുവരെ തർക്കസ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടില്ലായെന്നും ബഹുമാനപ്പെട്ട കോടതി ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കുവാനും പരാതികക്ഷികൾക്ക് നിർദ്ദേശങ്ങൾ നൽകി പരാതി

തീർപ്പാക്കിയിട്ടുണ്ട്. എന്നാൽ കൊച്ചുകുഞ്ഞൻ നാടാർ മകൻ അഗസ്റ്റ്യൻ എന്നയാൾ തർക്കം നിലനിൽക്കുന്ന വസ്തുവിൽ (സർവ്വേ നമ്പർ 268/10, റീസർവ്വേ നമ്പർ 261/26) 2020 ജൂൺ മാസത്തിനുശേഷം പ്രസ്തുത സ്ഥലത്ത് ബഹുമാനപ്പെട്ട കോടതി ഉത്തരവ് ലംഘിച്ച് അനധികൃത നിർമ്മാണം നടക്കുന്നതായി സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊഴിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 351/2022 u/s 143, 147, 149, 447, 188 IPC ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. പ്രസ്തുത കേസന്വേഷണത്തിൽ u/s 143, 147, 149 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത വകുപ്പുകൾ ഒഴിവാക്കി u/s 34 IPC കൂട്ടതലായി ചേർത്ത് റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിക്ക് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് നടത്തിയ അന്വേഷണത്തിൽ കുറ്റകൃത്യത്തിൽ പങ്കുള്ളതായി കണ്ടെത്തിയ 1)ഭാഗ്യനാഥൻ നാടാർ 2) പ്രതീഷ് 3) ക്രിസ്റ്റഫർ 4) സോമരാജ് എന്നിവരെ പ്രതികളാക്കി കേസ് അന്വേഷണം പൂർത്തിയാക്കി

ബഹുമാനപ്പെട്ട പാറശ്ശാല ഗ്രാമ ന്യായാലയം മുമ്പാകെ 29-04-2022 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**(സി) പ്രസ്തുത പരാതികളുമായി ബന്ധപ്പെട്ട് അനധികൃത നിർമ്മാണം സംബന്ധിച്ച സാക്ഷിമൊഴികൾ പോലീസ് ശേഖരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; അവയിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?**

**ഉത്തരം (ബി)-യിൽ ചേർത്തിട്ടുണ്ട്.**

**മുഖ്യമന്ത്രിക്ക് എസ്കോർട്ട് പോയ കാർ ഇടിച്ചുണ്ടായ അപകടം**

**118 (3901) <u>ശ്രീ. എം. വിൻസെന്റ്</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) 2023 ജനുവരി 31-ന് മുഖ്യമന്ത്രിക്ക് എസ്കോർട്ട് പോയ കാർ ഇടിച്ച് ദേവസ്വം ബോർഡ് ജംഗ്ഷനിലെ ശ്രീകുമാർ എന്ന വ്യക്തിയുടെ ആരാധന എന്ന വീടിന്റെ ഗേറ്റും കാർപ്പോർച്ചിൽ പാർക്ക് ചെയ്തിരുന്ന കാറും തകർന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?**

മുഖ്യമന്ത്രിയ്ക്ക് എസ്കോർട്ട് പോയ കാർ ഇടിച്ച് ദേവസ്വം ബോർഡ് ജംഗ്ഷനിലെ ആരാധന എന്ന വീടിന്റെ ഗേറ്റും കാർ പോർച്ചിൽ പാർക്ക് ചെയ്തിരുന്ന കാറും തകർന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ദേവസ്വം ബോർഡ് ജംഗ്ഷനിൽ താമസിക്കുന്ന ശ്രീകുമാർ എന്ന വ്യക്തി മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് പ്രാഥമികാന്വേഷണം നടത്തിയതിലും ദേവസ്വം ബോർഡ് ജംഗ്ഷനിലെ ക്യാമറകൾ പരിശോധിച്ചതിൽ ഒരു വെള്ളനിറത്തിലുള്ള ആൾട്ടോ കാർ അപകടത്തിനിടയാക്കിയെന്നും പ്രസ്തുത സമയം ടി കാർ ഓടിച്ചിരുന്നത് ഒരു സ്ത്രീയാണെന്നും അപകടത്തിനുശേഷം വെള്ള ആൾട്ടോ കാറിലുണ്ടായിരുന്ന ഒരു പുരുഷൻ ഇറങ്ങി വെള്ള ആൾട്ടോ കാർ ഓടിച്ചുപോയിട്ടുള്ളതാണെന്നും പോലീസ് മനസ്സിലാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വീട്ടുടമ മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 209/2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

ക്ലിഫ് ഹൗസ്, ദേവസ്വം ബോർഡ് ജംഗ്ഷൻ മുതലായ സ്ഥലങ്ങൾ അതീവ സുരക്ഷാ വലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാകയാൽ ഇത്തരം സുരക്ഷാ ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) ക്ലിഫ് ഹൗസ് മുതൽ ദേവസ്വം ബോർഡ് ജംഗ്ഷൻ വരെ സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ദേവസ്വംബോർഡ് ജംഗ്ഷനിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് പ്രസ്തുത അപകടം നടന്നത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് വീട്ടുടമ മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി-ഡി) 'എ' പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**കായംകുളം നിയോജകമണ്ഡലത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്**

119 (3902) <u>ശ്രീമതി യു. പ്രതിഭ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആരംഭിക്കുന്നതിന് പുതുതായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ & ബി) 2022–23 അധ്യയന വർഷം എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല.

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം**

120 (3903) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിച്ച് നാളിതുവരെ പരിശീലനം ലഭിച്ച എത്ര പേരാണുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിച്ച് നാളിതുവരെ 249569 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

(ബി) സ്കൂൾ വിദ്യാഭ്യാസശേഷം ഇവരുടെ പ്രവർത്തനങ്ങൾ ക്രമസമാധാനപാലനത്തിന് സഹായകമാകുന്നുണ്ടോ; വകുപ്പിന്റെ വിലയിരുത്തൽ വിശദമാക്കാമോ?

സ്കൂൾ വിദ്യാഭ്യാസശേഷം ഇവരുടെ പ്രവർത്തനങ്ങൾ ഇലക്ഷൻ ഡ്യൂട്ടി, ട്രാഫിക്, കലോത്സവങ്ങൾ, കായിക മത്സരങ്ങൾ, തുടങ്ങി സർക്കാരിന്റെ വിവിധതലങ്ങളിൽ ലഭിക്കാറുണ്ട്.

**വർക്കല നിയോജകമണ്ഡലത്തിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ**

**121 (3904) <u>ശ്രീ. വി. ജോയി</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിലെ 8 സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. അവ ചുവടെ ചേർക്കുന്നു.

1. ജി. എച്ച്. എസ്. എസ്., പള്ളിക്കൽ

2. ജി. വി. എച്ച്. എസ്. എസ്., പകൽക്കുറി

3. എസ്. കെ. വി. എച്ച്. എസ്. എസ്., കടമ്പാട്ടുകോണം

4.എം. ആർ. എം. എച്ച് എസ്. എസ്., ഇടവ

5. ജി. എം. എച്ച്. എസ്. എസ്., വർക്കല

6. ജി. എച്ച്. എസ്. എസ്., നാവായിക്കുളം

7. എൻ. എസ്. എസ്. എച്ച്. എസ്. എസ്., മടവൂർ

8. ജി. എച്ച്. എസ്. എസ്., പാളയംകുന്ന്

(ബി) പ്രസ്തുത തീരദേശ മണ്ഡലത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകളില്ലാത്ത സ്കൂളുകളിൽ ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2022-23 അധ്യയനവർഷം എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല.

**റോവിംഗ് റിപ്പോർട്ടർ പരമ്പര - പോക്സോ കേസ്**

**122 (3905) ശ്രീ. പി. വി. അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) മലയാളത്തിലെ പ്രമുഖ ചാനലിൽ സംപ്രേഷണം ചെയ്ത 'നാർക്കോട്ടിക്സ് ഈസ് എ ഡേർട്ടി ബിസിനസ്സ്' എന്ന റോവിംഗ് റിപ്പോർട്ടർ പരമ്പര ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഈ പരമ്പരയിലെ ഏതെങ്കിലും വാർത്തകളുടെ ഉള്ളടക്കവുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസിൽ ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?**

ഏഷ്യാനെറ്റ് ന്യൂസ് ചാനൽ 10-11-2022-ൽ സംപ്രേഷണം ചെയ്ത "നർക്കോട്ടിക് ഈസ് എ ഡേർട്ടി ബിസിനസ്സ്" എന്ന റോവിംഗ് റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയ ഇന്റർവ്യൂവിൽ 14 വയസ്സുള്ള പെൺകുട്ടിയുടേതായി ചിത്രീകരിച്ചിരിക്കുന്ന അഭിമുഖം വ്യാജമായി ചിത്രീകരിച്ചതാണെന്നും പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ഉപയോഗിച്ച് ഇത്തരത്തിൽ വ്യാജവാർത്ത ചമച്ച് പ്രചരിപ്പിച്ചവർക്കെതിരെ പോക്സോ ആക്ട് ഉൾപ്പെടെയുള്ള വകുപ്പുകൾ ചേർത്ത് നിയമ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ പോലീസ് അന്വേഷണം നടത്തിവരുന്നു.

(ബി) 2022 നവംബർ 10-ന് പരമ്പരയുടെ ഭാഗമായി സംപ്രേഷണം ചെയ്ത വാർത്താ റിപ്പോർട്ടിൽ യൂണിഫോം ധരിച്ച സ്കൂൾ വിദ്യാർത്ഥിനിയെ അവതാരകൻ ഇന്റർവ്യൂ ചെയ്യുമ്പോൾ സഹപാഠികൾ സെക്ഷ്വലി അബ്യൂസ് ചെയ്യാറുണ്ടെന്നും "മോർ ദാൻ 10 ഗേൾസ് ആർ ട്രാപ്പ്ഡ് ലൈക് ദിസ്"എന്നും സ്കൂൾ വിദ്യാർത്ഥിനി പറഞ്ഞത് പരിശോധിച്ചിട്ടുണ്ടോ; മേൽ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് അന്വേഷണം നടത്തുകയോ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. മേൽ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ സിറ്റി പോലീസ് ജില്ലയിൽ അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥിനി പഠിക്കുന്ന സ്കൂളിലെ കുട്ടികളെയും ഈ വിദ്യാർത്ഥിനിയുടെ സുഹൃത്തുക്കളെയും കണ്ട് സംസാരിച്ചതിലും സ്കൂൾ അധികൃതരോടും മറ്റും അന്വേഷിച്ചതിലും വിദ്യാർത്ഥിനി പറഞ്ഞതുപോലെ മറ്റ് കുട്ടികൾ പീഡനത്തിനിരയായതായി അറിവായിട്ടില്ല. പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥിനിയെ സഹപാഠി പീഡിപ്പിച്ച കാര്യത്തിൽ വിദ്യാർത്ഥിനിയുടെ അച്ഛന്റെ പരാതി പ്രകാരം 28-07-2022-ൽ കണ്ണൂർ ടൗൺ പോലീസ് POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ബഹുമാനപ്പെട്ട പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ജുവനൈൽ ജസ്റ്റിസ് ബോർഡ് തലശ്ശേരി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥിനിയുടെ വെളിപ്പെടുത്തൽ ആയതിനാൽ സംഭവത്തിൽ പോക്സോ ഉൾപ്പടെയുള്ള വകുപ്പുകൾ ചേർത്ത് പോലീസിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താവുന്നതാണോ;

വ്യക്തമാക്കാമോ; ഈ കാര്യത്തിൽ രേഖാമൂലം പരാതി ലഭിച്ചാൽ അന്വേഷണത്തിന് ഉത്തരവിടുമോ; വ്യക്തമാക്കുമോ?

പ്രായപൂർത്തിയാകാത്ത വിദ്യർത്ഥിനിയുടെ വെളിപ്പെടുത്തൽ ആയതിനാൽ സംഭവത്തിൽ പോക്സോ ഉപ്പെടെയുള്ള വകുപ്പുകൾ ചേർത്ത് പോലീസിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താവുന്നതാണ്. നിലവിൽ കുട്ടിയുടെ അച്ഛന്റെ രേഖാമൂലമുള്ള പരാതി ലഭിച്ചതുപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്.

(ഡി) കുറ്റകൃത്യങ്ങളെ കുറിച്ച് തെളിവോടുകൂടിയ അറിവുലഭിച്ചാലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ ലൈംഗികാതിക്രമം നടന്നുവെന്ന് ഇരയായ പെൺകുട്ടി തന്നെ വെളിപ്പെടുത്തിയാലും ഇക്കാര്യം പോലീസിൽ അറിയിക്കാതിരിക്കുന്നത് പോക്സോ വകുപ്പ് പ്രകാരം കുറ്റകരമാണോ; എങ്കിൽ ഏത് വകുപ്പാണ് ഈ കാര്യത്തിൽ ബാധകമാവുകായെന്നും അറിയിക്കാമോ?

കുറ്റകൃത്യങ്ങളെക്കുറിച്ച് തെളിവോടുകൂടിയ അറിവ് ലഭിച്ചാലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ ലൈംഗികാതിക്രമം നടന്നുവെന്ന് ഇരയായ പെൺകുട്ടി തന്നെ വെളിപ്പെടുത്തിയാലും ഇക്കാര്യം പോലീസിൽ അറിയിക്കാതിരിക്കുന്നത് പോക്സോ ആക്ട് സെക്ഷൻ 21 r/w 19 പ്രകാരം കുറ്റകരമാണ്.

**അബൂബക്കർ സിദ്ദിഖ് കൊലക്കേസ്**

**123 (3906)** **ശ്രീ. സി. എച്ച്. കുഞ്ഞമ്പു:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽ ഗുണ്ടാസംഘം തട്ടിക്കൊണ്ടുപോയി മർദിച്ച് കൊലപ്പെടുത്തിയ അബൂബക്കർ സിദ്ദിഖിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ക്രൈം നം. 493/22 കേസ്സിൽ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇനി ഏതൊക്കെ പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്; വിശദാംശം അറിയിക്കാമോ?**

അബൂബക്കർ സിദ്ദിഖിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 493/22 U/s 341, 324, 364, 302, 120(B) 201, 212 r/w 34 IPC കേസിൽ ഉൾപ്പെട്ടിട്ടുള്ള 19 പ്രതികളിൽ 9 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിദേശത്തുള്ള കേസിലെ ഒന്നാം പ്രതി മുഹമ്മദ് റിയാസ്, രണ്ടാം പ്രതി അബ്ദുൾ ജലീൽ, മൂന്നാം പ്രതി അബൂബക്കർ സിദ്ദിഖ്, നാലാം പ്രതി കലന്തർ ഷാഫി, ഏഴാം പ്രതി മുഹമ്മദ് റസീൻ, പത്താം പ്രതി അബ്ദുൾ റസാഖ്, പതിനഞ്ചാം പ്രതി അഷറാലി, പതിനാറാം പ്രതി മുഹമ്മദ് നിയാസ്, പതിനെട്ടാം പ്രതി അഹമ്മദ് റെയ്സ്, പത്തൊമ്പതാം പ്രതി അഹമ്മദ് അബ്ബാസ് ഹംറാസ് എന്നിവരെ അറസ്റ്റ് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ 6 പ്രതികൾക്കെതിരെ ലുക്ക്ഔട്ട് സർക്കുലർ (LOC) പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിച്ച 4 പ്രതികൾക്കെതിരെ ലുക്കൗട്ട് സർക്കുലർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്ത് എത്രയും വേഗം കോടതിയിൽ കുറ്റപത്രം സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉത്തരം (എ)- യിൽ ചേർത്തിരിക്കുന്നു.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ മേഖലയിൽ കർശന നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

ഈ മേഖലയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി ക്രിമിനൽ സംഘങ്ങളിൽപ്പെട്ടവരുടെ വീടുകളിൽ പരിശോധന നടത്തിയും ഇവരുടെ റൗഡി ഹിസ്റ്ററി ഷീറ്റ് നിരീക്ഷിച്ചും കൂടാതെ രഹസ്യ നിരീക്ഷണങ്ങളും പോലീസ് പട്രോളിംഗും നടത്തിയും പോലീസ് നടപടി സ്വീകരിച്ചുവരുന്നു.

**കോതമംഗലം മണ്ഡലത്തിലെ കൊലപാതക കേസുകളുടെ അന്വേഷണ പുരോഗതി**

124(3907) **<u>ശ്രീ. ആന്റണി ജോൺ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന നിനി, ഷോജിഷാജി, ആമിന അബ്ദുൾഖാദർ എന്നീ മൂന്ന് കൊലപാതക കേസുകളുടെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

കോതമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന നിനി, ഷോജിഷാജി, ആമിന അബ്ദുൾ ഖാദർ എന്നിവരുടെ കൊലപാതകവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 3 കേസ്സുകളും ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

ക്രൈം ബ്രാഞ്ച് ക്രൈം നം.218/CB/EKM/2009 ആയി രജിസ്റ്റർ ചെയ്ത നിനി കൊലപാതക കേസിലേയ്ക്ക് നാളിതുവരെ നടത്തിയ അന്വേഷണത്തിൽ ഈ കേസ്സിലെ കൃത്യം നടത്തിയ പ്രതിയെയോ കവർച്ച മുതലുകളെപ്പറ്റിയോ ഇതുവരെ തെളിവുകൾ പോലീസിന് ലഭിച്ചിട്ടില്ലാത്തതാണ്.

ക്രൈം ബ്രാഞ്ച് ക്രൈം നം.779/CB/EKM/R/2012 ആയി രജിസ്റ്റർ ചെയ്ത ഷോജിഷാജി കൊലപാതക കേസിൽ ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

ക്രൈം ബ്രാഞ്ച് ക്രൈം നം.257/CB/EKM/R/2021 ആയി രജിസ്റ്റർ ചെയ്ത കേസിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന ആൾക്കാരെ കേന്ദ്രീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

**(ബി) ഓരോ കേസിന്റേയും അന്വേഷണ ഏജൻസിയെ സംബന്ധിച്ച വിശദാംശം നൽകുമോ;**

**(സി) അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കി കുറ്റവാളികളെ വേഗത്തിൽ കണ്ടെത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?**

(ബി &സി) ഉത്തരം '(എ)'-യിൽ ചേർത്തിരിക്കുന്നു.

**പൊതുസ്ഥലത്തെ മദ്യ ലഹരി ഉപയോഗം തടയാൻ നടപടി**

**125 (3908) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) ഇടുക്കി ജില്ലയിലെ രാജാക്കാട് മാങ്ങാത്തൊട്ടി റോഡിൽ പ്രവർത്തിച്ചുവരുന്ന ബിവറേജസ് ഔട്ട് ലെറ്റിൽനിന്നും ചിലർ മദ്യം വാങ്ങി സമീപത്തുള്ള സ്ഥാപനങ്ങളിലും പൊതുസ്ഥലത്തും, മദ്യപിച്ച്**

പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരം സംഭവങ്ങളിൽ 25 കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പോലീസ് സാന്നിദ്ധ്യവും പട്രോളിംഗും സ്ഥിരമായി ഏർപ്പെടുത്തിയിട്ടുള്ളതും സമീപത്തുള്ള സ്ഥാപനങ്ങളിലും പൊതുസ്ഥലത്തും മദ്യപിക്കുന്നവർക്കെതിരെ അബ്കാരി നിയമത്തിലെ 15-ാം വകുപ്പുപ്രകാരം നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ബി) ഭക്ഷ്യസുരക്ഷ ലൈസൻസും പഞ്ചായത്ത് ലൈസൻസും ഇല്ലാതെ ഹോട്ടലുകളെന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കഞ്ചാവുൾപ്പെടെയുള്ള മയക്കുമരുന്ന് ഉപയോഗിക്കുന്നത് തടയുന്നതിന്ന് അടിയന്തര തുടർനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഹോട്ടലുകളെന്ന പേരിൽ നടത്തപ്പെടുന്നതുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്ന് നിരന്തരം പരിശോധന നടത്തി വരുന്നുണ്ട്. കഞ്ചാവ് ഉൾപ്പെടെയുള്ള

മയക്കുമരുന്ന് ഉപയോഗമോ വിപണനമോ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

**അന്ധവിശ്വാസങ്ങളുടെ മറവിൽ പ്രവർത്തിക്കുന്ന ചൂഷണ കേന്ദ്രങ്ങൾ**

**126 (3909) ശ്രീ. കെ. ബാബു (നെന്മാറ):** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അന്ധവിശ്വാസത്തിന്റെ മറവിൽ അശാസ്ത്രീയമായ ചികിത്സകളുൾപ്പെടെ നടത്തുന്ന എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് അന്ധവിശ്വാസത്തിന്റെ മറവിൽ അശാസ്ത്രീയമായ ചികിത്സ നടത്തിയതിന് വാസന്തി അമ്മ മഠം എന്ന സ്ഥാപനത്തിനെതിരെ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| Police Station Crime No. & Section | Accused details | Present Stage |
|---|---|---|
| Malayalapuzha PS | Sobhana (A1) & | Under |

| | | |
|---|---|---|
| Crime 562/2022, u/s 420, 508, 34 IPC & 5 r/w 7 of Drugs and Magic Remedies (objectionable advertisements) Act (arrested on 13.10.2022) | Unnikrishnan (A2), Vasanthi Amma Madom, Pothippadu, Malayalapuzha | investigation |
| Malayalapuzha PS Crime 566/2022, 294(b), 341, 323, 324, 506(1), 508, 34 & 5 r/w 7 of Drugs and Magic Remedies Act 1954 (arrested on 21.10.2022) | | |

**സൈബർ കുറ്റകൃത്യങ്ങൾ തടയാൻ കൂട്ട് പദ്ധതി**

127 (3910) **<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ-ഓൺലൈൻ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന കൂട്ട് പദ്ധതിയുടെ വിശദാംശം നൽകാമോ?

26-07-2022-ൽ മുഖ്യമന്ത്രി തിരുവനന്തപുരം "കൂട്ട് 22" എന്ന പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. നൊബേൽ സമ്മാന ജേതാവായ ശ്രീ. കൈലാസ് സത്യാർത്ഥിയുടെ നേതൃത്വത്തിലുള്ള ഓർഗനൈസേഷനായ ബച്ച്പൻ ബച്ചാവോ ആന്ദോളൻ (Bachpan bachao andolan) എന്ന സംഘടനയോടൊപ്പം വിവിധ എൻ.ജി.ഒ.-കളുടെ സഹായത്തോടെ കേരളാ പോലീസ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. സൈബർ ഇടങ്ങളിലെ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനായി പ്രത്യേക അവബോധനവും ലൈംഗിക ചൂഷണത്തിന് വിധേയരാകുന്ന കുട്ടികൾക്ക് ആവശ്യമായ മാനസിക / സാമൂഹിക പിന്തുണയും നല്കി കുട്ടികളെ ഉത്തമ പൗരന്മാരാക്കുന്നതിനാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. അതിജീവിതമാരുടെ മാതാപിതാക്കൾക്കും മറ്റ് കുടുംബാംഗങ്ങൾക്കും ആവശ്യാനുസരണം കൗൺസിലിംഗും ബോധവത്കരണവും നൽകി വരുന്നു. ആദ്യഘട്ടത്തിൽ

തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നീ നാല് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

പദ്ധതിയുടെ ആദ്യഘട്ടത്തിൽ പോക്സോ കേസ് അതിജീവിതരുടെ ഭവനസന്ദർശനം നടത്തി കൗൺസിലിംഗ് നടത്തിയിട്ടുള്ളതും ഈ കുട്ടികൾക്ക് ആവശ്യമായ പഠനസഹായങ്ങളും Victim Compensation-നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടത്തിവരുന്നു. നിയമ സഹായം ആവശ്യമായ കേസുകളിൽ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി വഴി ആവശ്യമായ സഹായം ഉറപ്പുവരുത്താനും സാധിച്ചു.

വനിതാ ശിശു വികസന വകുപ്പിന്റെ 'വർണ്ണച്ചിറകുകൾ' കുട്ടികലോത്സവം നടന്ന അവസരത്തിൽ 2000 കുട്ടികൾക്ക് സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് അവബോധം നൽകുകയും ചെയ്തിട്ടുണ്ട്.

## പോലീസ് പിടിച്ചെടുത്ത വാഹനങ്ങളുടെ വിവരങ്ങൾ

128(3911) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത് സ്റ്റേഷൻ പരിസരത്തും മറ്റു സ്ഥലങ്ങളിലുമായി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

വിവിധ കേസുകളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത് സ്റ്റേഷൻ പരിസരത്തും മറ്റു സ്ഥലങ്ങളിലുമായി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) കുറ്റകൃത്യങ്ങളുടെ ഭാഗമായി വാഹനം പിടിച്ചെടുത്താൽ പോലീസ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേസ്സുകളുടെ അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുക്കപ്പെട്ട വാഹനങ്ങളുടെ കസ്റ്റഡി ആവശ്യമില്ലാത്തപക്ഷം സ്വീഷർ മഹസർ തയ്യാറാക്കി വാഹനങ്ങൾ രസീതുവാങ്ങി വിട്ടുകൊടുക്കുന്നതാണ്. മറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടിക്രമങ്ങൾ ആവശ്യമുണ്ടെങ്കിൽ ആയതിനെ സംബന്ധിക്കുന്ന റിപ്പോർട്ട് ബന്ധപ്പെട്ട കോടതികൾക്ക് സമർപ്പിക്കുന്നു. തുടർന്ന് ടി വാഹനങ്ങളുടെ ഉടമകൾക്ക് 451 CrPC പ്രകാരം ബന്ധപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് ഫോട്ടോഗ്രാഫുകളെടുത്ത് ബഹുമാനപ്പെട്ട കോടതി നിർദ്ദേശാനുസരണം Inventory തയ്യാറാക്കി വാഹനം വിട്ടുകൊടുക്കാവുന്നതാണ്. Abkari Act പ്രകാരമുള്ള കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ സെക്ഷൻ 67(B)പ്രകാരം ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് കണ്ടുകെട്ടൽ നടപടികൾക്കായി കൈമാറാവുന്നതാണ്.

(സി) പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷൻ പരിസരത്തും മറ്റു പല സ്ഥലങ്ങളിലും കിടന്ന് നശിക്കുന്നതും മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നതും പരിഗണിച്ച് കോടതി നടപടികൾക്കായി ആവശ്യമുള്ളത് ഒഴികെയുള്ള വാഹനങ്ങൾ ലേലം ചെയ്തു നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാർ പുറപ്പെടുവിച്ച 11-09-2018-ലെ (പി)60/2018/ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ലേലം ചെയ്തുവരുന്നു. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും ഏൽപ്പിച്ച് നൽകി 14-11-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗത്തിൽ അവലോകനവും ചെയ്യുന്നുണ്ട്.

കേസുകളിൽപ്പെട്ട വാഹനങ്ങളുടെ വേഗത്തിലുള്ള ഡിസ്പോസലിനായി കോടതിയിൽ നിന്നും അനുമതി നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്നതിനും എന്നിട്ടും അനുമതി ലഭിക്കാത്തപക്ഷം ഇക്കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ

ശ്രദ്ധയിൽപ്പെടുത്തി അനുമതി നേടിയെടുക്കുന്നതിന്, കേസുകളുടെയും വാഹനങ്ങളുടെയും വിശദാംശങ്ങൾ സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉടമകൾ രേഖകൾ ഹാജരാക്കി കൈപ്പറ്റാത്ത വാഹനങ്ങൾ പോലീസിന് ഉപയോഗിക്കാൻ സംവിധാനം ഉണ്ടാകണമെന്ന നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2011-ലെ കേരള പോലീസ് ആക്ട് വകുപ്പ് 56(7) പ്രകാരം അവകാശികളില്ലാത്ത ജംഗമ വസ്തുവകകൾ (unclaimed movable articles), ഔദ്യോഗിക ആവശ്യങ്ങൾക്കായി വാങ്ങേണ്ടി വരുമായിരുന്നവയ്ക്ക് പകരമായി പോലീസ് വകുപ്പിൽ ഉപയോഗിക്കുകയോ ലേലത്തിൽ വിൽക്കുകയോ ചെയ്യാവുന്നതാണ്.

**താമരശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 0687/2022 നമ്പർ എഫ്.ഐ.ആർ.**

129 (3912) <u>ശ്രീ. പി. ടി. എ. റഹീം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 0687/2022 നമ്പർ എഫ്.ഐ.ആർ.-ൽ ഉൾപ്പെട്ട പ്രതികളുടെ പേരും വിലാസവും ലഭ്യമാക്കുമോ; ഇവർക്കെതിരെയുള്ള പരാതിയുടെ വിശദാംശം നൽകാമോ?

ഷോബൽ തോമസ് എന്നയാൾ ഡയറക്ടറായുള്ള താമരശ്ശേരി മലബാർ പ്രൊഡ്യൂസ് & റബ്ബർ കമ്പനിയിലേക്ക് 05-12-2022-ൽ 4.00 മണിക്ക് പ്രതികൾ അതിക്രമിച്ച് കയറി ടിയാൻ സഞ്ചരിച്ചിരുന്ന കാർ തടഞ്ഞുനിർത്തി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അന്യായക്കാരനായ ഷോബൽ തോമസ് സമർപ്പിച്ച പരാതിയിൽ താമരശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 0687/2022 നമ്പർ എഫ്.ഐ.ആർ-ലെ ഒന്നാം പ്രതി റഫീക്ക് (S/o സെയ്ഫുദ്ദീൻ, കല്ലാരം കെട്ടിൽ ഹൗസ്, അമ്പായത്തോട്, താമരശ്ശേരി), രണ്ടാം പ്രതി ജിഷ്ണു വിനോദ് (S/o വിനോദൻ, കാറ്റാടി കുന്നമ്മൽ ഹൗസ്, താമരശ്ശേരി പി.ഒ), മൂന്നാം

പ്രതി ഫിർദൌസ് കെ. കെ. (S/o അബ്ദുൾ കരീം, ഒറ്റപിലാക്കിൽ ഹൗസ്, താമരശ്ശേരി പി.ഒ.) എന്നിവരാണ്. ടി കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൽ കരീം വധക്കേസിലെ പ്രതികളുമായി 0687/2022 നമ്പർ കേസിലെ പ്രതികൾക്ക് ബന്ധമുണ്ടോ; വിശദമാക്കാമോ?

താമരശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം.0687/2022 കേസിലെ പ്രതികളായ റഫീക്ക്, ഫിർദൌസ് എന്നിവർ ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലിരിക്കുന്ന (CBCR No.58/CB/KKD&WYD/14) എരഞ്ഞോണ അബ്ദുൾ കരീം വധക്കേസിലെയും പ്രതികളാണ്.

(സി) ഒരു കേസിൽ കോടതിയുടെ കർശന ഉപാധികളോടെ ജാമ്യത്തിലിറങ്ങിയ പ്രതികൾ മറ്റ് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പക്ഷം ജാമ്യം റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

ജാമ്യം അനുവദിക്കുന്ന സമയത്ത് കോടതി ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രതികൾ പ്രവർത്തിക്കുന്ന പക്ഷം ജാമ്യം

റദ്ദ് ചെയ്ത് ഉത്തരവാകുന്നതിനുവേണ്ടി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കോഴിക്കോട് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്ന എരഞ്ഞോണ അബ്ദുൾ കരീം വധക്കേസ്സിലെ (CBCR No.58/CB/KKD&WYD/14) പ്രതികളായ ഫിർദൌസ്, റഫീക് എന്നിവർ താമരശ്ശേരി ക്രൈം നം.687/22 കേസ്സിൽ ഉൾപ്പെട്ടതായി അറിവായിട്ടുള്ളതിനാൽ ഇതുസംബന്ധിച്ച് താമരശ്ശേരി പോലീസിനോട് ക്രൈംബ്രാഞ്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ പ്രതികൾ ജാമ്യവ്യവസ്ഥ ലംഘിച്ചതായി കാണുന്നപക്ഷം ജാമ്യം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം കേന്ദ്രീകരിച്ച് ട്രാഫിക് പോലീസ് സ്റ്റേഷൻ**

**130 (3913) <u>ശ്രീ. ലിന്റോ ജോസഫ്</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം കേന്ദ്രീകരിച്ച് ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ട്രാഫിക് പോലീസ് സ്റ്റേഷനുകളുടെ അധികാരങ്ങൾ ലോക്കൽ പോലീസ് സ്റ്റേഷനുകൾക്ക് കൈമാറിക്കൊണ്ട് അവയെ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി പുനർനാമകരണം ചെയ്തിട്ടുണ്ട്. പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രസ്തുത ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

'(എ)' -യിൽ ചേർത്തിട്ടുണ്ട്.

**കണ്ണൂർ ജില്ലയിലെ മയ്യിൽ പോലീസ് സ്റ്റേഷന് കെട്ടിടം**

**131 (3914) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**കണ്ണൂർ ജില്ലയിലെ മയ്യിൽ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിക്കപ്പെട്ട സ്ഥലത്ത് ആയത് നിർമ്മിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?**

വാർഷിക പദ്ധതിയിൽ പരിഗണിക്കുന്നതിനായി മയ്യിൽ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കണ്ണൂർ സിറ്റി ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

**എരുമേലി പോലീസ് ഡിറ്റാച്ച്മെന്റ് ക്യാമ്പിന്റെ സംരക്ഷണഭിത്തി നിർമ്മാണം**

132 (3915) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിലുള്ള കേരള ആംഡ് പോലീസ് 5-ാം ബറ്റാലിയന്റെ ഡിറ്റാച്ച്മെന്റ് ക്യാമ്പ് കെട്ടിടത്തിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

31-12-2022-ൽ ചേർന്ന കോട്ടയം ജില്ലാ വികസന സമിതി യോഗം പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിലുള്ള കേരള ആംഡ് പോലീസ് 5-ാം ബറ്റാലിയന്റെ ഡിറ്റാച്ച്മെന്റ് ക്യാമ്പിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി കോട്ടയം ജില്ലാ പോലീസ് മേധാവിയെ

ചുമതലപ്പെടുത്തിയിട്ടുള്ളതും ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് കോട്ടയം ജില്ലാ പോലീസ് മേധാവി കത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത ക്യാമ്പിന്റെ 25 അടി ഉയരത്തിലുള്ള മൺതിട്ട തകർന്നതുമൂലം ക്യാമ്പ് കെട്ടിടത്തിനും സമീപത്തുള്ള വീടുകൾക്കും അപകട ഭീഷണിയുള്ളതിനാൽ ക്യാമ്പ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന് സംരക്ഷണഭിത്തി അടിയന്തരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മറുപടി (എ)-യിൽ നൽകിയിട്ടുണ്ട്.

**ഡി. ജി. പി.ക്ക് നൽകിയ പരാതി**

133 (3916) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ അഞ്ചൽ വയല കൊടിവിള വീട്ടിൽ അബ്ദുൽ സലാമിനെ അദ്ദേഹത്തിന്റെ മകൻ റെജി ശാരീരികമായി

ഉപദ്രവിക്കുന്നുവെന്ന് കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഈ വിഷയം സംബന്ധിച്ച് അബ്ദുൽ സലാം 26-11-2022-ൽ കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ കടയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം. നമ്പർ 1860/2022 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. 28-01-2023-ൽ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേലും കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി മുഖാന്തരം അന്വേഷണം നടത്തിയിട്ടുണ്ട്. മേൽ കേസിൽ പ്രതിക്കെതിരെ Sec 323, 294(b) IPC & Sec 24 of Maintenance and Welfare of Parents and Senior Citizens Act 2007 പ്രകാരമുള്ള കുറ്റങ്ങൾ ചുമത്തി പ്രതിയുടെ പൂർണ്ണവിവരങ്ങൾ ചേർത്ത് കേസന്വേഷണം പൂർത്തിയാക്കി 18-02-2023-ൽ ബഹുമാനപ്പെട്ട ജൂഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) അബ്ദുൽസലാം 28-01-2023-ൽ ഡി.ജി.പി.ക്ക് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ നൽകിയ പ്രസ്തുത പരാതിയിന്മേൽ പ്രതിയുടെ പേരില്ലാതെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അബ്ദുൽ സലാമിന്റെ പേരിലുണ്ടായിരുന്ന സ്ഥലം മകൻ റെജി വ്യാജ പ്രമാണം ചമച്ച് തട്ടിയെടുത്തുവെന്ന പരാതിയിന്മേൽ കടയ്ക്കൽ പോലീസ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പരാതികൾ ഒരു ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി-ഡി) ഉത്തരം '(എ)'-യിൽ ചേർത്തിട്ടുണ്ട്.

**സി-ഡിറ്റിലെ വിജിലൻസ് അന്വേഷണം.**

134(3917) **<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായ വിവിധ വിഷയങ്ങളിന്മേൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് സി-ഡിറ്റിലെ തൊഴിലാളി സംഘടനയായ സി-ഡിറ്റ്

എംപ്ലോയീസ് ഓർഗനൈസേഷൻ (സി.ഇ.ഒ) നമ്പർ: സി.ഇ.ഒ/2020/31 (തീയതി 01.12.2020) സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിവേദനത്തിൽ ഏതൊക്കെ വിഷയങ്ങളിന്മേലാണ് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി & സി) പ്രസ്തുത നിവേദനം പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ വിജിലൻസ് പരിശോധനകൾ**

135 (3918) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ വിജിലൻസ് വിവിധ വകുപ്പുകളിലായി എത്ര മിന്നൽ പരിശോധനകളും ട്രാപ്പും നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ വിവിധ വകുപ്പുകളിലായി 181 മിന്നൽ പരിശോധനകളും 4 ട്രാപ്പും നടത്തിയിട്ടുണ്ട്. മിന്നൽ പരിശോധനകളുടെയും ട്രാപ്പ് കേസുകളുടെയും വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇതിന്റെ ഭാഗമായി എത്ര പേരെ പിടികൂടിയിട്ടുണ്ട്; എത്ര പേരുടെ പേരിൽ നടപടിയെടുക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ട്രാപ്പ് കേസുകളിൽ 6 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2 ട്രാപ്പ് കേസുകളുടെ അന്വേഷണം പൂർത്തിയാക്കി 3 പേർക്കെതിരെ പ്രോസിക്യൂഷൻ ശിപാർശ നൽകുകയും 2 ട്രാപ്പ് കേസുകളിൽ അന്വേഷണം നടന്നു വരികയും ചെയ്യുന്നു. മിന്നൽ പരിശോധനകളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 217 ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും 20 ഉദ്യോഗസ്ഥർക്കെതിരെ പ്രാഥമിക അന്വേഷണം നടത്തുവാനും ശിപാർശ ലഭ്യമായിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വിജിലൻസ് കേസുകളിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥക്കെതിരെ നടപടി**

**136(3919) ശ്രീമതി കെ. കെ. രമ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) 2016 മുതൽ അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകളിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്?**

2016 മുതൽ അഴിമതിയുമായി ബന്ധപ്പെട്ട് 2019 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(ബി) ഇതിൽ എത്രപേർക്കെതിരെയാണ് ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുള്ളത്; ശിക്ഷാ നടപടികളും സർക്കാർ വകുപ്പുകളും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?**

ഇതിൽ 7 പേർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| **വകുപ്പ്** | **ഉദ്യോഗസ്ഥരുടെ എണ്ണം** | **നടപടി** |
|---|---|---|
| എം.ജി. സർവ്വകലാശാല | 1 | സർവ്വീസിൽ നിന്നും പിരിച്ചു വിട്ടു |
| പോലീസ് | 2 | സർവ്വീസിൽ നിന്നും പിരിച്ചു വിട്ടു |
| വ്യവസായം | 1 | സർവ്വീസിൽ നിന്നും പിരിച്ചു വിട്ടു |
| കൺസ്യൂമർഫെഡ് (സഹകരണ വകുപ്പ്) | 1 | സർവ്വീസിൽ നിന്നും പിരിച്ചു വിട്ടു |

| | | |
|---|---|---|
| ട്രഷറി | 1 | സർവ്വീസിൽ നിന്നും പിരിച്ചു വിട്ടു |
| റവന്യൂ | 1 | സർവ്വീസിൽ നിന്നും പിരിച്ചു വിട്ടു |

(സി) കേസ്സെടുത്തശേഷം നാളിതുവരെയും നടപടികൾ പൂർത്തിയാക്കാത്ത കേസുകൾ എത്രയാണ്; കേസെടുത്ത വർഷവും ജില്ലയും വകുപ്പും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കേസ്സെടുത്തശേഷം നാളിതുവരെയും നടപടികൾ പൂർത്തിയാക്കാത്ത 583 കേസുകൾ നിലവിലുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഈ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; പിരിച്ചുവിട്ട ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്; ജില്ലയും വകുപ്പും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| **ജില്ല** | **വകുപ്പ്** | **പിരിച്ചുവിട്ടവരുടെ എണ്ണം** |
|---|---|---|
| കോട്ടയം | എം. ജി. സർവ്വകലാശാല | 1 |
| ഇടുക്കി | പോലീസ് | 2 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| പത്തനംതിട്ട | റവന്യൂ | 1 |
| തിരുവനന്തപുരം | വ്യവസായം | 1 |
| തിരുവനന്തപുരം | കൺസ്യൂമർഫെഡ് | 1 |
| തൃശ്ശൂർ | ട്രഷറി | 1 |

**സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി ഇല്ലാതാക്കുന്നതിന് നടപടി**

137 (3920) **ശ്രീ. കെ. ബാബു (നെന്മാറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വിജിലൻസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് വകുപ്പ് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ വിജിലൻസ് അന്വേഷണം/മിന്നൽ പരിശോധന/ ട്രാപ്പുകൾ എന്നിവ

നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങളിൽ നിന്നും സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ഇത്തരം ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആഭ്യന്തര-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന

അവസരങ്ങളിൽ ആയത് വിജിലൻസ് അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ഈ സർക്കാർ വന്നതിനുശേഷം സിവിൽ സർവ്വീസ് മേഖലയിൽ എത്ര കൈക്കൂലി കേസുകളാണ് വിജിലൻസ് പിടിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലിയുമായി ബന്ധപ്പെട്ട് 83 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കോടതികളുടെ സമയക്രമം**

**138 (3921) ഡോ. എൻ. ജയരാജ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോടതികളുടെ സമയക്രമം, അവധികളുടെ പരിഷ്കരണം എന്നിവ നടത്തുന്നതിന് സംസ്ഥാന എക്സിക്യൂട്ടീവിന് എന്തൊക്കെ അധികാരങ്ങളാണുള്ളതെന്ന് അറിയിക്കാമോ?

കേരള സർക്കാരിന്റെ അംഗീകാരത്തോടെ ഹൈക്കോടതി രൂപീകരിച്ചിട്ടുള്ള സിവിൽ റൂൾസ് ഓഫ് പ്രാക്ടീസ് പ്രകാരമാണ് കോടതികളുടെ പ്രവർത്തന സമയവും സിറ്റിംഗ് സമയവും ക്രമീകരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ കൂടി അംഗീകാരത്തോടെ ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത്.

(ബി) കോടതികളിൽ നിലവിലുള്ള നടപടിക്രമങ്ങളും സമയക്രമവും അവധികളും എന്നുമുതൽ പ്രാബല്യത്തിലുള്ളതാണെന്ന് അറിയിക്കാമോ?

'(എ)' -യിലെ ഉത്തരത്തിനു സമാനം

**കൊല്ലം കോടതി സമുച്ചയനിർമ്മാണം**

139 (3922) <u>ശ്രീ. എം. മുകേഷ്:</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ഹൈക്കോടതി രജിസ്ട്രാർ നൽകിയ പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിന്റെ നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. എന്നാൽ പിന്നീട് സ്ഥലത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് പ്ലാൻ മാറ്റി സമർപ്പിക്കുവാൻ ഹൈക്കോടതി ആവശ്യപ്പെട്ടതനുസരിച്ച് പി.ഡബ്ല്യൂ.ഡി. നടപടി സ്വീകരിച്ചുവരികയാണ്. സർക്കാരിൽ പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

**140 (3923)** <u>**ശ്രീ. കെ. കെ. രാമചന്ദ്രൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ പരിഗണിക്കുന്നതിനായി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?**

നിലവിൽ സംസ്ഥാനത്ത് SC/ST (PoA) Act പ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്കായി 5 സ്പെഷ്യൽ കോടതികൾ മഞ്ചേരി, മാനന്തവാടി, മണ്ണാർക്കാട്, കൊട്ടാരക്കര, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ കോടതികളില്ലാത്ത 9 ജില്ലകളിൽ അതത് ജില്ലകളിലെ Principal District & Sessions കോടതികൾ SC/ST സ്പെഷ്യൽ കോടതികളായി പ്രവർത്തിക്കുന്നു. SC/ST(PoA) നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി 12 തസ്തികകൾ വീതം സൃഷ്ടിച്ചുകൊണ്ട് തിരുവനന്തപുരത്തും

തൃശ്ശൂരിലും 2 പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ തൃശ്ശൂരിൽ അനുവദിച്ച പ്രത്യേക കോടതി 20-02-2023 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ അയ്യന്തോളിലെ സിവിൽ സ്റ്റേഷൻ കോംപ്ലക്സിലെ ഒഴിഞ്ഞുകിടക്കുന്ന മുറികൾ പ്രയോജനപ്പെടുത്തി പ്രസ്തുത കോടതി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

'(എ)' -യിലെ ഉത്തരത്തിന് സമാനം.

**കുടുംബ കോടതികളിലെ പരിഹരിക്കപ്പെടാത്ത കേസുകൾ**

141 (3924) <u>ശ്രീമതി യു. പ്രതിഭ:</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കുടുംബ കോടതികളിൽ പരിഹരിക്കപ്പെടാതെ കിടക്കുന്ന കേസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ കുടുംബ കോടതികളിൽ പരിഹരിക്കപ്പെടാതെ കിടക്കുന്ന കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**വധശിക്ഷയുടെ വിവരങ്ങൾ**

142 (3925) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവിക്കുശേഷം കേരളത്തിൽ എത്ര പേർക്ക് വധശിക്ഷ നടപ്പാക്കി; വ്യക്തമാക്കാമോ?

കേരളപ്പിറവിക്കുശേഷം കണ്ണൂർ സെൻട്രൽ ജയിലിൽ 26 പേരുടെ വധശിക്ഷ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ വധശിക്ഷ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കാലപ്പഴക്കത്താൽ ഇതുസംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ല.

(ബി) ഏതെല്ലാം വർഷം, ഏതൊക്കെ ജയിലിൽ എന്ന വിവരം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ സെൻട്രൽ ജയിലിൽ നടപ്പിലാക്കിയ വധശിക്ഷയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(സി) അവസാനമായി കേരളത്തിൽ വധശിക്ഷ നടപ്പാക്കിയ വർഷം ഏതെന്ന് വ്യക്തമാക്കാമോ?

1991

(ഡി) നിലവിൽ അന്തിമ വിധി വന്നശേഷം എത്ര ആളുകൾ വധശിക്ഷ കാത്ത് ജയിലിൽ കഴിയുന്നുണ്ട്; ഏതെല്ലാം കേസുകളിലാണ് ശിക്ഷിക്കപ്പെട്ടതെന്നും ഏത് വർഷത്തിലാണ് വധശിക്ഷക്കുള്ള അന്തിമ വിധി വന്നതെന്നും അറിയിക്കുമോ?

നിലവിൽ അന്തിമവിധി വന്നശേഷം വധശിക്ഷ കാത്ത് കഴിയുന്ന ആരും തന്നെ ജയിലിൽ കഴിയുന്നില്ല.

**കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റുകൾ**

143 (3926) **ശ്രീ. അനൂപ് ജേക്കബ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ സർട്ടിഫിക്കറ്റുകൾ നൽകുന്ന കാര്യത്തിൽ വൻ തട്ടിപ്പ് നടക്കുന്നതായുള്ള ആഭ്യന്തര വിജിലൻസിന്റെ കണ്ടെത്തൽ സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആഭ്യന്തര വിജിലൻസിന്റെ ഇത്തരത്തിലുള്ള പരിശോധനാ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) സ്കൂളുകൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്ക് പരിശോധന നടത്താതെ സർട്ടിഫിക്കറ്റ് നൽകിയത് വൻ അപകട സാധ്യത വരുത്തുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പരിശോധന നടത്താതെ അഗ്നിരക്ഷാ സേവന വകുപ്പിൽ നിന്നും സർട്ടിഫിക്കറ്റ് നൽകുന്നില്ല.

(സി) ഇക്കാര്യത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാസർഗോഡ് ജില്ലാ ഫയർ ഓഫീസർ ശ്രീ. ബി. രാജ് കെട്ടിടങ്ങൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചതിൽ വീഴ്ച വരുത്തിയെന്ന ആരോപണത്തെ തുടർന്ന് വകുപ്പുതലത്തിൽ അന്വേഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഈരാറ്റുപേട്ട ഫയർ സ്റ്റേഷൻ നിർമ്മാണം**

144 (3927) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ടയിലെ നിലവിലുള്ള ഫയർ സ്റ്റേഷൻ കെട്ടിടത്തിൽ സൗകര്യങ്ങൾ പരിമിതമായതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ മുകൾനിലയിൽ ആവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) ഉണ്ട്. ഈരാറ്റുപേട്ട ഫയർ സ്റ്റേഷനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ മുകൾ വശം ട്രെസ്സ് വർക്ക് ചെയ്ത് റെസ്റ്റ് റൂം, സ്റ്റോർ റൂം എന്നിവ നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പുതിയ സാമ്പത്തിക വർഷം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറലിന് നല്കിയിട്ടുണ്ട്.

**തളിപ്പറമ്പ് ഫയർ സ്റ്റേഷന് കെട്ടിടം**

145 (3928) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിക്കപ്പെട്ട സ്ഥലത്ത് ആയത് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തളിപ്പറമ്പ് താലൂക്ക് കറ്റ്യേരി വില്ലേജ് റീ-സർവ്വേ നം.39/3-ൽപ്പെട്ട പ്രസ്തുത 40 സെന്റ് ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ പ്ലാൻ അഗ്നിരക്ഷാ സേവന വകുപ്പ് മേധാവി അംഗീകരിച്ച് തുടർനടപടികൾക്കായി തളിപ്പറമ്പ്, പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിരിക്കുകയാണ്.

**അരൂർ ഫയർ സ്റ്റേഷൻ**

**146 (3929) ശ്രീമതി ദെലീമ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) അരൂർ മണ്ഡലത്തിലെ അരൂർ ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?**

അരൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ലഭിച്ച അരൂർ വില്ലേജിൽ സർവ്വേ നം.409/5-ൽപ്പെട്ട 17.78 സെന്റ് സ്ഥലത്തിൽ കൈവശ വിസ്തീർണ്ണം 13.5 സെന്റാണ്. ലഭ്യമായ 13.5 സെന്റ് സ്ഥലത്ത് അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന്

പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയ പ്ലാൻ അഗ്നിരക്ഷാ സേവനവകുപ്പ് മേധാവി അംഗീകരിച്ച് നിർമ്മാണ പെർമിറ്റിനായി അഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചിരുന്നു. എന്നാൽ CRZ മേഖലയിൽ ഉൾപ്പെട്ട പ്രദേശമായതിനാൽ KCZMA-യുടെ അനുമതി ആവശ്യമാണെന്നും കൂടാതെ പെർമിറ്റ് നൽകുന്നതിനുള്ള അപേക്ഷ 'സങ്കേതം' സോഫ്റ്റ് വെയറിലൂടെ ലഭ്യമാക്കണമെന്നും ഗ്രാമ പഞ്ചായത്ത് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 'സങ്കേതം' സോഫ്റ്റ് വെയറിലൂടെ 18-01-2023-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ ഗ്രാമ പഞ്ചായത്തിന്റെ പരിശോധനകൾ പൂർത്തിയായതിനുശേഷം KCZMA-യുടെ അനുമതിക്കായി അയയ്ക്കുന്നതാണ്.

**(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.സി.ഇസഡ്.എം.എ.-യുടെ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?**

പിരിവ് (എ)-യിൽ ചേർത്തിരിക്കും പ്രകാരം

**പുതുതായി അനുവദിച്ച ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ**

147(3930) **ശ്രീ. എം. രാജഗോപാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം സംസ്ഥാനത്ത് പുതുതായി എത്ര ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

25-05-2016-ന് ശേഷം സംസ്ഥാനത്ത് താഴെപറയുന്ന 8 സ്ഥലങ്ങളിൽ ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്:

കല്ലമ്പലം (തിരുവനന്തപുരം) അരൂർ (ആലപ്പുഴ), നാട്ടിക (തൃശ്ശൂർ), കോങ്ങാട്, കൊല്ലങ്കോട്, പട്ടാമ്പി (പാലക്കാട്), താനൂർ (മലപ്പുറം) കൊയിലാണ്ടി (കോഴിക്കോട്)

കൂടാതെ താഴെപറയുന്ന 10 സ്ഥലങ്ങളിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്:

ഉള്ളൂർ, പാലോട് (തിരുവനന്തപുരം), മാവൂർ (കോഴിക്കോട്), ചീമേനി (കാസർഗോഡ്), തൊണ്ടർനാട്, പനമരം, വൈത്തിരി (വയനാട്), രാജാക്കാട് (ഇടുക്കി), ആറന്മുള (പത്തനംതിട്ട), നേര്യമംഗലം (എറണാകുളം)

(ബി) ചീമേനി ഫയർ സ്റ്റേഷന്റെ പ്രവർത്തനമെന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പ് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയ്ക്ക് ലീസിന് നൽകിയ ചീമേനി വില്ലേജിലെ സ്ഥലം ചീമേനി അഗ്നിരക്ഷാ നിലയം ആരംഭിക്കുന്നതിനായി അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ലഭിക്കുന്നതിന് വകുപ്പ് മേധാവി ഒപ്പിട്ട അർത്ഥനാപത്രം കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. സ്ഥലം വകപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി ആവശ്യമായ കെട്ടിടം നിർമ്മിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ചീമേനിയിൽ ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

**ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടി**

**148(3931)** **<u>ശ്രീ. എം. രാജഗോപാലൻ</u>:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ സ്റ്റേഷൻ ഇല്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത

താലൂക്കിലെ ഭീമനടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

**സെൻട്രൽ ജയിലിൽ ഉദ്യോഗസ്ഥരുടെ ക്രമക്കേടുകൾ**

**149(3932)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഉദ്യോഗസ്ഥരുടെ ക്രമക്കേടുകൾക്ക് സഹായം ചെയ്യുന്ന തടവുപുള്ളികൾക്ക് ഉദ്യോഗസ്ഥർ തന്നെ ലഹരി വസ്തുക്കളെത്തിച്ച് നൽകുന്നതായി സഹതടവുകാർ മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സുകളിൽ

നിന്നും ജയിൽ അധികൃതർ നടത്തിയ പരിശോധനയിൽ എത്ര തവണ കഞ്ചാവും മറ്റ് ലഹരിവസ്തുക്കളും പിടിച്ചെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോ തവണയും പിടിച്ചെടുത്ത അളവും കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ വിവരവും വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സെൻട്രൽ ജയിലിനുള്ളിൽ ലഹരി മാഫിയയായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് രാഷ്ട്രീയ സംരക്ഷണം നൽകുന്നുവെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം സെൻട്രൽ ജയിലിലെ ക്രമക്കേടുകളെക്കുറിച്ച് നിരവധി ആക്ഷേപങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ ആയത് സംബന്ധിച്ച് പരിശോധിക്കുന്നതിനും തടവുകാരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനുമായി അടിയന്തരമായി ഒരു അന്വേഷണ സംഘത്തെ നിയോഗിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-ഡി) വിവിധ കാലയളവുകളിൽ തടവുകാർ ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ പരാതിയും പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.

29-06-2021-ൽ ബോസ് എന്ന അസിസ്റ്റന്റ് പ്രിസൺ ഓഫീസറുടെ താമസസ്ഥലത്ത് ജയിലുദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ പുകയില വസ്തുക്കൾ കണ്ടെത്തിയ സംഭവത്തെത്തുടർന്ന് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും വിയ്യൂർ അതീവ സുരക്ഷാ ജയിലിലേക്ക് സ്ഥലം മാറ്റുകയും തുടർന്ന് സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

**തേവൻകോട്ടിൽ പുതിയ ജയിൽ ആരംഭിക്കാൻ നടപടി**

**150(3933) ശ്രീ. സി. കെ. ഹരീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ ജയിൽ സ്ഥാപനങ്ങളിൽ പാർപ്പിക്കാവുന്ന അന്തേവാസികളുടെ അംഗീകൃതശേഷിയും നിലവിൽ

പാർപ്പിച്ച് വരുന്ന അന്തേവാസികളുടെ എണ്ണവും ജയിൽ തിരിച്ച് അറിയിക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) കാട്ടാക്കട പോലീസ് സബ് ഡിവിഷൻ കേന്ദ്രീകരിച്ച് ജയിൽ വകുപ്പിന്റെ കൈവശമുള്ള നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ ഭാഗമായുള്ള തേവൻകോട്ടിൽ പുതിയ ജയിൽ ആരംഭിക്കുന്നതിന് ജയിൽ വകുപ്പ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഫയൽ നമ്പരും ഇതുവരെ സ്വീകരിച്ച നടപടിയും അറിയിക്കാമോ;

(സി) ജില്ലയിലെ വിവിധ ജയിലുകളിലെ അന്തേവാസികളുടെ ബാഹുല്യം കണക്കിലെടുത്ത് നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ ഭാഗമായുള്ള തേവൻകോടിൽ റിമാൻഡ് തടവുകാരെ പാർപ്പിക്കുന്നതിന് പുതിയ ജയിൽ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

(ബി & സി) പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ലഭ്യമാക്കിയ പ്രൊപ്പോസൽ ബി2/27/2023/ആഭ്യന്തരം ഫയലിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. സംസ്ഥാനത്ത് പുതിയ ജയിലുകളാരംഭിക്കുന്ന കാര്യത്തിൽ നിലവിൽ ഒരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

(ഡി) ജയിൽ വകുപ്പിന്റെ ദക്ഷിണ മേഖലയിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് പുതിയ ജയിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ഫയൽ നമ്പരും അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

നെടുമങ്ങാട് നഗരസഭയുടെ അധികാര പരിധിയിൽപ്പെട്ട കഞ്ചിക്കോട് ഭാഗത്ത് ഒരു സ്പെഷ്യൽ സബ് ജയിലും പത്തനംതിട്ട ജില്ലയിൽ ഒരു തുറന്ന ജയിലും ഒരു സ്പെഷ്യൽ സബ് ജയിലും നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ തേവൻകോട് ഭാഗത്ത് ഒരു റൂറൽ ജില്ലാ ജയിലും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. അവയിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

**<u>ഫയൽ നമ്പർ</u>**

1) നെടുമങ്ങാട് സ്പെഷ്യൽ സബ് ജയിൽ- ബി2/530/2018/ആഭ്യന്തരം

2)പത്തനംതിട്ട ജില്ലയിൽ തുറന്ന ജയിൽ- ബി2/75/2020/ആഭ്യന്തരം

3)പത്തനംതിട്ട ജില്ലയിൽ സ്പെഷ്യൽ സബ് ജയിൽ - ബി2 /1/ 2023/ ആഭ്യന്തരം

4)തിരുവനന്തപുരം റൂറൽ ജില്ലാ ജയിൽ -ബി2/27/2023/ആഭ്യന്തരം

**തിരുവനന്തപുരം സെൻട്രൽ ജയിലിലെ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി**

**151(3934)** **ശ്രീ. റോജി എം. ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ അന്തേവാസികൾക്കായി വരുന്ന ഭക്ഷ്യസാധനങ്ങൾ ഉദ്യോഗസ്ഥർ മറിച്ച് വിൽക്കുന്നതായി ആക്ഷേപമുയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം അറിയിക്കുമോ?**

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തടവുകാർക്ക് ഒരു ദിവസം നൽകേണ്ട ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ ലിസ്റ്റ് എല്ലാ ബ്ലോക്കുകളിലും നിലവിൽ പ്രദർശിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം പ്രദർശിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തടവുകാർക്ക് ദിവസവും നൽകേണ്ട ഭക്ഷണത്തിന്റെ മെനുവും ഭക്ഷണപദാർത്ഥങ്ങളുടെ അളവും സംബന്ധിച്ചുള്ള വിവരങ്ങൾ തടവുകാർക്ക് കാണാൻ പറ്റുന്ന തരത്തിൽ എല്ലാ ബ്ളോക്കുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ജയിലിനുള്ളിൽ മരാമത്ത് പണികളിൽ ക്രമക്കേട് നടത്തി ഉദ്യോഗസ്ഥർ പണം തട്ടുന്നതായി ആക്ഷേപം ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തിരുവനന്തപുരം സെൻട്രൽ ജയിലിൽ നടന്ന മരാമത്ത് പണികളെക്കുറിച്ച് അന്വേഷണത്തിന് ഉത്തരവ് നൽകുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) പ്രസ്തുത ജയിലിനുള്ളിൽ അന്തേവാസികളെ പലതരം ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുവാൻ ഉദ്യോഗസ്ഥർ നിർബന്ധിക്കുന്നതായും അതിന് താല്പര്യപ്പെടാത്തവരെയും പരാതികൾ ഉന്നയിക്കാൻ ശ്രമിക്കുന്നവരെയും ക്രൂരമായി പീഡിപ്പിക്കുന്നതായും ആക്ഷേപം ഉയർന്നിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസികളെ പലതരം ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുവാൻ ഉദ്യോഗസ്ഥർ നിർബന്ധിക്കുന്നതായും അതിന് താൽപര്യപ്പെടാത്തവരേയും പരാതികൾ ഉന്നയിക്കാൻ ശ്രമിക്കുന്നവരേയും ക്രൂരമായി പീഡിപ്പിക്കുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉദ്യോഗസ്ഥർ തടവുകാർക്കെതിരെ ലൈംഗിക അതിക്രമം ഉൾപ്പെടെയുള്ള ക്രൂരതകൾ കാട്ടുന്നതായി ആക്ഷേപം ഉയർന്നിട്ടുള്ളത് പരിഗണിച്ച് പ്രസ്തുത ജയിലിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉദ്യോഗസ്ഥർ തടവുകാർക്കെതിരെ ലൈംഗിക അതിക്രമം ഉൾപ്പെടെയുള്ള ക്രൂരതകൾ കാട്ടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാനത്തെ ജയിലുകളിലുള്ള ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് നടപടി

**152(3935) ശ്രീ. യു. എ. ലത്തീഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) സംസ്ഥാനത്തെ ജയിലുകളിലുള്ള ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിലേയ്ക്കായി എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ; ഒരു ഫാർമിസിസ്റ്റ് മാത്രം ഉള്ള ജയിൽ ആശുപത്രികൾ സംസ്ഥാനത്ത് എത്രയെണ്ണം ഉണ്ടെന്ന് വ്യക്തമാക്കുമോ?**

ജയിലുകളിലുള്ള ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിലേയ്ക്കായി 39 ഉദ്യോഗസ്ഥരെ നിയമിച്ചിട്ടിട്ടുണ്ട്. ഒരു ഫാർമസിസ്റ്റ് മാത്രമുള്ള 11 ജയിൽ സ്ഥാപനങ്ങൾ ഉണ്ട്.

**(ബി) സംസ്ഥാനത്തെ ജയിലുകളിലെ ആശുപത്രിയിൽ സഹായിയായി എത്ര തടവുകാരെ നിയോഗിച്ചിട്ടുണ്ട്; ജില്ല തിരിച്ചും ജയിൽ ഇനം തിരിച്ചുമുള്ള കണക്കുകൾ നൽകാമോ?**

1. സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം – 8 പേർ

2. സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ, തൃശ്ശൂർ – 12 പേർ

3. സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ – 15 പേർ

4. തുറന്ന ജയിൽ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി, തിരുവനന്തപുരം – ഒരാൾ

5. ജില്ലാ ജയിൽ, കോഴിക്കോട് – ഒരാൾ

(സി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ മേസ്തിരിയായ തടവുകാരൻ ആശുപത്രിയിൽ സഹായിയായി എത്ര വർഷമായി തുടരുന്നുവെന്ന് അറിയിക്കാമോ; പ്രസ്തുത വ്യക്തി തടവുകാർക്ക് മരുന്ന് നിർദേശിക്കുന്നുണ്ടോ; ജയിൽ ആശുപത്രിയിൽ പ്രസ്തുത വ്യക്തിയാണോ ആശുപത്രി തീരുമാനങ്ങൾ എടുക്കുന്നത്; ആശുപത്രിയിലെ കോടതി രേഖകൾ കൈകാര്യം ചെയ്യുന്നത് പ്രസ്തുത വ്യക്തിയാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം സെൻട്രൽ ജയിൽ ആശുപത്രിയിൽ പ്രസ്തുത വ്യക്തിയാണ് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതെന്ന്

പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത വ്യക്തിയെ കുറിച്ചുള്ള പരാതിയിന്മേൽ സൂപ്രണ്ട് സ്വീകരിച്ച നടപടി വിശദമാക്കുമോ?

(സി & ഡി) തിരുവനന്തപുരം സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം ആശുപത്രിയിൽ മേസ്തിരി പദവിയിൽ തടവുകാരെ നിയോഗിച്ചിട്ടില്ല. തടവുകാർക്ക് മരുന്ന് നിർദ്ദേശിക്കുന്നതും ആശുപത്രി ഭരണം സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നതും ആശുപത്രിയിലെ കോടതി സംബന്ധമായ രേഖകൾ കൈകാര്യം ചെയ്യുന്നതും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള ജയിൽ ജീവനക്കാരാണ്.

(ഇ) സംസ്ഥാനത്ത് ജയിൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി 2022 -23 സാമ്പത്തിക വർഷത്തിൽ എത്ര രൂപ ചെലവായി; ജില്ലകൾ, ജയിലുകൾ എന്നിവ തിരിച്ചുള്ള കണക്കുകൾ നൽകാമോ?

തൃശ്ശൂർ, വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ ലാബോറട്ടറി നിർമ്മാണത്തിനായി 2022-2023 സാമ്പത്തിക വർഷം '2056-00-001-98-17

ചെറുകിട മരാമത്ത് പണികൾ' ഫണ്ടിൽ നിന്നും 2,60,000/- (രണ്ടു ലക്ഷത്തി അറുപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

(എഫ്) ഡി.എം.ഒ.-മാരുടെ ജയിലിലെ സന്ദർശന റിപ്പോർട്ടിൽ എന്തൊക്ക ന്യൂനതകൾ പറയുന്നുണ്ടെന്ന് വിശദമാക്കാമോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ജയിൽ ആശുപത്രി പ്രവർത്തന സമയം മുഴുവൻ ജയിൽ ഉദ്യോഗസ്ഥർ ഉണ്ടാകാറുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ജി) തിരുവനന്തപുരം സെൻട്രൽ ജയിലിലെ ആശുപത്രിയിലെ ഡോക്ടർ രാജേഷിനെതിരെയുള്ള വകുപ്പുതല അന്വേഷണത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; പരിചയ സമ്പന്നനായ മറ്റൊരു ഡോക്ടറെ നിയമിക്കണമെന്ന തിരുവനന്തപുരം സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ കത്ത് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം സെൻട്രൽ ജയിൽ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ഡോ. എസ്. ആർ. രാജേഷിനെതിരെ അന്തേവാസികൾ വിവിധ കോടതികൾ മുഖേനയും അല്ലാതെയും നൽകിയ പരാതികൾ കണക്കിലെടുത്ത് കൂടുതൽ പരിചയ സമ്പത്തുള്ള മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാക്കണമെന്ന് ജയിൽ സൂപ്രണ്ട് അപേക്ഷിച്ചതിന്റെയടിസ്ഥാനത്തിൽ ടിയാനെ മാറ്റി പകരം ഡോക്ടറെ നിയമിക്കേണ്ടതാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ശിപാർശ ചെയ്തിരുന്നു. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടില്ല.

**ജയിലുകളുടെ ആധുനികവൽക്കരണം**

**153(3936) <u>ശ്രീ. എം. രാജഗോപാലൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിലുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി) 2016-ലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ചീമേനി തുറന്ന ജയിലിൽ എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ &ബി) ഉത്തരം അനുബന്ധമായി+ ചേർക്കുന്നു.

**തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഔദ്യോഗിക വസതികൾ പൊളിച്ച് മാറ്റിയ സംഭവം**

154(3937) **ശ്രീ. സജീവ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്നും കഴിഞ്ഞ രണ്ടു വർഷത്തിനകം എത്ര ഔദ്യോഗിക വസതികൾ പൊളിച്ച് മാറ്റിയിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഔദ്യോഗിക വസതികൾ പൊളിച്ച് മാറ്റുമ്പോൾ കിട്ടുന്ന തടി ഉരുപ്പടികൾക്കും മറ്റു സാധനങ്ങൾക്കുമായി പൊതുമരാമത്ത് വകുപ്പ് എത്ര തുകയാണ് വില നിശ്ചയിച്ചിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം ചെലവുകൾ കഴിഞ്ഞുള്ള തുകയാണ് ഇപ്രകാരം പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ചെലവുകൾ ഉൾപ്പെടുത്താതെ പ്രസ്തുത സാധനങ്ങളുടെ വില എത്രയാണെന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കുമോ; പ്രസ്തുത കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പാണോ ജയിൽ വകുപ്പാണോ ലേലം ചെയ്തു വിൽക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ചുമാറ്റാൻ പൊതുമരാമത്ത് വകുപ്പ് ജയിൽ വകുപ്പിന് അന്തിമ അനുമതി നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് മാറ്റാൻ ജയിൽ വകുപ്പ് ഡി.ജി.പി.യോ സർക്കാരോ അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയ വിവരം ജയിൽ വകുപ്പ് ഡി.ജി.പി.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) അനുമതി ഇല്ലാതെ സർക്കാർ കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് അറിയിക്കാമോ; ഈ കാലയളവിലെ സെൻട്രൽ ജയിൽ സൂപ്രണ്ടുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരുടെ പേര് വിവരങ്ങൾ വ്യക്തമാക്കുമോ; സർക്കാർ അനുമതിയില്ലാതെ കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയും സാധനങ്ങൾ കടത്തിക്കൊണ്ടുപോയും അഴിമതി നടത്തിയതായ ആക്ഷേപം

ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(എ-ഡി) കഴിഞ്ഞ രണ്ടു വർഷത്തിനകം തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഔദ്യോഗിക വസതികൾ പൊളിച്ചുമാറ്റിയിട്ടില്ല.

**മാവേലിക്കര ജയിൽ കെട്ടിട നിർമ്മാണ പുരോഗതി**

155(3938) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര സ്പെഷ്യൽ സബ് ജയിലിൽ അഞ്ച് കോടി രൂപ വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം വേഗത്തിൽ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) മാവേലിക്കര സ്പെഷ്യൽ സബ് ജയിലിലെ നിലവിലുള്ള കോൺക്രീറ്റ് കെട്ടിടത്തിന് മുകളിലായി രണ്ട് സെല്ലുകൾ, യോഗാ ഹാൾ, പുതിയ കിച്ചൺ, ഓഫീസ് കെട്ടിടം, സ്റ്റോർ റൂം, ലൈബ്രറി, വനിതാ

ബ്ലോക്കിൽ പുതിയ സെൽ എന്നിവ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ തനത് ഫണ്ടിൽ നിന്നും 5,01,32,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുവാൻ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ജയിൽ വകുപ്പ് മേധാവി നടപടികൾ സ്വീകരിച്ചുവരുന്നു.

**എം.എൽ.എ. ഹോസ്റ്റലിൽ സ്റ്റേഷനറി വിതരണം ചെയ്യാൻ നടപടി**

**156(3939) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നിയമസഭാ സാമാജികർക്ക് പ്രതിവർഷം ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിക്കുന്ന ഓഫീസ് സ്റ്റേഷനറി എം.എൽ.എ. ഹോസ്റ്റലിൽ വിതരണം ചെയ്യുന്നതിനായി വകുപ്പ് നടപടി സ്വീകരിക്കുമോ;

**(ബി)** മാസത്തിൽ ഒരു നിശ്ചിത ദിവസമെങ്കിലും എം.എൽ.എ. ഹോസ്റ്റലിൽ സ്റ്റേഷനറി വിതരണം നടത്തുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഒറ്റപ്പാലം മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

157(3940) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങളായ പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, എലമ്പുലാശ്ശേരി എന്നീ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് പ്രസ്തുത മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത പുതിയ ആശുപത്രികൾ ഏതെല്ലാമാണെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സാഹചര്യം വിലയിരുത്തിയാണ് ഇ- ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. 2022-23 സാമ്പത്തിക വർഷം ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിനായി തയ്യാറാക്കിയ ആശുപത്രികളുടെ പുതുക്കിയ പട്ടികയിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പദ്ധതി രോഗികൾക്ക് എത്രത്തോളം ഉപകാരപ്രദമാണ് എന്നുള്ളത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതി രോഗികൾക്ക് എത്രത്തോളം ഉപകാരപ്രദമാണ് എന്നുള്ളത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

**പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ചികിത്സാ സഹായ പദ്ധതി**

158(3941) <u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. കെ. ജെ. മാക്സി:</u>
<u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.പി.എൽ., എ.പി.എൽ. വ്യത്യാസമില്ലാതെ പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ചികിത്സാ സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാണോ?

ആവിഷ്കരിച്ചിട്ടുണ്ട്. 01-11-2022 മുതൽ ആരോഗ്യ കിരണം പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കിവരുന്നു. 8884 പേർക്ക് ദേശീയ ആരോഗ്യ ദൗത്യം വഴിയും 4,54,200 പേർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് വഴിയും 01-11-2022 മുതൽ ആരോഗ്യ കിരണം പദ്ധതി പ്രകാരം 9917 പേർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയും സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതൊക്കെ അസുഖങ്ങൾക്ക് ഏതൊക്കെ ആശുപത്രികളിലാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്; പദ്ധതി നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്ക് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ വഴിയും മെഡിക്കൽ കോളേജ് ആശുപത്രികൾ വഴിയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാ സേവനങ്ങൾ (വളർച്ച ഹോർമോൺ/ കേൾവി സഹായികൾ/ ഹീമോഫീലിയ കുട്ടികളുടെ ഫാക്ടർ പ്രോഫിലക്സിസ് എന്നിവ) 'RBSK' പദ്ധതി വഴി സൗജന്യമായി ലഭ്യമാണ്.

ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് 'ഹൃദ്യം' പദ്ധതി വഴി സേവനം ലഭ്യമാണ്. ജന്മനാലുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എസ്.എ.റ്റി (ശ്രീ അവിട്ടം തിരുനാൾ ആശുപത്രി) തിരുവനന്തപുരം, മെഡിക്കൽ കോളേജ്, കോട്ടയം, മെഡിക്കൽ കോളേജ്, കോഴിക്കോട് ആശുപത്രി വഴിയും ഹൃദ്യം പദ്ധതി നടന്നുവരുന്നു. ഹൃദ്യം പദ്ധതിക്കായി സ്വകാര്യ ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൊച്ചി, ആസ്റ്റർ മെഡിസിറ്റി കൊച്ചി, ലിസി ഹോസ്പിറ്റൽ എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി,

തിരുവല്ല, മിംമ്സ് ആശുപത്രി കോഴിക്കോട് എന്നീ ആശുപത്രികളെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് മാത്രമായി ആർ.ബി.എസ്.കെ. മാർഗ്ഗ നിർദ്ദേശം അനുസരിച്ച് എംപാനൽ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ചുമതലയിൽ ആരോഗ്യ കിരണം പദ്ധതി പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ബി.എസ്.കെ പരിധിയിൽ ഉൾപ്പെടുന്ന 30 ആരോഗ്യ അവസ്ഥകൾ ഒഴികെയുള്ള മറ്റെല്ലാ അസുഖങ്ങൾക്കും സർക്കാർ ആശുപത്രികളിൽ നിന്ന് സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളിൽ 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് താലോലം, ഹൃദ്യം, മിഠായി പദ്ധതി, കാൻസർ സുരക്ഷാ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

**159(3942) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഇ-ഹെൽത്ത് സംവിധാനം നിലവിൽ വന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായ തിരുവാണിയൂർ, വാഴക്കുളം, മഴുവന്നൂർ എന്നീ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) മണ്ഡലത്തിലെ മറ്റ് ആരോഗ്യ കേന്ദ്രങ്ങളിൽ കൂടി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സാഹചര്യം വിലയിരുത്തിയാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജക മണ്ഡലത്തിലെ കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാലിയേറ്റീവ് നയത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ**

160(3943) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ രൂപീകരിച്ച പാലിയേറ്റീവ് നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കുമോ?

2019-ൽ രൂപീകരിച്ച പാലിയേറ്റീവ് പരിചരണ നയം "അരികെ" പ്രകാരം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

* പുതുക്കിയ പാലിയേറ്റീവ് നയരേഖക്കനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി.

* ആക്ഷൻ പ്ലാൻ അനുസരിച്ച "അരികെ" എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

* കേരളത്തിൽ നടന്നു വരുന്ന 12 പാലിയേറ്റീവ് പരിശീലനങ്ങൾക്ക് ഏകീകൃത സിലബസ് തയ്യാറാക്കി.

* പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് മികച്ച പരിശീലനം നൽകുന്നതിന് ജില്ലാ തലത്തിൽ പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി വരുന്നു.

* കിടപ്പിലായവരുടെയും പരസഹായം ആവശ്യമുള്ളവരുടെയും കൃത്യമായ കണക്ക് ലഭിക്കുന്ന രീതിയിലുള്ള സർവ്വേ ശൈലി ആപ്ലിക്കേഷന്റെ ഭാഗമായി 140 പഞ്ചായത്തുകളിൽ നടന്നുവരുന്നു.

* തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും നിലവിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. നാന്നൂറിലധികം സന്നദ്ധ സംഘടനകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സംവിധാനങ്ങൾക്ക് ഏകീകൃത സ്വഭാവം വരാനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

* രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് നിലവിലെ സംവിധാനങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് പാലിയേറ്റീവ് കെയർ ഗ്രിഡ് സംവിധാനം ഒരുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

* പാലിയേറ്റീവ് കെയർ രോഗികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗിനും വിപണനത്തിനുമുള്ള സൗകര്യം ഒരുക്കി വരുന്നു.

* മെഡിക്കൽ കോളേജുകൾ 'ആയുഷ്"വിഭാഗം എന്നിവരുടെ നേതൃത്വത്തിലുള്ള പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖ തയ്യാറാക്കി അതിന്മേലുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

* സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ "ഹൈപവർ" കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ ആദ്യയോഗം ചേരുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരമുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സംസ്ഥാന തലത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടന്നുവരുന്നു.

(ബി) പാലിയേറ്റീവ് സെന്ററുകൾക്ക് കൂടുതൽ സഹായങ്ങൾ നൽകുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

സാന്ത്വന പരിചരണരംഗത്ത് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നാഷണൽ ഹെൽത്ത് മിഷനുകീഴിൽ നാഷണൽ പ്രോഗ്രാം ഫോർ പാലിയേറ്റീവ് കെയറിലൂടെ 2022-23 വർഷത്തെ ബഡ്ജറ്റിൽ 314.69 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24

വർഷത്തേയ്ക്ക് 220 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന് ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള പാലിയേറ്റീവ് പരിചരണ യൂണിറ്റുകളെ പാലിയേറ്റീവ് മെഡിസിൻ വിഭാഗമായി ഉയർത്താനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. 10 മെഡിക്കൽ കോളേജുകൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ച് സ്വതന്ത്ര ചുമതലയുള്ള പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

### ഇ-ഹെൽത്ത് സംവിധാനം

161(3944) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തിയതുവഴി രോഗികൾക്ക് ലഭ്യമാകുന്ന സേവനങ്ങളിൽ

എന്തെല്ലാം തരത്തിലുള്ള മികവ് കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയിന്റ്മെന്റ്, കൺസൾട്ടേഷൻ, ലബോറട്ടറി റിപ്പോർട്ടുകൾ (SMS അലെർട്ട്), പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത ക്യൂ നിയന്ത്രണം, റഫറൽ& അഡ്വാൻസ് ബുക്കിംഗ്, ഫാർമസി, ബില്ലിംഗ്, ഇൻ-പേഷ്യന്റ് മാനേജ്മെന്റ് (Diet മാനേജ്മെന്റ്, ബെഡ് മാനേജ്മെന്റ്, വാർഡ്/ബെഡ് ട്രാൻസ്ഫർ), ഡിസ്ചാർജ് സമ്മറി എന്നീ ആശുപത്രി സേവനങ്ങൾ നൽകിവരുന്നു. ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്നതുവഴി ഉപഭോക്താക്കൾക്ക് ആയാസരഹിതവും രോഗീസൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസുരഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുക, കൂടുതൽ കൃത്യമായ രോഗനിർണ്ണയം ഉറപ്പുവരുത്തി മെച്ചപ്പെട്ട ചികിത്സ നൽകുക എന്നീ സേവന മികവുകൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഓൺലൈൻ ഒ.പി. ഏർപ്പെടുത്തിയത് രോഗികൾക്ക് സമയം ലാഭിക്കാനും ആശുപത്രികളിലെ തിരക്ക് കുറയ്ക്കാനും വഴിയൊരുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

രോഗികൾക്ക് ഡോക്ടറെ കാണുന്നതിനുള്ള തിരക്ക് ഒഴിവാക്കുന്നതിനും ഫലപ്രദമായ ക്യൂ മാനേജ്മെന്റ് സിസ്റ്റം ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള എല്ലാ ആശുപത്രികളിലും സജ്ജീകരിച്ചിട്ടുണ്ട്. ഓൺലൈൻ ഒ.പി. രജിസ്ട്രേഷൻ, ഒ.പി., ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ടോക്കൺ ബുക്കിംഗ് എന്നീ സംവിധാനങ്ങൾ ഇതിനകം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടക്കം പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ലഭ്യമാണ്. ഈ സംവിധാനം വഴി ഒ.പി.-യിലെ തിരക്ക് ഫലപ്രദമായി നിയന്ത്രിക്കാനും ക്രമീകരിക്കാനും സാധ്യമാണ്. ഇതുകൂടാതെ പൊതുജനങ്ങൾക്കു വെബ് പോർട്ടൽ മുഖേന ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗിനുള്ള സൗകര്യവും ലഭ്യമാണ്. അക്ഷയകേന്ദ്രങ്ങൾ വഴിയും മൊബൈൽ ഫോൺ ആപ്ലിക്കേഷൻ വഴിയും ഓൺലൈൻ അപ്പോയിന്റ്മെന്റ്

ബുക്കിംഗിനുള്ള സൗകര്യം ഉടനെ നിലവിൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുക വഴി ഇത്തരത്തിൽ ആശുപത്രികളിലെ തിരക്ക് കുറയ്ക്കുവാൻ വഴിയൊരുക്കിയിട്ടുണ്ട്.

(സി) രോഗികൾക്ക് ലബോറട്ടറി പരിശോധനാ ഫലം മൊബൈൽ ഫോണിലൂടെ ലഭ്യമാക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ് വർക്ക് വഴി ലാബോറട്ടറികളിലും എക്സ്-റേ കൗണ്ടറിലും അപ്പോൾ തന്നെ എത്തുകയും ടെസ്റ്റ് റിസൽട്ടുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽസമയം ലഭ്യമാകുന്നതിനും ഒപ്പം രോഗികൾക്ക് റിസൾട്ടുകൾ S.M.S. അലെർട്ട് ആയി ലഭിക്കുന്നതിനുമുള്ള സൗകര്യം ഇ-ഹെൽത്ത് സംവിധാനം വഴി ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇ-ഹെൽത്ത് സംവിധാനം ഫീൽഡുതല പ്രവർത്തനങ്ങൾക്ക് കാര്യക്ഷമത പകരുമോയെന്ന് വ്യക്തമാക്കുമോ?

പരിശീലനം സിദ്ധിച്ച ആരോഗ്യപ്രവർത്തകർക്ക് ഇ-ഹെൽത്ത് വിവര ശേഖരണത്തിനുള്ള സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുള്ള ടാബ്ലറ്റ് കമ്പ്യൂട്ടറുകളും

മതിയായ പരിശീലനവും നല്കി കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ താമസസ്ഥലവുമായി ബന്ധപ്പെട്ട വിവരം ഉൾപ്പെടെ സമഗ്രമായ വിവര ശേഖരണം നടത്തിവരുന്നു. ഓരോ വ്യക്തിയുടെയും ആധാർ നമ്പർ അടിസ്ഥാനത്തിൽ കേരളത്തിലെ 2 കോടി 59 ലക്ഷം ജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇതിനകം ശേഖരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി ഓരോ ആളിനും അവർ ആശുപത്രി സേവനം തേടുന്ന മുറയ്ക്ക് ഒരു വ്യക്തിഗത തിരിച്ചറിയൽ കാർഡ് (UHID) നൽകി കൊണ്ടിരിക്കുകയാണ്.

ഇത്തരത്തിലുള്ള വിവര ശേഖരണം വഴി ഗർഭിണികൾ, കുട്ടികൾ, വയോധികർ, രോഗബാധിതർ തുടങ്ങിയവരുടെ ആരോഗ്യ വിവരങ്ങൾ വിശകലനം ചെയ്ത് ശരിയായ ചികിത്സ നൽകുന്നതിനും പനി, ഡയേറിയ, നേത്ര രോഗങ്ങൾ തുടങ്ങിയ സാംക്രമിക രോഗങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നല്കുന്നതിനും സമയോചിതവും ഫലപ്രദവുമായ ഇടപെടൽ നടത്തുന്നതിനും ഇ-ഹെൽത്ത് ഫീൽഡുതല പ്രവർത്തനത്തിലൂടെ സാധ്യമാകുന്നുണ്ട്.

**കാസ്പിന് സാങ്കേതിക സഹായം**

**162(3945) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നടത്തിപ്പുകാരായ കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി)-ന് സാങ്കേതിക സഹായത്തിനായി ഏതൊക്കെ സ്ഥാപനങ്ങളുമായി കരാറിൽ (എം.ഒ.യു.) ഏർപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?**

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അതിന്റെ നടത്തിപ്പിനുള്ള സാങ്കേതിക സഹായത്തിനായി മറ്റ് സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. എന്നാൽ ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റിൽ ഒപ്പ് വച്ച ഡെവലപ്മെന്റ് പാർട്ണർമാരായ അഡ്മിനിസ്ട്രേറ്റിവ് സ്റ്റാഫ് കോളേജ് ഓഫ്**

ഇന്ത്യ, ആക്സസ് ഹെൽത്ത് എന്നീ സ്ഥാപനങ്ങളുമായി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കാരുണ്യ ആരോഗ്യ ബെനവലന്റ് ഫണ്ട് പദ്ധതി, ആരോഗ്യകിരണം എന്നിവയുടെ നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.

(ബി) കാസ്പ്/പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന (പി.എം.ജെ.എ.വൈ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ലോക ബാങ്ക് നടപ്പാക്കുന്ന ഡയഗ്നോസിസ് റിലേറ്റഡ് ഗ്രൂപ്പ് (ഡി.ആർ.ജി.) പ്രോജക്ടിന്റെ വിശദാംശം നൽകുമോ; ഏതൊക്കെ ആശുപത്രികളിൽ ആണ് ഡി.ആർ.ജി. പ്രോജക്റ്റ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡയഗ്നോസിസ് റിലേറ്റഡ് ഗ്രൂപ്പ് (DRG) നടപ്പിലാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റിയാണ്. പദ്ധതിയിൽ അംഗത്വം നേടിയിട്ടുള്ള ആശുപത്രികൾക്ക് വേഗത്തിലും കാര്യക്ഷമമായും ചികിത്സിച്ച പണം ലഭ്യമാക്കുക എന്നതും DRG-യുടെ ലക്ഷ്യങ്ങളിൽപ്പെട്ടതാണ്. പദ്ധതി ഗുണഭോക്താക്കൾക്ക് കൂടുതൽ കാര്യക്ഷമമായി ഗുണമേന്മയുള്ള ചികിത്സ

ലഭ്യമാക്കുകായെന്ന ഉദ്ദേശ്യത്തോടെ 5 സംസ്ഥാനങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിലാണ് നാഷണൽ ഹെൽത്ത് അതോറിറ്റി DRG നടപ്പിലാക്കുന്നത്. ഈ അഞ്ചു സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ട്. താഴെ പറയുന്ന ആശുപത്രികളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ DRG നടപ്പിലാക്കുന്നത്.

1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
3. സരസ്വതി ഹോസ്പിറ്റൽ, തിരുവനന്തപുരം
4. അഷ്ടമുടി ഹോസ്പിറ്റൽ, കൊല്ലം
5. ജില്ലാ ആശുപത്രി, കൊല്ലം
6. ജോസ്കോ ഹോസ്പിറ്റൽ, മാവേലിക്കര, ആലപ്പുഴ
7. ജനറൽ ആശുപത്രി, കോട്ടയം
8. ചെറുപുഷ്പം ഹോസ്പിറ്റൽ, കോട്ടയം
9. മെഡിക്കൽ കോളേജ്, കോട്ടയം

10. താലൂക്ക് ആശുപത്രി, ചാലക്കുടി

11. സേക്രട്ട് ഹാർട്ട് ഹോസ്പിറ്റൽ, പുല്ലൂർ

12. അഹല്യ ഹോസ്പിറ്റൽ, പാലക്കാട്

13. അൽമാസ് ഹോസ്പിറ്റൽ, മലപ്പുറം

14. മെഡിക്കൽ കോളേജ്, കോഴിക്കോട്

15. ഇക്ര ഹോസ്പിറ്റൽ, കോഴിക്കോട്

16. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ്, കണ്ണൂർ

(സി) ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷന്റെ സാമ്പത്തിക സഹായം ലഭിക്കുന്ന വിവിധ സ്ഥാപനങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കൂടെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി സഹകരിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, ആക്സസ് ഹെൽത്ത് എന്നീ സ്ഥാപനങ്ങൾ ആയുഷ്മാൻ ഭാരത് പ്രധാൻ

മന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള നാഷണൽ ഹെൽത്ത് ഡിസ്ക്ലോഷർ എഗ്രിമെന്റിൽ ഒപ്പ് വച്ച ഡെവലപ്മെന്റ് പാർട്ണർമാരായ സ്ഥാപനങ്ങളാണ്.

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്ക് കാസ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം വിവരങ്ങളാണ് കൈമാറിയിട്ടുള്ളതെന്നത് വ്യക്തമാക്കാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഉദ്യോഗസ്ഥർക്കാവശ്യമായ പാഠ്യപദ്ധതി വികസിപ്പിക്കുക, ആവശ്യമായ പരിശീലന പരിപാടി ആസൂത്രണം ചെയ്യുന്നതിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ സഹായിക്കുക എന്നീ കാര്യങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾ ചെയ്യുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ വിവരങ്ങളൊന്നുംതന്നെ ഒരു സ്ഥാപനത്തിനും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നൽകാറില്ല.

(ഇ) ഈ സ്ഥാപനങ്ങളുടെ കൺസൾട്ടന്റുകൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ പ്രവർത്തിക്കാൻ ആരോഗ്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഈ സ്ഥാപനങ്ങളുടെ കൺസൾട്ടന്റുകൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ സ്ഥിരമായി പ്രവർത്തിക്കാൻ യാതൊരുവിധ അനുമതിയും നൽകിയിട്ടില്ല. എന്നാൽ ആവശ്യമായ സമയങ്ങളിൽ അവരുടെ പ്രതിനിധികൾ ഓഫീസിൽ വന്നും വെർച്വലുമായാണ് പരിശീലന സേവനങ്ങൾ നൽകാറുള്ളത്.

**മെഡിസെപ് ലഭ്യമല്ലാത്ത ആശുപത്രികളിലെ ബില്ലുകൾ**

163(3946) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രികളിലും മെഡിസെപ് സംവിധാനം ലഭ്യമല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മെഡിസെപ് സൗകര്യം ലഭ്യമല്ലാത്ത ആശുപത്രികളിൽ ചികിത്സിക്കുന്നവർക്ക് ബില്ലുകൾ റീ-ഇംബേഴ്സ് ചെയ്യുന്നതിനുള്ള

സംവിധാനം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനം ഏത് തരം ആശുപത്രികളിൽ ചികിത്സിക്കുന്നവർക്കാണ് ലഭ്യമാകുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഒ.പി. ചികിത്സയ്ക്ക് നിലവിലുള്ള രീതിയിൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കാവുന്നതാണെന്നും ഐ.പി. ചികിത്സയുടെ കാര്യത്തിൽ മെഡിസെപ്-ൽ എംപാനൽ ചെയ്യാത്ത ആശുപത്രികളിലെ ചികിത്സക്കും മെഡിസെപ്-ൽ ഉൾപ്പെടുത്താത്ത ചികിത്സാപ്രക്രിയകൾക്കും നിലവിലെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ചട്ടപ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ ചികിത്സകൾക്ക് നിബന്ധനകൾ പ്രകാരം ആനുകൂല്യം ലഭ്യമാകുന്നതാണ്.

**ചികിത്സ സഹായത്തിനുള്ള അപേക്ഷ**

164(3947) **ശ്രീ. മാണി. സി. കാപ്പൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ കൊഴുവനാൽ പഞ്ചായത്തിൽ വയലിൽ ഹൗസ് 10/256-ൽ താമസക്കാരിയായ ശ്രീമതി സ്മിത ആന്റണിയുടെ കുട്ടികളുടെ അപൂർവ്വരോഗത്തിന്റെ ചികിത്സ സഹായത്തിനായി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ തീർപ്പാക്കിയില്ലെങ്കിൽ കുട്ടികളുടെ അപൂർവ്വ രോഗാവസ്ഥ പരിഗണിച്ച് ചികിത്സാ സഹായം എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) ശ്രീമതി സ്മിതാ ആന്റണിയുടെ കുട്ടികൾക്ക് ചികിത്സാ സഹായം ആവശ്യപ്പെട്ടുകൊണ്ട് 25-07-2021-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ എന്നിവർക്ക് 20-12-2021-ൽ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ ആരോഗ്യ സ്ഥിതി അറിയുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം ചൈൽഡ് ഹെൽത്ത് ഡിവിഷനിൽ നിന്നും കുട്ടികളുടെ മാതാപിതാക്കളെ ബന്ധപ്പെടുകയും

എസ്.എ.റ്റി. ആശുപത്രിയിലെ പീഡിയാട്രിക് വകുപ്പിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്തിരുന്നു. എസ്.എ.റ്റി ആശുപത്രിയിലെ പീഡിയാട്രിക് വകുപ്പിലെ അഡീഷണൽ പ്രൊഫസർ & ജനിറ്റിസിസ്റ്റ് ഡോക്ടർ വി. എച്ച്. ശങ്കർ കുട്ടികളെ പരിശോധിക്കുകയും ജനിതക പരിശോധനയും തുടർചികിത്സയും നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത ചികിത്സക്കുള്ള മരുന്നുകൾ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ നിന്നോ ആരോഗ്യ കിരണം പദ്ധതി പ്രകാരമോ സൗജന്യമായി ലഭിക്കുന്നതാണെന്നും അറിയിച്ചിരുന്നു. കൂടാതെ ആവശ്യമായ തെറാപ്പി കോട്ടയത്തുള്ള ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ മുഖേനയും നടത്താമെന്നും അറിയിച്ചിരുന്നു. കൂടാതെ ജനിതക പരിശോധനയ്ക്ക് ആവശ്യമായ തുക അനുവദിക്കണമെന്ന ശ്രീമതി സ്മിതാ ആന്റണിയുടെ അപേക്ഷ പരിഗണിച്ച് 35,000/- രൂപ ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിക്കുകയും ജനിതക പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

## ആദിവാസികൾക്കും സിക്കിൾ സെൽ അനീമിയ രോഗികൾക്കുമായി നടപ്പാക്കിയ പദ്ധതികൾ

165(3948) **ശ്രീ. കെ. ഡി. പ്രസേനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആദിവാസികൾക്കായി 2016 മുതൽ നാളിതുവരെ ആരോഗ്യ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

* പാലക്കാട് ജില്ലയിലെ ആദിവാസി ഊരുകളിലെ ആദിവാസി ഗോത്രവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ആദിവാസി സ്ത്രീകളുടെ ഇടയിൽ നിന്നും ഊരുമിത്രം പദ്ധതി വഴി കൃത്യമായ പരിശീലനം നൽകിയ 32 HAMLET ആശാവർക്കർമാരെ നിയമിച്ചിട്ടുണ്ട്.

* പെൻട്രിക കൂട്ട എന്ന പേരിൽ ജെ.പി.എച്ച്.എൻ, ആശാ വർക്കർ, ട്രൈബൽ പ്രമോട്ടർ, കുടുംബശ്രീ ആനിമേറ്റർ, അംഗൻവാടി വർക്കർ എന്നിവർ ചേർന്നുകൊണ്ട് കൂട്ടായ്മ രൂപീകരിക്കുകയും ഗർഭിണികളെ ആദ്യത്തെ മൂന്നു

മാസത്തിനുള്ളിൽ തന്നെ കണ്ടെത്തി അവശ്യ പരിചരണം നൽകുവാൻ നടപടി സ്വീകരിച്ചുവരുന്നു. കണ്ടെത്തിയ ഗർഭിണികളെ ആഴ്ചയിൽ 5 ദിവസവും ദിവസേന ഒരാൾ വീതം ഗൃഹസന്ദർശനം നടത്തുകയും ചെക്ക് ലിസ്റ്റ് പ്രകാരം Danger Signs ഉണ്ടോ എന്നും, ഭക്ഷണം പാകം ചെയ്ത് കൃത്യമായി കഴിക്കുന്നുണ്ടോയെന്നും, മരുന്നുകൾ കൃത്യമായി കഴിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുകയും ചെയ്തുവരുന്നു. ജീവനക്കാർ ആഴ്ച തോറുമുള്ള ഗൃഹസന്ദർശനം നടത്തിയതിന്റെ റിപ്പോർട്ടുകൾ സബ് സെന്ററിൽ വെച്ച് അവലോകനം നടത്തുകയും ആയത് എല്ലാ വെള്ളിയാഴ്ചയും സബ് കളക്ടറുടെ നേതൃത്വത്തിൽ വിശകലനം നടത്തുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ODK (Online Data Kit) എന്ന ആപ് ഉപയോഗിച്ച് വരുന്നു.

* വീട്ടിലെ പ്രസവം ഒഴിവാക്കാനായി എസ്.റ്റി. പ്രമോട്ടർ, ആശാ വർക്കർ, ഐ.സി.ഡി.എസ്. വർക്കർ, കുടുംബശ്രീ ആനിമേറ്റർ, എക്സൈസ് വകുപ്പ്, ജനമൈത്രി പോലീസ് എന്നിവരുടെ സഹായത്തോടെ പ്രസവ തീയതിക്ക് രണ്ടാഴ്ച മുമ്പ് തന്നെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ

അഡ്മിറ്റാക്കുകയും പ്രത്യേക പരിചരണം നൽകുകയും ചെയ്തുവരുന്നു. ഇതിനായി 24 മണിക്കൂറും ഗൈനക്കോളജിസ്റ്റ്, ശിശുരോഗ വിദഗ്ദ്ധൻ, അനസ്തെറ്റിസ്റ്റ് എന്നിവരുടെ സേവനം ഇവിടെ ലഭ്യമാണ്.

* എല്ലാ മാസവും ഒൻപതാം തീയതി പ്രദേശത്തുള്ള ഹൈറിസ്ക് ഗർഭിണികളെ കണ്ടെത്തി അവർക്കുവേണ്ട ആരോഗ്യപരമായ പരിചരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

* പാലക്കാട് സർക്കാർ മെഡിക്കൽ കോളേജുമായി ചേർന്ന് ഹൗസ് സർജന്മാരുടെ സേവനം, റേഡിയോളജിസ്റ്റ് സേവനം, ആംബുലൻസ് സേവനം എന്നിവ കോട്ടത്തറ ആശുപത്രിയിൽ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ അടുത്ത വർഷം ഓരോ മെഡിക്കൽ വിദ്യാർത്ഥിക്കും ഓരോ ആദിവാസി കുടുംബത്തെ adopt ചെയ്യാനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്.

അട്ടപ്പാടി മേഖലയിൽ മെച്ചപ്പെട്ട ആരോഗ്യസേവനം ഉറപ്പാക്കുന്നതിന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും പ്രദേശത്തുള്ള മറ്റു ആരോഗ്യസ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

* പുതൂർ, ആനക്കട്ടി, ഷോളയൂർ എന്നീ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കേരള സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി.

* ആനക്കട്ടി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 17 ലക്ഷം രൂപയ്ക്ക് ലാബ്/NCD കെട്ടിടം പൂർത്തിയാക്കി.

* ഷോളയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 17 ലക്ഷം രൂപയ്ക്ക് ലാബ്/ഫാർമസി കെട്ടിടം പൂർത്തിയാക്കി.

* അഗളി സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുവാൻ 35 ലക്ഷം രൂപക്ക് അനുമതി നൽകി ടെണ്ടർ നടപടികൾ നടന്നു വരുന്നു.

* അട്ടപ്പാടി മേഖലയിലെ മുഴുവൻ സബ് സെന്ററുകളും (28 സബ് സെന്ററുകൾ) ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുവാൻ എൻ.എച്ച്.എം. മുഖേന 7

ലക്ഷം രൂപ വീതം, ആകെ 196 ലക്ഷം രൂപ അനുവദിച്ച് നവീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

* കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ദേശീയ നിലവാരത്തിൽ എൻ.ക്യൂ.എ.എസ്. അംഗീകാരം നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

* NHM മുഖേന ലാബ് സജ്ജീകരണങ്ങളോടെയുള്ള മൂന്ന് ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിരവധിയായ നിർമ്മാണ/നവീകരണ പ്രവൃത്തികൾ കഴിഞ്ഞ സർക്കാരിന്റെയും (2016-2021) ഈ സർക്കാരിന്റെയും കാലയളവുകളിൽ നടത്തിയിട്ടുണ്ട്. 3 കോടി രൂപ ഐ.എ.ആർ. റിഡക്ഷൻ ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള ആശുപത്രിയുടെ മൂന്നാം നിലയുടെ പ്രവൃത്തികൾ, 12.13 ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ട് ഉപയോഗപ്പെടുത്തി ഡിജിറ്റൽ എക്സ്റേ, ബ്ലോക്ക് ഫണ്ട് ഉപയോഗപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ് (5 ലക്ഷം രൂപ), മലിനജല

സംസ്കരണ പ്ലാന്റ് നിർമ്മാണം (14.28 ലക്ഷം രൂപ), അഴുക്ക് ചാൽ സ്ലാബിടൽ, ആശുപത്രി പരിസരത്തെ അപ്രോച്ച് റോഡ് വർക്ക് (10 ലക്ഷം രൂപ), പൊതുശുചിമുറി നിർമ്മാണം (3.86 ലക്ഷം രൂപ), സോളാർ പാനൽ സ്ഥാപിക്കൽ (15.25 ലക്ഷം രൂപ), വയോജന വാർഡ് നിർമ്മാണം (10.81 ലക്ഷം രൂപ), ആംബുലൻസ് ഷെഡ്ഡ് നിർമ്മാണം (1.80 ലക്ഷം രൂപ), പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു., സീലിംഗ് (1 ലക്ഷം രൂപ), ആശുപത്രി കെട്ടിട റിപ്പെയർ (5.13 ലക്ഷം രൂപ), ഒ.പി. കമ്പ്യൂട്ടർവൽക്കരണം (10 ലക്ഷം രൂപ), നേത്ര സർജറി തീയേറ്റർ (10 ലക്ഷം രൂപ) തുടങ്ങിയവ പൂർത്തിയായിട്ടുണ്ട്. ഇതു കൂടാതെ വിവിധങ്ങളായ പ്രവൃത്തികൾക്ക് ഈ സർക്കാരിന്റെ കാലത്ത് അനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നുണ്ട്. വിശദാംശം അനുബന്ധമായി+ വച്ചിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന സമാശ്വാസം -4 (സിക്കിൾസെൽ അനീമിയ) പ്രകാരം അരിവാൾ രോഗം ബാധിച്ച നോൺ ട്രൈബൽ വിഭാഗത്തിലെ ബി.പി.എൽ/ ഒരു ലക്ഷം രൂപയ്ക്ക്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താഴെ വരുമാനമുള്ളവരുമായ രോഗികൾക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

(ബി) പ്രസ്തുത ജില്ലയിലെ സിക്കിൾ സെൽ അനീമിയ രോഗികൾക്കായുള്ള പെൻഷൻ ഇനത്തിൽ 2016 മുതൽ നാളിതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

2016 മുതൽ നാളിതുവരെ ഈയിനത്തിൽ മൊത്തത്തിൽ 3.31 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**മൃതസഞ്ജീവനി പദ്ധതി**

166(3949) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചതെന്നാണ്; പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ എത്ര അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്; സർക്കാർ പൊതുമേഖലാ ആശുപത്രികളിലും സ്വകാര്യ

ആശുപത്രികളിലുമായി എത്ര വീതം അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്; ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയ ആശുപത്രി ഏതാണ്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2012 ആഗസ്റ്റ് മാസത്തിലാണ് മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയവരുടെ എണ്ണം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ഇതിൽ 774 രോഗികൾ സ്വകാര്യ ആശുപത്രികൾ വഴിയാണ് അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. 233 രോഗികൾ സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. മൃതസഞ്ജീവനി പദ്ധതി വഴി ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയത് അമൃത ആശുപത്രിയിലാണ്.

(ബി) അവയവമാറ്റത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര രോഗികളുണ്ടെന്ന് വ്യക്തമാക്കുമോ?

ദാരിദ്ര്യരേഖ തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കുന്നില്ല. സർക്കാർ മേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയ ചെയ്യുമ്പോൾ രോഗികളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക സ്ഥിതി അനുസരിച്ച് അനുവദനീയമായ ഇളവുകൾ ലഭ്യമാക്കാറുണ്ട്.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര രോഗികൾക്ക് സംസ്ഥാനത്ത് നാളിതുവരെ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്; പ്രസ്തുത രോഗികളുടെ ശസ്ത്രക്രിയകളിൽ എത്രയെണ്ണം സർക്കാർ ആശുപത്രികളിലും എത്രയെണ്ണം സ്വകാര്യ ആശുപത്രികളിലും നടന്നുവെന്ന് വ്യക്തമാക്കുമോ?

അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കണക്കുകൾ പ്രത്യേകമായി സൂക്ഷിക്കുന്നില്ല.

(ഡി) സാധാരണക്കാർക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതിന് സംസ്ഥാനത്തെ സർക്കാർ പൊതുമേഖലാ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് നേടിയെടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാം മുഖേനയുള്ള ഗ്രാന്റ് നേടിയെടുക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

**ഇ-ഹെൽത്ത് സംവിധാനം**

167(3950) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇ-ഹെൽത്ത് സംവിധാനത്തിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും പുതുതായി എന്തെല്ലാം സേവനങ്ങളാണേർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ; വിശദാംശം നൽകാമോ?

നിലവിൽ ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ലഭ്യമാക്കി വരുന്ന സേവനങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**പൊതുജനാരോഗ്യ കേഡർ**

168(3951) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പൊതുജനാരോഗ്യ കേഡർ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ആയത് എന്നു മുതൽ നടപ്പാക്കാനാണ് ആരോഗ്യ വകുപ്പ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം നിലവിൽ വരുമ്പോൾ ഏതൊക്കെ തസ്തികകളാണ് സംസ്ഥാന, ജില്ലാതലത്തിൽ പുതിയതായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ & ബി) സംസ്ഥാന ആരോഗ്യവകുപ്പിൽ പൊതുജനാരോഗ്യ കേഡർ രൂപീകരിച്ചുകൊണ്ട് 30-05-2019-ലെ സ.ഉ.(എം.എസ്)71/2019/ആകുവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി**

169(3952) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ നിലവിൽ എത്ര രോഗികൾക്കാണ് സേവനം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ 34 രോഗികൾക്കും തൃശ്ശൂർ ജനറൽ ആശുപത്രിയിൽ 21 പേർക്കും സേവനം ലഭ്യമാക്കിവരുന്നു.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ ഏതൊക്കെ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്.

**വിവ കേരളം പദ്ധതി**

170(3953) **<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**വിളർച്ചയിൽ നിന്ന് വളർച്ചയിലേയ്ക്ക് (വിവ) കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?**

കേരളത്തിലെ സ്ത്രീകൾക്കിടയിലെ വിളർച്ച എന്ന പ്രശ്നം പഠിക്കുവാനും വിളർച്ച നിർമ്മാർജ്ജനം ചെയ്യുവാനുമുള്ള പരിപാടികളുടെ ഭാഗമായി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് "വിവ" (വിളർച്ചയിൽ നിന്നും വളർച്ചയിലേയ്ക്ക്).

കേരളത്തിലെ 15-59 വയസ്സ് വരെയുള്ള സ്ത്രീകളെ കേന്ദ്രീകരിച്ചാണ് 'വിവ' പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. രക്തത്തിൽ ഹീമോഗ്ലോബിന്റെ അളവ് നിശ്ചിത അനുപാതത്തിൽ കുറയുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാണ് അനീമിയ/വിളർച്ച. 'വിവ' പദ്ധതിയിലൂടെ 15-59 വയസ്സ് വരെയുള്ള എല്ലാ

സ്ത്രീകളുടെയും ഹീമോഗ്ലോബിൻ നില അറിയുന്നതിന് രക്തപരിശോധന നടത്തി ചികിത്സ, ബോധവൽക്കരണം എന്നിവ ലക്ഷ്യംവെയ്ക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് 'വിവ' ക്യാമ്പയിൻ നടത്തുന്നത്.

**ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് സ്കീം പ്രകാരമുള്ള ചികിത്സ**

**171(3954) ശ്രീ. ഷാഫി പറമ്പിൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുതിർന്ന പൗരന്മാർക്ക് ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് സ്കീമിലൂടെ ചികിത്സ നൽകിയിരുന്നത് സ്വാഗതാർഹമാണെങ്കിലും 24-1-2023-ലെ കേന്ദ്ര ഉത്തരവ് പ്രകാരം നിർബന്ധിത ബയോമെട്രിക് രേഖയുള്ളവർക്ക് മാത്രമേ ചികിത്സ നൽകാനാകൂ എന്ന രീതി നിഷ്കർഷിച്ചത് പാവങ്ങൾക്ക് തിരിച്ചടിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രീതി

പുന:പരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ക്ലെയിം പ്രോസസ്സിംഗ് ചെയ്യുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ റ്റി.എം.എസ്. പ്ലാറ്റ്ഫോമിലാണ്. പ്രസ്തുത പ്ലാറ്റ്ഫോമിൽ 23-01-2023 മുതൽ ചികിത്സാ സേവനങ്ങൾക്കായി ആധാർ നിർബന്ധമാക്കിയിട്ടുള്ളതിനാലാണ് ഇത്തരം സാഹചര്യങ്ങളുണ്ടായിട്ടുള്ളത്. പ്രസ്തുത വിഷയത്തിന്മേൽ ഉചിതമായ പരിഹാരക്രമങ്ങൾ സ്വീകരിക്കുവാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നാഷണൽ ഹെൽത്ത് അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 03-02-2023-ൽ നടന്ന ഗവേർണിംഗ് ബോഡി മീറ്റിംഗിൽ ഇക്കാര്യം നാഷണൽ ഹെൽത്ത് അതോറിറ്റി പ്രതിനിധിയെ നേരിട്ടും അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ ഇക്കാര്യം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

(ബി) മുമ്പെടുത്ത ബയോമെട്രിക് തിരിച്ചറിയൽ രേഖ പ്രായാധിക്യം കൊണ്ട് പുതുതായി എടുക്കുന്നതുമായി സാമ്യമുള്ളതല്ലായെന്ന കാരണം

പറഞ്ഞ് ചികിത്സ നിഷേധിക്കുന്നത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇക്കാരണത്താൽ ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകരുതെന്ന നിർദ്ദേശം ബന്ധപ്പെട്ട ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്.

**മൃതസഞ്ജീവനി പദ്ധതിയും ഫീസും**

172(3955) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാന പദ്ധതിയായ മൃതസഞ്ജീവനി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചതെന്നും അവയവമാറ്റം നടത്താൻ ആഗ്രഹിക്കുന്നവർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ടോയെന്നുമുള്ള വിവരം നൽകാമോ?

മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി 2012-ലാണ് ആരംഭിച്ചത്. മരണാനന്തര അവയവദാതാക്കളിൽ നിന്നും അവയവമാറ്റം നടത്താൻ ആഗ്രഹിക്കുന്നവർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.

(ബി) മൃതസഞ്ജീവനി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന രോഗികളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ എ.പി.എൽ., ബി.പി.എൽ. വിഭാഗക്കാരിൽ നിന്നുൾപ്പെടെ ഈടാക്കിവരുന്ന ഫീസ് നിരക്കുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മൃതസഞ്ജീവനി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന രോഗികളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ട്. എ.പി.എൽ, ബി.പി.എൽ ഭേദമില്ലാതെ വൃക്കയ്ക്ക് 2000 രൂപയും മറ്റ് അവയവങ്ങളായ കരൾ, ഹൃദയം, പാൻക്രിയാസ്, ചെറുകുടൽ, ശ്വാസകോശം, കൈകൾ എന്നിവയ്ക്ക് 5000 രൂപയുമാണ് ഈടാക്കുന്നത്.

(സി) അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള രോഗി അവയവം സ്വീകരിക്കുന്നതിന് മുമ്പുതന്നെ മരണപ്പെടുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായി ഈടാക്കിയിട്ടുള്ള തുക രോഗിയുടെ ബന്ധുക്കൾക്ക് തിരികെ നൽകാറുണ്ടോ?

തിരികെ നൽകാറില്ല.

(ഡി) മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ രോഗികളുടെ എണ്ണവും അവർ അപേക്ഷിച്ച വർഷവും അവയവവും തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

മൃതസഞ്ജീവനി ആരംഭിച്ചതു മുതൽ നാളിതുവരെ 5042 പേർ വിവിധ അവയവങ്ങൾക്കായി അപേക്ഷിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ഇ) ഇതേ കാലയളവിൽ രജിസ്ട്രേഷൻ ഫീ ഇനത്തിലും മറ്റ് ഫീസിനങ്ങളിലുമായി മൃതസഞ്ജീവനി മുഖേന പിരിച്ചെടുത്ത ആകെ തുക എത്രയെന്നും ഓരോ വർഷവും പിരിച്ച ഫീസും ഓരോ അവയവത്തിനും പിരിച്ച ഫീസും തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ?

രജിസ്ട്രേഷൻ ഫീ ഇനത്തിൽ ആകെ 1,28,57,000/- (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി അൻപത്തി ഏഴായിരം രൂപ മാത്രം) പിരിച്ചെടുത്തിട്ടുണ്ട്. വർഷം, അവയവം എന്നിവ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) അവയവ സ്വീകർത്താക്കളിൽ നിന്നും ഈടാക്കുന്ന ഫീസ് തുക എന്തൊക്കെ ആവശ്യങ്ങൾക്കായാണ് വിനിയോഗിക്കുന്നതെന്നും പ്രസ്തുത തുക ഏതൊക്കെ തരത്തിൽ കൈകാര്യം ചെയ്യപ്പെടുന്നുവെന്നതും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

അവയവദാന രജിസ്ട്രിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും അവയവദാന ബോധവത്കരണ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവയ്ക്കും മരണാനന്തര അവയവ ദാതാക്കളുടെ പരിപാലനത്തിനുമാണ് രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിക്കുന്ന തുക വിനിയോഗിച്ചിട്ടുള്ളത്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് മേധാവിയും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും സംയുക്തമായാണ് പ്രസ്തുത തുക കൈകാര്യം ചെയ്യുന്നത്.

(ജി) അവയവ സ്വീകർത്താക്കളിൽ നിന്നും ഫീസ് ഈടാക്കരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്ര നിർദ്ദേശപ്രകാരം അവയവ സ്വീകർത്താക്കളിൽ നിന്ന് രജിസ്ട്രേഷൻ ഫീസ്

ഈടാക്കുന്നത് നിർത്തിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അവയവ സ്വീകർത്താക്കളിൽ നിന്നും ഫീസ് ഈടാക്കരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ഔദ്യോഗിക നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇതുവരെയും ലഭിച്ചിട്ടില്ല. നിർദ്ദേശങ്ങൾ ലഭിക്കുന്നപക്ഷം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ**

173(3956) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം പതിനായിരക്കണക്കിന് കാൻസർ രോഗികളാണ് പുതുതായി രജിസ്റ്റർ ചെയ്യുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന ഈ രോഗത്തെ തടയുന്നതിനായി കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ?

(എ & ബി) കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഒരു Cancer Strategic Action Plan നടപ്പിലാക്കിവരുന്നുണ്ട്. ഇതുപ്രകാരം സംസ്ഥാനത്ത് വിവിധ ശ്രേണികളിൽ പ്രവർത്തിക്കുന്ന കാൻസർ ചികിത്സാ കേന്ദ്രങ്ങളെ മികവിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ തലങ്ങളിലായി തരംതിരിച്ച് സേവനങ്ങൾ നൽകിവരുന്നു.

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് മുൻകൂർ രോഗ നിർണ്ണയ ക്ലിനിക്കുകൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ ഹബ്ബ് ആൻഡ് സ്പോക്ക് മോഡലിൽ ലാബ് പരിശോധനാ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും മിഡ് ലെവൽ സർവ്വീസ്

പ്രൊവൈഡർമാർക്കുമുള്ള പരിശീലനം ആർ.സി.സി.-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റുകൾ കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാനിൽ പങ്കെടുക്കുന്നുണ്ട്. അതിന്റെ ഭാഗമായി നേരത്തെ കാൻസർ നിർണ്ണയിക്കുന്നതിനും (early cancer detecting), കാലതാമസം കൂടാതെ മറ്റ് പരിശോധനകൾ നടത്തുന്നതിനും ഉടനെ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ നവകേരള കർമ്മപദ്ധതിയിൽ ജില്ലാതല കാൻസർ നിയന്ത്രണ പരിപാടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പുമന്ത്രി ചെയർമാനായുള്ള കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി

കൺവീനറായും കാൻസർ സെന്ററുകളുടെ ഡയറക്ടർമാർ, ആരോഗ്യ/ ആരോഗ്യ വിദ്യാഭ്യാസ/ ആയുഷ്, ഹോമിയോ വകുപ്പ് ഡയറക്ടർമാർ, മെഡിക്കൽ കോളേജുകളിലെ ഓങ്കോളജി വിഭാഗം മേധാവികൾ, സ്വകാര്യ കാൻസർ സെന്ററുകളുടെ തലവന്മാർ/ മെഡിക്കൽ ഡയറക്ടർ എന്നിവർ മെമ്പർമാരുമായുള്ള കാൻസർ ബോർഡാണ് രൂപീകരിക്കപ്പെട്ടിരിക്കുന്നത്. കാൻസർ പ്രതിരോധം, ബോധവൽക്കരണം, നിയന്ത്രണം എന്നിവയെക്കുറിച്ച് പൊതു അവബോധം സൃഷ്ടിക്കുകയും സംസ്ഥാന വ്യാപകമായി കാൻസർ ചികിത്സ ഏകോപിപ്പിക്കുന്നതിനും ഒരു SOP രൂപീകരിക്കുകയുമാണ് ടി ബോർഡിന്റെ പ്രധാന ലക്ഷ്യം.

(ഡി) നിലവിലുള്ള റീജിയണൽ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സാ വിഭാഗങ്ങളെയും ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സയുടെ നൂതന സംവിധാനങ്ങൾ റേഡിയോ തെറാപ്പി വിഭാഗത്തിൽ

ഒരുക്കിയിട്ടുണ്ട്. കൃത്യവും സമഗ്രവുമായ കാൻസർ ചികിത്സയ്ക്കായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി എന്നീ മൂന്ന് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.

2021-ൽ റേഡിയേഷൻ മെഷീൻ (ടെലികൊബാൾട്ട് മെഷീൻ) പ്രവർത്തനമാരംഭിച്ചു. 2022 ഫെബ്രുവരിയിൽ ലീനിയർ ആക്സിലറേറ്റർ BAARC നിന്നും ലൈസൻസി ലഭിച്ചു.

പുതിയ CT Stimulator ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം കാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന അതിനൂതന ഉപകരണമായ പെറ്റ് സി.റ്റി. സ്കാനർ ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിന് 15 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ എല്ലാ സർജറി വിഭാഗത്തിലും കാൻസർ സർജറി നടക്കുന്നുണ്ട്. സർജിക്കൽ ഓങ്കോളജി വിഭാഗവും തുടങ്ങിയിട്ടുണ്ട്. ഐ.സി.യു. നവീകരണം, വാർഡുകളുടെ പുനരുദ്ധാരണം മുതലായവ ഈ കാലയളവിൽ സാധ്യമായിട്ടുണ്ട്. 11.5 കോടി

രൂപ ചെലവിൽ ആധുനിക രീതിയിലുള്ള രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ പ്രവർത്തനസജ്ജമാക്കുകയുണ്ടായി. കൂടാതെ Tertiary Inpatient palliative care, CT Simulator എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഓങ്കോളജി വിഭാഗത്തിൽ ആധുനികമായ LINAC/Machine, കൊബാൾട്ട് മെഷീൻ എന്നിവ ഉപയോഗിച്ചുള്ള ചികിത്സ നൽകി വരുന്നു. കൂടാതെ TPS Brachytherapy സൗജന്യമായി രോഗികൾക്ക് നൽകി വരുന്നു.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ അർബുദ ചികിത്സ രംഗത്തെ അത്യാധുനിക ഉപകരണങ്ങളായ ലീനിയർ ആക്സിലേറ്റർ, സി.റ്റി. സിമുലേറ്റർ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

മിനി ആർ.സി.സി. മാതൃകയിലുള്ള ഒരു ഓങ്കോളജി ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 3.2 കോടി രൂപ അനുവദിച്ചുകിട്ടിയിട്ടുള്ളതും ഇത് ഉപയോഗിച്ച് പ്രസ്തുത കെട്ടിടത്തിനാവശ്യമായ നിലം ഒരുക്കൽ, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ അർബുദ ചികിത്സയ്ക്കുവേണ്ടി ഹെമറ്റോ ഓങ്കോളജി യൂണിറ്റ് അനുവദിച്ച് പ്രാവർത്തികമായി വരികയാണ്. SBRT, SRS എന്നിവ ഉപയോഗിച്ചുള്ള ചികിത്സകളും ടെർഷ്യറി കാൻസർ സെന്ററും പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ രോഗം കണ്ടെത്തുന്നതിനായി ക്ലിനിക്കൽ എക്സാമിനേഷനുകളായ FNAC, PAPSMEAR, Biopsy, Ultra Sound, CT, MRI സ്കാനിംഗുകൾ നടത്തിവരുന്നു. കൂടാതെ 1 കോടി 69 ലക്ഷം രൂപ ചെലവിൽ സ്തനാർബുദ പ്രതിരോധത്തിന് മുതൽക്കൂട്ടാവുന്ന ഡിജിറ്റൽ മാമോഗ്രാഫി സ്ഥാപിച്ചുപ്രവർത്തിച്ചുവരുന്നു.

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പിയിലെ അതിനൂതന സംവിധാനമായ ലിനാക്ക് മെഷീൻ സ്ഥാപിച്ചു. നൂതനരീതിയിലുള്ള റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്നതിനായി കൊബാൾട്ട് മെഷീൻ പ്രവർത്തിച്ചുവരുന്നു.

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ കിഫ്ബിയിൽ നിന്നും 380 കോടിയോളം രൂപ മുതൽ മുടക്കിൽ നിർമ്മാണം പുരോഗമിക്കുന്ന കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടം എല്ലാവിധ അത്യാധുനിക ചികിത്സാ സൗകര്യങ്ങളോടും കൂടെ നവംബർ 2023-ൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കാൻസർ നിയന്ത്രണത്തിന് ജില്ലാ കാൻസർ നിയന്ത്രണ പദ്ധതി ഓരോ ജില്ലയിലും നടപ്പിലാക്കി വരികയാണ്. ഇതുകൂടാതെ ഹബ്ബ് ആൻഡ് സ്പോക്ക് മോഡലിൽ ലാബ് പരിശോധനാ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാർക്കുമുള്ള പരിശീലനം ആർ.സി.സി.-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ആർ.സി.സി.-യുടെ പുലയനാർകോട്ട ക്യാമ്പസ് നവീകരിച്ച് കൊണ്ടിരിക്കുന്നു. റോബോട്ടിക് സർജറി, ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ, ന്യൂക്ലിയാർ മെഡിസിൻ തുടങ്ങി ആധുനിക ചികിത്സാ സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന 170 കോടി രൂപ ചെലവിൽ

നിർമ്മിക്കുന്ന 14 നില കാൻസർ ചികിത്സാ സമുച്ചയം പണി പൂർത്തീകരിച്ച് ഈ വർഷം തന്നെ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഗാലിയം ജനറേറ്റർ ലൂട്ടീഷ്യം ട്രീറ്റ്മെന്റ് ഫെസിലിറ്റി എന്നിവ നിലവിൽ വന്നു. പ്രോസ്റ്റേറ്റ് ബ്രാക്കി തെറാപ്പി മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 20 കോടി രൂപ ചെലവിൽ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ലിനാക്ക് മെഷീൻ സ്ഥാപിച്ചു.

സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.118/2022/ആ.കുവ പ്രകാരം മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജിക്കൽ സയൻസസ് & റിസർച്ച് എന്ന് പുനർനാമകരണം ചെയ്യുകയും ഇതിനായുള്ള അടിസ്ഥാനവികസന സൗകര്യത്തിനായി റേഡിയോ തെറാപ്പി ബ്ലോക്കിന്റെ നിർമ്മാണം, ഒ.പി. നവീകരണം, പ്രധാന ബ്ലോക്കിന്റെ നിർമ്മാണം, ഗസ്റ്റ് ഹൗസ് എന്നീ പ്രോജക്റ്റുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ന്യൂറോ സർജിക്കൽ ഓങ്കോളജി, ഒക്കുലാർ ഓങ്കോളജി എന്നീ വിഭാഗങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

174(3957) **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ, അരിമ്പൂർ, പാവറട്ടി, കണ്ടാണശ്ശേരി എന്നിവിടങ്ങളിലെ ആരോഗ്യകേന്ദ്രങ്ങൾക്ക് ഓരോന്നിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി, ഓരോ ആരോഗ്യകേന്ദ്രത്തിലെയും പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി എന്നിവ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് എം.എൽ.എ. ഫണ്ട് അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

(എ-സി) ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ, അരിമ്പൂർ, പാവറട്ടി, കണ്ടാണശ്ശേരി എന്നിവിടങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **കുടുംബാരോഗ്യ ഉപകേന്ദ്രം** | **ഏജൻസി** | **തുക** | **നിലവിലെ സ്ഥിതി** |
|---|---|---|---|
| ചൂണ്ടൽ | നിർമ്മിതി കേന്ദ്രം | 15.5 ലക്ഷം | 20% പ്രവൃത്തികൾ പൂർത്തീകരിച്ചു. 30-04-2023-ന് പൂർത്തിയാകും |
| അരിമ്പൂർ | കോസ്റ്റ് ഫോർഡ് | 15.5 ലക്ഷം | നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കും |
| പാവറട്ടി | കോസ്റ്റ് ഫോർഡ് | 15.5 ലക്ഷം | 40% പ്രവൃത്തികൾ പൂർത്തീകരിച്ചു. 30-04-2023-ന് പൂർത്തിയാകും |
| കണ്ടാണശ്ശേരി | കോസ്റ്റ് ഫോർഡ് | 15.5 ലക്ഷം | 40% പ്രവൃത്തികൾ പൂർത്തീകരിച്ചു. 30-04-2023-ന് പൂർത്തിയാകും |

| | | | |
|---|---|---|---|
| | | 30 ലക്ഷം രൂപ (എം.എൽ.എ ആസ്തി വികസന പദ്ധതി) | നിർമ്മാണ പ്രവർത്തികൾ 80%പൂർത്തീകരിച്ചിട്ടുണ്ട്. |

**തരൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

175(3958) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തരൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ പുരോഗതിയും വിശദമാക്കാമോ?**

**ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തരൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചിറയിൻകീഴ് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

176(3959) **ശ്രീ. വി. ശശി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളെയാണ് നവീകരിച്ചിട്ടുള്ളതെന്നും അതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ & ബി) ചിറയിൻകീഴ് മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| **സ്ഥാപനം** | **തുക** | **നിലവിലെ സ്ഥിതി** | **അനുവദിക്കപ്പെട്ട തസ്തിക** |
|---|---|---|---|
| പി.എച്ച്.സി. പെരുമാതുറ | 14 ലക്ഷം | കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. | ഡോക്ടർ-1<br>സ്റ്റാഫ് നഴ്സ് -1 |
| പി.എച്ച്.സി. മുദാക്കൽ | 32,14,805 | കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. | ഡോക്ടർ-1 |

| | | | |
|---|---|---|---|
| പി.എച്ച്.സി. പുതുക്കുറിച്ചി | 14 ലക്ഷം | കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. | ഡോക്ടർ-1 സ്റ്റാഫ് നഴ്സ് -1 ലാബ് ടെക്നിഷ്യൻ-1 |
| പി.എച്ച്.സി. മംഗലാപുരം | 14 ലക്ഷം | കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. | ഡോക്ടർ-1 സ്റ്റാഫ് നഴ്സ് -1 |
| പി.എച്ച്.സി. കീഴാറ്റിങ്ങൽ | 11,70,827 | കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. | ഡോക്ടർ-1 സ്റ്റാഫ് നഴ്സ് -2 ലാബ് ടെക്നീഷ്യൻ-1 |
| പി.എച്ച്.സി. അഴൂർ | 15,50,000 | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. | |
| ചിറയൻകീഴ് THQH | | | ജൂനിയർ കൺസൾട്ടന്റ് -2 |

കൂടാതെ സി.എച്ച്.സി. പുത്തൻതോപ്പ്, സി.എച്ച്.സി. അഞ്ചുതെങ്ങ് എന്നീ സ്ഥാപനങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുക്കുകയും നവീകരണ പ്രവർത്തനങ്ങൾക്കായി യഥാക്രമം 37.5 ലക്ഷം, 37 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## വർക്കല മണ്ഡലത്തിലെ ആർദ്രം പദ്ധതി

177(3960) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**വർക്കല നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?**

വർക്കല നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| ആർദ്രം പദ്ധതി | സ്ഥാപനം | തുക (ലക്ഷം ) | അനുവദിച്ച തസ്തിക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| ഒന്നാം ഘട്ടം | ചെമ്മരുതി | 14.73 | ഡോക്ടർ-1 | കുടുബാരോഗ്യ കേന്ദ്രമായി ഉയർത്തി. |
| | | | സ്റ്റാഫ് നഴ്സ് - 2 | |
| | | | ലാബ് ടെക്നീഷ്യൻ-1 | |
| | | | ഫാർമസിസ്റ്റ് -1 | |
| രണ്ടാം ഘട്ടം | വെട്ടൂർ | 77.11 | ഡോക്ടർ-1 | കുടുബാരോഗ്യ കേന്ദ്രമായി ഉയർത്തി. |
| | | | സ്റ്റാഫ് നഴ്സ് -2 | |
| | ഇടവ | 12.37 | സ്റ്റാഫ് നഴ്സ് -1 | കുടുബാരോഗ്യ കേന്ദ്രമായി |

| | | | | |
|---|---|---|---|---|
| | | | | ഉയർത്തി. |
| | മടവൂർ | 23.39 | ഡോക്ടർ- 1<br>ലാബ് ടെക്നീഷ്യൻ -1 | കുടുബാരോഗ്യ കേന്ദ്രമായി ഉയർത്തി. |
| | തോണിപ്പാറ | 7.45 | ഡോക്ടർ- 1 | കുടുബാരോഗ്യ കേന്ദ്രമായി ഉയർത്തി. |
| മൂന്നാം ഘട്ടം | നാവായിക്കുളം | 15.50 | | നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| | വർക്കല താലൂക്ക് ആശുപത്രി | | കൺസൾട്ടന്റ് (ഗൈനക്കോളജി) -1<br>JC (ജനറൽ മെഡിസിൻ)-1<br>ഇ.സി.ജി. ടെക്നീഷ്യൻ -1<br>ഡെന്റൽ മെക്കാനിക്ക്-1 | |

## വൺ ഹെൽത്ത് പദ്ധതി

178(3961) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൺ ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാനുള്ള മാർഗ്ഗരേഖയുടെ വിശദാംശം നൽകാമോ?

നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിലാണ് ഏകാരോഗ്യം (വൺ ഹെൽത്ത്) പരിപാടി നടപ്പിലാക്കിവരുന്നത്. ജന്തുജന്യരോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇത്തരം രോഗങ്ങളുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഒത്തൊരുമിപ്പിച്ച് നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുകായെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 5 വർഷമാണ് പദ്ധതിയുടെ കാലയളവ്. ആദ്യഘട്ടമായി പമ്പാ നദീതട ജില്ലകളായ കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട എന്നീ

ജില്ലകളിലാണ് പരിപാടി നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ബാക്കിയുള്ള 10 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും.

പെട്ടന്നുണ്ടാകുന്ന രോഗങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ ഇവയ്ക്കെതിരായി സംസ്ഥാനത്തിന്റെ പ്രതിരോധം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന Multi Sector Resilience Programme for Results Operation എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് ഏകാരോഗ്യം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ലോകബാങ്കിൽ (IBRD) നിന്നും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിൽ (AIIB) നിന്നും കോ-ഫിനാൻസിംഗ് അടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കിയാണ് പ്രസ്തുത പദ്ധതി നടത്തി വരുന്നത്. ആരോഗ്യവകുപ്പ് ഡയറക്ടർക്കാണ് പരിപാടിയുടെ ഏകോപനച്ചുമതല.

മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മറ്റുജീവജാലങ്ങളുടേയും പരിസ്ഥിതിയുടേയും ആരോഗ്യം നിരന്തരമായി നിരീക്ഷിക്കുന്നതിനും വ്യതിയാനങ്ങൾ, പ്രത്യേകിച്ചും, മനുഷ്യനെ ബാധിക്കുന്ന പകർച്ചവ്യാധികൾ

നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ പ്രാദേശിക, ജില്ല, സംസ്ഥാനതലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സാധ്യമാക്കുന്ന സമഗ്രസമീപനമാണ് ഏകാരോഗ്യം പരിപാടിയിൽ സ്വീകരിച്ചിരിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലാണ് സംസ്ഥാനതലകമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അതത് സ്ഥാപനതല അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിലും ബന്ധപ്പെട്ട വകുപ്പുപ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന വൺ ഹെൽത്ത് കമ്മിറ്റികളായിരിക്കും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പരിപാടി നടപ്പിലാക്കുന്നത്. ആരോഗ്യം, തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, വനം, ഫിഷറീസ്, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി എന്നിവയാണ് പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രധാന വകുപ്പുകൾ.

ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി, പരിപാടിയുടെ ആശയം, വിവിധ ഘടകങ്ങൾ, നടപ്പാക്കുന്ന രീതി, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ഉത്തരവാദിത്തങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, തദ്ദേശസ്വയംഭരണ സ്ഥാപനപ്രതിനിധികൾ എന്നിവർക്ക് നൽകുന്നതായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യാധിഷ്ഠിതരോഗ നിരീക്ഷണത്തിനായുള്ള വോളണ്ടിയർമാർ/ മെന്റർമാർ, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുടെ പരിശീലന ചുമതല കിലയ്ക്കും സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ - കേരള-യ്ക്കുമാണ് (SHSRC-K) നൽകിയിട്ടുള്ളത്.

ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് ഉൾപ്പെടെ പരിപാടിയുടെ വിവിധ ആശയങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതോടൊപ്പം പരിപാടിയുടെ നടത്തിപ്പിൽ ജനപങ്കാളിത്തം

ഉറപ്പാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും സാധ്യമാക്കുന്നതിനുമായുള്ള ആശയവിനിമയം, പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി മനുഷ്യരിലും മറ്റ് ജീവജാലങ്ങളിലും രോഗങ്ങൾ ഉണ്ടാകുന്നുണ്ടോയെന്ന് അറിയുന്നതിനായുള്ള നിരീക്ഷണം ശക്തിപ്പെടുത്തൽ, ആശുപത്രികളിലെ ലബോറട്ടറികളുടെ ശാക്തീകരണം, വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും തീരുമാനം കൈകൊള്ളുന്നതിനുമുള്ള ശേഷിവർദ്ധിപ്പിക്കൽ തുടങ്ങിയവയാണ് സംസ്ഥാനത്ത് നടപ്പാക്കുന്ന ഏകാരോഗ്യ പരിപാടിയുടെ മറ്റു പ്രധാന ഘടകങ്ങൾ. രോഗനിരീക്ഷണം മുതൽ ഇടപെടൽവരെ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഐ.ടി. അധിഷ്ഠിത സംവിധാനങ്ങളായിരിക്കും നിലവിൽവരിക. രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2.5 ലക്ഷത്തോളം സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതാണ്. ഇതിനുവേണ്ട ട്രെയിനിംഗ് മോഡ്യൂൾ കില തയ്യാറാക്കിവരുന്നു.

കേരളത്തിൽ ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സെന്റർ ഫോർ വൺ ഹെൽത്ത്

സ്ഥാപിക്കും. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ-കേരള (SHSRC-K)-യെ ആണ് സെന്റർ ഫോർ വൺ ഹെൽത്ത് സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. സെന്റർ ഫോർ വൺ ഹെൽത്തിന് കീഴിൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റും ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസിനുകീഴിൽ സ്ഥാപിച്ചിട്ടുള്ള ജില്ലാ പ്രോഗ്രാം സപ്പോർട്ട് യൂണിറ്റും കോർപ്പറേഷൻ/പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ വൺ ഹെൽത്ത് കമ്മിറ്റികളുമായിരിക്കും പരിപാടികൾ നടപ്പിലാക്കുന്നത്. ഈ സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് ആരോഗ്യ വകുപ്പ് മാറ്റിവച്ചിരിക്കുന്നതെന്നും പദ്ധതിക്കുവേണ്ടി വിദേശ ഏജൻസികളുടെ ഫണ്ടിംഗ് ഉണ്ടോയെന്നും അറിയിക്കാമോ?

പെട്ടന്നുണ്ടാകുന്ന രോഗങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ ഇവയ്ക്കെതിരായി കേരളത്തിന്റെ പ്രതിരോധം

വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും ധനസഹായം നൽകുന്ന Multi Sector Resilience Programme for Results Operation എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് ഏകാരോഗ്യം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴിയാണ് ആരോഗ്യ വകുപ്പിന് പരിപാടി നടത്തിപ്പിനുള്ള ഫണ്ട് ലഭ്യമാക്കുന്നത്. 2021-22 വർഷം 1,28,00,000/- (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷം രൂപ) രൂപയായിരുന്നു പരിപാടി നടത്തിപ്പിനായി അനുവദിച്ചിരുന്നത്. പരിപാടിയുടെ 2022-23 വർഷത്തേയ്ക്കുള്ള വിശദമായ പദ്ധതി രേഖയ്ക്ക് തത്വത്തിൽ അനുമതി നൽകി കഴിഞ്ഞു. 49.02 കോടി രൂപയാണ് പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ളത്.

(സി) പദ്ധതിയുടെ നടത്തിപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും മാറ്റി സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിനെ ഏൽപ്പിക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയം സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഇല്ല.

(ഡി) വൺ ഹെൽത്ത് പദ്ധതിക്കുവേണ്ടി ആരോഗ്യവകുപ്പിൽ പുതിയ സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

വൺ ഹെൽത്ത് പരിപാടിക്കുവേണ്ടി ആരോഗ്യവകുപ്പിനുകീഴിൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ലെവൽ കോർ കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്. പരിപാടിയുടെ പുരോഗതി വിലയിരുത്തുക, മോണിറ്ററിംഗ് എന്നിവയാണ് ഈ കമ്മിറ്റിയുടെ ഉത്തരവാദിത്തങ്ങൾ.

കൂടാതെ പരിപാടിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും പരിപാടിയുടെ ഭാഗമായി തയ്യാറാക്കുന്ന വിവധ പ്രോട്ടോക്കോളുകൾ, പരിശീലന പരിപാടികൾക്കവശ്യമായ മോഡ്യൂളുകൾ, പ്രൊപ്പോസലുകൾ മുതലായവ സൂക്ഷമമായി പരിശോധിച്ച് പ്രസിദ്ധീകരണക്ഷമമാക്കുന്നതിനുമായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ**

179(3962)ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖല ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നടപ്പാക്കിവരുന്ന ആർദ്രം മിഷൻ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും തുടർപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്.

ആർദ്രം മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനം വേഗത്തിലാക്കാൻ 23-01-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം.172/2023/ആ.കു.വ പ്രകാരം

സംസ്ഥാനതല കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ, ഉപജില്ലാതല കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ ഘടനയും ചുമതലകളും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വികസന, ക്ഷേമ പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള മൂന്നാം നൂറു ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ആരോഗ്യ മേഖലയിലെ പദ്ധതികൾക്ക് ആർദ്രം മിഷൻ-2 പ്രകാരം മുൻഗണന നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

മൂന്നാം നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി മുൻഗണന നൽകിയിട്ടുള്ള ആർദ്രം മിഷൻ-2 പ്രകാരമുള്ള പദ്ധതികൾ ചുവടെച്ചേർക്കുന്നു.

1) 51 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്ന പദ്ധതി.

2) 32 സാമൂഹ്യാരോഗ്യകേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്ന പദ്ധതി.

3) 207 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

4) ഐസോലേഷൻ വാർഡുകളുടെ നിർമ്മാണം.

ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിലും ജില്ലാ തലത്തിലും ഉദ്യോഗസ്ഥർക്ക് ചുമതല നൽകി പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നു.

(സി) ആരോഗ്യ രംഗം രോഗീസൗഹാർദ്ദമാക്കുന്നത് ലക്ഷ്യമിട്ട് നടപ്പാക്കിയിട്ടുള്ള ആർദ്രം മിഷൻ ഒന്നാം ഘട്ട പദ്ധതി പ്രകാരം നടപ്പാക്കിയ പരിഷ്കാരങ്ങൾ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ ഔട്ട്

പേഷ്യന്റ് വിഭാഗം ജനസൗഹൃദമാക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

ആർദ്രം മിഷന്റെ ഭാഗമായി ജനസൗഹൃദമായി പരിവർത്തനം ചെയ്ത സ്ഥാപനങ്ങളിൽ ലഭ്യമായ സംവിധാനങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ വേണ്ട സൈനേജ്/നോട്ടീസ് ബോർഡുകൾ, വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായ ഒ.പി. വിഭാഗം, ഒ.പി. വിഭാഗത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ട സൗകര്യങ്ങളോടുകൂടിയ കാത്തിരിപ്പ് കേന്ദ്രം, രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, ട്രയേജ് സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, ഒബ്സർവേഷൻ മുറി, ലാബ് സംവിധാനം, മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ചികിത്സ നൽകുവാൻ വേണ്ട ഉപകരണങ്ങൾ എന്നിവ ഉറപ്പാക്കുന്നു.

ആർദ്രം മിഷന്റെ ഭാഗമായി 886 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ടതിൽ 615 സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്തു കഴിഞ്ഞു. കൂടാതെ 152 സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ

കുടുംബാരോഗ്യകേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതിനും തെരഞ്ഞെടുത്തിട്ടുണ്ട്. ജില്ലാ/ജനറൽ ആശുപത്രികളിൽ 17 എണ്ണം തിരഞ്ഞെടുത്തതിൽ 14 എണ്ണത്തിലും ഒ.പി. പരിവർത്തനം പൂർത്തിയായി. താലൂക്ക് ആശുപത്രികളിൽ 43 എണ്ണം തെരഞ്ഞെടുത്തതിൽ 8 എണ്ണത്തിൽ ഒ.പി. പരിവർത്തനം പൂർത്തിയായി. പരിവർത്തനം പൂർത്തിയായ സ്ഥാപനങ്ങളിൽ ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. മറ്റു ആരോഗ്യസ്ഥാപനങ്ങളിൽ ആർദ്രം മാനദണ്ഡപ്രകാരം പരിവർത്തനം പൂർത്തിയാകുമ്പോൾ ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

**ആരോഗ്യ മേഖലയുടെ ഉന്നമനം**

180(3963) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന്

വ്യക്തമാക്കുമോ;

(ബി) ഡയാലിസിസ് യൂണിറ്റുകൾ ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത താലൂക്ക് ആശുപത്രികളിൽ അവ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്ത് എല്ലാവർഷവും “Stregthening of Dialysis units” എന്ന പദ്ധതിയിലുൾപ്പെടുത്തി നിലവിൽ ഡയാലിസിസ് യൂണിറ്റ് ഇല്ലാത്ത താലൂക്ക്തല ആശുപത്രികളിൽ ഡയലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഘട്ടംഘട്ടമായി പ്ലാൻ ഫണ്ടുകൾ, എൻ.എച്ച്.എം., പി.ഐ.പി. ഫണ്ട്, മറ്റ് എം.എൽ.എ ഫണ്ടുകളും ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

(സി) സർക്കാർ ആശുപത്രികളിൽ നിന്നും ഉയർന്ന നിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമുള്ള പരിപാടികളുടെ വിശദവിവരം നൽകുമോ;

(ഡി) ആരോഗ്യ മേഖലയുടെ ഉന്നമനത്തിനായുള്ള ആർദ്രം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; പ്രാഥമിക തലത്തിൽ രോഗനിർണ്ണയം

സാധ്യമാക്കുന്ന കുടുംബാരോഗ്യകേന്ദ്രങ്ങളും രോഗനിർണ്ണയത്തിന് വേണ്ടിവരുന്ന ലബോറട്ടറി സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് എത്ര മാത്രം സാധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി&ഡി) സംസ്ഥാനത്തെ പൊതുആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ആർദ്രം മിഷൻ 2. ആരോഗ്യ വകുപ്പിന്റെ സമഗ്ര വികസനത്തിനായി ഏർപ്പെടുത്തിയ ഈ പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ ആരോഗ്യരംഗം ജനസൗഹാർദ്ദവും രോഗീ സൗഹൃദവുമാക്കുക, ആധുനികവത്കരിക്കുക, ജനങ്ങളുടെ ചികിത്സാ ചെലവുകൾ കുറയ്ക്കുക, ഗുണമേന്മയുള്ള ചികിത്സ ഉറപ്പുവരുത്തുക തുടങ്ങിയവയാണ്.

സംസ്ഥാനത്ത് പ്രാഥമികതല ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനായി നവകേരള കർമ്മപദ്ധതി ആർദ്രം-2-ൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ

കേന്ദ്രങ്ങളായും കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായും മാറ്റുന്ന പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നു. കൂടാതെ, നഗര പ്രാഥമിക ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളും നഗരങ്ങളിൽ Health & Wellness Centre-കളും ആരംഭിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു.

പ്രാഥമികതല ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുകവഴി അവിടെ കൂടുതൽ അടിസ്ഥാനസൗകര്യങ്ങളും ചികിത്സാസൗകര്യങ്ങളും ഏർപ്പെടുത്താൻ കഴിയും. ആശുപത്രിയിൽ ലഭ്യമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് മനസിലാക്കാൻവേണ്ട സൈനേജ്, നോട്ടീസ് ബോർഡുകൾ, വയോജന, സ്ത്രീ, ഭിന്നശേഷി സൗഹൃദമായ ഒ.പി. വിഭാഗം, ഒ.പി വിഭാഗത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ട കാത്തിരിപ്പ് കേന്ദ്രം, രജിസ്ട്രേഷൻ, ടോക്കൺ സിസ്റ്റം, ട്രയാജ് സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, ലബോറട്ടറി സേവനം, ആധുനിക സൗകര്യത്തോടുകൂടിയ ഫാർമസി

സംവിധാനം എന്നിവയും കൂടാതെ പ്രീ ചെക്ക്അപ്പ്, പോസ്റ്റ് ചെക്ക്അപ്പ് സേവനങ്ങൾ, ശ്വാസകോശ രോഗികൾക്കായുള്ള ശ്വാസ്, ആശ്വാസ് സേവനങ്ങൾ, രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ ഒ.പി സേവനങ്ങൾ ലഭ്യമാക്കൽ എന്നിവ പ്രാഥമിക തലത്തിൽ ഉറപ്പുവരുത്തുന്നതാണ്.

സംസ്ഥാനത്ത് പ്രാഥമിക തലത്തിലുള്ള ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനായി നവകേരളം കർമ്മപദ്ധതി ആർദ്രം-2 മുഖേന നടത്തുന്ന പ്രവർത്തനപുരോഗതി ചുവടെച്ചേർക്കുന്നു.

1) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി ഒന്നാംഘട്ടം

166 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 23 കോടി രൂപ (ഒരു പി.എച്ച്.സി.-ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) അനുവദിക്കുകയുണ്ടായി.

2) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി രണ്ടാംഘട്ടം

504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി

മാറ്റുതിനാണ് അനുമതി നൽകിയിട്ടുള്ളത്. ആയതിൽ 204 എണ്ണം സംസ്ഥാന ഗവമെന്റിന്റെ പ്ലാൻ ഫണ്ടും (ഒരു പി.എച്ച്.സി.-ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) 300 എണ്ണം എൻ.എച്ച്.എം. ഫണ്ടും (ഒരു പി.എച്ച്.സി.-ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) ആണ്. 504 എണ്ണത്തിൽ 403 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 31 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 70 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 101 സ്ഥാപനങ്ങളിൽ 7 എണ്ണം 2023 മാർച്ച് മാസത്തിലും 21 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

3) <u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി മൂന്നാംഘട്ടം</u>

212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് എൻ.എച്ച്.എം. ഫണ്ട് മുഖേന 32.86 കോടി രൂപയുടെ (ഒരു പി. എച്ച്.സി.-ക്ക് 15.50 ലക്ഷം രൂപ എന്ന

നിരക്കിൽ) അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 28 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 184 സ്ഥാപനങ്ങളിൽ 32 എണ്ണം 2023 മാർച്ച് മാസത്തിലും 28 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4) സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി ഒന്നാംഘട്ടം

76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 28.31 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ 20 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ലെവൽ കുടുംബകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 35 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 21 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ 13 എണ്ണം 2023 മാർച്ച് മാസത്തിലും 8 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

5) സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി രണ്ടാംഘട്ടം

75 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 27.86 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന് സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 75 സ്ഥാപനങ്ങളിൽ 4 എണ്ണം 2023 മാർച്ച് മാസത്തിലും 37 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

6) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ യു.എച്ച്.ടി.സി, പാങ്ങപ്പാറ, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ കെ.എം.സി.എച്ച്. ഏറ്റുമാനൂർ

എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ യു.എച്ച്.ടി.സി, അമ്പലപ്പുഴയുടെ ഒ.പി നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രണ്ടുനേരം ഒ.പി.**

181(3964) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രണ്ടുനേരം ഒ.പി.യും മരുന്നും ലാബും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇത് നടപ്പാക്കിയെന്നും ഇനി എത്ര കേന്ദ്രങ്ങളിൽ നടപ്പിലാക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ?

ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജനസൗഹൃദമായ സേവനങ്ങൾ ഉറപ്പാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും അധിക മാനവ വിഭവശേഷി അനുവദിക്കുകയും

ചെയ്തിട്ടുണ്ട്. 406 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രണ്ടു നേരം ഒ.പി സേവനം നൽകി വരുന്നുണ്ട്. മറ്റുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ കുറവ് പരിഹരിച്ച് രണ്ടു നേരം ഒ.പി സേവനം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലാബ് സൗകര്യം ഒരുക്കിയിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും മരുന്നുകളും മറ്റ് അനുബന്ധ വസ്തുക്കളും ഉറപ്പു വരുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് മുഴുവൻ നടപ്പിലാക്കുന്നതിന് എന്തെല്ലാം അധിക സൗകര്യങ്ങൾ ഓരോ കുടുംബാരോഗ്യകേന്ദ്രത്തിലും ഏർപ്പെടുത്തേണ്ടി വരും; ഇതിനായി 2023-24 ബജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിന് 2000 ലക്ഷം രൂപയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് 350 ലക്ഷം രൂപയും 2023-24 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുമ്പോൾ സ്ഥാപനത്തിൽ ലഭ്യമായ സംവിധാനങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ വേണ്ട സൈനേജ്/നോട്ടീസ് ബോർഡുകൾ, നെയിം ബോർഡുകൾ, ആശുപത്രിക്ക് ചുറ്റുമതിൽ, രജിസ്ട്രേഷൻ, അന്വേഷണ കൗണ്ടർ, ടോക്കൺ സംവിധാനങ്ങൾ, വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായ ഒ.പി വിഭാഗം, ഒ.പി വിഭാഗത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ട സൗകര്യങ്ങളോടുകൂടിയ കാത്തിരിപ്പ് കേന്ദ്രം, ട്രയേജ് സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ ഒബ്സർവേഷൻ മുറി, നഴ്സിംഗ് സ്റ്റേഷൻ, ഒ.പി, കാത്തിരിപ്പ് കേന്ദ്രത്തിൽ കുറഞ്ഞത് 50 കസേരകൾ, ടോക്കൺ ഡിസ്‌പ്ലേ, ടെലിവിഷൻ, കുടി വെള്ളത്തിനായുള്ള സജ്ജീകരണങ്ങൾ, പുരുഷന്മാർക്കും സ്ത്രീകൾക്കും ആശുപത്രി ജീവനക്കാർക്കും വെവ്വേറെ ടോയ്‌ലെറ്റ് സംവിധാനം, മുലയൂട്ടൽ മുറി ഓ.ആർ.റ്റി കോർണർ, DOTS കോർണർ, ജീവനക്കാർക്കുള്ള മുറികൾ, കോൺഫറൻസ് ഹാൾ, അത്യാഹിത സേവനങ്ങൾ നൽകേണ്ടി വരുന്ന സാഹചര്യം കണക്കിലെടുത്ത് ആവശ്യം വേണ്ടുന്ന ജീവൻരക്ഷ

ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കിയുള്ള ഒരു എമർജൻസി റൂം, അത്യാവശ്യ സജ്ജീകരണങ്ങളോടുകൂടിയ ഒരു മൈനർ പ്രോസിജിയർ റൂം, ശിശുസൗഹൃദ ഇമ്മ്യൂണൈസേഷൻ റൂം, മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ചികിത്സ നൽകുവാൻ വേണ്ട ഉപകരണങ്ങൾ മരുന്നുകൾ ലാബ് സംവിധാനം, ഫാർമസി, മരുന്നുകൾ സൂക്ഷിക്കാനുള്ള സ്റ്റോർ എന്നിവയും അതോടൊപ്പം അവശ്യ സംവിധാനങ്ങളോടുകൂടിയ ഓഫീസ് വിഭാഗം, ഗവൺമെന്റ് നിഷ്കർഷിക്കുന്ന തരത്തിലുള്ള മാലിന്യ നിർമാർജ്ജന സംവിധാനങ്ങൾ, പൗരാവകാശ രേഖകളും സേവന വിവരങ്ങളും പ്രദർശിപ്പിക്കുക, സ്ഥാപനത്തിലെ അഗ്നിരക്ഷ സംവിധാനങ്ങൾ എന്നിവയും ഉറപ്പാക്കുന്നതാണ്.

**മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ്**

182(3965) <u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന്

ഏതെല്ലാം പദ്ധതി പ്രകാരം എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

26-07-2021-ലെ സ.ഉ (സാധാ)1555/ 2021/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ഓരോ നിയോജക മണ്ഡലത്തിലും 10 കിടക്കകളുള്ള ഒരു ഐസോലെഷൻ വാർഡ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി 1,75,96,748/- രൂപ (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എഴുന്നൂറ്റി നാൽപത്തിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ രണ്ടാംഘട്ടം പ്രവൃത്തി ഉത്തരവ് നൽകിയതിൽ ഉൾപ്പെടുന്നതാണ് മുല്ലശ്ശേരി സാമൂഹ്യ ആരോഗ്യ കേന്ദ്രം. നിലവിൽ EPS Panel (Erection) പ്രവൃത്തികൾ ദ്രുതഗതിയിൽ

പുരോഗമിച്ചുവരുന്നു. 2023 ഏപ്രിൽ മാസത്തോടുകൂടി നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

**മാങ്ങാട്ടുപറമ്പ് ആശുപത്രി കോമ്പൗണ്ടിൽ**
**കാരുണ്യ മെഡിക്കൽ ഡിപ്പോ**

183(3966) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കോമ്പൗണ്ടിൽ കാരുണ്യ മെഡിക്കൽ ഡിപ്പോ ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ മങ്ങാട്ട് പറമ്പിൽ കാരുണ്യ മരുന്നു ഡിപ്പോയ്ക്കുവേണ്ടി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്

വിനിയോഗിച്ചുള്ള (LSGD) പദ്ധതികളുള്ള മരുന്നുവിതരണം നിർവ്വഹിക്കുന്നതിനായി, 2715 ചതുരശ്രയടി വിസ്തീർണ്ണത്തിൽ പ്രീഫാബ് കെട്ടിടം Rs.37,63,322/-രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണ്. കാരുണ്യ മെഡിസിൻ ഡിപ്പോ എത്രയും പെട്ടന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഡിപ്പോ നടത്തിപ്പിനായി ഡ്രഗ് ലൈസൻസ് ലഭ്യമായിട്ടുണ്ട്. മാത്രമല്ല, നിലവിൽ അനുവദനീയമായ സ്ഥലത്ത് ജില്ലാ മരുന്നുസംഭരണ ശാലയും ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത മെഡിക്കൽ ഡിപ്പോയുടെ ഭാഗമായി ചില്ലറ വിൽപ്പന കേന്ദ്രം ആരംഭിക്കുന്നത് പരിഗണിക്കാമോ?

പ്രസ്തുത മെഡിസിൻ ഡിപ്പോയുടെ ഭാഗമായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടി സജീവ പരിഗണനയിലാണ്.

**നൂറനാട് ലെപ്രസി സാനറ്റോറിയം**

184(3967) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലം ഉണ്ടെന്നും അവ എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്നും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ഉടമസ്ഥതയിൽ ആകെ 161.19 ഏക്കർ സ്ഥലമാണുള്ളത്.ആയതിൽ താമരക്കുളം വില്ലേജിലുള്ള 77.98 ഏക്കർ ഭൂമി ലെപ്രസി സാനറ്റോറിയം ആശുപത്രി പ്രവർത്തിക്കുന്നതിന് ഉപയോഗിക്കുന്നു. അതിനു സമീപത്തായി 7.32 ഏക്കർ ഭൂമി അന്തേവാസികൾക്കുള്ള ശ്മശാനത്തിനും ഉപയോഗിക്കുന്നു. കൂടാതെ, ടി വില്ലേജിലെ സാനറ്റോറിയത്തിന്റെ ഉടമസ്ഥതയിലുള്ള 50 ഏക്കർ ഭൂമി 2040-41 വർഷം വരെ ITBP-ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

നൂറനാട് വില്ലേജിൽ സാനറ്റോറിയത്തിന്റെ ഉടമസ്ഥതയിലുള്ള 4.89 ഏക്കർ ഭൂമിയിൽ കൃഷി ആവശ്യത്തിനുള്ള വെള്ളം പമ്പ് ചെയ്യുന്ന പൊതു കിണറുണ്ട്.ബാക്കി സ്ഥലം തരിശ്ശായി കിടക്കുന്നു.

നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ഉടമസ്ഥതയിലുള്ളതും അടൂർ താലൂക്ക് പെരിങ്ങിനാട് വില്ലേജിൽ സ്ഥിതി ചെയ്യുന്നതുമായ 21 ഏക്കർ ഭൂമി

അന്തേവാസികളുടെ പുനരധിവാസത്തിന് ഉപയോഗിക്കുന്നു.

കൂടാതെ, 23/01/2023 ലെ സ.ഉ.(കൈ)നം. 14/2023/RD പ്രകാരം സാംസ്കാരിക വകുപ്പിന് 5 ഏക്കർ ഭൂമി കൃഷ്ണപിള്ള സ്മാരകം പണിയുന്നതിനായി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട് ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ സ്ഥലത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിന് നബാർഡ് RIDF ധനസഹായത്തിനായി സമർപ്പിച്ച 40.30 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ച് ഒന്നാം ഘട്ടമായി 23.53 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായുള്ള മെയിൽ, ഫീമെയിൽ വാർഡുകളുടെ നിർമ്മാണം പൂർത്തിയായി. കൂടാതെ ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

## പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ

185(3968) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കാമോ?

പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ വിശദാംശങ്ങളും ചുവടെചേർക്കുന്നു.

1) മെറ്റേർണിറ്റി ബ്ലോക്ക്

നബാർഡ് സഹായത്തോടെ 6 കോടി രൂപ ചെലവിൽ ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരികയാണ്. രണ്ട് നിലകളിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഒന്നാം നിലയുടെ കോൺക്രീറ്റ് പ്രവൃത്തി പരോഗമിക്കുന്നു.

2) ഐസൊലേഷൻ വാർഡ്

കിഫ്ബി, എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് 1.75 കോടി രൂപയുടെ ഐസൊലേഷൻ വാർഡ് 2400 സ്ക്വയർഫീറ്റുള്ള പ്രീഫാബ് ടെക്നോളജി

ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ടി കെട്ടിടത്തിൽ 10 കിടക്കകൾ, ഡോക്ടർ റൂം, നഴ്സിംഗ് റൂം, മരുന്ന് സൂക്ഷിപ്പ് കേന്ദ്രം, അത്യാഹിത വിഭാഗം, കാത്തിരിപ്പ് കേന്ദ്രം, സ്റ്റോർ റൂം, ടോയ്‌ലെറ്റ്, ജനറേറ്റർ എന്നിവ ഉൾപ്പെടുന്നു. TDLC ആണ് നിർവ്വഹണ ഏജൻസി. നിലവിൽ കെട്ടിടത്തിന്റെ Rain Water Gutter Work നടന്നു വരുന്നു. ഇ.പി.എസ്. പാനൽ ജോലികൾ (EPS Panel-Erection) പുരോഗമിച്ചു വരുന്നു.

3) സ്റ്റാഫ് ക്വാർട്ടേഴ്സ്

എൻ.എച്ച്.എം. ഫണ്ടിൽ ഉൾപ്പെടുത്തി 1.22 കോടി രൂപ ചെലവിൽ രണ്ട് നിലകളായാണ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നത്. ബെഡ് റൂം, ലിവിംഗ് റൂം, അടുക്കള, ടോയ്‌ലെറ്റ് എന്നിവയോടുകൂടിയ ക്വാർട്ടേഴ്സിൽ താഴത്തെ നിലയിൽ 3 കുടുംബങ്ങൾക്കും ഒന്നാം നിലയിൽ ഒരു കുടുംബത്തിനും താമസിക്കാൻ കഴിയും. KEL ആണ് നിർവ്വഹണ ഏജൻസി. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്കും, Column വർക്കും പൂർത്തിയായിട്ടുണ്ട്.

**മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ സൗകര്യങ്ങൾ**

186 (3969) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രി അപ്ഗ്രേഡ് ചെയ്തത് ഏത് വർഷമാണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ?

23-01-2018-ലെ സ.ഉ(സാധാ) നം.258/2018/ആ.കു.വ പ്രകാരം മംഗൽപാടി സാമൂഹികാരോഗ്യകേന്ദ്രത്തെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയതിനുശേഷം പ്രസ്തുത ആശുപത്രിയിൽ അധികമായി ഉണ്ടായ സൗകര്യങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയതിനുശേഷം പ്രസ്തുത ആശുപത്രിയിൽ അധികമായി ഉണ്ടായ സൗകര്യങ്ങളും സേവനങ്ങളും ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

24 കിടക്കകളോടുകൂടിയ IP വാർഡ് ആരംഭിച്ചു.

12 മെഷീനോടുകൂടി ഡയാലിസിസ് സെന്റർ ആരംഭിച്ചു.

എല്ലാ ദിവസവും പ്രവർത്തിക്കുന്ന എൻ.സി.ഡി ക്ലിനിക്കിന്റെ പ്രവർത്തനം തുടങ്ങി.

ഐ.സി.റ്റി.സി.-യുടെ പ്രവർത്തനം ആരംഭിച്ചു.

അഡോളസെന്റ് കൗൺസലിംഗ് സെന്റർ പ്രവർത്തനം തുടങ്ങി

മൈനർ ഓപ്പറേഷൻ തീയറ്റർ പ്രവർത്തനം തുടങ്ങി

ഫാർമസിയുടെ പ്രവർത്തനം വൈകുന്നേരം 06 മണിവരെ ദീർഘിപ്പിച്ചു.

രാത്രികാല ഒ.പി.-യുടെ പ്രവർത്തനം തുടങ്ങി

ലാബിൽ HBAIX, CRP Turbidometry RA, Widel RFT, LFT, Lipid Profile Electrolyte എന്നീ പുതിയ ടെസ്റ്റുകൾ അധികമായി ചെയ്യുവാൻ തുടങ്ങി.

അനുയാത്രാ പ്രോഗ്രാം ആരംഭിച്ചു.

കിഫ്ബി സഹായത്തോടെ കെട്ടിടം പണിയുന്നതിന് 13.74 കോടി രൂപയുടെ ധനാനുമതി ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള തസ്തികകളുടെ

വിശദവിവരം ലഭ്യമാക്കുമോ; ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള തസ്തികകളുടെയും ഒഴിവുകളുടെയും വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഈ ആശുപത്രിയിലെ താൽക്കാലിക ജീവനക്കാരുടെ വിശദവിവരം ലഭ്യമാക്കുമോ; ഇവർക്ക് ശമ്പളം നൽകുന്നത് എങ്ങിനെയാണെന്ന് വിശദമാക്കുമോ?

ഈ ആശുപത്രിയിലെ താൽക്കാലിക ജീവനക്കാരുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

ജീവനക്കാരെ നിയമിച്ചിട്ടുള്ള വിഭാഗങ്ങൾ അതാത് ഫണ്ടിൽ നിന്നാണ് ഈ ജീവനക്കാർക്ക് ശമ്പളം നൽകി വരുന്നത്. Adhoc ജീവനക്കാർക്ക് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നാണ് ശമ്പളം നൽകുന്നത്.

(ഇ) പ്രസ്തുത ആശുപത്രിയിലെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ സേവനങ്ങളുടെയും ചികിത്സ സൗകര്യങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

24 മണിക്കൂർ കാഷ്വാലിറ്റി വിഭാഗം, 24 മണിക്കൂർ കിടത്തി ചികിത്സ, ഡയാലിസിസ് യൂണിറ്റ്, ലബോറട്ടറി സേവനങ്ങൾ, കണ്ണ് പരിശോധന വിഭാഗം, ഫാർമസി, ഇ.സി.ജി, പാലിയേറ്റീവ് സേവനങ്ങൾ, പബ്ലിക് ഹെൽത്ത് നഴ്സ് സേവനങ്ങൾ, പ്രതിരോധ കുത്തിവയ്പ്, ഫിസിയോതെറാപ്പി സേവനങ്ങൾ, മോർച്ചറി സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. രോഗ നിർണ്ണയത്തിനായി ലബോറട്ടറി വിഭാഗവും ഇ.സി.ജി യൂണിറ്റും പ്രവർത്തിക്കുന്നു. X-Ray മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിച്ചുവരുന്നു.

ആർദ്രം പദ്ധതി മാനദണ്ഡപ്രകാരം ആവശ്യമായ സൗകര്യങ്ങൾ മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്.

(എഫ്) ആശുപത്രിയിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന ചികിത്സ സൗകര്യങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ജി) രോഗനിർണ്ണയത്തിനായി പ്രസ്തുത ആശുപത്രിയിൽ എന്തൊക്കെ

സംവിധാനങ്ങളാണുള്ളതെന്നും താലൂക്ക് ആസ്ഥാന ആശുപത്രിയെന്ന നിലയിൽ ഇതിനായി എന്തൊക്കെ അധിക സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടതെന്നും വിശദമാക്കുമോ; മതിയായ ചികിത്സ സൗകര്യമില്ലാത്ത പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിയിൽ കൂടുതൽ ചികിത്സ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എഫ് & ജി) 24 മണിക്കൂർ കാഷ്വാലിറ്റി വിഭാഗം, 24 മണിക്കൂർ കിടത്തി ചികിത്സ, ഡയാലിസിസ് യൂണിറ്റ്, ലബോറട്ടറി സേവനങ്ങൾ, കണ്ണ് പരിശോധന വിഭാഗം, ഫാർമസി, ഇ.സി.ജി, പാലിയേറ്റീവ് സേവനങ്ങൾ, പബ്ലിക് ഹെൽത്ത് നഴ്സ് സേവനങ്ങൾ, പ്രതിരോധ കുത്തിവയ്പ് ഫിസിയോതെറാപ്പി സേവനങ്ങൾ, മോർച്ചറി സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. രോഗ നിർണ്ണയത്തിനായി ലബോറട്ടറി വിഭാഗവും ഇ.സി.ജി യൂണിറ്റും പ്രവർത്തിക്കുന്നു. X-Ray മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിച്ചുവരുന്നു.

ആർദ്രം പദ്ധതി മാനദണ്ഡപ്രകാരം ആവശ്യമായ സൗകര്യങ്ങൾ

മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്.

**മുല്ലപ്പള്ളി, സൗത്ത് പാങ്ങ് സബ്സെന്ററുകൾ പൊളിച്ചുമാറ്റാൻ നടപടി**

187(3970) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള മുല്ലപ്പള്ളി, സൗത്ത് പാങ്ങ് സബ്സെന്ററുകൾ പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അൺഫിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ സമർപ്പിച്ചിട്ടും അനുമതി നൽകിയിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സബ് സെന്ററുകൾ പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ഇതുസംബന്ധിച്ച്

ലഭ്യമാക്കിയ പ്രൊപ്പോസലിലെ അപാകത പരിഹരിച്ച് നൽകുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

**മാങ്ങാട്ടുപറമ്പ ഇ. കെ. നായനാർ സ്മാരക ആശുപത്രി**

188(3971) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്ങാട്ടുപറമ്പ ഇ. കെ. നായനാർ സ്മാരക സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളുടെയും നിലവിലുള്ള ജീവനക്കാരുടെയും വിശദവിവരം ലഭ്യമാക്കാമോ?

മാങ്ങാട്ടുപറമ്പ ഇ. കെ. നായനാർ സ്മാരക സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Designation | Sanctioned Post | In Position |
|---|---|---|---|
| 1 | Assistant Director | 1 | 1 |
| 2 | RMO | 1 | 1 |

| | | | |
|---|---|---|---|
| 3 | Consultant Gynaecology | 2 | 2 |
| 4 | Consultant Paediatrician | 2 | 2 |
| 5 | Junior Consultant Gynaecology | 2 | 1 |
| 6 | Junior Consultant Paediatrics | 2 | 2 |
| 7 | Junior Consultant Anaesthesia | 1 | 1 |
| 8 | Assistant Surgeon | 5 | 5 |
| 9 | Senior Nursing Officer | 5 | 5 |
| 10 | Nursing Officer Gr.I | 35 | 34 |
| 11 | Nursing Assistant | 10 | 10 |
| 12 | Hospital Attendant Gr.II | 10 | 10 |
| 13 | Pharmacist | 2 | 2 |
| 14 | Lab Technician | 3 | 3 |
| 15 | Clerk | 2 | 2 |
| 16 | ECG Technician | 2 | 2 |
| 17 | Public Health Nurse | 1 | 0 |
| 18 | Junior Public Health Nurse Gr.I | 1 | 1 |
| 19 | Junior Public Health Nurse Gr.II | 2 | 1 |
| 20 | Radiographer | 1 | 1 |

(ബി) പ്രസ്തുത ആശുപത്രിയിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ജൂനിയർ സൂപ്രണ്ട്/സീനിയർ സൂപ്രണ്ട് തസ്തികയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ആരോഗ്യ വകുപ്പിനുകിഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) പ്രസ്തുത ആശുപത്രിയിൽ റേഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നത് പരിഗണിക്കുമോ?

ആരോഗ്യ വകുപ്പിനുകിഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**പുനലൂർ താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് നിയമനം**

189(3972) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രിയിൽ 2022 നവംബറിൽ അനുവദിക്കപ്പെട്ട കാർഡിയോളജിസ്റ്റ്, നെഫ്രോളജിസ്റ്റ് തസ്തികകളിലേക്ക് കൺസൾട്ടന്റ് നിയമനം നടത്തുന്നതിനുള്ള നടപടികളുടെ പുരോഗതി

അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലെ കൺസൾട്ടന്റ് നിയമനം എന്നത്തേക്ക് പൂർത്തിയാക്കാനാകും; വിശദമാക്കാമോ?

(എ & ബി) പുനലൂർ താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി തസ്തികയിൽ സ.ഉ.(സാധാ) നം. 334/2023/ ആകുവ., തീയതി 10-02-2023 പ്രകാരവും നെഫ്രോളജി തസ്തികയിൽ സ.ഉ.(സാധാ) നം. 456/2023/ആകുവ., തീയതി 27-02-2023 പ്രകാരവും കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

190(3973) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

ആർദ്രം ഒന്നാംഘട്ടത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ

വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും രണ്ടാം ഘട്ടത്തിൽ കുനിശ്ശേരി,തേങ്കുറിശ്ശി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്ത് അവിടങ്ങളിൽ ഒ.പി കൗണ്ടർ, ഫാർമസി നവീകരണം, പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം, നിരീക്ഷണ മുറി, എയർപോർട്ട് മോഡൽ ചെയറോട്ടുകൂടിയ കാത്തിരിപ്പ് സ്ഥലം ഒരുക്കൽ മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നല്കി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യങ്ങളായി പ്രവർത്തിച്ചു വരികയാണ്.

ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എൻ.എച്ച്.എം മുഖേന 15.5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായിത്തന്നെ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും കുഴൽമന്ദം സാമൂഹികാരോഗ്യ

കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കുഴൽമന്ദം, സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 പ്രോജക്റ്റുമുഖേന 56,08,801/- (അൻപത്തി ആറ് ലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി ഒന്ന് രൂപ മാത്രം)രൂപയുടെ നവീകരണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

ആലത്തൂർ താലൂക്ക് ആശുപത്രിക്ക് KIIFB പദ്ധതിയിലുൾപ്പെടുത്തി 15.07 കോടി രൂപയുടെ ധനാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.ഈ വർക്ക് നിലവിൽ Tender ചെയ്തിരിക്കുന്നു.

(ബി) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പുതിയ തസ്തികകളാണ് മണ്ഡലത്തിലെ ഹെൽത്ത് സെന്ററുകളിൽ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിൽ താഴെപ്പറയുന്ന അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| സ്ഥാപനം | തസ്തിക |
|---|---|
| കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം | ഡോക്ടർ-1, |

| | |
|---|---|
| | സ്റ്റാഫ് നഴ്സ്-2,<br>ഫാർമസിസ്റ്റ്-1,<br>ലാബ് ടെക്നീഷ്യൻ-1 |
| വണ്ടാഴി കുടുംബാരോഗ്യ കേന്ദ്രം | ഡോക്ടർ-1,<br>സ്റ്റാഫ് നഴ്സ്-2,<br>ഫാർമസിസ്റ്റ്-1,<br>ലാബ് ടെക്നീഷ്യൻ-1 |
| കുനിശ്ശേരി കുടുംബാരോഗ്യ കേന്ദ്രം | ഡോക്ടർ-1,<br>സ്റ്റാഫ് നഴ്സ്-1 |
| ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രി | ജൂനിയർ കൺസൾട്ടന്റ് (മെഡിക്കൽ )-2 |
| | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4 |
| | ഡെന്റൽ മെക്കാനിക്ക്-1 |
| | ഇ.സി.ജി ടെക്നീഷ്യൻ-1 |
| | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ-1 |
| | സ്റ്റാഫ് നഴ്സ്-2 |
| | ലാബ് ടെക്നീഷ്യൻ-1 |

## വിതുര താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

191(3974) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി ഒ.പി. ഉൾപ്പെടെയുള്ള വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നത് വസ്തുതയാണോ;

(ബി) ആണെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ & ബി) വിതുര താലൂക്ക് ആശുപത്രിയിൽ നിലവിൽ ജനറൽ വിഭാഗം ഒ.പി കൂടാതെ മെഡിസിൻ, പീഡിയാട്രിക്, ഗൈനക്കോളജി, ദന്തൽ എന്നീ വിഭാഗം ഒ.പി.-കളും പ്രവർത്തിച്ചുവരുന്നു. ടി ആശുപത്രിയിലെ പ്രതിദിന ശരാശരി ഒ.പി. 650-ഉം, ഐ.പി. 25-ഉം ആണ്. ആശുപത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി അനുവദിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

**ആശുപത്രികളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി**

192(3975) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഹെൽത്ത് സെന്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിച്ചു വരുന്ന മെഡിക്കൽ

കോളേജ് ഹെൽത്ത് യൂണിറ്റ് (IFHC) തിരുവനന്തപുരം മെഡിക്കൽ കോളേജിനുകീഴിലെ പ്രാഥമിക ആരോഗ്യ പരിശീലന കേന്ദ്രമാണ്. 1953 ൽ ചെറുവയ്ക്കലിൽ പ്രവർത്തനം ആരംഭിച്ച് പിന്നീട് പാങ്ങപ്പാറയിലേക്ക് മാറ്റി സ്ഥാപിച്ച ഈ സ്ഥാപനം മെഡിക്കൽ കോളേജുകൾക്കുകീഴിൽ സ്ഥാപിക്കപ്പെടുന്ന ഇന്ത്യയിലെതന്നെ ആദ്യത്തെ പ്രാഥമിക ആരോഗ്യ പരിശീലന കേന്ദ്രമാണ്. പ്രസ്തുത ഹെൽത്ത് യൂണിറ്റിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ (ഞായറാഴ്ച രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെ) ഒ.പി. പ്രവർത്തിക്കുന്നു. കൂടാതെ ഈ സ്ഥാപനത്തിൽ ഒ.പി, ലാബ്, ഫാർമസി എന്നിവ കൂടാതെ 8 കിടക്കകളോടെ കൂടിയ ഐ.പി സൗകര്യവും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഒബ്സർവേഷൻ, ഡ്രസിംഗ്, എമർജൻസി കെയർ, ഇ.സി.ജി തുടങ്ങിയ സൗകര്യങ്ങളും ഈ സ്ഥാപനത്തിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും പീഡിയാട്രിക്സ്, സൈക്യാട്രി, ഡെന്റൽ, ഓഫ്ത്താൽമോളജി, ഇ.എൻ.റ്റി, സ്കിൻ, റെസ്പിറേറ്ററി, ഗൈനക്കോളജി തുടങ്ങിയ വിഭാഗങ്ങളിലെ

ഡോക്ടർമാരെത്തി നിശ്ചിത ദിവസങ്ങളിൽ രോഗികളെ പരിശോധിക്കുന്നു.

തിരുവനന്തപുരം നഗരത്തിന്റെ വടക്കുഭാഗത്തുള്ള പതിനൊന്ന് വാർഡുകളിലായി ഒന്നര ലക്ഷത്തോളം ജനങ്ങൾക്ക് പ്രാഥമിക തല രോഗപ്രതിരോധ (Preventive), ആരോഗ്യ പ്രോത്സാഹന (Promotive) രോഗ ചികിത്സ (Curative), പുനരധിവാസ (Rehabilitative) സാന്ത്വന പരിചരണ (Palliative care) സേവനങ്ങൾ ഈ സ്ഥാപനത്തിലൂടെ നൽകി വരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നുള്ള 250 ഹൗസ് സർജന്മാർക്കും മെഡിക്കൽ പി.ജി വിദ്യാർത്ഥികൾക്കും വിവിധ ബാച്ചുകളിലായി അഡ്മിഷൻ നേടുന്ന ആയിരത്തോളം M.B.B.S, B.D.S വിദ്യാർത്ഥികൾക്കും കൂടാതെ നഴ്സിംഗ് ഉൾപ്പടെ വിവിധ പാരാമെഡിക്കൽ കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും വ്യത്യസ്ത ബാച്ചുകളിലായി ഇവിടെ പരിശീലനം നൽകി വരുന്നുണ്ട്.

ഈ സ്ഥാപനത്തിൽ 06-10-2020 വരെ ഒ.പി സേവനവും ആരോഗ്യ വകുപ്പിന്റെ ഫീൽഡ് തല പ്രവർത്തനങ്ങളും മാത്രമാണ് നടന്നുവന്നിരുന്നത്. 07-10-2020-ൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം

നഗരസഭയുടെ സഹായത്തോടുകൂടി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുകയും 09-08-2019 ലെ 128/2019/ആ.കു.വ. എന്ന സർക്കാർ ഉത്തരവുപ്രകാരം 10 തസ്തികകൾകൂടി അധികം സൃഷ്ടിച്ചുകൊണ്ട് 8 കിടക്കകളോടുകൂടിയ 24x7 കിടത്തി ചികിത്സ ആരംഭിക്കുകയും ഒ.പി, ഫാർമസി, ലാബ് എന്നിവയുടെ പ്രവർത്തി സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കുകയുംചെയ്തു.

അതിനോടൊപ്പം തന്നെ നഗരസഭയുടെ സഹായത്തോടുകൂടി ഡോക്ടർമാരുൾപ്പടെയുള്ള 17 ജീവനക്കാരെ താത്കാലികമായി നിയമിക്കുകയും ചെയ്തു.

2020 വർഷത്തിൽ എം.എൽ.എ ഫണ്ടിൽ നിന്ന് 35 ലക്ഷം രൂപ ചെലവഴിച്ച് ഈ സ്ഥാപനത്തിന്റെ അടിസ്ഥാനസൗകര്യം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2020-നുമുമ്പ് ഈ സ്ഥാപനത്തിൽ ചികിത്സ തേടി വന്ന ഒ.പി രോഗികളുടെ എണ്ണം പ്രതിവർഷം ശരാശരി 80,000 ആയിരുന്നുവെങ്കിൽ 2020-ൽ നിലവിലെ സൗകര്യങ്ങൾ ഏർപ്പെടുത്തിയശേഷം പ്രതിവർഷം

ഒന്നര ലക്ഷത്തോളം രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ട്. കൂടാതെ 650 ഓളം പാലിയേറ്റീവ് രോഗികൾക്കും ഈ സ്ഥാപനത്തിൽ നിന്നും തുടർ- സാന്ത്വന പരിചരണം നൽകി വരുന്നു.

ഈ സ്ഥാപനത്തെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (NQAS) അനുസരിച്ച് പ്രാഥമിക ആരോഗ്യരംഗത്തെ മികവിന്റെ കേന്ദ്രമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നതെങ്കിലും സംസ്ഥാന ആരോഗ്യ വകുപ്പും തിരുവനന്തപുരം നഗരസഭയും ദേശീയ ആരോഗ്യ ദൗത്യവും (NHM)-മായി ചേർന്നാണ് ആരോഗ്യ സേവനങ്ങൾ നൽകിവരുന്നത്. ആരോഗ്യ സേവന രംഗത്തെ വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനത്തിന്റെ മികച്ച മാതൃക കൂടിയാണ് പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ.

(ബി) തീരദേശവാസികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് വേളി പി.എച്ച്.സി.-യുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്രാഥമികാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന വേളി ആശുപത്രിയെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുകയും ആശുപത്രിയുടെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് ഒരു ഡോക്ടറെയും ഒരു ഫാർമസിസ്റ്റിനെയും കോർപ്പറേഷൻ മുഖേന നിയമിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന ആവശ്യമായ മരുന്നുകൾ ലഭ്യമാക്കി വരുന്നു. വേളി കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിലുള്ള ഓരോ സബ് സെന്ററുകളിലും ഒരു എം.എൽ.എസ്.പി നഴ്സിന്റെ സേവനം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ആക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ ചുറ്റുമതിൽ പുനഃസ്ഥാപിക്കുന്നതിനും സ്ഥാപനത്തിന്റെ പേര് ഉൾപ്പെടെയുള്ള ബോർഡ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ തിരുവനന്തപുരം കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിലേക്കായി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി KIIFB-യുടെ സഹായത്തോടെ 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ 16-04-2018-ലെ സ.ഉ(സാധാ)നം. 1247/2018/ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡ്, പാലം എന്നിവയുടെ പണികൾ 12-08-2022 ൽ പൂർത്തിയാക്കുകയും 16-08-2022-ൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് പൊതുജനങ്ങൾക്കായി തുറന്നു നൽകുകയും ചെയ്തു. Multi level car parking-നു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രണ്ടാം ഘട്ടപ്രവർത്തനങ്ങളിൽ OT Cum Surgical Block, SAT Hospital New Block, MLT Block എന്നിവ ഉൾപ്പെടുന്നു. MLT Block-ന്റെ നിർമ്മാണോദ്ഘാടനം ഉടൻ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. OT Cum Surgical Block, SAT Hospital New Block എന്നിവയുടെ ഡിസൈൻ റിവ്യൂ പൂർത്തിയാക്കി സാങ്കേതികാനുമതിക്കുള്ള

തയ്യാറെടുപ്പുകൾ നടത്തിവരികയാണ്. ടി പ്രവൃത്തികൾ ജൂൺ മാസത്തോടുകൂടി ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

OT Cum Surgical Block-ന്റെ നിർമ്മാണത്തിനായി 16, 17, 18, 19, 24, 25 എന്നീ വാർഡുകളും ബേൺസ് ഐ.സി.യു-വും demolish ചെയ്തിട്ടുണ്ട്.

മൂന്നാം ഘട്ട പ്രവർത്തനങ്ങളിൽ Hostel & Residential complex for accommodating faculty, Residents and Interns, Nurses, Paramedical Staff and Other Staff.

. New Academic Block

. Imageology Complex

. CCTV, MLCP

. Land acquisition എന്നിവ ഉൾപ്പെടുന്നു. ആയതിൽ ഇമേജിയോളജി (ഉപകരണങ്ങൾ വാങ്ങൽ), സി.സി.ടി.വി, എം.എൽ.സി.പി എന്നിവയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. റസിഡൻഷ്യൽ ക്വാർട്ടേഴ്സ്, അക്കാഡമിക് ബ്ലോക്ക് എന്നിവയുടെ ഡി.പി.ആർ തയ്യാറാക്കി വരികയുമാണ്.

(ഡി) പുലയനാർകോട്ട ഡയബറ്റിക് സെന്ററിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2001-ൽ പരിമിതമായ സൗകര്യങ്ങളോടുകൂടി ആരംഭിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ ആഴ്ചയിൽ അഞ്ച് ദിവസം എൻഡോക്രൈനോളജി ഡോക്ടർമാരുടെ സേവനം, ആഴ്ചയിൽ രണ്ട് ദിവസം വീതം കാർഡിയോളജി, നെഫ്രോളജി, ആഴ്ചയിൽ ഒരു ദിവസം ഗാസ്ട്രോ എൻട്രോളജി, ന്യൂറോളജി, ദന്തൽ എന്നിവയും ആഴ്ചയിൽ ആറ് ദിവസം ഡയബറ്റിക് റെറ്റിനോപ്പതിയുമായി ബന്ധപ്പെട്ട അത്യന്താധുനീക സജ്ജീകരണങ്ങളോടെയുള്ള കണ്ണ് പരിശോധനയ്ക്കും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രമേഹരോഗികൾക്കുണ്ടാകുന്ന പാദസംബന്ധമായ മുറിവുകളുൾപ്പെടെയുള്ള അസുഖത്തിന് ഈ സ്ഥാപനത്തിലെ പാദ സംരക്ഷണ വിഭാഗം (പൊഡിയാട്രി) വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. NABH അക്രഡിറ്റേഷനോടുകൂടി ആധുനിക സൗകര്യങ്ങളുള്ള ലാബ്, വിപുലമായ ഫാർമസി, ഡിജിറ്റൽ എക്സ്റേ യൂണിറ്റ്, കളർ

ഡോപ്ലറോട്ടുകൂടിയുള്ള അൾട്രാ സൗണ്ട് സ്കാൻ, എക്കോ ടെസ്റ്റ് സൗകര്യം, ബോൺ ഡെൻസിറ്റി നിർണ്ണയിക്കുന്ന ഡെക്സ്സാ സ്കാൻ സൗകര്യം ഇവിടെ ലഭ്യമാണ്. ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനുള്ള വ്യായാമ മുറകൾ പരിശീലിക്കാനുള്ള മൾട്ടി ജിം ഈ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 2017-18-ൽ 30 KW-ന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു. രണ്ട് ജനറൽ വാർഡ് (Male & Female ഉൾപ്പെടെ) 42 കിടക്കകളുള്ള ഐ.പി കെട്ടിടം സജ്ജമാക്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലുള്ള പഠന ഗവേഷണ പദ്ധതികളും ഇവിടെ നടന്നു വരുന്നു. അഞ്ച് കിടക്കകളുള്ള ഹീമോഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സർക്കാർ അംഗീകാരത്തോടെ, സർക്കാർ തലത്തിൽ പ്രമേഹത്തിന്റെ തോതും വ്യാപ്തിയും ദൂഷ്യഫലങ്ങളും സങ്കീർണ്ണതകളും വിലയിരുത്തി പ്രതിവിധികളും നിശ്ചയിച്ച് ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നതിനുള്ള ബൃഹത് പദ്ധതിക്ക് രൂപം കൊടുത്ത് സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനും പരിപാടിയുണ്ട്.

(ഇ) തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയുടെ

നിലവാരം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയുടെ വികസനത്തിനായി പുതിയ ഒ.പി ബ്ലോക്ക് പണികഴിപ്പിച്ചു. തിരക്ക് കണക്കിലെടുത്തു ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തി. കാലപ്പഴക്കമുള്ള വാർഡുകൾ പുതുക്കിപണിതു. HLL-ന്റെ കീഴിൽ SAT-ശുകത്ത് MRI, CT സ്കാനുകൾ എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. രോഗികൾക്ക് പുതിയ ബ്ലോക്കിൽ വാട്ടർ പ്യൂരിഫയർ, വൃത്തിയുള്ള ശുചിമുറികൾ, ഒ.പി ബ്ലോക്കിൽ ലഘുഭക്ഷണശാല എന്നിവ സ്ഥാപിച്ചു. പീഡിയാട്രിക് വിഭാഗത്തിൽ കുട്ടികളുടെ ഡയബറ്റിക് ചികിത്സക്കായി മിഠായി ക്ലിനിക് ആരംഭിച്ചു. നിയോനാറ്റോളജി വിപുലീകരിച്ചു. ഗ്യാസ്ട്രോഎന്ററോളജി ചികിത്സകൾ, കാർഡിയോതൊറാസിക് യൂണിറ്റ് എന്നിവ രൂപീകരിച്ചു.

8 കോടി ചെലവിൽ കാത്ത് ലാബ് സ്ഥാപിച്ചു. ശിശുഹൃദയ ശസ്ത്രക്രിയ യൂണിറ്റ് ആരംഭിച്ചു. പീഡിയാട്രിക് ന്യൂറോ വിഭാഗത്തിൽ പുതിയ ഇ.ഇ.ജി, ലാബ്, ക്ലാസ്സുമുറി, വാർഡ്, ഐ.സി.യു എന്നിവ നിർമ്മിച്ചു. ഗൈനക്

വിഭാഗത്തിൽ സ്ത്രീസൗഹൃദം ലക്ഷ്യമിട്ട് ആർദ്രം പദ്ധതിയുടെ കീഴിൽ ഗർഭിണികൾക്കും രോഗികൾക്കും ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ ഒ.പി ബ്ലോക്ക് പണികഴിപ്പിക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഉയർന്ന നിലവാരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തുന്നു.

(എഫ്) പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയുടെ വികസനത്തിന് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയുടെ വികസനത്തിന് 26/07/2021-ലെ സ.ഉ(സാധാ) 1555/2021/ആ.കു.വ പ്രകാരം ഒരു പുതിയ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിലേക്കായി 1.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെ SPV ആയി ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. കൂടാതെ 08-02-2023-ലെ സ.ഉ(സാധാ) 290/2023/ആ.കു.വ പ്രകാരം പുതിയ ഒരു

ഒ.പി ബ്ലോക്ക് നിർമ്മിക്കുന്നതിനായി "നബാർഡ്" ഫണ്ടിൽ നിന്നും 19.43 കോടി രൂപ അനുവദിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

(ജി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ വികസനത്തിന് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2016-2021 കാലയളവിൽ ആർ.സി.സി തുടക്കംകുറിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതി പുതിയ പതിനാല് നില കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനമാണ്. ആർ.സി.സി-ക്ക് പദ്ധതിയിനത്തിൽ ലഭ്യമായ തുകയുടെ നല്ലൊരു പങ്ക് വിനിയോഗിച്ച് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ഈ കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുകൂടാതെ ട്രൂ ബീം ലീനിയർ ആക്സിലറേറ്റർ (20 കോടി രൂപ), വൈറ്റൽ ബീം ലീനിയർ ആക്സിലറേറ്റർ (14.64 കോടി രൂപ), ഡ്യുവൽ എനർജി ഡ്യുവൽ സോഴ്സ് സി.ടി.സ്കാനർ (12 കോടി രൂപ), ട്യൂമർ അബ്ലേഷൻ സിസ്റ്റം (1.99 കോടി രൂപ), ഡിജിറ്റൽ റേഡിയോഗ്രാഫി & ഫ്ലൂറോസ്കോപ്പി സിസ്റ്റം (286 ലക്ഷം രൂപ), ക്യാമ്പസ്

ഏരിയ നെറ്റ്‌വർക്ക്നവീകരണം (115 ലക്ഷം രൂപ), പാത്തോളജി സ്ലൈഡ് സ്കാനർ (1.02 കോടി രൂപ), ഹൈപ്പർ കൺവർജ്ഡ് ഇൻഫ്രാസ്ട്രക്ച്ചർ & ഡേറ്റാബേസ് അപ്ലയൻസ് അപ്ഗ്രഡേഷൻ (235 ലക്ഷം രൂപ)എന്നീ ഉപകരണങ്ങൾ വിവിധ പദ്ധതികളിലുൾപ്പെടുത്തി 2016-2021-ൽ ആർ.സി.സി വാങ്ങിയിട്ടുണ്ട്. 45 ലക്ഷം രൂപ ചെലവഴിച്ച് പുതിയ കാഷ്വാലിറ്റിയുടെ നിർമ്മാണവും ഈ കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്.

പുലയനാർകോട്ടയിൽ രണ്ടാം ക്യാമ്പസ് ആയി വികസിപ്പിക്കുവാൻ അനുവദിച്ച 11.68 ഏക്കർ ഭൂമി 2021 ഡിസംബർ മാസം ആർ.സി.സി ഏറ്റെടുത്തിട്ടുണ്ട്. പുതിയ ക്യാമ്പസിൽ പ്രിവന്റീവ് ഓങ്കോളജി ക്ലിനിക് & ഒ.പി.ഡി 04-02-2022 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പീഡിയാട്രിക് ഓട്ടോലോഗസ് സ്റ്റെം സെൽ ട്രാൻസ്പ്ലാൻറ് 2022 മാർച്ച് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. സി.എസ്.ആർ ഫണ്ടായി ലഭിച്ച 45 ലക്ഷം രൂപ വിനിയോഗിച്ച് പൂർത്തിയാക്കിയ അഡ്വാൻസ്ഡ് ക്ലിനിക്കൽ ലബോറട്ടറി 2022 ജൂൺ മാസം മുതൽ പ്രവർത്തനമാരംഭിച്ചു. 2022 ജൂലായ് മാസം ആർ.സി.സി പാത്തോളജി വിഭാഗത്തിൽ ഐ.സി.എം.ആർ-ന്റെ

ഡയമണ്ട്സ് ലാബ് ആരംഭിക്കുവാനുള്ള അനുമതി ലഭ്യമാകുകയും ഇതിന്റെ ഭാഗമായുള്ള ധനസഹായമായി 1.05 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് ടെസ്റ്റുൾപ്പെടെയുള്ള പരിശോധനകൾക്കുള്ള മോളിക്യൂലാർ ലാബ് മൈക്രോബയോളജി വിഭാഗത്തിൽ 2022 ജൂലായ് മാസം മുതൽ ആരംഭിച്ചു. ന്യൂക്ലിയാർ മെഡിസിൻ വിഭാഗത്തിലേക്ക് 77.32 ലക്ഷം രൂപ വിനിയോഗിച്ച് ഗാലിയം-68 ഓട്ടോമേറ്റഡ് ജനറേറ്റർ സിന്തസൈസറും ടി.എൽ.സി സ്കാനറും 2022 ഡിസംബർ മാസം സ്ഥാപിച്ചുകഴിഞ്ഞു. കെ.എസ്.ഐ.ഡി.സി-യിൽ നിന്ന് സി.എസ്.ആർ ഫണ്ടായി ലഭിച്ച 50 ലക്ഷം രൂപയോടൊപ്പം തനത് ഫണ്ടിൽ നിന്നും 27.32 ലക്ഷം രൂപ കൂടി ചെലവഴിച്ചാണ് ഇത് സ്ഥാപിച്ചത്.

2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ

(1) പുതിയ 14 നില കെട്ടിടം പണികഴിപ്പിക്കുന്ന പദ്ധതി

ആർ.സി.സി-യിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങളും മറ്റും സ്ഥാപിക്കുന്നതിനായി 14 നില കെട്ടിടം പുതുതായി പണികഴിപ്പിക്കുന്നത്തിനുള്ള പദ്ധതി പുരോഗമിച്ചുവരുന്നു. പുതിയ

കെട്ടിടത്തിന്റെ തറക്കല്ലിടൽ 26-12-2018-ന് ബഹു.മുഖ്യമന്ത്രി നിർവഹിച്ചു. കെട്ടിടം പണി 2019 ഫെബ്രുവരി മാസം ആരംഭിക്കുകയും ത്വരിതഗതിയിൽ നടന്നുവരികയുമാണ്. നിലവിൽ സ്ട്രക്ച്ചർ വർക്കുകൾ പൂർത്തിയായ കെട്ടിടത്തിന്റെ പണി 2023 ജൂലായ് മാസം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 28 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(2) <u>പുതിയ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ</u>

2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട്, കേന്ദ്രാവിഷ്കൃത സ്കീമായ ആർ.സി.സി-യെ 2014-ൽ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിട്യൂട്ട് (SCI) ആയി ഉയർത്തിയ പദ്ധതിയുടെ സംസ്ഥാന വിഹിതം എന്നിവ ഉപയോഗിച്ച് 51.80 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് ആർ.സി.സി ലക്ഷ്യമിടുന്നത്.

പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും സി.എസ്.ആർ ഫണ്ടായി ലഭിച്ച 20 കോടി രൂപ വിനിയോഗിച്ച് അങ്ങേയറ്റം കൃത്യതയോടെ ക്യാൻസർ ട്രീറ്റ്മെന്റ് പ്രദാനം ചെയ്യാനുതകുന്ന അത്യാധുനിക റിംഗ് ഗ്യാൻട്രി

ലീനിയർ അക്സലറേറ്ററിന്റെ പ്രധാന ഉപകരണം സ്ഥാപിച്ചു കഴിഞ്ഞു. അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. എ.ഇ.ആർ.ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് രോഗികൾക്കുള്ള ട്രീറ്റ്മെന്റ് ആരംഭിക്കുന്നതാണ്.

സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിട്യൂട്ട് (SCI) ഫണ്ടിൽ നിന്നും 2.40 കോടി രൂപ വിനിയോഗിച്ച് ആർ.സി.സി-യിലെ പഴക്കം ചെന്ന ലിഫ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത്തിന് നടപടികൾ പുരോഗമിക്കുന്നു.

സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 19 കോടി രൂപ വിനിയോഗിച്ച് പുതിയ എം.ആർ.ഐ മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വിശ്രമിക്കുവനുള്ള സ്ഥലപരിമിതി പരിഗണിച്ച് 1.60 കോടി ചെലവ് വരുന്ന 4800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(7) പ്രാദേശിക വികസന എം.പി ഫണ്ട് ഉപയോഗിച്ച് ബ്രാക്കിതെറാപ്പി മെഷീൻ വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(8) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ റോബോട്ടിക് സർജറി സംവിധാനം സ്ഥാപിക്കൽ (30 കോടി രൂപ), ഡിജിറ്റൽ പാത്തോളജി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കൽ (2.64 കോടി രൂപ) എന്നീ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. ആർ.സി.സി-ക്ക് പുലയനാർക്കോട്ടയിൽ പുതുതായി അനുവദിച്ച സ്ഥലത്ത് രണ്ടാം ക്യാമ്പസ് ആരംഭിക്കുന്നതിനായുള്ള മാസ്റ്റർപ്ലാൻ 2024-25 സാമ്പത്തികവർഷം തയ്യാറാക്കുന്നതാണ്. സ്ത്രീകളിലെയും കുട്ടികളിലെയും ക്യാൻസർ കൈകാര്യം ചെയ്യുന്ന പ്രത്യേക സെന്റർ, ക്യാൻസർ എപ്പിഡമിയോളജി സെന്റർ, അഡ്വാൻസ്ഡ് ക്യാൻസർ റിസർച്ച് സെന്റർ, ക്യാൻസർ റിഹാബിൽറ്റേഷൻ സെന്റർ എന്നിവ രണ്ടാം ക്യാമ്പസിൽ വിഭാവനം ചെയ്യുന്നു.

**ബാലുശ്ശേരി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം**

193(3976) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം

നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്ന് എത്ര കോടി രൂപയുടെ ധനാനുമതിയാണ് ലഭിച്ചിട്ടുള്ളത്; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ബാലുശ്ശേരി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്ന് 23.2049 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നതാണ്.

- കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി ആശുപത്രിയിൽ 6 നിലകളിലായി 33990.84 സ്ക്വയർ ഫീറ്റ് പുതിയ കെട്ടിടവും നിലവിലുള്ള ആശുപത്രി കെട്ടിടത്തിനു മുകളിൽ ഒരു നിലയിൽ 9775.13 സ്ക്വയർ ഫീറ്റിലുള്ള സൗകര്യങ്ങളും 73 കിടക്കകളും ഉൾക്കൊള്ളുന്നു.
- ട്രോമായും എമർജൻസി കെയർ വിഭാഗവും, റേഡിയോളജി, ഓപ്പറേഷൻ തിയേറ്റർ, നൂതന മാർഗ്ഗരേഖയിലുള്ള ലേബർ റൂം, തീവ്ര പരിചരണ വിഭാഗം, ശിശുരോഗവിഭാഗം, ഒ.പി.ഡി വാർഡുകൾ, സി.എസ്.എസ്.ഡി ബ്ലഡ് വിതരണ യൂണിറ്റ്, ലബോറട്ടറി സർവീസ്

തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

- അത്യാഹിത വിഭാഗം, സ്പെഷ്യാലിറ്റി ഒ.പി, മെഡിസിൻ വിഭാഗം, കുട്ടികളുടെ വിഭാഗം, ഗൈനക്കോളജി വിഭാഗം, അസ്ഥി രോഗ വിഭാഗം, ഓപ്പറേഷൻ തീയറ്റർ, ഫാർമസി, പുരുഷന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും വാർഡുകൾ

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം വന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതുമൂലം രോഗികൾkdkg ണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം വന്ന കെട്ടിടങ്ങളുടെ 80%-ത്തോളം പൊളിച്ച് നീക്കിയിട്ടുണ്ട്. പൊളിച്ചു മാറ്റപ്പെട്ട കെട്ടിടങ്ങളിൽ പ്രധാനമായും ഓഫീസുകളാണ് പ്രവർത്തിച്ചിരുന്നത്. ആയത് രോഗികൾക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിലാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളത്. രോഗികൾക്ക് ബന്ധപ്പെട്ട സൗകര്യങ്ങൾ ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ ലഭ്യമാകത്തക്കവണ്ണമാണ് ആശുപത്രിയുടെ

ക്രമീകരണം നടപ്പിലാക്കിയിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എത്ര തവണയാണ് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളത്; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ വാപ്കോസ് 3 തവണ ടെണ്ടർ ചെയ്തു. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**വടക്കാഞ്ചേരിയിലെ ആശുപത്രികളുടെ/ഡിസ്പെൻസറികളുടെ വികസനം**

194(3977) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നീ വിഭാഗങ്ങളിലെ സർക്കാർ ആശുപത്രികളുടെ/ഡിസ്പെൻസറികളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ & ബി)ഉത്തരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**മുക്കം സി.എച്ച്.സി. നവീകരണത്തിന് നബാർഡ് ധനസഹായം**

195(3978) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സി.എച്ച്.സി. നവീകരണ മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് നബാർഡ് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോളേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സി.എച്ച്.സി. നവീകരണത്തിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) മുക്കം സി.എച്ച്.-സിയെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് മെഷീൻ**

196(3979) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് മെഷീനുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ 13 ഡയാലിസിസ് മെഷീനുകളിലായി 72 രോഗികൾക്ക് ഡയാലിസിസ് ചെയ്തുവരുന്നു. എന്നാൽ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ആവശ്യമായത്രയും ഡയാലിസിസ് മെഷീനുകൾ ലഭ്യമല്ലെങ്കിലും ഈ കുറവ് പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നു.

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഡയാലിസിസ് മെഷീനുകളുടെ കൃത്യമായ വിവരം ലഭ്യമാണോ; ജില്ലകളും ആശുപത്രികളും തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ആരോഗ്യവകുപ്പിനുകീഴിലുള്ള സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഡയാലിസിസ് മെഷീനുകൾ നിലവിലില്ല.

(സി) ഇത്തരത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഡയാലിസിസ് മെഷീനുകൾ, രോഗികളുടെ ആധിക്യം പരിഗണിച്ച് തിരുരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ആരോഗ്യവകുപ്പിനുകീഴിലുള്ള സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഡയാലിസിസ് മെഷീനുകൾ നിലവിലില്ല.

**തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ**

197(3980) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലും പാർട്ട് ടൈം സ്വീപ്പർ

തസ്തികയിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ 73 ഒഴിവുകളും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 8 ഒഴിവുകളുമുണ്ട്. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ 10 ഒഴിവുകളും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 4 ഒഴിവുകളും ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II-ന്റെ 8 ഒഴിവുകളും നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിവിധ വകുപ്പുകളിലെ പാർട്ട് ടൈം സ്വീപ്പർമാർക്ക് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലേക്ക് തസ്തികമാറ്റം മുഖാന്തരം നിയമനം നൽകുന്നതിനായി ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ 45 ഒഴിവുകൾ ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ 28

ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിച്ചിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ 8 ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുകയും ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2023 മാർച്ച് 1,2 തീയതികളിൽ ഇന്റർവ്യൂ നടത്താൻ തീരുമാനിച്ച് ഉദ്യോഗാർത്ഥികൾക്ക് ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം അറിയിപ്പ് കത്തയച്ചിട്ടുണ്ട്.

ജില്ലയിലെ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനുകീഴിലുള്ള ആശുപത്രികളിലെ ഒഴിവുകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമുള്ള നിയമന നടപടികൾ പുരോഗമിച്ചു വരുന്നു.

**കൊല്ലം ജില്ലയിലെ ഡയാലിസിസ് യൂണിറ്റുകൾ**

198(3981) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് ഇപ്പോൾ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നതെന്ന് അറിയിക്കുമോ?

<u>കൊല്ലം ജില്ലയിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ</u>

ജില്ലാ ആശുപത്രി, കൊല്ലം

താലൂക്ക് ആശുപത്രി, ശാസ്താംകോട്ട

THQH, കൊട്ടാരക്കര

THQH, കരുനാഗപ്പള്ളി

താലൂക്ക് ആശുപത്രി, പുനലൂർ

താലൂക്ക് ആശുപത്രി, കടയ്ക്കൽ

താലൂക്ക് ആശുപത്രി, നീണ്ടകര

താലൂക്ക് ആശുപത്രി, നെടുങ്ങോലം

സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

(ബി) കിഡ്നി സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഡയാലിസിസ് കേന്ദ്രങ്ങൾ സജ്ജീകരിച്ചാൽ അവയുടെ പ്രവർത്തനം ആരോഗ്യ വകുപ്പ് മുഖേനയോ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയോ ഏറ്റെടുക്കുവാൻ സർക്കാരിന് കഴിയുമോ; ഇക്കാര്യത്തിൽ അനുകൂലമായ തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിലെ ആർദ്രം സ്റ്റാൻഡേർഡൈസേഷൻ പ്രകാരം താലൂക്ക് ആശുപത്രി മുതലുള്ള സ്ഥാപനങ്ങളിൽ മാത്രമേ ഡയാലിസിസ് കേന്ദ്രങ്ങൾ സജ്ജീകരിക്കാൻ നിർവ്വാഹമുള്ളൂ.

**ഒളവണ്ണ സി.എച്ച്.സി.യിൽ ഐസൊലേഷൻ വാർഡ്**

199(3982) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ?

കുന്നമംഗലം മണ്ഡലത്തിലെ ഒളവണ്ണ സി.എച്ച്.സി ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി 26-07-2021-ലെ സ.ഉ.(സാധാ) നം.1555/2021/ആ.കു.വ നമ്പർ ഉത്തരവുപ്രകാരം 1,75,96,748/- രൂപയാണ്

അനുവദിച്ചിട്ടുള്ളത്.

(ബി) ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലത്ത് നിലവിലുള്ള കെട്ടിടം പൊളിച്ചുനീക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) 40 വർഷം പഴക്കമുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും കാലപ്പഴക്കം കാരണം തകർച്ചാ ഭീഷണി നേരിടുകയും ചെയ്യുന്ന പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കാൻ നടപടി സ്വീകരിക്കുമോ?

(ബി & സി) സി.എച്ച്.സി ഒളവണ്ണയിൽ ഐസൊലേഷൻ വാർഡിന്റെ നിർമാണത്തിന് കെട്ടിടം പൊളിക്കൽ, മരം മുറിക്കൽ തുടങ്ങിയ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. കെട്ടിടം പൊളിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

**കോങ്ങാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ**
**ഐസൊലേഷൻ വാർഡ്**

200(3983) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട് സാമൂഹികാരോഗ്യ

കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന പ്രവൃത്തിയേത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ & ബി) 26-07-2021 തീയതിയിലെ സ.ഉ (സാധാ)നം. 1555/2021/ആകുവ പ്രകാരം കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട് സാമൂഹിക ആരോഗ്യകേന്ദ്രത്തെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് തെരെഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാൽ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

**സൗത്ത് കൊടുവള്ളി ആരോഗ്യ ഉപകേന്ദ്രം കെട്ടിടം**

201(3984) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ സൗത്ത് കൊടുവള്ളി

ആരോഗ്യ ഉപകേന്ദ്രം കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ 20-09-2022-ലെ സി1/15589/2022 നമ്പർ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ & ബി) കൊടുവള്ളി സാമൂഹികാരോഗ്യകേന്ദ്രത്തിലെ സൗത്ത് കൊടുവള്ളി സബ് സെന്റർ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതിക്കായി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻപ്രകാരം പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റുന്നതിന് 10-11-2022 തീയതിയിലെ ആ.വ.ഡ/3468/2022/ എഫ്.ഡബ്ല്യു.എ 1 നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

**കോതമംഗലം താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ**

202(3985) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ കിഫ്ബിയിൽ

ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പോസ്റ്റ്നേറ്റൽ വാർഡ് ഉൾപ്പടെ ഒന്നാംനിലയുടെ Vertical Extension, Ophthalmology operation Theatre, Lift എന്നിവയും രണ്ടാം നിലയുടെ Vertical Extension, Ophthalmology വാർഡിന്റെ നവീകരണം എന്നിവയുമാണ് കോതമംഗലം താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വികസന പദ്ധതികൾ.

(ബി) പ്രസ്തുത കിഫ്ബി പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോതമംഗലം താലൂക്ക് ആശുപത്രിക്കായി നിർവ്വഹണ ഏജൻസിയായ ഹൈറ്റസ് സമർപ്പിച്ച പദ്ധതിക്ക് കിഫ്ബിയുടെ 22-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ഉൾപ്പെടുത്തി 11.213 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; മറ്റ് പ്രവൃത്തികൾ എന്നത്തേക്ക്

ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര തുകയുടെ പദ്ധതിയാണ് കോതമംഗലം താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി-ഇ) പ്രസ്തുത പദ്ധതിക്കായി 08-09-2021 തീയതിയിലെ സ.ഉ(സാധാ) നം.1922/2021/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം 11.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കിഫ്ബിയുടെ 22-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ഉൾപ്പെടുത്തി 11.213 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാനും സമയബന്ധിതമായി പൂർത്തിയാക്കാനുമാണ് ലക്ഷ്യമിടുന്നത്.

**പാറശ്ശാല മണ്ഡലത്തിലെ ഫാമിലി വെൽനെസ് സെന്ററുകൾ**

203(3986) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) പാറശാല മണ്ഡലത്തിൽ ഫാമിലി വെൽനെസ് സെന്ററാക്കി

ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതൊക്കെയാണ്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

മൂന്ന് ഘട്ടങ്ങളിലായി കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററാക്കി ഉയർത്തുന്നതിന് പാറശാല മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുത്ത ഉപകേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത വെൽനെസ് സെന്ററുകൾ പൂർണ്ണമായും പ്രവർത്തന സജ്ജമാണോയെന്നും ആവശ്യമായ ജിവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത വെൽനെസ് സെന്ററുകൾ പ്രവർത്തന സജ്ജമാണ്. നിയമിച്ചിട്ടുള്ള ജീവനക്കാരുടെ പഞ്ചായത്തുതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒറ്റശേഖരമംഗലം | 4 |
| കുന്നത്തുകാൽ | 5 |
| അമ്പൂരി | 6 |
| കള്ളിക്കാട് | 4 |
| കൊല്ലയിൽ | 5 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| ആര്യങ്കോട് | 5 |
| വെള്ളറട | 4 |
| പരശ്ശ്വയ്ക്കൽ | 4 |
| പെരുങ്കടവിള ബ്ലോക്ക് | 4 |

(സി) വെൽനെസ് സെന്റർ മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതെന്ന വിവരം അറിയിക്കാമോ?

ഓറൽ ക്യാൻസർ, ബ്രസ്റ്റ് ക്യാൻസർ, സെർവിക്കൽ ക്യാൻസർ എന്നിവയുടെ സ്ക്രീനിംഗ്, എൻ.സി.ഡി രോഗികൾക്കുള്ള മരുന്നുകൾ ലഭ്യമാക്കൽ, പരിശോധന, ആവശ്യമായ നിർദ്ദേശം നൽകൽ, വിവിധ ലബോറട്ടറി പരിശോധനകൾ, പാലിയേറ്റീവ് രോഗികൾക്കുള്ള ഉപകരണ വിതരണം, വയോജന പരിചരണം, വീടുകൾ സന്ദർശിച്ച് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജായി വന്ന രോഗികൾ, പരിശോധന ആവശ്യമുള്ള ദീർഘകാല രോഗികൾ, ജനിതക വൈകല്യങ്ങൾ കുട്ടികൾ, അസുഖം ബാധിച്ച നവജാത ശിശു എന്നിവർക്കുള്ള പരിചരണം മുതലായവയാണ് വെൽനെസ് സെന്ററുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്.

## സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

204(3987) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (Sewage Treatment Plant) സ്ഥാപിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഏത് ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക അനുവദിച്ചത്; പ്ലാന്റ് സ്ഥാപിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി Rs.1,00,00,000/- (ഒരു കോടി രൂപ മാത്രം) എൻ.എച്ച്.എം മുഖാന്തരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ജോലി ചുമതലപ്പെടുത്തിയിരിക്കുന്ന നിർവ്വഹണ ഏജൻസി സമർപ്പിച്ച ഡി.പി.ആർ പ്രകാരം Rs.1,80,00,000/- (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) പ്ലാന്റ് നിർമ്മാണത്തിന് ആവശ്യമാണെന്ന് അറിയിച്ചതിൻപ്രകാരം അധികമായി ആവശ്യമുള്ള തുകയായ 80,00,000/- രൂപ (എൺപത് ലക്ഷം രൂപ മാത്രം)

ശുചിത്വമിഷൻ നൽകുമെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അധികമായി വേണ്ടിവരുന്ന തുക എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഇതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളതെന്ന് അറിയിക്കാമോ?

ശുചിത്വമിഷൻ അനുവദിച്ചുവെന്ന് പറയുന്ന തുക നേരിട്ട് എൻ.എച്ച്.എം-ന് കൈമാറാൻ സാങ്കേതിക തടസ്സമുള്ളതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴിമാത്രമേ കൈമാറുവാൻ സാധിക്കുകയുള്ളൂവെന്ന് ശുചിത്വമിഷൻ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഫണ്ട് എത്രയും വേഗം അനുവദിച്ച് പദ്ധതി നടപ്പിലാക്കാൻ ശുചിത്വമിഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക മാർച്ച് 31-നകം ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിൽ നഷ്ടമാകുമെന്നിരിക്കെ അധിക തുക ലഭ്യമാക്കി പ്ലാന്റ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ

സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2019-ൽ WAPCOS സമർപ്പിച്ച DPR പ്രകാരം Rs.1,80,00,000/- (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) രൂപയാണ് STP-യുടെ നിർമ്മാണ ചെലവ്. അധികമായി ആവശ്യമുള്ള 80,00,000/- രൂപ (എൺപത് ലക്ഷം രൂപ മാത്രം) ശുചിത്വ മിഷനിൽ നിന്ന് ലഭ്യമാക്കി പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി STP-യുടെ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**കോതമംഗലം മണ്ഡലത്തിൽ പുതിയ പി.എച്ച്.സി.**

205(3988) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വടാട്ടുപാറ പ്രദേശത്ത് പുതുതായി പി.എച്ച്.സി. ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ?

(സി) അഞ്ചുവാർഡുകൾ ഉൾക്കൊള്ളുന്നതും പതിനായിരത്തിൽ

അധികം ജനസംഖ്യയുള്ളതും രണ്ട് ആദിവാസി ഊരുകളുമുള്ള പ്രസ്തുത പ്രദേശം വനമേഖല ആണെന്നതുകൂടി കണക്കിലെടുത്ത് വടാട്ടുപാറയിൽ പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു.

**നിലമ്പൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

206(3989) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സജ്ജീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര തുകയാണ് ഇതിനായി ചെലവഴിക്കുകയെന്നും പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ?

ഉണ്ട്. 26-07-2021-ലെ സ.ഉ (സാധാ)1555/2021/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ഓരോ നിയോജകമണ്ഡലത്തിലും 10 കിടക്കകളുള്ള ഒരു

ഐസൊലോഷൻ വാർഡ് നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1,75,96,748/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കളായി കെ.എം.എസ്.സി.എൽ.-നേയും നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സൊസൈറ്റിയേയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏത് ആരോഗ്യ സ്ഥാപനത്തിലാണ് കോവിഡ് മഹാമാരിയെത്തുടർന്ന് പ്രഖ്യാപിച്ച ഐസൊലേഷൻ വാർഡ് സജ്ജീകരിക്കുന്നതെന്ന് അറിയിക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ സി.എച്ച്.സി ചുങ്കത്തറ ആശുപത്രിയേയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ; ആയതിനായി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

നിലമ്പൂർ നിയോജക മണ്ഡലത്തിലെ ചുങ്കത്തറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി

അനുയോജ്യമായ സ്ഥലം ലഭിച്ചതിനെത്തുടർന്ന് മൂന്നാം ഘട്ടത്തിലാണ് പ്രവൃത്തി ഉത്തരവ് നൽകിയത്. നിലവിൽ പ്ലിംന്ത് ബീം (plinth beam) കോൺക്രീറ്റ് പൂർത്തിയാക്കി. സൂപ്പർ സ്ട്രക്ചറിന്റെ പ്രീ എഞ്ചിനീയറിംഗ് മെറ്റീരിയൽ സൈറ്റിൽ എത്തിച്ചേർന്നിട്ടുണ്ട്. ടി പദ്ധതി പൂർത്തീകരിക്കുന്നതിന് പ്രീ എഞ്ചിനീയറിംഗ് ഇറക്ഷൻ, ഇ.പി.എസ്. പാനൽ ഇറക്ഷൻ (Pre-Engineering Erection , EPS panel Erection & Finishing) ജോലികൾ അവശേഷിക്കുന്നുണ്ട്.

**മുക്കം സി.എച്ച്.സി.യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

207(3990) <u>ശ്രീ. ലിന്റോ ജോസഫ്</u>: ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) മുക്കം സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പദ്ധതി ഇനിയും ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭിച്ചതിനെത്തുടർന്ന് അഞ്ചാംഘട്ടത്തിൽ ഉൾപ്പെടുത്തി 21-07-2022-ൽ പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ പ്രീ എഞ്ചിനീയറിംഗ് ഇറക്ഷൻ (Pre Engineering Erection) പൂർത്തിയാക്കി സൂപ്പർ സ്ട്രക്ചർ (Super Structure)-ന്റെ പ്രവൃത്തികൾ നടന്നു വരുന്നു.

**ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സെന്ററിന്റെ നിർമ്മാണം**

208(3991) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ട്രോമാ കെയർ സെന്ററിന്റെ നിർമ്മാണം ആരംഭിച്ചതേത് വർഷമാണെന്നും എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി അനുവദിച്ചതെന്നും അറിയിക്കാമോ?

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ട്രോമാ കെയർ സെന്ററിന്റെ നിർമ്മാണം ആരംഭിച്ചത് 2019-ലാണ്. പ്രസ്തുത പദ്ധതിയുടെ 1 മുതൽ 4 വരെ ഘട്ടങ്ങളിലേക്കായി 21,47,27,454/- രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ലഭിച്ചിട്ടുള്ളത് ആർക്കാണെന്നും നിർമ്മാണച്ചുമതല ആർക്കാണെന്നും അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ കരാർ ലഭിച്ചിട്ടുള്ളത് ശ്രീ.അബ്ദുൾ വാഹിദ്. ജെ, ഇ.ജെ കൺസ്ട്രക്ഷൻസ്, കരുനാഗപ്പള്ളി, കൊല്ലം എന്ന വ്യക്തിക്കാണ്. ഈ കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല കേരള സംസ്ഥാന പൊതുമരാമത്തു വകുപ്പ് കെട്ടിട വിഭാഗത്തിനാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതിയെക്കുറിച്ചും എത്ര ശതമാനം നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ അവശേഷിക്കുന്ന നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(സി & ഡി) 1 മുതൽ 4 വരെ ഘട്ടങ്ങളിലെ തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 100% പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ചാം ഘട്ടത്തിനായി 09-08-2021-ലെ ജി.ഒ (ആർ.റ്റി)നം. 1707/2021/എച്ച് &എഫ്.ഡബ്ല്യൂ.ഡി ഉത്തരവുപ്രകാരം 8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തടസ്സങ്ങൾ നീക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മണലൂർ മണ്ഡലത്തിലെ സബ് സെന്ററുകളുടെ അപ്ഗ്രഡേഷൻ**

209(3992) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ നിയോജക മണ്ഡലത്തിലെ വെങ്കിടങ്ങ്, പാലാഴി, വാക, നെന്മിനി എന്നീ സബ് സെന്ററുകളുടെ അപ്ഗ്രഡേഷൻ പദ്ധതികൾക്കായി

എൻ.എച്ച്.എം., എം.എൽ.എ. ഫണ്ട് എന്നിവയിൽ നിന്നും എത്ര തുക വീതമാണ് ലഭ്യമായിട്ടുള്ളതെന്നും പ്രസ്തുത കേന്ദ്രങ്ങളിൽ നടപ്പാക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്നും ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും അവ എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

എൻ.എച്ച്.എം മുഖേന സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായി ഉയർത്തുന്നതിന്റെ ഭാഗമായി കാത്തിരിപ്പ് കേന്ദ്രം, ക്ലിനിക്ക് കം ഓഫീസ് റൂം, പ്രതിരോധ കുത്തിവയ്പ്പ് മുറി, സ്റ്റോർ റൂം, ശുചിമുറികൾ, മുലയൂട്ടൽ മുറി എന്നിവയുടെ നിർമ്മാണങ്ങളാണ് നടപ്പിലാക്കി വരുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കോതമംഗലം മണ്ഡലത്തിൽ വിഷ ചികിത്സയ്ക്കുള്ള സൗകര്യം**

210(3993) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഏറെ വനമേഖലയുള്ള കോതമംഗലം മണ്ഡലത്തിൽ സർക്കാർ തലത്തിൽ വിഷ ചികിത്സയ്ക്കുള്ള സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വനമേഖലയിൽ താമസിക്കുന്ന ആയിരക്കണക്കിന് ആളുകൾക്ക് സഹായകരമാകുംവിധം സർക്കാർ തലത്തിൽ വിഷ ചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ & ബി) കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പാമ്പുകടിയേറ്റ് വിഷ ലക്ഷണം പ്രകടമാക്കി എത്തുന്ന രോഗികൾക്ക് നൽകുന്നതിനായി ആന്റി വെനം കാഷ്വാലിറ്റിയിൽ ലഭ്യമാണ്. കൂടാതെ ടി ആശുപത്രിയിൽ സ്നേക്ക് ബൈറ്റ് ചികിത്സാ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

**അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി ഫീസ്**

211(3994) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്യുന്ന ആളുകളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ ഏത് നിരക്കിലാണ് ഫീസ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ?

മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയിൽ അവയവ ലഭ്യതയ്ക്കായി രജിസ്റ്റർ ചെയ്യുന്നതിന് ഫീസീടാക്കാറുണ്ട്. വൃക്കയ്ക്ക് 2000 രൂപയും മറ്റ് അവയവങ്ങളായ കരൾ, ഹൃദയം, പാൻക്രിയാസ്, ചെറുകുടൽ, ശ്വാസകോശം, കൈകൾ എന്നിവയ്ക്ക് 5000 രൂപയുമാണ് ഈടാക്കുന്നത്

(ബി) ഏത് നിയമത്തിന്റെ/ഗൈഡ്‌ലൈനിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഇപ്രകാരം ഫീസിടാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

18-03-2013 ലെ സ.ഉ (സാധാ) നം. 913/2013/ആ.കു.വ പ്രകാരമാണ് ഫീസീടാക്കുന്നത്

(സി) ഇപ്രകാരം ഫീസീടാക്കുന്നത് നിയമവിരുദ്ധമാണോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

1994-ലെ മനുഷ്യാവയവങ്ങളുടെ മാറ്റിവയ്ക്കൽ നിയമത്തിലും (Transplantation of Human Organs Act) പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ 2014-ൽ നിലവിൽ വന്ന ചട്ടങ്ങളിലും (Transplantation of Human Organs and Tissues Rules) മരണാനന്തര അവയവമാറ്റത്തിനായി പേര് രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും ഫീസിടാക്കുന്നതുമായി ബന്ധപ്പെട്ട് യാതൊന്നും പരാമർശിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**അഞ്ചാംപനി വ്യാപനം തടയാൻ നടപടി**

212(3995) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അഞ്ചാംപനി വ്യാപകമായി പടർന്നുപിടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അഞ്ചാംപനി പടരാതിരിക്കുന്നതിന് എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ചില ജില്ലകളിൽ അഞ്ചാം പനി (മീസിൽസ്) റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ,

വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് മീസിൽസ് കൂടുതലായി റിപ്പോർട്ട് ചെയ്തത്. പ്രസ്തുത ജില്ലകളിൽ മീസിൽസ് നിയന്ത്രിക്കുന്നതിനായി ആരോഗ്യ വകുപ്പ് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

•മീസിൽസ് റിപ്പോർട്ട് ചെയ്ത പ്രദേശങ്ങൾ സംസ്ഥാനതല ഉദ്യോഗസ്ഥർ സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

•ഇതുകൂടാതെ ലോകാരോഗ്യ സംഘടനയുടെ പ്രതിനിധികളും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും മീസിൽസ് റിപ്പോർട്ട് ചെയ്ത പ്രദേശങ്ങൾ സന്ദർശിച്ചു.

•എം.ആർ (മീസിൽസ് റൂബെല്ല) വാക്സിൻ കൃത്യമായെടുക്കുകയാണ് ഈ രോഗത്തെ തടഞ്ഞുനിർത്താൻ കഴിയുന്ന പ്രധാന മാർഗ്ഗമെന്നതിനാൽ വാക്സിനേഷനോടുള്ള വിമുഖതയകറ്റാൻ പ്രത്യേക ക്യാമ്പയിൻ നടത്തി.

•അഞ്ചാംപനി സംശയിക്കപ്പെടുന്ന ആളുകളുടെ വിവരങ്ങൾ എല്ലാ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിന്നും ശേഖരിക്കുന്നു. അത്തരത്തിൽ സംശയിക്കപ്പെടുന്ന ആളുകളുടെ സാമ്പിളുകൾ ആലപ്പുഴ

എൻ.ഐ.വി.-യിലേക്ക് പരിശോധനയ്ക്ക് അയയ്ക്കുന്നു.

•രോഗബാധ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കാര്യകാരണ വിശകലനം നടത്തി (എപ്പിഡമോളജിക്കൽ അന്വേഷണം) കൂടുതൽ Linked കേസുകളുണ്ടോയെന്ന് പരിശോധിക്കുന്നു.

•മീസിൽസ് രോഗം സംശയിക്കുന്ന എല്ലാവർക്കും (fever with rash) രണ്ട് ഡോസ് വൈറ്റമിൻ എ ലഭ്യമായെന്ന് ഉറപ്പാക്കുന്നുണ്ട്.

•രോഗം പടരുന്ന പ്രദേശങ്ങളിൽ മീസിൽസ് വാക്സിൻ കിട്ടാത്ത 5 വയസ്സിനുതാഴെയുള്ളവർക്ക് ഒരു ഡോസ് മീസിൽസ് വാക്സിൻ നൽകുന്നു.

•വാക്സിനെടുക്കാത്ത കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനായി ആരോഗ്യ സ്ഥാപനങ്ങളിലും സബ് സെന്ററുകളിലും അംഗണവാടികളിലും പ്രത്യേക ക്യാംപുകൾ സംഘടിപ്പിച്ചു.

•മെഡിക്കൽ കോളേജുകളിലും അഞ്ചാംപനിയുടെ പ്രതിരോധ കുത്തിവയ്പിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

•മീസിൽസ് രോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സ ഉറപ്പുവരുത്തി.

സമ്പർക്കമുള്ളവർക്ക് നിരീക്ഷണം ഏർപ്പെടുത്തി, രോഗ ബാധിതർക്ക് ആവശ്യമായ ചികിത്സ നൽകി വരുന്നു.

•Routine ഇമ്മ്യൂണൈസേഷൻ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

•മെഡിക്കൽ കോളേജുകളുടെ അർബൻ/റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററുകൾ വഴി രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങളിൽ ബോധവത്കരണം നടത്തി വരുന്നു.

അഞ്ചാംപനി നേരത്തെ കണ്ടെത്താനും പ്രതിരോധിക്കാനുമായി തിണർപ്പോടു കൂടിയ പനികളെല്ലാം റിപ്പോർട്ട് ചെയ്യുകയും സൂക്ഷ്മ നിരീക്ഷണം നടത്തുകയും ചെയ്യുന്നുണ്ട്. മീസിൽസ്, റൂബെല്ല നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി മീസിൽസ് നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനും വാക്സിനേഷൻ കൂട്ടുന്നതിനുമായി WHO യുടെ വിദഗ്ധ ടീം മെഡിക്കൽ കോളേജിലെ വിവിധ വിഭാഗം ഡോക്ടർമാർക്ക് പരിശീലനം നല്കി വരുന്നുണ്ട്. ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ജനകീയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി

മീസിൽസ് നിയന്ത്രണ വിധേയമായിട്ടുണ്ട്.

**ഡയാലിസിസ് സെന്ററുകൾ**

213(3996) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് സെന്ററുകൾ നിലവിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ 56 താലൂക്കാശുപത്രികളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 6 |
| 2 | കൊല്ലം | 7 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 5 |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | 1 |
| 7 | എറണാകുളം | 5 |
| 8 | തൃശ്ശൂർ | 5 |

| | | |
|---|---|---|
| 9 | പാലക്കാട് | 4 |
| 10 | മലപ്പുറം | 2 |
| 11 | കോഴിക്കോട് | 6 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 7 |
| 14 | കാസർഗോഡ് | 3 |

(ബി) വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാരിന്റെ കീഴിൽ നിലവിലുള്ള ഡയാലിസിസ് സെന്ററുകൾ പരിമിതമായതിനാൽ ഡയാലിസിസ് സെന്റർ സംവിധാനം നിലവിലില്ലാത്ത താലൂക്ക് ആശുപത്രികളിൽ ആയത് അനുവദിക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന സർക്കാരിന്റെ Strengthening of Dialysis Units എന്ന പദ്ധതിയിലുൾപ്പെടുത്തി നിലവിൽ ഡയാലിസിസ് യൂണിറ്റില്ലാത്ത താലൂക്ക് ആശുപത്രികൾ ഉൾപ്പെടുത്തി വരുന്നു. ആയതിൽ നാഷണൽ ഹെൽത്ത് മിഷന്റെ ഫണ്ടും ലഭ്യമാക്കി വരുന്നു.

**അവയവങ്ങൾ മുറിച്ച് മാറ്റിയവർക്ക് തുടർ ചികിത്സയും പുനരധിവാസവും**

214(3997) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അപകടത്തിൽപ്പെട്ട് കയ്യോ കാലോ മുറിച്ച് മാറ്റപ്പെട്ടവർ എത്ര പേരുണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിവരം ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിവരം പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(ബി) ഇപ്രകാരം അവയവങ്ങൾ മുറിച്ച് മാറ്റിയവരുടെ തുടർ ചികിത്സക്കും പുനരധിവാസത്തിനുമായി എന്തെങ്കിലും സഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞവർക്ക് കൃത്രിമ കാലുൾപ്പെടെയുള്ള അവയവങ്ങൾ നിർമ്മിച്ച നൽകുന്നതിന് സംസ്ഥാനത്ത് ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ കമ്പനികളിൽ നിന്നും വാങ്ങുന്ന കൃത്രിമ കാൽ പരിചരണത്തിന് ഭീമമായ തുക ഓരോ വർഷവും ചെലവഴിക്കേണ്ടി വരുന്നത്

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്ക് കൃത്രിമ കാൽ വയ്ക്കുന്നതിന് സർക്കാർ സഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി - ഡി) ആരോഗ്യ വകുപ്പിനുകീഴിലുള്ള Limb Fitting Centre-കൾ വഴി കൃത്രിമ കൈ/കാലുകൾ വയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. MACT കേസുകളിൽ ആരോഗ്യ വകുപ്പിനുകീഴിലുള്ള മെഡിക്കൽ ബോർഡ് മുഖേന മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വരുന്നുണ്ട്. താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ ചികിത്സകൾ ലഭ്യമാണ്. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ 27 PMR Unit വഴി ആവശ്യമായ സേവനങ്ങൾ നൽകി വരുന്നു.

ഗവ. മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ അംഗവൈകല്യം സംഭവിച്ചവർക്കുവേണ്ടി തുടർചികിത്സയും പുനരധിവാസവും കിടത്തി ചികിത്സയും (IP&OP) നൽകിവരുന്നു. കൂടാതെ ഫിസിക്കൽ മെഡിസിന്റെ ആർട്ടിഫിഷ്യൽ സെന്ററിൽ രജിസ്ട്രേഷൻ ക്രമമനുസരിച്ച് കൃത്രിമ കാലുകളും കൈകളും നിർമ്മിച്ച് നൽകിവരുന്നു.

ആരോഗ്യവകുപ്പിനുകീഴിൽ താഴെപ്പറയുന്ന 11 Limb fitting centre-കൾ പ്രവർത്തിക്കുന്നുണ്ട്.

1) ജനറൽ ആശുപത്രി തിരുവനന്തപുരം,

2) ജില്ലാ ആശുപത്രി കൊല്ലം,

3) താലൂക്കാശുപത്രി പുനലൂർ,

4) ജില്ലാ ആശുപത്രി കോഴഞ്ചേരി,

5) ജില്ലാ ആശുപത്രി ആലപ്പുഴ,

6) ലെപ്രസി സാനിറ്റോറിയം നൂറനാട്,

7) ജനറൽ ആശുപത്രി എറണാകുളം,

8) ജനറൽ ആശുപത്രി തൃശ്ശൂർ,

9) ജനറൽ ആശുപത്രി പാലക്കാട്,

10) ജില്ലാ ആശുപത്രി കണ്ണൂർ,

11) ജില്ലാ ആശുപത്രി തിരുർ.

കേരളത്തിൽ തിരുവനന്തപുരം,കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ &

റീഹാബിലിറ്റേഷൻ വിഭാഗത്തിൽ സൗകര്യം ലഭ്യമാണ്. കേരള സംസ്ഥാന ബി.പി.എൽ. റേഷൻ കാർഡുകാർക്ക് ഇവ സൗജന്യമായി നൽകപ്പെടുന്നു.

**സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ്**

215(3998) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവരിൽ നിന്ന് ലാബ് ടെസ്റ്റുകൾ, എക്സ്-റേ, സ്കാനിംഗ് തുടങ്ങിയവയ്ക്ക് വ്യത്യസ്ത രീതിയിലുള്ള നിരക്കുകൾ ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ സ്വകാര്യ ആശുപത്രികളിൽ വിവിധ ചികിത്സാ സംവിധാനങ്ങൾക്ക് പല വിധത്തിൽ ചാർജ് ഈടാക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന്

വ്യക്തമാക്കാമോ?

(ബി & സി) പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകേണ്ട സൗകര്യങ്ങളുടേയും സേവനങ്ങളുടേയും നിലവാരം നിർണ്ണയിക്കുകയെന്ന ലക്ഷ്യത്തോടുകൂടി അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് നിലവിൽ വന്ന 2018-ലെ കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും, നിയന്ത്രണവും) നിയമത്തിലെ സെക്ഷൻ 39 (2) പ്രകാരം ഓരോ സ്ഥാപനങ്ങളും തങ്ങൾ പരിശോധനയ്ക്കായി ചുമത്തുന്ന ഫീസ് പ്രദർശിപ്പിച്ചിരിക്കണമെന്നും സെക്ഷൻ 39(4) പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങൾ സ്വയമേവ പ്രദർശിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികം ഈടാക്കാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം നിരക്കുകൾ പ്രദർശിപ്പിക്കുമ്പോൾ വിവിധ സ്ഥാപനങ്ങൾക്ക് വ്യത്യസ്ത നിരക്കുകൾ ഈടാക്കുവാൻ പ്രയാസമാണ്. പൊതുജനങ്ങൾക്ക് സ്ഥാപനത്തിലെ നിരക്ക് അറിയുവാനുള്ള സാഹചര്യമുള്ളതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ സേവനം ആവശ്യമുണ്ടെങ്കിൽ ആയത് ഉപയോഗപ്പെടുത്താവുന്നതാണ്.

(ഡി) സ്വകാര്യ ആശുപത്രികളിലെ വിവിധതരം ചികിത്സകളുടെ ഗുണനിലവാരത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും റെഗുലേഷനും) 2018 നിയമപ്രകാരം കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിക്കേണ്ട നിലവാരം നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സയുടെ ഗുണ നിലവാരം ഉറപ്പു വരുത്തുവാൻ ഒരു പരിധി വരെ സാധിക്കുന്നതാണ്.

**ആരോഗ്യ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ**

216(3999) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ ലിങ്കുമായി ബന്ധപ്പെട്ട അപ്ഡേഷൻ നടത്താത്തതുമൂലം സംസ്ഥാനത്തെ ആരോഗ്യ ഇൻഷ്വറൻസ് ഗുണഭോക്താക്കൾക്ക്

ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ക്ലെയിം പ്രോസസ്സിംഗ് ചെയ്യുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ റ്റി.എം.എസ്. പ്ലാറ്റ്ഫോമിലാണ്. പ്രസ്തുത പ്ലാറ്റ്ഫോമിൽ 23-01-2023 തീയതി മുതൽ ചികിത്സാസേവനങ്ങൾക്കായി ആധാർ നിർബന്ധമാക്കിയിട്ടുള്ളതിനാൽ ഇത്തരത്തിലുള്ള ചില പരാതികളുണ്ടായിട്ടുണ്ട്.

(ബി) ഗുണഭോക്താക്കൾ ആശുപത്രിയിലെത്തുമ്പോൾ മാത്രമാണ് ആനുകൂല്യങ്ങൾ ലഭിക്കില്ലെന്ന വിവരം അറിയുന്നത് എന്ന സാഹചര്യത്തിൽ അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ലഘൂകരിക്കുവാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വിഷയത്തിന്മേൽ ഉചിതമായ പരിഹാരക്രമങ്ങൾ സ്വീകരിക്കുവാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നാഷണൽ ഹെൽത്ത് അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 03-02-2023 തീയതിൽ നടന്ന ഗവേണിംഗ് ബോഡി മീറ്റിംഗിൽ ഇക്കാര്യം നാഷണൽ ഹെൽത്ത്

അതോറിറ്റി പ്രതിനിധിയെ നേരിട്ടും അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ ഇക്കാര്യം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്.

(സി) ആരോഗ്യ ഇൻഷുറൻസ് കാർഡ്, കുടുംബത്തിലുള്ള എല്ലാവർക്കും പുതുക്കുന്നതിനുള്ള അവസരം നൽകുകയോ ആയതിന് അക്ഷയ സെന്ററുകൾക്ക് ലോഗിൻ നൽകുകയോ ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ (AB PMJAY/KASP) കീഴിൽ എംപാനൽ ചെയ്ത സർക്കാർ-സ്വകാര്യ ആശുപത്രികളുടെ കിയോസ്കുകളിൽ ഈ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ അക്ഷയകേന്ദ്രങ്ങളുടെ സേവനം വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നുണ്ട്.

**കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ**

217(4000) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ കാണപ്പെടുന്ന കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ, അപൂർവ രോഗത്തിനുള്ള ചികിത്സ സഹായ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത രോഗത്തെ പട്ടികയിൽ ഉൾപ്പെടുത്തി രോഗം ബാധിക്കുന്നവർക്ക് ചികിത്സ സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കുട്ടികളിൽ കാണപ്പെടുന്ന കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ, അപൂർവ രോഗത്തിനുള്ള ചികിത്സ സഹായ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം**

218(4001) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് ഗവൺമെന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്കായി നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടം വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനായി സജ്ജമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) തരൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് ഗവൺമെന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്കായി നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടം വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് സജ്ജമാക്കുന്നതിലേയ്ക്കായുള്ള വ്യക്തമായ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മൃതസഞ്ജീവനി പദ്ധതി**

219(4002) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവ കൈമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള മൃതസഞ്ജീവനി പദ്ധതിയുടെ പ്രവർത്തനം

കാര്യക്ഷമമായി മുന്നോട്ടുപോകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

മൃതസഞ്ജീവനി പദ്ധതി നിലവിൽ കാര്യക്ഷമമായി മുന്നോട്ടുപോകുന്നുണ്ട്. പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ രംഗത്തെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കെ-സോട്ടോ ചാരിറ്റബിൾ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ മസ്തിഷ്കമരണം സ്ഥിരീകരണം ആശുപത്രികളിൽ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി കൂടുതൽ ഡോക്ടർമാരെ എംപാനൽ ചെയ്തുവരുന്നു. ഇതുകൂടാതെ എല്ലാ ജില്ലകളിലും കുറഞ്ഞത് രണ്ടുവീതം ആശുപത്രികളെ നോൺ ട്രാൻസ്പ്ലാന്റ് ഓർഗൻ റിട്രൈവൽ സെന്ററുകളായി തെരഞ്ഞെടുത്ത് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ജനങ്ങളുടെ ഇടയിൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

(ബി) കേരളത്തിലെ എൺപത് ശതമാനം അവയവമാറ്റ ശസ്ത്രക്രിയകളും വൻകിട സ്വകാര്യ ആശുപത്രികളിലാണോ നടക്കുന്നത്; എങ്കിൽ സാധാരണക്കാർക്ക് ഇത്തരം സൗകര്യങ്ങൾ അപ്രാപ്യമാകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2022-ൽ, ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനം വഴി 1023 വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സ്വകാര്യ ആശുപത്രികളിലും 69 വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിലും നടന്നിട്ടുണ്ട്. ഇതേ വർഷം 327 കരൾമാറ്റ ശസ്ത്രക്രിയകൾ സ്വകാര്യ ആശുപത്രികളിലും 4 കരൾമാറ്റ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിലും നടന്നിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണാനന്തര അവയവദാനം വഴി 14 അവയവമാറ്റ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിലും 39 അവയവമാറ്റ ശസ്ത്രക്രിയകൾ സ്വകാര്യ ആശുപത്രികളിലും നടന്നിട്ടുണ്ട്.

സർക്കാർ മേഖലയിൽ നിലവിൽ തിരുവനന്തപുരം, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ കരൾ, വൃക്ക, ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കുള്ള

സൗകര്യങ്ങൾ ലഭ്യമാണ്. ഇതുകൂടാതെ ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗകര്യവുമുണ്ട്. കൂടുതൽ സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്തി അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ സാധാരണക്കാർക്ക് അവയവമാറ്റ ശസ്ത്രക്രിയ സൗകര്യം ഒരുക്കുന്നതിനായി സർക്കാർ മേഖലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സാധാരണക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സർക്കാർ, പൊതുമേഖല ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ സംവിധാനം ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേകം ഗ്രാന്റ് നൽകുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റിന് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാം മുഖേനയുള്ള ഗ്രാന്റ് നേടിയെടുക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

(ഡി) ഇല്ലെങ്കിൽ പൊതുമേഖലയിലെ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കേന്ദ്രസർക്കാർ ഗ്രാന്റ് നേടിയെടുക്കുന്നതിന് നാളിതുവരെ അപേക്ഷ നൽകാത്തതിന്റെ കാരണം അറിയിക്കുമോ; ഇക്കാര്യത്തിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാം മുഖേനയുള്ള ഗ്രാന്റ് നേടിയെടുക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

**പേ വിഷബാധ മൂലം മരണപ്പെട്ടവരുടെ എണ്ണം**

220(4003) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേ വിഷബാധ മൂലം മരണപ്പെട്ടവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2021 മുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പേവിഷബാധ മൂലമുള്ള മരണങ്ങളുടെ വിശദാംശങ്ങൾഅനുബന്ധമായി+ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വാക്സിന്റെ കുറവുമൂലം യഥാസമയം പ്രതിരോധ കുത്തിവയ്പ് നടത്താൻ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

വാക്സിന്റെ കുറവുമൂലം യഥാസമയം പ്രതിരോധ കുത്തിവയ്പ്പ് നടത്താൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടില്ല. നിലവിൽ സംസ്ഥാനത്ത് പേവിഷബാധയ്ക്കെതിരെയുള്ള 616 സ്ഥാപനങ്ങളിൽ ആന്റി-റാബീസ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 47 സ്ഥാപനങ്ങളിൽ കാറ്റഗറി-3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്.

മൃഗങ്ങളുടെ കടിയേറ്റ് ചികിത്സ തേടുന്നവരുടെ എണ്ണത്തിലുണ്ടായ വൻ വർദ്ധനവിനെത്തുടർന്ന് സ്ഥാപനങ്ങളിൽ നിന്ന് Additional Indent വാങ്ങുകയും കൂടുതൽ വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ വാങ്ങാനുള്ള Supply Order നൽകിയിട്ടുമുണ്ട്. വാക്സിന്റെ ഉപഭോഗം ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിൽ, ടി ഇനത്തിന്റെ ദൗർലഭ്യം നേരിടാതിരിക്കുന്നതിനായി ഇൻഡന്റ് മുഖേന ആവശ്യപ്പെട്ടതിനെക്കാൾ ഉപരിയായി (125%) കെ.എം.എസ്.സി.എൽ മുഖേന സംഭരിച്ചു നൽകിയിട്ടുണ്ട്. നിലവിൽ

(27-02-2023-ലെ കണക്കുകൾ പ്രകാരം) പേവിഷ പ്രതിരോധ വാക്സിന് ജില്ലാ മരുന്ന സംഭരണകേന്ദ്രങ്ങളിൽ 1,70,120 വയലും, സംസ്ഥാനത്തെ വിവിധ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലായി 71035 വയലും ഉൾപ്പെടെ 2,41,155 വയലിന്റെ സ്റ്റോക്കുണ്ട്.

സ്റ്റോക്ക് തീരുകയാണെങ്കിൽ മേജർ സ്ഥാപനങ്ങളിൽ Local Purchase സംവിധാനം ഉപയോഗിച്ചും ഇവ ലഭ്യമാക്കാറുണ്ട്.

മെഡിക്കൽ കോളേജുകളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന പേവിഷ ബാധ പ്രതിരോധ ക്ലിനിക്കുകൾ (Preventive Clinic) വഴി പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിൻ ആന്റി റാബീസ് സിറം സൗജന്യമായി രോഗികൾക്ക് നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ വാക്സിൻ, സിറം എന്നിവയുടെ കുറവുമൂലം കുത്തിവയ്പ്പ് നടത്താൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടില്ല.

**കാൻസർ രോഗികൾക്ക് വിദഗ്ധ ചികിത്സ**

221(4004) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ ചികിത്സാ ചെലവുകൾ ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസർ രോഗികളെ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ?

കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഒരു Cancer Strategic Action Plan നടപ്പിലാക്കി വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റുകൾ കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാനിൽ പങ്കെടുക്കുന്നുണ്ട്. അതിന്റെ ഭാഗമായി നേരത്തെ കാൻസർ നിർണ്ണയിക്കുന്നതിനും (early cancer detecting), കാലതാമസം കൂടാതെ മറ്റ് പരിശോധനകൾ നടത്തുന്നതിനും ഉടനെ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിന്റെ നവകേരള കർമ്മ പദ്ധതിയിൽ ജില്ലാതല കാൻസർ നിയന്ത്രണ പരിപാടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കുള്ള സൗജന്യ ചികിത്സാപദ്ധതിയായ കാൻസർ സുരക്ഷാ പദ്ധതി, കാസ്പ് കാർഡുടമകൾക്ക് നൽകി വരുന്ന വർഷംതോറും 5 ലക്ഷം രൂപയുടെ

സൗജന്യ ചികിത്സാ പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സാ പദ്ധതിയായ കാരുണ്യ ബെനവലന്റ് ഫണ്ട്, പട്ടികവർഗ്ഗക്കാർക്കുള്ള സൗജന്യ ചികിത്സാ പദ്ധതിയായ കോംപ്രഹെൻസീവ് ഹെൽത്ത് സ്കീം ഫോർ ഷെഡ്യൂൾഡ് ട്രൈബ്, സ്നേഹ സാന്ത്വനം, ആരോഗ്യ കിരണം മുതലായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ കാൻസർ രോഗികളെ സഹായിക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാനത്തെ കാൻസർ രോഗികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

കാൻസർ രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

(സി) മലപ്പുറം ജില്ലയിൽ കാൻസർ രോഗികൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിൽ കാൻസർ രോഗികൾക്ക് ചികിത്സ നൽകുന്ന സ്ഥാപനങ്ങൾ ജില്ലാ ആശുപത്രി തിരൂർ, ജില്ലാ ആശുപത്രി പെരിന്തൽമണ്ണ,

ജില്ലാ ആശുപത്രി നിലമ്പൂർ എന്നിവയാണ്. എടവണ്ണ സാമൂഹികാരോഗ്യ കേന്ദ്രത്തിലും കാൻസർ ചികിത്സ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലും അനുബന്ധ പ്രദേശങ്ങളിലുമുള്ള രോഗികൾക്ക് വിദഗ്ദ്ധ കാൻസർ ചികിത്സ ലഭ്യമാക്കുന്നതിന് തിരൂർ ജില്ലാ ആശുപത്രിയിൽ ഒരു വിദഗ്ധ യൂണിറ്റ് സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ കാൻസർ കൺട്രോൾ കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

മലപ്പുറം എടവണ്ണയിൽ സീതിഹാജി കാൻസർ ഡിറ്റക്ഷൻ & ട്രീറ്റ്മെന്റ് എം.സി.സി.-യുടെ സഹകരണത്തോടെ പ്രവർത്തിച്ചു വരുന്നുണ്ട്.

**കാരുണ്യ ഫർമസികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്താൻ നടപടി**

222(4005) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>
<u>ശ്രീ കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. പി. മോഹനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട ജനങ്ങൾക്ക് വലിയ ആശ്വാസമായ കാരുണ്യ

ഫാർമസികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മരുന്ന് കമ്പനിക്കാരുടെ ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയുടെ പ്രതിനിധികളുമായി നേരിട്ട് വിലപേശി, 45 ദിവസത്തെ വായ്പാകാലയളവിൽ മുൻകൂറായി മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തുവരുന്ന രീതിയാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അവലംബിച്ചിരിക്കുന്നത്.

പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനെക്കാളും വിപണിവിലയിൽ നിന്ന് 10% മുതൽ 93% വരെ വിലക്കുറവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്ന് മരുന്നുകൾ വിതരണം ചെയ്യുന്നു. കാൻസർ, വൃക്കരോഗം മുതലായ മാരക അസുഖങ്ങൾ ബാധിച്ചവർക്ക് ആവശ്യമായിട്ടുള്ള മരുന്നുകൾ വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കി വരുന്നു. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന ജീവൻരക്ഷാമരുന്നുകൾ എല്ലാം തന്നെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. ഇവയുടെ വ്യത്യസ്ത അളവുകളിലുള്ള

ഏകദേശം 35 ബ്രാൻഡുകളുടെ നിരവധി മരുന്നുകൾ സംസ്ഥാനത്തൊട്ടാകെയുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിതരണം ചെയ്തു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ഫണ്ട് വിനിയോഗിച്ച് ആരോഗ്യകേന്ദ്രങ്ങൾ ആവശ്യപ്പെടുന്ന മരുന്നുകളിൽ കാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ രോഗമുള്ളവർക്കും കിടപ്പ് രോഗികൾക്കും ആവശ്യമായ മരുന്നുകൾ മുൻഗണനാ ക്രമത്തിൽ വിതരണം ചെയ്ത് വരുന്നു. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും മരുന്നുകൾ ക്യാഷ് അടിസ്ഥാനത്തിലും വായ്പാ അടിസ്ഥാനത്തിലും ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. ക്യാഷ് അടിസ്ഥാനത്തിലുള്ള വിതരണത്തിൽ ഉപഭോക്താക്കൾ പണം ഉടനടി നൽകി മരുന്നുകൾ വാങ്ങുന്നു. സർക്കാർ ആവിഷ്കൃത ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിലുൾപ്പെട്ട ഉപഭോക്താക്കൾക്ക് വായ്പാടിസ്ഥാനത്തിൽ മരുന്നുകൾ വിതരണം ചെയ്യുന്നു. ടി തുക കാലക്രമേണ സർക്കാരിൽ നിന്നും ലഭ്യമാക്കുന്നു.നിലവിൽ വിവിധ കമ്പനികളുടെ 8000-ൽപ്പരം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. കൂടാതെ വിപണിയിൽ പുതുതായി

സ്ഥാനമുറപ്പിച്ച കമ്പനികളുടെ മരുന്നുകൾ ഇതിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. നിലവിൽ പകൽ സമയങ്ങളിൽ മാത്രം പ്രവർത്തിച്ചിരുന്ന മേജർ ആശുപത്രികളിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം 24 മണിക്കൂറായി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിച്ചുവരുന്നു.

**കാരുണ്യ@ഹോം പദ്ധതി**

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിലെ മരുന്നുകൾ വീടുകളിൽ എത്തിച്ചു കൊടുക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ കാരുണ്യ@ഹോം എന്ന പദ്ധതി സർക്കാർ ആരംഭിച്ചു. കാരുണ്യയിലെ വിലക്കിഴിവിന് പുറമെ 1% അധിക വിലക്കിഴിവോടുകൂടി മുതിർന്ന പൗരൻമാർക്ക് ആവശ്യമായ എല്ലാ മരുന്നുകളും ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ളവ കൊറിയർ മുഖാന്തരം മിതമായ കൊറിയർ ചാർജ് ഈടാക്കിക്കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ചു നൽകുന്നു. മുതിർന്ന പൗരന്മാർക്ക് ഫാർമസിയിലെത്തിച്ചേരാതെ തന്നെ മരുന്നുകൾ ലഭ്യമാക്കുകായെന്നതാണ്

ഈ പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) സർക്കാർ ആശുപത്രികളിലെ വിവിധ ഉപകരണങ്ങൾ കേടാകുമ്പോൾതന്നെ നന്നാക്കി ഉപയോഗപ്രദമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മെഡിക്കൽ കോളേജുകളിലേയും അനുബന്ധ ആശുപത്രയിലേയും മെഡിക്കൽ ഉപകരണങ്ങളുടെ എല്ലാത്തരത്തിലുള്ള അറ്റകുറ്റപ്പണികളുടെ മേൽനോട്ടം വഹിക്കുന്നത് ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ആൻഡ് സെൻട്രൽ വർക്ക്ഷോപ്പ് വിഭാഗമാണ്. മെഡിക്കൽ ഉപകരണങ്ങൾ കേടാകുമ്പോൾ ബയോമെഡിക്കൽ എഞ്ചിനീറിംഗ് വിഭാഗത്തിലെ സാങ്കേതിക വിദഗ്ധരായ ജീവനക്കാരെ കൃത്യ സമയത്ത് അറിയിക്കുകയും അത് പരിഹരിക്കുവാനുള്ള മേൽ നടപടികൾ അവർ ഏറ്റെടുക്കുകയും ചെയ്തു വരുന്നു. അത്യാധുനിക ജീവൻ രക്ഷാ ബയോമെഡിക്കൽ ഉപകരണങ്ങൾ യഥാർത്ഥ ഉപകരണ നിർമ്മാതാവുമായോ അല്ലെങ്കിൽ അവരുടെ അംഗീകൃത സേവന ദാതാവുമായോ അറ്റകുറ്റപ്പണിക്കുള്ള മെയിന്റനൻസ് കരാറിൽ (AMC/CAMC) ഏർപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ സേവനങ്ങളും

ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ആൻഡ് സെൻട്രൽ വർക്ക്ഷോപ്പ് വകുപ്പ് വഴി നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്തു വരുന്നു. പതിവായി ആവശ്യമുള്ള സാധാരണ സ്പെയറുകൾ/ഉപഭോഗ വസ്തുക്കൾ തുടങ്ങിയവ ബഡ്ജറ്റ് വിഹിതം വഴിയും ആശുപത്രി വികസന സമിതി ഫണ്ട് വഴിയും വാങ്ങുകയും മാറ്റി സ്ഥാപിക്കുകയും ചെയ്തു വരുന്നു. മേൽപ്പറഞ്ഞ ആസൂത്രിത പ്രവർത്തനങ്ങളിലൂടെ രോഗീ പരിചരണത്തിന് ആവശ്യമുള്ള എല്ലാ ബയോമെഡിക്കൽ ഉപകരണങ്ങളുടേയും തടസ്സമില്ലാത്ത പ്രശ്നരഹിത പ്രവർത്തനം ഉറപ്പ് വരുത്തുന്നു.

ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിലെ ഉപകരണങ്ങളുടെ തകരാർ പരിഹരിക്കുന്നതിനായി കെ.എം.എസ്.സി.എൽ മുഖേന തേർഡ് പാർട്ടി സർവ്വീസ് (ബയോമെഡിക്കൽ എക്വിപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം) മെസ്സേഴ്സ്. സൈറിക്സ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് (M/s. Cyrix Healthcare Pvt Ltd) എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ ഐ.വി.ആർ.എസ്. ടോൾ ഫ്രീ സംവിധാനത്തിലൂടെ ആശുപത്രി

അധികൃതർക്ക് ടോൾ ഫ്രീ നമ്പറായ 1800 425 7669 എന്ന നമ്പറിലേക്ക് പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ കമ്പനി സർവ്വീസ് എൻജിനീയേഴ്സ് സ്ഥാപനത്തിൽ നേരിട്ടെത്തി പ്രസ്തുത പരാതി സമയബന്ധിതമായി പരിഹരിക്കുന്നു.

**മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രി ജീവനക്കാരെ സംബന്ധിച്ച വിവരം**

223(4006) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മെഡിക്കൽ കോളേജ് ജില്ലാ ആശുപത്രി ആയിരുന്ന ഘട്ടത്തിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖേന നിയമിതരായി ഇപ്പോഴും പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ എണ്ണം, തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

മാനന്തവാടി മെഡിക്കൽ കോളേജ് ജില്ലാ ആശുപത്രി ആയിരുന്ന ഘട്ടത്തിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖേന നിയമിതരായി ഇപ്പോഴും പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ

എണ്ണം, തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു .

(ബി) നിലവിൽ പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ഒരു മാസം ആകെ എത്ര രൂപ ആവശ്യമായിട്ടുണ്ടെന്നും ഈ തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത ജീവനക്കാരുടെ വേതനത്തിനായി 15,74,280/-രൂപ ആവശ്യമായി വരും. ലാബ് എക്സ്റേ, സി.ടി, യു.എസ്.ജി., ഐ. പി, ഒ.പി, വിസിറ്റിംഗ് പാസ് മുതലായ ഇനത്തിൽ നിന്ന് ലഭിക്കുന്ന മാസ വരുമാനത്തിന്റെ 60% വേതനത്തിനായി ഉപയോഗിക്കുന്നു.

**തൃശ്ശൂർ മെഡിക്കൽ കോളേജിൽ അനുവദിച്ച പുതിയ വകുപ്പുകളും തസ്തികകളും**

224(4007) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതുതായി അനുവദിച്ച വകുപ്പുകളും അവയിൽ ഓരോന്നിലും അനുവദിച്ച തസ്തികകളും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിച്ച തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതുതായി അനുവദിച്ച വകുപ്പുകളുടെയും അവയിൽ ഒരോന്നിലും അനുവദിച്ച തസ്തികകളുടെയും ഒഴിവുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) അനുവദിച്ച തസ്തികകളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരില്ല.

**മാനന്തവാടി മെഡിക്കൽ കോളേജിനെ സംബന്ധിച്ച വിവരങ്ങൾ**

225(4008) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തിയതിനുശേഷം പ്രസ്തുത സ്ഥാപനത്തിൽ വിവിധ ഏജൻസികൾ മുഖാന്തരം ചെലവഴിച്ച തുകയും നടപ്പിലാക്കിയ പദ്ധതികളും സംബന്ധിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വയനാട് മെഡിക്കൽ കോളേജിൽ മെഡിക്കൽ കോളേജായി ഉയർത്തിയതിനുശേഷം ഏതെങ്കിലും ഏജൻസികൾ മുഖേന പദ്ധതികൾ നടപ്പാക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. അക്കാഡമിക് ബ്ലോക്കും അനുബന്ധകെട്ടിടങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) 2016-നുശേഷം മാനന്തവാടി മെഡിക്കൽ കോളേജിൽ എം.എൽ.എ.-യുടെ എ.ഡി.എഫ്., എസ്.ഡി.എഫ്. പദ്ധതികൾ പ്രകാരം അനുവദിച്ച തുകയും പദ്ധതികളുടെ പേരും വ്യക്തമാക്കാമോ?

വയനാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിന് എം.എൽ.എ ഫണ്ടിൽ നിന്നും 49,90,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എജ്യൂക്കേഷന് കീഴിൽ ജോലി ചെയ്യുന്ന മാനന്തവാടി മെഡിക്കൽ കോളേജിലെ സർക്കാർ ഉദ്യോഗസ്ഥരുടെ പേരുവിവരം തസ്തികയും ശമ്പള സ്കെയിലും തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**

226(4009) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് എന്നാണ് സ്ഥാപിച്ചതെന്നും മെഡിക്കൽ കോളേജ് ആയി പ്രവർത്തനം ആരംഭിക്കുമ്പോൾ എത്ര വകുപ്പുകൾ അവിടെ ഉണ്ടായിരുന്നുവെന്നും അറിയിക്കാമോ?

ആലപ്പുഴ മെഡിക്കൽ കോളേജ് പ്രൈവറ്റ് മേഖലയിൽ 1963 മാർച്ച് മാസം ആരംഭിച്ചു. ജി.ഒ(എം.എസ്.)52/74/എച്ച്.ഡി തീയതി 19-09-1974 ഉത്തരവ് പ്രകാരം 17-10-1972 പ്രാബല്യത്തിൽ 23 വകുപ്പുകളോടുകൂടി തിരുമല ദേവസ്വം മെഡിക്കൽ കോളേജിൽ നിന്ന് സർക്കാർ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചു.

(ബി) നിലവിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്ര വകുപ്പുകളിലായി എത്ര ഡോക്ടർമാരുടെ തസ്തികയാണ് അനുവദിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ 34 വകുപ്പുകളിലായി 315 ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പ്രൊഫസർ | - | 32 |
| അസോസിയേറ്റ് പ്രൊഫസർ | - | 48 |
| അസിസ്റ്റന്റ് പ്രൊഫസർ | - | 235 |

(സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർ തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

ആലപ്പുഴ മെഡിക്കൽ കോളേജിൽ 62 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. പ്രൊഫസർ-4, അസോസിയേറ്റ് പ്രൊഫസർ 10, അസിസ്റ്റന്റ് പ്രൊഫസർ – 48. മെച്ചപ്പെട്ട ചികിത്സ ലഭ്യമാകുന്നതിന് ഡോക്ടർമാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ സീനിയർ റസിഡന്റുമാരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ (ഡോക്ടർമാരൊഴികെയുള്ള) ഏതൊക്കെയാണെന്നും ഇതിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഡോക്ടർമാർ ഒഴികെയുള്ള തസ്തികകളും ഒഴിവുകളുടെ വിവരവും

അനുബന്ധമായി+ ചേർക്കുന്നു. മെച്ചപ്പെട്ട ചികിത്സാ, രോഗീപരിചരണം എന്നിവ ഉറപ്പുവരുത്തുന്നതിനായി സ്റ്റാഫ് നഴ്സുമാരുടെ ഒഴിവിലേക്ക് ബോണ്ടഡ് സ്റ്റാഫ് നഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു.

(ഇ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എൻട്രി കേഡർ തസ്തികകളിൽ ഡോക്ടർമാർ അടക്കമുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡോക്ടർ ഒഴികെയുള്ള ജീവനക്കാരുടെ എൻട്രി കേഡർ ഒഴികെയുള്ള തസ്തികയിലെ ഒഴിവുകൾ യഥാവിധി പ്രൊമോഷൻ വഴി നികത്തി വരുന്നു. ഡോക്ടർമാരുടെ പ്രൊമോഷൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് ഡി.പി.സി കൂടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(എഫ്) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചതോടെ ബെഡ്ഡുകളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ അധികമായി വേണ്ടിവരുന്ന മെഡിക്കൽ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാരാ മെഡിക്കൽ ജീവനക്കാരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഇവരുടെ നിയമനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ സുഗമമായ പ്രവർത്തനത്തിനായി വേണ്ടിവരുന്ന മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ അധിക തസ്തികകൾ കണക്കാക്കി തസ്തിക സൃഷ്ടിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**മരുന്നുകൾ ലഹരി മരുന്നായി ദുരുപയോഗം ചെയ്യുന്ന നടപടി**

227(4010) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മാനസികാരോഗ്യ വിഭാഗത്തിൽ നിന്നും ഇടനിലക്കാർ മരുന്നുകൾ വാങ്ങി പുറത്ത് കൊണ്ടുപോകുന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ

കാണുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ ജീവനക്കാരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) മയക്കുമരുന്നിന് സമാനമായ മരുന്നുകൾ വൻതോതിൽ പുറത്തേക്ക് വാങ്ങിക്കൊണ്ടുപോയി ലഹരി മരുന്നായി ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതിനായി എക്സൈസ്, പോലീസ് വിഭാഗങ്ങൾക്ക് വിവരം കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ - സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മാനസികാരോഗ്യ വിഭാഗത്തിൽ രോഗികളെ നേരിട്ടുകണ്ട് 15 ദിവസത്തേക്ക് മാത്രം വേണ്ടിവരുന്ന മരുന്നിന്റെ കുറിപ്പടികൾ നൽകാൻ ഡോക്ടർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. ഡോക്ടറുടെ ഒപ്പും മറ്റു രേഖകളുമില്ലാതെ മരുന്ന് നൽകുന്നത് കർശനമായി നിയന്ത്രിച്ചിട്ടുണ്ട്.

**മെഡിക്കൽ കോളേജുകളിൽ കിടക്കകളുടെ അപര്യാപ്തത**

228(4011) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗികൾക്ക് മതിയായ കിടക്കകളില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഓരോ മെഡിക്കൽ കോളേജിലും എത്ര കിടക്കകൾ വീതമുണ്ടെന്നും ഏകദേശം എത്ര കിടക്കകളുടെ കുറവാണുള്ളതെന്നും അറിയിക്കാമോ?

ആരോഗ്യ മേഖലയിൽ സർക്കാർ നടത്തുന്ന ഇടപെടലുകളും വിവിധതരം പദ്ധതികളിലൂടെ നൽകുന്ന സൗജന്യ ചികിത്സകളുംമൂലം മെഡിക്കൽ കോളേജുകളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലും അംഗീകൃത കിടക്കകളേക്കാൾ അഡ്മിഷൻ വരുന്നതിനാൽ കിടക്കകളുടെ കുറവ് അനുഭവപ്പെടാറുണ്ട്. വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ കിടക്കകളുടെ എണ്ണം താഴെപ്പറയുന്നു.

| | |
|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം. | 1952 |
| എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം. | 1157 |
| കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രികളും | 2970 |
| സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 530 |
| സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി | 430 |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 1436 |
| സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 650 |
| സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 470 |
| സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ | 850 |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 3108 |
| സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 1572 |
| സർക്കാർ മെഡിക്കൽ കോളേജ്, വയനാട് | 274 |
| സർക്കാർ മെഡിക്കൽ കോളേജ്, കോന്നി | 360 |

രോഗീ ബാഹുല്യം കണക്കിലെടുത്ത് എസ്.എ.റ്റി ആശുപത്രിയിൽ അനുവദിക്കപ്പെട്ട 765 കിടക്കകൾക്ക് ഉപരിയായി 1157 കിടക്കകളും ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിക്കപ്പെട്ട 1051 കിടക്കകൾക്ക് ഉപരിയായി 1572 കിടക്കകളും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജുകളിൽ മതിയായ കിടക്കകൾ ഇല്ലാത്തതു കാരണം രോഗികൾ നിലത്ത് കിടക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിലുള്ള കിടക്കകൾ തികയാതെ വരുന്ന ചില സന്ദർഭങ്ങളിൽ രോഗികൾക്ക് ഫ്ലോർ ബെഡുകൾ ഒരുക്കി നൽകാറുണ്ട്.

(സി) പകർച്ച വ്യാധികളും കൊവിഡ് സാധ്യതയും നിലനിൽക്കുന്ന സാഹചര്യത്തിൽ ഒരു കിടക്കയിൽ ഒന്നിലധികം രോഗികളെ കിടത്തുന്നതായി ഏതെങ്കിലും മെഡിക്കൽ കോളേജിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ രോഗികളെ കിടത്തേണ്ടി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും രോഗികളെ കിടത്താൻ മതിയായ കിടക്കകളും മറ്റ് അത്യാവശ്യ സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി & ഡി) 2022-2023 വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് മെഡിക്കൽ കോളേജുകളിലെ പ്രതിമാസ ഐ.പി രോഗികളുടെ എണ്ണത്തിൽ 33% വർദ്ധനയാണുണ്ടായിട്ടുള്ളത്. മിക്ക മെഡിക്കൽ കോളേജുകളിലും രോഗികളുടെ ബാഹുല്യമുണ്ടെങ്കിലും ചുരുക്കം ചില മെഡിക്കൽ കോളേജുകളിൽ മാത്രമാണ് വളരെക്കൂടുതൽ രോഗീ ബാഹുല്യം

ഉണ്ടാകുമ്പോൾ ഫ്ലോർ ബെഡിൽ കിടത്തേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നത്. ഇത്തരം സാഹചര്യങ്ങൾ പൂർണമായും ഒഴിവാക്കുന്നതിന് കൂടുതൽ കിടക്കകൾ താഴെപ്പറയുന്ന പ്രകാരം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സർജിക്കൽ ബ്ലോക്ക് നിർമ്മാണം പൂർത്തിയാകുമ്പോൾ 250 കിടക്കകൾ അധികം ലഭ്യമാകും.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 650 കിടക്കകളോടുകൂടിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിന്റെ നിർമ്മാണം നടന്നു വരുന്നു.

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ നിർമ്മാണം പൂർത്തിയാകുമ്പോൾ 160-ഓളം കിടക്കകൾ കൂടുതലായി ലഭ്യമാകുന്നതാണ്.

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കാർഡിയോളജി ബ്ലോക്കിന്റെ രണ്ടാംഘട്ട നിർമ്മാണം പൂർത്തിയാകുമ്പോൾ 200 ബെഡുകൾ അധികം ലഭ്യമാകുന്നതാണ്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ പുതുതായി നിർമ്മിച്ച സൂപ്പർ

സ്പെഷ്യാലിറ്റി ബ്ലോക്കിൽ 250 കിടക്കകളും കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ 560 കിടക്കകളും ലഭ്യമാകുന്നു.

**മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേയ്ക്കുയർത്താൻ പദ്ധതി**

229(4012) ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃ, ശിശു മരണനിരക്കിലും മറ്റ് ആരോഗ്യ വികസന സൂചികകളിലും വികസിത രാജ്യങ്ങളോടു കിടപിടിക്കുന്ന മികവ് സംസ്ഥാനത്തെ പൊതുജനാരോഗ്യ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത നേട്ടം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് അതിവിദഗ്ദ്ധ ചികിത്സാസൗകര്യവും ഗവേഷണ നേട്ടങ്ങളും വിപുലീകരിക്കുന്നതിന് അനിവാര്യമായ എയിംസ് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് പുലർത്തുന്ന വിവേചനപൂർണ്ണമായ നടപടി തിരുത്താൻ ആവശ്യപ്പെടുമോ?

കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിന്മേൽ ശക്തമായ സമ്മർദ്ദം ചെലുത്തിവരുന്നു. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും, കൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഉൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും, പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനെയും ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെയും G.O(Rt)No.2523/2021/H&FWD dated: 17-11-2020 പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ

കോഴിക്കോട് ജില്ലാ കളക്ടർ, ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി കൊയിലാണ്ടി ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാറെ ചുമതലപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ സ്വീകരിച്ചു വരികയും ചെയ്യുന്നു. G.O(Rt)No.722/2022/ID dated: 26-07-2022 പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുബക്ഷേമ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വകയിരുത്തുന്നതിനായി 4210-03-105-13 (PV) എന്ന ശീർഷകം G.O(Rt)No.1414/2022/H&FWD dated: 17-06-2022 പ്രകാരം അനുവദിക്കുകയും പ്രാഥമിക ചെലവുകൾക്കായി 92,62,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ?

സർക്കാർ മെഡിക്കൽ കോളേജുകളെ കൂടുതൽ സൗകര്യങ്ങളോടുകൂടിയ സ്ഥാപനങ്ങളാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി KIIFB-യുടെ സഹായത്തോടെ 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ 16-04-2018-ലെ സ.ഉ (സാധാ)നം. 1247/2018/ആ.കു.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡ്, പാലം എന്നിവയുടെ പണികൾ 12-08-2022-ൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കുകയും 16-08-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് പൊതുജനങ്ങൾക്കായി തുറന്നു നൽകുകയും ചെയ്തു. Multi level car parking-നു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ OT Cum Srugical Block, SAT Hospital New Block, MLT Block-ന്റെ നിർമ്മാണ ഉദ്ഘാടനം മാർച്ച് മാസം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. OT Cum Srugical Block, SAT Hospital New Block എന്നിവയുടെ ഡിസൈൻ റിവ്യൂ പൂർത്തിയാക്കി സാങ്കേതിക അനുമതിക്കുള്ള തയ്യാറെടുപ്പുകൾ നടത്തിവരികയാണ്. ടി പ്രവൃത്തികൾ ജൂൺ മാസത്തോടുകൂടി ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

OT Cum Surgical Block-ന്റെ നിർമ്മാണത്തിനായി 16, 17, 18, 19, 24, 25 &ബേൺസ് ഐ.സി.യു എന്നീ വാർഡുകൾ demolish ചെയ്തിട്ടുണ്ട്.

മൂന്നാം ഘട്ട പ്രവർത്തനങ്ങളിൽ Hostel & Residential complex for accommodating faculty, Residents and Interns, Nurses, Paramedical Staff and Other Staff, New Academic Block, Imageology complex, CCTV, MLCP,

Land acquisition എന്നിവ ഉൾപ്പെടുന്നു.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ സ്ഥാനക്കയറ്റം**

230(4013) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ മരുന്ന് സംഭരണ-വിതരണ വിഭാഗത്തിലുള്ള സീനിയറായ അസിസ്റ്റന്റ് മാനേജർക്ക് ഡെപ്യൂട്ടി മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുവാൻ 10-05-2022-ലെ ഡയറക്ടർ ബോർഡ് യോഗത്തിൽ (നം.68.19) തീരുമാനമെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽ 03-10-2011-ന് ജോലിയിൽ പ്രവേശിച്ച ബിരുദാനന്തര ബിരുദം യോഗ്യതയുള്ള വ്യക്തി അസിസ്റ്റന്റ് മാനേജറായി ഉണ്ടായിരുന്നിട്ടും സീനിയോരിറ്റിയുള്ള അദ്ദേഹത്തെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കാതെ ഡിപ്ലോമ യോഗ്യതയും 18-08-2012-ന് മാത്രം അസിസ്റ്റന്റ്

മാനേജറായി ജോലിയിൽ പ്രവേശിച്ചതുമായ വ്യക്തിക്ക് സൂപ്പർവൈസറി പോസ്റ്റായ ഡെപ്യൂട്ടി മാനേജർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

03-10-2011-ന് ജോലിയിൽ പ്രവേശിച്ച വ്യക്തിക്ക് ഡിഗ്രിയും എം.ബി.എ.-യുമാണ് യോഗ്യത. ടി വ്യക്തി മറ്റൊരു ഡിവിഷനിലുമാണ് പ്രസ്തുത കാലയളവിൽ ജോലി ചെയ്തിരുന്നത്. 03-10-2011-ന് ജോലിയിൽ പ്രവേശിച്ച ആരും തന്നെ പ്രസ്തുത ഡയറക്ടർ ബോർഡ് യോഗതീരുമാനമെടുത്ത 10-05-2022-ന് അവശ്യമരുന്ന് വിഭാഗത്തിൽ ജോലി ചെയ്യുന്നുണ്ടായിരുന്നില്ല.

(സി) ബോർഡ് തീരുമാനത്തിൽ ശമ്പള വർദ്ധനവ് പ്രതിപാദിക്കാതെ ഡെപ്യൂട്ടി മനേജരുടെ കൺസോളിഡേറ്റഡ് പേ മുപ്പതിനായിരം രൂപയിൽ നിന്നും നാൽപ്പതിനായിരത്തിഅഞ്ഞൂറ് രൂപ ആയി അനുവദിച്ച് നൽകാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

18-08-2012-ൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ പ്രവേശിച്ച വ്യക്തിക്ക് അന്ന് നിലവിലുണ്ടായിരുന്ന കൺസോളിഡേറ്റഡ് വേതനമായ

20,000 രൂപ അനുവദിച്ചിരുന്നു. ടിയാൾക്ക് കാലാകാലങ്ങളായുള്ള വേതന വർദ്ധനവ് ലഭിച്ചതിനാൽ ഡെപ്യൂട്ടി മാനേജർ ആയി പ്രൊമോഷൻ നൽകിയ തീരുമാനമെടുത്ത 10-05-2022-ൽ 30,550/- രൂപ ആയിരുന്നു ടിയാളുടെ വേതനം. ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് ഡെപ്യൂട്ടി മാനേജരായി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. തുടർന്ന് ടിയാളുടെ വേതനം 40,550 രൂപ ആയി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ വേതനവർദ്ധനവ് അനുവദിച്ച നടപടിക്കെതിരെ ലഭിച്ച പരാതിയിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത ബോർഡ് റെസല്യൂഷൻ പ്രകാരം അസിസ്റ്റന്റ് മാനേജറായ വ്യക്തിക്ക് ഡെപ്യൂട്ടി മാനേജർ ആയി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരാമർശിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ബോർഡ് യോഗതീരുമാനത്തിൽ അവശ്യ മരുന്ന് വിഭാഗത്തിലെ ഏറ്റവും സീനിയർ ആയ അസിസ്റ്റന്റ് മാനേജരെ ഡെപ്യൂട്ടി മാനേജർ ആയി സ്ഥാനക്കയറ്റം നൽകണമെന്നാണ് പരാമർശിച്ചിട്ടുള്ളത്.

(ഇ) പ്രസ്തുത സ്ഥാനകയറ്റം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാർ നിവേദനം സമർപ്പിച്ചിട്ടും ആയത് നടപടിയൊന്നും സ്വീകരിക്കാതെ മാറ്റിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേലുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സ്ഥാനക്കയറ്റം റദ്ദാക്കണമെന്ന ആവശ്യവുമായി ലഭ്യമായ നിവേദനങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഫാർമസിസ്റ്റിന് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമനം നൽകിയ നടപടി**

231(4014) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി നെടുവ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജോലി ചെയ്തിരുന്ന ഫാർമസിസ്റ്റിന് തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നൽകിയ നിയമനം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന്

വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റി നിയമനം നൽകുമ്പോൾ നിലവിൽ ജോലി ചെയ്തിരുന്ന സ്ഥാപനത്തിലേക്ക് പുതിയ നിയമനം നൽകാൻ സാധിക്കുകയില്ല എന്നതിനാൽ പ്രസ്തുത രീതിയിലുള്ള നിയമനം സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തീരദേശ മേഖലയിലെ വളരെ തിരക്കേറിയ പ്രസ്തുത ആശുപത്രിയിലെ ഫാർമസിസ്റ്റിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേക്ക് മാറ്റി നിയമിച്ച സാഹചര്യത്തിൽ ആശുപത്രിയുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന്, പകരം നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വർക്കിംഗ് അറേഞ്ച്മെന്റ് ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) നെടുവ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ് തസ്തികയിൽ രണ്ട് സ്ഥിരം തസ്തികയുണ്ട്. അതിൽ ഒരാൾക്ക് ആരോഗ്യ

വകുപ്പ് ഡയറക്ടറേറ്റിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. ടി ഒഴിവിലേക്ക് എൻ.എച്ച്.എം. മുഖേന ഒരാളും, എൽ.എസ്.ജി.ഡി. മുഖേന ഒരാളും സേവനമനുഷ്ഠിക്കുന്നുണ്ട്. നിലവിൽ 3 ഫാർമസിസ്റ്റുകൾ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന ഒരു ഫാർമസിസ്റ്റിന്റെ സേവനം കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ആരോഗ്യവകുപ്പ് കാര്യാലയത്തിലേക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നൽകിയ നിയമനം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുംവിധം ഇപ്രകാരം വർക്കിംഗ് അറേഞ്ച്മെന്റിൽ ജീവനക്കാരിയെ മാറ്റി നിയമിച്ചത് നീതിയുക്തമായ നടപടിയാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ആരോഗ്യവകുപ്പ് കാര്യാലയത്തിന് കീഴിൽ വരുന്ന 1200-ൽപരം സർക്കാർ ആശുപത്രികളുടെ കുടുംബാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട്, ജനസംഖ്യ നിയന്ത്രണം, യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിലൂടെ

നടത്തുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ, വാക്സിൻ ലോജിസ്റ്റിക് മാനേജ്മെന്റ്, കോവിഡ് വാക്സിനേഷൻ, ഫാമിലി പ്ലാനിംഗ് കമ്മോഡിറ്റീസ്, ഇന്റന്റ് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച് അവ ക്രോഡീകരിച്ച് സംഭരിച്ച് വിതരണം നടത്തുക, ആയതിലേക്ക് പ്രതിമാസ റിപ്പോർട്ടുകളും മറ്റ് റിപ്പോർട്ടുകളും തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുക, "ഇ-വിൻ" സോഫ്റ്റ്‌വെയർ വഴി വാക്സിനുകളുടേയും എഫ്.പി.എൽ.എം.ഐ.എസ്. സോഫ്റ്റ്‌വെയർ വഴി ഫാമിലി വെൽഫെയർ കമ്മോഡിറ്റീസിന്റെയും അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കൽ, കൂടാതെ എഫ്.പി.എൽ.എം.ഐ.എസ്.-മായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലേയും എഫ്.ഡബ്ല്യൂ സ്റ്റോർ കസ്റ്റോഡിയന്മാർക്ക് ട്രെയിനിംഗ് നൽകുക എന്നീ സുപ്രധാനമായ ജോലികൾ ഫാമിലി വെൽഫെയർ സ്റ്റോർ ഓഫീസറുടെ കീഴിൽ നടന്നുവരുന്നു. ഈ പ്രവർത്തനങ്ങൾ നടത്താൻ സ്റ്റോർ ഓഫീസറിന്റെ ഒരു തസ്തിക മാത്രമാണുള്ളത്. കാലാകാലങ്ങളിൽ സ്റ്റോർ ഓഫീസർ (എഫ്.ഡബ്ല്യൂ.)-ന്റെ സഹായത്തിനായി കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഫാർമസിസ്റ്റുമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ച് വരുന്നു.

ആയതിന്റെ തുടർച്ചയായാണ് നെടുവ സി.എച്ച്.സി.-ലെ ഫാർമസിസ്റ്റിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചത്.

ഇപ്പോൾ നിയമിച്ചിരിക്കുന്ന ഫാർമസിസ്റ്റിന് എഫ്.പി.എൽ.എം.ഐ.എസ്. ട്രെയിനിംഗ് ലഭിച്ചതും "ഇ-വിൻ" സോഫ്റ്റ്‌വെയർ പരിജ്ഞാനമുള്ള ആളും കോവിഡ് കാലത്ത് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിലെ സ്റ്റോർ വേരിഫിക്കേഷൻ ടീമിൽ പ്രവർത്തനങ്ങൾ നടത്തി പരിചയസമ്പത്തുള്ള ആളുമാണ്. അതിനാൽ ടിയാന്റെ സേവനം ആരോഗ്യവകുപ്പ് കാര്യാലയത്തിൽ അനിവാര്യമാണ്.

ഫാർമസിസ്റ്റുകളുടെ അനുവദനീയമായ തസ്തികകൾ ഉള്ള നെടുവ സി.എച്ച്.സി.-യിൽ ടിയാൾക്ക് പകരം നിലവിൽ താൽക്കാലിക ജീവനക്കാർ സേവനം അനുഷ്ഠിക്കുന്ന സ്ഥിതിക്ക് വർക്കിംഗ് അറേഞ്ച്മെന്റ് മുഖേന ആരോഗ്യവകുപ്പ് കാര്യാലയത്തിൽ ടിയാളെ നിയമിച്ചത് വഴി, നെടുവ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

**മിഡ്-ലെവൽ സർവീസ് പ്രൊവൈഡർ ജീവനക്കാരുടെ സേവനം**

232(4015) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിഡ്-ലെവൽ സർവീസ് പ്രൊവൈഡർ ജീവനക്കാരുടെ സേവനം സബ് സെന്ററുകളിലേക്ക് കൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർ ജീവനക്കാരുടെ സേവനം സബ് സെന്ററുകളിലും, വാർഡ് തലത്തിലുംവരെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 19-01-2023-ലെ സ.ഉ(സാധാ) നം. 131/2023/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറത്തിറക്കിയിട്ടുണ്ട്.

**മെഡിക്കൽ കൗൺസിലിലെ ജീവനക്കാർ**

233(4016) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മെഡിക്കൽ കൗൺസിലിൽ എത്ര സ്ഥിരം ജീവനക്കാരും എത്ര താല്ക്കാലിക ജീവനക്കാരും ഉണ്ടെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ 8 സ്ഥിരം ജീവനക്കാരും, 19 ദിവസവേതനം/കരാർ ജീവനക്കാരും നിലവിലുണ്ട്.

(ബി) എത്ര താല്ക്കാലിക ജീവനക്കാരെ 1998-ലും 2018-ലും സ്ഥിരപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ; ഏത് ചട്ടം അനുസരിച്ചാണ് ജീവനക്കാരെ പ്രസ്തുത വർഷങ്ങളിൽ സ്ഥിരപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ?

1998-ൽ എംപ്ലോയ്മെന്റ് മുഖേന വന്ന ഒരു താത്ക്കാലിക ജീവനക്കാരിയെയും 2018-ൽ രണ്ട് താത്ക്കാലിക ജിവനക്കാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 1953-ലെ ട്രാവൻകൂർ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ 19-ാം വകുപ്പ് 3-ാം ഉപവകുപ്പിലെ അധികാരം വിനിയോഗിച്ച് അതതു കാലത്തെ സംയുക്ത കൗൺസിൽ തീരുമാനങ്ങളുടെയും, സർക്കാർ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ടി ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

രേഖകൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) മെഡിക്കൽ കൗൺസിലിൽ നിയമനങ്ങൾ നടത്തുന്നതിനായി സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ?

കരട് സ്പെഷ്യൽ റൂൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) അന്യത്രസേവന വ്യവസ്ഥയിൽ രജിസ്ട്രാർ ഉൾപ്പെടെ എത്ര ജീവനക്കാരാണ് നിലവിൽ കൗൺസിലിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ രജിസ്ട്രാർ ഉൾപ്പെടെ 13 ജീവനക്കാർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിചെയ്തു വരുന്നു.

**അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തികയിൽ നിയമനം**

234(4017) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തിക എന്നുമുതലാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തിക 01/06/2022 മുതൽ ഒഴിഞ്ഞുകിടക്കുന്നു.

(ബി) ഒഴിവുള്ള പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള ഹയർ ഡി.പി.സി.യുടെ തീയതി നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ബി & സി) പ്രസ്തുത തസ്തികയിൽ നിയമനം സ്ഥാനക്കയറ്റത്തിലൂടെ നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. ഡി.പി.സി.-യുടെ തീയതി നിശ്ചയിച്ചിട്ടില്ല.

**ആരോഗ്യ വകുപ്പ് ഡയറക്ടർ നിയമനം**

235(4018) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷമായിട്ടും ആരോഗ്യ വകുപ്പ് ഡയറക്ടറെ നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനത്തിനായി രൂപീകരിച്ച കമ്മിറ്റി ആരോഗ്യ

വകുപ്പിന് നിയമന ശിപാർശ കൈമാറിയിട്ടുണ്ടോ;

(സി) പുതിയ ആരോഗ്യ വകുപ്പ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ?

(എ - സി) ആരോഗ്യ വകുപ്പ് ഡയറക്ടറായി ഡോ. റീന. കെ. ജെ-യെ 23-02-2023-ലെ സ.ഉ(കൈ) 53/2023/ആ.കു.വ നമ്പർ ഉത്തരവുപ്രകാരം നിയമിച്ചിട്ടുണ്ട്.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ**

236(4019) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്താത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതുമൂലം ഭക്ഷ്യസുരക്ഷ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള ഗൗരവതരമായ കാര്യങ്ങൾ നേരിടുന്നതിൽ ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

(എ&ബി) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് പ്രൊമോഷൻ നടപടികൾ സ്വീകരിക്കുന്നതിനാലും ചോദ്യത്തിൽ പരാമർശിക്കുന്നതു പോലുള്ള പ്രതിസന്ധി ആരോഗ്യ വകുപ്പിൽ നിലവിലില്ല.

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ നിയമാനുസൃതമായി മാറ്റിവയ്ക്കേണ്ട ഒഴിവുകൾ ഒഴികെ മറ്റെല്ലാ ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സമയബന്ധിതമായി അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II- തസ്തികയിൽ 16 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ആയതിൽ 8 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സിക്ക്

റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഓരോ ജില്ലയിലും നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ഒഴിവുകളെ സംബന്ധിച്ച് ഓഫീസ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ആരോഗ്യ വകുപ്പിലെ ജില്ല തിരിച്ചുള്ള ഒഴിവുകൾ അനുബന്ധമായി+ ചേർക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം -3

2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം -3

3. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ -3

4. സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ-1

5.സർക്കാർ മെഡിക്കൽ കോളേജ്. കോഴിക്കോട്-4

6. സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ് -1

7. സർക്കാർ മെഡിക്കൽ കോളേജ്, കോന്നി-1

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ എണ്ണം**

237(4020) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ വിവിധ തസ്തികകളിലായി അനുവദിക്കപ്പെട്ട ജീവക്കാരുടെ എണ്ണം തസ്തിക തിരിച്ച് വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ വിവിധ തസ്തികകളിലായി അനുവദിക്കപ്പെട്ട ജീവനക്കാരുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇതിൽ ഏതൊക്കെ കേന്ദ്രങ്ങളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും ആയവ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ?

ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

പ്രസ്തുത ഒഴിവുകൾ പി.എസ്.സി നിയമനത്തിലൂടെയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാനക്കയറ്റത്തിലൂടെയും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അസിസ്റ്റന്റ് സർജൻ/സി.എം.ഒ തസ്തികയിലേയും ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലേയും ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതുമാണ്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ placement മുഖാന്തരം നികത്തുന്നതാണ്. Consultant, Junior Health Inspector, Health Inspector, Lab Technician, Senior Nursing Officer, Nursing Officer Gr.I എന്നീ തസ്തികകളിൽ പ്രമോഷൻ വഴി ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. Clinical Psychologist തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല. റാങ്ക് ലിസ്റ്റ് വരുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്. നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ By Transfer നിയമനം നടത്തുന്നതിനായി സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നുണ്ട്. Vice Principal തസ്തികയിൽ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ സ്ഥാനക്കയറ്റ നടപടികൾ തുടരാൻ ആകാത്ത

സാഹചര്യം നിലനിൽക്കുന്നുണ്ട്.

**ദന്തൽ ഹൈജീനിസ്റ്റ് തസ്തികയിൽ നിയമനം**

238(4021) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 205/2020 കാറ്റഗറി പ്രകാരമുള്ള ദന്തൽ ഹൈജീനിസ്റ്റ് തസ്തികയിൽ അപേക്ഷ ക്ഷണിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് II തസ്തികയിൽ 16-11-2020 തീയതിയിലെ ഗസറ്റ് വിജ്ഞാപനം പ്രകാരമാണ് അപേക്ഷ ക്ഷണിച്ചത്.

(ബി) പ്രസ്തുത കാറ്റഗറിയിൽ പി.എസ്.സി. പരീക്ഷ തീയതി നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കാമോ?

2023-ലെ Tentative Examination Calender-ൽ ടി തസ്തികയുടെ പരീക്ഷയും നിശ്ചയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ്-II തസ്തികയ്ക്ക് നേരിട്ടുള്ള നിയമനത്തിനായി ഒരൊഴിവും, SCCC, OBC വിഭാഗങ്ങൾക്കായുള്ള ഓരോ NCA ഒഴിവുകളും ഉൾപ്പടെ മൂന്ന് ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

**അരൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക**

239(4022) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അരൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക അനുവദിച്ചിട്ടില്ല. പുതിയ തസ്തിക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ ജോലി ചെയ്യുന്ന ഇൻഡസ്ട്രിയൽ ഏരിയയായ അരൂരിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ

ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക അടിയന്തരമായി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

അത്രൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക അനുവദിച്ചിട്ടില്ല. പുതിയ തസ്തിക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ചികിത്സാ പിഴവിനെത്തുടർന്നുള്ള മരണം**

240(4023) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മകൾ ചികിത്സ പിഴവിനെത്തുടർന്ന് മരണപ്പെട്ടത് സംബന്ധിച്ച് കോങ്ങാട് കാക്കറത്ത് വീട്ടിൽ ശ്രീ. ഹരിദാസ് സമർപ്പിച്ച പരാതിയിന്മേൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ടി വിഷയത്തിന്മേലുള്ള അന്വേഷണം നടന്നുവരുന്നു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി

സ്വീകരിക്കുന്നതാണ്.

**വ്യാജ ജനന സർട്ടിഫിക്കറ്റ് നിർമ്മിച്ചവർക്കെതിരെ നടപടി**

241(4024) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ നിന്നും ജനന സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളുടെയും ജനനം 14 ദിവസത്തിനകം തന്നെ ആശുപത്രി സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ, ആശുപത്രി അധികൃതർ സമർപ്പിച്ചു വരുന്നു. ഇതിനായി ആശുപത്രികളിൽ ജനനമരണ രജിസ്ട്രേഷൻ ഹെൽപ് ഡെസ്ക് പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) കളമശ്ശേരി മെഡിക്കൽ കോളേജിൽ വ്യാജ ജനന സർട്ടിഫിക്കറ്റ്

നിർമ്മിച്ച സംഭവത്തിൽ ആരോഗ്യ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി & സി) കളമശ്ശേരി മെഡിക്കൽ കോളേജിലെ വ്യാജ ജനനസർട്ടിഫിക്കറ്റ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ പ്രാഥമിക അന്വേഷണം നടത്തിയ എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, കുറ്റക്കാരനെന്ന് കണ്ടെത്തിയ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. എ. അനിൽകുമാറിനെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ഈ സംഭവത്തിൽ അന്വേഷണം നടത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ ഒരു മൂന്നംഗ അന്വേഷണ സംഘത്തെ നിയോഗിച്ചിരുന്നു. ഈ വിഷയത്തിൽ കുറ്റക്കാരനായ വ്യക്തിയെ സസ്പെൻഡ് ചെയ്ത എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നടപടി തീർത്തും ശരിയാണെന്ന് അന്വേഷണ

സംഘം വിലയിരുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഈ വിഷയത്തിൽ പോലിസ് കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ച് വരുന്നുണ്ട്.

(ഡി) വ്യാജ ജനന സർട്ടിഫിക്കറ്റ് നിർമ്മിക്കുന്നതുപോലെയുള്ള കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജനന സർട്ടിഫിക്കറ്റിന് വേണ്ട അപേക്ഷ തയ്യാറാക്കുമ്പോൾ ആശുപത്രിയിലെ രേഖകളും കുട്ടിയുടെ പിതാവിന്റെയും മാതാവിന്റെയും ആവശ്യമായ രേഖകളും ഒത്തു നോക്കി ഉറപ്പാക്കിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് ജനനം രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ നൽകുന്നത്. ആയത് കർശനമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പിന് കീഴിൽ ഉണ്ടാകുന്ന അനിഷ്ട സംഭവങ്ങളിലും, ജീവനക്കാർക്കെതിരെയുള്ള പരാതികളിലും ചികിത്സാപിഴവ് സംബന്ധിച്ച പരാതികളിലും അന്വേഷണം നടത്തി വരുന്നു. ഗുരുതരവും പ്രാധാന്യവുമുള്ള

വിഷയങ്ങളിൽ വിദഗ്ധ അംഗങ്ങൾ അടങ്ങിയ അന്വേഷണ സംഘത്തെ നിയോഗിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരനെന്ന കണ്ടെത്തുന്നവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉചിത പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

**എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ കോഴ്സ്**
**പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ്**

242(4025) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാലത്ത് ചൈനയിൽ നിന്നും മടങ്ങി വന്ന 2016 ബാച്ച് എം.ബി.ബി.എസ്. വിദ്യാർത്ഥികളിൽ, കോഴ്സ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ സമർപ്പിച്ചവർ എത്ര പേരാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരി കാലത്ത് ചൈനയിൽ നിന്നും മടങ്ങി വന്ന 2016 ബാച്ച് എം.ബി.ബി.എസ് വിദ്യാർത്ഥികളിൽ നിന്നും ആകെ 102 അപേക്ഷകൾ 2020-2023 കാലയളവിൽ കേരള സ്റ്റേറ്റ് മെഡിക്കൽ

കൗൺസിലിൽ ലഭിച്ചിട്ടുണ്ട്.

(ബി) അവർക്ക് സംസ്ഥാനത്ത് ഇന്റേൺഷിപ്പിനുള്ള അവസരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കുകയും തുടർന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും പ്രൊവിഷണൽ രജിസ്ട്രേഷൻ നേടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 08-02-2023-ലെ G.O(Rt)No.305/2023/H&FWD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ പി.പി.ഇ. കിറ്റ്**

243(4026) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ പി.പി.ഇ കിറ്റിന് ടെക്നിക്കൽ ഇവാലുവേഷൻ കമ്മിറ്റി നൽകിയ അംഗീകാരത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതുസംബന്ധിച്ച കമ്മിറ്റിയുടെ മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ & ബി) അനുബന്ധമായി+ ചേർക്കുന്നു.

**ആരോഗ്യ വകുപ്പിലെ വിവിധ ഓഫീസുകളുടെ പ്രവർത്തനം**

244(4027) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ വിവിധ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ ഫയൽ നീക്കം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുതകുന്ന ഇ-ഓഫീസ് സംവിധാനം നിലവിലുണ്ട്. നിലവിൽ ഇ-ഓഫീസ് സംവിധാനമില്ലാത്ത വകുപ്പിന് കീഴിലെ ഓഫീസുകളിൽ ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാരുടെ ജോലി, സമയകൃത്യത ഉറപ്പു വരുത്തുന്നതിനായി വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായും ഫയൽ തീർപ്പാക്കൽ ഊർജിതപ്പെടുത്തുന്നതിനുമായി ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. 2023 വർഷത്തിൽ അത്തരത്തിൽ ഒരു ഫയൽ അദാലത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാസംതോറും സ്റ്റാഫ് മീറ്റിംഗ് നടത്തി ഓഫീസ് പ്രവർത്തനം വിലയിരുത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം നൽകി വരുന്നുണ്ട്. കൂടാതെ, കൃത്യമായ ഇടവേളകളിൽ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധനകൾ നടത്തി ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഒരു ഓഫീസിനെയോ അതിലെ ജീവനക്കാരെ പറ്റിയോ

ലഭിക്കുന്ന പരാതികളിൽ കഴമ്പുണ്ടെന്നു കണ്ടെത്തിയാൽ അവർക്കെതിരെ വിശദമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിച്ചു വരുന്നു. പൊതു ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ട്. പൊതുജനങ്ങൾക്കും ഓഫീസിലെത്തുന്ന മറ്റുള്ളവർക്കും വിവരങ്ങൾ കൃത്യമായും വ്യക്തമായും നൽകുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സ്ഥലമാറ്റ പ്രക്രിയ സ്പാർക്ക് മുഖേന ഓൺലൈനായി മാറ്റിയിട്ടുണ്ട്. എല്ലാത്തരം ജീവനക്കാർക്കും കാറ്റഗറി തിരിച്ച് അവരുടെ ജോലിയുടെ ഗുണനിലവാരം ആനുകാലികമായി പരിഷ്കരിക്കുന്നതിനായി IMG മുഖേന Refreshment Training, വിവിധ വിഷയങ്ങളിൽ Orientation Training പ്രോഗ്രാമുകൾ എന്നിവ നടത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ വകുപ്പുതല ഓഡിറ്റ് നടത്തി ഓഫീസ് പ്രവർത്തനത്തിലെ താളപ്പിഴകൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതുമൂലം ഓഫീസ് പ്രവർത്തനം കൂടുതൽ കുറ്റമറ്റതാകുന്നു. മേൽപ്പറഞ്ഞവ വകുപ്പിലെ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ ഗണ്യമായ പങ്ക് വഹിക്കുന്നു.

(ബി) ഡി.എച്ച്.എസ്.-ൽ ഉൾപ്പെടെ ഫയൽ അദാലത്തുകൾ രണ്ട് മാസത്തിലൊരിക്കൽ നടത്തി പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2022 ജൂൺ മുതൽ സെപ്റ്റംബർ 30 വരെയുള്ള ഫയൽ തീർപ്പാക്കൽ യജ്ഞപ്രകാരം ഡി.എച്ച്.എസ് ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓഫീസുകളിൽ തീർപ്പാക്കാനുണ്ടായിരുന്ന 35955 ഫയലുകളിൽ 23208 (64.55%) ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, ഡി.എച്ച്.എസ് ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓഫീസുകളിൽ ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടും തപാലുകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം വരുന്നതായ ആക്ഷേപം പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ള ഓഫീസുകളിൽ മുൻപത്തേക്കാളും വേഗത്തിൽ തപാലുകൾ കൈകാര്യം ചെയ്യുന്നുണ്ട്.

തപാലുകൾ സ്കാൻ ചെയ്ത് നേരിട്ട് സെക്ഷനിൽ ലഭിക്കുന്നതിനാൽ വളരെ വേഗത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും കഴിയുന്നുണ്ട്. മാത്രമല്ല, ഇ-മെയിൽ മുഖേന ലഭിക്കുന്ന തപാലുകൾ എത്രയും വേഗം ഇ-ഓഫീസിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കാൻ കഴിയുന്നുണ്ട്. ഇ-ഓഫീസ് സംവിധാനത്തിൽ Central Registry Unit (CRU) മുഖേന വിവിധ ഓഫീസുകളിൽ നിന്നുള്ള കത്തുകൾ തപാലാക്കി നേരിട്ട് സ്വീകരിക്കാനും കത്തുകൾ സമാന സംവിധാനത്തിലുള്ള ഓഫീസുകളിലേക്ക് ഓൺലൈനായി അയയ്ക്കാനും കഴിയുന്നതിനാൽ തപാൽ നീക്കത്തിൽ ഗണ്യമായ ഗതിവേഗം കൈവന്നിട്ടുണ്ട്. തപാൽ നീക്കം, ഫയൽ നീക്കം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഈ-ഓഫീസ് സംവിധാനത്തിൽ മേലധികാരികൾക്ക് കാണാൻ കഴിയുന്നതാണ്. അതിനാൽ തന്നെ ഫയൽ നീക്കത്തിന്റെ നിരീക്ഷണം നടത്തുന്നതിനുള്ള വീഴ്ചകൾ കാണുന്നപക്ഷം തിരുത്തൽ നടപടികൾ സ്വീകരിച്ച് അവ പരിഹരിക്കുന്നതിനുമുള്ള അവസരമുണ്ട്. ഓരോ മാസവും ഓഫീസ് മേധാവി തന്റെ കീഴിലുള്ള ജീവനക്കാരുടെ ഫയൽ നീക്കം സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച്

ആയതിൽ കുറവുകൾ കണ്ടെത്തുന്ന പക്ഷം ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അനുവദിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്

245(4028) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.ഒ.(ആർടി)നം.838/2020/എച്ച്&എഫ്ഡബ്ല്യൂഡി തീയതി 07-05-2020 പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അനുവദിച്ച 73.96 കോടി രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ; അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത വിതരണ ഉത്തരവുകളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് കണ്ടെത്തിയത്.

**<u>വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം</u>**

246 (4029) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ആരോഗ്യ വകുപ്പിൽ നിന്നുള്ള ധനസഹായത്തിന് ശ്രീ. റോഷൻ മാത്യു, കമുകും പാറയിൽ വീട്, ഉഴവൂർ ഈസ്റ്റ് പി.ഒ., മീനച്ചൽ, കോട്ടയം എന്ന വ്യക്തി ആരോഗ്യ വകുപ്പുമന്ത്രിക്ക് 29-11-2021-ന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. റോഷൻ മാത്യു വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകുകയും ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (AB PM-JAY-KASP) കീഴിൽ എൻറോൾ ചെയ്യുന്നതിന് RSBY/CHIS-ന് കീഴിൽ ടിയാന്റെ കുടുംബത്തിന്റെ ഒരു ഡാറ്റയും കണ്ടെത്താത്തതിനാൽ AB PM-JAY-KASP വിഭാഗങ്ങളിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിനു താഴെ ആണെങ്കിൽ

'കാരുണ്യ ബെനവലന്റ് ഫണ്ട്' പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകാവുന്നതാണെന്നും, ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ആജീവനാന്തം ചികിത്സ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ) കുടുംബത്തിനു മുഴുവനായി ലഭിക്കുന്നതാണെന്നും പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ വഴി ആയത് നൽകിവരുന്നുവെന്നുമുള്ള വിവരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കത്ത് മുഖേന അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം ശസ്ത്രക്രിയകൾക്ക് ആരോഗ്യ വകുപ്പ് എന്തെല്ലാം സഹായമാണ് രോഗികൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

ആയുഷ്മാൻ ഭാരത് പ്രധാന മന്ത്രി ജൻ ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ഗുണഭോക്താക്കൾക്ക് പ്രസ്തുത ശസ്ത്രക്രിയ പദ്ധതിയിൻ കീഴിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള (പ്രസ്തുത ചികിത്സ നൽകുന്ന) ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാണ്. പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള (സർക്കാർ ജീവനക്കാരുടെ ആശ്രിതർ/

ആദായനികുതി ദായകർ എന്നിവർ ഒഴികെ) കുട്ടികൾക്ക് ആരോഗ്യകിരണം പദ്ധതി പ്രകാരം പ്രസ്തുത ശസ്ത്രക്രിയാ സേവനം സൗജന്യമായി സർക്കാർ ആശുപത്രികളിൽനിന്നും ലഭ്യമാണ്. കൂടാതെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞുള്ള ഒരു വർഷം വരെയുള്ള മരുന്നുകളും പദ്ധതിയിൽ നൽകി വരുന്നു.

(സി) പ്രസ്തുത അപേക്ഷ പരിഗണിച്ചിട്ടില്ലെങ്കിൽ ശിപാർശ ചെയ്ത എം.എൽ.എ.-യ്ക്ക് മറുപടി നൽകിയിട്ടുണ്ടോ; അപേക്ഷകനെ വിവരം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്ന് അപേക്ഷകന് മറുപടി നൽകിയിട്ടുണ്ട്.

**മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഗവേഷണ പുരസ്കാരം**

247 (4030) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം പരിഗണിച്ച് ഈ രംഗത്ത് പുരസ്കാരം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഗവേഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഗവേഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് (SBMR)-ന്റ കീഴിലായി സംസ്ഥാന തല ഓഫീസ് സജ്ജമാക്കുന്നതിനായുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ സാമ്പത്തിക വർഷം തന്നെ തിരുവനന്തപുരം ജനറൽ ആശുപത്രി കാമ്പസിലുള്ള അപെക്സ് ട്രോമാ & എമർജൻസി ലേർണിംഗ് സെൻറർ (ATELC) കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സന്നദ്ധ സംഘടനകൾക്ക് ഈ മേഖലയിൽ എന്തെങ്കിലും സംഭാവനകൾ നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സന്നദ്ധ സംഘടനകൾക്ക് ഗവേഷണരംഗത്ത് ഏറെ സംഭാവനകൾ

നൽകാൻ സാധിക്കും. ഗവേഷണത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള വിഷയങ്ങൾ കണ്ടെത്താനും, ആശുപത്രി, കമ്യൂണിറ്റി തലത്തിൽ പഠനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സാധിക്കും. ഡാറ്റാ മാനേജ്മെന്റിന്റെ വിവിധ തലങ്ങളിൽ (ഡാറ്റാ ശേഖരണം, ഡാറ്റാ എൻട്രി, അനാലിസിസ് എന്നിവ) സന്നദ്ധ സംഘടനകൾക്ക് സഹായിക്കാൻ സാധിക്കും. സ്റ്റാറ്റിസ്റ്റിക്സ്, ഗവേഷണ പ്രബന്ധങ്ങൾ എഴുതാനുള്ള സാങ്കേതിക സഹായം, ഗവേഷണത്തിനായുള്ള ഫണ്ടിംഗ് എന്നിവയിലും സന്നദ്ധ സംഘടനകൾക്ക് സഹായം നൽകാൻ കഴിയും.

**ഉപയോഗശൂന്യമായ വാഹനങ്ങൾ**

248(4031) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ എത്ര വാഹനങ്ങളാണ് വിവിധ സ്ഥലങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്നതെന്നും ഏതെല്ലാം വാഹനങ്ങൾ എത്ര നാളായി ഉപയോഗശൂന്യമായി കിടക്കുന്നുവെന്നും അറിയിക്കാമോ?

ആരോഗ്യവകുപ്പിന്റെ കീഴിൽ നിലവിൽ 252-ഓളം വാഹനങ്ങൾ വിവിധ സ്ഥലങ്ങളിലായി ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നു. ആയതിൽ six wheeler, four wheeler, two wheeler എന്നിവ ഉൾപ്പെടുന്നു.

(ബി) ഇവ യഥാസമയം നടപടികൾ പൂർത്തിയാക്കി ലേലം ചെയ്ത് നൽകാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി & സി) 26-12-2022-ലെ സ.ഉ.(സാധാ) നം.3012/2022/H&FWD പ്രകാരം 45 വാഹനങ്ങൾ ഗർഹണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഉപയോഗശൂന്യമായ മറ്റ് വാഹനങ്ങൾ ഗർഹണം ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**എൻ-95 മാസ്ക് വാങ്ങിയതിന് തുക നൽകിയ നടപടി**

249(4032) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആൻഡ് എക്വിപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യിൽ നിന്നും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എൻ-95 മാസ്ക് വാങ്ങിയതിന് ആരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകിയതെന്ന വിവരം നൽകാമോ?

സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആൻഡ് എക്വിപ്മെന്റ് ട്രേഡിംഗ് എന്ന സ്ഥാപനത്തിന്റെ ഉടമയുടെ അപേക്ഷ പ്രകാരം ഉടമയുടെ കേരളത്തിലെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആൻഡ് എക്വിപ്മെന്റ് ട്രേഡിംഗ് എന്ന സ്ഥാപനത്തിന്റെ ഉടമയുടെ അപേക്ഷ പ്രകാരം ഉടമയുടെ കേരളത്തിലെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത്.

**ഇ-ഓഫീസ് സംവിധാനം**

250(4033) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഫീസിൽ പൂർണ്ണ തോതിൽ ഇ-ഓഫീസ് സംവിധാനം എപ്പോൾ മുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

(എ-സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 2022 ജൂലൈ 27 മുതൽ ഇ-ഓഫീസ് സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ട്. ഈ കാര്യാലയത്തിലെ എല്ലാ സെക്ഷനുകളിലും ഇ-ഓഫീസ് മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്.

**ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി**

251(4034) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ നിലവിലുള്ള ഹോസ്പിറ്റൽ ഡെവലപ്‌മെന്റ് സൊസൈറ്റി നിലവിൽ വന്ന തീയതി അറിയിക്കാമോ; പ്രസ്തുത സൊസൈറ്റിയിലെ ആകെയുള്ള അംഗങ്ങളുടെ പേരുവിവരം, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഏത് പാർട്ടിയുടെ നോമിനി എന്നിവ വ്യക്തമാക്കാമോ?

- ഹോസ്പിറ്റൽ ഡെവലപ്‌മെന്റ് സൊസൈറ്റി നിലവിൽ വന്ന തീയതി- 12/07/1995.
- 2022-ൽ നിലവിൽ വന്ന എക്സിക്യൂട്ടീവ്/ജനറൽ ബോഡി കമ്മിറ്റി ഔദ്യോഗിക അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിലുള്ള എച്ച്.ഡി.എസ്. കമ്മിറ്റി രൂപീകരിച്ചതിനുശേഷം നാളിതുവരെ ഏതൊക്കെ തീയതികളിൽ എത്ര മീറ്റിംഗുകൾ നടന്നിട്ടുണ്ടെന്നും പ്രസ്തുത മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് ആർക്കൊക്കെയാണ് അറിയിപ്പ് നൽകിയിട്ടുള്ളതെന്നും മീറ്റിംഗുകളിൽ ആരൊക്കെ പങ്കെടുത്തുവെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കുമോ;

(സി) ഇപ്രകാരം നടന്നിട്ടുള്ള ഓരോ മീറ്റിംഗുകളുടെയും മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി & സി) എച്ച്.ഡി.എസ്. ജനറൽ ബോഡി കമ്മിറ്റി പുതുതായി രൂപീകരിച്ചതിനുശേഷം 21-03-2022-ൽ ഒരു തവണ മീറ്റിംഗ് നടത്തിയിട്ടുണ്ട്. എല്ലാ അംഗങ്ങൾക്കും സർക്കാർ ഉത്തരവുപ്രകാരമുള്ള ഔദ്യോഗിക അംഗങ്ങൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. മീറ്റിംഗിൽ പങ്കെടുത്തവരുടെ വിശദ വിവരം ഉൾക്കൊള്ളുന്ന മിനുട്സിന്റെ പകർപ്പുകൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ഡി) നിലവിലുള്ള എച്ച്.ഡി.എസ്. മുഖേന മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഏതെങ്കിലും തസ്തികകളിലേക്ക് നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിലേക്കാണ് നിയമനം നടത്തിയതെന്ന് അറിയിക്കാമോ;

(ഇ) നിയമനം ലഭിച്ചവരുടെ പേരുവിവരം, തസ്തിക, വേതനം എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത നിയമനത്തിന് ഇന്റർവ്യൂ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തിയതും നിയമനം അംഗീകരിച്ചതും ആരെല്ലാമാണെന്നും വ്യക്തമാക്കുമോ?

(ഡി & ഇ) നിലവിലുള്ള എച്ച്.ഡി.എസ്. ജനറൽ ബോഡി കമ്മിറ്റിമുഖേന ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ പുതുതായി രണ്ട് എൻഡോസ്കോപ്പി ടെക്നീഷ്യന്മാരേയും ഒരു സയന്റിഫിക് അസിസ്റ്റന്റിനെ സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി വിഭാഗത്തിലും നിയമിക്കുവാൻ 21-03-2022 തീയതിയിലെ യോഗത്തിൽ തീരുമാനിക്കുകയും ആയത് പ്രകാരം അപേക്ഷ ക്ഷണിച്ച് നിശ്ചിതയോഗ്യതയും മറ്റും ഉള്ളവരിൽ നിന്നും അഭിമുഖം (ഇന്റർവ്യൂ) നടത്തി നിയമനാധികാരിയായ ആശുപത്രി സൂപ്രണ്ടിന്റെ അംഗീകാരത്തോടെ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ആശുപത്രി സുപ്രണ്ടിനെ കൂടാതെ ബന്ധപ്പെട്ട വകുപ്പ് മേധാവി, ഫാക്കൽറ്റി അംഗങ്ങൾ, എച്ച്.ഡി.എസ് ഓഫീസ് സുപ്രണ്ട് എന്നിവർ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നുണ്ട്.

(എഫ്) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ ബൈലായുടെ പകർപ്പ്

ലഭ്യമാക്കുമോ?

എച്ച്.ഡി.എസ് ബൈലായുടെ പകർപ്പ് അനുബന്ധമായി+ ഉൾക്കൊള്ളിച്ചിട്ടുണ്ട് .

**സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ**

252(4035) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന് ഗവേഷണ പ്രവർത്തനങ്ങൾക്കായി നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും നാളിതുവരെ എത്ര ഫണ്ട് ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) ഗവേഷണത്തിന് ലഭിച്ച ഫണ്ടിൽ എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള വിശദാംശം നൽകാമോ?

(എ & ബി) സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ ഗവേഷണ പ്രവർത്തനങ്ങൾക്കായി നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും ലഭിച്ച ഫണ്ടിന്റെ വർഷം തിരിച്ചുള്ള വരവ് ചെലവ് വിശദാംശങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി+ ചേർക്കുന്നു.

## സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആൻഡ് എക്വിപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.

253(4036) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആൻഡ് എക്വിപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.യിൽ നിന്നും എൻ 95 മാസ്ക് വാങ്ങിയ നടപടിയിൽ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ടി.ഡി.എസ്. ഈടാക്കിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

(ബി) ടി.ഡി.എസ്. ഈടാക്കിയിട്ടില്ലയെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരുന്നില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാസ്റ്റേഴ്സ് ഓഫ് പബ്ലിക് ഹെൽത്ത് കോഴ്സ് ചെയ്യുന്നതിന് സ്പോൺസർ ചെയ്ത നടപടി

254(4037) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുൻ ജനറൽ മാനേജരെ ശ്രീചിത്രയിൽ മാസ്റ്റേഴ്സ് ഓഫ് പബ്ലിക് ഹെൽത്ത് (എം.പി.എച്ച്.) കോഴ്സ് ചെയ്യുന്നതിന് സ്പോൺസർ ചെയ്തിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിനായി എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

2,000,00/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) ട്യൂഷൻ ഫീ ഇനത്തിൽ NHM സ്പോൺസർഷിപ്പിൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത വ്യക്തിയെ ഏത് മാനദണ്ഡ പ്രകാരമാണ് സ്പോൺസർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നതിന് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

ഇന്ത്യാ ഗവൺമെന്റിന്റെ 09-05-2019-ലെ Z.28015/5/2019-NHM -1 കത്ത് പ്രകാരമാണ് സ്പോൺസർ ചെയ്തിട്ടുള്ളത്.

(ഡി) പ്രസ്തുത വ്യക്തിയെ തെരെഞ്ഞെടുക്കുന്നതിന് മറ്റ് ശിപാർശകൾ എന്തെങ്കിലും ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഈ വ്യക്തിയെ തെരെഞ്ഞെടുത്തതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; തെരെഞ്ഞെടുപ്പ് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(ഡി & ഇ) പ്രസ്തുത വ്യക്തിയെ തെരെഞ്ഞെടുക്കുന്നതിന് മറ്റ് ശിപാർശകളില്ല. ഇന്ത്യാ ഗവൺമെന്റിന്റെ 09-05-2019-ലെ Z.28015/5/2019-NHM-1 കത്ത് പ്രകാരമാണ് ഡോക്ടറെ ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. എൻട്രൻസ് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും പശ്ചാത്തലത്തിലാണ് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ടിയാനെ തിരഞ്ഞെടുത്തിട്ടുള്ളത്.

**മെഡിക്കൽ സർവീസസ് കോർപ്പറേഷന് അനുവദിച്ച തുക**

255(4038) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

07-05-2020-ലെ സ.ഉ.(സാധാ) നം. 838/2020/എച്ച് & എഫ്.ഡബ്ല്യൂ.ഡി. പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അനുവദിച്ച 73.96 കോടി രൂപ സർക്കാർ എന്നാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത തുകയ്ക്ക് കെ.എം.എസ്.സി.എൽ-ൽ നിന്നും നൽകിയ വിതരണോത്തരവുകളുടെ എക്സ് പോസ്റ്റ് ഫാക്ടോ സാംഗ്ഷനായി അനുമതി നൽകിയ (Ex post facto sanction) ഉത്തരവാണ് 07-05-2020-ൽ പുറപ്പെടുവിച്ച G.O.(Rt)No.838/2020/H&FWD. പ്രസ്തുത ആവശ്യങ്ങൾക്കുള്ള തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വേണ്ടി വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് കണ്ടെത്തിയത്.

**കേരള മെഡിക്കൽ സർവീസസ് കോർപറേഷന് അനുവദിച്ച തുക**

256(4039) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള മെഡിക്കൽ സർവീസസ് കോർപറേഷന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും അനുവദിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നടപടി സ്വീകരിച്ചു വരുന്നു.

**എൻ 95 മാസ്ക് വാങ്ങിയ നടപടി**

257(4040) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡ് സർജ് എന്ന സ്ഥാപനത്തിൽ നിന്നും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എൻ 95 മാസ്ക് വാങ്ങിയിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ നോട്ട് ഫയൽ ലഭ്യമാക്കാമോ;

(സി) മെഡ് സർജ് എന്ന സ്ഥാപനം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(ബി & സി) അനുബന്ധമായി+ ചേർക്കുന്നു

(ഡി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) മെഡ് സർജ് എന്ന സ്ഥാപനം ഏതൊക്കെ ദിവസങ്ങളിൽ എത്ര മാസ്ക്കുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയെന്ന വിവരം ലഭ്യമാക്കാമോ?

(ഡി & ഇ) ബാധകമല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും വാങ്ങിയ പി.പി.ഇ. കിറ്റ്

258(4041) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങിയ ഇനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സമർപ്പിച്ച ബി3/130/2020-ഹെൽത്ത് നമ്പർ ഫയലിൽ അമ്പതിനായിരം പി.പി.ഇ. കിറ്റ് 7.5 കോടി രൂപയ്ക്ക് വാങ്ങുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ?

കോവിഡ് വ്യാപനം രൂക്ഷമാകുമെന്ന് വിലയിരുത്തി കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭരിക്കുന്നതുൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ അനിവാര്യമായിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കെ.എം.എസ്.സി.എൽ 24-03-2020 മുതൽ 04-04-2020 വരെ നടത്തിയ പ്രതിരോധ സാമഗ്രികളുടെ സംഭരണ നടപടി സ.ഉ.(സാധാ)നം.

838/2020/ആ.കു.വ തീയതി 07-05-2020 പ്രകാരം സർക്കാർ സാധൂകരിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പർച്ചേസുകൾ കെ.എം.എസ്.സി.എൽ നേരിട്ടാണ് നടത്തിയിട്ടുള്ളത്. ആയതിൽ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് എന്ന കമ്പനിക്ക് 50,000 പി.പി.ഇ കിറ്റ് വാങ്ങുന്നതിന് 25-03-2020-ൽ കെ.എം.എസ്.സി.എൽ നൽകിയ 7.5 കോടി രൂപയുടെ പർച്ചേസ് ഓർഡറും ഉൾപ്പെടുന്നു.

(ബി) പ്രസ്തുത തുക എങ്ങനെ വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ; തുക വിനിയോഗിച്ചത് സംബന്ധിച്ച ബില്ലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

25-03-2020-ൽ 50,000 എണ്ണം പി.പി.ഇ കിറ്റുകൾക്കാണ് എച്ച്.എൽ.എൽ-ന് 10461 നമ്പർ വിതരണോത്തരവ് കെ.എം.എസ്.സി.എൽ നൽകിയിരുന്നത്. അതിൻ പ്രകാരം ആകെ 1,500 എണ്ണം പി.പി.ഇ കിറ്റുകൾ മാത്രമാണ് കെ.എം.എസ്.സി.എൽ വാങ്ങിയത്. ബില്ലിന്റെ പകർപ്പ്അനുബന്ധമായി+ ചേർക്കുന്നു.

**എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും**
**എൻ-95 മാസ്ക് വാങ്ങിയ നടപടി**

259(4042) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും എൻ-95 മാസ്ക് വാങ്ങിയ ഇനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ അംഗീകാരത്തിനായി സമർപ്പിച്ച ബി3/130/2020-ഹെൽത്ത് നമ്പർ ഫയലിൽ സർക്കാർ ഒരു ലക്ഷം എൻ-95 മാസ്കിനായി 1.8 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ടോ;

കോവിഡ് വ്യാപനം രൂക്ഷമാകുമെന്ന് വിലയിരുത്തി കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭരിക്കുന്നതുൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ അനിവാര്യമായിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കെ.എം.എസ്.സി.എൽ 24-03-2020 മുതൽ 04-04-2020 വരെ നടത്തിയ പ്രതിരോധ സാമഗ്രികളുടെ സംഭരണ നടപടി സ.ഉ. (സാധാ)നം.838/2020/ആ.കു.വ തീയതി 07-05-2020 പ്രകാരം സർക്കാർ സാധൂകരിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പർച്ചേസുകൾ കെ.എം.എസ്.സി.എൽ നേരിട്ടാണ് നടത്തിയിട്ടുള്ളത്. ആയതിൽ എച്ച്.എൽ.എൽ. ലൈഫ് കെയർ

ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് ഒരു ലക്ഷം N-95 മാസ്ക് വാങ്ങുന്നതിന് 25-03-2020-ന് കെ.എം.എസ്.സി.എൽ നൽകിയ 1.8 കോടി രൂപയുടെ പർച്ചേസ് ഓർഡറും ഉൾപ്പെടുന്നു.

(ബി) എങ്കിൽ പ്രസ്തുത തുക എങ്ങനെ വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ; തുക വിനിയോഗിച്ചത് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

25-03-2020-ൽ 1,00,000 എണ്ണം എൻ-95 മാസ്കുകൾക്കാണ് എച്ച്.എൽ.എൽ-ന് 10461 നമ്പർ വിതരണോത്തരവ് നൽകിയിരുന്നത്. അതിൻ പ്രകാരം ആകെ 29,820 എണ്ണം എൻ-95 മാസ്കുകൾ മാത്രമാണ് കെ.എം.എസ്.സി.എൽ വാങ്ങിയത്. ബില്ലിന്റെ പകർപ്പ്അനുബന്ധമായി+ ചേർക്കുന്നു.

### കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

260(4043) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചുയെന്ന വിവരം തീയതി അടിസ്ഥാനത്തിൽ നൽകാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 14-02-2020-ലെ G.O(Rt)No. 321/2020/DMD നമ്പർ സർക്കാർ ഉത്തരവുപ്രകാരം 7,18,77,225/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവദിച്ചിരുന്നു.

(ബി) ഇതിൽ എത്ര തുകയ്ക്ക് ആരോഗ്യ വകുപ്പ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയെന്ന് വ്യക്തമാക്കാമോ?

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു.

### എൻ 95 മാസ്ക് വാങ്ങിയ നടപടി

261 (4044) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - വനിത - ശിശുവികസന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) വിമൽ ഫയർ കൺട്രോൾസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എൻ 95 മാസ്ക് വാങ്ങിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ നോട്ട് ഫയൽ ലഭ്യമാക്കാമോ;

(സി) വിമൽ ഫയർ കൺട്രോൾസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(ബി & സി) അനുബന്ധമായി ചേർക്കുന്നു+.

(ഡി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പർച്ചേസ് സംബന്ധിച്ച ബില്ലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) വിമൽ ഫയർ കൺട്രോൾസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഏതൊക്കെ ദിവസങ്ങളിൽ എത്ര മാസ്ക്കുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകി എന്ന വിവരം ലഭ്യമാക്കാമോ?

വിമൽ ഫയർ കൺട്രോൾസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 01-04-2020-ന് 18880 N-95 മാസ്കുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് വിതരണം ചെയ്തിരുന്നു.

**കെമിക്കൽ എക്സാമിനേഷൻ ലാബുകളുടെ പ്രവർത്തനം**

262(4045) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെമിക്കൽ എക്സാമിനേഷൻ ലാബുകളുടെ പ്രവർത്തനവും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചും സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സാംപിളുകൾ സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട്

നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) കോടതി വ്യവഹാരങ്ങളിന്മേൽ അടിയന്തര തീർപ്പ് കൽപ്പിക്കുന്നതിനായി നിലവിലുള്ള ലബോറട്ടറികളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പുതിയ ലാബുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ - സി) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തി വിശദമായ പഠനം നടത്തുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള പഠന സംഘം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് മേധാവിയുമായി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നോഡൽ ഓഫീസറായും രണ്ട് മുൻ ചീഫ് കെമിക്കൽ എക്സാമിനർമാരെ ടെക്നിക്കൽ എക്സ്പെർട്ടുമാരായും നിർദ്ദേശിച്ചിട്ടുണ്ട്.

**സ്ത്രീധന നിരോധന ചട്ടം പരിഷ്കരിക്കുന്നതിന് നടപടി**

263(4046) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന നിരോധന ചട്ടം നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന ചട്ടം നിലവിൽ വന്നത് 07-07-2004 ലെ സ.ഉ(പി)നം.47/2004/എസ്.ഡബ്ല്യു.ഡി പ്രകാരമാണ്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത ചട്ടം പരിഷ്കരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചട്ടം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം മാറ്റങ്ങളാണ് വകുപ്പുതലത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി & സി) സ്ത്രീധന നിരോധന നിയമം സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരളാ സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി വനിതാ ശിശുവികസന ഡയറക്ടറെ ചീഫ് ഡൗറി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊഹിബിഷൻ ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം, 1961 പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് 2004-ലെ കേരള സ്ത്രീധന നിരോധന ചട്ടങ്ങളുടെ ഖണ്ഡം 6, ഉപഖണ്ഡം (IV)-ഉം 2021-ലെ കേരള സ്ത്രീധന നിരോധന ഭേദഗതി ചട്ടങ്ങളുടെ ഖണ്ഡം 2, ഉപഖണ്ഡം (1)-ഉം പ്രകാരം ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനറായും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കാലാവധി 5 വർഷമായി നിജപ്പെടുത്തിക്കൊണ്ട് ജില്ലാ അഡ്വൈസറി ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനും സ്ത്രീധന നിരോധന ഓഫീസറെ പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനുമായി 60 അംഗീകൃത ക്ഷേമസ്ഥാപനങ്ങൾ/ സംഘടനകൾക്ക് 1961-ലെ സ്ത്രീധന നിരോധന നിയമത്തിലെ സെക്ഷൻ 7

ഖണ്ഡം (b) ഉപഖണ്ഡം (ii) പ്രകാരവും 2004 -ലെ സ്ത്രീധന നിരോധന ചട്ടങ്ങൾ 9 (1) പ്രകാരവും 5 വർഷ കാലയളവിലേക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനുവേണ്ടി, താൻ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം വിവാഹിതനാകുന്ന സർക്കാർ ജീവനക്കാരനിൽനിന്നും വാങ്ങി റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് സ്കൂൾ തലം മുതൽ ബോധവൽക്കരണം നടത്തുന്നതിന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വനിതാ ശിശുവികസനവകുപ്പ് മുഖേന സ്കൂൾതലം മുതൽ സ്ത്രീധന നിരോധനം സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന് സ്ത്രീധന നിരോധന ചട്ടത്തിൽ വ്യവസ്ഥ ചെയ്യാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

**ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ബോധവൽക്കരണ പരിപാടി**

264(4047) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികൾ, വിവിധയിനം ജലജന്യ രോഗങ്ങൾ എന്നിവ മൂലവും വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയുടെ കുറവുമൂലവും വർദ്ധിച്ചുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഫാമിലി ഹെൽത്ത് സെന്ററുകൾ വഴി ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി ഫാമിലി ഹെൽത്ത് സെന്ററുകളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ വിവിധ മാർഗ്ഗങ്ങളിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

ആശാ പ്രവർത്തകർ, ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ എന്നീ ഫീൽഡ് വിഭാഗം ജീവനക്കാർ ഭവന സന്ദർശനം നടത്തി പകർച്ചവ്യാധികൾ, ജലജന്യരോഗങ്ങൾ എന്നിവയെക്കുറിച്ചും വ്യക്തി ശുചിത്വം, പരിസര

ശുചിത്വം, ആഹാര ശുചിത്വം തുടങ്ങിയവയുടെ ആവശ്യകതയെക്കുറിച്ചും ബോധവൽക്കരണ സന്ദേശങ്ങളും ജാഗ്രതാ നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്.

സബ് സെന്ററുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ നടത്തുകയും പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തുവരുന്നു. അങ്കണവാടികളിൽ മദേർസ് മീറ്റിംഗുകളും കൗമാര പ്രായക്കാർക്കുള്ള ബോധവൽക്കരണ ക്ലാസുകളും നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ആരോഗ്യ സന്ദേശങ്ങൾ യഥാസമയം നൽകുകയും പ്രതിജ്ഞ ചൊല്ലൽ, ക്വിസ്, ഉപന്യാസ രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. ഇതോടൊപ്പം നോട്ടീസുകൾ, പോസ്റ്ററുകൾ, ബാനറുകൾ, ഡിസ്പ്ലേ ബോർഡുകൾ എന്നിവയും പ്രദർശിപ്പിച്ച് വരുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉറപ്പുവരുത്തി യോഗങ്ങൾ ചേരുകയും ദിനാചരണങ്ങൾ, റാലികൾ, സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ

പൊതുജന പങ്കാളിത്തത്തോടെ നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ ഉപയോഗപ്പെടുത്തി സമൂഹത്തിലെ രോഗ വിവരങ്ങൾ ശേഖരിക്കുന്നതിനും അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (ജെ.പി.എച്ച്.എൻ) വിവര ശേഖരണം നടത്തുകയും അവ RCH Portal, HMIS എന്നീ സോഫ്റ്റ്വെയറുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. പ്രസ്തുത വിവരങ്ങൾ വിവിധതലത്തിൽ നടത്തുന്ന യോഗങ്ങളിൽ അവലോകനം ചെയ്ത് അതത് പ്രദേശങ്ങളിൽ ആവശ്യമായ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നു. ഇതുകൂടാതെ ജെ.പി.എച്ച്.എൻ ഗർഭിണികളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള വിവര ശേഖരണവും യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം പ്രകാരമുള്ള വാക്സിനേഷൻ വിവരങ്ങളും ഫാമിലി പ്ലാനിംഗ് സംബന്ധിച്ച വിവരങ്ങളും മറ്റ് ഹെൽത്ത് പ്രോഗ്രാം സംബന്ധിച്ച വിവരങ്ങളും ശേഖരിക്കുന്നു. ഇതുകൂടാതെ അമ്മമാർക്കും

കുഞ്ഞുങ്ങൾക്കും ആവശ്യമായ വിവരങ്ങൾ ജെ.പി.എച്ച്.എൻ നൽകുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം സംയോജിത രോഗ നിരീക്ഷണ പരിപാടിയുടെ ഭാഗമായി (IDSP) രോഗ ലക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നിരീക്ഷണ പ്രവർത്തനങ്ങളും സബ് സെന്റർ കേന്ദ്രീകരിച്ച് ജെ.പി.എച്ച്.എൻ.-മാർ നടത്തി വരുന്നു. കൂടാതെ കുട്ടികളിലെ വയറിളക്ക രോഗങ്ങൾ, പ്രതിരോധ കുത്തിവെയ്പുകൾ മൂലം തടയുവാൻ കഴിയുന്ന രോഗങ്ങൾ എന്നിവയുടെ നിരീക്ഷണവും നിയന്ത്രണവും സംബന്ധിച്ച വിവരശേഖരണവും (VPD Surveillance) ജെ.പി.എച്ച്.എൻ.-മാർ നടത്തിവരുന്നുണ്ട്. ഇതുസംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളിലും ജെ.എച്ച്.ഐ.-മാരോടൊപ്പം ഇവരും പങ്കാളികളാകുന്നുണ്ട്.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ബോധവൽക്കരണ സാമഗ്രികൾ (പോസ്റ്റർ, ബോർഡ്, ഐ.ഇ.സി കോർണർ) ഫാമിലി ഹെൽത്ത് സെന്ററുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഒ.പി വെയ്റ്റിംഗ് ഏര്യായിലുള്ള ടി.വി.-യിലൂടെ വിവിധ ആരോഗ്യ

സന്ദേശങ്ങളടങ്ങിയ വീഡിയോകളുടെ പ്രദർശനവും നടന്നുവരുന്നുണ്ട്.

**മെഡിക്കൽ കോളേജുകളിലെ ടീച്ചിംഗ് സ്റ്റാഫ്**

265(4048) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ടീച്ചിംഗ് സ്റ്റാഫിന്റെ കുറവുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ വിദ്യാർത്ഥികൾക്ക് ആനുപാതികമായ ടീച്ചിംഗ് സ്റ്റാഫ് എല്ലാ മെഡിക്കൽ കോളേജുകളിലും ഉണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി)നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡമനുസരിച്ച് മെഡിക്കൽ കോളേജുകളിൽ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ചില കോടതി വ്യവഹാരങ്ങൾ പ്രകാരം എൻട്രി കേഡർ വിഭാഗമായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കും ആയതിന്റെ പ്രൊമോഷൻ പോസ്റ്റായ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും നിയമനം നടത്തുന്നതിന് തടസ്സം നേരിടുന്നുണ്ട്. എങ്കിലും എൻ.എം.സി

മാനദണ്ഡം പാലിക്കുന്നതിനും രോഗീപരിചരണത്തിനും ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനുമായി വിവിധ വിഭാഗങ്ങളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. കൂടാതെ ടീച്ചിംഗ് വേക്കൻസിയുള്ള വിഭാഗങ്ങളിൽ സീനിയർ റസിഡന്റിനെ കൂടാതെ കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ നിയോഗിച്ച് ടീച്ചിംഗ് സ്റ്റാഫിന്റെ കുറവ് പരിഹരിച്ചുവരുന്നു. വിവിധ മെഡിക്കൽ കോളേജുകളിലായി 291 ടീച്ചിംഗ്/നോൺ ടീച്ചിംഗ് തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**

266 (4049) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണതോതിൽ സജ്ജമാക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നുണ്ട്. ഹോസ്പിറ്റൽ ബ്ലോക്കിന്റെ മെക്കാനിക്കൽ ഇലക്ട്രിക്കൽ പ്ലംബിംഗ് ജോലികൾക്കായി 23.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം പൂർത്തിയാകുന്നതോടെ മെഡിക്കൽ കോളേജിൽ ഐ.പി പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. കൂടാതെ റസിഡൻഷ്യൽ സൗകര്യങ്ങളുടെ നിർമ്മാണം, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 06-08-2021-ലെ GO(Rt)No. 1689/2021/H&FWD ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ പ്രതിദിനം എത്ര ഐ.പി./ ഒ.പി. രോഗികളുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി വിഭാഗത്തിൽ പ്രതിദിനം 150-തോളം രോഗികൾ ചികിത്സയ്ക്കായെത്തുന്നുണ്ട്.

**പുളിയം പറമ്പ് സബ്സെന്റർ ആരംഭിക്കാൻ നടപടി**

267(4050) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് കീഴിൽ പുളിയം പറമ്പ് സബ്സെന്റർ അനുവദിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് കീഴിൽ പുതുതായി സബ് സെന്ററുകൾ ആരംഭിക്കുന്നതിനായി മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ പുളിയം പറമ്പ് സബ് സെന്ററും ഉൾപ്പെടുന്നുണ്ട്. നിലവിൽ ഈ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ ശിപാർശ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലുകൾ

ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി**

268(4051) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിന് നടപടി**

269(4052) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ തടയുന്നതിന് ആയുർവേദത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ തടയുന്നതിന് ആയുർവേദത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ആയുഷ് വകുപ്പിന്റെ കീഴിലുള്ള ഭാരതീയ ചികിത്സാ വകുപ്പും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ദേശീയ ആയുഷ് മിഷനും സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ തലം മുതൽ ബോധവത്കരണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആയുർവേദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ തലം മുതൽ ബോധവത്കരണം നടത്തുന്നതിനായി ആയുഷ് വകുപ്പിന്റെ കീഴിലുള്ള ഭാരതീയ ചികിത്സാ വകുപ്പും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയ ആയുഷ് മിഷനും സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

**മഞ്ചേശ്വരം താലൂക്കിൽ ആയുർവേദ ആശുപത്രി**

270 (4053) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ ആയുർവേദ ആശുപത്രിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് താലൂക്ക് ആയുർവേദ ആശുപത്രി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പിൽനിന്നും സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തിക സ്ഥിതിയുംകൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സംസ്ഥാനത്തെ യുനാനി ആശുപത്രികൾ**

271 (4054) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര യുനാനി ആശുപത്രികൾ നിലവിലുണ്ടെന്നും അവ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ എന്തൊക്കെ ചികിത്സ സൗകര്യങ്ങളാണ് നിലവിലുള്ളതെന്നും പുതുതായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

(എ&ബി) ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ യുനാനി ആശുപത്രികൾ നിലവിലില്ല. കാസർഗോഡ് ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു യുനാനി ഡിസ്പെൻസറി മൊഗ്രാലിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ നാഷണൽ ഹെൽത്ത് മിഷന്റെ(NHM) ഫണ്ടിംഗോടുകൂടിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സഹായത്തോടെയും പ്രവർത്തിക്കുന്ന 15 യുനാനി ഡിസ്പെൻസറികളും നാഷണൽ ആയുഷ് മിഷന്റെ (NAM) പിന്തുണയോടെ 4 യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാലിൽ സ്ഥിതി ചെയ്യുന്ന യുനാനി ആശുപത്രിയെ കിടത്തി ചികിത്സ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) മൊഗ്രാൽ യുനാനി ആശുപത്രി അപ്ഗ്രേഡ് ചെയ്ത് മികച്ച ചികിത്സ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാലിൽ സ്ഥിതി ചെയ്യുന്ന യുനാനി ഡിസ്പെൻസറിയെ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്നതുസംബന്ധിച്ച് ബഹു. എം.എൽ.എ നൽകിയ നിവേദനത്തിന്റെയും കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച

ശിപാർശയുടേയും അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു. നാഷണൽ ആയുഷ് മിഷന്റെ 2017-18 വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ മുഖേന അപ്ഗ്രഡേഷൻ സ്കീമിൽ ഉൾപ്പെടുത്തി 22 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ മൊഗ്രാൽ യുനാനി ഡിസ്പെൻസറിയെ ആയുഷ് ഹെൽത്ത് & വെൽനസ് സെന്ററായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഈ സ്കീമിന്റെ ഭാഗമായി 5 ലക്ഷം രൂപ കൂടി സ്ഥാപനത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അനുവദിക്കുകയും ആയതിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മരുന്നിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി**

272(4055) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ;

(ബി) തിരുവനന്തപുരം ജനറൽ ആശുപത്രി, പേരൂർക്കട ജില്ല ആശുപത്രി എന്നിവിടങ്ങളിൽ മരുന്നുകൾക്ക് ദൗർലഭ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) കോവിഡിനുശേഷം സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമൂലം ചില ആശുപത്രികളിൽ ചില മരുന്നുകളുടെ ലഭ്യതയിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് മറികടക്കുന്നതിനായി 100% മരുന്ന് കൈപ്പറ്റുന്ന സ്ഥാപനങ്ങളിൽ 25% കൂടുതൽ നൽകിക്കൊണ്ടും ജില്ലാതല/സ്ഥാപനതല മരുന്ന് കൈമാറ്റം (Inter warehouse transfer/ Inter institution transfer) നടത്തിയും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മാത്രമല്ല, ഒരേ അസുഖത്തിന് ഉപയോഗിക്കാവുന്ന വിവിധതരം മരുന്നുകളിൽ ഏതെങ്കിലും ഒന്ന് ഇല്ലാതായാൽ അതേ വിഭാഗത്തിൽപ്പെട്ട മറ്റു മരുന്നുകൾ ഉപയോഗിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ഇത്തരം മരുന്നുകളുടെ അപര്യാപ്തത പരിഹരിച്ചിട്ടുണ്ട്.

(സി) പാന്റാപ്രസോൾ, അസിക്‌ളോഫിനാക്, ആന്റിബയോട്ടിക്കായ സെഫോടാക്ക്സിം, അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവർക്കുള്ള പാൻഗ്രാഫ്, മോഫിറ്റൽ 500 എം.ജി. തുടങ്ങിയ മരുന്നുകൾക്ക് ദൗർലഭ്യമുണ്ടോയെന്ന് വിശദമാക്കുമോ?

പാന്റോപ്രസോൾ, അസെക്ലോഫെനാക്, ആന്റിബയോട്ടിക്കായ സെഫോടാക്സിം തുടങ്ങിയ മരുന്നുകൾ പല സർക്കാർ ആശുപത്രികളിലും ഇൻഡന്റിനെക്കാൾ 25% അധികം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവർക്കുള്ള ടാക്രോളിമസ് കാപ്സ്യൂൾ, മൈക്കോഫെനൊലേറ്റ് മൊഫെറ്റിൽ 500 എം.ജി. തുടങ്ങിയ മരുന്നുകൾ സ്പെഷ്യാലിറ്റി മരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഇത്തരം മരുന്നുകൾ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യമുള്ള സർക്കാർ മെഡിക്കൽ കോളേജുകൾ, സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യമുള്ള ജില്ലാ/ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിലാണ് ഇൻഡന്റിന് അനുസൃതമായി നൽകി വരുന്നത്. ആയതിനാൽ തന്നെ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ള

രോഗികൾക്ക് നല്കിവരുന്ന ഇത്തരം വിലകൂടിയ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കി വരുന്നു.

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വിതരണ ഏജൻസികൾക്ക് എത്ര രൂപയാണ് കുടിശിക നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വിതരണ ഏജൻസികൾക്ക് നൽകുന്നതിനായി അവശ്യമരുന്ന് വിഭാഗത്തിൽ 313 കോടി രൂപയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിഭാഗത്തിൽ 151 കോടി രൂപയും കുടിശ്ശികയായുണ്ട്.

**നിർഭയ പദ്ധതി**

273 (4056) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്താനും വിശപ്പ് രഹിത ബാല്യം എന്ന സുസ്ഥിര വികസനലക്ഷ്യം കൈവരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന്

വിശദമാക്കാമോ?

സംസ്ഥാനത്തെ കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്താനും വിശപ്പ് രഹിത ബാല്യം എന്ന സുസ്ഥിര വികസനലക്ഷ്യം കൈവരിക്കുന്നതിനുമായി വനിത ശിശു വികസന വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1) <u>അനുപൂരക പോഷകാഹാര പദ്ധതി</u>:- വനിത ശിശു വികസന വകുപ്പിനുകീഴിലെ സംയോജിത ശിശു വികസന പദ്ധതിയിൻ കീഴിൽ അങ്കണവാടികൾ വഴി 6 മാസം മുതൽ 6 വയസുവരെയുള്ള കുട്ടികൾ, ഗുരുതര പോഷകക്കുറവുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി 50:50 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഫണ്ട് ചെലവഴിക്കുന്നു. 6 മാസം മുതൽ 3 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സും, 3 വയസ് മുതൽ 6 വയസുവരെയുള്ള കുട്ടികൾക്ക് മോർണിംഗ് സ്നാക്സ്, നൂൺ ഫീഡിംഗ്, ജനറൽ ഫീഡിംഗ് എന്നിവയും ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് ജനറൽ ഫീഡിംഗും നൽകി

വരുന്നുണ്ട്. ഇതിലൂടെ കേന്ദ്ര മാനദണ്ഡ പ്രകാരമുള്ള കലോറി പ്രോട്ടീൻ ഉറപ്പാക്കുന്നു.

2) <u>പോഷകബാല്യം പദ്ധതി</u>:- സംസ്ഥാന സർക്കാർ 2022-23 ബഡ്ജറ്റിൽ 61.5 കോടി വകയിരുത്തി അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും 2 ദിവസം മുട്ടയും നൽകുന്ന പോഷക ബാല്യം പദ്ധതിയും നടപ്പിലാക്കി വരുന്നു.

3) <u>ആദ്യ 1000 ദിന പരിപാടി</u>:- ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന പരിപാടി. അട്ടപ്പാടി മേഖലയിലുണ്ടായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013-ൽ അട്ടപ്പാടിയിൽ ആരംഭിച്ച പദ്ധതി നിലവിൽ സംസ്ഥാനത്താകെ തെരഞ്ഞെടുക്കപ്പെട്ട 42 ICDS പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നു. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗർഭിണിയുടെ ഭാരം 45 കി.ഗ്രാമിൽ കുറവ്, ഉയരം 145 സെ.മീറ്ററിൽ താഴെ

2. ഗർഭകാലത്ത് ഭാരവർദ്ധനവ് കുറവായവർ (ആദ്യ 3 മാസം 1.5 കി.ഗ്രാമിൽ താഴെയും തുടർന്നുള്ള മാസങ്ങളിൽ 1 കി.ഗ്രാമിൽ താഴെയും ഭാരവർദ്ധനവ് ഉള്ളവർ)

3. ഗർഭകാലത്ത് വിളർച്ചയോ വൈറ്റമിൻ 'ബി'യുടെ അപര്യാപ്തതയോ ഉള്ളവർ

4. പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികൾ/ മുലയൂട്ടുന്ന അമ്മമാർ.

5. ഗർഭിണിയായ സമയത്ത് 18.5 -ൽ താഴെ BMI ഉള്ളവർ.

6. ഗർഭിണിയുടെ പ്രായം 20 -ൽ താഴെയോ 35 -ൽ കൂടുതലോ.

7. ജനനഭാരം കുറവുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ.

8. ഇരട്ടകുട്ടികളുള്ള അമ്മമാർ.

9. പോഷകാഹാരക്കുറവുള്ള കുട്ടികളുടെ അമ്മമാർ.

പദ്ധതിയുടെ ഭാഗമായി ഒരു സ്ത്രീ ഗർഭിണിയാകുന്ന നാൾ മുതൽ അങ്കണവാടി പ്രവർത്തകരും ഐ.സി.ഡി.എസ് സൂപ്പർവൈസർ,

ശിശുവികസന പദ്ധതി ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരും നിശ്ചിത ഇടവേളകളിൽ ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

4) <u>ന്യൂട്രിഷ്യൻ ക്ലിനിക്:</u> സംസ്ഥാനത്തെ കുട്ടികളിലെയും സ്ത്രീകളിലെയും പോഷണക്കുറവ്, വിളർച്ച, തൂക്കക്കുറവ്, വളർച്ച മുരടിപ്പ് എന്നിവ തടയുന്നതിനായി പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനും ഗുണഭോക്താക്കളുടെ പോഷണ നിലവാരം വിലയിരുത്തുന്നതിനും തുടർസേവനങ്ങൾ നൽകുന്നതിനും യോഗ്യരായ പോഷക വിദഗ്ധരുടെ സഹായത്തോടുകൂടി "ന്യൂട്രിഷ്യൻ ക്ലിനിക്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിലെ 152 ബ്ലോക്കുകളിലും 6 കോർപ്പറേഷൻ പരിധിയിലും (ആകെ 158 ന്യൂട്രിഷ്യൻ ക്ലിനിക്) യോഗ്യരായ പോഷക വിദഗ്ധരെ (ന്യൂട്രീഷ്യനിസ്റ്റുകളെ) നിയമിച്ചിട്ടുള്ളതാണ്. ആഴ്ചയിൽ 2 ദിവസമെന്ന കണക്കിൽ മാസത്തിൽ 8 ക്ലിനിക്കിന്റെ സേവനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു.

(ബി) നിർഭയ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്കും

പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ 2021-2022 വർഷങ്ങളിൽ സർക്കാരിന് എത്രത്തോളം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

നിർഭയ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വനിതശിശു വികസന വകുപ്പ്

അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ഐ.ഇ.സി. പ്രോഗ്രാമുകൾ (ബസ് ബ്രാന്റിംഗ്, ബോധവത്ക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ) നടത്തുകയുണ്ടായി.

ഗാർഹികാതിക്രമ-ലൈംഗികാതിക്രമ അതിജീവിതരുടെ അടിയന്തര ആവശ്യങ്ങൾക്കായി ആശ്വാസനിധി ധനസഹായം അനുവദിച്ചു.

സ്ത്രീകൾക്ക് ആത്മധൈര്യം പകരുന്നതിനായി നൈറ്റ് വാക്ക് (സംസ്ഥാനതലം/ജില്ലാതലം) സംഘടിപ്പിച്ചു.

സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും

അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുകായെന്ന ഉദ്ദേശ്യത്തോടുംകൂടി വൺസ്റ്റോപ്പ്സെന്റർ (ഒ.എസ്.സി.) കേരളത്തിൽ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്നു.

ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി കാവൽപ്ലസ് പദ്ധതി നടപ്പിലാക്കി വരുന്നു.

ദുർബല വിഭാഗങ്ങളിലെ 10-15 വയസ്സ് വരെയുള്ള പെൺകുട്ടികളുടെ സ്വയരക്ഷയുടെ ഭാഗമായി ധീര എന്ന പേരിൽ ആയോധന കലാപരിശീലനം എല്ലാ ജില്ലകളിലും ആരംഭിച്ചു.

<u>ആഭ്യന്തര വകുപ്പ്</u>

നിർഭയ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയ്ക്കും ബോധവൽക്കരണത്തിനുമായി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ Self Defense Training നൽകിയിട്ടുള്ളതും സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയ വിവിധ ഘടകങ്ങളിലായി ബോധവൽക്കരണവും സ്വയം പ്രതിരോധ ട്രെയിനിംഗും

നൽകിയിട്ടുള്ളതുമാണ്. ജനമൈത്രി പദ്ധതി പ്രകാരം വനിതാ പോലീസ് ഉദ്യോഗസ്ഥർ ഭവന സന്ദർശനം നടത്തി സ്ത്രീകളുടെ സുരക്ഷ, സ്വയം പ്രതിരോധം സംബന്ധിച്ചുള്ള ബോധവൽക്കരണം തുടങ്ങിയവ നടത്തി വരുന്നുണ്ട്. കൂടാതെ, നിർഭയ പദ്ധതി പ്രകാരം ജില്ലയിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നിർഭയ പദ്ധതിയുമായി ബന്ധപ്പെട്ട്, സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയ്ക്കും ബോധവൽക്കരണത്തിനുമായി വനിതാ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നിർഭയ വോളണ്ടിയർമാരായി പ്രവർത്തിക്കാൻ താൽപര്യമുള്ള ആളുകളെ പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്തിട്ടുള്ളതാണ്. പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള നിർഭയ വോളണ്ടിയർമാർക്ക് വനിതാ സ്വയം പ്രതിരോധ പരിപാടിയുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർ ട്രെയിനിംഗ് നൽകിയിട്ടുള്ളതും സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയ വിവിധ മേഖലകളിലൂടെ സ്ത്രീ സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും സ്വയം പ്രതിരോധ പരിശീലന പരിപാടികളും നിയമപരമായ അറിവ് കൂടുതൽ ആളുകളിലേയ്ക്ക് ഫലപ്രദമായി എത്തിക്കുന്നതിലേയ്ക്ക് പ്രചരണവും

നടത്തിയിട്ടുള്ളതാണ്. ജില്ലകളിൽ വനിതാ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന കൗൺസിലിംഗ് സെന്ററുകളിൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതും ഇതിലൂടെ പരാതിയുമായെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ് നൽകുന്നതിനും ആവശ്യമുള്ളവർക്ക് സൗജന്യ നിയമ സഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

**വനിത ശിശു വികസന വകുപ്പിന്റെ പദ്ധതികൾ**

274(4057) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനിത ശിശു വികസന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം നൽകാമോ?

വനിത ശിശുവികസന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

**വർക്കല നിയോജക മണ്ഡലത്തിലെ അങ്കണവാടികൾ**

275 (4058) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 92 അങ്കണവാടികൾ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത അങ്കണവാടികളിൽ 8 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി വിവിധ സ്കീമുകളിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിൽ പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**സ്മാർട്ട് അങ്കണവാടി**

276 (4059) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും വാടക കെട്ടിടങ്ങളിലും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളില്ല. സ്വന്തമായി സ്ഥലമുണ്ടായിട്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) വികസന പ്രവർത്തനങ്ങൾക്കായി തനത് വരുമാനം കണ്ടെത്തുവാൻ പഞ്ചായത്തുകൾ വിഷമിക്കുന്ന സാഹചര്യം കണക്കിലെടുത്ത് നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നോ പ്രത്യേക വികസന നിധിയിൽ നിന്നോ തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമുള്ള അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി LSGD വിഹിതം കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ എം.എൽ.എ ഫണ്ടും പ്ലാൻ ഫണ്ടും ചേർത്ത് വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതിക്കായി അപേക്ഷ നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) ഇതുസംബന്ധിച്ച് എം.എൽ.എ. 20-08-2022-ന് ബഹു. മന്ത്രിക്ക് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; വനിത ശിശുവികസന ഡയറക്ടർ ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് എം.എൽ.എ 20-08-2022-ന് ബഹു. മന്ത്രിക്ക് നൽകിയ കത്തിൽ സൂചിപ്പിച്ചിട്ടുള്ള പള്ളിപ്പുറം, കടമക്കുടി, കുഴുപ്പിള്ളി, ഞാറയ്ക്കൽ, നായരമ്പലം ഗ്രാമ പഞ്ചായത്തുകളിലെ അങ്കണവാടികളുടെ സ്ഥലം സംബന്ധിച്ച വിവരങ്ങൾ വനിതാ ശിശു വികസന കാര്യാലയത്തിൽ ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

**അങ്കണവാടികളിലെ സേവന നിലവാരം**

277(4060) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ – വനിത - ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളിലെ സേവന നിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

ICDS സൂപ്പർവൈസർമാർ, ശിശുവികസനപദ്ധതി ഓഫീസർമാർ, പ്രോഗ്രാം ഓഫീസർമാർ, ജില്ലാ വനിതാശിശുവികസന ഓഫീസർമാർ എന്നിവർ അങ്കണവാടികൾ സന്ദർശിച്ച് മോണിറ്ററിംഗ് നടത്തി അങ്കണവാടികളുടെ സേവന നിലവാരം പരിശോധിക്കുന്നുണ്ട്. കൂടാതെ അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ പഞ്ചായത്ത്/സെക്ടർ തല മീറ്റിംഗ്, പ്രോജക്ട് തല മീറ്റിംഗ് എന്നിവ സംഘടിപ്പിക്കുകയും ശിശുവികസന പദ്ധതി ഓഫീസർ അവലോകനം നടത്തുകയും ചെയ്യുന്നു. എല്ലാ മാസവും

ജില്ലാതലത്തിൽ പ്രോഗ്രാം ഓഫീസർമാർ നടത്തുന്ന ശിശു വികസന പദ്ധതി ഓഫീസർമാരുടെ മീറ്റിംഗിലും അങ്കണവാടി സേവനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്.

അങ്കണവാടികളിൽ 6 മാസം മുതൽ 3 വയസ് വരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ വഴി നൽകുന്ന അമൃതം ന്യൂട്രിമിക്സ്, സംസ്ഥാന സർക്കാരിന്റെ ലാബുകൾ വഴി പരിശോധിക്കുന്നുണ്ട്. കൂടാതെ FSSAI റൂൾസ് പ്രകാരം അങ്കണവാടി വർക്കർ, ഹെൽപ്പർമാർക്ക് ഹെൽത്ത് കാർഡ് എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. WBNP (Wheat Based Nutrition Programme) പദ്ധതി പ്രകാരം സംസ്ഥാനത്തിന് FCI വഴി അനുവദിക്കുന്ന അരി Fair Average Quality (FAQ) നിലവാരം പുലർത്തുന്നുയെന്ന് ഉറപ്പാക്കുന്നുണ്ട്.

വാർഡ് മെമ്പർ അദ്ധ്യക്ഷനായ അങ്കണവാടി തല മോണിറ്ററിംഗ് ആൻഡ് സപ്പോർട്ടിംഗ് കമ്മിറ്റി (ALMSC) മുഖാന്തരവും അങ്കണവാടികൾ വഴി നൽകുന്ന സേവനങ്ങൾ വിലയിരുത്തി വരുന്നു.

അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം,

പ്രവർത്തനം എന്നിവ മെച്ചപ്പെടുത്തുന്നതിനായി അങ്കണവാടികളെ ഗ്രേഡിംഗ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളെ ഗ്രേഡിംഗ് നടത്തി A, B, C, D എന്നീ നാല് ഗ്രേഡുകളായി തിരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പരിശോധിച്ചാണ് ഗ്രേഡിംഗിന് അംഗീകാരം നൽകുന്നത്.

അങ്കണവാടിയുടെ അടിസ്ഥാന സൗകര്യം, പ്രവർത്തകരുടെ കഴിവ്/ മനോഭാവം/ സേവന തൽപരത, ഗുണഭോക്താക്കളുടെ എണ്ണം, പ്രീ സ്കൂൾ വിദ്യാഭ്യാസം, അനുപൂരക പോഷകാഹാര പദ്ധതി, ശുചിത്വം, ആരോഗ്യ പോഷണ വിദ്യാഭ്യാസം, ഗ്രോത്ത് മോണിറ്ററിംഗ്, രജിസ്റ്ററുകൾ/റിപ്പോർട്ടുകൾ, ഭവന സന്ദർശനം, വിവിധ വകുപ്പുകളുടെ ഏകോപനം, പൊതുജന പങ്കാളിത്തം, ഫുഡ് സേഫ്റ്റി നിയമ പ്രകാരമുള്ള ലൈസൻസും പ്രവർത്തനങ്ങൾക്കുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും, ICDS/CAs Updation data entry all activities, NNM, CBE പ്രോഗ്രാമുകളിലെ പൊതുജന പങ്കാളിത്തം, തുടങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്

അങ്കണവാടികളെ ഗ്രേഡിംഗ് നടത്തിവരുന്നത്. ബി, സി, ഡി ഗ്രേഡിൽ ഉൾപ്പെട്ടിട്ടുള്ള അങ്കണവാടികൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) അങ്കണവാടികളിൽ ശൗചാലയ സൗകര്യം, കളിസ്ഥലം, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

അങ്കണവാടികളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യവും സുരക്ഷയും ഉറപ്പാക്കുന്നതിനായി സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് വകുപ്പിന്റെ പദ്ധതികളായ സ്മാർട്ട് അങ്കണവാടി, MGNREGS കെട്ടിടനിർമ്മാണ പദ്ധതികളിൽപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് എല്ലാ വർഷവും അങ്കണവാടികൾ അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം 207 അങ്കണവാടികൾക്കും MGNREGS പദ്ധതി പ്രകാരം 720 അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടികളെ ശിശുസൗഹൃദകേന്ദ്രങ്ങളാക്കുന്ന ചായം പദ്ധതി പ്രകാരം 256 അങ്കണവാടികൾ നവീകരിച്ചിട്ടുണ്ട്. 60

അങ്കണവാടികൾ കൂടി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷം ഒരു ലക്ഷം രൂപ നിരക്കിൽ 100 അങ്കണവാടികൾ നവീകരിക്കുന്നതിനും ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ നിരക്കിൽ 25 അങ്കണവാടികളും നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ 250 അങ്കണവാടികൾ സക്ഷം പദ്ധതി പ്രകാരം നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

പഞ്ചായത്ത്, ബ്ലോക്ക്, MP, MLA ഫണ്ടുകളും അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചുവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അങ്കണവാടികൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി വരുന്നു.

തദ്ദേശസ്വയംഭരണവകുപ്പുമായി ചേർന്ന് ശിശു സൗഹൃദ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിന് ഒരു അങ്കണവാടി സെന്ററിന് 12,000/- രൂപാ വീതം അങ്കണവാടികൾക്ക് 60:40 നിരക്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്വന്തമായി കെട്ടിടമുള്ള 200 അങ്കണവാടികൾക്ക് 50,000/- രൂപ ക്രമത്തിൽ

ബഹു. മുഖ്യമന്ത്രിയുടെ 100 ദിനകർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് നിർമ്മാണം നടത്തുന്നതിനായി ഫണ്ട് അനുവദിച്ച് നിർമ്മാണപ്രവർത്തനങ്ങളും നടന്നുവരുന്നു.

എല്ലാ വർഷങ്ങളിലും അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങാറുണ്ട്. അങ്കണവാടികളെല്ലാം തന്നെ സുരക്ഷിതമായ സ്ഥലങ്ങളിൽ ആയിരിക്കണം പ്രവർത്തിക്കേണ്ടതെന്ന നിർദ്ദേശം കീഴ്കാര്യാലയങ്ങൾക്ക് നൽകിയിട്ടുണ്ട്.

(സി) അങ്കണവാടികളിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കൗമാര ക്ലബ്ബിലെ അംഗങ്ങൾക്ക് പ്രയോജനപ്പെടുന്നതിനുമായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും കഴിഞ്ഞ സാമ്പത്തികവർഷം 1000 രൂപയുടെ

സ്പോർട്സ് കിറ്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ നടപ്പുവർഷം സെക്ടർ/പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്ത അങ്കണവാടികൾക്ക് വൈഫൈ കണക്ഷൻ നൽകി വരുന്ന നടപടികൾ പുരോഗമിക്കുന്നുണ്ട്.

അങ്കണവാടി ഗുണഭോക്താക്കളുടെ ആധാർ എൻറോൾമെന്റ് പുരോഗതിക്കായി വകുപ്പിനുകീഴിലുള്ള 258 ICDS പ്രോജക്ടുകളിൽ ലാപ് ടോപ്/ഡസ്ക് ടോപ് /ടാബ്ലെറ്റ് എന്നിവ അടിസ്ഥാനമാക്കിയുള്ള 3 തരം ആധാർ എൻറോൾമെന്റ് കിറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നുണ്ട്.

3-6 വയസ്സുവരെയുള്ള കുട്ടികൾക്ക് തികച്ചും ശാസ്ത്രീയമായ കാഴ്ചപ്പാടോടുകൂടി ശിശു കേന്ദ്രീകൃതവും ശിശു സൗഹൃദപരവുമായ രീതിയിൽ അനൗപചാരിക പ്രീ സ്കൂൾ വിദ്യാഭ്യാസം രൂപകല്പന ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് വിവിധങ്ങളായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്ര വികാസം ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ ഭൗതിക സാഹചര്യവും ശാസ്ത്രീയ പഠന രീതികളും അവലംബിച്ചു അങ്കണവാടികളേയും പ്രവർത്തകരേയും പ്രാപ്തരാക്കുന്നവിധത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ

അങ്കണവാടികളിൽ പ്രീ സ്കൂൾ വിദ്യാഭ്യാസത്തിനായി നിലവിൽ ഉപയോഗിച്ചുവരുന്ന വർക്ക് ബുക്കുകൾ 3-6 വയസ് വരെയുള്ള കുട്ടികൾക്കെല്ലാം ഒരുപോലെ ഉപയോഗിക്കുന്ന തരത്തിലാണ്. കുട്ടികളിലെ വ്യക്തിത്വ വികാസം, സാമൂഹിക സാംസ്കാരിക ചുറ്റുപാടുകളിലെ വ്യത്യാസങ്ങൾ, കാലോചിതമായി സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ, ഇൻഫർമേഷൻ, കമ്മ്യൂണിക്കേഷൻ ടെക്നോളജിയിലെ ചടുലമായ പുരോഗതി എന്നിവ പരിഗണിച്ചുകൊണ്ട് അഞ്ച് വികാസ മേഖലകളിൽ 30 തീമുകളിലായി 123 വികാസ ശേഷികൾ കുട്ടികൾ നേടുന്നതിനായി "അങ്കണപ്പൂമഴ" വർക്ക് ബുക്ക് പ്രീ സ്കൂൾ കുട്ടികളുടെ പ്രായത്തിന് അനുസൃതമായി (3-4, 4-5, 5-6) ഉപയോഗിക്കത്തക്ക വിധത്തിൽ മാറ്റങ്ങൾ വരുത്തി പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അങ്കണവാടി പ്രവർത്തകർക്ക് ജില്ലാ തലത്തിൽ ട്രെയിനിംഗുകൾ സംഘടിപ്പിച്ച് അവരുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്. കുട്ടികളുടെ പോഷക നിലവാരം മെച്ചപ്പെടുത്തുന്നതിന്

അങ്കണവാടികളിലൂടെ ആഴ്ചയിൽ 2 ദിവസം പാലും മുട്ടയും വിതരണം ചെയ്യുന്ന പദ്ധതി തുടരുന്നുണ്ട്.

കുട്ടികളിലെ ഭിന്നശേഷിത്വം തുടക്കത്തിലേ തിരിച്ചറിയുവാനുള്ള പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുന്നതിന്റെ ഭാഗമായി ശിശുവികസന പദ്ധതി ഓഫീസർമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ എന്നിവർക്ക് തിരുവനന്തപുരം ചൈൽഡ് വെൽഫെയർ സെന്ററിൽ വച്ച് EDD ട്രെയിനിംഗ് നൽകി വരുന്നു. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാം പൂർത്തീകരിക്കുന്നതിനെ തുടർന്ന് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ TOT മാരായി അങ്കണവാടി വർക്കർക്കുള്ള പരിശീലനം നൽകുന്നതിനും പരിശീലനം ലഭിച്ച അങ്കണവാടി വർക്കർമാർക്ക് അവരുടെ പ്രദേശത്തെ കുട്ടികളിലെ ഭിന്നശേഷിത്വം തുടക്കത്തിലേ തിരിച്ചറിയുവാനും ആവശ്യമായ ഇടപെടലുകൾ നടത്തുവാനും കഴിയുന്നതിന് അങ്കണവാടി പ്രവർത്തകരെ പ്രാപ്തരാക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികൾ**

278 (4061) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 209 അങ്കണവാടികൾ പ്രവർത്തിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളേതെല്ലാമെന്ന് വ്യക്തമാക്കുമോ?

സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത വാടക കെട്ടിടങ്ങളിൽ 101 അങ്കണവാടികൾ പ്രവർത്തിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ അങ്കണവാടികൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അങ്കണവാടികൾ നവീകരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

**ആലപ്പുഴ നിയോജക മണ്ഡലത്തിൽ സ്മാർട്ട് അങ്കണവാടികൾ**

279 (4062) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽനിന്നും സ്മാർട്ട് അങ്കണവാടികൾക്കുള്ള എത്ര പ്രൊപ്പോസലുകളാണ് നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിലെ 3 അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനും എം.എൽ.എ.യുടെ ശിപാർശ പ്രകാരം സ്പെഷ്യൽ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് 12 പ്രൊപ്പോസലുകളും ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര അങ്കണവാടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ സ്വന്തം കെട്ടിടമുള്ളത്, വാടക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എന്നിങ്ങനെ തരം തിരിച്ച് വിവരം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ ആകെ 245 അങ്കണവാടികളാണ് നിലവിലുള്ളത്. ഇതിൽ 124 എണ്ണം സ്വന്തം കെട്ടിടത്തിലും 117 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ആയതിന്റെ തദ്ദേശസ്വയംഭരണസ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ എത്ര സ്മാർട്ട് അങ്കണവാടികളാണ് അനുവദിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ 3 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. അവയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു+.

**വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

280 (4063) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി വനിത ശിശുവികസന വകുപ്പ് അനുപൂരക പോഷകാഹാര പദ്ധതി, ആദ്യ 1000 ദിന പരിപാടികൾ എന്നിവയും PMMVY ധനസഹായ പദ്ധതിയും നടപ്പിലാക്കി വരുന്നു.

**അനുപൂരക പോഷകാഹാര പദ്ധതി:-**

വനിത ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു വികസന പദ്ധതിയിൻ കീഴിൽ അങ്കണവാടികൾ വഴി ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാര പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഫീഡിംഗ് നൽകി വരുന്നുണ്ട്. അതിൽ നുറുക്ക് ഗോതമ്പ്, ശർക്കര, ധാന്യങ്ങൾ, എണ്ണ മുതലായവ അടങ്ങിയ പായ്ക്കറ്റാണ്

ടേക്ക് ഹോം റേഷൻ ആയി നൽകുന്നത്.

**ആദ്യ 1000 ദിന പരിപാടി:-**

ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന പരിപാടി. അട്ടപ്പാടി മേഖലയിലുണ്ടായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 അട്ടപ്പാടിയിൽ ആരംഭിച്ച പദ്ധതി നിലവിൽ സംസ്ഥാനത്താകെ തെരഞ്ഞെടുക്കപ്പെട്ട 42 ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നു. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗർഭിണിയുടെ തൂക്കം 45 കി.ഗ്രാമിൽ കുറവ്, ഉയരം 145 സെ.മീറ്ററിൽ താഴെ.

2. ഗർഭകാലത്ത് തൂക്കവർദ്ധനവ് കുറവായവർ (ആദ്യ 3 മാസം 1.5 കി.ഗ്രാമിൽ താഴെയും തുടർന്നുള്ള മാസങ്ങളിൽ 1 കി.ഗ്രാമിൽ താഴെയും തൂക്കവർദ്ധനവ്

ഉള്ളവർ)

3. ഗർഭകാലത്ത് വിളർച്ചയോ വൈറ്റമിൻ 'ബി'യുടെ അപര്യാപ്തതയോ ഉള്ളവർ

4.പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികൾ/ മുലയൂട്ടുന്ന അമ്മമാർ.

5. ഗർഭിണിയായ സമയത്ത് 18.5 ൽ താഴെ BMI ഉള്ളവർ.

6. ഗർഭിണിയുടെ പ്രായം 20 ൽ താഴെയോ 35 ൽ കൂടുതലോ.

7. ജനനഭാരം കുറവുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ.

8. ഇരട്ടകുട്ടികളുള്ള അമ്മമാർ.

9. പോഷകാഹാരക്കുറവുള്ള കുട്ടികളുടെ അമ്മമാർ.

പദ്ധതിയുടെ ഭാഗമായി ഒരു സ്ത്രീ ഗർഭിണിയാകുന്ന നാൾമുതൽ അങ്കണവാടി പ്രവർത്തകരും സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരും നിശ്ചിത ഇടവേളകളിൽ ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

**പ്രധാനമന്ത്രി മാതൃ വന്ദന യോജന**

ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ

നിലവാരം ഉയർത്തുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിത ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY). 2017 ജനുവരി ഒന്ന് മുതൽ ആരംഭിച്ച ഈ പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ നിർദേശപ്രകാരം, ആദ്യ പ്രസവത്തിന് രണ്ടു ഗഡുക്കളായി 3000/-, 2000/- രൂപ വീതം ആകെ 5000 രൂപയും രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ജനിക്കുകയാണെങ്കിൽ (2022 ഏപ്രിൽ മുതൽ) 6000 രൂപയും ധനസഹായം ഗുണഭോക്താക്കളുടെ ആധാർ സീഡ് ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുന്നു. കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതു മേഖല ജീവനക്കാർ എന്നിവർ ഒഴികെ നിയമം അനുശാസിക്കുന്ന മറ്റു പ്രസവാനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത എല്ലാ സ്ത്രീകൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. പദ്ധതി ആരംഭം മുതൽ ആകെ 939189 ഗുണഭോക്താക്കൾക്കായി 407,12,58,000/- രൂപ ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്.

**ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിൽ അങ്കണവാടി കെട്ടിടത്തിന് ഭരണാനുമതി**

281(4064) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര താലൂക്കിൽ ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് വാർഡ് 13-ൽ സ്വന്തമായി സ്ഥലമുള്ള 66-ാം നമ്പർ അങ്കണവാടിക്ക് (ഐ.സി.ഡി.എസ്. മാവേലിക്കര) പുതിയ കെട്ടിടത്തിന് ഭരണാനുമതി ലഭിക്കുന്നതിന് നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും ആയതിന്റെ നിലവിലെ പുരോഗതി സംബന്ധിച്ചും വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം സ്മാർട്ട് അങ്കണവാടി കൺസെപ്റ്റിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിരുന്ന മുതുകുളം അഡീഷണൽ ഐ.സി.ഡി.എസ്സിലെ കൃഷ്ണപുരം പഞ്ചായത്തിലെ 39-ാം നമ്പർ അങ്കണവാടിക്ക് ഇതരപദ്ധതിയിൽ ഉൾപ്പെട്ട് കെട്ടിടനിർമ്മാണം ആരംഭിച്ചതിനാൽ ടി അങ്കണവാടിക്ക് പകരം മാവേലിക്കര താലൂക്കിലെ

ചെട്ടികുളങ്ങര പഞ്ചായത്തിലെ 66-ാം നമ്പർ അങ്കണവാടിക്ക് നിർമ്മാണാനുമതി ആവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭ്യമായിരുന്നു. ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ടി അങ്കണവാടിക്ക് നിർമ്മാണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

**ഇരിമ്പിളിയം അങ്കണവാടിക്ക് കെട്ടിടം**

282 (4065) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ മുപ്പത്തിയാറാം നമ്പർ അങ്കണവാടിക്ക് കെട്ടിടം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ വനിത ശിശു വികസന ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമുള്ള തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. പ്രസ്തുത അങ്കണവാടിക്ക് വകുപ്പ് വിഹിതമായി 15 ലക്ഷം രൂപയും ഗ്രാമ പഞ്ചായത്ത് വിഹിതമായി 6,37,256/- രൂപയും ചേർത്ത് ആകെ 21,37,256/- രൂപാ വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി 17-02-2023 -ൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതും എന്നാൽ സ്ഥലമുള്ളതുമായ അങ്കണവാടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതും എന്നാൽ സ്ഥലമുള്ളതുമായ അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായി പ്രസ്തുത മണ്ഡലത്തിൽനിന്നും പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായി കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽ നിന്നും 11, 28, 31, 33 എന്നീ അങ്കണവാടികൾക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

**അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

283(4066) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വനിത ശിശുവികസന വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളുടെ

പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ചുവടെ വിവരിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനുപൂരക പോഷകാഹാര പദ്ധതി, പോഷകബാല്യം പദ്ധതി, വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പരിരക്ഷ നൽകുന്നതിനായി സ്പെഷ്യൽ അങ്കണവാടി പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. സംയോജിത ശിശുവികസന സേവന പദ്ധതിയിലുൾപ്പെടുത്തി അങ്കണവാടികൾക്ക് ആവശ്യമായ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ്, അങ്കണവാടികൾക്കാവശ്യമായ മെഡിസിൻ കിറ്റ്, അങ്കണവാടി പ്രവർത്തകർക്കുള്ള യൂണിഫോം എന്നിവ വിതരണം ചെയ്തുവരുന്നു. അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും, അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കൗമാര ക്ലബ്ബിലെ (വർണ്ണക്കൂട്) അംഗങ്ങൾക്ക് പ്രയോജനപ്പെടുന്നതിനുമായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും സ്പോർട്സ് കിറ്റ് അനുവദിച്ചിട്ടുണ്ട്, കൂടാതെ നടപ്പുവർഷം സെക്ടർ തലത്തിൽ തെരഞ്ഞെടുത്ത അങ്കണവാടികൾക്ക് വൈഫൈ കണക്ഷൻ നൽകി വരുന്ന നടപടികൾ പുരോഗമിക്കുന്നുണ്ട്.

പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തി സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിച്ചുവരുന്നു. കൂടാതെ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിച്ചുവരുന്നു. സക്ഷം അങ്കണവാടി നവീകരണം, ചായം പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.

വനിത ശിശു വികസന വകുപ്പിനുകീഴിൽ അങ്കണവാടികളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 'പോഷൻ അഭിയാൻ' പദ്ധതി നടപ്പിലാക്കി വരുന്നു. അങ്കണവാടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും Real-time monitoring നടപ്പിലാക്കുന്നതിനുംവേണ്ടി പോഷൻ ട്രാക്കർ പദ്ധതി നടപ്പിലാക്കി വരുന്നു. അട്ടപ്പാടിയിൽ നടപ്പിലാക്കുന്ന തൽസമയ വളർച്ച നിരീക്ഷണ ആപ്ലിക്കേഷനാണ് ജാതക് ജനനി. കൂടാതെ യോഗ്യരായ പോഷക വിദഗ്ധരുടെ സഹായത്തോടുകൂടി "ന്യൂട്രിഷ്യൻ ക്ലിനിക് " എന്ന

പദ്ധതി നടപ്പിലാക്കിവരുന്നു. പോഷകസമൃദ്ധമായ പഴങ്ങളുടെയും പച്ചക്കറികളുടെയും രൂപങ്ങൾ ആലേഖനം ചെയ്ത ഡാൻഗ്ലറുകൾ വിതരണം ചെയ്യുകയും തിരുവനന്തപുരം കാർഷിക സർവ്വകലാശാലയുടെ കമ്മ്യൂണിറ്റി സയൻസ് വിഭാഗവുമായി സഹകരിച്ച് മുൻ നിശ്ചയിച്ച പട്ടിക അനുസരിച്ചുള്ള അങ്കണവാടികളിൽ ന്യൂട്രി ഗാർഡനും ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ വിവിധ മാധ്യമങ്ങളിലൂടെ ബോധവത്കരണ സന്ദേശങ്ങൾ സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളിലേക്ക് എത്തിച്ചു നൽകുന്നു. അനീമിയയെ ചെറുക്കുന്നതിന് വേണ്ടി കേരള സർക്കാരിന്റെ വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക് (വിവ) എന്ന ക്യാമ്പയിനുമായി ചേർന്ന് വകുപ്പ് തലത്തിൽ അനീമിയ പരിശോധന ക്യാമ്പും പരിപാടികളും സ്വീകരിച്ചുവരുന്നു.

അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്ലെറ്റ്, കുടിവെള്ള സൗകര്യം എന്നിവ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

അങ്കണവാടികളുടെ പ്രവർത്തന നിലവാരം, കുട്ടികളുടെ പഠന നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിന് അങ്കണവാടി വർക്കർ, ഹെൽപ്പർ, സൂപ്പർവൈസർമാർ എന്നിവർക്ക് വിവിധ വിഷയങ്ങളിൽ ജോബ്, റിഫ്രഷർ

ട്രെയിനിംഗുകൾ നല്കി വരുന്നുണ്ട്.

3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ശൈശവ പൂർവകാല പരിചരണവും വിദ്യാഭ്യാസവും എന്ന നയത്തിനെ അടിസ്ഥാനമാക്കി തികച്ചും ശാസ്ത്രീയമായ കാഴ്ചപ്പാടോടുകൂടി ശിശുകേന്ദ്രീകൃതവും ശിശു സൗഹൃദപരവുമായ രീതിയിൽ അനൗപചാരിക വിദ്യാഭ്യാസ രീതി വകുപ്പ് രൂപകല്പന ചെയ്തിട്ടുണ്ട്.

അങ്കണവാടി ഗുണഭോക്താക്കളുടെ ആധാർ എൻറോൾമെന്റ് പുരോഗതിക്കായി വകുപ്പിനുകീഴിലുള്ള 258 ICDS പ്രോജക്ടുകളിൽ ലാപ് ടോപ്/ ഡസ്ക് ടോപ് /ടാബ് ലെറ്റ് എന്നിവ അടിസ്ഥാനമാക്കിയുള്ള 3 തരം ആധാർ എൻറോൾമെന്റ് കിറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ വഹിക്കേണ്ട പങ്ക് എന്താണെന്ന് അറിയിക്കാമോ; ആയത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

സംയോജിത ശിശു വികസന പദ്ധതി പ്രവർത്തകരുടെ ചുമതലകളും ഉത്തരവാദിത്വവും സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ 28-03-2005-ൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സംയോജിത ശിശു വികസന പദ്ധതി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതിന് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ 19-06-2013-ൽ ICDS/B3/3439/13 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സംയോജിത ശിശു വികസന പദ്ധതി സൂപ്പർവൈസർമാർക്ക് അങ്കണവാടി സന്ദർശനത്തിനുള്ള ചെക്ക്‌ലിസ്റ്റ്, നിർദ്ദേശങ്ങൾ സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ 23-09-2015-ൽ ICDS/B2/15725/15 നമ്പർ കത്ത് പുറപ്പെടുവിച്ചിട്ടുണ്ട്.

സംയോജിത ശിശു വികസന പദ്ധതി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സൂപ്പർവൈസർമാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ 03-09-2018-ൽ ICDS/A3/18197/18 നമ്പർ കത്ത് പുറപ്പെടുവിച്ചിട്ടുണ്ട്.

മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ മുഴുവൻ സമയ ഫീൽഡ് ജീവനക്കാരാണോയെന്നും ഇവരുടെ ഓഫീസ് വർക്ക്, ഫീൽഡ് വർക്ക് എന്നിവ ടൂർ ഡയറി അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ ഫീൽഡ് ജീവനക്കാരാണ്. സൂപ്പർവൈസർമാരുടെ പരിഷ്കരിച്ച അവലോകന സൂചികയിൽ പ്രൊജക്റ്റ് മീറ്റിംഗ് ഉൾപ്പെടെ മാസത്തിൽ ആറു ദിവസം സൂപ്പർവൈസർമാർ ഓഫീസിൽ ഹാജരാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സൂപ്പർവൈസർമാരുടെ ഓഫീസ് വർക്ക്, ഫീൽഡ് വർക്ക് എന്നിവ ഉൾപ്പെടുത്തിയ ടൂർ ഡയറി എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി ശിശു വികസന പദ്ധതി ഓഫീസറിന് നൽകുകയും എല്ലാ മാസവും ശിശു വികസന പദ്ധതി ഓഫീസർ സൂപ്പർവൈസർമാരുടെ റിവ്യൂ മീറ്റിംഗിൽ ആയത് അവലോകനം നടത്തുകയും ചെയ്യുന്നു.

3 മാസത്തിലൊരിക്കൽ സൂപ്പർവൈസർ, ശിശു വികസന പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാ തലത്തിൽ പ്രോഗ്രാം ഓഫീസർമാർ നടത്തുന്ന റിവ്യൂ മീറ്റിംഗിലും സൂപ്പർവൈസർമാരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു.

(ഡി) ഇപ്രകാരം പരിശോധിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിയോഗിച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

1. കോഴിക്കോട് ജില്ലയിൽ 21 ICDS പ്രൊജക്റ്റുകളിലായി 21 ശിശു വികസന പദ്ധതി ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ട്. ഓരോ ശിശു വികസന പദ്ധതി ഓഫീസറും അവരുടെ കീഴിൽ പ്രവർത്തിക്കുന്ന സൂപ്പർവൈസർമാരുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും അവലോകനം ചെയ്യുന്നു. 3 മാസത്തിലൊരിക്കൽ സൂപ്പർവൈസർമാരുടെ പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ പ്രോഗ്രാം ഓഫീസർമാരും അവലോകനം ചെയ്യുന്നു.

**ഹെൽത്ത് കാർഡുകൾ നൽകുന്നതിനായി കുറ്റമറ്റ സംവിധാനം**

284 (4067) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടൽ, ബേക്കറി ജീവനക്കാർക്കും പാചക തൊഴിലാളികൾക്കും ഹെൽത്ത് കാർഡ് നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിപ്പിച്ചിട്ടുണ്ടോ?

Food Safety and Standard Act 2006 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Food Safety and Standard (Licensing and Registration of Food Business Regulations 2011), 05-08-2011 മുതൽ ഭാരതത്തിലെ എല്ലാ സംസ്ഥാനത്തും നിലവിൽ വരുകയും ഒരു വർഷത്തിനുള്ളിൽ പൂർണ്ണമായി നടപ്പിലാക്കേണ്ടതുമാണ്. ടി ചട്ടങ്ങളുടെ Part 2, Schedule 4 പ്രകാരം മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) എങ്കിൽ ഇപ്രകാരം നിർബന്ധമായും ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ട എത്ര ജീവനക്കാർ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഇതുസംബന്ധിച്ച കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെന്നാണെന്നും ഈ ഉത്തരവ്

പ്രകാരമെന്ന് മുതൽക്കാണ് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവ് ഇറങ്ങിയതിനുശേഷമുള്ള കുറഞ്ഞ കാലയളവിനുള്ളിൽ ഇത്രയധികം തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നൽകുന്നതിനായി എന്തൊക്കെ പ്രത്യേക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

(സി & ഡി) Food Safety and Standard Act 2006 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Food Safety and Standard (Licensing and Registration of Food Business Regulations 2011), 05-08-2011 മുതൽ ഭാരതത്തിലെ എല്ലാ സംസ്ഥാനത്തും നിലവിൽ വരികയും ഒരു വർഷത്തിനുള്ളിൽ പൂർണ്ണമായി നടപ്പിലാക്കേണ്ടതുമാണ്. ടി ചട്ടങ്ങളുടെ Part 2, Schedule 4 പ്രകാരം മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് (ഹെൽത്ത് കാർഡ്) നിർബന്ധമാക്കിയിട്ടുണ്ട്.

നിലവിൽ ഇത് ലഭ്യമല്ലാത്ത ജീവനക്കാർക്ക് സർക്കാർ ആശുപത്രികൾ ഉൾപ്പെടെ ഏതൊരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരെയും

സമീപിച്ച് ആവശ്യമുള്ള പരിശോധനകൾ പൂർത്തീകരിച്ച് നിർദ്ദിഷ്ട പ്രതിരോധ കുത്തിവയ്പുകളും പൂർത്തീകരിച്ചാൽ ആയത് നേടാവുന്നതാണ്.

ലാബ് പരിശോധനകൾ സർക്കാർ ആശുപത്രികളിലോ, പബ്ലിക് ഹെൽത്ത് ലാബുകളിലോ പ്രവർത്തക ലൈസൻസുള്ള സ്വകാര്യ ലാബുകളിലോ ചെയ്യാവുന്നതാണ്.

(ഇ) പരിശോധന കൂടാതെ ഹെൽത്ത് കാർഡുകൾ നൽകിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകളാണ് ഇതിനോടകം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉണ്ട്. പരിശോധന കൂടാതെ മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ 3 കേസുകളാണ് നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(എഫ്) ഹെൽത്ത് കാർഡ് കൈവശമില്ലാത്തതിന്റെ പേരിൽ ഇതിനോടകം എത്രപേരുടെ പേരിലാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

പരിശോധന സമയത്ത് മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്

(ഹെൽത്ത് കാർഡ്) ഹാജരാക്കിയിട്ടില്ലെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അത് ഹാജരാക്കുവാൻ നോട്ടീസ് നൽകി വരുന്നു. ആയത് ഇല്ലാത്തതും മറ്റ് ന്യൂനതകൾ കണ്ടെത്തിയതുമായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(ജി) പരാതികൾക്ക് ഇടനൽകാതെ കുറ്റമറ്റ രീതിയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിനായി പ്രത്യേക സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് (ഹെൽത്ത് കാർഡ്) ലഭ്യമല്ലാത്ത ജീവനക്കാർക്ക് സർക്കാർ ആശുപത്രികളിൽ ഉൾപ്പെടെ ഏതൊരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരെയും സമീപിച്ച് ആവശ്യമുള്ള പരിശോധനകൾ പൂർത്തീകരിച്ച് നിർദ്ദിഷ്ട പ്രതിരോധ കുത്തി വയ്പുകളെടുക്കുന്ന മുറയ്ക്ക് ആയത് നേടാവുന്നതാണ്. ലാബ് പരിശോധനകൾ സർക്കാർ ആശുപത്രികളിലോ, പബ്ലിക് ഹെൽത്ത് ലാബുകളിലോ പ്രവർത്തന ലൈസൻസുള്ള സ്വകാര്യ ലാബുകളിലോ ചെയ്യാവുന്നതാണ്.

## ഭക്ഷ്യ സുരക്ഷ വകുപ്പിന് കൂടുതൽ വാഹനം

285 (4068) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ സുരക്ഷ പരിശോധന ശക്തമാക്കിയ സാഹചര്യത്തിൽ എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥർക്ക് വാഹനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിലവിൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഒരു ഔദ്യോഗിക വാഹനവും മൂന്ന് ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയങ്ങളിലായി 3 വാഹനങ്ങളും തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ 1 ഔദ്യോഗിക വാഹനവും നിലവിലുണ്ട്. 12 ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുടെ കാര്യാലയങ്ങളിൽ ഓരോ വാഹനം വീതം 12 വാഹനവും ചേർന്ന് ആകെ 17 ഔദ്യോഗിക വാഹനങ്ങൾ നിലവിലുണ്ട്.

ഇതിനുപുറമെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പിൽ 14 ജില്ലകളിലുമായി

ആകെ 39 വാഹനങ്ങൾ കരാറടിസ്ഥാനത്തിൽ വാടകയ്ക്കെടുത്തിട്ടുണ്ട്. ഇതിനു പുറമേ 14 ജില്ലകളിലും Mobile Food Testing Lab കളും നിലവിലുണ്ട്. നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഭക്ഷ്യ സുരക്ഷാ പരിശോധനകൾ കാര്യക്ഷമമായി നടത്തിവരുന്നു.

**പ്ലാസ്റ്റിക് മുതലായവ ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ ചേർക്കുന്നതിനെതിരെ കർശന നടപടി**

286 (4069) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചിപ്സ്, വറ്റൽ തുടങ്ങിയ എണ്ണ പലഹാരങ്ങൾ തയ്യാറാക്കുന്ന കടകളിൽ തിളച്ച എണ്ണയിൽ പ്ലാസ്റ്റിക് കവറുകൾ ഇട്ടുരുക്കിയ ശേഷം പലഹാരങ്ങൾ വറുത്ത് കോരിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് ഒരു പരാതി ആലപ്പുഴ ജില്ലയിൽ ലഭിക്കുകയുണ്ടായി. സോഷ്യൽ മീഡിയയിലൂടെ ഇത്തരം വാർത്തകൾ പരക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുകയും സാമ്പിളെടുത്ത് ടെസ്റ്റിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചിപ്സിൽ

പ്ലാസ്റ്റിക്കിന്റെ അംശം ഉള്ളതായി പരിശോധനയിലോ ടെസ്റ്റ് റിപ്പോർട്ടിലോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ബി) ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(സി) ആരോഗ്യത്തിന് ഹാനികരമായ പ്ലാസ്റ്റിക് പോലെയുള്ള പദാർത്ഥങ്ങൾ ഭക്ഷ്യ ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന വേളയിൽ ചേർക്കുന്നതിനെതിരെ കർശന നിയമ നടപടി സ്വീകരിക്കുമോ?

(ബി & സി) ആരോഗ്യത്തിന് ഹാനികരമായ പ്ലാസ്റ്റിക് പോലെയുള്ള പദാർത്ഥങ്ങൾ ഭക്ഷ്യ ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന വേളയിൽ ചേർക്കുന്നതായി പരിശോധനയിലോ ലാബ് റിപ്പോർട്ടിലോ വെളിപ്പെട്ടിട്ടില്ല. അത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ബേക്കറി ഉൽപ്പന്നങ്ങൾ ചൂടോടെ പ്ലാസ്റ്റിക് കവറുകളിലും പ്രിന്റ് ചെയ്ത ന്യൂസ് പേപ്പറിലും പൊതിഞ്ഞ് നൽകുന്ന കടക്കാർക്കെതിരെ

ഭക്ഷ്യസുരക്ഷ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബേക്കറി ഉൽപ്പന്നങ്ങൾ ചൂടോടുകൂടി പ്ലാസ്റ്റിക് കവറുകളിൽ പായ്ക്ക് ചെയ്യാൻ പാടില്ല. ചൂടുള്ള ഭക്ഷണ സാധനങ്ങൾ പ്ലാസ്റ്റിക് പേപ്പറിലും കവറിലും പൊതിയുന്നതും കഴിക്കാൻ പാകമായ ഭക്ഷണ സാധനങ്ങൾ ന്യൂസ് പേപ്പറിൽ പൊതിഞ്ഞ് നൽകുന്നതും ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭക്ഷ്യവിഷബാധ തടയാൻ നടപടി**

287(4070) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യവിഷബാധ തടയുന്നതിനായി ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസുകൾ എന്നിവയ്ക്കായി എന്തെല്ലാം പുതിയ മാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2011-ലെ റൂൾസ് ആന്റ് റെഗുലേഷൻസ് എന്നിവയിൽ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് ഭക്ഷ്യവിഷബാധ തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ്

നടപടികൾ സ്വീകരിച്ചു വരുന്നത്. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളനുസരിച്ച് ഭക്ഷ്യ വസ്തുക്കൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഭക്ഷണ സാധനങ്ങൾ തയ്യാറാക്കുന്ന സ്ഥലം ശുചിത്വമുള്ളതും കൂടാതെ ഭക്ഷണം പാകം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന എല്ലാ ജീവനക്കാർക്കും വ്യക്തി ശുചിത്വം പാലിക്കേണ്ടതും ത്വക്ക് രോഗങ്ങൾ, പകർച്ചവ്യാധികൾ ഒന്നും തന്നെയില്ലായെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസുകൾ, മറ്റ് ഭക്ഷ്യ വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകൾ തുടങ്ങി മുഴുവൻ സ്ഥാപനങ്ങൾക്കും ട്രെയിനിംഗുകൾ നൽകാൻ തീരുമാനിച്ച് അവ നൽകി വരുന്നു. പാഴ്സൽ ഭക്ഷണം കൂടുതൽ സമയം വച്ചിരുന്ന് കഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഭക്ഷണം പാകം ചെയ്ത സമയം, പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതി, കൂടാതെ അവ ഉപയോഗിക്കാവുന്ന

സമയം എന്നിവ രേഖപ്പെടുത്തണമെന്ന് കാണിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പരിശോധിച്ച് വരികയും ചെയ്യുന്നു. പച്ച മുട്ടയിൽ നിന്നും മയോണൈസ് നിർമ്മിക്കുന്നത് സുരക്ഷിതമല്ലാത്തതിനാൽ ആയത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ പരിശോധനകളും ട്രെയിനിംഗുകളും ബോധവൽക്കരണ ക്ലാസുകളും സംസ്ഥാനത്തുടനീളം നടത്തിവരുന്നു.

**ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്നവർക്ക് ഭക്ഷ്യ സുരക്ഷ പരിശീലനം**

288 (4071) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യവിഷബാധ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്യുന്നവരുൾപ്പെടെ ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഭക്ഷ്യ സുരക്ഷാ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ

ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി 2022 ഏപ്രിൽ മുതൽ നാളിതുവരെ വരെ 396 ട്രെയിനിംഗുകളിലായി ആകെ 14945 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുകായെന്ന ഉദ്ദേശ്യത്തോടെ പരിശീലന പരിപാടികൾ എല്ലാ ജില്ലകളിലും നടന്നുവരുന്നു. ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തിവരുന്ന ബേസിക് ഫോസ്റ്റാക് ട്രെയിനിംഗ് വഴി നാളിതുവരെ 51000-ത്തിലധികം പേർക്ക് കേരളത്തിൽ പരിശീലനം നല്കിയിട്ടുണ്ട്. എല്ലാ ഭക്ഷണ ശാലകളിലെയും ഒരു സൂപ്പർവൈസർക്കാണ് പരിശീലനം നൽകുന്നത്. ഇപ്രകാരം പരിശീലനം ലഭിച്ചയാൾ മറ്റുള്ളവർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ പരിശീലന പദ്ധതി ഹോട്ടൽ, കാറ്ററിംഗ്, ഹൈ റിസ്ക് ഭക്ഷണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നവരുടെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റം കൊണ്ടുവരുന്നുണ്ട്. ഈ

സാഹചര്യത്തിൽ ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള ശ്രമം വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

**ഭഷ്യ വസ്തുക്കളിൽ മായം കലർത്തുന്നതിനെതിരെ നിയമ നിർമ്മാണം**

289 (4072) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ബ്രാൻഡുകളിലായി വില്പനയ്ക്കെത്തുന്ന ഭക്ഷ്യവസ്തുക്കൾ, കറി പൗഡറുകൾ എന്നിവയിൽ മായം കലർത്തുന്നതിനെതിരെ കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തുമോ?

സംസ്ഥാനത്ത് വിവിധ ബ്രാൻഡുകളിലായി വില്പനയ്ക്കെത്തുന്ന ഭക്ഷ്യവസ്തുക്കൾ, കറി പൗഡറുകൾ എന്നിവയിൽ മായം കലർത്തുന്നതിനെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006-ലെ വ്യവസ്ഥകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്ത്യൻ

പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയാണ് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ നിയമം 2006 ഭക്ഷ്യസുരക്ഷാ റൂൾസ് & റെഗുലേഷൻ 2011 പ്രകാരമാണ് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത്. ടി വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിനോ നിയമനിർമ്മാണം നടത്തുന്നതിനോ ഇന്ത്യൻ പാർലമെന്റിന്റെ അംഗീകാരത്തോടുകൂടി കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിക്ക് മാത്രമേ സാധിക്കുകയുള്ളൂ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഭക്ഷ്യസുരക്ഷ വകുപ്പ് നടത്തിയ പരിശോധനകളിൽ എന്തെല്ലാം മാരകമായ വിഷപദാർത്ഥങ്ങളാണ് പ്രധാനമായും ഭക്ഷണത്തിൽ ചേർത്തതായി കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യത്തിൽ മായം കണ്ടെത്താൻ നടപടി

290 (4073) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപ്പനയ്ക്കെത്തുന്ന മത്സ്യത്തിൽ മായം കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

അയൽ സംസ്ഥാനങ്ങളിൽനിന്നും അതിർത്തി കടന്നെത്തുന്നതും സംസ്ഥാനത്തെ മാർക്കറ്റുകളിൽ ലഭ്യമാകുന്നതുമായ മത്സ്യം പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും റെയിൽവേ സ്റ്റേഷനുകൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ചും കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനകളിൽ കേടായ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 പ്രകാരം ടി മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ച് നിയമ നടപടികൾ സ്വീകരിച്ച വരുന്നു. മത്സ്യത്തിൽ രാസവസ്തുക്കൾ എന്തെങ്കിലും

ചേർത്തതായി സംശയമുണ്ടെങ്കിൽ കൂടുതൽ ശാസ്ത്രീയ പരിശോധനകൾക്കായി അനലിറ്റിക്കൽ ലാബുകളിൽ അയയ്ക്കുന്നു.

ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെ 8818 പരിശോധനകൾ നടത്തുകയും 498 നോട്ടീസ് നൽകുകയും 30,005 കിലോ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശരിയായി ഐസ് ഉപയോഗിക്കാത്തതുമൂലം കേടായ മത്സ്യം മാർക്കറ്റിൽ എത്തുന്നതായി കണ്ടെത്തുകയും അവ പിടിച്ചെടുത്ത് നശിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും മറ്റുരാജ്യങ്ങളിൽ നിന്നും വിൽപ്പനയ്ക്കെത്തുന്ന മത്സ്യങ്ങൾ പരിശോധിക്കാൻ നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ?

അയൽ സംസ്ഥാനങ്ങളിൽ നിന്നും, മറ്റ് രാജ്യങ്ങളിൽ നിന്നും അതിർത്തി കടന്നെത്തുന്നതും സംസ്ഥാനത്തെ മാർക്കറ്റുകളിൽ ലഭ്യമാകുന്നതുമായ മത്സ്യം, പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും, റെയിൽവേ സ്റ്റേഷനുകൾ, മാർക്കറ്റുകൾ എന്നിവ

കേന്ദ്രീകരിച്ചും കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തി വരുന്നു. പ്രസ്തുത പരിശോധനകളിൽ മത്സ്യത്തിൽ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുകയോ കേടായ മത്സ്യം കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 പ്രകാരം ടി മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ച് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത Test kit ഉപയോഗിച്ച് മത്സ്യത്തിൽ ഫോർമാലിൻ/അമോണിയയുടെ സാന്നിദ്ധ്യം തൽസമയം പരിശോധിക്കാൻ കഴിയുന്നു. രാസവസ്തുക്കൾ ചേർത്തതായി സംശയിക്കുന്ന മത്സ്യം കൂടുതൽ ശാസ്ത്രീയ പരിശോധനകൾക്ക് വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ അയച്ച് GCMSMS (Gas Chromatograph coupled with Mass Spectrophotometer), HPLC (High-Performance Liquid Chromatography) എന്നീ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഗുണനിലവാരം പരിശോധിച്ച് തുടർ

നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മത്സ്യത്തിലെ മായം കണ്ടെത്താൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഒരു നിയോജക മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർക്കാണ് ചുമതലയുള്ളത്. കൃത്യമായ ഇടവേളകളിൽ ചെക്ക് പോസ്റ്റുകൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. പരിശോധനകളുടെ ഭാഗമായി ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന മത്സ്യ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ അയച്ച് അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഗുണനിലവാരം പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത Test kit ഉപയോഗിച്ച് 14 ജില്ലകളിലും വിന്യസിച്ചിട്ടുള്ള മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സഹായത്തോടെ മത്സ്യത്തിൽ

ഫോർമാലിൻ/അമോണിയ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിക്കുവാൻ സംവിധാനം നിലവിലുണ്ട്. പരിശോധനാ സംവിധാനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഒരു റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയും പത്തനംതിട്ട ജില്ലയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയും അത്യാധുനിക സൗകര്യങ്ങളോടുകൂടി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**ഭക്ഷ്യ നിർമ്മാണ, വിതരണ സ്ഥാപനങ്ങൾ പാലിക്കേണ്ട വ്യവസ്ഥകൾ**

291 (4074) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പരിശോധനയെ തുടർന്ന് പൂട്ടുന്ന ഭക്ഷ്യ നിർമ്മാണ, വിതരണ സ്ഥാപനങ്ങൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പരിശോധനയെ തുടർന്ന് പൂട്ടുന്ന സ്ഥാപനങ്ങൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വൃത്തിഹീനമായ സാഹചര്യത്തിൽ നടത്തിയതായി കണ്ടെത്തി പൂട്ടിയ സ്ഥാപനങ്ങളുടെ ന്യൂനതകൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോയെന്ന് പ്രത്യേക സ്ക്വാഡ് പരിശോധിച്ച് Food Safety and Standards (Food Licensing and Registration) Regulation 2011-ലെ ഷെഡ്യൂൾ 4 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പരിശോധിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ കോമ്പൗണ്ടിംഗ് ഉൾപ്പെടെയുള്ള നടപടി പൂർത്തിയാക്കി തുറന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്.

സ്ഥാപനം ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നിലവിൽ കരസ്ഥമാക്കിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്.

തുടർ പരിശോധന നടത്തുന്നതിന്റെ ഭാഗമായി തയ്യാറാക്കുന്ന മഹസ്സർ

ഭക്ഷ്യ സംരംഭകർ, സാക്ഷികൾ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

FoSTaC ട്രെയിനിംഗ് സർട്ടിഫിക്കറ്റില്ലാത്ത സ്ഥാപനങ്ങൾ ഒരു മാസത്തിനുള്ളിൽ ട്രെയിനിംഗിന് ഹാജരായി സർട്ടിഫിക്കറ്റ് ലഭ്യമാക്കാമെന്നും മേലിൽ ന്യൂനതകൾ കൂടാതെ പ്രവർത്തിച്ചുകൊള്ളാമെന്നും ഭക്ഷ്യ സംരംഭകനിൽ നിന്നും ഒരു സത്യവാങ്മൂലം എഴുതി വാങ്ങുന്നതും ആയത് ഉറപ്പുവരുത്തുന്നതുമാണ്.

ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ മൂന്നുമാസത്തിനകം ഹൈജീൻ റേറ്റിംഗ് നടത്തി സർട്ടിഫിക്കറ്റ് ഹാജരാക്കാമെന്നുള്ള സത്യവാങ്മൂലം കൂടി എഴുതി വാങ്ങുന്നതും ആയത് ഉറപ്പുവരുത്തുന്നതുമാണ്.

പൂട്ടിയ സ്ഥാപനങ്ങൾ ആവർത്തിച്ച് കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുറന്ന് പ്രവർത്തിക്കുവാൻ അനുവാദം നൽകുകയുള്ളൂ. സ്ഥാപനങ്ങൾ ആവർത്തിച്ച് നിയമലംഘനം നടത്തുന്നുണ്ടോയെന്ന് അറിയുന്നതിനും പരിശോധിക്കുന്നതിനുംവേണ്ടി അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് ജില്ലകളിൽ സൂക്ഷിക്കുന്നതാണ്.

ഇപ്രകാരം തുറന്ന് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ രണ്ട് ആഴ്ചയ്ക്കകം പുനഃപരിശോധന നടത്തുന്നതാണ്. എന്നാൽ ഒരിക്കൽ സസ്പെൻഡ് ചെയ്ത ലൈസൻസ് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ അനുമതിയോടുകൂടി മാത്രമാണ് പിന്നീട് അനുവദിക്കുന്നത്.

(ബി) ഭക്ഷ്യസുരക്ഷയുടെ പരിശോധനയ്ക്ക് നിലവിൽ മറ്റ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഭക്ഷ്യ സുരക്ഷാ പരിശോധനകൾക്ക് നിലവിൽ മറ്റ് ഏജൻസികളെ ഒന്നും തന്നെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) ഭക്ഷ്യ നിർമ്മാണ, വിതരണ സ്ഥാപനങ്ങളിൽ മാനദണ്ഡ പ്രകാരം നിർദ്ദിഷ്ട ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ആഴ്ചയിൽ ഒരിക്കലെങ്കിലും പരിശോധന നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസറാണ് ചുമതല വഹിക്കുന്നത്. ലഭ്യമായ മാനവവിഭവശേഷി ഉപയോഗിച്ച് കാര്യക്ഷമമായി പരിശോധനകൾ നടന്നുവരുന്നു. ഭക്ഷ്യ നിർമ്മാണ, വിതരണ സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തി വരുന്നു.

(ഡി) പ്രസ്തുത പരിശോധനയിലൂടെ ഓരോ സ്ഥാപനത്തിനും ഹൈജീൻ റേറ്റിംഗ് ഏർപ്പെടുത്തുന്നതിനും പ്രസ്തുത റേറ്റിംഗ് അതത് സ്ഥാപനം ബോർഡ് വച്ച് പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണപദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി FSSAI-യുടെ സഹായത്തോടെ 14 ജില്ലകളിൽ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകി വരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 1100 ലധികം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവർക്ക് റേറ്റിംഗ് നല്കാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് ഏർപ്പെടുത്തുന്നതിനും അവ മൊബൈൽ ആപ്ലിക്കേഷൻവഴി പൊതുജനങ്ങൾക്ക് അറിയുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. മൊബൈൽ ആപ്ലിക്കേഷൻ, പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള പോർട്ടൽ എന്നിവ

പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

**ഭക്ഷ്യസുരക്ഷ പരിശോധന**

292(4075) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലും മറ്റ് റസ്റ്റോറന്റുകളിലും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ 2020 മുതൽ ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഹോട്ടലുകളിലും മറ്റ് റസ്റ്റോറന്റുകളിലും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ 2020 മുതൽ ഇതുവരെ ആകെ 34 അഡ്ജ്യൂഡിക്കേഷൻ കേസുകളും 59 പ്രോസിക്യൂഷൻ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചിട്ടുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | അഡ്ജ്യൂഡിക്കേഷൻ കേസുകൾ | പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| തിരുവനന്തപുരം | 0 | 1 |
| കൊല്ലം | 3 | 4 |

| | | |
|---|---|---|
| പത്തനംതിട്ട | 0 | 0 |
| ആലപ്പുഴ | 0 | 1 |
| കോട്ടയം | 0 | 0 |
| ഇടുക്കി | 0 | 0 |
| എറണാകുളം | 0 | 4 |
| തൃശ്ശൂർ | 3 | 3 |
| പാലക്കാട് | 0 | 0 |
| മലപ്പുറം | 0 | 1 |
| കോഴിക്കോട് | 28 | 43 |
| വയനാട് | 0 | 0 |
| കണ്ണൂർ | 0 | 1 |
| കാസർഗോഡ് | 0 | 1 |
| **ആകെ** | **34** | **59** |

(ബി) പ്രസ്തുത കാലയളവിൽ ഇപ്രകാരം നടത്തിയ പരിശോധനയിൽ നിയമലംഘനം നടത്തിയ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും ഭക്ഷ്യസുരക്ഷ ശക്തമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

പരിശോധനകളുടെ ഭാഗമായി 2020 ഏപ്രിൽ മുതൽ നാളിതുവരെ 32848 പരിശോധനകൾ നടത്തുകയും പരിശോധനയുടെ ഭാഗമായി 467 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 3980 സർവ്വെയലൻസ് സാമ്പിളുകളും

ശേഖരിക്കുകയുണ്ടായി. 4545 കോമ്പൗണ്ടിംഗ് നോട്ടീസുകളും, 4085 റെക്ടിഫിക്കേഷൻ നോട്ടീസുകളും നൽകുകയുണ്ടായി. 2,17,18,400/-രൂപ (രണ്ട് കോടി പതിനേഴ് ലക്ഷത്തി പതിനെട്ടായിരത്തി നാന്നൂറ് രൂപ മാത്രം) വിവിധ സ്ഥാപനങ്ങൾക്ക് പ്രസ്തുത കാലയളവിൽ പിഴചുമത്തുകയും ചെയ്തിട്ടുണ്ട്. ലാബ് പരിശോധനയിൽ 122 സാമ്പിളുകൾ Unsafe ആയും, 6 സാമ്പിളുകൾ Substandard ആയും, 5 സാമ്പിളുകൾ Misbranded ആയും കണ്ടെത്തുകയുണ്ടായി. ഈ കാലയളവിൽ ആകെ 18 സ്ഥാപനങ്ങളുടെ ലൈസൻസ് താൽകാലികമായി റദ്ദ് ചെയ്തിട്ടുള്ളതും കുറ്റക്കാർക്കെതിരെ 34 അഡ്ജ്യൂഡിക്കേഷൻ കേസുകളും 59 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുള്ളതാണ്.

(സി) പ്രസ്തുത കാലയളവിൽ പൂർണ്ണമായും ലൈസൻസ് റദ്ദ് ചെയ്ത് അടച്ചുപൂട്ടിയ എത്ര ഹോട്ടലുകൾ, റസ്റ്റോറന്റുകളുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും സ്ഥാപനങ്ങളുടെ പേര് വിവരങ്ങളും ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ പൂർണ്ണമായും ലൈസൻസ് റദ്ദ് ചെയ്ത് അടച്ച്

പൂട്ടിയ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഒന്നും തന്നെയില്ല. എന്നാൽ 2020-21 മുതൽ നാളിതുവരെ താൽക്കാലികമായി ലൈസൻസ് സസ്പെന്റ് ചെയ്ത ഹോട്ടലുകളുടെയും റസ്റ്റോറന്റുകളുടെയും ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| **ജില്ല** | **സസ്പെന്റ് ചെയ്ത ഹോട്ടലുകളുടെയും റസ്റ്റോറന്റുകളുടെയും എണ്ണം** |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 0 |
| പത്തനംതിട്ട | 10 |
| ആലപ്പുഴ | 0 |
| കോട്ടയം | 2 |
| ഇടുക്കി | 0 |
| എറണാകുളം | 0 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 0 |
| മലപ്പുറം | 3 |
| കോഴിക്കോട് | 0 |
| വയനാട് | 0 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 0 |
| **ആകെ** | **18** |

(ഡി) പ്രസ്തുത കാലയളവിൽ ഭക്ഷ്യസുരക്ഷ പരിശോധനയുടെ ഭാഗമായി ഈടാക്കിയ പിഴ എത്രയാണെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ ഭക്ഷ്യസുരക്ഷ പരിശോധനയുടെ ഭാഗമായി 2,17,18,400/- രൂപ (രണ്ട് കോടി പതിനേഴ് ലക്ഷത്തി പതിനെട്ടായിരത്തി നാന്നൂറ് രൂപ മാത്രം) പിഴ ചുമത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ചുമത്തിയ പിഴ (രൂപ) |
|---|---|
| തിരുവനന്തപുരം | 34,98,000 |
| കൊല്ലം | 22,11,500 |
| പത്തനംതിട്ട | 17,25,000 |
| ആലപ്പുഴ | 5,79,400 |
| കോട്ടയം | 16,82,500 |
| ഇടുക്കി | 4,75,500 |
| എറണാകുളം | 18,61,000 |
| തൃശ്ശൂർ | 17,73,000 |
| പാലക്കാട് | 13,34,500 |
| മലപ്പുറം | 9,20,500 |
| കോഴിക്കോട് | 22,29,500 |
| വയനാട് | 5,22,500 |

| | |
|---|---|
| കണ്ണൂർ | 11,62,500 |
| കാസർഗോഡ് | 17,43,000 |
| **ആകെ** | **2,17,118,400** |

## ഭക്ഷ്യവിഷബാധയെ തുടർന്നുള്ള പരിശോധന

293 (4076) <u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിഷബാധയെ തുടർന്നുള്ള പരിശോധനയിൽ എത്ര ഹോട്ടലുകൾക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2022 ഏപ്രിൽ മുതൽ നാളിതുവരെയുള്ള ഹോട്ടൽ പരിശോധനയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) എണ്ണ പലഹാരങ്ങൾ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങളിലും ഇത്തരം പരിശോധനകൾ നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് എണ്ണ പലഹാരങ്ങൾ നിർമ്മിക്കുന്ന കുടിൽവ്യവസായങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഉപയോഗിച്ച എണ്ണ തന്നെ വീണ്ടും വീണ്ടും പാചകത്തിനായി ഉപയോഗിക്കുന്നുയെന്ന പരാതികളുടെയും മറ്റും അടിസ്ഥാനത്തിൽ ഭക്ഷ്യ എണ്ണയുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കണമെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് RUCO. ഈ പദ്ധതിയുടെ ഭാഗമായി FSSAI അംഗീകാരമുള്ള Bio Diesel Manufacturers വഴി used oil collection agent-മാരുടെ സഹായത്തോടെ ഉപയോഗിച്ച എണ്ണ നിശ്ചിത പണം നൽകി തിരികെ ശേഖരിക്കുന്നു.

**പൊതുവിതരണ വകുപ്പിന്റെ മാനുവൽ പരിഷ്കരണം**

294(4077) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പിന്റെ 1978-ലെ മാനുവൽ പരിഷ്കരിക്കുന്നതിനും പൊതുവിതരണ വകുപ്പിന്റെ ചരിത്രം എഴുതി തയ്യാറാക്കുന്നതിനുമായി 2020-ൽ റിട്ടയേർഡ് റേഷനിംഗ് കൺട്രോളറെ

ച്ചുമതലപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ?

പൊതുവിതരണ വകുപ്പിന്റെ മാന്വൽ പരിഷ്കരിക്കുന്നതിനായി വകുപ്പിൽ നിന്നും ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ/സമാന തസ്തികയായ വിജിലൻസ് ഓഫീസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. വി. വേണുഗോപാലിനെ 24-01-2020-ലെ സ.ഉ.(കൈ)നം.4/2020/ഭ.പൊ.വി.വ പ്രകാരം നിയമിച്ചിരുന്നു.

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നോ; എങ്കിൽ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പരിഷ്കരിച്ച മാനുവലും വകുപ്പിന്റെ ചരിത്രവും എന്ന് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കാമോ?

(ബി&സി) ശ്രീ. വി. വേണുഗോപാൽ തയ്യാറാക്കിയ മാനുവലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി വകുപ്പിന്റെ ചരിത്രം, വകുപ്പുമായി ബന്ധപ്പെട്ട വിവിധ കേന്ദ്ര/സർക്കാർ ചട്ടങ്ങൾ, റൂളുകൾ, ഉത്തരവുകൾ എന്നിവ കൂടി ഉൾപ്പെടുത്തി ആയതിന്റെ കരട് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിന്മേൽ

സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) എത്ര തുകയാണ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർക്കാർ ചെലവാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. വി. വേണുഗോപാലിന്റെ കരാർ കാലയളവായ ഒൻപത് മാസത്തേയ്ക്ക് പ്രതിഫല ഇനത്തിൽ 4,48,305/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**മാവേലി സ്റ്റോർ**

295 (4078) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര താലൂക്കിൽ എത്ര പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര താലൂക്കിൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടില്ല.

(ബി) നാദാപുരം മണ്ഡലത്തിലെ കായക്കൊടി പഞ്ചായത്തിലെ കായക്കൊടിയിലും ചെക്ക്യാട് ഗ്രാമപഞ്ചായത്തിലെ കുറുവന്തേരിയിലും

മാവേലി സ്റ്റോർ അനുവദിക്കാൻ നൽകിയ കത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് നിലനിൽക്കുന്ന തടസ്സം എന്താണെന്ന് അറിയിക്കാമോ?

(ബി & സി) നാദാപുരം മണ്ഡലത്തിലെ കായക്കൊടി, ചെക്ക്യാട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. 10-03-2022-ലെ സ.ഉ.(സാധാ) നം. 587/2022/LSGD ഉത്തരവുപ്രകാരം ഒരു പഞ്ചായത്തിൽ രണ്ടാമത് വിൽപ്പനശാല ആരംഭിക്കുന്നതിന് ചുരുങ്ങിയത് 700 ചതുരശ്ര അടി സ്ഥലസൗകര്യമുള്ള കെട്ടിടം വാടക രഹിതമായി പഞ്ചായത്ത് കണ്ടെത്തി നൽകേണ്ടതും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി ഒരു ലക്ഷം രൂപ അനുവദിക്കേണ്ടതുമുണ്ട്. ആയതുപ്രകാരം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഭരണ സമിതി തീരുമാനം ലഭ്യമായിട്ടില്ല. നിലവിലെ നടപടിക്രമങ്ങൾ പ്രകാരം പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നിർദ്ദിഷ്ട

വില്പനശാലകളുടെ വിപണന സാധ്യത, ജീവനക്കാരുടെ ലഭ്യത എന്നിവ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ**

296 (4079) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

വിശപ്പു രഹിത കേരളം പദ്ധതിയുടെ ഭാഗമായുള്ള സുഭിക്ഷ ഹോട്ടലുകൾ ചങ്ങനാശ്ശേരി മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ?

അപേക്ഷകൾ ഒന്നും ലഭ്യമായിട്ടില്ല.

## വടക്കാഞ്ചേരി മണ്ഡലത്തിലെ കെ-സ്റ്റോർ പദ്ധതി

297(4080) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ കെ-സ്റ്റോർ പദ്ധതി ആദ്യഘട്ടത്തിൽ എവിടെയൊക്കെയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ തലപ്പിള്ളി താലൂക്കിലെ വരവൂർ പഞ്ചായത്തിലെ റേഷൻകട നമ്പർ 1842162, തിരുവില്വാമല പഞ്ചായത്തിലെ റേഷൻകട നമ്പർ 1842214 എന്നിവയെയാണ് കെ-സ്റ്റോർ പദ്ധതിയുടെ ആദ്യഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

## മുൻഗണനാ കാർഡ്

298 (4081) ശ്രീ. ഇ കെ വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടകര താലൂക്കിൽ മുൻഗണന കാർഡ് കൈവശം വച്ചിരുന്ന എത്ര അനർഹരെ കണ്ടെത്തിയിട്ടുണ്ട്?

440 പേർ.

(ബി) ഈ കാലയളവിൽ സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ നിന്നും എത്ര രൂപ വീതം ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

പിഴയിനത്തിൽ ഈടാക്കിയ തുക സംബന്ധിച്ച് താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ കാലയളവിൽ ഏറ്റവും കൂടുതൽ മുൻഗണനാ കാർഡ് നൽകിയ താലൂക്ക് ഏതെന്ന് അറിയിക്കാമോ?

കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് (13613 മുൻഗണനാ കാർഡുകൾ).

**സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകൾ**

299 (4082) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ആകെ റേഷൻ കാർഡുകൾ എത്രയെന്നും ഇതിൽ മഞ്ഞ, പിങ്ക്, നീല, വെള്ള, ബ്രൗൺ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗങ്ങളിലുള്ളവ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

| **വിഭാഗം** | **എണ്ണം** |
|---|---|
| എ.എ.വൈ (മഞ്ഞ) | 5,87,412 |
| പി.എച്ച്.എച്ച് (പിങ്ക്) | 35,40,066 |
| പൊതുവിഭാഗം സബ്സിഡി (നീല) | 23,11,318 |
| പൊതുവിഭാഗം നോൺ സബ്സിഡി (വെള്ള) | 28,77,505 |
| പൊതുവിഭാഗം സ്ഥാപനം (ബ്രൗൺ) | 27,787 |
| **ആകെ** | **93,44,088** |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകൾ എത്രയെന്നും അനുവദിച്ച് തീർപ്പാക്കിയത് എത്രയെന്നും വിവിധ വിഭാഗങ്ങൾ തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകൾ -340633

തീർപ്പാക്കിയവ -334431

| **വിഭാഗം** | **പുതുതായി അനുവദിച്ച** |
|---|---|

| | **റേഷൻകാർഡുകൾ** |
|---|---|
| പി.എച്ച്.എച്ച് (പിങ്ക്) | 78,583 |
| പൊതുവിഭാഗം നോൺ സബ്സിഡി (വെള്ള) | 2,49,048 |
| പൊതുവിഭാഗം സ്ഥാപനം (ബ്രൗൺ) | 6,800 |
| **ആകെ** | **3,34,431** |

(സി) സംസ്ഥാനത്ത് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ആരംഭിച്ച ഓപ്പറേഷൻ യെല്ലോ പദ്ധതിയനുസരിച്ച് അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വച്ചവരെ കണ്ടെത്തിയിട്ടുണ്ടോ; ഇവരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വച്ചവരിൽ നിന്നും ഓപ്പറേഷൻ യെല്ലോയുമായി ബന്ധപ്പെട്ട് പിഴയിനത്തിൽ ആകെ 4,19,19,486/- രൂപ ഈടാക്കിയിട്ടുണ്ട്.

**മാവേലിക്കര താലൂക്ക് സപ്ലൈ ഓഫീസിനു കീഴിലെ എ.എ.വൈ കാർഡുകൾ**

300(4083) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മാവേലിക്കര താലൂക്ക് സപ്ലൈ ഓഫീസിനുകീഴിൽ എത്ര മുൻഗണനാ എ.എ.വൈ. കാർഡുകളുണ്ടെന്ന് അറിയിക്കുമോ?

മുൻഗണനാ കാർഡുകൾ - 38,859

എ.എ.വൈ കാർഡുകൾ - 6,478

(ബി) മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകൾ മാവേലിക്കര സപ്ലൈ ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിക്കുമോ?

ലഭ്യമായ അപേക്ഷകൾ - 3160

മുൻഗണനയിലേയ്ക്ക് മാറ്റിയവ –2788

അർഹതയില്ലാത്തതിനാൽ നിരസിച്ചവ -372

**മലപ്പുറം ജില്ലയിലെ മുൻഗണനാലിസ്റ്റിൽ പുതുതായി ഉൾപ്പെട്ടവർ**

301(4084) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽ അർഹരായ എത്ര പേരെയാണ് പുതുതായി

മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ പുതുതായി മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയവരുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| **നം.** | **താലൂക്ക്** | **പുതുതായി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയവരുടെ എണ്ണം** |
|---|---|---|
| 1. | പൊന്നാനി | 1053 |
| 2. | തിരൂർ | 835 |
| 3. | തിരൂരങ്ങാടി | 252 |
| 4. | കൊണ്ടോട്ടി | 378 |
| 5. | ഏറനാട് | 733 |
| 6. | പെരിന്തൽമണ്ണ | 709 |
| 7. | നിലമ്പൂർ | 1877 |
| **ആകെ** | | **5837** |

**അന്ത്യോദയ-അന്നയോജന കാർഡുകൾ**

302(4085) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള അന്ത്യോദയ - അന്നയോജന (എ.എ.വൈ.) കാർഡുകളുടെ ആകെ എണ്ണം എത്രയാണെന്ന്

വ്യക്തമാക്കാമോ?

5,95,800 എണ്ണം.

(ബി) നിലവിൽ എത്ര പേർക്ക് എ.എ.വൈ. കാർഡുണ്ടെന്നും എ.എ.വൈ. കാർഡുകളുടെ നിലവിലുള്ള ഒഴിവുകൾ ഉടൻ നികത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

നിലവിൽ 5,87,412 പേർക്ക് എ.എ.വൈ. കാർഡുണ്ട്. എ.എ.വൈ വിഭാഗത്തിലെ ഒഴിവുകൾ നികത്തുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എ.എ.വൈ. കാർഡുകളുടെ ഒഴിവ് നികത്താത്തതുകൊണ്ട് എത്ര അളവ് അരി, ഗോതമ്പ് എന്നിവ ലാപ്സായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

എ.എ.വൈ. വിഭാഗത്തിലെ ഒഴിവുകൾ നികത്താത്തതിനാൽ ഭക്ഷ്യധാന്യ വിഹിതം നഷ്ടപ്പെട്ടിട്ടില്ല.

(ഡി) അവസാനമായി എ.എ.വൈ. കാർഡുകൾ അനുവദിച്ചത് എന്നാണെന്നും ഏതൊക്കെ താലൂക്കുകളിൽ നിന്നാണ് എ.എ.വൈ. കാർഡിനായി അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും ഓരോ താലൂക്കിൽ നിന്നും

ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ?

29-09-2022-ലാണ് സംസ്ഥാനത്ത് അവസാനമായി എ.എ.വൈ. കാർഡുകൾ അനുവദിച്ചത്. താലൂക്ക് തലത്തിൽ എ.എ.വൈ. കാർഡിനായി ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**പട്ടാമ്പി മണ്ഡലത്തിലെ മുൻഗണന റേഷൻ കാർഡുകൾ**

303(4086) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ എത്ര എ.പി.എൽ. റേഷൻ കാർഡുകൾ മുൻഗണന വിഭാഗത്തിലേക്ക് മാറ്റി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ നിന്ന് ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) പട്ടാമ്പി മണ്ഡലത്തിൽ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ 2,854 അപേക്ഷകളിൽ, അർഹതയുള്ളതായി കണ്ടെത്തിയ 1,311 കാർഡുകൾ മുൻഗണനയിലേക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാറ്റി നൽകി. എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

**അഗതി-അനാഥ വൃദ്ധ മന്ദിരങ്ങളിലെ അന്തേവാസികൾക്കുള്ള റേഷൻ വിതരണ പദ്ധതി**

304(4087) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻഗണനാ വിഭാഗം റേഷൻ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 1,54,80,040 അംഗങ്ങളെന്ന് കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. 2011-ലെ സെൻസസിനെ അടിസ്ഥാനമാക്കി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ പരിധിയിൽ സംസ്ഥാനത്തിൽ നിന്നും 46.34 ശതമാനം ജനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 2011-നുശേഷം സെൻസസ് നടന്നിട്ടില്ല. ആധാർ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം സംസ്ഥാനത്തിന്റെ ജനസംഖ്യ 3,53,30,888 ആയി ഉയർന്നിട്ടുണ്ട്. ടി ജനസംഖ്യയ്ക്ക് ആനുപാതികമായി 892294 (16372334 – 15480040) അംഗങ്ങളെ കൂടി മുൻഗണന വിഭാഗത്തിൽ

ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ജനസംഖ്യയിലുണ്ടായ വർദ്ധനവും റേഷനിംഗ് മേഖലയിൽ സംസ്ഥാനം 100% ആധാർ സീഡിംഗ് കൈവരിച്ചിട്ടുള്ളതും പരിഗണിച്ച് സംസ്ഥാനത്തിന്റെ മുൻഗണനാ പരിധിയും ഭക്ഷ്യധാന്യ വിഹിതവും വർദ്ധിപ്പിച്ച് നൽകുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആയത് പരിഗണിക്കാനാകൂയെന്നാണ് കേന്ദ്രം വ്യക്തമാക്കിയിട്ടുള്ളത്.

(ബി) അഗതി-അനാഥ-വൃദ്ധ മന്ദിരങ്ങളിലെ അന്തേവാസികൾക്കുള്ള റേഷൻ വിതരണ പദ്ധതിക്കായി നിലവിൽ കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്കും ഹോസ്റ്റലുകൾക്കുമായി 4/2022 മുതൽ 9/2022 വരെയുള്ള കാലയളവിലേയ്ക്ക് വെൽഫെയർ സ്കീമിലുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രത്തിൽ നിന്നും അനുവദിക്കുകയും ടി സാധനങ്ങൾ സമയബന്ധിതമായി വീണ്ടെടുത്ത്

ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 10/2022 മുതൽ 03/2023 വരെയുള്ള കാലയളവിലേയ്ക്ക് ടി സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നിശ്ചിത സമയത്ത് റേഷൻ കടകൾ തുറന്ന് പ്രവർത്തിക്കാൻ നടപടി**

305(4088) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് റേഷൻ കടകൾ നിശ്ചിത സമയക്രമം പാലിച്ച് തുറന്ന് പ്രവർത്തിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്നും നിശ്ചിത സമയക്രമം പാലിച്ച് തുറന്ന് പ്രവർത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

റേഷൻ വിതരണം തടസം കൂടാതെ നടത്തുന്നതിന് Aadhaar Authentication സാധ്യമാകുന്നതിനായി PDS സെർവർ കൂടാതെ രാജ്യത്തിന്റെ

പലഭാഗത്തായി സ്ഥിതി ചെയ്യുന്ന മറ്റ് 3 സെർവറുകൾ കൂടി ഒരേ സമയത്ത് കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയിൽ (AUA) നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA)യിലേക്കുള്ള നെറ്റ്‌വർക്ക് ട്രാഫിക്ക് അധികമായി കാണപ്പെടുകയും അതുമൂലം ബയോമെട്രിക് ഓതന്റിക്കേഷൻ നടക്കാതെ വരികയും ചെയ്ത സാഹചര്യത്തിലുണ്ടായ തിരക്ക് നിയന്ത്രിക്കുന്നതിനാണ് റേഷൻ വിതരണത്തിലെ സമയക്രമത്തിൽ മാറ്റം വരുത്തിയത്. സാങ്കേതിക തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് NIC ടീം, IT മിഷൻ, UIDAI എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA)സെർവറിൽ ഉണ്ടാകുന്ന നെറ്റ്‌വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC യുടെ(AUA)സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് രണ്ട് ഓതന്റിക്കേഷൻ യൂസർ ഐ.ഡി നിലവിൽ വരികയും ബയോമെട്രിക് ഓതന്റിക്കേഷൻ സുഗമമാകുകയും തുടർന്ന് റേഷൻ

വിതരണം തടസ്സം കൂടാതെ നടത്തുന്നതിന് സാധിക്കുകയും ചെയ്യും. 28-02-2023 ലെ സ.ഉ(സാധാ) നം. 88/2023/ഭ.പൊ.വി.വ പ്രകാരം റേഷൻ കടകളുടെ പ്രവർത്തന സമയം 01-03-2023 മുതൽ രാവിലെ 8.00 മുതൽ ഉച്ചയ്ക്ക് 12.00 വരെയും വൈകുന്നേരം 4.00 മുതൽ 7.00 മണി വരെയും പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങൾക്ക് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്യുന്നത്. സംസ്ഥാനത്തിന് ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളാണ് (പ്രതിമാസം 33294.198 മെ.ടൺ) മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നത്. പ്രസ്തുത ഭക്ഷ്യധാന്യങ്ങളുടെ അളവ് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തുന്നതിന് മുമ്പ് എ.പി.എൽ വിഭാഗത്തിന് ലഭ്യമായിരുന്ന ധാന്യത്തിന്റെ അളവിനെ (അധിക വിഹിതമുൾപ്പെടെ പ്രതിമാസം 68340 മെ.ടൺ) അപേക്ഷിച്ച്

കുറവായതിനാൽ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന് അനുകൂല മറുപടിയൊന്നും തന്നെ ലഭിച്ചിട്ടില്ല.

മുൻഗണനേതര വിഭാഗത്തിന് ലഭ്യമാകുന്ന ധാന്യത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കിലോഗ്രാമിന് 20 മുതൽ 22.50 രൂപ വരെ നൽകി എഫ്.സി.ഐ.യിൽ നിന്ന് അരി വാങ്ങി മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും 15 രൂപ നിരക്കിലും വിവിധ മാസങ്ങളിൽ വിതരണം ചെയ്തിരുന്നു. 2022 ഓണക്കാലത്തും അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2022 നവംബർ മാസത്തിലും മുൻഗണനേതര വിഭാഗത്തിന് അധിക അരി വിഹിതം വിതരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിരുന്നു. കൂടാതെ മിക്കവാറും എല്ലാ മാസവും അരിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ വെള്ളക്കാർഡുടമകൾക്ക് അധികമായി 6 മുതൽ 10 കിലോ വരെ അരി നൽകിവരുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 8 കിലോ അരി ഇങ്ങനെ നൽകിവരുന്നു.

## റേഷൻ വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി

306 (4089) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പി.എം.ജി.കെ.എ.വൈ. നിർത്തലാക്കിയതോടെ റേഷൻ വ്യാപാരികൾ പ്രതിസന്ധി നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വന്നതിനുശേഷം 10-11-2017-ലെ സ.ഉ.(കൈ) നം.29/17/ഭ.പൊ.വി.വ ഉത്തരവുപ്രകാരം വ്യാപാരികൾക്കുള്ള കമ്മീഷൻ പരിഷ്കരിക്കുകയും എന്നാൽ ആയതു പ്രകാരമുള്ള പാക്കേജ് താരതമ്യേന കുറവു വിൽപ്പനയുള്ള ഒരു വിഭാഗം വ്യാപാരികളെ പ്രതികൂലമായി ബാധിക്കുമെന്നും പ്രസ്തുത അപാകതകൾ പരിഹരിച്ചുകൊണ്ട് കമ്മീഷൻ പാക്കേജ് പരിഷ്കരിക്കണമെന്നുമുള്ള റേഷൻ വ്യാപാരി സംഘടനകളുടെ ആവശ്യത്തെത്തുടർന്ന് പാക്കേജ്

പരിഷ്കരണത്തിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് 30-11-2018 ലെ സ.ഉ.(കൈ) നം.46/2018/ ഭ.പൊ. വി.വ ഉത്തരവ് പ്രകാരം, വ്യാപാരി കമ്മീഷൻ വീണ്ടും പരിഷ്കരിക്കുകയും ചെയ്തു. ആയതു പ്രകാരമാണ് നിലവിൽ കമ്മീഷൻ നൽകി വരുന്നത്.

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെയുള്ള മാസങ്ങളിൽ പി.എം.ജി.കെ.എ.വൈ സ്കീമിൽ കേന്ദ്ര സർക്കാർ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്കായി അധിക ഭക്ഷ്യധാന്യം അനുവദിച്ചിരുന്നു. പി.എം.ജി.കെ.എ.വൈ സ്കീമിലെ അധിക ഭക്ഷ്യധാന്യ വിതരണമുണ്ടായിരുന്ന മാസങ്ങളിൽ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ കൂടുതൽ തുക ലഭ്യമായിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനെ അടിസ്ഥാനപ്പെടുത്തിയാണ് വ്യാപാരികൾക്കുള്ള കമ്മീഷൻ നിശ്ചയിച്ച് നല്കിയിട്ടുള്ളത്. ആയതിനാൽ പി.എം.ജി.കെ.എ.വൈ സ്കീം നിർത്തലാക്കിയത് 30-11-2018-ലെ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുള്ള

കമ്മീഷനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എം.ജി.കെ.എ.വൈ പദ്ധതി പുനരാരംഭിക്കുമെന്ന് കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല.

**കെ-സ്റ്റോർ പദ്ധതി**

307(4090) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറയിൻകീഴ് മണ്ഡലത്തിലെ ഏതെല്ലാം റേഷൻകടകളാണ് കെ-സ്റ്റോർ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ നിന്നുമുള്ള റേഷൻകടകൾ കെ-സ്റ്റോർ പ്രാഥമികഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചിറയിൻകീഴ് താലൂക്കിൽ ഉൾപ്പെടുന്ന 1104290-ാം നമ്പർ റേഷൻകടയെ കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിലേക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.

**നീല, വെള്ള കാർഡുടമകൾക്ക് അരി വിഹിതം വർദ്ധിപ്പിക്കാൻ നടപടി**

308(4091) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട നീല, വെള്ള കാർഡുടമകൾക്ക് പരിമിതമായ തോതിലാണ് റേഷൻ ലഭിക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കാർഡുടമകൾക്ക് അരി വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യത്തിനുപരിയായി ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ധാന്യമാണ് (പ്രതിമാസം 33294.198 മെ.ടൺ) മുൻഗണനേതര വിഭാഗത്തിന് (നീല, വെള്ള കാർഡുകൾക്ക്) വിതരണം ചെയ്തു വരുന്നത്. ഭക്ഷ്യ ഭദ്രതാനിയമം നടപ്പിൽ വരുന്നതിനു മുൻപ് എ.പി.എൽ വിഭാഗത്തിന് അധിക വിഹിതമുൾപ്പടെ പ്രതിമാസം 68340 മെ.ടൺ ധാന്യം ലഭ്യമായിരുന്ന സ്ഥാനത്ത് ടൈഡ് ഓവർ വിഹിതമായി 33294.198 മെ.ടൺ ധാന്യം മാത്രമേ

നിലവിൽ ലഭ്യമാകുന്നുള്ളൂ. ആയതിനാൽ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത ആവശ്യം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ല.

മുൻഗണനേതര വിഭാഗത്തിന് ലഭ്യമാകുന്ന ധാന്യത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കി.ഗ്രാമിന് 20 മുതൽ 22.50 രൂപ വരെ നൽകി എഫ്.സി.ഐ.-യിൽ നിന്ന് അരി വാങ്ങി മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും 15 രൂപ നിരക്കിലും വിവിധ മാസങ്ങളിൽ വിതരണം ചെയ്തിരുന്നു. കൂടാതെ 2022 ഓണക്കാലത്തും അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2022 നവംബർ മാസത്തിലും മുൻഗണനേതര വിഭാഗത്തിന് അധിക അരി വിഹിതം വിതരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിരുന്നു. കൂടാതെ അരി വിഹിതം കുറവായ വെള്ള കാർഡുടമകൾക്ക് അരിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ 6 മുതൽ 10 കിലോ വരെ അരി നൽകി വരുന്നു.

**കൊല്ലം താലൂക്കിൽ പുതിയ റേഷൻ ഡിപ്പോകൾ**

309 (4092) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിനുകീഴിലുള്ള പരവൂർ, ചാത്തന്നൂർ എന്നീ ഫർക്കകളിൽ പുതിയ റേഷൻ ഡിപ്പോകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരവൂർ ഫർക്കയിൽ നോട്ടിഫിക്കേഷൻ നമ്പർ 13/2022 പ്രകാരം റേഷൻ കട നമ്പർ 246, ചാത്തന്നൂർ ഫർക്കയുടെ കീഴിൽ നോട്ടിഫിക്കേഷൻ നമ്പർ 23/2022 പ്രകാരം റേഷൻ കട നമ്പർ 287 എന്നിവ അനുവദിച്ചിട്ടുണ്ട്.

(ബി) പുതിയ കുടുംബങ്ങളുടെ എണ്ണം വളരെയേറെ വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഫർക്കകളിൽ പുതിയ റേഷൻ ഡിപ്പോകൾ ആരംഭിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം അറിയിക്കുമോ?

റദ്ദ് ചെയ്യപ്പെടുന്ന കടകൾക്ക് പുതിയ ലൈസൻസ്

അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫർക്കകളിൽ പുതിയ റേഷൻ കടകൾ അനുവദിക്കാൻ കഴിയുമോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിൽ സ്മാർട്ട് റേഷൻ കടകൾ**

310 (4093) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനുമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം വിശദമാക്കുമോ;

(ബി) ഏതൊക്കെ പ്രദേശങ്ങളിൽ നിന്നാണ് അപേക്ഷകൾ ലഭ്യമായിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

(എ&ബി) പുതിയ റേഷൻ കടയ്ക്കായി പെരുങ്കടവിള പഞ്ചായത്തിലെ

അയിരൂർ, അമ്പൂരി പഞ്ചായത്തിലെ തുടിയക്കോണം എന്നീ പ്രദേശങ്ങളിൽ നിന്നും രണ്ട് അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ നടപടികൾ തുടർന്നുവരുന്നു. റേഷൻ കടമുറി മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാറശ്ശാല, കുന്നത്തുകാൽ, വെള്ളറട, പെരുങ്കടവിള ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഏഴ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പാറശ്ശാല മണ്ഡലത്തിലെ എത്ര റേഷൻ കടകളെയാണ് സ്മാർട്ട് റേഷൻ കടകളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) മണ്ഡലത്തിലെ എല്ലാ റേഷൻ കടകളെയും സ്മാർട്ട് റേഷൻ കടകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി & ഡി) സ്മാർട്ട് റേഷൻ കട (കെ-സ്റ്റോർ) പദ്ധതിയിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നുമുള്ള റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് എല്ലാ ജില്ലകളിൽ നിന്നുമായി 73 റേഷൻ കടകളെയാണ് ആദ്യ ഘട്ടത്തിൽ സ്മാർട്ട് റേഷൻ കടകളാക്കാൻ തിരഞ്ഞെടുത്തിട്ടുള്ളത്.

ടി പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തിയാക്കി അത് വിലയിരുത്തിയ

ശേഷം കൂടുതൽ കടകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

**ഭക്ഷ്യധാന്യങ്ങൾ വീടുകളിൽ എത്തിച്ച് നൽകാൻ പദ്ധതി**

311(4094) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ദെലീമ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടയിൽ പോയി ഭക്ഷ്യധാന്യങ്ങൾ വാങ്ങാൻ കഴിയാത്തവർക്ക് സന്നദ്ധ സേവകരായ ഓട്ടോറിക്ഷ തൊഴിലാളികളുടെ പങ്കാളിത്തത്തോടെ സാധനങ്ങൾ വീടുകളിൽ എത്തിച്ച് നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ നേരിട്ട് കടകളിലെത്താൻ കഴിയാത്ത അതിദരിദ്രരായ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻസാധനങ്ങൾ എല്ലാ മാസവും 10-ാം തീയതിക്കുമുമ്പ് സൗജന്യമായി വീട്ടിലെത്തിക്കുന്നതിന് ഓട്ടോറിക്ഷാത്തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് 'ഒപ്പം' എന്ന പദ്ധതി ആവിഷ്കരിക്കുകയും തൃശ്ശൂർ

ജില്ലയിലെ പൂച്ചട്ടിയിൽ ടി പദ്ധതിയുടെ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷയിലൂടെ വിശപ്പുരഹിത കേരളം എന്ന ലക്ഷ്യം നേടുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം നൽകുക വഴി സംസ്ഥാനത്തെ പട്ടിണി നിർമ്മാർജ്ജനം ചെയ്യുകായെന്ന ഉദ്ദേശ്യത്തോടുകൂടി 'വിശപ്പുരഹിത കേരളം' പദ്ധതി ആരംഭിക്കുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അശരണർ, കിടപ്പുരോഗികൾ എന്നീ വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ഭക്ഷണം സൗജന്യമായി അവരുടെ താമസസ്ഥലത്ത് എത്തിച്ചുകൊടുക്കുകയും പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി "സുഭിക്ഷ" പദ്ധതിയുടെ കീഴിൽ ആവശ്യക്കാർക്ക് ഊണ് ഒന്നിന് 20/- രൂപ നിരക്കിൽ നൽകുന്നതിനായി സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 52 നിയോജക

മണ്ഡലങ്ങളിലായി 50 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു.

(സി) പട്ടികഗോത്രങ്ങളിൽപ്പെട്ടവർക്ക് വീടുകളിൽ റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്ന പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ആദിവാസി ഊരുകളിൽ എത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയിലൂടെ വനമേഖലയിലെ അപകടകരമായ സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ജീവനക്കാർ നേരിട്ടെത്തി റേഷൻ വിതരണം കാര്യക്ഷമമായി നടത്തി വരുന്നു. 10 ജില്ലകളിലെ 134 ആദിവാസി മേഖലകളിൽ ടി പദ്ധതി പ്രകാരം റേഷൻവിതരണം നടക്കുന്നുണ്ട്.

**റേഷൻ സാധനങ്ങൾ വീട്ടുപടിക്കൽ**

312 (4095) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലെത്തി റേഷൻ വാങ്ങാൻ ബുദ്ധിമുട്ടുള്ളവർക്ക് വീട്ടുപടിക്കൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനായി പ്രത്യേക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഇതിനായി ഗുണഭോക്താക്കൾ അധിക തുക നൽകേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇ-പോസ് മെഷീനുകൾ വീടുകളിൽ എത്തിക്കുന്നതിനുള്ള അസൗകര്യം പരിഗണിച്ച് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ സുതാര്യത നിലനിർത്തുന്നതിനായി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ നേരിട്ട് കടകളിലെത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ

ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷാ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിലെത്തിക്കുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് "ഒപ്പം"പദ്ധതി രൂപീകരിച്ച് തൃശ്ശൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വീടുകളുടെ ഏറ്റവും സമീപത്തുള്ള ഓട്ടോറിക്ഷാ തൊഴിലാളികളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല. ഓട്ടോറിക്ഷാ തൊഴിലാളികളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തുന്ന പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10-ന് മുമ്പ് സൗജന്യമായി വീട്ടിൽ ലഭ്യമാക്കും. ടി പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ആദിവാസി കോളനികളിൽ റേഷൻ ഭക്ഷ്യവസ്തുക്കൾ നേരിട്ടെത്തിക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയുടെ മാതൃകയിലാണ് 'ഒപ്പം' പദ്ധതിയും നടപ്പിലാക്കുന്നത്. പദ്ധതിയുടെ സുതാര്യത ഉറപ്പാക്കാൻ, റേഷൻ് കാർഡ് ഉടമയിൽ നിന്ന് ലഭിക്കുന്ന രസീത് മാനുവൽ രജിസ്റ്ററിൽ

രേഖപ്പെടുത്തുകയും ആയതിന്റെ വിവരങ്ങൾ അന്നുതന്നെ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ ഇ-പോസ് മെഷീനുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിനാൽ "ഒപ്പം"പദ്ധതി പരാതിരഹിതവും കാര്യക്ഷമവുമായി നടപ്പാക്കാൻ സാധിക്കും.

**റേഷൻ വാതിൽപടി വിതരണം**

313(4096) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടിക വിഭാഗങ്ങളിൽപ്പെട്ടവരും മത്സ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കിയ സഞ്ചരിക്കുന്ന റേഷൻ കടകൾ മുഖേന റേഷൻ സാധനങ്ങൾ വാതിൽപടി വിതരണം നടത്തിയതിന്റെ വിശദാംശം നൽകാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 30-ന്റെ അടിസ്ഥാനത്തിൽ ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുകായെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക്

ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻകട'. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽ നിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുകായെന്നതാണ് പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി റേഷൻ വിതരണം നടത്തി വരുന്നു. 2017-ൽ തൃശ്ശൂരിൽ ആരംഭിച്ച പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ 19 താലൂക്കുകളിലായി നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഓരോ ജില്ലയിലേയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് ടി പദ്ധതിയ്ക്കുള്ള അനുമതി നൽകി വരുന്നു.

മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ടി പദ്ധതിയുടെ ആവശ്യകതയുണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം ആയതിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊണ്ടോട്ടി താലൂക്ക് ഭക്ഷ്യ സംഭരണ കേന്ദ്രം**

314 (4097) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിനുകീഴിൽ എത്ര റേഷൻ ഗുണഭോക്താക്കളും എത്ര റേഷൻ കടകളുമുണ്ടെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിന് കീഴിൽ 465233 റേഷൻ ഗുണഭോക്താക്കളും 121 റേഷൻ കടകളുമുണ്ട്.

(ബി) ഈ റേഷൻ കടകളിലേക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുന്നത് ഏതെല്ലാം ഗോഡൗണുകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ?

തിരൂരങ്ങാടി NFSA ഗോഡൗണിൽ നിന്നുമാണ് റേഷൻ വിതരണം നടത്തുന്നത്.

(സി) കൊണ്ടോട്ടി താലൂക്കിൽ നാഷണൽ ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഓഫീസും ഭക്ഷ്യ സംഭരണ ഗോഡൗണും നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി താലൂക്കിന്റെ പരിധിയിൽ എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുവാനായി റവന്യൂ ഭൂമി ലഭ്യമല്ലെന്ന് തഹസിൽദാർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമി ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരുന്നെങ്കിലും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമേ സ്ഥലം അനുവദിക്കുകയുള്ളൂവെന്ന് യൂണിവേഴ്സിറ്റി അറിയിക്കുകയുണ്ടായി. ടി സ്ഥലം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. കിൻഫ്ര പാർക്ക്, കാക്കഞ്ചേരിയുടെ കീഴിലുള്ള സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും ആയത് വ്യാവസായിക ആവശ്യങ്ങൾക്കുമാത്രമേ അനുവദിക്കുകയുള്ളൂയെന്ന് കിൻഫ്ര അധികൃതർ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചിട്ടില്ല. ഫുഡ് സേഫ്റ്റി

ആക്റ്റ് പ്രകാരമുള്ള ഓഫീസ് സ്ഥാപനം ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്.

**മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്തൽ**

315 (4098) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാവേലി സ്റ്റോറുകളാണ് സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയിട്ടുള്ളത്; ജില്ല തിരിച്ച് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 21 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ പ്രതിമാസ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിൽപ്പനയുടെ അടിസ്ഥാനത്തിൽ (കുറഞ്ഞത് 10 ലക്ഷം) വിപണന സാധ്യതയും സ്ഥല ലഭ്യതയും പരിഗണിച്ച് സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടക രഹിതമായോ/വാടക ഇളവിലോ ലഭ്യമാകുന്ന മുറയ്ക്ക്, ആവശ്യമായ സാധ്യതാപഠനം നടത്തിയും വിൽപ്പന സാധ്യത വിലയിരുത്തിയും പ്രവർത്തന നഷ്ടം ഉണ്ടാവില്ലായെന്നത് ഉറപ്പു വരുത്തിയും ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം കൂടി ഏർപ്പെടുത്തിക്കൊണ്ട് മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും കുറഞ്ഞത് 1500 ച.അടി സ്ഥല സൗകര്യം ലഭിക്കുന്ന മുറയ്ക്ക് വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ ആധുനികമായ ഉപഭോക്തൃ സൗഹൃദ സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തി സൂപ്പർ മാർക്കറ്റുകളായും ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ പുതിയ മാവേലി സൂപ്പർ സ്റ്റോറുകൾ**

316 (4099)ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതിയ മാവേലി സൂപ്പർ സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് അനുവദിക്കുന്നതെന്നും ആയതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ പുതിയ മാവേലി സൂപ്പർസ്റ്റോറുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ല് സംഭരണത്തിനുള്ള ഒരുക്കങ്ങൾ**

317(4100) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ രണ്ടാംവിള നെല്ല് സംഭരണത്തിന്റെ

ഭാഗമായി എന്തെല്ലാം ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

രണ്ടാംവിള നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷനായി ഡിസംബർ 1 മുതൽ രജിസ്ട്രേഷൻ സൈറ്റ് കർഷകർക്ക് തുറന്ന് കൊടുക്കുകയും ഫീൽഡ് തലത്തിൽ ആവശ്യമുള്ള ഉദ്യോഗസ്ഥരെ വിന്യസിക്കുകയും ചെയ്തു. നെല്ല് സംഭരണ പദ്ധതിയെക്കുറിച്ചും ഇതിനായി രജിസ്ട്രേഷൻ നടത്തേണ്ട ആവശ്യകതയെക്കുറിച്ചും നെല്ല് സംഭരണവേളയിൽ കർഷകർ അനുവർത്തിക്കേണ്ടുന്ന കാര്യങ്ങളെക്കുറിച്ചും നെല്ല് സംഭരിക്കുമ്പോൾ പാലിക്കേണ്ട ഗുണനിലവാര മാനദണ്ഡങ്ങളെക്കുറിച്ചും കർഷകർക്ക് അവബോധം നൽകുന്നതിനായി കർഷകരുടെ യോഗങ്ങൾ സംഘടിപ്പിച്ചു. നെല്ല് സംഭരണം സുഗമമായി നടത്തുന്നതിലേക്കായി മില്ലുടമകളുടെ യോഗം വിളിച്ചുചേർത്തു. നിലവിൽ 62 മില്ലുകൾ supplyco-യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ മില്ലുകൾക്ക് എല്ലാം തന്നെ പാലക്കാട് ജില്ലയിൽ നിന്നും നെല്ല് സംഭരിക്കുവാൻ അനുമതി നൽകുന്നതാണ്.

(ബി) പ്രസ്തുത ജില്ലയിലെ കർഷകർക്ക് നെല്ല് നൽകിയ ഇനത്തിലെ

തുക സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കർഷകർക്ക് സമയബന്ധിതമായി നെല്ലിന്റെ വില നൽകുന്നതിനായി SBI, FEDERAL BANK, CANARA BANK എന്നിവർ ചേർന്നുള്ള കൺസോർഷ്യത്തിൽ നിന്നും 2500 കോടി രൂപ കടമെടുത്തിരുന്നു. എന്നാൽ മുൻകാലങ്ങളിൽ നെല്ല് സംഭരണത്തിനായി കർഷകരുടെ പേരിലെടുത്ത PRS ലോണിന്റെ തിരിച്ചടവ് വൈകുന്നതുമൂലം CIBIL SCORE കുറയുന്നത് പോലെയുള്ള ബുദ്ധിമുട്ടുകൾ കർഷകർക്ക് ഉണ്ടാകുന്നുവെന്ന് മനസ്സിലാക്കി ലോൺ തുകയിൽ ഏകദേശം 2100 കോടി PRS ലോൺ തിരിച്ചടവിനായി വിനിയോഗിക്കേണ്ടി വന്നു. ആയതിനാൽ കർഷകർക്ക് ജനുവരി 31 വരെയുള്ള കുടിശ്ശിക തീർക്കുന്നതിനായി 200 കോടി രൂപ KERALA ബാങ്കിൽ നിന്നും PRS ലോണായി സ്വീകരിച്ചു. ഇതിനോടൊപ്പം തന്നെ SUPPLYCO-യുടെ കടമെടുപ്പ് പരിധി 3500 കോടി രൂപയാക്കുന്നതിനും മറ്റു ബാങ്കുകളിൽനിന്നോ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നോ ലോൺ എടുക്കുന്നതിന്മേലും സാധ്യത പരിശോധിച്ചുവരികയാണ്. 28-02-2023

തീയതി വരെ പാലക്കാട് ജില്ലയിൽ മാത്രം 45,995 കർഷകർക്ക് 318.78 കോടി രൂപ നെല്ലിന്റെ വിലയിനത്തിൽ നൽകികഴിഞ്ഞിട്ടുള്ളതും ഇനി 337 കർഷകർക്ക് 2.05 കോടി രൂപ കൊടുത്തു തീർക്കുവാനുള്ളതുമാണ്. രണ്ടാംവിളയുമായി ബന്ധപ്പെട്ട് സംഭരിച്ച നെല്ലിന്റെ വിലനൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിലുള്ള കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം**

318(4101) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിലുള്ള കൃത്യത ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന വിവരം വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിലുള്ള കൃത്യത ഉറപ്പ് വരുത്തുന്നതിനും എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്കുള്ള

സ്റ്റോക്ക് കൈമാറ്റം സാധ്യമാകുന്നതിനും www.scm.kerala.gov.in എന്ന ഒരു വെബ് പോർട്ടൽ രൂപീകരിക്കുകയും ആയതുവഴി റേഷൻ വിതരണം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2018 മെയ് മാസം മുതൽ പ്രസ്തുത പോർട്ടൽ മുഖേന വിതരണം നടന്നുവരുന്നു. ഓരോ എൻ.എഫ്.എസ്.എ ഡിപ്പോയിലെയും നിലവിലെ സ്റ്റോക്ക് പ്രസ്തുത പോർട്ടലിലെ ഹോം പേജിൽ (ലോഗിൻ ചെയ്യാതെ തന്നെ) കാണുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അരി, ഗോതമ്പ്, പഞ്ചസാര, ആട്ട എന്നീ ഓരോ ഇനങ്ങളിലേയും സ്റ്റോക്ക് വേർതിരിച്ച് അറിയുന്നതിനുള്ള സൗകര്യം ഹോം പേജിൽ ലഭ്യമാണ്. ഓരോ എൻ.എഫ്.എസ്.എ ഡിപ്പോകളിൽ നിന്നും റേഷൻ കടകൾക്ക് വിതരണം ചെയ്യുന്ന സ്റ്റോക്ക് വെബ് പോർട്ടലിൽ ലൈവ് അപ്ഡേഷൻ നടക്കുകയും അതത് എൻ.എഫ്.എസ്.എ ഡിപ്പോകളുടെ സ്റ്റോക്കിൽ നിന്നും കുറവ് വരുകയും ചെയ്യുന്നു. അതത് എൻ.എഫ്.എസ്.എ ഡിപ്പോകൾക്ക് അനുവദിച്ചിട്ടുള്ള പ്രത്യേകം ലോഗിനുകൾ വഴി എൻ.എഫ്.എസ്.എ ഡിപ്പോകളിൽ ഉദ്യോഗസ്ഥർക്ക് പരിശോധന നടത്തുന്നതിനും സ്റ്റോക്ക് കറക്ഷൻ വരുത്തുന്നതിനും സാധിക്കും.

**പാചക വാതക സിലിണ്ടറുകളുടെ ഡെലിവറി ചാർജ്**

319 (4102) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചക വാതക സിലിണ്ടർ വീടുകളിൽ എത്തിക്കുന്നതിന് ഡെലിവറി ചാർജ് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഗ്യാസ് ഏജൻസിയിൽ നിന്നും 5 കിലോമീറ്റർ ചുറ്റളവിൽ ഗ്യാസ് വിതരണം ചെയ്യുന്നത് സൗജന്യമായാണ്. 5 കിലോമീറ്ററിന് മുകളിലുള്ള നിരക്കുകൾ ഓരോ ജില്ലയിലും വ്യത്യാസപ്പെടാം. അതത് ജില്ലാ കളക്ടർമാരാണ് കാലാകാലങ്ങളിൽ ഡെലിവറി ചാർജ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഗ്യാസിന്റെ യഥാർത്ഥ വിലയ്ക്ക് പുറമെയാണ് ഡെലിവറി ചാർജ് ഈടാക്കുന്നത്. സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ എല്ലാ ജില്ലകളുടെയും ഡെലിവറി ചാർജ് വിവരങ്ങൾ

ലഭ്യമാണ്.

(ബി) ഡെലിവറി ചാർജ് നിർണ്ണയിക്കുന്നതിന്റെ ദൂരം കണക്കാക്കുന്നത് ഗ്യാസ് ഏജൻസിയിൽ നിന്നാണോ അതോ ഗോഡൗണിൽ നിന്നാണോയെന്ന് വ്യക്തമാക്കുമോ?

ഡെലിവറി ചാർജ് കണക്കാക്കുന്നത് എൽ.പി.ജി ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോറൂമിൽ (ഏജൻസി ഓഫീസ്) നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കിയാണ്.

(സി) ഡെലിവറി ചാർജ്ജിനത്തിൽ ഏജൻസികൾ അധിക തുക ഈടാക്കുന്നതിനെതിരെ പൊതുജനങ്ങൾ ആർക്കാണ് പരാതി നൽകേണ്ടതെന്ന് അറിയിക്കുമോ?

ജില്ലാ കളക്ടർ, സിവിൽ സപ്ലൈസ് കമ്മീഷണർ, ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ എന്നിവർക്കും ഓരോ ജില്ലയിലും മൂന്ന് മാസത്തിലൊരിക്കൽ നടക്കുന്ന ഓപ്പൺ ഫോറത്തിലും പരാതി നൽകാവുന്നതാണ്. കൂടാതെ ബന്ധപ്പെട്ട ഓയിൽ കമ്പനികളുടെ കസ്റ്റമർ

റിലേഷൻ സെന്ററിലും പരാതി നൽകാവുന്നതാണ്.

**പ്ലാൻ ഫണ്ടും സി.എഫ്.സി. ഗ്രാൻഡും ഉപയോഗിച്ച് തോട്ടം മേഖലയിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ**

320(4103) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ട്, സി.എഫ്.സി. ഗ്രാൻഡ് എന്നിവ ഉപയോഗിച്ച് തോട്ടം മേഖലയിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് സ്ഥലം നൽകിവന്നിരുന്നത് തോട്ടമുടമകൾ നൽകുന്ന എൻ.ഒ.സി. വച്ചായിരുന്നു. എന്നാൽ നിലവിലെ നിർമ്മാണ പ്രവൃത്തികൾക്ക് പ്രസ്തുത എൻ.ഒ.സി. വച്ച് അനുമതി നൽകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടുക്കി, വയനാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ പ്ലാൻ ഫണ്ട്, സി.എഫ്.സി. ഗ്രാൻഡ് എന്നിവ ഉപയോഗിച്ചുള്ള തോട്ടം മേഖലയിലെ പ്രവൃത്തികൾ തോട്ടം ഉടമകൾ നൽകുന്ന എൻ.ഒ.സി. വച്ച് നിർവ്വഹിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(എ&ബി) തോട്ടം മേഖല ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ തോട്ടമുടമകളുടെ എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിലാണ് റോഡ്, കുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തികൾ നടത്തുന്നത്. ചില ജില്ലകളിൽ എൻ.ഒ.സി ലഭിക്കുന്നതിന് കാലതാമസവും ചില പ്രവൃത്തികൾക്ക് എൻ.ഒ.സി ലഭിക്കാതിരിക്കുന്ന സാഹചര്യവും നിലവിലുണ്ട്.

**അതിദാരിദ്ര്യം തുടച്ചു നീക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

321(4104) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യം തുടച്ചു നീക്കുമെന്ന പ്രഖ്യാപനത്തിന്റെ തുടർച്ചയായി അതിദരിദ്രരെ കണ്ടെത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) രാജ്യത്ത് ആദ്യമായി പരമ ദരിദ്ര കുടുംബങ്ങളെയെല്ലാം സർക്കാർ ചെലവിൽ സംരക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി

ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്?

അതിദരിദ്ര നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്ത് കണ്ടെത്തിയ 64006 കുടുംബങ്ങളെ അതിദരിദ്ര അവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിനുള്ള മൈക്രോ പ്ലാനുകൾ അതത് തദ്ദേശസ്ഥാപനതലത്തിൽ തയ്യാറാക്കി അതിദരിദ്രർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതിദരിദ്ര കുടുംബങ്ങൾക്കുള്ള മൈക്രോപ്ലാനിൽ ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ, ഹ്രസ്വകാലത്തേയ്ക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ, ദീർഘകാല പദ്ധതികൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. ഉടൻ നടപ്പിലാക്കുന്ന സേവനങ്ങളിൽ ഭക്ഷണം, ആരോഗ്യപരിശോധന, മരുന്നുകൾ, അവകാശരേഖകൾ ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടും. ഹ്രസ്വകാല പദ്ധതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പഠന സൗകര്യങ്ങൾ ഒരുക്കൽ, സ്ഥിരമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തൽ മുതലായവയും

ദീർഘകാല സമഗ്ര പദ്ധതികളിൽ മാനസിക ആരോഗ്യ ചികിത്സയ്ക്ക് ശേഷമുള്ള പുനരധിവാസം/അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവന പദ്ധതികൾ തുടങ്ങിയവ ലഭ്യമാക്കൽ, വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം മുതലായ ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങളും ഉൾപ്പെടുന്നുണ്ട്.

(സി) ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരം കുടുംബങ്ങളെ സ്വയം പര്യാപ്തരാക്കുന്നതിന് മൈക്രോ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ?

ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരം കുടുംബങ്ങൾക്കുള്ള സേവനങ്ങൾ നൽകുന്നതിനായുള്ള മൈക്രോ പ്ലാനുകൾ അതത് തദ്ദേശസ്ഥാപന തലത്തിൽ തയ്യാറാക്കി വരുന്നുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി**

322(4105) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ചാവക്കാട് നഗരസഭയിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളെ കുറിച്ച് വിശദമാക്കാമോ?

(എ&ബി) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ചാവക്കാട് മുനിസിപ്പിലിറ്റിയിൽപ്പെട്ട മണത്തല വില്ലേജിൽ സർവ്വേ നമ്പർ 75/3-ൽപ്പെട്ട 50 സെന്റ് സ്ഥലത്ത് പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് നഗരസഭ സന്നദ്ധത അറിയിച്ചിരുന്നു. ആയത് പരിശോധിച്ച് വരുന്നു. ടി നിയോജക മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള മറ്റ് പ്രൊപ്പോസലുകൾ ഒന്നും തന്നെ നിലവിലില്ല.

**ലൈഫ് മിഷൻ**

323(4106) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം ലൈഫ് പദ്ധതിക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) വകയിരുത്തിയ തുകയിൽ എത്രയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) പഞ്ചായത്ത് പ്രദേശങ്ങളിലെ വീടില്ലാത്തവർക്ക് വീടും ഭൂമിയില്ലാത്തവർക്ക് ഭൂമിയ്ക്കൊപ്പം പാർപ്പിടവും നിർമ്മിച്ച് നൽകാനുമായി റൂറൽ ലൈഫ് പാർപ്പിട പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ?

റൂറൽ ലൈഫ് പാർപ്പിട പദ്ധതിക്കായി ബന്ധപ്പെട്ട ശീർഷകത്തിൽ ആകെ 525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഈ തുകയിൽ ഇതുവരെ എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

28-02-2023 വരെ 44.26 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ലൈഫ് മിഷൻ ഒന്നാംഘട്ടം എപ്പോഴാണ് പ്രഖ്യാപിച്ചതെന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അന്തിമ പട്ടികയിൽ എത്ര പേരെ ഉൾപ്പെടുത്തിയെന്നും എത്രപേർക്ക് വീട് നൽകിയെന്നും വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാംഘട്ടം - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

ലൈഫ് ഭവന പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായുള്ള പ്രവർത്തനങ്ങൾ സർക്കാരിന്റെ 11-10-2017-ലെ സ.ഉ (എം.എസ്)196/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമാണ് ആരംഭിച്ചിട്ടുള്ളത്. ലൈഫ് ഒന്നാംഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ളവരും വീടിനായി ഏതെങ്കിലും സർക്കാർ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായി 2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിൽ ഏർപ്പെടുകയോ ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്തെങ്കിലും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത 54,116 ഭവനങ്ങളെ കണ്ടെത്തുകയാണുണ്ടായത്. ഇതിൽ 52,680 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(എഫ്) ലൈഫ് മിഷൻ രണ്ടാം ഘട്ടം എപ്പോഴാണ് പ്രഖ്യാപിച്ചതെന്നും അന്തിമ പട്ടികയിൽ എത്ര പേരെ ഉൾപ്പെടുത്തിയെന്നും എത്രപേർക്ക് വീട് നൽകിയെന്നും വ്യക്തമാക്കാമോ?

<u>രണ്ടാംഘട്ടം - ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം</u>

ലൈഫ് രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാരിന്റെ 06-02-2017-ലെ സ.ഉ (സാധാ) 328/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമാണ് ആരംഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിൽ 1,70,452 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ അർഹരായി കണ്ടെത്തിയ 1,02,542 ഗുണഭോക്താക്കളിൽ 99,784 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ അഡീഷണൽ ലിസ്റ്റ്, ലൈഫ് പി.എം.എ.വൈ. (ഗ്രാമീൺ), ലൈഫ് പി.എം.എ.വൈ. (അർബൺ), വിവിധ വകുപ്പുകൾ എന്നിവ മുഖേനയുള്ള 2,05,506 ഭവനങ്ങൾക്കുൾപ്പെടെ ആകെ 3,05,290 ഗുണഭോക്താക്കൾ രണ്ടാം ഘട്ടത്തിൽ ഭവന നിർമ്മാണത്തിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 2,56,423 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 48,867 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(ജി) ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം.

ലൈഫ് മൂന്നാം ഘട്ടത്തിലേയും അഡീഷണൽ ലിസ്റ്റിലേയും ഭൂരഹിത/ ഭവനരഹിതരായി കണ്ടെത്തിയ 1,58,470 ഗുണഭോക്താക്കളിൽ സ്വന്തമായോ/വകുപ്പ് മുഖേനയോ ഭൂമി ആർജ്ജിച്ചവന്ന 33246 ഗുണഭോക്താക്കളിൽ 28,732 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 19,394 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 9,338 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. കൂടാതെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ നിന്നും 28,277 ഗുണഭോക്താക്കളും ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ലൈഫ് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലും അഡീഷണൽ ലിസ്റ്റിലുമായി 01-03-2023 വരെ 3,28,497 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഇതിനുപുറമെ കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ലൈഫ്

ഭൂരഹിത/ ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിൻപ്രകാരം 164 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഭൂമിവാങ്ങി നൽകിയിട്ടുണ്ട്. ഭൂമി കണ്ടെത്തിയ 54 ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത/ ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്നതിനായി ലൈഫ് മിഷൻ ആരംഭിച്ച മനസ്സോടിത്തിരിമണ്ണ് ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ 23.49 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്/വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

**ആദിവാസി കുടികളിലേക്കുള്ള പാലങ്ങൾ പുനർനിർമ്മിക്കുവാൻ നടപടി**

324 (4107) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ൽ ഉണ്ടായ പ്രളയത്തിൽ തകർന്ന എത്ര പാലങ്ങളാണ് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിച്ചിട്ടുള്ളത്; എത്ര രൂപയാണ് ആയതിന് ചെലവായത്; വിശദമാക്കാമോ?

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ചീഫ് എഞ്ചിനീയറുടെ കീഴിൽ നിർവ്വഹിക്കുവാൻ അനുവദിച്ച ആറ് പ്രവൃത്തികളിൽ 3 പാലങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ആയതിന് 2.678 കോടി രൂപ ചെലവായിട്ടുണ്ട്. വിവിധ ജില്ലകളിൽ പ്രളയത്തിൽ തകർന്നതും പുനർനിർമ്മാണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ നിർവ്വഹണ ഏജൻസിയായി നിയോഗിച്ച 53 പാലങ്ങളിൽ സാധ്യതാ പഠനത്തിനുശേഷം 37 പാലങ്ങൾ പുനർനിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഇവയിൽ 12 പാലങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. 25 പാലങ്ങളുടെ രൂപകല്പനയും വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതും പുരോഗമിക്കുകയാണ്. നിർമ്മാണ പ്രവർത്തനം പൂർത്തിയാകാത്തതിനാൽ ചെലവുണ്ടായിട്ടില്ല.

(ബി) ആദിവാസി കുടികളിലേക്കുള്ള പാലങ്ങൾ പുനർനിർമ്മിക്കുവാൻ മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പീരുമേട് താലൂക്കിലെ പെരുവന്താനം പഞ്ചായത്തിലെ ആദിവാസി കുടികളിലേക്കുള്ള മൂഴിക്കൽ - തോപ്പിൽകടവ് പാലത്തിന്റെ പുനർനിർമ്മാണ നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ?

പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ മൂഴിക്കൽ-തോപ്പിൻകടവ് പാലം പുനർനിർമ്മാണത്തിന്റെ മണ്ണ് പരിശോധനയും പ്രാഥമിക ഡാറ്റാ കളക്ഷനും സർവ്വേയും പൂർത്തിയാക്കിയിട്ടുള്ളതാണ്. പാലത്തിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട രൂപകല്പന തയ്യാറാക്കുന്നതിന് കൺസൾട്ടൻസി കരാർ നൽകിയിട്ടുള്ളതാണ്. രൂപകല്പ്നയും വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും പുരോഗമിക്കുകയാണ്.

**കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ്**

325 (4108) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളെയും പട്ടണങ്ങളെയും മാലിന്യമുക്തമാക്കാൻ സർക്കാർ നടപ്പിലാക്കുന്ന കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റിന്റെ വിശദാംശം നൽകാമോ?

കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളായ മാലിന്യ സംസ്കരണം, സാനിട്ടേഷൻ എന്നീ മേഖലകളിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുകയും ഒരു മാലിന്യമുക്ത കേരളം സൃഷ്ടിക്കുകയും ചെയ്യുകായെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറു വർഷമാണ് പദ്ധതി കാലയളവ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഹരിത കർമ്മ സേനാംഗങ്ങളുടെ സേവനം ഉപയോഗപ്പെടുന്നുണ്ടോ; വിശദമാക്കാമോ?

കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഹരിത കർമ്മ സേനാംഗങ്ങളുടെ സേവനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപയോഗപ്പെടുത്തുന്നുണ്ട്. ഹരിത കർമ്മസേനകൾ ഇപ്പോൾ മാലിന്യ സംസ്കരണ രംഗത്ത് തുടർന്നുവരുന്ന എല്ലാ പ്രവർത്തനങ്ങളും ഈ പദ്ധതിയിലും തുടരുന്നതാണ്.

(സി) പ്രൊജക്റ്റിന്റെ നടത്തിപ്പിനായി സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

| **സാമ്പത്തിക വർഷം** | **EAP വിഹിതം (തുക കോടിയിൽ)** | **സംസ്ഥാന വിഹിതം (തുക കോടിയിൽ)** |
|---|---|---|
| 2021-22 | 70 | 30 (പ്രൊജക്റ്റിന്റെ ഭരണപരമായ ചെലവുകൾക്കായി 1.6364 കോടി രൂപ അധികധനാനുമതിയായി അനുവദിച്ചിരുന്നു) |
| 2022-23 | 70 | 30 |
| 2023-24 | 239.3143 | 102.5657 |

**അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള നടപടി**

326 (4109) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ സർക്കാർ കോളേജ് സ്ഥിതി ചെയ്യുന്ന അമ്പലപ്പുഴ

തെക്ക് ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച കത്ത് എന്നാണ് തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭിച്ചത്; കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

അമ്പലപ്പുഴ സർക്കാർ കോളേജ് സ്ഥിതി ചെയ്യുന്ന അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ കത്ത് 17-06-2017-ലാണ് തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭിച്ചത്. (കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+)

(ബി) ഇതുസംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് എന്നാണ് കത്ത് നൽകുന്നത്?

13-04-2021 -ൽ.

(സി) പ്രസ്തുത കത്തിന് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും എന്നാണ് മറുപടി ലഭിച്ചതെന്നും മറുപടി ലഭിച്ചിട്ടില്ലെങ്കിൽ ഇതുസംബന്ധിച്ച് എത്ര കത്തുകൾ, ഓർമ്മക്കുറിപ്പുകൾ തുടങ്ങിയവ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയെന്നും കത്തുകളുടെ കോപ്പികൾ സഹിതം വ്യക്തമാക്കാമോ?

പ്രസ്തുത കത്തിന് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 13-04-2021-ലെ RC4/165/2019/LSGD നമ്പർ കത്ത് പ്രകാരവും 03-09-2021-ലെ അണ്ടർ സെക്രട്ടറിയുടെ അതേ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരവും റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഇപ്പോൾ ഈ വിഷയം കൈകാര്യം ചെയ്തുവരുന്ന തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ 01-10-2022-ലെ RE1/60/2022/LSGD നമ്പർ കത്ത് പ്രകാരവും 01-03-2023-ലെ അതേ നമ്പർ ഓർമ്മക്കുറിപ്പ് മുഖേനയും പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. (കത്തുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു+).

(ഡി) പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പൂർണ്ണ വിവരം ലഭ്യമാക്കാമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയ്ക്ക് 22-04-2021, 23-04-2021 എന്നീ തീയതികളിൽ കത്തയയ്ക്കുകയും അതിൻ പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസലിലെ അപാകതകൾ പരിഹരിക്കുന്നതിനായി 05-12-2021-ൽ കത്തും 03-12-2022-ൽ ഓർമ്മക്കുറിപ്പും പഞ്ചായത്ത് ഡയറക്ടർ അയച്ചിട്ടുണ്ട്.

(ഇ) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെയും കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21-07-2016-ൽ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും 05-10-2016-ൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. നിലവിലെ അവസ്ഥ അറിയിക്കുന്നതിനായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 04-02-2019, 20-03-2020, 05-08-2021 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടർക്ക് കത്തുകളും അയച്ചിരുന്നു. 13-08-2021-ൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനുള്ള പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് 13-09-2021-ൽ ഇക്കാര്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ, അമ്പലപ്പുഴ തെക്ക്

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിക്കുകയും തുടർന്ന് 22-10-2021-ൽ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ പ്രൊപ്പോസൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ 22-11-2021-ൽ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച് നൽകുകയുമുണ്ടായി. 05-12-2021-ൽ പഞ്ചായത്ത് ഡയറക്ടർ അപാകതകൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയ്ക്ക് നൽകിയ കത്ത്, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചുനൽകുകയും 07-01-2023-ൽ അനുസംബന്ധിച്ച് ഓർമ്മക്കുറിപ്പ് അയയ്ക്കുകയുമുണ്ടായി. ആയതിൻ പ്രകാരം അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 23-02-2023-ൽ സമർപ്പിച്ച രേഖകളിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയുടെ ഓഫീസിൽ നടപടി പുരോഗമിച്ചുവരികയാണ്. (മേൽ പ്രകാരമുള്ള നടപടികളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+)

(എഫ്) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ., ജില്ലാ കളക്ടർ തുടങ്ങിയവർ പങ്കെടുത്ത മീറ്റിംഗിലെ തീരുമാന പ്രകാരം നടപടി സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശം സമയബന്ധിതമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലിക്കുന്നതിനും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി**

327(4110) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചിട്ടും മുനിസിപ്പൽ സർവ്വീസിൽ ആയത് നടപ്പാക്കിയിട്ടുണ്ടോ; മുനിസിപ്പൽ സർവ്വീസിലെ ജീവനക്കാരെ പുനർവിന്യസിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ വന്നിട്ടുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, മുനിസിപ്പൽ കോമൺ സർവ്വീസ്, ടൗൺ പ്ലാനിംഗ്, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ എല്ലാ വിഭാഗങ്ങളിലും പൊതു സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ

വന്നിട്ടുണ്ട്. പൊതു സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ള ഇന്റർ ട്രാൻസ്ഫറബിലിറ്റി മുകളിൽ പറഞ്ഞ എല്ലാ വിഭാഗങ്ങളിലും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും മുനിസിപ്പൽ സർവ്വീസിലേക്കും തിരിച്ചും ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

അനുവദിക്കും.

(സി) നഗരകാര്യ വകുപ്പിൽ അക്കൗണ്ട്സ് അസ്സിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തേണ്ടതായിട്ടുണ്ടോ; ഈ നിയമനം നടത്തുന്നതിന് മുനിസിപ്പൽ ഡയറക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത തസ്തികയുടെ ശമ്പളസ്കെയിൽ എത്രയെന്ന് വ്യക്തമാക്കാമോ?

22-12-2022-ലെ സ.ഉ(കൈ) നം.277/2022/LSGD നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ 93 അർബൻ തദ്ദേശ സ്ഥാപനങ്ങളിലും

അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത തസ്തികയുടെ യോഗ്യതകൾ, നിയമന രീതി, ശമ്പള സ്കെയിൽ മുതലായവ നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ആയവ നിശ്ചയിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) മുനിസിപ്പൽ ജീവനക്കാരുടെ പി.എഫ്. വരവ് വയ്ക്കുന്നത് സംബന്ധിച്ചുള്ള ജീവനക്കാരുടെ ഇടയിലുള്ള പരാതിക്ക് പരിഹാരം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടുകളിൽ കൃത്യമായ പോസ്റ്റിംഗ് നടത്തുന്നുണ്ടോയെന്നും ഇത്തരം ജീവനക്കാരുടെ ഏതുമാസംവരെയുള്ള തുകയാണ് ഇനി വരവു വയ്ക്കാനുള്ളതെന്നും അത് ഏതെല്ലാം ജീവനക്കാരുടേതെന്നും വ്യക്തമാക്കാമോ?

നഗരസഭാ ജീവനക്കാരുടെ സെൻട്രൽ പ്രോവിഡന്റ് ഫണ്ട് കണക്കുകളുടെ രേഖപ്പെടുത്തലുകൾ സ്ഥാപന സോഫ്റ്റ്‌വെയറിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നഗരസഭകൾക്ക് കാലാകാലങ്ങളായി നിർദ്ദേശം നൽകിവരുന്നതാണ്. അപാകതകളുള്ളത്

നഗരകാര്യ ഡയറക്ടറുടെ കീഴിലുള്ള പി.എഫ്. വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിച്ചുവരുന്നു.

ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പി.എഫ് വിഹിതം ചെക്ക്/ ഡി.ഡി-യായും നേരിട്ടും LSGD അർബൻ ഡയറക്ടറുടെ പേരിൽ ജില്ലാ ട്രഷറിയിലുള്ള 799010100343215 എന്ന നമ്പരിലുള്ള അക്കൗണ്ടിൽ ഒടുക്കിവരുന്നു. ടി തുകകളുടെ സ്റ്റേറ്റ്മെന്റുകൾ ടിയാളുകൾ ജോലി ചെയ്തുവരുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥാപന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിവരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭ്യമാകുകയാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുകളും ട്രഷറി സ്റ്റേറ്റ്മെന്റുകളും പരിശോധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ സ്ഥാപന സോഫ്റ്റ്‌വെയറിൽ ചേർത്തുവരുന്നുണ്ട്. 2023 ജനുവരി വരെ തുകകൾ അടച്ച receipt ഹാജരാക്കിയ ജീവനക്കാരുടെ പി.എഫ് വിഹിതം സ്ഥാപന സോഫ്റ്റ്‌വെയറിൽ വരവ് വച്ചിട്ടുണ്ട്.

(ഇ) മുനിസിപ്പൽ ജീവനക്കാരെ സ്പാർക്കുമായി ബന്ധിപ്പിക്കുന്ന നടപടികളേത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരെ G-SPARK-മായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി ജീവനക്കാരുടെ 2023 ഫെബ്രുവരി മാസം മുതലുള്ള ശമ്പളം G-SPARK മുഖാന്തിരം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

328(4111) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുയെന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെച്ചേർക്കുന്നു.

| പഞ്ചായത്ത് | അനുവദിച്ചിട്ടുള്ള വീടുകൾ | പൂർത്തിയാക്കിയ വീടുകൾ |
|---|---|---|
| ഐക്കരനാട് | 58 | 40 |
| കിഴക്കമ്പലം | 108 | 98 |
| കുന്നത്തുനാട് | 188 | 152 |
| മഴുവന്നൂർ | 257 | 148 |
| പൂത്തൃക്ക | 94 | 70 |

| | | |
|---|---|---|
| തിരുവാണിയൂർ | 84 | 57 |
| വടവുകോട്-പുത്തൻകുരിശ് | 109 | 55 |
| വാഴക്കുളം | 169 | 142 |
| **ആകെ** | **1067** | **762** |

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെച്ചേർക്കുന്നു.

| **പഞ്ചായത്ത്** | **അനുവദിച്ചിട്ടുള്ള വീടുകൾ** | **പൂർത്തിയാക്കിയ വീടുകൾ** |
|---|---|---|
| ഐക്കരനാട് | 58 | 40 |
| കിഴക്കമ്പലം | 108 | 98 |
| കുന്നത്തുനാട് | 188 | 152 |
| മഴുവന്നൂർ | 257 | 148 |
| പൂത്തൃക്ക | 94 | 70 |
| തിരുവാണിയൂർ | 84 | 57 |
| വടവുകോട്-പുത്തൻകുരിശ് | 109 | 55 |
| വാഴക്കുളം | 169 | 142 |
| **ആകെ** | **1067** | **762** |

**പൊതുസർവ്വീസ് രൂപീകരിച്ചതിനുശേഷമുള്ള ജീവനക്കാരുടെ പുനർവിന്യാസം**

329(4112) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചതിനുശേഷമുള്ള ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആസ്ഥാന ഓഫീസായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരെ ഏകീകൃത സംവിധാനത്തിൽ വിന്യസിച്ചിട്ടുണ്ട്. ജില്ലാതല ഓഫീസായ ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയങ്ങളുടെ ക്രമീകരണവും ജീവനക്കാരുടെ വിന്യാസവും പുരോഗമിച്ചുവരുന്നു.

**അങ്കണവാടി കലോത്സവം**

330 (4113) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടി കലോത്സവം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച നിലവിലെ മാർഗ്ഗരേഖയിൽ (28-05-2022-ലെ സ.ഉ(കൈ) നം. 115/2022/തസ്വഭവ ഖണ്ഡിക.7.5.1) ഗ്രാമപഞ്ചായത്തുകൾ അങ്കണവാടി കുട്ടികളുടെ കായിക കലാമത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതാണെന്നും കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന മത്സരങ്ങൾ നടത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(ബി) ഈ കലോത്സവം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കുന്നതിനുള്ള പരിധി എത്രയാണ്?

റിഫ്രഷ്മെന്റ്, ഭക്ഷണം, സമ്മാനങ്ങൾ, പ്രോത്സാഹന സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പെടെ 15,000/- രൂപ വരെ പരമാവധി ചെലവഴിക്കാവുന്നതാണ്.

(സി) പ്രസ്തുത പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ജിഡ-യുടെ പ്രവർത്തനം**

331 (4114) **ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ജനറൽ കൗൺസിൽ നാളിതുവരെ അംഗീകാരം നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നും എന്നാണ് അംഗീകാരം നൽകിയതെന്നും, പ്രസ്തുത പ്രവർത്തികളുടെ നിർവ്വഹണ ഏജൻസികൾ ആരെല്ലാമെന്നും, തുക എത്രയെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

ജിഡ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ബി) ജനറൽ കൗൺസിൽ അംഗീകാരം നൽകിയ പ്രവൃത്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ജിഡ ജനറൽ കൗൺസിൽ അംഗീകരിച്ച് സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമാക്കി, മറ്റ് ഏജൻസികൾ/വകുപ്പുകൾ മുഖേനയാണ് ജിഡ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. ഇതിൽ ഒട്ടുമിക്ക പ്രോജക്ടുകൾക്കും ലാൻഡ് അക്വിസിഷൻ ആവശ്യമായി വരാറുണ്ട്. അതിനാൽ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി, CRZ അടക്കമുള്ള അനുമതികൾ ലഭ്യമാക്കിയാണ് ഏജൻസികൾ പ്രവൃത്തി ആരംഭിക്കുന്നത്. ജിഡയുടെ പദ്ധതി പ്രദേശങ്ങൾ ഭൂരിഭാഗവും ദുർബലമായ മണ്ണുള്ള പ്രദേശമായതിനാൽ, വിശദമായ പഠനം നടത്തി റിപ്പോർട്ട്/ഡിസൈൻ/എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വേണം ഏജൻസികൾക്ക്/വകുപ്പുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ. മേൽ കാരണങ്ങളാലാണ് പദ്ധതികൾ നടപ്പിലാക്കുന്നതിൽ പലപ്പോഴും കാലതാമസം നേരിടുന്നത്.

(സി) ജിഡയുടെ വരവ് - ചെലവ് കണക്കുകളും നാളിതുവരെയുള്ള നീക്കിയിരുപ്പ് എത്രയെന്നും വിശദമാക്കാമോ?

01-04-2022 മുതൽ 28-02-2023 വരെയുള്ള റസീപ്റ്റ് & പേയ്മെന്റ്/അക്കൗണ്ട് വിവരങ്ങൾ (ഓഡിറ്റ് ചെയ്യാത്തത്) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

**വൈപ്പിൻ- ഫോർട്ട് കൊച്ചി റോ - റോ സർവ്വീസ്**

332 (4115) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കോർപ്പറേഷന്റെ വൈപ്പിൻ - ഫോർട്ട് കൊച്ചി സർവ്വീസിനുവേണ്ടി റോ -റോ സർവ്വീസ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണമെന്ന് അറിയിക്കുമോ?

2014-15-ലെ ഫാസ്റ്റ് ട്രാക്ക് പ്രോജക്റ്റിൽ ഉൾപ്പെടുത്തി രണ്ട് റോ റോ ജങ്കാർ നിർമ്മിച്ച് സർവ്വീസ് നടത്തിവരുന്നുണ്ട്.

(ബി) പുതുതായി അനുവദിച്ച റോ-റോ-യുടെ നിർമ്മാണം ഏതുവരെ ആയെന്നും ഇതിന്റെ നിർമ്മാണ പ്രവൃത്തി ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും എന്നത്തേക്ക് പൂർത്തീകരിച്ച് നീറ്റിലിറക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുതായി റോ റോ അനുവദിച്ചിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾ**

333 (4116) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ നിരക്ക് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ക്ഷമതയുള്ള എഞ്ചിനീയർ നിർണ്ണയിക്കുന്നത് പ്രകാരമുള്ള വാടകയാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ഈടാക്കി വരുന്നത്. നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നത് ബന്ധപ്പെട്ട നഗരസഭാ കൗൺസിലുകളാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ

വകുപ്പ് 215 (2) (എ) ഉപവകുപ്പ് പ്രകാരം നഗരസഭാ കെട്ടിടങ്ങൾ ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി ഫീസ് ചുമത്താവുന്നതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിരക്ക് പ്രതിവർഷം ഒരു നിശ്ചിത ശതമാനം വീതം വർദ്ധിപ്പിക്കുന്നുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമാണെന്ന് അറിയിക്കാമോ?

ഉണ്ട്. ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം നേടിയ ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കടമുറികൾ ലേലം ചെയ്യുന്നത്. സർക്കാർ അംഗീകരിച്ചിട്ടുള്ള മാതൃകാ ബൈലോ പ്രകാരം പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക നിശ്ചയിക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ട്. നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിലുള്ള പ്രതിവർഷ വർദ്ധനവ് നിശ്ചയിക്കുന്നത് ബന്ധപ്പെട്ട നഗരസഭാ കൗൺസിലുകളാണ്.

(സി) വർഷങ്ങൾക്കുമുമ്പ് കരാറിലേർപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ

വാടകയിലെ വാർഷിക വർദ്ധന കണക്കിലെടുത്താലും നിലവിലുള്ള മാർക്കറ്റ് റേറ്റിനേക്കാൾ വളരെയധികം കുറവിലാണ് പല കെട്ടിടങ്ങളും വാടകയ്ക്ക് നൽകിയിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കെട്ടിടങ്ങളുടെ വാടക പ്രതിവർഷം ഒരു നിശ്ചിത ശതമാനമെന്ന രീതിയിൽ വർദ്ധിപ്പിക്കുന്നതിനും അഞ്ച് വർഷത്തിലധികമായി കരാറിലേർപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വാടക നിലവിലെ മാർക്കറ്റ് നിരക്കനുസരിച്ച് പുനർനിശ്ചയിക്കുന്നതിനും നിർദ്ദേശം നൽകാമോ;

(ഇ) സംസ്ഥാനത്തുടനീളം ഉണ്ടായിട്ടുള്ള വികസനവും പഴയകാലങ്ങളിൽ നിശ്ചയിച്ച വാടകനിരക്ക് തുടരുന്നതിലെ യുക്തിയില്ലായ്മയും കണക്കിലെടുത്ത് ഇക്കാര്യം ഗൗരവമായി പരിഗണിക്കുമോ?

(ഡി & ഇ) പരിശോധിക്കുന്നതാണ്.

**കെട്ടിട നികുതി പിരിച്ചെടുക്കാൻ നടപടി**

334 (4117) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. അബ്ദുൽ ഹമീദ് പി:

ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി പിരിച്ചെടുക്കുന്നതിൽ അലംഭാവം കാട്ടുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടില്ല. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ വസ്തുനികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 50704.4 (തുക ലക്ഷത്തിൽ) രൂപ (81.85%) പിരിച്ചെടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നിലവിൽ 66.93% നികുതി ഇതിനോടകം തന്നെ ഗ്രാമപഞ്ചായത്തുകൾ പിരിച്ചെടുത്തിട്ടുണ്ട്. കേരളത്തിലെ നഗരസഭകളിലും കെട്ടിടനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേഖലാ ജോയിന്റ് ഡയറക്ടർ തലത്തിൽ കുടിശ്ശിക പിരിവിന്റെ പുരോഗതി വിലയിരുത്തി നഗരസഭാ സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

(ബി) സാധാരണക്കാർ കൃത്യമായി നികുതി അടയ്ക്കുമ്പോൾ വൻകിട കെട്ടിട ഉടമകളും വ്യാപാര കേന്ദ്രങ്ങളും നികുതി വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഴുവൻ നികുതി ദായകർക്കും നികുതി അടയ്ക്കുന്നതിനായി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതും നികുതി ഒടുക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.

(സി) കെട്ടിട നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഗ്രാമപഞ്ചായത്തുകളുടെ നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് സംസ്ഥാനതലത്തിൽ താഴെ പറയുന്ന ക്രിയാത്മക നടപടികൾ സ്വീകരിച്ചു വരുന്നു.

1. നിശ്ചിത ഇടവേളകളിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നികുതി പിരിവ് അവലോകനം നടത്തുന്നുണ്ട്.

2. ഓൺലൈൻ പേമെന്റ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. പിഴപ്പലിശ ഒഴിവാക്കി നൽകി.

4.വാർഡ് തലത്തിൽ നികുതി കളക്ഷൻ ക്യാമ്പുകൾ

സംഘടിപ്പിക്കുകയുണ്ടായി.

5. നികുതി കുടിശ്ശികയുള്ളവർക്ക് അലർട്ട് മെസേജ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6.കുടിശ്ശികയുള്ള എല്ലാ നികുതി ദായകർക്കും മെസേജ് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നഗരസഭകളിലും കെട്ടിട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിന് നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. കേരളത്തിലെ നഗരസഭകളിൽ വസ്തു നികുതി പിരിച്ചെടുക്കാൻ നഗരസഭകളിലെ വാർഡുകൾ തോറും നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നീ രീതികൾ വഴി വ്യാപക പ്രചരണം നടത്തി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ അവധി ദിവസങ്ങളിലും നഗരസഭകളിൽ ക്യാഷ് കൗണ്ടറുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ജോയിന്റ് ഡയറക്ടർ തലത്തിൽ അവലോകനം നടത്തി സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. വസ്തു നികുതി പിരിവിന് പ്രത്യേകം ക്യാമ്പുകൾ നടത്തി വരുന്നുണ്ട്. കുടിശ്ശിക

ആയിട്ടുള്ള വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് കുടിശ്ശികയിന്മേലുള്ള പിഴപ്പലിശ മാർച്ച് 31 വരെ ഒഴിവാക്കി സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.

**ചേലേമ്പ്ര യൂനാനി ഡിസ്പെൻസറിയിൽ താൽക്കാലിക ഫാർമസിസ്റ്റ്**

335 (4118) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് യൂനാനി ഡിസ്പെൻസറിയിൽ താല്ക്കാലിക ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നതിന് അനുമതിക്കായി നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) താൽക്കാലിക ഫാർമസിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ശമ്പളം നൽകുന്നതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത വരില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്

യൂനാനി ഡിസ്പെൻസറിയിൽ താത്കാലിക ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിവേദനം ലഭ്യമാക്കിയതായി കാണുന്നില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ഏകീകൃത പൊതുസർവ്വീസിലെ സ്ഥലം മാറ്റങ്ങൾ**

336(4119) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകീകൃത പൊതുസർവ്വീസിന്റെ ഭാഗമായുള്ള വകുപ്പുകൾക്കിടയിലുള്ള (ഇന്റർ - ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫേർസ്) സ്ഥലമാറ്റങ്ങളേത് വിധത്തിൽ നടത്തുന്നതിനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഇതിനായി പ്രത്യേക മാനദണ്ഡങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളോ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി)പൊതുസർവ്വീസിലെ ജീവനക്കാരുടെ പുനർവിന്യാസം 2023-

ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൊതുസർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഇന്റർ ട്രാൻസ്ഫറബിലിറ്റി തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്നതാണ്. സ്ഥലംമാറ്റ നടപടികൾ ഓൺലൈനായി നിർവ്വഹിക്കുന്നതിനായി ഒരു പൊതു കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് Information Kerala Mission-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിലേക്കായി ജീവനക്കാരുടെ incumbency വിവരങ്ങൾ ശേഖരിച്ചുവരുന്നു. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തയ്യാറാകുന്ന മുറയ്ക്ക് ജീവനക്കാർക്ക് ഇന്റർ ട്രാൻസ്ഫറബിലിറ്റി പ്രായോഗികമാക്കി പൊതു സ്ഥലംമാറ്റം നടത്തുന്നതാണ്. പൊതു സർവ്വീസിലെ എല്ലാ വിഭാഗങ്ങൾക്കും ബാധകമായ സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ തലത്തിൽ പുറപ്പെടുവിക്കുന്നതാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ സർവ്വീസ് സംഘടനാ തലത്തിലോ പ്രത്യേക മീറ്റിംഗുകളോ

കൂടിയാലോചനകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഇതുമായി ബന്ധപ്പെട്ട് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് തലവൻമാരുമായി 27-02-2023-ന് കൂടിയാലോചന നടത്തിയിട്ടുണ്ട്. സർവ്വീസ് സംഘടനകളുമായുള്ള ചർച്ച 02-03-2023-ന് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) വകുപ്പ് തല സ്ഥലമാറ്റങ്ങളിൽ ഏകീകൃത പൊതു സർവ്വീസിന്റെ ഭാഗമായ സ്റ്റേറ്റ്/സബോർഡിനേറ്റ് സർവ്വീസിലെ മുഴുവൻ തസ്തികകളിലേയും എല്ലാ ജീവനക്കാർക്കും നഗര-ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ ഒരു നിശ്ചിത കാലയളവിൽ നിർബന്ധിത സേവനം റൊട്ടേഷൻ അടിസ്ഥാനത്തിൽ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതു സർവ്വീസിലെ എല്ലാ വിഭാഗങ്ങൾക്കും ബാധകമായ സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുമ്പോൾ ഈ വിഷയം കൂടി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ഇ) എങ്കിൽ അത് എപ്രകാരമാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

പൊതു സർവ്വീസിലെ എല്ലാ വിഭാഗങ്ങൾക്കും ബാധകമായ സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുമ്പോൾ ഈ വിഷയം കൂടി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**ലൈഫ് ഭവന പദ്ധതി തുക വിനിയോഗം**

337 (4120) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിക്കായി വകയിരുത്തിയ തുകയിൽ 5.34 ശതമാനം മാത്രമാണ് ചെലവിട്ടതെന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടുകൾ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ടോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദീകരിക്കാമോ; നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാനമായിട്ടും തുക വിനിയോഗിക്കുന്നതിൽ പുരോഗതിയുണ്ടാക്കാൻ

കഴിയാത്ത സാഹചര്യം എന്താണ്?

(എ&ബി) 2022-23 സാമ്പത്തിക വർഷം ലൈഫ് മിഷന്റെ ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ 31.07 ശതമാനം 28-02-2023 വരെ ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നതിലേക്കായി ലൈഫ് 2020 ഗുണഭോക്തൃ പട്ടിക അന്തിമമാക്കുകയും ടി ഗുണഭോക്തൃ പട്ടികയിലെ അർഹരായ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വീട് ആവശ്യമുള്ളവർക്കും ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനായി 15-11-2022-ലെ സ.ഉ. (സാധാ) 2806/2022/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം മേൽപ്പടി ഗുണഭോക്തൃ പട്ടികയിൽ നിന്നും 28-02-2023 വരെ 27,567 ഗുണഭോക്താക്കൾ കാരറിലേർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുന്നതിന് ആവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) ഭവന പദ്ധതിയുടെ ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിലുമായി ലഭിച്ച അപേക്ഷകരുടെ എണ്ണവും വീട് നിർമ്മിച്ച് നൽകിയ ഗുണഭോക്താക്കളുടെ കണക്കുകളുടെയും വിശദവിവരം നൽകുമോ?

ഒന്നാംഘട്ടം - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിൽ ഏർപ്പെടുകയോ ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്തെങ്കിലും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത 54,116 ഭവനങ്ങളെ കണ്ടെത്തി. 52,680 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാംഘട്ടം - ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം.

ലൈഫ് രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാരിന്റെ 06-02-2017-ലെ സ.ഉ (സാധാ) 328/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമാണ് ആരംഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിൽ 1,70,452 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ അർഹരായി കണ്ടെത്തിയ 1,02,542

ഗുണഭോക്താക്കളിൽ 99,784 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ അഡീഷണൽ ലിസ്റ്റ്, ലൈഫ് പി.എം.എ.വൈ. (ഗ്രാമീൺ), ലൈഫ് പി.എം.എ.വൈ. (അർബൻ), വിവിധ വകുപ്പുകൾ എന്നിവ മുഖേനയുള്ള 2,05,506 ഭവനങ്ങൾക്കുൾപ്പെടെ ആകെ 3,05,290 ഗുണഭോക്താക്കൾ രണ്ടാം ഘട്ടത്തിൽ ഭവന നിർമ്മാണത്തിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 2,56,423 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 48,867 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

<u>മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം.</u>

ലൈഫ് മൂന്നാം ഘട്ടത്തിലേയും അഡീഷണൽ ലിസ്റ്റിലേയും ഭൂരഹിത/ ഭവനരഹിതരായി കണ്ടെത്തിയ 1,58,470 ഗുണഭോക്താക്കളിൽ സ്വന്തമായോ/വകുപ്പ് മുഖേനയോ ഭൂമി ആർജ്ജിച്ചുവന്ന 33246 ഗുണഭോക്താക്കളിൽ 28,732 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 19,394 ഗുണഭോക്താക്കൾ ഭവന നിർമ്മാണം

പൂർത്തീകരിക്കുകയും 9,338 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. കൂടാതെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ നിന്നും 28,277 ഗുണഭോക്താക്കളും ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്.

മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം.

ഇപ്രകാരം ലൈഫ് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലും അഡീഷണൽ ലിസ്റ്റിലുമായി 01-03-2023 വരെ 3,28,497 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**തൃശ്ശൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് വഴി അനുവദിച്ചിട്ടുള്ള പദ്ധതികൾ**

338 (4121) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലഘട്ടം മുതൽ ബഡ്ജറ്റിൽ തൃശ്ശൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുവഴി അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാത്ത പദ്ധതികളുടെ

വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതികൾ പൂർത്തിയാക്കാത്തതിന്റെ കാരണം അറിയിക്കാമോ?

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**ശുചിത്വ കേരളം പദ്ധതി**

339 (4122) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശുചിത്വമിഷൻ മുഖേന ടോയ്‌ലെറ്റുകൾ അനുവദിച്ചിട്ടുണ്ട്; അവയുടെ തൽസ്ഥിതി വിശദമാക്കുമോ?

ശുചിത്വ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശുചിത്വ മിഷൻ മുഖേന അനുവദിച്ചിട്ടുള്ള ടോയിലെറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | സ്കൂളിന്റെ പേര് | തൽസ്ഥിതി |
|---|---|---|---|

| | | | |
|---|---|---|---|
| 1. | മാവേലിക്കര താമരക്കുളം ഗ്രാമ പഞ്ചായത്ത് | AKPM LPS, Kottakkattussery | നിർമ്മാണം പൂർത്തീകരിച്ചു |
| | | PNPM LPS, Chavadi | നിർമ്മാണം പൂർത്തീകരിച്ചു |
| 2. | തഴക്കര ഗ്രാമ പഞ്ചായത്ത് | GVHSS, Eravankara | നിർമ്മാണം പൂർത്തീകരിച്ചു |
| | | VH UPS, Vazhuvadi | നിർമ്മാണം പൂർത്തീകരിച്ചു |
| | | GMOH LPS, Vettiyar | നിർമ്മാണം പൂർത്തീകരിച്ചു |
| | | GLPS, Arunnoottimangalam | നിർമ്മാണം പൂർത്തീകരിച്ചു |

(ബി) നിർമ്മാണം പൂർത്തീകരിക്കുവാനുള്ളവ ഏതൊക്കെയെന്നും ആയതിനുള്ള നിർമ്മാണ തടസ്സങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ?

നിർമ്മാണം പൂർത്തീകരിക്കാനുള്ളവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം** | **തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്** | **സ്കൂളിന്റെ പേര്** | **തൽസ്ഥിതി** |
|---|---|---|---|
| 1. | മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്ത് | LPS, Mullikulangara | നിർമ്മാണം നടന്നു വരുന്നു |
| 2. | തഴക്കര ഗ്രാമ പഞ്ചായത്ത് | പഞ്ചായത്തിലെ വിവിധ സ്കൂളുകൾ | പദ്ധതി ഏറ്റെടുത്തു |
| 3. | വള്ളികുന്നം ഗ്രാമ പഞ്ചായത്ത് | മേനി മെമ്മോറിയൽ എൽ.പി.എസ് | നിർമ്മാണം നടന്നു വരുന്നു |
| | | Pokkatt Shekharan | നിർമ്മാണം |

| | | | |
|---|---|---|---|
| | | Channar LPS, Manakkad | നടന്നു വരുന്നു |
| 4. | നൂറനാട് ഗ്രാമ പഞ്ചായത്ത് | പഞ്ചായത്തിലെ വിവിധ സ്കൂളുകൾ | നിർമ്മാണം നടന്നു വരുന്നു |

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടോയ്‌ലെറ്റുകൾ വേഗത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടോയ്‌ലെറ്റുകൾ വേഗത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടുംബശ്രീയ്ക്ക് അന്താരാഷ്ട്ര സുവർണ്ണ പുരസ്കാരം**

340(4123) ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന മികച്ച ജനസേവന പരിപാടികൾക്കായി കോമൺ വെൽത്ത്

അസോസിയേഷൻ ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് നൽകുന്ന അന്താരാഷ്ട്ര സുവർണ പുരസ്കാരം കുടുംബശ്രീയ്ക്ക് ലഭിച്ചിട്ടുണ്ടോ; ലോകത്തിലെ എത്ര രാജ്യങ്ങളിൽ നിന്നുള്ള എൻട്രികളോട് മത്സരിച്ചിട്ടാണ് കുടുംബശ്രീ ഈ പുരസ്കാരം നേടിയെടുത്തതെന്ന് അറിയിക്കാമോ?

കോമൺവെൽത്ത് അസോസിയേഷൻ ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് നൽകുന്ന അന്താരാഷ്ട്ര സുവർണ്ണ പുരസ്കാരം കുടുംബശ്രീയ്ക്ക് ലഭിച്ചിട്ടുണ്ട്. ആകെ മത്സരിച്ച എൻട്രികളുടെ വിവരം ഔദ്യോഗിക രേഖപ്രകാരം ലഭ്യമല്ല.

(ബി) ഭൂരിപക്ഷം ഇതര സംസ്ഥാനങ്ങളിലെയും സ്ത്രീജീവിതം ദുരിതപൂർണ്ണമായി തുടരുമ്പോഴും കേരളത്തിലെ സ്ത്രീകൾക്ക് അന്തസ്സായി ജീവിതം നയിക്കുന്നതിനും ഭരണത്തിലും കുടുംബത്തിലും നിർണ്ണായക സ്ഥാനം വഹിക്കുന്നതിനും കുടുംബശ്രീ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിലയിരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ വിജയിച്ച സ്ത്രീകളിൽ 80% പേരും കുടുംബശ്രീയിൽ

നിന്നുമുള്ളവരാണ്. കൂടാതെ എല്ലാ മൂന്നുവർഷം കൂടുംതോറും കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി വരുന്നുണ്ട്. ഇപ്രകാരം 1070 സി.ഡി.എസ് ചെയർപേഴ്സൺമാരും 19,470 വാർഡുകളെ പ്രതിനിധീകരിച്ചുള്ള സി.ഡി.എസ് മെമ്പർമാരും അത്രയും വാർഡുകളിലെ എ.ഡി.എസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി തുടങ്ങിയവരെ കൂടാതെ ആറുലക്ഷത്തോളം അയൽക്കൂട്ട പ്രസിഡന്റുമാരേയും തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുകൂടാതെ കുടുംബശ്രീയുടെ വ്യത്യസ്ത പ്രവർത്തനങ്ങളുടെ നേതൃസ്ഥാനത്ത് കുടുംബശ്രീ അംഗങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുസമൂഹത്തിലേക്ക് ഇറങ്ങുവാൻ മടിച്ചു നിന്നവരായ സ്ത്രീകളിന്ന് ബാങ്കുകൾ, സ്കൂളുകൾ, കോളേജുകൾ ഉൾപ്പെടെ സമൂഹത്തിന്റെ സർവ്വ മേഖലകളിലും എത്തിക്കുന്നതിന് കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

സ്കൂൾ പാഠപുസ്തക വിതരണം, മെട്രോ റെയിൽവേയിലെ ഫെസിലിറ്റേഷൻ ഉൾപ്പെടെയുള്ള പല പ്രധാന മേഖലകളിലും കുടുംബശ്രീയുടെ ഇടപെടലുകൾ കാരണം സ്ത്രീ സാന്നിദ്ധ്യമുണ്ടായിട്ടുണ്ട്. ഡോ.

കെ. പി. കണ്ണന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളിലൂടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകവഴി ഭരണ നിർവ്വഹണ പാടവശേഷി നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

2. അവകാശങ്ങളും, ചുമതലകളും സംബന്ധിച്ച് അവബോധം സ്ത്രീകളിൽ സൃഷ്ടിക്കുകയും അവ നേടിയെടുക്കുന്നതിനുള്ള ഇച്ഛാശക്തി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3. സ്ത്രീകൾക്ക് പൊതു യോഗങ്ങളിൽ സംസാരിക്കുന്നതിനും അഭിസംബോധന ചെയ്യുന്നതിനുമുള്ള വിമുഖത മാറുവാൻ സഹായകമായിട്ടുണ്ട്.

4. സർക്കാർ സേവനങ്ങളെ സംബന്ധിച്ചും അവ നേടുന്നതിനുമുള്ള അറിവും കഴിവും സ്ത്രീകളിൽ വർദ്ധിച്ചിട്ടുണ്ട്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനും പങ്കെടുക്കുന്നതിനുമുള്ള സ്ത്രീകളുടെ കഴിവ് വികസിക്കുകയും

ചെയ്തിട്ടുണ്ട്. കൂടാതെ വനിതാ ജനപ്രതിനിധികളായി തെരഞ്ഞെടുത്തവരിൽ 80%-വും കുടുംബശ്രീ അംഗങ്ങളാണ്. സ്ത്രീകളുടെ ആത്മാഭിമാനം വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീ കാരണമായിട്ടുണ്ട്.

6. സ്ത്രീകൾക്ക് യാത്ര ചെയ്യുന്നതിനുള്ള സ്വാശ്രയത്വവും സ്വാതന്ത്ര്യവും വർദ്ധിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് വാഹനം ഓടിക്കുന്നതിനും സ്വയമായി വാഹനം സ്വന്തമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

7. സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ ഇടപെടാനുള്ള കഴിവും അവരുടെ പങ്കാളിത്തവും വർദ്ധിച്ചിട്ടുണ്ട്.

8. സ്ത്രീകൾക്ക് സ്വന്തമായി കൂടുതൽ ആസ്തികൾ നേടുന്നതിന് കാരണമായിട്ടുണ്ട്.

9. അയൽക്കൂട്ടത്തിലെ മിതവ്യയ സമ്പാദ്യത്തിലൂടെ സ്ത്രീകൾക്ക് കൂടുതൽ സാമ്പത്തിക ശാക്തീകരണം നേടുന്നതിന് സാധിച്ചിട്ടുണ്ട്.

10. കുടുംബശ്രീ സംവിധാനത്തിലൂടെ കൂടുതൽ വരുമാനം നേടുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം നേടുകയും ഒരു കാലത്ത് പുരുഷന്മാർ മാത്രം ചെയ്തിരുന്ന തൊഴിലുകൾ സ്ത്രീകൾ

ചെയ്യുന്നതിനും അപ്രകാരം വ്യത്യസ്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീ സംവിധാനം തൊഴിലുറപ്പ് പോലുള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ കായികാദ്ധ്വാനമുള്ള പ്രവർത്തനങ്ങളിലും വരുമാനദായക പ്രവർത്തനങ്ങളിലും ഏർപ്പെടാൻ സ്ത്രീകളെ സഹായിച്ചിട്ടുണ്ട്.

11. കുടുംബശ്രീ സംവിധാനത്തിലൂടെ കാർഷിക മേഖലകളിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ടം**

341(4124) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി മുഖേന വിവിധ ഘട്ടങ്ങളിലായി എത്ര വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം അറിയിക്കാമോ?

പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചാത്ത് | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ |
|---|---|---|
| അമ്പൂരി | 401 | 198 |
| ആര്യൻകോട് | 406 | 336 |
| കള്ളിക്കാട് | 251 | 81 |
| കൊല്ലയിൽ | 532 | 374 |
| കുന്നത്തുകാൽ | 767 | 530 |
| ഒറ്റശേഖരമംഗലം | 503 | 339 |
| പാറശാല | 535 | 415 |
| പെരുങ്കടവിള | 716 | 623 |
| വെള്ളറട | 688 | 626 |
| **ആകെ** | **4799** | **3522** |

(ബി) ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പാറശ്ശാല മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്; ആയതിന്റെ പഞ്ചായത്തുതല നടപടികളേതുഘട്ടത്തിലാണ്; പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ |
|---|---|---|

| | | |
|---|---|---|
| അമ്പൂരി | 146 | 122 |
| ആര്യൻകോട് | 322 | 322 |
| കള്ളിക്കാട് | 63 | 63 |
| കൊല്ലയിൽ | 322 | 322 |
| കുന്നത്തുകാൽ | 506 | 495 |
| ഒറ്റശേഖരമംഗലം | 325 | 325 |
| പാറശാല | 342 | 338 |
| പെരുങ്കടവിള | 556 | 555 |
| വെള്ളറട | 568 | 567 |
| **ആകെ** | **3150** | **3109** |

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി**

342 (4125) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച വീടുകളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നം. | തദ്ദേശ സ്ഥാപനം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | അജാനൂർ | 153 |
| 2 | മടിക്കൈ | 116 |
| 3 | കിനാനൂർ കരിന്തളം | 301 |
| 4 | ബളാൽ | 446 |
| 5 | കോടോംബേളൂർ | 512 |
| 6 | കള്ളാർ | 357 |
| 7 | പനത്തടി | 628 |
| 8 | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി | 944 |
| | ആകെ | 3457 |

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ലിസ്റ്റിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നം | തദ്ദേശസ്ഥാപനം | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ |
|---|---|---|---|
| 1 | അജാനൂർ | 512 | 226 |
| 2 | മടിക്കൈ | 349 | 43 |
| 3 | കിനാനൂർ കരിന്തളം | 310 | 47 |
| 4 | ബളാൽ | 232 | 39 |
| 5 | കോടോംബേളൂർ | 408 | 59 |
| 6 | കള്ളാർ | 148 | 34 |
| 7 | പനത്തടി | 311 | 46 |
| 8 | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി | 150 | 308 |
| | **ആകെ** | **2420** | **802** |

**ഭരണാനുമതി നൽകിയ 27 പ്രവൃത്തികൾ**

343(4126) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 06-02-2021-ലെ സ.ഉ. (കൈ) നം. 29/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയ 27 പ്രവൃത്തികളിൽ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ഏതെല്ലാം

പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ട്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം ഏതുവകുപ്പ് മുഖേനയാണ് നടത്തുന്നതെന്നും ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) മേൽ പ്രവൃത്തികൾ നടപ്പിലാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ-സി) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ രണ്ട് പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈസ്റ്റ് ഹിൽ - കേന്ദ്രീയവിദ്യാലയം - കാരപറമ്പ് റോഡ് പ്രവൃത്തി പുരോഗമിക്കുന്നു. ഈസ്റ്റ് ഹിൽ - ചക്കോരത്തുകുളം റോഡ് പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തികൾ കോഴിക്കോട് കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് നിർവ്വഹിക്കുന്നത്.

**നഞ്ച ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് അനുമതി**

344(4127) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഞ്ച ഭൂമിയായിട്ടുള്ള മേഖലകളിലെ അതീവ ദരിദ്രരായ ലൈഫ് ഗുണഭോക്താക്കളുടെ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതായതിനാൽ കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ലൈഫ് ഗുണഭോക്താക്കളുടെ ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കുന്നതിനായി പ്രാദേശിക നിരീക്ഷണ സമിതികളുടെ വ്യക്തമായ റിപ്പോർട്ട് സഹിതമുള്ള പ്രൊപ്പോസലുകൾ സമയബന്ധിതമായി തയ്യാറാക്കി ജില്ലാതല സമിതികളിൽ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-10-2022-ന് ചേർന്ന യോഗ തീരുമാനപ്രകാരം ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്വന്തമായി വേറെ ഭൂമിയില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്ക്

ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നഞ്ച ഭൂമിയിൽ ലൈഫ് ഭവന പദ്ധതിപ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് 2018-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) ഭൂരിഭാഗം ഭൂമിയും നഞ്ച വിഭാഗത്തിൽപ്പെട്ട കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ ലൈഫ് പദ്ധതിപ്രകാരം കെട്ടിട നിർമ്മാണത്തിന് പ്രത്യേക അനുമതി തേടികൊണ്ടുള്ള ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനത്തിന്മേൽ (റെസിപ്റ്റ് നമ്പർ: 6975467) സ്വീകരിച്ച നടപടി അറിയിക്കുമോ?

ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഡി.ഇ.3/107/2023/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ പരിശോധിക്കുകയും 17-02-2023-ലെ കത്തുപ്രകാരം റിപ്പോർട്ടിനായി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അയച്ച് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന

മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**വർക്ക് നിയർ ഹോം പദ്ധതി**

345 (4128) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർക്ക് നിയർ ഹോം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപപ്പെടുത്തിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ വർക്ക് നിയർ ഹോം (WNH) പദ്ധതിക്ക് 02-02-2023-ലെ G.O(Ms)No.4/2023/ITD പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ മൂന്ന് സർക്കാർ ഐ.ടി. പാർക്കുകളിൽ നിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് 5000 മുതൽ 50000 വരെ ചതുരശ്ര അടി വിസ്തൃതിയിൽ ഐ.ടി. സ്പെയിസുകൾ സജ്ജീകരിക്കുന്നതാണ് നിർദ്ദിഷ്ട വർക്ക് നിയർ ഹോം മാതൃക. പ്ലഗ് &പ്ലേ ഓഫീസ്, കോ-വർക്കിംഗ്

സ്പെയിസ്, മീറ്റിംഗ് റൂമുകൾ, കോൺഫറൻസ് റൂം, ട്രെയിനിംഗ് റൂം, കോഫി ലോഞ്ച്/റസ്റ്റോറൻറ്, സീംലെസ് ഇൻറർനെറ്റ് കണക്റ്റിവിറ്റി - വയേർഡ് വൈഫൈ, അൺ ഇൻ്ററപ്റ്റഡ് പവർ സപ്ലൈ, എയർകണ്ടീഷൻ, വീഡിയോ/ഓഡിയോ കോൺഫറൻസ് ഫെസിലിറ്റി, വയർലെസ് പ്രിൻ്റർ, സ്കാനർ എന്നിവയോടുകൂടിയ ഫ്രണ്ട് ഡെസ്ക്, 24 മണിക്കൂറും പ്രവർത്തിക്കുന്ന സർവയലൻസ് & സെക്യൂരിറ്റി എന്നിവ ഉൾപ്പെടുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കൊച്ചി സൗത്ത് മെട്രോ സ്റ്റേഷനിൽ ഏകദേശം 40000 ചതുരശ്ര അടി ബിൽറ്റ് അപ്പ് സ്പേസിൽ ഡിസ്ട്രിബ്യൂട്ടഡ് വർക്ക് സ്പെയിസ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായുള്ള 19-04-2022-ലെ മാർഗ്ഗരേഖ ഉത്തരവിലെ സ.ഉ. (കൈ) നമ്പർ 84/2022/ത.സ്വ.ഭ.വ. ഖണ്ഡിക 2.2 (5), 2.3.2 (2), 8.4.3 (7) ഇവപ്രകാരം വർക്ക് ഫ്രം ഹോം ആശയം പ്രാവർത്തികമാക്കുന്നതിനും സൈബർ ജോലിയിടങ്ങൾ സൃഷ്ടിക്കുന്നതിനും കുടുംബശ്രീ ഓക്സിലറി

ഗ്രൂപ്പുകളെ ബന്ധിപ്പിച്ചുകൊണ്ട് വർക്ക് ഫ്രം നെയിബർഹുഡുപോലുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) ദേശീയതലത്തിൽ വർക്ക് നിയർ ഹോം പദ്ധതി നടത്തിപ്പിനുവേണ്ടി തയ്യാറാക്കിയ രൂപരേഖ വിശദമാക്കാമോ?

ദേശീയതലത്തിൽ വർക്ക് നിയർ ഹോം പദ്ധതി നടത്തിപ്പിനുവേണ്ടി തയ്യാറാക്കിയ രൂപരേഖ സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. 08-12-2022-ലെ കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനപ്രകാരം Special Economic Zones (Fifth Ammendments) Rules 2022 പ്രകാരം ചട്ടം 43 A ആയി Special Economic Zone-ന് പുറത്ത് Work near Home അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്.

(സി) പ്രസ്തുത ലക്ഷ്യത്തിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ ആസൂത്രണം ചെയ്ത സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടെ വാർഷിക പദ്ധതി

തയ്യാറാക്കുന്ന മാർഗ്ഗരേഖ ഉത്തരവിലെ (19-04-2022-ലെ സ.ഉ. (കൈ) നമ്പർ 84/2022/ത.സ്വ.ഭ.വ.) ഖണ്ഡിക 2.2 (5), 2.3.2 (2), 8.4.3 (7) ഇവ പ്രകാരം വർക്ക് ഫ്രം ഹോം ആശയം പ്രാവർത്തികമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുബന്ധം IV പ്രകാരം അനുവദിക്കുന്ന വികസന ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം (അടിസ്ഥാന ഗ്രാന്റ്), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് എന്നിവ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ 2023-24-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ Work Near Home പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാദേശിക തലത്തിൽ രൂപരേഖ ഉണ്ടാക്കിയതായും ഇത്തരം സെന്ററുകളുടെ പ്രവർത്തനത്തിനായി സർക്കാരും സ്വകാര്യമേഖലയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് രൂപീകരിക്കുന്ന പങ്കാളിത്ത മാതൃകയാണ് ഉണ്ടാവുന്നതെന്നും പലിശരഹിത വായ്പയായി കിഫ്ബിയിൽനിന്നുള്ള ഫണ്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**പ്രാദേശിക സർക്കാരുകളുടെ നൂതന പദ്ധതികൾ**

346 (4129) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രാദേശിക വിഭവശേഷിയെ ഫലപ്രദമായി ഉപയോഗിക്കുകയാണ് എന്നിരിക്കെ നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രസ്തുത ലക്ഷ്യത്തിനനനുസൃതമായി പരിഷ്കരിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്. ഉല്പാദനശേഷി വർദ്ധനവ്, പ്രാദേശിക സാമ്പത്തിക വികസനം, നൈപുണ്യ വികസനം, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിന് പ്രാദേശിക കർമ്മ പദ്ധതി രൂപീകരണം, ദുരന്തനിവാരണം തുടങ്ങി വിവിധ വിഷയ മേഖലകളിൽ വിപുലവും വിശാലവുമായ ചർച്ചകൾ നടത്തിയതിനുശേഷമാണ് മാർഗ്ഗരേഖകൾ അന്തിമമാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. അതത് വകുപ്പുകളും വിദഗ്ദ്ധരും കൂടാതെ

പൊതുജനങ്ങൾക്കും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്താനുള്ള അവസരം ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രാദേശികമായി ലഭ്യമാക്കാൻ കഴിയുന്ന മനുഷ്യ-പ്രകൃതി വിഭവങ്ങളെ എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താമെന്നതുസംബന്ധിച്ച് വിശകലനം നടത്തുന്നതിനും വിവിധ സ്രോതസ്സുകളിൽനിന്നും കണ്ടെത്തുന്ന വിവിധങ്ങളായ ഗുണഭോക്തൃ വിഹിതം, സന്നദ്ധ സേവനം, സംഭാവന, വായ്പകൾ, മറ്റുതദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം, ജനകീയ സംഘടനാ സംവിധാനങ്ങളിലൂടെയുള്ള വിഭവസമാഹരണം, സി.എസ്.ആർ. ഫണ്ടുകൾ എന്നിവ പദ്ധതി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട പദ്ധതി രൂപീകരണ - സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം നൽകിയിട്ടുണ്ട്.

(ബി) പ്രാദേശിക സർക്കാരുകളുടെ നൂതന പദ്ധതികൾക്കായി സർക്കാർ ഏർപ്പെടുത്തിയ പ്രത്യേക സംവിധാനം വിജയകരമായിരുന്നെന്ന്

വിലയിരുത്തിയിട്ടുണ്ടോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സവിശേഷതകളിലൊന്നായാണ് പ്രസക്തവും നൂതനവുമായ പദ്ധതികൾ രൂപകല്പന ചെയ്യുന്നതിനായി 'നൂതന പരിപാടികൾക്ക് പ്രത്യേക സംവിധാനം' ഏർപ്പെടുത്തിയത്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പ്രാദേശിക വികസന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും വിഭവശേഷിയെ അടിസ്ഥാനമാക്കി അനുയോജ്യമായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയുമാണ്. പ്രാദേശികമായി ഉയർന്നുവരുന്ന ചില പ്രോജക്ടുകൾ നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കാൻ പറ്റിയെന്നുവരില്ല. അത്തരം പ്രോജക്ടുകളുടെ പരിശോധനയ്ക്കും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. വിവിധ തലങ്ങളിലെ പ്രാദേശിക സർക്കാരുകളുടെ നൂതന പ്രോജക്ടുകൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടത് ഈ സമിതിയാണ്. ഈ സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നുണ്ട്. നൂതന പദ്ധതികൾക്കായി കെ-ഡിസ്കിന്റെ

കീഴിൽ 'വൺ ലോക്കൽ ബോഡി വൺ ഐഡിയ' എന്ന പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്.

(സി) 2021-22 വർഷങ്ങളിൽ പ്രാദേശിക സർക്കാരുകൾ ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

2021-22-ൽ പ്രാദേശിക സർക്കാരുകൾ നൂതന പദ്ധതികളായി ഉൽപ്പാദന മേഖലയിൽ 85 പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിന്റെ ചെലവ് 4.21 കോടി രൂപയാണ്. സേവന മേഖലയിലെ 72 പദ്ധതികൾക്കായി 4.33 കോടി രൂപയാണ് ചെലവായിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ നൂതന പദ്ധതികളൊന്നും തന്നെയില്ല. ഇതുപ്രകാരം 8.55 കോടി രൂപ ചെലവിൽ ആകെ 157 നൂതന പദ്ധതി പ്രോജക്ടുകളാണ് 2021-22-ൽ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തിട്ടുള്ളത്.

(ഡി) നൂതന ആശയങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതായി കരുതുന്നുണ്ടോ; വിശദമാക്കുമോ?

നൂതന ആശയങ്ങൾ, സാങ്കേതിക വിദ്യകൾ, പുതിയ നിർവ്വഹണ

രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചുകൊണ്ട് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അത്തരം പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സാധ്യതകൾ ഉപയോഗപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങൾ ഈ സ്വഭാവത്തിലുള്ള പ്രോജക്ടുകൾ ഫലപ്രദമായി ഏറ്റെടുത്തുവരുന്നുണ്ട്. 'വൺ ലോക്കൽ ബോഡി വൺ ഐഡിയ' എന്ന പരിപാടിയുടെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൂതന പദ്ധതികൾക്കായി അപേക്ഷിച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക് നിരോധനം

347 (4130) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം നിലവിൽ വന്നതിനുശേഷവും നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 22-10-2022-ലെ ജി.ഒ. (ആർ.ടി.) നം. 2566/2022/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവാകുകയും ആയതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിച്ചുവരുന്നു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച ലംഘനങ്ങൾ കണ്ടെത്തുകയും നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പിടിച്ചെടുക്കുകയും നിയമലംഘകരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യുകയെന്നതാണ് ഈ സ്ക്വാഡിന്റെ പ്രധാന ലക്ഷ്യം.

നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനും പൗരപങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള ആപ്പ് (എസ്.യു.പി. പബ്ലിക് ഗ്രീവൻസ് ആപ്പ്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കിവരുന്നു.

(സി) സർക്കാർ നിരോധിച്ച ഏതെങ്കിലും തരം പ്ലാസ്റ്റിക് ക്യാരി ബാഗുകൾ തുടർന്നും ഉപയോഗിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 10-01-2023-ലെ വിധിപ്രകാരം 60 ജി.എസ്.എം.-നും അതിനുമുകളിലുമുള്ള നോൺ-വൂവൺ പ്ലാസ്റ്റിക് ബാഗുകൾക്ക് 2021-ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന (ഭേദഗതി) ചട്ടങ്ങൾ അനുസരിച്ച് അനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്ലാസ്റ്റിക് നിരോധനം പൂർണ്ണമായി നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് നിയമനിർമ്മാണം നടത്താൻ സാധിക്കുമോ; വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്**

348 (4131) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ പ്രവർത്തിക്കുന്ന 99-ാം നമ്പർ അങ്കണവാടിക്കായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ; തുക എത്രയെന്നും ഏത് സാമ്പത്തിക വർഷത്തെ പദ്ധതിയിലാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. 2016-2017 സാമ്പത്തിക വർഷത്തിൽ 14.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ആരാണ് എടുത്തിട്ടുള്ളതെന്നും കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്നും എങ്കിൽ അത് എന്നുവരെയെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ?

08-02-2021-ലെ 178/EE/LSGD/20-21 എന്ന നമ്പർ എഗ്രിമെന്റ് പ്രകാരം ശ്രീ. ലിജു പൗലോസ് എന്ന കരാറുകാരന് 6 മാസം കാലാവധിയിൽ കരാർ നൽകിയിരുന്നു. പ്രസ്തുത കാലാവധി നീട്ടി നൽകിയിട്ടില്ല.

(സി) പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

അങ്കണവാടി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന പ്ലോട്ട് മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ റോഡെന്ന ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടം റോഡിന്റെ വശത്തായി ഒഴിഞ്ഞുകിടക്കുന്ന 0.95 ആർ വസ്തുവിൽ നിർമ്മിക്കുവാൻ മുളവുകാട് ഗ്രാമപഞ്ചായത്തിൽനിന്നും NOC ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ ടി പ്രവൃത്തി നിർവ്വഹണത്തിനായി സ്ഥലം സന്ദർശിച്ചവേളയിൽ പ്രദേശവാസി, നിർമ്മാണം നടത്തേണ്ട സ്ഥലം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയതിനാലും ടി സ്ഥലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ കേസ് നിലവിലുള്ളതിനാലുമാണ് ടി പ്രവൃത്തി നാളിതുവരെ തുടങ്ങുവാൻ

സാധിക്കാത്തത്.

(ഡി) പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തത് സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ലായെന്ന വിവരം തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയർ, വൈപ്പിൻ എം.എൽ.എ. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ഈ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യമാണെങ്കിൽ അനുവദിച്ച തുക നഷ്ടമാകാതെ മറ്റൊരു പ്രവൃത്തിക്കായി മാറ്റി അനുമതി ലഭ്യമാക്കാമോ; ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാരിൽ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

**തൊഴിലുറപ്പ് പദ്ധതി**

349 (4132) **ശ്രീ. പി. എസ്. സുപാൽ:**

<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജീവിത പ്രതിസന്ധിയുടെയും രാജ്യത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയുടെയും പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം വർദ്ധിപ്പിച്ച് പദ്ധതി വിപുലമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം - 2005 പ്രകാരം ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ അവർ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്നു. ഗ്രാമപ്രദേശത്ത് സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്ന ഘട്ടങ്ങളിൽ തൊഴിലിനുവേണ്ടിയുള്ള ആവശ്യവും വർദ്ധിക്കും. അതിന് ആനുപാതികമായി ഫണ്ട് നീക്കിവയ്ക്കേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

(ബി) തൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം 2023-24 കേന്ദ്ര ബഡ്ജറ്റിൽ കുത്തനെ വെട്ടിക്കുറച്ചിട്ടുണ്ടോ?

തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് വകയിരുത്തിയിരുന്ന കേന്ദ്ര ബഡ്ജറ്റ് വിഹിതം 73,000 കോടി രൂപയായിരുന്നു. നടപ്പുസാമ്പത്തിക വർഷം ഫെബ്രുവരി 28 വരെ 87,737 കോടി രൂപ ചെലവായിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായി നിലവിൽ 60,000 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്.

(സി) തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ അപ്രായോഗികവും അശാസ്ത്രീയവുമായ നിബന്ധനകൾ സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിൽ കാര്യമായ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരേസമയം 20 പ്രവൃത്തികൾ മാത്രമേ പാടുള്ളൂയെന്ന കേന്ദ്ര സർക്കാർ നിയന്ത്രണം സംസ്ഥാനത്തെ പദ്ധതി

നിർവ്വഹണത്തെ പ്രതിലോമകരമായി ബാധിച്ചിട്ടുള്ളതാണ്. നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി കേരളത്തിൽ മാത്രമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒരേസമയം 50 പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന ഇളവ് നിബന്ധനകളോടെ കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 50 പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന നിബന്ധനയും സംസ്ഥാനത്തിന് പ്രതികൂലമാണ്. വ്യക്തിഗത പ്രവൃത്തികൾ ഒഴികെയുള്ള എല്ലാ തൊഴിലുറപ്പ് സ്ഥലങ്ങളിലും ഹാജർ NMMS Mobile App മുഖാന്തരം രേഖപ്പെടുത്തണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം. NMMS Mobile App-ലുള്ള സാങ്കേതിക പ്രശ്നങ്ങൾ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പദ്ധതിയിൽ സാധന സാമഗ്രികൾ വിതരണം ചെയ്യുന്ന വെണ്ടർമാർക്കും വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലാളികൾക്കും സ്റ്റേറ്റ് നോഡൽ അക്കൗണ്ടിൽനിന്നും തുക നൽകുന്നതിന് PFMS ID ഉണ്ടാകണമെന്ന നിബന്ധന കൊണ്ടുവന്നപ്പോൾ അതിലെ സാങ്കേതിക പിഴവുകൾ കാരണം മുഴുവൻപേർക്കും വെണ്ടർ ID സമയബന്ധിതമായി നൽകാൻ കഴിയാതെ വരികയും വെണ്ടർമാരുടെയും വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലാളികളുടെയും തുക നൽകാൻ സാധിക്കാത്ത

സ്ഥിതിയുണ്ടാവുകയും ചെയ്തു. ആസ്തിനിർമ്മാണ പ്രവർത്തനങ്ങളും ഇതുമൂലം പ്രതിസന്ധിയിലായിട്ടുണ്ട്. അവിദഗ്ധ തൊഴിലാളികൾക്കുള്ള വേതനം 2023 ഫെബ്രുവരി മുതൽ ആധാർ അധിഷ്ഠിതമായി മാത്രമേ നൽകാൻ പാടുള്ളൂയെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തൊഴിലാളികളുടെ വേതന വിതരണം തടസ്സപ്പെടുന്നതായി നിരവധി പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഇപ്രകാരം വേതന വിതരണം തടസ്സപ്പെടുന്ന പ്രവൃത്തികളും ഒരേസമയം അനുവദനീയമായ 50 പ്രവൃത്തികളിൽ ഉൾപ്പെട്ടുവരുന്നതും പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. പണിയായുധങ്ങളുടെ വാടക നിർത്തലാക്കി കേന്ദ്ര സർക്കാർ ഉത്തരവായതും തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ഡി) തൊഴിലുറപ്പ് പദ്ധതി തടസ്സം കൂടാതെയും കാര്യക്ഷമമായും നടത്തുന്നതിന് സംസ്ഥാനതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

പ്രതികൂല സാഹചര്യങ്ങൾക്കിടയിലും തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുണ്ട്.

കോവിഡിന്റെ പ്രതിസന്ധി ഘട്ടത്തിൽ കഴിഞ്ഞ രണ്ടുസാമ്പത്തിക വർഷങ്ങളിലും തുടർച്ചയായി 10 കോടിയിലേറെ തൊഴിൽദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഗ്രാമീണ കുടുംബങ്ങൾക്ക് ആശ്വാസം എത്തിക്കുന്നതിന് സാധിച്ചു. നടപ്പുസാമ്പത്തിക വർഷം നവംബർ മാസത്തിൽത്തന്നെ സംസ്ഥാനം അനുമതി ലഭിച്ച 6 കോടി തൊഴിൽദിനങ്ങളും സൃഷ്ടിച്ച് ലക്ഷ്യം പിന്നിടുകയും ലേബർ ബഡ്ജറ്റ് 8.5 കോടിയായി ഉയർത്തുകയും ചെയ്തു. ഇതുവരെ സംസ്ഥാനം 8.44 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ലേബർ ബഡ്ജറ്റ് 10.16 കോടിയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികമായി 100 ദിവസത്തെ തൊഴിൽ നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ നടപ്പുസാമ്പത്തിക വർഷം ഇതുവരെ 20053 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഉപജീവന ഉപാധികൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ പുനരുജ്ജീവന പദ്ധതികളായ സുഭിക്ഷകേരളം, ശുചിത്വ കേരളം എന്നിവയുമായി തൊഴിലുറപ്പ് പദ്ധതിയെ സംയോജിപ്പിച്ച്

സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി മുഖേന ഭൂവികസനം, ജലസേചനം, ധാന്യസംഭരണ കേന്ദ്രങ്ങൾ തുടങ്ങി നിരവധി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ ഹരിത കേരള മിഷനുമായി സഹകരിച്ചുകൊണ്ട് നീർത്തട വികസന പദ്ധതികൾ, പച്ചത്തുരുത്തുകൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും ഏറ്റെടുത്തുവരുന്നു. അങ്കണവാടികളുടെ നിർമ്മാണവും തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കിവരുന്നു. പദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കിയ മുഴുവൻ തൊഴിലാളികൾക്കും സംസ്ഥാന സർക്കാർ 1,000 രൂപ വീതം ഉത്സവബത്തയായി നൽകിവരുന്നു. തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിക്കാൻ നിയമനിർമ്മാണം നടത്തി ക്ഷേമനിധി ബോർഡ് രൂപീകരിച്ച ഒരേയൊരു സംസ്ഥാനവും കേരളമാണ്.

**ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ**

350(4133) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തീരാജ് നഗരപാലിക നിയമപ്രകാരം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ, പൊതുജലാശയങ്ങൾ, കന്നുകാലി മേച്ചിൽപ്പുറങ്ങൾ തുടങ്ങിയ പൊതുആസ്തികൾ തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ചേർത്ത് സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാതരത്തിലുള്ള ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള 19-04-2022-ലെ സ.ഉ. (കൈ) നം. 84/2022/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ആസ്തികൾ സംരക്ഷിക്കുന്നതിലേയ്ക്കായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

351 (4134) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുളള പദ്ധതികൾ ചുവടെ ചേർക്കുന്നു.

| തദ്ദേശസ്ഥാപനം | എണ്ണം | പദ്ധതി നടപ്പിലാക്കിയ സ്ഥലം |
|---|---|---|
| കുറിച്ചി | 1 | കുറിച്ചി ഔട്ട് പോസ്റ്റ് |
| മാടപ്പള്ളി | 1 | മാമൂട് ജംഗ്ഷൻ |
| പായിപ്പാട് | 1 | ഫിഷ് മാർക്കറ്റ് |
| തൃക്കൊടിത്താനം | 1 | അമ്പലത്തിന് സമീപം |
| | 1 | കുന്നുംപുറം ജംഗ്ഷൻ |
| വാഴപ്പള്ളി | 1 | പി.എച്ച്.സി |
| ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | 1 | മുനിസിപ്പൽ പാർക്ക് |
| | 1 | നം.2 ബസ് സ്റ്റാന്റ് |

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

| തദ്ദേശസ്ഥാപനം | എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|
| കുറിച്ചി | 1 | പൂർത്തീകരിച്ചു |
| മാടപ്പള്ളി | 1 | സ്ട്രക്ച്ചറൽ വർക്ക് പുരോഗമിക്കുന്നു |
| പായിപ്പാട് | 1 | സ്ട്രക്ച്ചറൽ വർക്ക് പുരോഗമിക്കുന്നു |
| തൃക്കൊടിത്താനം | 1 | പൂർത്തീകരിച്ചു |

| | | |
|---|---|---|
| | 1 | പൂർത്തീകരിച്ചു |
| വാഴപ്പള്ളി | 1 | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട് |
| ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | 1 | സിവിൽ വർക്ക് പൂർത്തീകരിച്ചു |
| | 1 | സ്ട്രക്ച്ചറൽ വർക്ക് പുരോഗമിക്കുന്നു. |

**വൃത്തിയുള്ള നവകേരളം – വലിച്ചെറിയൽ മുക്തകേരളം പദ്ധതി**

352 (4135) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം പരിപാടിയുടെ രണ്ടാംഘട്ടമായി വൃത്തിയുള്ള നവകേരളം - വലിച്ചെറിയൽ മുക്തകേരളം പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തന പദ്ധതികൾ വിശദമാക്കാമോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ?

2023 ജനവരി 26-ന് 'നവകേരളം വൃത്തിയുള്ള കേരളം, വലിച്ചെറിയ

മുക്തകേരളം' പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2025 ജനുവരിയോടുകൂടി കേരളത്തെ സമ്പൂർണ്ണ മാലിന്യ മുക്തമായി പ്രഖ്യാപിക്കാൻ കഴിയുന്ന തരത്തിൽ ജനകീയ പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിടുന്നത്. സ്ഥിരമായി വലിച്ചെറിയുന്ന സ്ഥലങ്ങൾ കണ്ടെത്തി ഈ സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നില്ലായെന്ന് ഉറപ്പുവരുത്തുക, വൃത്തിയുള്ള പൊതുസ്ഥാപനങ്ങൾ സൃഷ്ടിക്കുക, മാലിന്യരഹിത പ്രദേശങ്ങൾ കണ്ടെത്തി വൃത്തിയാക്കി സംരക്ഷിക്കുക, മാലിന്യരഹിത വാർഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അസംബ്ലി മണ്ഡലങ്ങളും മാലിന്യരഹിത ജില്ലകളും സൃഷ്ടിച്ച് വൃത്തിയുള്ള കേരളം പ്രഖ്യാപിക്കുകയെന്നതാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ ക്യാമ്പയിന്റെ ഭാഗമായി നിലവിലുള്ള അടിസ്ഥാന മാലിന്യ സംസ്കരണ സംവിധാനങ്ങൾ സാർവ്വത്രികമാക്കുന്നതിനും ഗാർഹിക സ്ഥാപനതല ജൈവ/അജൈവ മാലിന്യശേഖരണവും സംസ്കരണവും ശക്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. ദ്രവമാലിന്യ സംസ്കരണം കുറ്റമറ്റനിലയിലാക്കാനും കമ്മ്യൂണിറ്റി

കമ്പോസ്റ്റിംഗ് സംവിധാനങ്ങളുടെ സ്ഥിതി വിലയിരുത്തി പരിഹാരപ്രവർത്തനങ്ങളും അജൈവ പാഴ്വസ്തുക്കളുടെ വാതിൽപ്പടി ശേഖരണം 100 ശതമാനത്തിൽ എത്തിക്കാനും എം.സി.എഫ്., ആർ.ആർ.എഫ്. എന്നീ സംവിധാനങ്ങൾ ഉറപ്പുവരുത്തി ഫോർവേർഡ് ലിങ്കേജ് കാര്യക്ഷമമാക്കിയുള്ള പ്രവർത്തനവും ലക്ഷ്യമിടുന്നു. ബദൽ ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും മാലിന്യത്തിന്റെ അളവ് ലഘൂകരിക്കാൻ നടത്തേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന ഈ പ്രവർത്തനങ്ങൾക്ക് സഹായകരമായി ആരോഗ്യം, പോലീസ്, വിനോദസഞ്ചാരം, പൊതുമരാമത്ത്, ജലവിഭവം, ജലസേചനം, വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, കൃഷി, മണ്ണ് സംരക്ഷണം, പരിസ്ഥിതി, സാങ്കേതിക വിദ്യാഭ്യാസം, മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഹരിത കേരളം മിഷൻ,

കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്., എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ. ക്ലീൻ കേരള കമ്പനി എന്നിവയാണ് ഈ ക്യാമ്പയിന് നേതൃത്വപരമായ പങ്കുവഹിക്കുന്നത്. വ്യാപകമായ വിവരവിജ്ഞാപന പ്രവർത്തനങ്ങളും ഇതോടൊപ്പം നടത്തുന്നുണ്ട്. ഈ പ്രവർത്തന പരിപാടിക്ക് നിശ്ചയിച്ചിട്ടുള്ള കലണ്ടർ ചുവടെ ചേർക്കുന്നു.

ഒന്നാംഘട്ടത്തിൽ 370 ഗ്രാമപഞ്ചായത്തുകളും 30 നഗരസഭകളും 2023 മെയ് 20-നുള്ളിൽ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ നടത്തി മാലിന്യരഹിത പഞ്ചായത്തുകളും നഗരസഭകളുമായി പ്രഖ്യാപിക്കുവാൻ ലക്ഷ്യമിടുന്നു.

രണ്ടാംഘട്ടത്തിൽ 375 ഗ്രാമപഞ്ചായത്തുകളും 40 നഗരസഭകളും 2024 മാർച്ച് 30-നുള്ളിൽ ആവശ്യമായ അടിസ്ഥാന സൗകര്യവികസനം ഒരുക്കിയും മറ്റുപ്രവർത്തനങ്ങൾ നടത്തിയും മാലിന്യരഹിതമായി പ്രഖ്യാപിക്കുവാൻ ലക്ഷ്യമിടുന്നു.

മൂന്നാംഘട്ടത്തിൽ 196 ഗ്രാമപഞ്ചായത്തുകളും 23 നഗരസഭകളും 2025 മാർച്ചോടുകൂടി മാലിന്യരഹിതമായി പ്രഖ്യാപിക്കുവാനും 2025 മാർച്ച് 30-ന്

മാലിന്യരഹിത കേരളമായി പ്രഖ്യാപിക്കുവാൻ ലക്ഷ്യമിടുന്നു

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മാലിന്യക്കൂമ്പാരങ്ങൾ കണ്ടെത്തി നീക്കം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ശേഖരിക്കുന്ന മാലിന്യങ്ങളും പാഴ്വസ്തുക്കളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങളും പാഴ്വസ്തുക്കളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിതകർമ്മ സേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ വാർഡുതലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേയ്ക്കോ/തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേയ്ക്കോ എത്തിച്ച് അവയുടെ പുന:ചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി മുഖേനയോ പാഴ്വസ്തു വ്യാപാരികൾ

മുഖേനയോ പുന:ചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറിവരുന്നു.

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായുള്ള തസ്തികകൾ**

353(4136) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി എത്ര തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് തസ്തികകളുടെ പേരും മറ്റുവിശദാംശങ്ങളും സഹിതം അറിയിക്കാമോ?

| നം. | തസ്തിക | സൃഷ്ടിക്കപ്പെട്ട എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | അഡീഷണൽ ഡയറക്ടർ | 01 | 1,12,800 - 1,63,400 |
| 2 | ജോയിന്റ് ഡയറക്ടർ | 07 | 1,07,800 - 1,60,000 |

(ബി) തദ്ദേശ സ്ഥാപനങ്ങളിൽ ഇത്തരത്തിലുള്ള എത്ര തസ്തികകൾ

ഉണ്ടെന്നും പ്രസ്തുത തസ്തികകളിൽ നിയമനം നടന്നിട്ടുണ്ടോയെന്നും വിശദമാക്കാമോ?

തദ്ദേശ സ്ഥാപനങ്ങളിൽ 14 ജില്ലാ പഞ്ചായത്തുകളിലെ 14 ജില്ലാ പഞ്ചായത്ത് സെക്രട്ടറി തസ്തികകൾ ഏകീകൃത വകുപ്പിനകത്തെ ജീവനക്കാരുടെ തസ്തികയാക്കി നിശ്ചയിച്ചുകൊണ്ടും ഏകീകൃത വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമാക്കിയും ഉത്തരവായിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ തസ്തിക പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും ജോയിന്റ് ഡയറക്ടർ തസ്തികകൾ ജില്ലാ ജോയിന്റ് ഡയറക്ടറേറ്റിലുമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഒരേ ശമ്പള സ്കെയിലിലുള്ള ജോയിന്റ് ഡയറക്ടർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നീ 21 തസ്തികകളിൽ 18 തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്. ബാക്കി 3 തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## മണ്ണ് പരിശോധനയും സ്ട്രക്ച്ചറൽ ഡിസൈനിംഗും നടത്തുന്ന ഏജൻസികൾ

354(4137) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ അംഗീകൃത ഏജൻസികൾക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായുള്ള മണ്ണ് പരിശോധനയും സ്ട്രക്ച്ചറൽ ഡിസൈനിംഗും നടത്താൻ സാധിക്കുന്നതെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഏജൻസികൾക്ക് ടെണ്ടറില്ലാതെ ഇത്തരം പ്രവൃത്തികൾ നേരിട്ടേൽപ്പിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

(എ & ബി) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, എൻ.ഐ.ടി. കോഴിക്കോട് എന്നിവ ഗവൺമെന്റ് സ്ഥാപനങ്ങൾ ആയതിനാൽ നിലവിൽ ടെണ്ടർ നടപടികളില്ലാതെ മേൽസ്ഥാപനങ്ങൾക്ക് കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായുള്ള മണ്ണ് പരിശോധനയും സ്ട്രക്ച്ചറൽ ഡിസൈനിംഗും നേരിട്ട് നൽകിവരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ

355 (4138) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (ഗ്രാമ-ബ്ലോക്ക്-പഞ്ചായത്തുകളിലും നഗരസഭ-കോർപ്പറേഷനുകളിലും) 2018 ജനുവരി 1 മുതൽ 2023 ജനുവരി 1 വരെയുള്ള കാലയളവിൽ തീർപ്പാക്കാതെ എത്ര ഫയലുകൾ കെട്ടിക്കിടക്കുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 01-03-2023 വരെ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+. ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭ, കോർപ്പറേഷനുകളിലും തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ ജില്ല തിരിച്ചുള്ള കണക്കിന്റെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭവനം, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണത്തിനുള്ള അനുമതിയുമായോ നിർമ്മാണം പൂർത്തീകരിച്ച് നമ്പറുകൾ നൽകുന്നതുമായോ ബന്ധപ്പെട്ട ഫയലുകളുടെയും ആരോഗ്യം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളുടെയും വേർതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) എന്ത് കാരണത്താലാണ് ഇത്തരം ഫയലുകൾ തീർപ്പാക്കാത്തതെന്ന് വിശദമാക്കുമോ?

വിവിധ കോടതികളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന കേസ് സംബന്ധമായ ഫയലുകളും അച്ചടക്ക നടപടി ഫയലുകളും കേസ്സിന്റെ സ്വഭാവത്തിനനുസരിച്ച് തീർപ്പാക്കാൻ കാലതാമസം നേരിടുന്നുണ്ട്. കൂടാതെ, കെട്ടിട നിർമ്മാണ ചട്ടം സംബന്ധിച്ച് സംസ്ഥാനതല ഫയൽ അദാലത്തുകളിൽ സമർപ്പിക്കേണ്ട ഫയലുകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം,

നടപടിക്രമങ്ങൾ പൂർത്തിയാവാത്തത്, അപേക്ഷകളിലെ ന്യൂനതകൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് ഫയലുകളിൽ തീർപ്പുകൽപ്പിക്കാൻ വൈകുന്നത്.

(ഡി) ഇത്തരം ഫയലുകൾ തീർപ്പാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് ഫയലുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നിസ്സാരകാരണങ്ങൾ പറഞ്ഞ് ഉദ്യോഗസ്ഥർ ഫയലുകൾ തീർപ്പാക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രേഖകളുടെ ഡിജിറ്റലൈസേഷൻ**

356(4139) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ

ആസ്തി രേഖകൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരം രേഖകൾ അപ്ഡേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആസ്തികൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. മറ്റുതദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ ട്രാക്കിംഗ് പ്ലാറ്റ്ഫോമിലൂടെ ആർ-ട്രാക്ക് ആപ്ലിക്കേഷൻ ഉപയോഗിച്ച് റോഡുകളുടെ വിവരശേഖരണം നടത്തിവരുന്നുണ്ട്.

**തദ്ദേശ സ്ഥാപനങ്ങളുടെ ധനാഗമന മാർഗ്ഗങ്ങൾ**

357(4140) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനാഗമന മാർഗ്ഗങ്ങൾ

ഏതൊക്കെയെന്ന് അറിയിക്കാമോ?

വസ്തുനികുതി, തൊഴിൽ നികുതി, FACTEOS ലൈസൻസ് ഫീസ്, കെട്ടിടങ്ങളിൽ നിന്നുള്ള വാടക, മറ്റുലൈസൻസ് ഫീസ്, ലേലത്തുക, ബസ്സ്റ്റാന്റ് രസീതുകൾ, മാർക്കറ്റ് രസീതുകൾ, സിവിൽ രജിസ്ട്രേഷൻ ഫീസ്, വിനോദനികുതി, വിവരാവകാശ നിയമപ്രകാരമുള്ള എക്സ്ട്രാക്ടുകളുടെ ഫീസ്, പിഴപ്പലിശ, നോട്ടീസ് ഫീസ്, സെർച്ച് ഫീസ്, അപേക്ഷാ ഫീസ്, ശ്മശാന ഫീസ്, സേവന നിരക്കുകൾ, ആശുപത്രി, പാരാമെഡിക്കൽ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽനിന്നുള്ള രജിസ്ട്രേഷൻ ഫീസ്, പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ്, ഹാളുകളുടെയും ഓഡിറ്റോറിയങ്ങളുടെയും വാടക, ഫോമുകളുടെ വിൽപ്പന, സ്റ്റാമ്പുകളുടെ വിൽപ്പന എന്നിവയാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ധനാഗമന മാർഗ്ഗങ്ങൾ.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട വിവിധതരം നികുതികൾ അടയ്ക്കാനുണ്ടെന്ന സന്ദേശം എസ്.എം.എസ്., ഇമെയിൽ എന്നീ ഓൺലൈൻ സംവിധാനങ്ങളിലൂടെ ആളുകളെ അറിയിക്കാൻ നിലവിൽ മാർഗ്ഗമുണ്ടോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പിരിവ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പേയ്മെന്റ് ലിങ്ക് ഇല്ലാതെയും അവ ഉൾപ്പെടുത്തിക്കൊണ്ടുമുള്ള ഓട്ടോമാറ്റിക് ആയതും അല്ലാത്തതുമായ മെസ്സേജിംഗ് സംവിധാനം സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. നഗരസഭകളിൽ ഇത്തരം സംവിധാനം നിലവിലില്ല. ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) തയ്യാറാക്കുന്ന K-SMART സംവിധാനം നിലവിൽ വരുമ്പോൾ ഇത്തരം സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക, ലേലതുക എന്നിവ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വാടക, ലേലത്തുക എന്നിവ പിരിച്ചെടുക്കുന്നതിന് നിലവിൽ തദ്ദേശ സ്ഥാപനങ്ങളിൽ സാങ്കേതിക സംവിധാനമില്ല. എന്നാൽ കെട്ടിടങ്ങളുടെ വാടക, ലേലത്തുക എന്നിവ കാര്യക്ഷമമായിതന്നെ പിരിച്ചെടുക്കുന്നുണ്ട്.

ഇൻഫർമേഷൻ കേരള മിഷനുമായി ആലോചിച്ച് വാടക, ലേലത്തുക എന്നിവ പിരിച്ചെടുക്കുന്നതിന് സാങ്കേതിക സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ നിശ്ചയിക്കുന്ന വാടക കാലാനുസൃതമായി പരിഷ്കരിക്കാറുണ്ടോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെയോ അംഗീകാരം നേടിയ ബൈലോയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കടമുറികൾ ലേലം ചെയ്യുന്നത്. ബൈലോയിലെ വ്യവസ്ഥകൾപ്രകാരം വാടക കാലാനുസൃതമായി പരിഷ്കരിക്കാവുന്നതാണ്.

(ഇ) പ്രസ്തുത വാടക നിരക്ക് പരിഷ്കരിക്കുന്നതിന്റെ മാനദണ്ഡവും എത്ര കാലത്തെ ഇടവേളയിലാണ് നിരക്ക് പരിഷ്കരിക്കുന്നതെന്നും അറിയിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെയോ അംഗീകാരം നേടിയ ബൈലോയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കടമുറികൾ ലേലം ചെയ്യുന്നത്. സർക്കാർ അംഗീകരിച്ചിട്ടുള്ള മാതൃക ബൈലോപ്രകാരം പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക നിശ്ചയിക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ അധിക വാടക നിലവിലുള്ള വാടക തുകയെക്കാൾ അഞ്ച് ശതമാനം അധികരിക്കാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭകളിൽ പൊതുലേലം വഴി വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ വാടക നിരക്ക് പ്രതിവർഷം നഗരസഭാ കൗൺസിൽ തീരുമാനിക്കുന്ന നിശ്ചിത നിരക്കിൽ വർദ്ധിപ്പിക്കുകയും ലൈസൻസ് അവസാനിക്കുന്ന മുറയ്ക്ക് കാലാനുസൃതമായി നഗരസഭാ കൗൺസിലിന്റെ അംഗീകാരത്തോടെ വാടക നിരക്ക് പരിഷ്കരിച്ചുവരുന്നു.

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനാഗമന മാർഗ്ഗം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങളുടെ സി.എസ്.ആർ.

ഫണ്ട് നേടുന്നതിന്റെ സാധ്യത പരിശോധിക്കാമോ?

പരിഗണിക്കാവുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2023-24**

**സാമ്പത്തിക വർഷത്തെ വാർഷിക ഗ്രാന്റ്**

358 (4141) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ഗ്രാന്റ് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

പൊതുആവശ്യ ഫണ്ട്, സംരക്ഷണ ഫണ്ട്, വികസന ഫണ്ട് എന്നിങ്ങനെ മൂന്നുതരം ഫണ്ടുകളാണ് പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്നത്. ഇത് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ആലത്തൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ**

**സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

359(4142) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ എത്ര റോഡുകൾ ഉണ്ടെന്നും അവയ്ക്ക് എത്ര കിലോമീറ്റർ ദൈർഘ്യമുണ്ടെന്നുമുള്ള വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ റോഡുകളിൽ ഗതാഗത യോഗ്യമല്ലാത്ത, അടിയന്തര നിർമ്മാണ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമായ റോഡുകളുടെ വിവരം കിലോമീറ്റർ സഹിതം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു+.

**ഹരിത കർമ്മസേനയുടെ യൂസർ ഫീ**

360(4143) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 06-01-2023 ലെ സ.ഉ. (സാധാ) നമ്പർ 41/2023/ത.സ്വ.ഭ.വ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവുമായി ബന്ധപ്പെട്ട കുറിപ്പ് ഫയലിന്റെയും നടപ്പ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

06-01-2023-ലെ സ.ഉ. (സാധാ) നമ്പർ 41/2023/ത.സ്വ.ഭ.വ. ഉത്തരവുമായി ബന്ധപ്പെട്ട കുറിപ്പ് ഫയലിന്റെയും നടപ്പ് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട വാതിൽപ്പടി സേവനത്തിന് യൂസർ ഫീ ഇനത്തിൽ എത്ര രൂപയാണ് ഈടാക്കുന്നതെന്ന് വിശദമാക്കാമോ?

നവകേരളം കർമ്മപരിപാടിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യസംസ്കരണ ഉപമിഷൻ മാർഗ്ഗരേഖയായ 15-07-2017-ലെ സ.ഉ. (സാധാ) നം. 2420/2017/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവുപ്രകാരം ഹരിത കർമ്മസേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60/- രൂപയെന്നാണ് നിശ്ചയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പല

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർ ഫീ ഹരിത കർമ്മസേനകൾക്ക് ഉപജീവനത്തിനുള്ള വരുമാനം ലഭ്യമാക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 12-08-2020-ലെ സ.ഉ. (സാധാ) നം. 1496/2020/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവുപ്രകാരം ഹരിത കർമ്മസേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഉത്തരവുപ്രകാരം ഗ്രാമപ്രദേശങ്ങളിൽ വീടുകൾക്ക് 50/- രൂപയും നഗരപ്രദേശങ്ങളിൽ 70/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽനിന്നും 100/- രൂപയും ഈടാക്കിവരുന്നു. (സ്ഥാപനത്തിന്റെ വലിപ്പം, പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവയ്ക്കനുസരിച്ച് സ്ഥാപനത്തിന്റെ നിരക്ക് വ്യത്യാസപ്പെടുന്നതാണ്).

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെടുന്നവർ, അർബുദം പോലുള്ള മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബങ്ങൾ എന്നിവരെ പ്രസ്തുത യൂസർ ഫീയിൽനിന്നും ഒഴിവാക്കുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെടുന്നവർ, ആശ്രയ കുടുംബങ്ങൾ എന്നിവർക്ക് യൂസർഫീ ഇളവ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവർക്കുള്ള യൂസർഫീ തദ്ദേശസ്വയംഭരണ സ്ഥാപനം ഗുണഭോക്താക്കളുടെ പട്ടികയോടൊപ്പം ഹരിത കർമ്മസേനാ കൺസോർഷ്യത്തിന് നൽകേണ്ടതാണ്. 12-08-2020-ലെ സ.ഉ. (സാധാ) നം. 1496/2020/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവുപ്രകാരം അംഗീകരിച്ച ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖയിൽ യൂസർ ഫീ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് യൂസർ ഫീ ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**കൊല്ലം ജില്ലയിലെ നബാർഡിന്റെ പദ്ധതികൾ**

361(4144) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ അനുവദിച്ച നബാർഡിന്റെ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) കൊല്ലം ജില്ലയിൽനിന്നും നിലവിൽ പരിഗണനയിലുള്ള പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) നബാർഡ് പദ്ധതിപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് അലോക്കേഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ അനുവദിച്ചതും പരിഗണനയിലുള്ളതുമായ നബാർഡ് പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല.

**കേബിളുകൾമൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

362(4145) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിൽ അയഞ്ഞ് കിടക്കുന്ന കേബിൾ മരണക്കുരുക്കായി മാറുന്ന സംഭവങ്ങൾ തുടർക്കഥയാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കായംകുളം ഇടശ്ശേരി ജംഗ്ഷന് സമീപം ഭർത്താവിനൊടൊപ്പം

സ്കൂട്ടറിൽ സഞ്ചരിക്കവെ കഴുത്തിൽ കേബിൾ കുരുങ്ങി വീട്ടമ്മ റോഡിൽ വീണ് മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

(എ & ബി) ഉണ്ട്.

(സി) നിരത്തിൽനിന്നും നാല് മീറ്റർ ഉയരത്തിൽ കാണുന്ന കേബിളുകൾ മുറിച്ചുമാറ്റണമെന്ന ഹൈക്കോടതി ഉത്തരവ് പാലിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

23-02-2023-ലെ WP (സി) No. 34310/19 കേസ്സിലെ വിധി ന്യായപ്രകാരം തങ്ങളുടെ ഉടമസ്ഥതയിലുള്ള പോസ്റ്റുകളിലൂടെ കടന്നുപോകുന്ന കേബിളുകൾ പത്ത് ദിവസത്തിനകം തിട്ടപ്പെടുത്തി ടാഗ് ചെയ്യുന്നതിന് KSEB-യ്ക്കും കൊച്ചി കോർപ്പറേഷനും നിർദ്ദേശം നൽകുകയും വഴിയാത്രക്കാരുടെ ജീവന് ഭീഷണിയായി അപകടകരമായ വിധത്തിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ മുറിച്ചുമാറ്റുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. മേൽഉത്തരവിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ ഉടമസ്ഥതയിൽ സ്ഥാപിച്ചിട്ടുള്ള കേബിളുകൾ ടാഗ് ചെയ്യുന്നതിനും ജീവന് ഭീഷണിയായി റോഡ് നിരത്തിൽനിന്നും 5 മീറ്റർ

ഉയരത്തിനുതാഴെ അലക്ഷ്യമായി തൂങ്ങികിടക്കുന്ന കേബിളുകൾ മുറിച്ചുമാറ്റി, ഏതൊക്കെ റോഡിലാണ് ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്ന് നഗരസഭയെ രേഖാമൂലം അറിയിക്കാനും വിവിധ കമ്പനികൾക്ക് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. തങ്ങളുടെ ഉടമസ്ഥതയിലുള്ള പോസ്റ്റുകളിലൂടെ കടന്നുപോകുന്ന കേബിളുകൾ തിട്ടപ്പെടുത്തി ടാഗ് ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.-യും സ്വീകരിച്ചുവരുന്നു.

(ഡി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മറ്റുവകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറ്റുവകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ**

363 (4146) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിലും നഗരസഭകളിലും ജോലി

ചെയ്യുന്ന കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പഞ്ചായത്തുകളിലും നഗരസഭകളിലും ജോലി ചെയ്യുന്ന കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പഞ്ചായത്ത്, സർക്കാർ വകുപ്പുകളിലുള്ള ഫുൾടൈം സ്വീപ്പർമാരുടെ ഓഫീസ് അറ്റൻഡന്റ്, ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനം പ്രസ്തുത സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള കണ്ടിജന്റ് ജീവനക്കാരുടെ ബൈട്രാൻസ്ഫർ നിയമനം ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പേര് ഹെൽത്ത് വർക്കർ എന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**കാരാകുറിശി ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

364 (4147) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പ് നിർവ്വഹണ വകുപ്പായിട്ടുള്ളതുമായ കോങ്ങാട് മണ്ഡലത്തിലെ കാരാകുറിശി ഹൈസ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തിയേത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2022-23 വർഷത്തെ ബഡ്ജറ്റിൽ അനുബന്ധം II, വാല്യം II, ക്രമ നം. 762 ആയി അനുവദിച്ച കോങ്ങാട് മണ്ഡലത്തിലെ 'കാരാകുറിശി ഹൈസ്കൂൾ കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അക്രെഡിറ്റഡ് ഏജൻസികളിൽനിന്നും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി പ്രകാരം ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചതിൻപ്രകാരം നിർവ്വഹണ ഏജൻസിയായി M/s. Kerala Electrical & Allied Engineering Company Limited നൽകിയിട്ടുള്ള ടെണ്ടർ അംഗീകരിച്ചിട്ടുള്ളതും

ആയതിൻപ്രകാരം ടി പ്രവൃത്തിയുടെ DPR തയ്യാറാക്കുന്നതിനായി പാലക്കാട് ജില്ലാ പഞ്ചായത്തിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**എം.എൻ. ലക്ഷം വീട് പദ്ധതി**

365 (4148) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൻ. ലക്ഷം വീട് പദ്ധതിപ്രകാരം ഇരട്ടവീടുകളിൽ താമസിക്കുന്നവർക്ക് ഒറ്റവീട് ആക്കുന്നതിനായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

28-05-2022-ലെ സ.ഉ. (കൈ) നം 115/2022/ത.സ്വ.ഭ.വ. (സബ്സിഡി മാർഗ്ഗരേഖ പേജ് 71) പ്രകാരം ലൈഫ് ഭവന പദ്ധതി മാനദണ്ഡപ്രകാരം വാസയോഗ്യമല്ലാത്ത ലക്ഷം വീട് ഇരട്ടവീടുകൾ ഒറ്റവീടാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

(ബി) ഇത്തരം വീടുകളിൽ താമസിക്കുന്നവർ ലൈഫ് പദ്ധതിയിൽ

ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് വീട് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി അർഹരാകുന്ന എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണാനുകൂല്യം നൽകുന്നുണ്ട്.

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ**

366 (4149) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതിനുശേഷം പൊതുസർവ്വീസിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭകളിലെ എത്ര ജീവനക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതിനുശേഷം പൊതുസർവ്വീസിലെ സബോർഡിനേറ്റ് സർവ്വീസിൽ

ഉൾപ്പെട്ട പഞ്ചായത്തിലെ 41 ജീവനക്കാർക്കും ബ്ലോക്ക് പഞ്ചായത്തിലെ 11 ജീവനക്കാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്. നഗരസഭകളിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം നഗരസഭയിലെ എത്രശതമാനം ജീവനക്കാർക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരായി പ്രൊമോഷൻ നൽകുന്നതെന്നും ഇത്തരത്തിൽ പ്രൊമോഷൻ നൽകിയവരുടെ വിശദവിവരവും ലഭ്യമാക്കാമോ?

ശതമാനം നിശ്ചയിച്ചിട്ടില്ല. ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല.

**ലൈഫ് ഭവന പദ്ധതി**

367 (4150) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര

ഗുണഭോക്താക്കളാണ് പുതിയതായി ലൈഫ് ഭവന പദ്ധതിയിൽ കരാർ ഒപ്പിട്ട് ഭവന നിർമ്മാണം ആരംഭിച്ചതെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ 48243 ഗുണഭോക്താക്കളും 2022-23 സാമ്പത്തിക വർഷത്തിൽ 75215 ഗുണഭോക്താക്കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ട് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവരിൽ എത്രപേർ ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ 23261 ഗുണഭോക്താക്കളും 2022-23 സാമ്പത്തിക വർഷത്തിൽ 28-02-2023 വരെ 42877 ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിക്കായി വകയിരുത്തിയ ആകെ തുക എത്രയായിരുന്നുവെന്നും ഇതിന്റെ എത്ര

ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ലൈഫ് മിഷന്റെ തനത് ശീർഷകങ്ങളിൽ ആകെ 810.41 കോടി രൂപ വകയിരുത്തിയിരുന്നു. അതിന്റെ 37.26% തുക സാമ്പത്തിക വർഷം അവസാനം വരെ ചെലവഴിച്ചു.

**തദ്ദേശ സ്ഥാപനങ്ങളിൽ പുതുതായി രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ**

368 (4151) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി എത്ര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വർഷവും സംരംഭങ്ങളുടെ തരവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ ഒന്നിൽ കൂടുതൽ ജീവനക്കാർ ഉൾപ്പെടുന്ന സംരംഭങ്ങളുടെ എണ്ണം എത്രയാണ്; വർഷവും സംരംഭങ്ങളുടെ തരവും ജില്ലയും തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് എന്തെല്ലാം രേഖകൾ ഹാജരാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രത്യേക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രേഷൻ കൂടാതെ സംസ്ഥാനത്ത് സംരംഭങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതിയുണ്ടോ; എങ്കിൽ എത്രകാലമാണ് അപ്രകാരം ഒരു സംരംഭം പ്രവർത്തിപ്പിക്കാനാകുക; വിശദമാക്കുമോ?

(എ - ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭിച്ച വിവരാവകാശങ്ങളുടെ വിവരം**

369 (4152) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ പഞ്ചായത്ത്

ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ 2022 ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; അതിന്മേൽ നൽകിയ മറുപടി എന്താണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പുകൾകൂടി ലഭ്യമാക്കാമോ?

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 2022 ഒക്ടോബർ, നവംബർ മാസങ്ങളിൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ രണ്ട് അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയതിൽ ശ്രീ. അക്ഷയ് ശ്രീകുമാർ സമർപ്പിച്ച അപേക്ഷ ചേപ്പാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ആയത് ചേപ്പാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ നിയമം 2005 സെക്ഷൻ 6 (3) പ്രകാരം കൈമാറിയിട്ടുണ്ട്. രണ്ടാമത്തെ അപേക്ഷ ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന ഏതുസേവനങ്ങൾക്കുമുള്ള അപേക്ഷയോടൊപ്പം ഹരിത കർമ്മസേന അംഗങ്ങളിൽനിന്നും പ്ലാസ്റ്റിക്ക് ശേഖരണത്തിന് ലഭിക്കുന്ന രസീതിന്റെ പകർപ്പ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുന്ന സർക്കാർ

ഉത്തരവിന്റെ/സർക്കുലറിന്റെ/തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുകായെന്ന് ആവശ്യപ്പെട്ട് ശ്രീ. ധനേഷ് ഡി. 12-10-2022-ന് നൽകിയതാണ്. ആയതിന്റെ രേഖകൾ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമല്ലായെന്ന് കാണിച്ച് മറുപടി നൽകുകയും തുടർന്ന് 17-11-2022-ന് ലഭിച്ച ടിയാന്റെ അപ്പീൽ അപേക്ഷയിൽ തീർപ്പ് കൽപ്പിച്ച് ആയത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലില്ലാത്തതാകുന്നയെന്ന് മറുപടി നൽകി. പ്രസ്തുത അപേക്ഷകളുടെ പകർപ്പുകളും മറുപടി നൽകിയത് സംബന്ധിച്ച രേഖകളും അനുബന്ധം I ആയി ചേർക്കുന്നു+.

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ നടപ്പ് ഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

വിവരാവകാശവുമായി ബന്ധപ്പെട്ട ഫയലുകളുടെ നടപ്പ് ഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പുകൾ അനുബന്ധം II ആയി ചേർക്കുന്നു+.

(സി) പ്രസ്തുത ഓഫീസിൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയ ആരുടെയെങ്കിലും പേരിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പോലീസിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയ ആരുടെയും പേരിൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽനിന്ന് പരാതി നൽകിയിട്ടില്ല.

(ഡി) വിവരാവകാശ നിയമപ്രകാരം മറുപടി ആവശ്യപ്പെട്ടതിന്റെ പേരിൽ അപേക്ഷകനെതിരെ പോലീസിൽ പരാതി നൽകിയത് ആരുടെ നിർദ്ദേശപ്രകാരമാണെന്ന് വിശദമാക്കാമോ?

ആരും നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം**

370 (4153) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സംസ്ഥാനത്ത് തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കുന്നതിനും

പേവിഷബാധ ഉന്മൂലനം ചെയ്യുന്നതിനുമായി സംസ്ഥാന സർക്കാർ അവലംബിച്ചുപോരുന്ന പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതി. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും വന്ധ്യം കരിക്കുന്നതിനുമായി ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്തതാണ് പ്രസ്തുത പദ്ധതി. ഒരു പ്രദേശത്തെ നായ്ക്കളെ മുഴുവൻ കൊന്നൊടുക്കുകയോ കൂട്ടത്തോടെ നീക്കം ചെയ്യുകയോ ചെയ്യുന്നത് അശാസ്ത്രീയമായതിനാലും നായകളുടെ വന്ധ്യംകരണവും വാക്സിനേഷനുമാണ് കൂടുതൽ അഭികാമ്യമെന്ന് മുൻപ്രവർത്തനങ്ങളിലൂടെ തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പിലാക്കിയ പ്രധാന നഗരങ്ങളിലൊക്കെയും വിജയകരമായതിനാലും ഭാരത സർക്കാർ ഇന്ത്യയിലെ എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലും മൃഗസംരക്ഷണ സംഘടനകളോടൊപ്പം ചേർന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് വിവിധ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ച ടി ഉത്തരവുകളുടെ

അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെതന്നെ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുൾപ്പെടെയുള്ള പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ

* സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിൽ 52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 247267 നായ്ക്കൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

* 15-09-2022-ലെ സ.ഉ. (സാധാ) 2244/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം സ്ഥാപനതല ജനകീയ കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.

* തെരുവുനായ്ക്കൾക്കും ഉപേക്ഷിക്കപ്പെട്ട നായ്ക്കൾക്കുമായുള്ള അഭയ കേന്ദ്രങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

* തെരുവുനായശല്യ നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി

ബന്ധപ്പെട്ട് 431 ഐ.ഇ.സി. ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചയത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് 17,14,151/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭാ തലത്തിൽ സ്വീകരിച്ച നടപടികൾ

01-09-2022 മുതൽ 14-11-2022 വരെ സംഘടിപ്പിച്ച വാക്സിനേഷൻ, വന്ധ്യംകരണം, ലൈസൻസ് വിതരണം തുടങ്ങി വിവിധ മേഖലയിൽ പൂർത്തിയാക്കിയ സ്ഥിതി വിവരക്കണക്ക് താഴെ കാണും പ്രകാരമാണ്.

* ആകെ നഗരസഭകൾ - 93

* 01-09-2022 മുതൽ 31-01-2023 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 5030

* 01-09-2022 മുതൽ 31-01-2023 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവുനായ്ക്കളുടെ എണ്ണം - 17067

* 01-09-2022 മുതൽ 31-01-2023 വരെ വാക്സിനേഷൻ സർട്ടിഫിക്കറ്റ്

അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 53970

* 01-09-2022 മുതൽ 31-01-2023 വരെ രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 35124

* 01-09-2022 മുതൽ 31-01-2023 വരെ കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ എണ്ണം - 3 (ആലപ്പുഴ, പാല, മഞ്ചേരി നഗരസഭകൾ).

* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01-09-2022 മുതൽ 31-01-2023 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം - 1090

* 01-09-2022 മുതൽ 31-01-2023 വരെ പൊതുനിരത്തുകളിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴ തുക - 52,68,536/-

* 01-09-2022 മുതൽ 31-01-2023 വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം - 1003

* 01-09-2022 മുതൽ 31-01-2023 വരെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ.ഇ.സി. ബോധവത്കരണ ക്യാമ്പുകളുടെ എണ്ണം - 663

5 കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു. 2016 മുതൽ 31-08-2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് ഏതെല്ലാം സ്ഥലങ്ങളിലാണ് ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി.) നടപ്പിലാക്കിവരുന്നതെന്നും പുതുതായി എ.ബി.സി. കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് 19 എ.ബി.സി. കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പുതിയതായി 24 എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടന്നുവരികയും ചെയ്യുന്നു. നിലവിലുള്ള എ.ബി.സി. കേന്ദ്രങ്ങളുടെയും പുതിയതായി ആരംഭിക്കാൻ സജ്ജമായിക്കൊണ്ടിരിക്കുന്ന എ.ബി.സി. കേന്ദ്രങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**അരുവിക്കര മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

371 (4154) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിൽ 2022-23 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ചെട്ടിയാംപാറ അരുവിയോട് മുരുക്കിൻമൂട് റോഡിന്റെയും തച്ചംകോട് കള്ളിയൽ നെട്ടുകാൽതേരി പരുത്തിപ്പള്ളി കല്ലാമം റോഡിന്റെയും ഡി.പി.ആർ. തയ്യാറാക്കി കേന്ദ്ര സർക്കാർ അനുമതിക്കായി സമർപ്പിച്ചു. വെള്ളനാട് ബ്ലോക്കിലെ ആര്യനാട് ആനന്ദേശ്വരം കൊക്കോട്ടേല വള്ളിമംഗലം പാങ്കാവ് റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**മാലിന്യ സംസ്കരണ നയം**

372 (4155) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവായി ഒരു മാലിന്യ സംസ്കരണ നയം

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 13-09-2018-ലെ സ.ഉ. (അച്ചടി) നമ്പർ 65/2018/ത.സ്വ.ഭ.വ. പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ഖരമാലിന്യ പരിപാലന നയം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത നയപ്രകാരം ഖരമാലിന്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സ്ക്രാപ്പ് അധിഷ്ഠിത വ്യാപാരികളുടെ പങ്കാളിത്തം സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അജൈവ മാലിന്യ പരിപാലനത്തിനായി സംയോജിത മാലിന്യ സംസ്കരണ-പുനഃചംക്രമണ പ്ലാന്റുകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ചട്ടങ്ങൾ അനുശാസിക്കും പ്രകാരം വിവിധ മേഖലയിലെ ഉൽപ്പാദകർ മുഖേന "എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി" (ഇ.പി.ആർ.) നടപ്പിലാക്കുന്നതിനും വ്യവസ്ഥ

ചെയ്തിട്ടുണ്ട്.

(സി) ഇത്തരത്തിൽ ഒരു നയം നടപ്പിലാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യൂസർ ഫീ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത നയത്തിൽ 2016-ലെ ഖരമാലിന്യ പരിപാലന ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ ശേഖരണ-പരിപാലന സേവനങ്ങൾക്കായി മാലിന്യ ഉല്പാദകരിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യൂസർ ഫീ ഈടാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്

(ഡി) എങ്കിൽ യൂസർ ഫീ-യുടെ നിരക്ക് നിശ്ചയിക്കുവാനുള്ള അധികാരം ആർക്കാണ് നൽകിയിരിക്കുന്നത്; അതിന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

നവകേരളം കർമ്മ പരിപാടിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗരേഖയായ 15-07-2017-ലെ സ.ഉ. (സാധാ) നം. 2420/2017/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവുപ്രകാരം ഹരിത കർമ്മസേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ

നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60/- രൂപയെന്നാണ് നിശ്ചയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പല തദ്ദേശ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർ ഫീ ഹരിത കർമ്മസേനകൾക്ക് ഉപജീവനത്തിനുള്ള വരുമാനം ലഭ്യമാക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 12-08-2020-ലെ സ.ഉ. (സാധാ) നം. 1496/2020/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവുപ്രകാരം ഹരിത കർമ്മസേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഉത്തരവുപ്രകാരം ഗ്രാമപ്രദേശങ്ങളിൽ വീടുകൾക്ക് 50/- രൂപയും നഗരപ്രദേശങ്ങളിൽ 70/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയും ഈടാക്കിവരുന്നു. (സ്ഥാപനത്തിന്റെ വലിപ്പം, പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവയ്ക്കനുസരിച്ച് സ്ഥാപനത്തിന്റെ നിരക്ക് വ്യത്യാസപ്പെടുന്നതാണ്).

**കുടുംബശ്രീ മുഖേനയുള്ള സംരംഭങ്ങൾ**

373 (4156) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ മുഖേന നാളിതുവരെ എത്ര സംരംഭങ്ങളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ മുഖേന നാളിതുവരെ 44078 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങൾ ആരംഭിക്കുവാൻ കുടുംബശ്രീ നടത്തുന്ന ഇടപെടലുകൾ സംബന്ധിച്ചും ഇതുവഴി സ്ത്രീ ശാക്തീകരണത്തിനുണ്ടായ മാറ്റങ്ങൾ സംബന്ധിച്ചും വിശദമാക്കാമോ?

1. സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യമുള്ള കുടുംബശ്രീ അംഗങ്ങൾ/കുടുംബാംഗങ്ങൾ എന്നിവരെ കണ്ടെത്തി പൊതുഅവബോധ പരിശീലനം, സംരംഭകത്വ പരിശീലനം, നൈപുണ്യ പരിശീലനം എന്നിവ നടത്തിവരുന്നുണ്ട്.

2. സംരംഭങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ളവർക്ക് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

3. സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ തരത്തിലുള്ള സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ബാങ്ക് ലോൺ എടുക്കുന്നവർക്ക് പലിശ സബ്സിഡി, സ്റ്റാർട്ടപ്പ് ഫണ്ട്, കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട്, ടെക്നോളജി ഫണ്ട് മുതലായവ നൽകിവരുന്നുണ്ട്.

4. ഒരേവിഭാഗത്തിലുള്ള സംരംഭകരെ സംയോജിപ്പിച്ചുകൊണ്ട് കൺസോർഷ്യം, കോമൺ ഫെസിലിറ്റി സെന്ററുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്.

5. സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന പിന്തുണാ സഹായങ്ങൾ നൽകിവരുന്നുണ്ട്.

രണ്ടുലക്ഷത്തോളം സ്ത്രീകളെ സംരംഭത്തിലേയ്ക്ക് നയിക്കുന്നതിനും അതുവഴി ടി സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനും വഴി തെളിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സ്വന്തമായി വരുമാനം നേടിയെടുക്കാനും അതുവഴി കുടുംബത്തിന് ആശ്രയമാകാനും സാധിച്ചിട്ടുണ്ട്.

(സി) കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യുന്നതിന് സ്വന്തമായി ഓൺലൈൻ പ്ലാറ്റ്ഫോം നിലവിലുണ്ടോയെന്നും സ്വകാര്യ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ അവ വിപണനം ചെയ്യുന്നതിന് പരിശീലനം നൽകുന്നുണ്ടോയെന്നും വിശദമാക്കുമോ?

കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കുടുംബശ്രീ ബസാർ എന്ന പേരിൽ കുടുംബശ്രീ സ്വന്തമായി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 80 ലക്ഷത്തോളം രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. ടി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റിംഗുമായി ബന്ധപ്പെട്ട സെക്യൂരിറ്റി ഓഡിറ്റ് നടക്കുന്നതിനാൽ താൽക്കാലികമായി ഇപ്പോൾ പ്രവർത്തിപ്പിക്കുന്നില്ല. കൂടാതെ കുടുംബശ്രീ ഉല്പന്നങ്ങൾ ഒ.എൻ.ഡി.സി. പ്ലാറ്റ്ഫോമിലും ലഭ്യമാക്കിയിട്ടുണ്ട്. ആമസോൺ, ഫ്ലിപ്കാർട്ട്, മുതലായ സ്വകാര്യ ഇ-കൊമേഴ്സ് പോർട്ടലുകളിലും ലഭ്യമാണ്. കുടുംബശ്രീ ഉദ്യോഗസ്ഥർക്കും സംരംഭകർക്കും അവരുടെ ഉല്പന്നങ്ങൾ സ്വകാര്യ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ഓൺലൈനായി വിപണനം ചെയ്യുന്നതിനുള്ള

പരിശീലനം നൽകിവരുന്നുണ്ട്.

**സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം**

374 (4157) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിൽ എത്ര സംരംഭങ്ങൾ 2022-ൽ ആരംഭിച്ചിട്ടുണ്ടെന്നും ആയതിന് എത്ര കോടി രൂപ വായ്പയിനത്തിൽ നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ കൊടകര, പഴയന്നൂർ എന്നീ രണ്ട് ബ്ലോക്കുകളിലാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (SVEP) നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ 2018-ൽ ആരംഭിച്ച കൊടകര ബ്ലോക്കിൽ പദ്ധതി നടത്തിപ്പ് നാലുവർഷം പൂർത്തീകരിച്ച് 100% ടാർഗറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 2021-ൽ അനുമതി ലഭിച്ച പഴയന്നൂർ ബ്ലോക്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. 2022-ൽ കൊടകര ബ്ലോക്കിൽ 171 സംരംഭങ്ങൾ ആരംഭിച്ചു. 151 സംരംഭങ്ങൾക്ക് 48.45

ലക്ഷം രൂപ സി.ഇ.എഫ്. വായ്പയും മൂന്ന് സംരംഭങ്ങൾക്ക് 5.48 ലക്ഷം രൂപ ബാങ്ക് വായ്പയും അനുവദിച്ചു.

**ജി.സി.ഡി.എ.**

375 (4158) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ പനമ്പള്ളി നഗർ, ഗിരിനഗർ, ഗാന്ധിനഗർ, കുമാരനാശാൻ നഗർ തുടങ്ങി നിരവധി പ്രദേശങ്ങളിൽ വിവിധ സ്കീമുകളിലായി ജി.സി.ഡി.എ. ഡെവലപ്പ് ചെയ്ത് പുരയിടം എന്ന് രേഖപ്പെടുത്തി നൽകിയ ആയിരക്കണക്കിന് ഹൗസ് പ്ലോട്ടുകളുടെ റവന്യൂ രേഖകളിൽ നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വസ്തു ഉടമകൾക്ക് അവരുടെ വസ്തുവകകളിൽ നിർമ്മാണ പ്രവർത്തനം നടത്തുവാനോ വസ്തു വിൽക്കുവാനോ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുവാനോ സാധിക്കാത്ത സാഹചര്യം

കണക്കിലെടുത്ത് ഇത്തരം ഭൂപ്രദേശങ്ങൾ ഒരുമിച്ച് റവന്യൂ രേഖകളിൽ പുരയിടം എന്നാക്കി മാറ്റുന്നതിന് ജി.സി.ഡി.എ. മുഖാന്തരം നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) ഉണ്ട്. വിശാല കൊച്ചി വികസന അതോറിറ്റി ഏറ്റെടുത്ത ഭൂമി തരംമാറ്റി പുരയിടമായി കണക്കാക്കുന്നതിനുള്ള നടപടി സംബന്ധിച്ചുള്ള അതോറിറ്റിയുടെ അപേക്ഷ റവന്യൂ വകുപ്പിന്റെ പരിശോധനയിലാണ്.

**ആശ്രാമം ജൈവ വൈവിധ്യ പൈതൃക കേന്ദ്രം**

376 (4159) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആശ്രാമത്തെ കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന ജൈവ വൈവിധ്യ മേഖലയിൽ വൻതോതിൽ മാലിന്യനിക്ഷേപം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാലിന്യ നിക്ഷേപം തടയുന്നതിനാവശ്യമായ അടിയന്തര തുടർനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ആശ്രാമത്തെ കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന ജൈവവൈവിധ്യ മേഖലയിൽ നിലവിൽ മാലിന്യ നിക്ഷേപം നടക്കുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവിടം പുറത്തുനിന്ന് ആർക്കും പ്രവേശിക്കാൻ കഴിയാത്ത രീതിയിൽ fencing ചെയ്ത് സംരക്ഷിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത മേഖലയിൽ നടപ്പിലാക്കിയ ശലഭോദ്യാനം, മിയാവാക്കി ചെറുവനം പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആശ്രാമത്തെ ജൈവവൈവിദ്ധ്യ മേഖലയിൽ മിയാവാക്കി വനം, ശലഭോദ്യാനം എന്നിവ ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിൽ ശലഭോദ്യാനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ മെയ് മാസത്തോടെ പൂർത്തീകരിക്കത്തക്ക വിധത്തിൽ അന്തിമഘട്ടത്തിലാണ്.

## സാക്ഷരതാ പ്രേരക്മാരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പുനർവിന്യാസം

377 (4160) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ്

നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രേരക് ഓണറേറിയം ഇനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് പുതിയ ശീർഷകം അനുവദിക്കുന്നത് ഉൾപ്പെടെയുള്ള പുനർവിന്യാസ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിലെ ഇ.ആർ.ബി.3/19/2021/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ ഫയലിൽ നടത്തിയിട്ടുള്ള എല്ലാ കത്തിടപാടുകളുടെയും ഈ വിഷയത്തിൽ നടത്തിയ യോഗങ്ങളുടെ മിനിറ്റ്സുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അതിലേയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഇ.ആർ.ബി. 3/19/2021/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ ഉത്തരവുകളുടെയും കത്തിടപാടുകളുടെയും

യോഗങ്ങളുടെ മിനിട്സുകളുടെയും പകർപ്പുകൾ അനുബന്ധം (1) ആയി ചേർക്കുന്നു+.

(സി) സംസ്ഥാനത്തെ സാക്ഷരതാ പ്രേരക്മാർ നിലവിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സാക്ഷരതാ പ്രേരക്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സാക്ഷരതാ മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; സാക്ഷരതാ മിഷൻ ഈ വിഷയത്തിൽ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

(സി&ഡി) 2021-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 31-03-2022-ലെ സ.ഉ. (കൈ) നം. 72/2022/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവായിരുന്നു. പ്രേരക്മാരുടെ നിയമനം, നിലവിലെ വ്യവസ്ഥയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ടാകേണ്ട മാറ്റങ്ങൾ, ഉണ്ടാകുന്ന അധിക ബാധ്യത, പ്രവർത്തനം വിലയിരുത്തുന്നതിനുള്ള MIS തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 19-04-2022-ലെ സ.ഉ. (സാധാ) നം.973/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതുവരെ ഓണറേറിയം നൽകുന്നത് സംബന്ധിച്ച് നിലവിലെ വ്യവസ്ഥ തുടരുന്നതിന് തീരുമാനിക്കുകയും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും വകുപ്പ് സെക്രട്ടറിമാരും യോഗം ചേർന്ന് പ്രസ്തുത വിഷയത്തിന്മേൽ ചർച്ചകൾ നടത്തി. സാക്ഷരതാ മിഷൻ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ വിവിധ പ്രേരക് സംഘടനകളുമായും ചർച്ചകൾ നടന്നിരുന്നു. പ്രേരക് പുനർവിന്യാസവുമായി ബന്ധപ്പെട്ട് സാക്ഷരതാ മിഷൻ സർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധ (2) ആയി ചേർക്കുന്നു+.

(ഇ) സാക്ഷരതാ പ്രേരക്മാർക്ക് നിലവിൽ അനുവദിക്കേണ്ട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ എത്രമാസത്തെ കാലതാമസമാണുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവ ഏതുവകുപ്പിൽ നിന്ന് എപ്പോൾ അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഓണറേറിയം അനുവദിക്കുന്നതിനുള്ള ഫയൽ നടപടിക്രമങ്ങൾ നടന്നുവരികയാണ്.

(എഫ്) സാക്ഷരതാ പ്രേരക്മാർ നിലവിൽ ഏത് ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ് വരുന്നതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അനിശ്ചിതത്വം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലാണ് സാക്ഷരതാ പ്രേരക്മാർ നിലനിന്നുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഇവരുടെ പുനർവിന്യാസം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) സംസ്ഥാനത്തെ തുടർസാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ സാക്ഷരതാ മിഷന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; സാക്ഷരതാ

മിഷന്റെ പ്രവർത്തനം വിലയിരുത്തുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ തുടർസാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ സാക്ഷരതാ മിഷന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ പദ്ധതികളിലൂടെ ഓരോ പ്രദേശത്തിന്റെയും വിഭാഗത്തിന്റെയും പഠനാവശ്യം പരിഗണിച്ചുകൊണ്ട് കേരള സംസ്ഥാന സാക്ഷരതാ മിഷൻ സാക്ഷരതാ പ്രവർത്തനം ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു. അതോടൊപ്പം വൈജ്ഞാനിക കേരളം ലക്ഷ്യമാക്കിക്കൊണ്ടുള്ള സർക്കാർ നയത്തിന് ഊർജ്ജം പകരുന്ന വിധം ഇ-സാക്ഷരതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സാക്ഷരതാ പ്രവർത്തനം മാറ്റുന്നതിനുള്ള ശ്രമത്തിലാണ് സാക്ഷരതാ മിഷൻ. കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി 1998 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. സാക്ഷരതാ വിദ്യാഭ്യാസവും തുടർന്ന് തുല്യതാ വിദ്യാഭ്യാസവും നൽകിവരുന്ന പ്രവർത്തനങ്ങളാണ് മിഷൻ നടപ്പിലാക്കിവരുന്നത്. അതോടൊപ്പം സർട്ടിഫിക്കറ്റ് കോഴ്സുകളായ

പച്ചമലയാളം, അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ് എന്നീ കോഴ്സുകളും നടപ്പിലാക്കിവരുന്നു. വിവിധ നൂതനങ്ങളായ പ്രത്യേക സാക്ഷരതാ പദ്ധതികളും (ഇതരസംസ്ഥാന തൊഴിലാളി സാക്ഷരതാപദ്ധതി - ചങ്ങാതി, പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതി, ട്രാൻസ്ജൻഡർ തുടർവിദ്യാഭ്യാസ  പദ്ധതി - സമന്വയ, പട്ടികജാതി സാക്ഷരതാ പദ്ധതി - നവചേതന, തീരദേശ സാക്ഷരതാ പദ്ധതി - അക്ഷരസാഗരം) അതോടൊപ്പം സാമൂഹ്യ സാക്ഷരതാ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിവരികയാണ്. ഇതോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള കേന്ദ്രാവിഷ്കൃത സാക്ഷരതാ പദ്ധതിയായ പഠ്ന ലിഖ്നാ അഭിയാൻ പദ്ധതിയും കേരളത്തിൽ നടപ്പിലാക്കുകയുണ്ടായി. കേരളത്തിലെ അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിനായി ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം എന്ന പദ്ധതി (2022 മുതൽ 2027 വരെയുള്ള കാലയളവിലേയ്ക്ക്) നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. സാക്ഷരതാ മിഷന്റെ വിവിധ സാക്ഷരതാ പദ്ധതികളിലൂടെ സാക്ഷരരാകുന്ന നവസാക്ഷരരെ തുടർവിദ്യാഭ്യാസത്തിലേയ്ക്ക് കൊണ്ടുവന്ന് സാക്ഷരതാ

മിഷന്റെ തുല്യതാ പരിപാടികളായ നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർസെക്കണ്ടറി തുല്യതാവിദ്യാഭ്യാസം നേടികൊടുക്കുന്നതിനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുമുള്ള ശ്രമങ്ങളാണ് സാക്ഷരതാമിഷനിലൂടെ നടപ്പിലാക്കിവരുന്നത്.

**ചെറുകിട കച്ചവട സ്ഥാപനങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും വിവരം ലഭ്യമാക്കാൻ നടപടി**

378 (4161) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി ആകെ എത്ര ചെറുകിട കച്ചവട സ്ഥാപനങ്ങളും ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ കോഴിക്കോട് ജില്ലയുടെ വിവരങ്ങൾ പ്രത്യേകമായി നൽകാമോ?

തൊഴിൽ വകുപ്പിലെ LCAS (Labour Commissioner Auto Mated System)-ൽ എല്ലാ തൊഴിൽ മേഖലകളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്. ഇതിൽ ചെറുകിട കച്ചവട സ്ഥാപനമെന്നോ ചെറുകിട വ്യവസായ

സ്ഥാപനമെന്നോ പ്രത്യേകമായ കണക്കുകൾ ലഭ്യമല്ല. എല്ലാ തൊഴിൽ മേഖലകളിലുമായി സംസ്ഥാനത്ത് 353592 സ്ഥാപനങ്ങളും 1029834 തൊഴിലാളികളുമുണ്ട്. കോഴിക്കോട് ജില്ലയിൽ എല്ലാ തൊഴിൽ മേഖലകളിലുമായി 28611 സ്ഥാപനങ്ങളും 79952 തൊഴിലാളികളുമുണ്ട്.

(ബി) ഈ സ്ഥാപനങ്ങളിൽ ആകെ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകാമോ?

തൊഴിൽ വകുപ്പിലെ LCAS (Labour Commissioner Auto Mated System) പ്രകാരം എല്ലാ തൊഴിൽ മേഖലകളിലുമായി സംസ്ഥാനത്ത് 1029834 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളും കേരള ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള ഷോപ്പ് ആൻഡ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്ഷെന്റ് ക്ഷേമനിധി ബോർഡിൽ 65855 ചെറുകിട കച്ചവട സ്ഥാപനങ്ങളും ചെറുകിട വ്യവസായ

സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നായി ആകെ 274810 തൊഴിലാളികൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരളത്തിലെ മുഴുവൻ സ്വയം സംരംഭകരെയും തൊഴിലാളികളെയും ടി ക്ഷേമനിധി പദ്ധതിയിൽ ചേർക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പഞ്ചായത്തുതലം മുതൽ അംഗത്വ രജിസ്ട്രേഷൻ ക്യാമ്പുകൾ നടന്നുവരുന്നുണ്ട്. കൂടാതെ ഓൺലൈൻ മുഖേന അംഗത്വ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.

**പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ**

**സി.എം.എൽ.ആർ.ആർ.പി. പദ്ധതി**

379 (4162) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനഃരുദ്ധാരണ പദ്ധതിയിൽ

ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

(എ & ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു+.

**അനുബന്ധ മത്സ്യത്തൊഴിലാളികളെ ലൈഫ് മിഷൻ**
**പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

380 (4163) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും അനുബന്ധ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്നതുമായ മത്സ്യത്തൊഴിലാളികൾ ലൈഫ് മിഷൻ ലിസ്റ്റിൽ മത്സ്യത്തൊഴിലാളി പട്ടികയിൽ വരാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അരുവിക്കര മണ്ഡലത്തിലെ അതിദരിദ്രർ**

381 (4164) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിദരിദ്രരെ കണ്ടെത്തുന്നതിനായി അരുവിക്കര മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇത് പൂർത്തിയായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ?

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വാർഡുതല ജനകീയ സമിതി രൂപീകരിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി അതിദരിദ്രരുടെ ലിസ്റ്റ് തയ്യാറാക്കുകയും പരിശീലനം നൽകിയ എന്യൂമറേറ്റേഴ്സ്‌വഴി മുൻകൂട്ടി തയ്യാറാക്കിയ എല്ലാ മേഖലകളിലുമുള്ള ചോദ്യാവലി ഉപയോഗിച്ച് ലിസ്റ്റ് ചെയ്ത ഓരോ വ്യക്തിയേയും നേരിൽ കണ്ട് വിവരശേഖരണം നടത്തി

അതിദരിദ്രരെ കണ്ടെത്തി രേഖാ പരിശോധന കൃത്യമാക്കാനായി സൂപ്പർ ചെക്ക് നടത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. അരുവിക്കര - 84
2. ആര്യനാട് - 15
3. തൊളിക്കോട് -86
4. വിതുര - 130
5. ഉഴമലയ്ക്കൽ - 58
6. വെള്ളനാട് - 193
7. കുറ്റിച്ചൽ - 146
8. പൂവച്ചൽ - 57

**ലൈഫ് പദ്ധതിയുടെ വീടും വസ്തുവും പണയമായി സ്വീകരിച്ച് ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകുന്നതിന് നടപടി**

382 (4165) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിപ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള വസ്തു പന്ത്രണ്ട് വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്തുന്നതല്ലെന്ന് കരാർ എഴുതി സബ്രജിസ്ട്രാർ ഓഫീസിൽ നൽകിയവർക്ക് അവിടെനിന്നും ലഭിക്കുന്ന ബാധ്യതാ

സർട്ടിഫിക്കറ്റിൽ ഇങ്ങനെ ബാധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ധനകാര്യ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് വായ്പ നൽകാൻ വിമുഖത കാണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സാഹചര്യത്തിൽ ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ വീടും വസ്തുവും പണയമായി സ്വീകരിച്ച് ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കാമെന്ന് കാണിച്ചുള്ള 07-07-2010-ലെ സ.ഉ. (സാധാ) നം. 2234/2010/ത.സ്വ.ഭ.വ. ഉത്തരവിന് സമാനമായി ലൈഫ് പദ്ധതിപ്രകാരമുള്ള വീടും വസ്തുവും പണയമായി സ്വീകരിച്ച് ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കാമെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കാമോ?

10-09-2014-ലെ സ.ഉ. (സാധാ) നമ്പർ 2368/14/ത.സ്വ.ഭ. അനുബന്ധമായി നൽകുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലി ഭാരം**

383 (4166) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ വാർഷിക പദ്ധതി, എം.എൽ.എ.-മാരുടെ ആസ്തി/പ്രത്യേക വികസന പദ്ധതി, എം.പി.-മാരുടെ പ്രാദേശിക വികസന പദ്ധതി തുടങ്ങിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം, പൊതുജനങ്ങൾക്ക് നൽകിവരുന്ന ബിൽഡിംഗ് പെർമിറ്റ്, മൂല്യനിർണ്ണയം അടക്കമുള്ള വിവിധ സേവനങ്ങൾ എന്നിവ നിർവ്വഹിക്കുന്നതുവഴി എഞ്ചിനീയറിംഗ് വിഭാഗത്തിന് അമിത ജോലി ഭാരമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലിഭാരം സംബന്ധിച്ച്

ഏതെങ്കിലും വിധത്തിലുള്ള ഔദ്യോഗിക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ജോലി ഭാരം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാരുടെയും തസ്തികകളുടെയും കുറവുമൂലം നിലവിലുള്ള ജീവനക്കാർക്ക് അമിതജോലി ഭാരമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. വകുപ്പിലെ ജോലി ഭാരം കുറയ്ക്കുന്നതിനായി എല്ലാ വിഭാഗത്തിലും വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നുണ്ട്.

**തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം**

384 (4167) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഏതൊക്കെ തസ്തികകളാണ് പുതുതായി സൃഷ്ടിച്ചതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് &

എഞ്ചിനീയറിംഗ് വിഭാഗത്തിൽ പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി പുതുതായി തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

(ബി) പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ടതും അപ്ഗ്രേഡ് ചെയ്യപ്പെട്ടതുമായ ഉന്നത തസ്തികകളിലേയ്ക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരെ പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ടതും അപ്ഗ്രേഡ് ചെയ്യപ്പെട്ടതുമായ ഉന്നത തസ്തികകൾ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആയതിനാൽ അതിന് തത്തുല്യമായ തസ്തികകൾ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലില്ലാത്തതിനാൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരെ ഇതിലേയ്ക്കായി പരിഗണിച്ചിട്ടില്ല.

**തദ്ദേശ പൊതുസർവ്വീസ് രൂപീകരണം**

385 (4168) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തെത്തുടർന്ന് ജില്ലാതലത്തിൽ ഉയർന്ന തസ്തികകൾ സൃഷ്ടിച്ചതുമൂലം പ്രാദേശിക

സർക്കാരുകൾക്ക് ജീവനക്കാരുടെ മുകളിലുണ്ടായിരുന്ന നിയന്ത്രണം നഷ്ടമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരത്തിൽ ജില്ലാ ഓഫീസുകൾ ക്രമീകരിച്ചതിനെത്തുടർന്ന് ഏതൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് നേരത്തെ നൽകിയതിൽ നിന്നും വ്യത്യസ്തമായി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അഞ്ച് വ്യത്യസ്ത വിഭാഗങ്ങളായി പ്രവർത്തിച്ചുവന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, ടൗൺ & കൺട്രി പ്ലാനിംഗ്, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളെ ഏകീകരിച്ചുകൊണ്ടുള്ള ജില്ലാ ഓഫീസുകളുടെ ക്രമീകരണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വ്യത്യസ്ത വിഭാഗങ്ങളിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടവും നിയന്ത്രണവും ഒരു ജോയിന്റ് ഡയറക്ടറുടെ അധീനതയിൽ ആകുന്നതുമൂലം പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത ഉണ്ടാകുന്നതും അതുവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം

ലഭ്യമാകുന്നതുമാണ്.

(സി) പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി പുതിയതായി സൃഷ്ടിക്കപ്പെട്ടതും അപ്ഗ്രേഡ് ചെയ്യപ്പെട്ടതുമായ തസ്തികകളുടെ വിശദവിവരം നൽകാമോ?

അനുബന്ധമായി ചേർക്കുന്നു+.

**ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ**

**എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളം**

386 (4169) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസർവ്വീസ് സംവിധാനത്തിൽ സാങ്കേതിക വിഷയങ്ങളുടെ ജില്ലാതല ഏകോപനത്തിനായി എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

(ബി) ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ എഞ്ചിനീയറിംഗ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗം ജീവനക്കാരുടെ ശമ്പളം നിലവിലുള്ളതുപോലെ ട്രഷറി വഴി സ്പാർക്ക് സോഫ്റ്റ്‌വെയർ മുഖേന തുടരുന്നതിന് പൊതുസർവ്വീസ് രൂപീകരണം തടസ്സമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതുരീതിയിലാണ് പ്രസ്തുത ജീവനക്കാരുടെ ശമ്പള വിതരണം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത ജീവനക്കാരുടെ ശമ്പള വിതരണം നിലവിൽ സ്പാർക്ക് മുഖേന ട്രഷറി വഴിയാണ് വിതരണം ചെയ്തുവരുന്നത്.

**ലൈഫ് ഭവന പദ്ധതി**

387 (4170) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ ഭവനരഹിതരായ എത്ര പേർക്ക് വീട് വയ്ക്കുന്നതിന് എത്ര തുകയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

**കുന്നത്തുനാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

388 (4171) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ബ്ലോക്ക്പഞ്ചായത്ത് ഒഴിവ്

വാഴക്കുളം വി.ഇ.ഒ. -1

ക്ലാർക്ക് (പുനർവിന്യാസം ) - 1

വടവുകോട് വി.ഇ.ഒ. -3

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമപഞ്ചായത്ത് ഒഴിവ്

കിഴക്കമ്പലം ക്ലാർക്ക് - 1

ഓഫീസ് അറ്റെൻഡന്റ് -1

തിരുവാണിയൂർ ക്ലാർക്ക് - 1 ( പ്രസവാവധിയിൽ)

വടവുകോട് പുത്തൻകുരിശ് ഡ്രൈവർ-1

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസവാവധി ഒഴികെ ബാക്കിയുള്ള ഒഴിവുകളെല്ലാം യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ പഞ്ചായത്തുകൾക്ക് താൽക്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

താൽക്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല.

**വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ലാറ്റ്**

389 (4172) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. സജീവ് ജോസഫ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരിയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ കരാർ ഏത് കമ്പനിക്കാണ് നൽകിയതെന്ന് വിശദമാക്കാമോ?

പ്രസ്തുത കരാർ യു.എ.ഇ. റെഡ് ക്രസന്റ് എന്ന സന്നദ്ധ സംഘടന നേരിട്ട് M/s Unitac Builders എന്ന നിർമ്മാണ ഏജൻസിക്കാണ് നൽകിയിട്ടുള്ളത്.

(ബി) ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണം നടത്തുന്ന കമ്പനികളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; വടക്കാഞ്ചേരിയിൽ ഫ്ലാറ്റ് നിർമ്മിക്കുന്ന കമ്പനി പ്രസ്തുത

മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള കമ്പനിയാണോയെന്ന് വ്യക്തമാക്കാമോ?

ലൈഫ് മിഷൻ നേരിട്ട് നടത്തുന്ന ഭവനസമുച്ചയ നിർമ്മാണ ഏജൻസികളെ e-tender മുഖേനയാണ് തെരഞ്ഞെടുക്കുന്നത്. ലൈഫ് മിഷൻ മുഖേന നിർമ്മാണം പുരോഗമിക്കുന്ന ഭവനസമുച്ചയങ്ങൾ പ്രീഫാബ് സാങ്കേതിക വിദ്യയിലാണ് നിർമ്മിക്കുന്നത്. ഇതിന് താഴെപ്പറയുന്ന വിഭാഗം ഏജൻസികൾക്കാണ് ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യതയുള്ളത്.

1. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ബിൽഡിംഗ് മെറ്റീരിയൽ ആൻഡ് ടെക്നോളജി പ്രൊമോഷൻ കൗൺസിൽ “Light gauged steel framed structural system(LGSF) or LGSFand Pre-engineered steel Structural system” technology പ്രൊവൈഡേഴ്സിന്റെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ.

2. മേൽപ്പറഞ്ഞ ഏജൻസികളുമായി Consortium/ Joint venture-ൽ ഏർപ്പെട്ടിട്ടുള്ളവർ.

3. മേൽപ്പറഞ്ഞ സാങ്കേതിക വിദ്യയിൽ മുൻപരിചയമുള്ളവരും കേന്ദ്ര/ സംസ്ഥാന PWD, കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ

രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരുമായി Consortium/Joint venture-ൽ ഏർപ്പെട്ടിട്ടുള്ളവർ. വടക്കാഞ്ചേരിയിലെ ഭവനസമുച്ചയ നിർമ്മാണം യു.എ.ഇ. റെഡ് ക്രസന്റ് നേരിട്ട് നടത്തുന്നതാണ്.

(സി) ഈ പദ്ധതിക്ക് പിന്നിൽ ഗൂഢാലോചന നടത്തിയതായി പറയപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഈ വിഷയത്തിൽ വി.സി. 02/2020/എസ്.ഐ.യു. 1 നമ്പറായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

**ബാലുശ്ശേരി മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ**

390 (4173) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

150 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വൈദ്യുത ശ്മശാനം സ്ഥാപിക്കുന്നതിനായി 123 കോടി രൂപ അനുവദിച്ച് 24-10-2017-ലെ സ.ഉ. (സാധാ) നം. 3382/2017/LSGD പ്രകാരം സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 18-11-2017-ലെ സ.ഉ. (സാധാ) നം. 3711/2017/LSGD പ്രകാരം വൈദ്യുത ശ്മശാനത്തിനുപകരം ഗ്യാസ് ശ്മശാനം എന്ന് ഈ പദ്ധതിയുടെ പേര് മാറ്റിയിട്ടുണ്ട്. ടി പദ്ധതിയുടെ പദ്ധതി നിർവ്വഹണ ഏജൻസി ഇംപാക്ട് കേരളയാണ്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ പനങ്ങാട്, കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഫണ്ട് ലഭിക്കുന്നതിനായി എത്ര ഗ്രാമപഞ്ചായത്തുകളുടെ പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ ആധുനിക ശ്മശാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന് 2.02 കോടി രൂപയുടെ അംഗീകാരം

കിഫ്ബി നൽകിയിട്ടുണ്ട്. കരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ആധുനിക ശ്മശാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി റിപ്പോർട്ടുകളൊന്നും പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. ടി പദ്ധതിയുമായി ബന്ധപ്പെട്ട് 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി റിപ്പോർട്ടുകൾ പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ടി പദ്ധതി റിപ്പോർട്ടുകൾ പരിശോധിച്ച് ആകെ 28.21 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**തരൂർ മണ്ഡലത്തിലെ പെരുമന-തോട്ടക്കര പാലം നിർമ്മാണം**

391 (4174) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പെരുമന - തോട്ടക്കര പാലം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(ബി) പ്രസ്തുത പാലം പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പാലം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകണമെങ്കിൽ പാലത്തിന് ഇരുവശങ്ങളിലുമായി 40 മീറ്റർ അപ്രോച്ച് റോഡ് പൂർത്തീകരിക്കേണ്ടതും ഇലക്ട്രിക്കൽ ഹൈടെൻഷൻ ലൈൻ മാറ്റേണ്ടതുൾപ്പെടെ ഏകദേശം 40 ലക്ഷം രൂപയുടെ അനുബന്ധ പ്രവൃത്തികൾകൂടെ പൂർത്തീകരിക്കേണ്ടതുണ്ട്.

(സി) പാലത്തിന്റെ അനുബന്ധപ്രവത്തികൾക്കുള്ള തുക 40 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

40 ലക്ഷം രൂപയുടെ അധിക തുക സംബന്ധിച്ച ആവശ്യം സർക്കാരിൽ ലഭിച്ചിട്ടില്ല.

**ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ ഗ്രാമപഞ്ചായത്ത് ഓഫീസ്**

392 (4175) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ എത്ര സെന്റ് സ്ഥലമാണ് ദേശീയപാത വികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്നതിന് ദേശീയപാത വികസന അതോറിറ്റി/പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ചിരുന്നതെന്ന് അറിയിക്കാമോ?

0 . 81 ആർസ് ( 2 സെന്റ്).

(ബി) നിലവിൽ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ എത്ര മീറ്റർ ഭാഗമാണ് ദേശീയപാത വികസനത്തിന്റെ മറവിൽ പൊളിച്ചുമാറ്റിയിട്ടുള്ളതെന്നും നിലവിലുള്ള സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും പഞ്ചായത്തീരാജ് ചട്ടങ്ങളും അനുസരിച്ചാണോ പഞ്ചായത്ത് കെട്ടിടവും ഓഫീസും പൊളിച്ച് നീക്കുന്നതിന് കരുവാറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

5.8 മീറ്റർ ഭാഗീകമായി പൊളിച്ചിട്ടുണ്ട്. കരുവാറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്ന് നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കരുവാറ്റ ഗ്രാമപഞ്ചായത്തിൽനിന്നും ഏതെല്ലാം സാധന സാമഗ്രികളാണ് അനധികൃതമായി പൊളിച്ചുമാറ്റി കൊണ്ടുപോയതെന്നും ഇവയുടെ മതിപ്പുമൂല്യം എത്രയാണെന്നും ഇവ ആരാണ് കൊണ്ടുപോയതെന്നും വ്യക്തമാക്കാമോ?

ജനൽ, കട്ടിള എന്നിവ ഉൾപ്പെടെ കെട്ടിടം ഭാഗികമായി പൊളിച്ചുനീക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ മതിപ്പുമൂല്യം 16,27,894/- (പതിനാറ് ലക്ഷത്തി ഇരുപത്തി എഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി നാല്) രൂപയെന്ന് നിലവിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ഹൈവേ അധികൃതരാണ് കൊണ്ടുപോയതെന്ന് ഗ്രമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് ആലപ്പുഴ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ എന്താണെന്നും കരുവാറ്റ പഞ്ചായത്തിന് സംഭവിച്ചിട്ടുള്ള നഷ്ടം കുറ്റക്കാരിൽ നിന്ന് തിരിച്ചുപിടിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ടി വിഷയത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് അനുസരിച്ച്

1) നടപടിക്രമങ്ങൾ പാലിക്കാതെ പൊളിച്ചത് ഗുരുതര വീഴ്ചയാണ്.

2) പഞ്ചായത്തുവക കെട്ടിടം പൊളിക്കുന്നതിനുമുമ്പ് വകുപ്പുതല അനുമതിക്ക് അപേക്ഷിച്ചിട്ടില്ല.

3) കെട്ടിടം പൊളിക്കുന്നതിനുള്ള എസ്റ്റിമേറ്റോ സർവ്വെ റിപ്പോർട്ടോ ലഭ്യമായിട്ടില്ല.

4) പൊളിക്കുന്നതിന് കരാറുകാരനെ നിശ്ചയിക്കുന്നതിന് ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമം പാലിച്ചിട്ടില്ല.

5) കെട്ടിടം പൊളിക്കൽ ഏല്പിച്ച കരാറുകാരനുമായി ഉടമ്പടി ഉണ്ടാക്കിയിട്ടില്ല.

തുടങ്ങിയ കണ്ടെത്തലുകളുണ്ട്. ആയതിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ ഏതെങ്കിലും പഞ്ചായത്ത്

ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ടിയാനെതിരെ എന്ത് അച്ചടക്ക നടപടിയാണ് സ്വീകരിച്ചതെന്നും അഥവാ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

കരുവാറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും ആയതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഈ വിഷയത്തിൽ സമരം നടത്തിയവർക്കെതിരെ എടുത്ത കേസ് പിൻവലിക്കുന്നതിനും പഞ്ചായത്തിന്റെ വസ്തുവകകൾ അനധികൃതമായി കടത്തിക്കൊണ്ടുപോയവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കേസ് പിൻവലിക്കുന്നില്ലായെന്ന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. കേസ് തുടർനടപടികൾ പോലീസ് വകുപ്പിന്റെ ഭാഗത്തുനിന്നാണ് സ്വീകരിക്കേണ്ടത്.

**കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ കോഴി അറവ് മാലിന്യ സംസ്കരണ പ്ലാന്റ്**

393 (4176) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോഴി അറവ് മാലിന്യ സംസ്കരണ പ്ലാന്റിൽനിന്നുള്ള ദുർഗന്ധവും പുകയും പ്രദേശത്തെ ജന ജീവിതത്തെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പ്രദേശവാസികളുടെ പരാതിയിന്മേൽ എന്ത് നടപടിയാണ് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫ്രഷ് കട്ട് ഓർഗാനിക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന കോഴി അറവ് മാലിന്യ സംസ്കരണ പ്ലാന്റിനെ സംബന്ധിച്ച് പ്രദേശവാസികളിൽനിന്നും പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് സ്ഥാപനത്തിന് കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽനിന്നും നോട്ടീസ് നൽകുകയും ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും

സാന്നിദ്ധ്യത്തിൽ മധ്യസ്ഥശ്രമങ്ങൾ നടത്തുകയും 26-09-2022-ന് നടന്ന DLFMC യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയും 29-10-2022 യൂണിറ്റിൽ DLFMC സംയുക്ത സമിതി അംഗങ്ങൾ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ബോർഡ് മുൻപരിശോധനകൾ പ്രകാരം നിർദ്ദേശിച്ചതായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഒട്ടുമിക്കതും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തി. ശുദ്ധീകരിച്ച മലിനജല സാമ്പിൾ പരിശോധിച്ചതിൽ നല്ലഗുണനിലവാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥാപനത്തിന്റെ ETP-യും BIO Filter-ഉം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലായെന്നും സ്ഥാപനത്തിന്റെ സമീപ പ്രദേശങ്ങളിൽ ദുർഗന്ധം അനുഭവപ്പെട്ടുയെന്നും ബയോഫിൽട്ടറിന്റെ Suction Duct എല്ലാം ദ്രവിച്ച അവസ്ഥയിലാണെന്നും അപാകതകളെല്ലാം പരിഹരിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ റിപ്പോർട്ട് ചെയ്യാനും സ്ഥാപനത്തിലെ സാങ്കേതിക സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരവും നിയമാനുസൃതവുമാണെന്നുള്ള രേഖ ഗ്രാമപഞ്ചായത്ത് ഓഫീസിൽ

ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ട്

(ബി) ഇതുസംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിനും ജില്ലാ കലക്ടർക്കും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

പരാതി ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്വകാര്യ കോഴി മാലിന്യ സംസ്കരണ പ്ലാന്റിൽ എത്ര അളവിൽ മാലിന്യം സംസ്കരിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രതിദിനം 30000 കിലോഗ്രാം ചിക്കൻ മാലിന്യം സംസ്കരിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്.

(ഡി) നിലവിൽ ഈ പ്ലാന്റിൽ എത്ര അളവിൽ മാലിന്യം സംസ്കരിക്കുന്നുണ്ടെന്ന് ഏതെങ്കിലും വകുപ്പ് പരിശോധന നടത്താറുണ്ടോയെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്ലാന്റിൽ മാലിന്യ സംസ്കരണത്തിന്റെ അളവ് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധന നടത്തുന്നുണ്ട്.

**പുനലൂർ മണ്ഡലത്തിലെ വന്യജീവി ശല്യം ഒഴിവാക്കുന്നതിന് നടപടി**

394 (4177) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വന മേഖലയിലെ വന്യജീവി ശല്യം ശാശ്വതമായി ഒഴിവാക്കുന്നതിനായി സോളാർ ഫെൻസിംഗ്, ട്രഞ്ചിംഗ് അടക്കമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ തുക ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നോ അല്ലെങ്കിൽ നോൺ റോഡ് പരിപാലന വിഭാഗത്തിൽ നിന്നോ ചെലവഴിക്കുന്നതിനുള്ള അനുമതി നിലവിലെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നൽകാനാകുമോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ കോർഡിനേഷൻ സമിതിയുടെ അനുമതിയോടുകൂടി പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായിട്ടുള്ള മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ;

(സി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ട്രഞ്ചിംഗ് അടക്കമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നിലവിലെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സാധിക്കാത്തതിനാൽ കോർഡിനേഷൻ സമിതിയുടെ അനുമതിയോടുകൂടി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

(എ - സി) വന്യമൃഗശല്യം പരിഹരിക്കുന്നതിനായുള്ള മാർഗ്ഗങ്ങളായ സൗരവേലി, റിപ്പലന്റ്, സ്കേയറേഴ്സ്, അലാം സിഗ്നലുകൾ എന്നിവ 50 ശതമാനം സബ്സിഡിയോടെ നൽകുന്നതിനുള്ള പ്രോജക്റ്റുകൾ എല്ലാതലത്തിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കുന്നതിന് സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച് 28.05.2022-ലെ സ.ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ. മാർഗ്ഗരേഖപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയുക്തമായും ഇവ ഏറ്റെടുക്കാവുന്നതാണ്. ഇത്തരം പ്രോജക്റ്റുകൾക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ കഴിയുകയില്ല.

ട്രഞ്ചിംഗ് അടക്കമുള്ള മറ്റുപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ അനുവാദമില്ല.

**വിളവൂർക്കൽ ഫിഷ് മാർക്കറ്റ് നിർമ്മാണം**

395 (4178) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളവൂർക്കൽ ഫിഷ് മാർക്കറ്റ് നിർമ്മാണത്തിന് കിഫ്ബി വഴി തത്വത്തിൽ അനുമതി ലഭ്യമായിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത മാർക്കറ്റ് നിർമ്മാണത്തിന് റവന്യൂ ഷെയറിംഗ് ഒഴിവാക്കി തുടർനടപടികൾക്കായി പഞ്ചായത്തിന്റെ തീരുമാനം ആവശ്യപ്പെട്ടുകൊണ്ട് തീരദേശവികസന കോർപ്പറേഷൻ കത്ത് ലഭ്യമാക്കിയിട്ടുണ്ടോ; പഞ്ചായത്തിന് ലഭ്യമായ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

തീരദേശ കോർപ്പറേഷനിൽനിന്നും 20-02-2023 തീയതി പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന് കത്ത് ലഭ്യമായിട്ടുണ്ട്. പ്രസ്തുത കത്തിന്റെ

പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത കത്തിന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

മറുപടി നൽകിയിട്ടുണ്ട്.

**പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ തോടുകൾ ഉൾപ്പെടുത്തുന്നതിന് നടപടി**

396 (4179) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതും എന്നാൽ കാലങ്ങളായി നിലവിലുള്ളതുമായ തോടുകൾ അതത് പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററുകളിൽ നിർബന്ധമായും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

1994-ലെ കേരള പഞ്ചായത്തീരാജ് നിയമത്തിലെ 218-ാം വകുപ്പുപ്രകാരം പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവ അവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊണ്ടിരുന്നവ ഉൾപ്പെടെയുള്ള എല്ലാ പൊതുജലമാർഗ്ഗങ്ങളും (സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാത്ത നദികൾ ഒഴികെയുള്ളത്) ഗ്രാമപഞ്ചായത്തിലേയ്ക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും നിക്ഷിപ്തമായിരിക്കുന്നതാണ്. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന നടപടി പരിശോധിക്കുന്നതാണ്.

(ബി) ഇത്തരം വിഷയങ്ങളിൽ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-01-2017-ലെ സ.ഉ. (സാധാ) നം. 166/2017/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാനുവൽ പുറത്തിറക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും കൈമാറിയിട്ടുള്ളതുമായ സ്ഥാവരജംഗമ ആസ്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സർവ്വെ ചെയ്ത് വിവരശേഖരണം നടത്തി നിശ്ചിത പ്രൊഫോർമയിലുള്ള രജിസ്റ്ററുകളിൽ തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കാളം തിരുത്തി പ്രദേശത്ത് കാലങ്ങളായി നിലവിലുള്ളതും എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ കാളംതിരുത്തി തോട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലായെന്ന കാരണത്താൽ ചില വ്യക്തികൾ മണ്ണിട്ട് നികത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ കാളംതുരുത്തിയിലെ തോട്ടുംപുറം തോടിന്റെ കൈത്തോട് ചില വ്യക്തികൾ മണ്ണിട്ട് നികത്തിയിട്ടുണ്ട്. തോടിൽ നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകുകയും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഡി) ഈ നീരൊഴുക്കുള്ള തോട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പൂർവ്വസ്ഥിതിയിലാക്കി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ വിഷയത്തിൽ ഇതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**കരവാളൂർ ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തിക**

397(4180) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തിക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

22/07/2016-ലെ സ.ഉ. (അച്ചടി) 102/2016/ധന പ്രകാരമുള്ള പ്രൊഫോർമപ്രകാരം അപേക്ഷയും ഹെൽത്ത് ഇൻസെക്ടർ തസ്തികയുടെ ആവശ്യകത സംബന്ധിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്, തനത് ഫണ്ട് സ്റ്റേറ്റ്മെന്റ്, ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം, നിലവിലെ സ്റ്റാഫ് സ്ട്രെംഗ്ത് എന്നിവ ഉൾപ്പെടുന്ന പ്രൊപ്പോസൽ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് നയപരമായ തീരുമാനം മുഖേന സർക്കാർ തസ്തികകൾ

സൃഷ്ടിച്ചുവരുന്നു.

(ബി) പുനലൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ഈ തസ്തിക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തസ്തിക അനുവദിച്ചിട്ടില്ല.

(സി) കരവാളൂർ ഗ്രാമപഞ്ചായത്തിൽ ആരോഗ്യം, മാലിന്യ നിർമ്മാർജ്ജനം, ഭക്ഷ്യസുരക്ഷ എന്നീ മേഖലകളിൽ കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ ആവശ്യമായതിനാലും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുമായി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തിക അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**നഗരസഭകളിലെ പ്രോജക്ട് ഓഫീസർ നിയമനം**

398 (4181) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭകളിൽ ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ പ്രോജക്ട് ഓഫീസർമാരായി നിയമിക്കുന്നതിന് ഏത് തസ്തികയിലെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

19-04-2022-ലെ സ.ഉ (കൈ) നം. 86/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.2 പ്രകാരം പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകുകയും ധനകാര്യ വകുപ്പ് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് പദവി നൽകുകയും ചെയ്തിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനെയും നിർവ്വഹണ ചുമതല ഏൽപ്പിക്കാവുന്നതാണെന്നും പ്രസ്തുത ഖണ്ഡികയിലെ (v) പ്രകാരം ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽമാത്രം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ വൈദഗ്ധ്യ മേഖല

കണക്കിലെടുത്ത് അനുയോജ്യരായ മറ്റുഉദ്യോഗസ്ഥർക്കോ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ഭരണ സമിതി തീരുമാനപ്രകാരം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

(ബി) സൂപ്രണ്ട്, ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ തുടങ്ങിയ സീനിയർ ഉദ്യോഗസ്ഥർ ഉണ്ടായിട്ടും സർവ്വീസിൽ പുതിയതായി ചേരുന്ന ജൂനിയർ ഉദ്യോഗസ്ഥരെ പ്രോജക്ട് ഓഫീസർമാരായി നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 15-03-2007-ലെ 114/2007/ധന. നമ്പർ ഉത്തരവുപ്രകാരം ശമ്പളത്തിന്റെ ഏഴ് ശതമാനം തുക അധികമായി പ്രോജക്ട് ഓഫീസർമാർക്ക് അനുവദിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

അനുവദിക്കുന്നില്ല.

**മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ**

399 (4182) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വീടുകളിൽനിന്നും ഹരിത കർമ്മസേനാംഗങ്ങൾ മാലിന്യം ശേഖരിക്കുന്നതും ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായ അളവിൽ പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കുന്നതിനും കേരളം വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് കൂടുതൽ അവലംബിച്ചുവരുന്നത്. ക്ലീൻ കേരള കമ്പനി രൂപീകരിച്ച് മാലിന്യ സംസ്കരണ രംഗത്ത് കേരളം ഇതിനോടകം വലിയ ഇടപെടലുകൾ നടത്തി. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ വേർതിരിച്ച് ആയത് MCF, RRF എന്നിവിടങ്ങളിൽ എത്തിച്ച് പുനഃചംക്രമണത്തിനുവേണ്ടി കൈമാറുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. കോഴി വേസ്റ്റ് കൈകാര്യം ചെയ്യുന്നതിനായി ചിക്കൻ റെൻഡറിംഗ് പ്ലാന്റുകളും ഇതിനോടകം സ്ഥാപിച്ച് കഴിഞ്ഞു. ഗാർഹിക

ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ ഭാഗമായി കേരളാ എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളാ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റുവഴി ബയോ മൈനിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക തലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം വേസ്റ്റ് റ്റു എനർജി പ്ലാന്റുപോലെ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കെൽട്രോണിന്റെ സഹായത്തോടെ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് സംസ്ഥാനത്തെ 62 നഗരസഭകളിൽ നടപ്പിലാക്കിവരുന്നുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ചശേഷം RRF യൂണിറ്റിലെത്തിച്ച് റീസൈക്കിൾ ചെയ്യാവുന്നവ റീസൈക്കിൾ ചെയ്യും റീസൈക്കിൾ ചെയ്യാൻ കഴിയാത്ത 50 മൈക്രോണിൽ

താഴെയുള്ളവ shred ചെയ്ത് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റോഡ് നിർമ്മാണത്തിനും അല്ലാത്തവ സിമന്റ് പ്ലാന്റുകളിൽ എത്തിച്ച് ഫർണസുകളിലെ ഇന്ധനമായും ഉപയോഗിച്ചുവരുന്നു. ശുചിമുറി മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകളുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് എസ്.റ്റി.പി./ എഫ്.എസ്.റ്റി.പി.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2, അമൃത് പദ്ധതികൾ ഉൾപ്പെടുത്തിയും എസ്.റ്റി.പി./ എഫ്.എസ്.റ്റി.പി.-കൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വകേരളം (അർബൻ), ശുചിത്വകേരളം (റൂറൽ) എന്നിവ പ്രകാരവും മലിനജല സംസ്കരണ/ പരിപാലനത്തിന് സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ സംസ്ഥാനത്തുണ്ടാകുന്ന മലിനജലമെല്ലാം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കപ്പെടുന്നു/പരിപാലിക്കപ്പെടുന്നുയെന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കും. നമ്മുടെ ജലാശയങ്ങൾ

മാലിന്യമുക്തമാക്കുന്നതിന് ഇതിലൂടെ സാധിക്കും. മാലിന്യ സംസ്കരണ രംഗത്തെ ആധുനിക സാങ്കേതിക വിദ്യയും നൂതന ആശയങ്ങളും പരിചയപ്പെടുത്തുന്നതിനും പഠിപ്പിക്കുന്നതിനുമായി ഗ്ലോബൽ എക്സ്പോ 2023 ഫെബ്രുവരി 4 മുതൽ 6 വരെ കൊച്ചിയിൽ നടത്തുകയുണ്ടായി.

(ബി) ഫ്ലാറ്റുകളിലെയും ഹോട്ടലുകളിലെയും മാലിന്യങ്ങൾ അവരുടെതന്നെ സ്ഥലത്ത് സ്വന്തം ചെലവിൽ സംസ്കരിക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം നൽകുമോ?

ഖരമാലിന്യ സംസ്കരണം:- 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ടുപ്രകാരം ഫ്ലാറ്റുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽത്തന്നെ ഉറവിടത്തിൽ മാലിന്യം തരംതിരിച്ച് സംസ്കരിക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കേന്ദ്ര പരിസ്ഥിതി, വനവും കാലാവസ്ഥാ വ്യതിയാനവും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരം മാലിന്യം ഉല്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്വങ്ങളും അധികാരസ്ഥാനങ്ങളുടെ ചുമതലകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ

മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, ഏയ്റോബിക് ബിൻ, ബയോഗ്യാസുപോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണെന്ന് 22-07-2017-ലെ സ.ഉ (സാധാ) നമ്പർ 2511/2017/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

<u>ദ്രവമാലിന്യ സംസ്കരണം:-</u> കേരള മുൻസിപ്പൽ/പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 പ്രകാരം ദ്രവമാലിന്യം സ്വന്തം ചെലവിൽ സംസ്കരിക്കേണ്ടതാണ്. 2000 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണം (Built up area) ഉള്ള റസിഡൻഷ്യൽ അപ്പാർട്ടുമെന്റുകൾക്കും 5000 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണം (Built up area) ഉള്ള കല്യാണമണ്ഡപം ഉൾപ്പെടുന്ന അസംബ്ലി കെട്ടിടങ്ങൾക്കും ദ്രവമാലിന്യ സംസ്കരണത്തിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും സംസ്കരിക്കപ്പെട്ട മലിനജലം പുനരുപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്.

(സി) മാലിന്യ സംസ്കരണത്തിൽ പൊതുജനങ്ങളുടെ ശക്തമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

2025-ഓടെ കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വലിച്ചെറിയൽ മുക്തകേരളം എന്ന ക്യാമ്പയിന് 2023 ജനവരി 26-ന് തുടക്കം കുറിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ പൊതുജനങ്ങളുടെ ശക്തമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാണ് ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. കുട്ടികൾ, യുവജനങ്ങൾ, സ്ത്രീകൾ, മുതിർന്ന പൗരന്മാർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കുന്ന ജനകീയ ക്യാമ്പയിനിനാണ് രൂപം നൽകിയിരിക്കുന്നത്. ജലാശയങ്ങൾ മാലിന്യമുക്തമായി സംരക്ഷിക്കുന്നതിനും മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും പൊതുജന പങ്കാളിത്തത്തോടെ 'തെളിനീരൊഴുകും നവകേരളം' എന്ന പേരിൽ ഒരു ക്യാമ്പയിൻ സംസ്ഥാന വ്യാപകമായി നടത്തുകയുണ്ടായി. കൂടാതെ കക്കൂസ് മാലിന്യ സംസ്കരണത്തിന്റെ

ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ മലഭൂതം ക്യാമ്പയിൻ നടന്നുവരുന്നു. സംസ്ഥാനത്ത് പ്രചാരത്തിലുള്ള ഒറ്റക്കുഴി കക്കൂസുകൾ ജലഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഇരട്ടക്കുഴി കക്കൂസിന്റെ ആവശ്യകത സംബന്ധിച്ച് ബോധവത്കരണവുമായി ബന്ധപ്പെട്ട് Twin pit Abhiyan എന്ന ക്യാമ്പയിൻ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി നിലവിലെ അശാസ്ത്രീയ കക്കൂസ് നിർമ്മിതികളെ ശാസ്ത്രീയമാക്കുന്നതിന് ആവശ്യക്കാർക്ക് സർക്കാർ സബ്സിഡിയോടെ ഈ പ്രവർത്തി ചെയ്യുന്നതിന് സാധിക്കും.

(ഡി) എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുമോ; സിറ്റികളിൽ ഡ്രെയിനേജ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഖരമാലിന്യ സംസ്കരണം:- എല്ലാ വീടുകളിലും ഗാർഹികതല കമ്പോസ്റ്റിംഗ്/ബയോമെതനേഷൻ ഉപാധികൾ സ്ഥാപിച്ച് ഉറവിട ജൈവ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അജൈവ മാലിന്യങ്ങൾ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്നതിന്

തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ ഹരിത കർമ്മസേന പ്രവർത്തനം നടത്തിവരുന്നു.

ദ്രവമാലിന്യ സംസ്കരണം:- ഗ്രാമീണമേഖലയിൽ ഗാർഹിക തലത്തിൽ കക്കൂസ് മാലിന്യം സെപ്റ്റിക് ടാങ്ക് - സോക്ക് പിറ്റ് സംവിധാനം വഴിയും മനുഷ്യവിസർജ്യം കലരാത്ത ദ്രവ്യമാലിന്യം (ഗ്രേ വാട്ടർ ) ലീച്ച് പിറ്റ്, സോക്കറ്റ് പിറ്റ്, മാജിക്ക് പിറ്റ് തുടങ്ങി ഉറവിടതല ഗ്രേ വാട്ടർ പരിപാലന സംവിധാനങ്ങൾ ഉപയോഗിച്ചും സംസ്കരിച്ചുവരുന്നു. നഗരപ്രദേശങ്ങളിൽ ഉറവിട ദ്രവമാലിന്യ സംസ്കരണത്തിന് പ്രായോഗിക ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ സ്വീവർ നെറ്റ്-വർക്ക് സംവിധാനം ബന്ധിപ്പിച്ച സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാന്റുകളാണ് ഉചിതം. അമൃത് ഒന്നാംഘട്ടത്തിൽ അമൃത് നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് "സ്റ്റോം വാട്ടർ ഡ്രെയിനേജ്" മേഖലയിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. 9 അമൃത് നഗരങ്ങളിലായി 385.21 കോടി രൂപയുടെ 502 പദ്ധതികൾ വിഭാവനം ചെയ്തതിൽ 464 പദ്ധതികൾ പൂർത്തീകരിച്ചു. നാളിതുവരെ 259.04 കോടി രൂപ ചെലവഴിച്ചു. അമൃത് നഗരങ്ങൾ ഒഴിച്ചുള്ള urban local body-

കളിൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരവും ഇത്തരം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

**തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾ**

400 (4183) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ വഴി ഏതെല്ലാം പദ്ധതികൾക്ക് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി പണം അനുവദിച്ചിട്ടുണ്ട്?

എം.എൽ.എ./എ.ഡി.എസ്. പ്രവൃത്തികൾ എല്ലാംതന്നെ സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായാണ് നടന്നുവരുന്നത്. തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായ എം.എൽ.എ. എസ്.ഡി.എഫ്. പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം കളക്ടറേറ്റിലേയ്ക്ക് ബിൽ സമർപ്പിച്ച്

അലോട്ടുമെന്റുപ്രകാരമാണ് ബിൽ നൽകിവരുന്നത്. ആയവ ചുവടെ ചേർക്കുന്നു.

1. 2019-20: സൊലെയ്സ് കെട്ടിടം നവീകരണം - 1,59,940/- രൂപ

2. 2018-19: ഗുരുവിജയം എൽ.പി. സ്കൂൾ ടോയ്ലെറ്റ് നിർമ്മാണം - 4,56,524/- രൂപ

3. 2018-19: എ.എൽ.പി. കിച്ചൻ ബ്ലോക്ക്, പന്നിക്കര കിണി കോൾപ്പടവ് പമ്പ് ഹൗസ്- 8,74,385/- രൂപ.

4. 2019-20: ടെമ്പിൾ അവന്യൂ കൾവർട്ട് നിർമ്മാണം -11,88,158/- രൂപ.

(ബി) പണം അനുവദിച്ചിട്ടും പൂർത്തിയാകാത്ത പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികൾ പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ അറിയിക്കാമോ?

മുൻകൂറായി പണം അനുവദിക്കാറില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം കളക്ടറേറ്റിലേയ്ക്ക് ബിൽ സമർപ്പിച്ച് അലോട്ടുമെന്റുപ്രകാരമാണ് പണം നൽകിവരുന്നത്.

**അമൃത് പദ്ധതി**

401 (4184) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം കോർപ്പറേഷൻ പരിധിയിൽ നടപ്പിലാക്കി വരുന്ന അമൃത് പദ്ധതികളുടെ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ?

അമൃത് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊല്ലം കോർപ്പറേഷന് ആകെ 292.93 കോടിയുടെ 56 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 45 പദ്ധതികൾ പൂർത്തീകരിച്ച 100.13 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ജലവിതരണ മേഖലയിലെ 132.54 കോടി രൂപയുടെ 17 പദ്ധതികളിൽ 13 പദ്ധതികൾ പൂർത്തീകരിച്ചു. ടി മേഖലയിൽ നാളിതുവരെ 61.99 കോടി രൂപ ചെലവഴിച്ചു. സ്വീവറേജ്, സെപ്റ്റേജ് മേഖലകളിലെ 125.52 കോടി രൂപയുടെ 3 പദ്ധതികൾ നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിലാണ്. ടി മേഖലയിൽ നാളിതുവര 8.90 കോടി രൂപ

ചെലവഴിച്ചിട്ടുണ്ട്. സ്റ്റോം വാട്ടർ ഡ്രെയിനേജ് മേഖലയിൽ 23.36 കോടി രൂപയുടെ 20 പദ്ധതികളിൽ 18 പദ്ധതികൾ പൂർത്തീകരിച്ചു. ടി മേഖലയിൽ നാളിതുവരെ 20.77 കോടി രൂപ ചെലവഴിച്ചു. അർബൻ ട്രാൻസ്പോർട്ട് മേഖലയിൽ 8.41 കോടി രൂപയുടെ 9 പദ്ധതികളിൽ 7 പദ്ധതികൾ പൂർത്തീകരിച്ചു. 5.39 കോടി രൂപ നാളിതുവരെ ടി മേഖലയിൽ ചെലവഴിച്ചു. പാർക്ക് മേഖലയിൽ 3.09 കോടി രൂപയുടെ 7 പദ്ധതികളും പൂർത്തീകരിച്ചു. അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടിവെള്ള വിതരണം, സ്വീവറേജ് മേഖലകൾക്കായി കൊല്ലം കോർപ്പറേഷൻ 296.70 കോടി രൂപ അനുവദിച്ചിട്ടുണ്ട് (കുടിവെള്ള വിതരണം - 1 20 കോടി രൂപ, സ്വീവറേജ് - 69.57 കോടി രൂപ, ഫ്ളോട്ടിംഗ് ഇൻസെന്റീവ് ഇനത്തിൽ 107.13 കോടി രൂപ). അമൃത് പദ്ധതി 2.0-യുടെ സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ I-ന്റെ ആദ്യ ഗഡുവിൽ ഉൾപ്പെടുത്തി കൊല്ലം കോർപറേഷന്റെ 235.326 കോടി രൂപയുടെ (Capital Expenditure + Operation & Maintenance) 10 ജലവിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**പട്ടയ ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം**

402 (4185) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടയ ഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുമ്പോൾ വില്പന നടത്തുന്നവർത്തന്നെ റോഡ്, കുടിവെള്ളം, ഡ്രെയിനേജ് എന്നീ സൗകര്യങ്ങൾക്കുള്ള സ്ഥലം മാറ്റിവയ്ക്കണമെന്നും ബാക്കിയുള്ള സ്ഥലം മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിക്കാവൂയെന്നും നിർദ്ദേശിച്ചുകൊണ്ട് ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തെ പട്ടയഭൂമി ഹൗസ് പ്ലോട്ടുകളാക്കി വിൽക്കുമ്പോൾ വില്പന നടത്തുന്നവർത്തന്നെ റോഡ്, കുടിവെള്ളം, ഡ്രെയിനേജ് എന്നീ സൗകര്യങ്ങൾക്കുള്ള സ്ഥലം മാറ്റിവയ്ക്കണമെന്നും ബാക്കിയുള്ള സ്ഥലം മാത്രമേ നിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗിക്കാവൂയെന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. താമസാവശ്യത്തിനായുള്ള എല്ലാ പുതിയ ഭൂമി പുനർവിഭജനവും പ്ലോട്ട് വികസനവും (Land division and plot development)

നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ 2019-ലെ കെട്ടിട നിർമ്മാണച്ചട്ടങ്ങളിലെ (KMBR & KPBR) ചട്ടം 31 (1) ൽ പ്രതിപാദിച്ചിട്ടുണ്ട്. ചട്ടം 3 (1) (X), (Xii)-ൽ ഭൂമി പുനർവിഭജനത്തിന് പ്ലോട്ടിന്റെ ആകെ വിസ്തീർണ്ണം, വിഭജിക്കുന്ന പ്ലോട്ടുകളുടെ എണ്ണം എന്നിവയ്ക്ക് അനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി/ജില്ലാ ടൗൺ പ്ലാനർ എന്നിവരിൽനിന്നും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടെന്നും ചട്ടം 31 (1) (iii)-ൽ സൈറ്റിൽ നൽകേണ്ട റോഡുകളുടെ വീതി സംബന്ധിച്ചും ചട്ടം 31 (1) (xiv)-ൽ മതിയായ surface water drainage ക്രമീകരണം നൽകണമെന്നും ചട്ടം 31 (1) (V), (VI)-ൽ ഭൂമിയുടെ ആകെ വിസ്തീർണ്ണം 0.5 ഹെക്ടർ കവിയുമ്പോൾ നൽകേണ്ട recreation, open space എന്നിവ സംബന്ധിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിവെള്ള സൗകര്യം നൽകുന്നതിനെപ്പറ്റി പ്രതിപാദിച്ചിട്ടില്ല.

**ജി.സി.ഡി.എ.-യിലെ പെൻഷൻ പരിഷ്കരണം**

403 (4186) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് പതിനൊന്നാമത് ശമ്പള പരിഷ്കരണ പ്രകാരമുള്ള പുതുക്കിയ ശമ്പളം നടപ്പിലാക്കിയിട്ടും പെൻഷൻകാർക്ക് പഴയനിരക്കിൽ മാത്രമാണ് ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സർക്കാരിന്റെ പതിനൊന്നാം ശമ്പള പരിഷ്കരണം വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് നൽകുന്ന വിഷയം തദ്ദേശസ്വയംഭരണ, ധനകാര്യ വകുപ്പുകളിൽ പരിശോധിച്ചുവരുന്നു. ആയതിന് മുന്നോടിയായി ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയായ 01-07-2019-ലെ അതോറിറ്റിയിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കേണ്ടതുണ്ട്. സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ അതോറിറ്റി സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ചുവരുന്നതുമാണ്. പതിനൊന്നാം ശമ്പള പരിഷ്കരണം അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ ജി.സി.ഡി.എ. പെൻഷൻകാർക്ക് ആയത് അനുവദിച്ച് നൽകുന്ന വിഷയം പരിശോധിക്കാൻ

നിർവ്വാഹമുള്ളൂ.

(ബി) ജി.സി.ഡി.എ.-യിൽ പെൻഷൻ നൽകുന്നതിന് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടോയെന്ന് വിശദമാക്കാമോ?

പെൻഷൻ/പേ റിവിഷൻമൂലമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത അതോറിറ്റിയുടെ തനത് ഫണ്ടിൽനിന്നാണ് കണ്ടെത്തുന്നത്.

(സി) ജി.സി.ഡി.എ.-യിൽ പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ജി.സി.ഡി.എ.-യിലെ പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ മറികടന്ന് അനുമതി ഉത്തരവ് വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

(സി & ഡി) സർക്കാരിന്റെ പതിനൊന്നാം ശമ്പള പരിഷ്കരണം വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് നൽകുന്നതിന്

മുന്നോടിയായി, ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയായ 01-07-2019-ലെ അതോറിറ്റിയിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കേണ്ടതുണ്ട്. സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ അതോറിറ്റി സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ചുവരുന്നതുമാണ്. പതിനൊന്നാം ശമ്പള പരിഷ്കരണം അതോറിറ്റി ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ ജി.സി.ഡി.എ. പെൻഷൻകാർക്ക് ആയത് അനുവദിച്ച് നൽകുന്ന വിഷയം പരിശോധിക്കാൻ നിർവ്വാഹമുള്ളൂ.

**കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഞീഴൂരിൽ കിലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങാൻ നടപടി**

404 (4187) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ ഞീഴൂരിൽ കിലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിനുവേണ്ടി ഞീഴൂർ ഗ്രാമപഞ്ചായത്ത് വക അഞ്ച് ഏക്കർ ഭൂമി അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിലെ ഞീഴൂരിൽ കിലയുടെ പ്രാദേശിക കേന്ദ്രം

തുടങ്ങുന്നതിനായി 2012-ൽ 5 ഏക്കർ സ്ഥലം സൗജന്യമായി നൽകുന്നതിന് തീരുമാനമെടുത്ത് ഞീഴൂർ ഗ്രാമപഞ്ചായത്ത് കിലയെ അറിയിച്ചിരുന്നു. 26-06-2012-ൽ ചേർന്ന കില ജനറൽ കൗൺസിൽ പ്രസ്തുത സ്ഥലത്ത് കിലയുടെ പ്രദേശിക കേന്ദ്രം തുടങ്ങുന്നതിനായി സ്ഥലം ഏറ്റെടുക്കാൻ തീരുമാനമെടുത്തു. എന്നാൽ ഞീഴൂർ ഗ്രാമപഞ്ചായത്ത് സ്ഥലം ഇതുവരെ കിലക്ക് കൈമാറുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ടുതന്നെ പ്രസ്തുത സ്ഥലത്ത് കില സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

(ബി) വൈക്കം തഹസീൽദാർ റിപ്പോർട്ടിനുവേണ്ടി കിലയ്ക്ക് കത്ത് അയച്ചിട്ടുണ്ടോയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കില റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

വൈക്കം തഹസീൽദാർ റിപ്പോർട്ടിനുവേണ്ടി കിലയ്ക്ക് കത്ത് അയച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ ആരംഭിച്ചിട്ടില്ല.

**സംസ്ഥാനത്തെ പുതിയ ബ്രൂവറികൾ**

405 (4188) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബിവറേജസ് കോർപ്പറേഷൻ പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ വൈൻ ഉല്പാദിപ്പിക്കാൻ നീക്കമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പഴവർഗ്ഗങ്ങളിൽനിന്നും ലഭ്യമായ പച്ചക്കറികളിൽനിന്നും വീര്യം കുറഞ്ഞ വൈൻ നിർമ്മിക്കുന്നതിന് Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules 2022 നിലവിൽ വന്നിട്ടുണ്ട്. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വൈൻ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി വില്പന നടത്താനും കയറ്റുമതി നടത്താനുമാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ബ്രൂവറി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ബ്രൂവറി തുടങ്ങുന്നതിന് തടസ്സമില്ല. സംസ്ഥാനത്ത് പുതിയ ബ്രൂവറി ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളുടെ അർഹത

പരിശോധിക്കുന്നതിനും ഇക്കാര്യത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനുമായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും രൂപീകരിക്കുന്നതിനുമായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിൽ കൂടുതൽ ബ്രൂവറികൾ തുടങ്ങിയാൽ മാത്രമെ പബ്ബ് എന്ന ആശയം നടപ്പാക്കാൻ സാധിക്കുകയുള്ളോ; ഐ.ടി. മേഖലയിൽ ക്ലബ്ബ് ലൈസൻസ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ബ്രൂവറി ലൈസൻസുകൾ അനുവദിക്കുന്നത് 1967-ലെ ബ്രൂവറി റൂൾസ് പ്രകാരമാണ്. കേരളത്തിൽ കൂടുതൽ ബ്രൂവറികൾ തുടങ്ങിയാൽ മാത്രമേ പബ്ബ് എന്ന ആശയം നടപ്പിലാക്കാൻ കഴിയുകയുള്ളൂയെന്നത് വസ്തുതാപരമായി ശരിയല്ല. ഡ്രോട്ട് ബീയർ ലഭ്യമാക്കി 48 മണിക്കൂറിനുള്ളിൽ വില്പന നടത്തുകയെന്ന നിബന്ധന പാലിച്ചുകൊണ്ട് പബ്ബ് ബീയർ പാർലർ ലൈസൻസ് അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. നിലവിലുള്ള ബ്രൂവറികളിൽനിന്നും ഡ്രോട്ട് ബീയർ ലഭ്യമാക്കി പബ്ബ് ബീയർ പാർലർ ലൈസൻസ് എടുക്കുന്നവർക്ക് ഡ്രോട്ട് ബീയർ വില്പന നടത്താവുന്നതാണ്.

നിലവിലെ മദ്യനയം അനുസരിച്ച് ഐ.ടി. മേഖലയിൽ ക്ലബ്ബ് ലൈസൻസ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിന് പ്രത്യേക ലൈസൻസ് അനുവദിക്കുന്നതിന് 2022-23 വർഷത്തെ മദ്യനയത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും ആയതിന്റെ മാനദണ്ഡങ്ങൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ഡി) സംസ്ഥാനത്ത് പുതുതായി എത്ര മദ്യശാലകൾ തുറക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

175 ഷോപ്പുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ഇ) ടൂറിസം ലക്ഷ്യംവച്ച് മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ബാറിൽനിന്നും മദ്യം വാങ്ങാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; ഇതിലേയ്ക്ക് ഹോട്ടൽ വേർതിരിവ് ഏതുരീതിയിലാണെന്ന് അറിയിക്കാമോ?

മുൻസർക്കാർ നടപ്പിലാക്കിയ അബ്കാരി നയം ടൂറിസം മേഖലയിൽ അതിഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതായി ടൂറിസം വകുപ്പ് നടത്തിയ പഠനത്തിൽ വ്യക്തമായിട്ടുണ്ട്. അബ്കാരി നയത്തിലെ മാറ്റം വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്ക് അനിവാര്യമാണെന്ന് കാര്യകാരണസഹിതം വിനോദസഞ്ചാര വകുപ്പ് ബോദ്ധ്യപ്പെടുത്തിയ സാഹചര്യത്തിൽ, ടൂറിസം ലക്ഷ്യംവച്ച് 2017-18 വർഷത്തിൽ അബ്കാരി നയത്തിൽ മാറ്റം വരുത്തിയിട്ടുള്ളതാണ്. വിനോദസഞ്ചാരം അതിപ്രധാനമായ ഒരു തൊഴിൽ മേഖലയും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്നതിൽ പ്രധാന ഘടകവുമാണ്. കൂടാതെ കൃഷിയെയും പരമ്പരാഗത വ്യവസായങ്ങളെയും ടൂറിസവുമായി ബന്ധിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി 2022-23 വർഷത്തെ മദ്യനയത്തിലും വിനോദസഞ്ചാര മേഖലകളിൽ ടൂറിസത്തിന്റെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് ഇളവുകൾ കൊണ്ടുവന്നിട്ടുണ്ട്. ബാറുകളിൽനിന്നും മദ്യം വാങ്ങാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(എഫ്) സ്പിരിറ്റ് തിരിമറി നടത്തിയ കമ്പനിക്കുതന്നെ മദ്യം വാങ്ങുന്നതിനുള്ള കരാർ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. 01-02-2022 മുതൽ 31-01-2023 കാലയളവിലേയ്ക്കുള്ള ENA ഇ-ടെണ്ടറിൽ ആരോപണവിധേയമായ കമ്പനി പങ്കെടുത്തിരുന്നുവെങ്കിലും അവരെ ഒഴിവാക്കിയശേഷം മറ്റുകമ്പനികൾക്കാണ് ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിന് ENA നൽകുന്നതിനുള്ള കരാർ നൽകിയിട്ടുള്ളത്.

**കാസർഗോഡ് ജില്ലയിൽ കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉപയോഗം തടയുന്നതിന് നടപടി**

406 (4189) <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യാപകമായ തോതിൽ കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായ വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) വിദ്യാലയങ്ങളിൽ ഉൾപ്പെടെ ഇതുവ്യാപിക്കുന്നത് തടയാനും മയക്കുമരുന്ന് പരിശോധന ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി മരുന്നിന്റെ ഉപയോഗവും കുട്ടികളുടെ ഇടയിൽ മയക്കുമരുന്നിന്റെ വിതരണവും നടക്കുന്നത് തടയുന്നതിനായി സ്കൂൾ, കോളേജ് പരിസരങ്ങളിൽ അദ്ധ്യാപകരുടെയും പി.ടി.എ.-യുടെയും മറ്റുംസഹകരണത്തോടെ എക്സൈസ് വകുപ്പ് നിരന്തരം നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിച്ച് പരിശോധനകളും റെയ്ഡുകളും നടത്തുകയും ചെയ്യുന്നുണ്ട്. ലഹരിക്കെതിരെ വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനായി സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങളിൽ മയക്കുമരുന്ന് ഉപയോഗിച്ചതായി സംശയിക്കുന്നവരെ അബോൺ കിറ്റ് ഉപയോഗിച്ച്

പരിശോധിച്ച് ലഹരി ഉപയോഗിച്ചതായി കണ്ടെത്തുകയാണെങ്കിൽ അവരെ നേർവഴിക്ക് നയിക്കുന്നതിനാവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും ആവശ്യമാകുന്നപക്ഷം ഡീ-അഡിക്ഷൻ സെന്ററുകളിൽ ചികിത്സിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. മയക്കുമരുന്നിന്റെ അനധികൃത നിർമ്മാണം, വിപണനം, ദുരുപയോഗം എന്നിവ തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ്, എക്സൈസ് സൈബർ സെൽ, എക്സൈസ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, ഹൈവേ പട്രോൾ ടീം, ഹോസ്ദുർഗ് കാസർഗോഡ് സർക്കിൾ പരിധിയിൽ രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സുകൾ എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) കർണ്ണാടക അതിർത്തിയിൽനിന്നും വ്യാപകമായ തോതിൽ മദ്യം കടത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

അതിർത്തി റോഡുകളിൽ പ്രത്യേക വാഹന പരിശോധനകളും

ചെക്ക്പോസ്റ്റുകളിൽ നിരന്തര നിരീക്ഷണവും പരിശോധനയും നടത്തുന്നു. ആർ.പി.എഫ്., കേരള റെയിൽവേ പോലീസ് എന്നിവയുടെ സഹകരണത്തോടെ ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധനയും നടത്തുന്നുണ്ട്.

**പുതുക്കാട് നിയോജകമണ്ഡലത്തിൽ വിമുക്തി പദ്ധതി**

407(4190) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് വിമുക്തി പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നന്തിക്കര സർക്കാർ ഹൈസ്കൂളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ രൂപീകരിച്ച ഉണർവ് പദ്ധതിയിൽ ഗവൺമെന്റ് വി.എച്ച്.എസ്.എസ്. നന്തിക്കരയെ തൃശ്ശൂർ ജില്ലയിൽനിന്നും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സ്കൂളിൽ ഫുട്ബോൾ ഗ്രൗണ്ട് ഒരുക്കുന്നതിനായി 1 ലക്ഷം രൂപയും

കബഡി/തായ്ക്കോണ്ടോ മാറ്റ്, ഓപ്പൺ ജിം എന്നിവയ്ക്കായി 2.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.5 ലക്ഷം രൂപ അനുവദിച്ചു. ഇതുവരെ 2.93 ലക്ഷം രൂപ വിനിയോഗിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) കൂടുതൽ വിദ്യാലയങ്ങളിൽ വിമുക്തി പദ്ധതിയുടെ ഭാഗമായുള്ള വികസന, ബോധവത്കരണ പ്രവർത്തനങ്ങൾ അനുവദിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനുമായി നടപ്പിലാക്കിയ ഉണർവ് പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളിലെ ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ആ കുട്ടികളെ നേർവഴിക്ക് നയിക്കാനുള്ള ഒരുമാർഗ്ഗമെന്ന നിലയിൽ നേർവഴി എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ലഹരിക്കെതിരെ കായിക ലഹരിയെന്ന ലക്ഷ്യം മുൻനിർത്തി എക്സൈസ് വകുപ്പ് വിമുക്തി മിഷനുമായി ചേർന്ന് സംസ്ഥാനത്ത് 500 സ്കൂളുകളിൽ 'ടീം

വിമുക്തി' എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പെൺകുട്ടികൾക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും പെട്ടെന്നുണ്ടാകുന്ന അപകടങ്ങളിൽനിന്നും ആക്രമണങ്ങളിൽനിന്നും രക്ഷ നേടുന്നതിനും സ്വയം പ്രതിരോധം തീർക്കുന്നതിനുമായി സംസ്ഥാനത്തെ 138 റെയ്ഞ്ചുകളിലായി 138 സ്കൂളുകൾ തെരഞ്ഞെടുത്ത് പെൺകുട്ടികൾക്കായുള്ള സ്വയംരക്ഷാ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**കുട്ടികളെ ഉപയോഗിച്ചുള്ള ലഹരി കടത്ത് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ**

408 (4191) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളെ ലക്ഷ്യമിടുന്ന ലഹരി കെണികളിൽനിന്നും ഇവരെ മോചിപ്പിക്കുന്നതിനും കുട്ടികളെ ഉപയോഗിച്ചുള്ള ലഹരി കടത്ത് തടയുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

സ്കൂൾ/കോളേജുതലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾവഴി വിവിധ മത്സരങ്ങളും ബോധവത്കരണ ക്ലാസ്സുകളും മറ്റുപ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ടി

ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 500 സ്കൂളുകളിൽ 'ടീം വിമുക്തി' എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന ഉണർവ് പദ്ധതി മറ്റ് 13 ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽക്കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനായി 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികൾ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിക്കുന്നതിന് അദ്ധ്യാപകരും രക്ഷകർത്താക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അതിൽനിന്ന് പിന്തിരിപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തി 'കരുതൽ' എന്ന പേരിൽ ഒരു കൈപ്പുസ്തകം വിമുക്തി മിഷൻ തയ്യാറാക്കി വിതരണം നടത്തിവരുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൂർണ്ണമായും ലഹരിമുക്തമാക്കുന്നതിനുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും

വിദ്യാലയ പരിസരങ്ങളിലും മയക്കുമരുന്ന് വിപണനം ചെയ്യുന്നതിന് സാധ്യതയുള്ള സ്ഥലങ്ങളിലും നിരീക്ഷണം നടത്തിവരുന്നു. കൂടാതെ എക്സൈസ് ഇന്റലിജൻസ് ഇത്തരം പരിശോധനകൾ നടത്തേണ്ടതായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ഫീൽഡ് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.

(ബി) ലഹരി വിരുദ്ധ അവബോധം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ പ്രൈമറിതലം മുതലുള്ള പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പൊതുവിദ്യാഭാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ലഹരി മരുന്ന് ഉപയോഗത്തിനെതിരെ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പാഠഭാഗങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്ന് എക്സൈസ് വകുപ്പിൽനിന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി ആവശ്യം പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ പാഠ്യപദ്ധതി വികസന സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എക്സൈസ്

വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**കേരളത്തിലെ ബിവറേജ് ഔട്ട് ലെറ്റുകൾ വഴി ഒരു ദിവസം**

**ശരാശരി വിൽക്കുന്ന മദ്യം**

409 (4192) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബിവറേജ് ഔട്ട്ലെറ്റുകൾ വഴി ഒരുദിവസം ശരാശരി എത്ര കുപ്പി മദ്യം വിൽക്കുന്നുയെന്ന കണക്ക് ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ എഫ്.എൽ. 01 - ഔട്ട്ലെറ്റുകൾ വഴി ഒരു ദിവസം ശരാശരി 914401 കുപ്പികൾ (ഫെബ്രുവരി 2-ാം തീയതി മുതൽ 24-ാം തീയതി വരെയുള്ള വിൽപ്പനയുടെ കണക്കിനെ അടിസ്ഥാനമാക്കി) വിൽക്കപ്പെടുന്നുണ്ട്.

(ബി) ഇപ്രകാരം വിൽക്കപ്പെടുന്ന കുപ്പികൾ പൊതുയിടങ്ങളിലും

മറ്റുംവലിച്ചെറിഞ്ഞ് മാലിന്യ കൂമ്പാരങ്ങൾ സൃഷ്ടിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം പരിഹരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജനം സർക്കാരിന്റെ മുൻഗണനയിലുള്ള വിഷയമാണ്. മദ്യം പ്ലാസ്റ്റിക് കുപ്പികളിൽ വിതരണം ചെയ്യുന്നത് പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്തതിനാൽ ഘട്ടംഘട്ടമായി പ്ലാസ്റ്റിക് കുപ്പികളിൽ മദ്യം വിതരണം ചെയ്യുന്നത് നിർത്തലാക്കുന്നത് പരിഗണിക്കുന്നതാണ്.

**എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്**

410(4193) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മുതൽ 2006 വരെയുള്ള എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനകയറ്റത്തിലൂടെ എക്സൈസ് ഇൻസ്പെക്ടർമാരായവർ അനധികൃതമായി കടന്നുകൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര പേരാണ് അനധികൃതമായിട്ട് കടന്നുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സർക്കാർ എടുത്തിട്ടുള്ളതെന്നും എടുക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ-സി) 08-08-2022-ലെ സ.ഉ. (സാധാ) നം. 617/2022/നി.വ പ്രകാരം 2004 മുതൽ 2006 വരെയുള്ള എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 01-09-2004 തീയതിയിൽ സ്ഥാനക്കയറ്റത്തിലൂടെ നിയമനം ലഭിച്ച 215 പേരുടെയും നേരിട്ട് നിയമനം ലഭിച്ച 71 പേരുടെയും പ്രാതിനിധ്യം ഉണ്ടാകേണ്ടതിനുപകരം സ്ഥാനക്കയറ്റത്തിലൂടെയുള്ള എക്സൈസ് ഇൻസ്പെക്ടർമാരുടെ പ്രാതിനിധ്യം 246-ഉം നേരിട്ട് നിയമനം ലഭിച്ച 63 പേരുടെയും പ്രാതിനിധ്യമുള്ളതായി കാണുന്നുവെന്നും

മേൽസാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള OP (KAT) 182, 183, 185, 186,& 197/2020 നമ്പർ കേസ്സുകളിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായും കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 01-01-2004 മുതൽ 30-06-2006 വരെയുള്ള കാലഘട്ടത്തിനിടയിലുള്ള എല്ലാ നിർണ്ണായക തീയതികളിലും പ്രൊമോട്ടീവ് എക്സൈസ് ഇൻസ്പെക്ടർമാരും നേരിട്ട് നിയമനം ലഭിച്ച എക്സൈസ് ഇൻസ്പെക്ടർമാരും തമ്മിലുള്ള അനുപാതം 75:25 എന്ന രീതിയിൽ പാലിക്കപ്പെടും വിധം 01-01-2004 മുതൽ 30-06-2006 വരെയുള്ള കാലഘട്ടത്തിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ക്രമീകരിക്കുന്നതിന് (Recast) എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ഡി) ഇക്കാര്യത്തിൽ നടപടി എടുക്കാതിരിക്കുന്നതിന് ഏതെങ്കിലും കോടതിയുടെ സ്റ്റേ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 31-08-2022-ലെ OP (KAT) 182/2020 ലെ IA No.6/2022 പ്രകാരം “ Taking note of the order dated

26-11-2020 of this court while submitting the OP (KAT) 's that the implementation of any order passed by the Government pursuant to the directions of the Tribunal in the OA will be subject to the further orders to be passed by this court, we are of the view that the implementation of the Ext P32 (GO(Rt) No.617/2022/TD dated 08-08-2022), order has already been interdicted by this court and will be conditional on getting order from this court" എന്ന് ഉത്തരവായിരുന്ന സാഹചര്യത്തിലാണ് തുടർനടപടി സ്വീകരിക്കാതിരുന്നത്.

(ഇ) എത്ര കാലത്തിനുള്ളിൽ എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് കൃത്യമായി പുന:പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ലഹരി വിമുക്ത കേരളം**

411 (4194) **ശ്രീ. പി. കെ. ബഷീർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവിമുക്ത കേരളം ലക്ഷ്യമിട്ട് എന്തെല്ലാം കർമ്മ പരിപാടികളാണ് നടപ്പിലാക്കിയത്; വിശദാംശം നൽകുമോ?

ലഹരി വസ്തുക്കളുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹിക സാമുദായിക യുവജന സംഘടനാ പ്രതിനിധികൾ, അധ്യാപകർ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രാതാ സമിതികൾ രൂപീകരിച്ച് സമൂഹത്തെ ഒന്നാകെ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. സ്കൂൾ/കോളേജ് തലത്തിൽ

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലെ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിന് സ്കൂളുകളിൽ “നേർവഴി” എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് സ്കൂളുകളിൽ "ഉണർവ്" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരികയാണ്. സംസ്ഥാനത്തെ 500 സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ കായിക ഇനങ്ങളിൽ പരിശീലനം ആരംഭിക്കുന്നതിനായി ‘ടീം വിമുക്തി’ എന്ന പേരിൽ വിവിധ കായിക ഇനത്തിൽ ടീമുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

ലഹരിക്കെതിരെ സമൂഹത്തിലെ വിവിധതലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ തന്നെ ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ ലഹരിമോചന ചികിത്സ നൽകി അവരെ

സാധാരണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനും പ്രാധാന്യം നൽകുന്നു. ഈ ലക്ഷ്യത്തോടെ വിമുക്തി മിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു.

(ബി) ലഹരിക്കെതിരായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 2022 തുടക്കം മുതൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

ലഹരിക്കെതിരായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 2022 ജനുവരി 1 മുതൽ 2023 ജനുവരി വരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

| ജില്ല | അബ്കാരി | NDPS കേസ്സുകൾ | COTPA കേസ്സുകൾ |
|---|---|---|---|
| തിരുവനന്തപുരം | 1556 | 524 | 12773 |
| കൊല്ലം | 1789 | 487 | 8487 |
| പത്തനംതിട്ട | 1686 | 335 | 13338 |
| ആലപ്പുഴ | 1449 | 527 | 3868 |

| | | | |
|---|---|---|---|
| കോട്ടയം | 1568 | 450 | 8356 |
| ഇടുക്കി | 967 | 586 | 5671 |
| എറണാകുളം | 1276 | 876 | 9299 |
| തൃശ്ശൂർ | 1468 | 646 | 5463 |
| പാലക്കാട് | 1938 | 410 | 4406 |
| മലപ്പുറം | 1221 | 391 | 4925 |
| കോഴിക്കോട് | 1626 | 316 | 2943 |
| വയനാട് | 916 | 393 | 5802 |
| കണ്ണൂർ | 1703 | 557 | 6252 |
| കാസർഗോഡ് | 1054 | 112 | 2997 |
| **ആകെ** | **20217** | **6610** | **94580** |

(സി) ലഹരി വിമുക്ത കേരളം കർമ്മ പദ്ധതിയിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി എത്ര തുക നാളിതുവരെയായി ചെലവഴിച്ചുവെന്നും അറിയിക്കുമോ?

സമൂഹത്തിന്റെ താഴെത്തട്ടിൽ വരെ ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് എക്സൈസ് വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും ഫോൺ നമ്പറുകൾ പ്രചരിപ്പിച്ചതിലൂടെ എക്സൈസ് വകുപ്പിന് കൂടുതൽ

മയക്കുമരുന്ന് കേസ്സുകൾ കണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഫലമായി സമൂഹത്തിന്റെ എല്ലാതലത്തിലുമുള്ള ജനങ്ങൾക്കിടയിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതുമൂലം ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടൽ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട സ്ഥിരം കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നതിലൂടെ മയക്കുമരുന്ന് കടത്ത് നല്ലതോതിൽ തടയുന്നതിന് സാധിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായുള്ള വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സ്കൂൾ-കോളേജ് വിദ്യാർത്ഥി വിഭാഗത്തിലും യുവജനങ്ങളിലും ലഹരിക്കെതിരായ ഒരു ചിന്താഗതി വളർത്തിയെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. ലഹരി വിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ നടത്തിയ വിവിധ

തരത്തിലുള്ള ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾ, സ്കൂൾ, കോളേജ് തലത്തിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾ, ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നവർക്കായി 14 ജില്ലകളിലും പ്രവർത്തിക്കുന്ന വിമുക്തി ഡീ-അഡീക്ഷൻ സെന്ററിലെ ജീവനക്കാരുടെ വേതനം, മരുന്ന്, മറ്റുചെലവുകൾ, മേഖല കൗൺസിലിംഗ് സെന്ററുകളിലെ ജീവനക്കാരുടെ വേതനം, ജില്ലകളിലെ വിമുക്തി പ്രവർത്തനങ്ങൾക്കായി ചുമതലപ്പെട്ട 14 വിമുക്തി ജില്ലാ മാനേജർമാരുടെ ശമ്പളം, 14 ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ വേതനം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം മുതൽ 28-02-2023 വരെ 76,34,65,370/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ലഹരി മരുന്നുകൾ വില്പന നടത്തിയതിന്റെ പേരിൽ എത്ര കോളേജ്-സ്കൂൾ കുട്ടികളെ പിടികൂടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ?

ലഹരി മരുന്നുകൾ വില്പന നടത്തിയതിന്റെ പേരിൽ തിരുവനന്തപുരം ജില്ലയിൽ 3-ഉം, കോഴിക്കോട് ജില്ലയിൽ 4-ഉം കോളേജ്-സ്കൂൾ കുട്ടികളെ

അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) സ്കൂൾ, കോളേജ്, മറ്റുവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ലഹരി വില്പന, ലഹരി ഉപയോഗം ഇവ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിൽപ്പനയും ഉപയോഗവും നടക്കാത്ത വിധം മുൻകരുതൽ പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ രഹസ്യമായി നിരീക്ഷിക്കുന്നതിനും യഥാസമയം വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൂർണ്ണമായും ലഹരിമുക്തമാക്കുന്നതിലേക്കായി നടത്തിവരുന്ന വിമുക്തി/ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ പരിസരങ്ങളിലും ബസ്സ്റ്റോപ്പുകളിലും മയക്കുമരുന്ന് വിപണനം ചെയ്യുന്നതിന് സാധ്യതയുള്ള സ്ഥലങ്ങളിലും നിരീക്ഷണം നടത്തിവരുന്നു. കൂടാതെ എക്സൈസ്, ഇന്റലിജൻസ് ഇത്തരം പരിശോധനകൾ

നടത്തേണ്ടതായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ഫീൽഡ് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. സ്കൂൾ പി.റ്റി.എ., സ്കൂൾ പരിസരത്ത് കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവർ, എക്സൈസ് ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന ജനജാഗ്രതാ കമ്മിറ്റികൾ എല്ലാ സ്കൂളുകളിലും പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാലയ പരിസരങ്ങളിൽ ലഹരി ഉപയോഗം നടക്കുന്ന ഹോട്സ്പോട്ടുകൾ കണ്ടെത്തുന്നതിനായി പി.ടി.എ.-യുടെ സഹായത്തോടെ ആകസ്മിക പരിശോധനകൾ നടത്തുകയും കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സ്കൂളുകളിൽ രക്ഷാകർത്താക്കളെ ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിൽ കുടുംബശ്രീയുമായി സഹകരിച്ച് രക്ഷാകർത്താക്കൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഓൺലൈൻ മുഖേനയും രക്ഷാകർത്താക്കൾക്ക് ബോധവൽക്കരണ വെബിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

**കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസിനായുള്ള ഭൂമി കൈമാറ്റം**

412 (4195) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട എക്സൈസ് റെയ്ഞ്ച് ഓഫീസിനായി കൈമാറിയ ഭൂമി റവന്യൂ വകുപ്പിൽ പുനഃനിക്ഷിപ്തമാക്കുന്നതിന് ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചത് എപ്പോഴാണെന്നും പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള തർക്കം നിലനിൽക്കുന്നുണ്ടോയെന്നും എങ്കിൽ തർക്കം എന്താണെന്നും അറിയിക്കുമോ?

കാട്ടാക്കട എക്സൈസ് റെയ്ഞ്ച് ഓഫീസിനായി കൈമാറാൻ ഉദ്ദേശിക്കുന്ന ഭൂമി റവന്യൂ വകുപ്പിൽ പുനഃനിക്ഷിപ്തമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ 20-11-2017-ലാണ് പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചത്. നിലവിൽ പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കങ്ങളൊന്നും നിലനിൽക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്ത് ആർജ്ജിച്ചതാണോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് സൗജന്യമായി വിട്ടുകിട്ടിയതാണോയെന്നുള്ള രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത ഭൂമി കൈമാറ്റം സാധ്യമാക്കുന്നതിനുള്ള തുടർനടപടി എന്താണെന്ന് വിശദമാക്കാമോ?

കാട്ടാക്കട എക്സൈസ് റെയിഞ്ച് ഓഫീസ് കെട്ടിടം പണിയുന്നതിനായി കണ്ടെത്തിയ പഞ്ചായത്ത് ഭൂമി ഏതുവകുപ്പുപ്രകാരമാണ് പഞ്ചായത്തിൽ നിക്ഷിപ്തമായതെന്ന വിവരം ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

**ലഹരി ഉത്പന്നങ്ങളുടെ പരിശോധന**

413 (4196) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരോധിത ലഹരി പദാർത്ഥങ്ങളും പുകയില ഉല്പന്നങ്ങളും വില്പന നടത്തുന്നത് സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരോധിത ലഹരി പദാർത്ഥങ്ങളും പുകയില ഉല്പന്നങ്ങളും വില്പന നടത്തിയത് സംബന്ധിച്ച് ആകെ 16186 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. അതിൻപ്രകാരം 5343 കോട്പ കേസ്സുകളും 2 എൻ.ഡി.പി.എസ്. കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കള്ള് ഷാപ്പുകളുടെ ലൈസൻസ്**

414 (4197) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളുഷാപ്പുകളുടെ ലൈസൻസ് പുതുക്കുന്നതിനും ലേലത്തിൽ പങ്കെടുക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരളാ അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ് 2002-ലെ വ്യവസ്ഥകൾക്ക് അനുസൃതമായും കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന മദ്യനയത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായുമാണ് സംസ്ഥാനത്ത് കള്ളുഷാപ്പുകൾ നടത്തപ്പെടുന്നത്. സംസ്ഥാനത്തെ

കള്ളുഷാപ്പുകളിൽ കള്ള് വിൽക്കുന്നതിനുള്ള അവകാശം 2020-21 മുതൽ മൂന്ന് വർഷക്കാലയളവിലേയ്ക്ക് വില്പന നടത്താനുമാണ് 2020-21 വർഷത്തെ മദ്യനയത്തിൽ അനുവദിച്ചിരുന്നതെങ്കിലും ഓരോ അബ്കാരി വർഷവും ആരംഭിക്കുന്നതിന് മുമ്പ് അതാത് വർഷത്തെ റെന്റൽ തുക ഈടാക്കി ലൈസൻസ് പുതുക്കിനൽകുകയാണ് ചെയ്തുവരുന്നത്. കള്ളുഷാപ്പ് ലൈസൻസികൾക്ക് അയോഗ്യതയൊന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി ലൈസൻസികൾക്ക് ലൈസൻസ് പുതുക്കി നൽകുകയും അയോഗ്യതയുണ്ടാകുന്ന പക്ഷം ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർവില്പന നടത്തുകയുമാണ് ചെയ്യുന്നത്. കള്ളുഷാപ്പുകൾ വിജ്ഞാപനം ചെയ്യപ്പെട്ട റെന്റൽ തുക ഈടാക്കി ജില്ലാ കളക്ടർമാരാണ് വില്പന നടത്തുന്നത്. മുഴുവൻ റെന്റൽ തുകയ്ക്ക് വില്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ 50% റെന്റൽ തുകയ്ക്ക് വില്പന നടത്തുകയും അപ്രകാരവും വില്പനയിൽ പോകാത്ത ഗ്രൂപ്പുകളുടെ നടത്തിപ്പ് ഷാപ്പ് ഒന്നിന് 500/- രൂപ വീതം ഈടാക്കി തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുകയുമാണ് നിലവിലെ മദ്യനയത്തിന് അനസൃതമായി ചെയ്തുവരുന്നത്. തൃശ്ശൂർ ഡിവിഷനിലെ അഞ്ച് റെയ്ഞ്ചുകളിലെ

കള്ളുഷാപ്പുകൾ റെയ്ഞ്ച് അടിസ്ഥാനത്തിലും സംസ്ഥാനത്തെ മറ്റുറെയ്ഞ്ചുകളിലെ കള്ളുഷാപ്പുകൾ ഗ്രൂപ്പടിസ്ഥാനത്തിലുമാണ് വില്പന നടത്തിവരുന്നത്. ഒരു ലൈസൻസിക്ക് മുൻഗണനാവകാശത്തിൽ ഒരു ഗ്രൂപ്പുൾപ്പെടെ പരമാവധി രണ്ട് ഗ്രൂപ്പുകളാണ് നടത്തുവാൻ അനുമതിയുള്ളത്.

(ബി) കഴിഞ്ഞ മൂന്ന് വർഷമായി കള്ളുഷാപ്പുകൾ നടത്തികൊണ്ടിരിക്കുന്നവർക്ക് മാത്രമേ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകാവൂയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

കള്ളുഷാപ്പുകളുടെ വില്പനയിൽ പങ്കെടുക്കുന്നവരിൽ 2019-20 വർഷം വിജയകരമായി കള്ളുഷാപ്പുകൾ നടത്തിയവർക്കും ഇപ്രകാരം കള്ളുഷാപ്പ് നടത്തിയവർക്കെതിരെ കേരള അബ്കാരി ആക്ട് സെക്ഷൻ 56 ഒഴികെയുള്ള വകുപ്പുകൾപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവരിൽ ഇതേവർഷം തന്നെ കോടതി കുറ്റവിമുക്തരാക്കിയവർക്കും കള്ളുഷാപ്പുകളുടെ വില്പനയിൽ മുൻഗണന നൽകിവരുന്നു. ഇപ്രകാരം മുൻഗണനാവകാശം ലഭ്യമാകുന്നതിന് കഴിഞ്ഞ മൂന്നുവർഷമായി കള്ളുഷാപ്പുകൾ നടത്തണമെന്ന് നിർബന്ധമില്ല.

(സി) നേരത്തേ കള്ളുഷാപ്പുകൾ നടത്തി പരിചയമുള്ളവർക്കും

പുതിയതായി ഈ മേഖലയിൽ കടന്നുവരാൻ ആഗ്രഹിക്കുന്നവർക്കും കള്ളുഷാപ്പുകളുടെ ലേലത്തിൽ പങ്കെടുക്കുവാൻ അവസരമൊരുക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ഇത്തരം കാര്യങ്ങൾ മദ്യനയരൂപീകരണവേളയിലാണ് പരിശോധിക്കപ്പെടുന്നത്.

**എക്സൈസ് സേനയെ ശാക്തീകരിക്കാൻ നടപടി**

415 (4198) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ മാതൃകയിൽ കേസ് അന്വേഷണം മാത്രം നടത്തി കുറ്റവാളികളെ പഴുതുകളില്ലാതെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ എക്സൈസ് ക്രൈംബ്രാഞ്ച് വിപുലപ്പെടുത്തുന്നതിനും ഓരോ ജില്ലയും സ്പെഷ്യൽ ഡ്യൂട്ടി അല്ലാതെ സ്ഥിരമായി ഉദ്യോഗസ്ഥന്മാരെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

(ബി) മയക്കുമരുന്നിന്റെ വിപണനവും ഉപയോഗവും വർദ്ധിച്ചത് സംസ്ഥാനത്തിന് ഭീഷണിയാവുന്ന ഈ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിൽ അനുവർത്തിച്ചുവരുന്ന കാലഹരണപ്പെട്ട സ്റ്റാഫ് പാറ്റേൺ, തസ്തികകൾ എന്നിവ കാലാനുസൃതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

അധികാര അതിർത്തി വലുതായതും താലൂക്കുകളിൽ റേഞ്ച് ഓഫീസുകൾ രൂപീകരിക്കാത്തതും ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ നേമം, വഞ്ചിയൂർ, കൊല്ലം ജില്ലയിൽ കണ്ടറ, പത്തനംതിട്ട ജില്ലയിലെ പമ്പ, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കോട്ടയം ജില്ലയിലെ നെടുംകുന്നം, എറണാകുളം ജില്ലയിലെ കാക്കനാട്, ഇടുക്കി ജില്ലയിലെ രാജാക്കാട്, വണ്ടൻമേട്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംമ്പാറ, തൃശ്ശൂർ ജില്ലയിലെ പീച്ചി, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, വയനാട് ജില്ലയിലെ പുൽപ്പള്ളി, കണ്ണൂർ ജില്ലയിലെ ചെറുപുഴ, കാസർഗോഡ് ജില്ലയിലെ വെള്ളിരിക്കുണ്ട് എന്നീ പുതിയ റേഞ്ച് ഓഫീസുകൾ ഒന്നാംഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ

മൂന്നുഘട്ടങ്ങളിലായി ആകെ 37 പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിശോധിക്കുകയും എക്സൈസ് വകുപ്പിനുകീഴിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലായെന്നും എക്സൈസ് കമ്മീഷണറുടെ ശിപാർശയിൽ ഒന്നാംഘട്ടമായി പരിഗണിക്കേണ്ട പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി ട്രൈബൽ വിഭാഗത്തിലെ യുവതി യുവാക്കളിൽനിന്നും പ്രത്യേക സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ/വനിതാ സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകളിൽ 100 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിലേയ്ക്കായി വിശദമായ ശിപാർശ 2023-2024 സാമ്പത്തിക വർഷം സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിമുക്തി മിഷനിൽ ഇപ്പോൾ എക്സൈസ് ഡിപ്പാർട്ട്മെന്റിൽനിന്നും വിമുക്തി മാനേജർ എന്ന ഒരു അന്യത്ര സേവന തസ്തിക മാത്രമാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണം അനിവാര്യമായ ഈ കാലഘട്ടത്തിൽ താഴെതട്ടിലുള്ള ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി വിമുക്തി മിഷൻ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വിമുക്തി മിഷനിൽ ഇപ്പോൾ എക്സൈസ് ഡിപ്പാർട്ട്മെന്റിൽനിന്നും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ കേഡറിലുള്ള 14 ഉദ്യോഗസ്ഥരെ ജില്ലാ വിമുക്തി മാനേജരായി നിയമിച്ചിട്ടുണ്ട്. ഇവരെ കൂടാതെ വിമുക്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലേയ്ക്കായി 14 ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരെയും താൽക്കാലിക കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 25-09-2018-ലെ സ.ഉ. (കൈ) നം. 70/2018/ നി.വ. നമ്പർ ഉത്തരവുപ്രകാരം ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ അധീനതയിൽ ആരോഗ്യവകുപ്പുമായി ചേർന്ന് 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുള്ളതും ആയത് പ്രവർത്തിക്കുന്നതിലേയ്ക്കായി 08-02-2019-ലെ

സ.ഉ. (കൈ) 8/2019/നി.വ. നമ്പർ ഉത്തരവുപ്രകാരം താഴെപ്പറയുന്ന താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | അസി.സർജൻ കേഡറിലുള്ള മെഡിക്കൽ ഓഫീസർ | 14 |
| 2 | സ്റ്റാഫ് നേഴ്സ് | 42 |
| 3 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 14 |
| 4 | സൈക്യാട്രിക് സോഷ്യൽ വർക്കർ | 14 |
| | ആകെ | 84 |

ക്ലീനിംഗ് സ്റ്റാഫ് സെക്യൂരിറ്റി ജീവനക്കാരെ Out Source ചെയ്ത് നിയമിക്കുന്നതിനും ഉത്തരവായിട്ടുള്ളതാണ്. ടി 84 തസ്തികകളിലേയ്ക്കും കരാർ അടിസ്ഥാനത്തിലുള്ള നിയമനമാണ് നടത്തിവരുന്നത്. ടി തസ്തികകൾ കാലാകാലങ്ങളിൽ സർക്കാർ ഓരോ വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. ക്ലീനിംഗ് സ്റ്റാഫ്, സെക്യൂരിറ്റി ജീവനക്കാർ എന്നിവരേയും out source ചെയ്ത് കരാർ അടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു.

(ഡി) നിലവിൽ പരിമിതമായ അംഗബലം മാത്രമുള്ള എക്സൈസ് സേനയെ ശാക്തീകരിക്കാൻ പോലീസ് സ്റ്റേഷനുള്ള ഇടങ്ങളിലെങ്കിലും

എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ പരിഗണനയിലുണ്ട്. അധികാര അതിർത്തി വലുതായതും താലൂക്കുകളിൽ റേഞ്ച് ഓഫീസുകൾ രൂപീകരിക്കാത്തതും ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ നേമം, വഞ്ചിയൂർ, കൊല്ലം ജില്ലയിലെ കുണ്ടറ, പത്തനംതിട്ട ജില്ലയിലെ പമ്പ, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കോട്ടയം ജില്ലയിലെ നെടുംകുന്നം, എറണാകുളം ജില്ലയിലെ കാക്കനാട്, ഇടുക്കി ജില്ലയിലെ രാജാക്കാട്, വണ്ടൻമേട്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംമ്പാറ, തൃശ്ശൂർ ജില്ലയിലെ പീച്ചി, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, വയനാട് ജില്ലയിലെ പുൽപ്പള്ളി, കണ്ണൂർ ജില്ലയിലെ ചെറുപുഴ, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് എന്നീ പുതിയ റേഞ്ച് ഓഫീസുകൾ ഒന്നാംഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ മൂന്ന് ഘട്ടങ്ങളിലായി ആകെ 37 പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിശോധിക്കുകയും എക്സൈസ് വകുപ്പിനുകീഴിൽ നിലവിലുള്ള എക്സൈസ്

റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലായെന്നും എക്സൈസ് കമ്മീഷണറുടെ ശിപാർശയിൽ ഒന്നാംഘട്ടമായി പരിഗണിക്കേണ്ട പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

**തളിപ്പറമ്പ് എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം**

416(4199) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് എക്സൈസ് റേഞ്ച് ഓഫീസിന് പുതുതായി കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉണ്ട്. തളിപ്പറമ്പ് എക്സൈസ് റേഞ്ച് ഓഫീസിന് മതിയായ സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും

തയ്യാറാക്കി ലഭ്യമാക്കുവാൻ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3841, 3845 എന്നിവയുടെ ഉത്തരം നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

* * * * * * * *